## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1. 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ(വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ നിയമം ഇപ്പോൾ ഭേദഗതി ചെയ്യേണ്ടിവന്നത് നേരത്തേയുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത ഫാക്ടറികളിൽ ചിലത് - അതായത് കാപ്പെക്സിന്റെ ഫാക്ടറികൾ, നമ്മൾ

കോമ്പൻസേഷൻ മുഴുവൻ കൊടുത്തതടക്കം സുപ്രീം കോടതി ഉടമകൾക്ക് വിട്ടുകൊടുക്കുന്ന ഒരു സ്ഥിതി വന്നു. നമ്മുടെ നിയമത്തിലുള്ള ഒരു വകുപ്പ് ക്യാൻസൽ ചെയ്തുകൊണ്ടാണ് അങ്ങനെ ചെയ്തത്. ആ വിഷയം പരിഹരിക്കാൻ വേണ്ടിയാണ് ഈ നിയമ ഭേദഗതി കൊണ്ടുവരുന്നത്. സുപ്രീംകോടതി ക്യാൻസൽ ചെയ്ത പ്രത്യേക വകുപ്പുമായി ബന്ധപ്പെട്ട് അത് പരിഹരിക്കാൻ വേണ്ടിയുള്ള ഭേദഗതിയാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. എല്ലാവർക്കും യോജിക്കാവുന്ന ഒരു നിയമമാണിത്. കക്ഷിനേതാക്കളുടെ മീറ്റിംഗിൽവച്ച് സംസാരിച്ചപ്പോൾ യൂണിവേഴ്സിറ്റി ബില്ലുള്ളതിനാൽ അര മണിക്കൂറിനകം പാസ്സാക്കാമെന്ന് എല്ലാവരും സമ്മതിച്ച കാര്യമാണ്. മറ്റൊന്ന് കോടതിയിൽ നാളെ ഇതുസംബന്ധിച്ചുള്ള കേസ് വരികയാണ്. Contempt വന്നിട്ടുണ്ട്. നിയമസഭ ഈ നിയമം പാസ്സാക്കിക്കഴിഞ്ഞ് ഗവർണർ ഇന്നുതന്നെ ഒപ്പിട്ട് റിപ്പോർട്ട് അയച്ചുകൊടുത്താൽ തീർച്ചയായും കോടതി അത് അംഗീകരിക്കുമെന്നാണ് വന്നിരിക്കുന്നത്. ആയതിനാൽ ഈ ഫാക്ടറി തൊഴിലാളികളെ നിലനിർത്താൻവേണ്ടി എത്രയുംവേഗം നിയമം പാസ്സാക്കുകയെന്നതാണ് ഏറ്റവും അത്യാവശ്യമായി ചെയ്യേണ്ട കാര്യം.

<u>മി. സ്പീക്കർ</u>: ഇതൊരു ചെറിയ ബില്ലാണ്. അഞ്ച് പേർ സംസാരിക്കാനുണ്ട്. അവർ വളരെ ചുരുക്കി സംസാരിക്കണം. ഇതിനുശേഷം ഒരു വലിയ ബില്ലുകൂടി

എടുക്കാനുണ്ട്. അതുകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നമുക്കൊരു ധാരണയിൽ പോകാം. ഇതിന്ന് ഒപ്പിട്ട് അയയ്ക്കണം. നാളെ കോടതിയിൽ ഹാജരാക്കാനുള്ളതാണ്.

ശ്രീ. വി. ശശി: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ സുപ്രീം കോടതിയുടെ വിധിയുമായി ബന്ധപ്പെട്ട് അടിയന്തരമായി കൊണ്ടുവന്ന ഭേദഗതിയാണിത്. അതിൽ യോജിക്കുകയല്ലാതെ മറ്റൊരു കാര്യവുമില്ലെന്ന് അദ്ദേഹം സൂചിപ്പിച്ചു. പക്ഷേ ഈ ബിൽ എത്രമാത്രം ഉദ്ദേശിക്കുന്ന ഫലം കിട്ടുമെന്ന കാര്യത്തിലാണ് എനിക്ക് സംശയമുള്ളത്. ഇതുപോലെയുള്ള ഒരു സാഹചര്യത്തിലാണ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത 36 സ്ഥാപനങ്ങൾ നമുക്ക് തിരിച്ചുകൊടുക്കേണ്ടി വന്നത്. ഈ ഭേദഗതി വന്നാലും അതേ സാഹചര്യം ഇതിനും സംഭവിക്കുമെന്ന ആശങ്കയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, പരമ്പരാഗത വ്യവസായങ്ങളോട് പൊതുവെ നല്ലൊരു സമീപനമല്ല ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്നത് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ ഏറ്റവും ഒടുവിലായി നിയമസഭ പാസ്സാക്കിയ ധനവിനിയോഗ ബില്ലിൽ കൈത്തറിക്കും കശുവണ്ടിക്കും

സെയിൽസ് ടാക്സ് ഏർപ്പെടുത്തി. ഇവിടെ ശ്രീ. വർക്കല കഹാർ കൊണ്ടുവന്ന ഒരു സബ്മിഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതിലെ ഒരു ഭാഗമായ ഖാദിക്കുള്ള സെയിൽടാക്സ് നീക്കി എന്ന് കേട്ടു. പക്ഷേ കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട് ഇപ്പോഴും ഒരു ശതമാനം സെയിൽടാക്സ് നീക്കം ചെയ്തിട്ടില്ല. കേന്ദ്ര സർക്കാർ കൈത്തറി വ്യവസായത്തെ റിവൈവ് ചെയ്യുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് വിനിയോഗിക്കുന്നതെന്ന് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിക്ക് അറിയാം. പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി പരിപാടികൾ ആസൂത്രണം ചെയ്യുന്ന ഈ സന്ദർഭത്തിൽ, ഇതുവരെ ആ വ്യവസായത്തിന് ഒരു ടാക്സും ഏർപ്പെടുത്താതിരിക്കുമ്പോൾ ബോധപൂർവ്വം ഈ ഗവൺമെന്റ് ടാക്സ് ഏർപ്പെടുത്തുന്ന പ്രവണത കഴിഞ്ഞ രണ്ടുവർഷമായി തുടർച്ചയായി ഉണ്ടാകുന്നു. അഡീഷണൽ ടേണോവർ ടാക്സ് കഴിഞ്ഞ വർഷം കൊണ്ടുവന്നു. സഭ ഒന്നടങ്കം എതിർത്തതുകൊണ്ട് അത് നീക്കം ചെയ്തു. വീണ്ടും ഇക്കൊല്ലം സെയിൽസ് ടാക്സ് കൊണ്ടുവന്നു. കേരളത്തിലെ ഒരു വിഭാഗം ജനങ്ങൾ ഇത് പരമ്പരാഗത വ്യവസായമായി നിലനിർത്തി പോരുന്നതാണ്. ഏറ്റവും കുറഞ്ഞത് ഇരുപത്തയ്യായിരം തൊഴിലാളികളെങ്കിലും ഈ വ്യവസായവുമായി ബന്ധപ്പെട്ട്

പ്രവർത്തിക്കുന്നുണ്ട്. പുറത്തുനിന്നുള്ള ഏതെങ്കിലും സംസ്ഥാനത്തെ കൈത്തറിയുടെ പേരിൽ നമ്മുടെ സംസ്ഥാനത്ത് വസ്ത്രങ്ങൾ വിറ്റഴിക്കുന്നുണ്ടെങ്കിൽ, കൈത്തറി വസ്ത്രങ്ങൾ അല്ലായെങ്കിൽ അതിനെ ചെറുക്കുന്നതിന് ധാരാളം മാർഗ്ഗങ്ങളുണ്ട്. അത് അവലംബിക്കുന്നതിനുപകരം ടാക്സ് ഏർപ്പെടുത്തുകയെന്നുള്ളത് ശരിയായ ഒരു നടപടിയല്ല. ഇതുവരെ സെയിൽസ് ടാക്സുമായി ബന്ധപ്പെട്ട് കൈത്തറി വ്യവസായത്തെ കൂട്ടിചേർത്തിട്ടില്ല. ഇത് കൈത്തറി വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കും. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഇനിയും താമസിച്ചിട്ടില്ല. അതിൽ ഇടപെടണം. അതിന് ഒരു പ്രതിവിധി ഉണ്ടാക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. സാജുപോൾ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1984-86 കാലഘട്ടത്തിൽ ഫാക്ടറികൾ തുറക്കാൻ മുതലാളിമാർ തയ്യാറാകാത്ത സാഹചര്യത്തിലാണ് ഏറ്റെടുക്കൽ നടപടി ഉണ്ടായത്. 1974-ലെ കാഷ്യു ഫാക്ടറി അക്വിസിഷൻ ആക്ട് അനുസരിച്ചാണ് കാപ്പെക്സ് കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്തത്. 1988-ൽ സഖാവ് ഇ.കെ. നയനാർ സർക്കാരിന്റെ കാലത്ത് ശ്രീമതി കെ. ആർ. ഗൗരിയമ്മ വ്യവസായവകുപ്പുമന്ത്രി ആയിരുന്നപ്പോൾ 36 ഫാക്ടറികൾ കാഷ്യു ഡെവലപ്പമെന്റ് കോർപ്പറേഷൻ ഏറ്റെടുത്തു. ഈ തീരുമാനത്തെ ഉടമകൾ

സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുകയും 1994-ൽ കോടതി വിധിയുണ്ടാകുകയും ഫാക്ടറികൾ ഉടമകൾക്ക് മടക്കി കൊടുക്കുകയും ചെയ്തു. അന്നത്തെ യു.ഡി.എഫ്. സർക്കാർ കോടതി ഉത്തരവിനൊപ്പം ചേർന്നു. റിവിഷൻ ഹർജി നൽകാനോ ഫാക്ടറികൾ പൊതുമേഖലയിൽ നിലനിർത്താനോ നിയനിർമ്മാണത്തിനോ നിയമഭേദഗതിക്കോ ശ്രമിച്ചില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കാപ്പെക്സ് ഏറ്റെടുത്ത ഫാക്ടറികൾ വിട്ടുകിട്ടണമെന്നാവശ്യവുമായി ഒരു ഫാക്ടറി ഉടമ നൽകിയ ഹർജിയിലാണ് ഈ 10 ഫാക്ടറികളും വിട്ടുനൽകാൻ അടുത്തയിടെ സുപ്രീം കോടതി ഉത്തരവിട്ടത്. ഈ ആവശ്യം കേരള ഹൈക്കോടതി നേരത്തെ നിരസിച്ചതാണ്. ഇതിൽ സെക്ഷൻ (3), വീണ്ടും ആ വകുപ്പനുസരിച്ച് തന്നെ പുതിയ ഭേദഗതികൾ കൊണ്ടുവന്ന് ഏറ്റെടുക്കൽ നടപടികൾ കൊണ്ടുപോകുമ്പോൾ യഥാർത്ഥത്തിൽ മുൻപ് 36 കമ്പനികൾ തിരികെ കൊടുത്ത അതേ സാഹചര്യം ഈ പത്ത് കമ്പനികളുടെ പ്രശ്നത്തിലും വീണ്ടും അവർ സുപ്രീംകോടതിയെ സമീപിച്ചാൽ സംജാതമാകും എന്നുള്ളതാണ് ഞങ്ങളുടെ ഈ വിയോജിപ്പിന്റെ യഥാർത്ഥ പ്രശ്നം. മുൻ ഫാക്ടറി ഉടമകളുടെ താല്പര്യം സംരക്ഷിക്കാൻ ഉതകുന്ന ഒരു ബില്ലാണെന്നുള്ള ധാരണയാണ് നമുക്ക് ഇതിൽനിന്ന് മനസ്സിലാകുന്നത്. ബില്ല് വളരെ ചെറുതാണെങ്കിലും കശുവണ്ടി മേഖലയിലെ പ്രശ്നം വലിയൊരു പ്രശ്നം തന്നെയാണ്. ഇവിടെ സഭയുടെ 14- ാം

സമ്മേളനം ആരംഭിച്ച അന്നുമുതൽ എല്ലാ സമ്മേളനത്തിലും കശുവണ്ടി മേഖലയിൽ നിന്നുള്ള എം. എൽ. എ. -മാർ പ്രത്യേകിച്ച് ബഹുമാന്യനായ സഖാവ് പി. കെ. ഗുരുദാസൻ ശ്രദ്ധക്ഷണിക്കലായോ സബ്മിഷനായോ ഈ വിഷയങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. യഥാർത്ഥത്തിൽ ഇപ്പോൾ നമ്മുടെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം നിലച്ചു. അവരുടെ ഒരു ഔട്ട്ലെറ്റ് കൊല്ലത്തുണ്ട്. ഞങ്ങൾ അതുവഴി പോകുമ്പോൾ അവിടെ കയറി അണ്ടിപ്പരിപ്പുമെല്ലാം വാങ്ങാറുള്ളതാണ്. ഞാനും ശ്രീ. ജോസ് തെറ്റയിലും കൂടി കഴിഞ്ഞ ദിവസം അവിടെ പോയതാണ്. പക്ഷേ ആ കടയിൽ കാപ്പെക്സിന്റെ ഉല്പന്നങ്ങളല്ലാതെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ യാതൊരു സാധനങ്ങളും ഇല്ല. ബഡ്ജറ്റിൽ വലിയ തുക നൽകുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: കാപ്പെക്സ് ഫാക്ടറികൾ സംരക്ഷിക്കുന്ന നിയമത്തെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇന്നിവിടെ കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനെക്കുറിച്ച് പറഞ്ഞു. നിയമമില്ലാത്തതല്ല പ്രശ്നം. കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ സംബന്ധിച്ച് നിയമമുണ്ട്. മൂന്ന് മാസം പൂട്ടിയിട്ട് കഴിഞ്ഞാൽ അത് ഗവൺമെന്റ് ഏറ്റെടുക്കണമെന്ന വ്യവസ്ഥയുമുണ്ട്. അഞ്ച് മാസമായി കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ ഉൾപ്പെടെയുള്ള ഫാക്ടറികൾ

പ്രവർത്തിക്കുന്നില്ല. സ്വകാര്യ മുതലാളിമാരും പ്രവർത്തിപ്പിക്കുന്നില്ല. നിയമമില്ലാത്തതല്ല പ്രശ്നം നിയമമുള്ളത് നടപ്പിലാക്കാൻ ഗവൺമെന്റിന് ഒരു ഇച്ഛാശക്തിയില്ലാത്തതാണ് പ്രശ്നം.

ശ്രീ. സാജുപോൾ: ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകൾ ഏറ്റവും പാവപ്പെട്ട പ്രത്യേകിച്ച് 98 ശതമാനവും സ്ത്രീകളാണ്. വളരെ പ്രായംചെന്ന സ്ത്രീകളാണെന്നുള്ള പ്രത്യേകതയുണ്ട്. 14 വർഷമായി അടഞ്ഞ് കിടക്കുന്ന ട്രാവൻകൂർ റയോൺസിന്റെ നാട്ടിൽ നിന്നാണ് ഞാൻ വരുന്നത്. ഒരു പരമ്പരാഗത മേഖല, ഇത്രയും കാലം സ്തംഭനാവസ്ഥയിൽ നിൽക്കുന്ന സാഹചര്യം എന്തുകൊണ്ട് നമുക്ക് പരിഹരിക്കാൻ പറ്റുന്നില്ലെന്നുള്ളത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. ഇവിടെ ഞങ്ങൾ നാലുപേർ പങ്കെടുത്ത് വിയോജനക്കുറിപ്പ് ഏർപ്പെടുത്തേണ്ടിടത്ത് മൂന്നുപേരേ ഉണ്ടായിരുന്നുള്ളൂ. മൂന്നിൽ രണ്ടുപേരേ ഈ സഭയിലുള്ളൂ. അതിലൊരാൾ വളരെ കാര്യമാത്ര പ്രസക്തമായ വിഷയങ്ങൾ പറഞ്ഞ് അവസാനിപ്പിച്ചു. എങ്കിലും ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. വളരെ പെട്ടെന്ന് അവസാനിപ്പിക്കാം. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോടും ഈ സർക്കാരിനോടും പറയാനുള്ളത്, നമ്മൾ എന്തൊക്കെ കോലാഹലങ്ങൾ ഇവിടെ കാണിക്കുമ്പോഴും പറയുമ്പോഴും അങ്ങയുടെ പിന്നിൽ അല്ലെങ്കിൽ ഭരണകക്ഷി

ബഞ്ചുകളിൽനിന്ന്, കഴിഞ്ഞ ഒരു പത്ത് സമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ തന്നെ... ഒന്നാമത്തെ ജനസമ്പർക്കം കഴിഞ്ഞപ്പോൾ അതിന്റെ ആവേശം, പിന്നെ കാരുണ്യ ലോട്ടറി വന്നപ്പോൾ അക്കാര്യം, താലോലം പദ്ധതി, ആശാ കിരൺ, സ്മാർട്ട് സിറ്റിയുടെ അവിടൊരു  പവിലയൻ പണിതപ്പോൾ അക്കാര്യം, മെട്രോയുടെ കാര്യം തീരുമാനമായി പണി കുറെ പുരോഗമിച്ചപ്പോൾ മെട്രോ, പിന്നെ ഇന്നും ശ്രീ. ജോസഫ് വാഴയ്ക്കൻ ഉൾപ്പെടെയുള്ള ഈ സഭയിൽ പറഞ്ഞ ഒരു പദ്ധതി എന്നുപറഞ്ഞാൽ കോക്ലിയർ ഇംപ്ലാന്റേഷൻ. ഇങ്ങനെ ഇത്രയും കാര്യങ്ങൾ അല്ലാതെ എല്ലാ സമ്മേളനത്തിലും കോക്ലിയാർ... കോക്ലിയാർ...എന്നുപറഞ്ഞ്, പിള്ളേരെ കോക്കാൻ വരുന്നുവെന്ന് പറഞ്ഞ് പേടിപ്പിക്കാറുണ്ട്. ഇവിടെ ഇതാ കോക്ലിയാർ.. പക്ഷേ എല്ലാ സമ്മേളനത്തിലും എന്തിനാണ് ഇതുതന്നെ പറയുന്നത്? നമ്മൾ ഓരോന്നോരോന്നായി നോക്കുകയാണെങ്കിൽ, കേരളത്തിലെ നിർമ്മാണ മേഖല, ബഹുമാനപ്പെട്ട മന്ത്രിക്കുൾപ്പെടെ അറിയാമല്ലോ, പ്രധാനപ്പെട്ട നിർമ്മാതാക്കളെല്ലാം പശ്ചിമഘട്ടം കടന്ന് രാജ്യം വിട്ടുപോയി. ഈ പ്രദേശത്തൊന്നും അവർ നിൽക്കുന്നില്ല. ടൂറിസം മേഖലയിൽ, ഹോട്ടൽ ശൃംഖലകളിൽ.. കാർഷികമേഖലയിലെ പ്രശ്നം പറയാതിരിക്കുന്നതാണ് ഭേദം. ഞാനുൾപ്പെടെയുള്ള ആളുകൾ ആധാർ കാർഡും ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസും

കരമടച്ച രസീതുമെല്ലാം കൊടുത്ത് റബ്ബർ ഉൽപ്പാദക സംഘം (ആർ.പി.എസ്) വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇനി ഇപ്പോൾ ബാങ്കിലേയ്ക്ക് പൈസ വരും, മെസേജ് ഇപ്പോൾ വരും എന്നുള്ള പ്രതീക്ഷയിൽ നിൽക്കുകയാണ്. ഇവിടെ ബഹുമാനൃനായ ബെന്നി ബെഹനാൻ, പഞ്ചായത്ത് ഇലക്ഷൻ കഴിയുന്നതോടുകൂടി നിങ്ങൾ ഇന്ത്യയിൽ മൊത്തം തോറ്റതിന്റെ പോരായ്മകൾ പരിഹരിച്ച് വർദ്ധിതവീര്യരായി അങ്കിൾബൺ എന്ന സിനിമയിലെ മോഹൻലാലിനെപ്പോലെ ഇപ്പോൾ ഇങ്ങോട്ടുവരും, ഈ വാതിലൊക്കെ പൊളിച്ചുപണിയേണ്ടിവരുമെന്നുമുള്ള രീതിയിലാണ് സംസാരിച്ചത്. പക്ഷേ എങ്ങനെ വരാൻ സാധിക്കും; ഏതെങ്കിലും ഒരു കെ.എസ്.ആ.ർ.ടി.സി. ജീവനക്കാരന്റെ വീട്ടിൽ നിങ്ങൾക്ക് ചെല്ലാൻ പറ്റുമോ; പാഠപുസ്തകം കിട്ടേണ്ട ഏതെങ്കിലും ഒരു കുട്ടിയുടെ വീട്ടിൽ നിങ്ങൾക്ക് ചെല്ലാൻ കഴിയുമോ? അരുവിക്കരയിൽ ഞങ്ങൾ മൂന്നാം സ്ഥാനത്ത് പോകുമെന്ന് പറഞ്ഞുപരത്തി. പക്ഷേ കോൺഗ്രസിന്റെ അമ്പതോളം മുൻ എം.പി. മാർ ബി.ജെ.പിയിൽ ചേർന്നു. ഇന്നും ഡൽഹിയിൽ ചില കൂടിക്കാഴ്ചകളൊക്കെ നടന്നിട്ടുണ്ട്. ന്യൂനപക്ഷവിഭാഗത്തെ സംരക്ഷിക്കാൻ ഇവിടെ ആരുണ്ടാകുമെന്ന് ബഹുമാനൃരായ ലീഗ് എം.എൽ.എ മാർ ഇവിടെ പ്രസംഗിച്ചല്ലോ; അടുത്ത പാർലമെന്റ് ഇലക്ഷൻ കൂടി കഴിയുമ്പോൾ ഈ പറഞ്ഞ കാര്യങ്ങളൊക്കെ ഏത്

രീതിയിലായിരിക്കുമെന്നുള്ളത് നമുക്ക് കാണേണ്ടിയിരിക്കുന്നു. കയർ, കശുവണ്ടി, കൈത്തറി, കരകൗശലം, കല്ലുരയ്ക്കൽ, മത്സ്യബന്ധനം, ഈറ്റ-പനമ്പ്, തടിവെട്ട്, മരവ്യവസായം തുടങ്ങി ഏത് മേഖല എടുത്താലും പ്രശ്നങ്ങൾ നിലനിൽക്കുകയാണ്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, നിങ്ങളുടെ എം.എൽ.എ ആയിരുന്ന ശ്രീ. അൽഫോൺസ് കണ്ണന്താനം ഇപ്പോൾ ഏത് പാർട്ടിയിലാണ്?

<u>ശ്രീ. സാജു പോൾ</u>: സർ, ശ്രീ അൽഫോൺസ് കണ്ണന്താനം ബി.ജെ.പി.യിലാണെന്നാണ് പറയപ്പെടുന്നത്. ഇവിടെ എന്റെ തൊട്ടുപുറകി ലായി അഞ്ചുവർഷം അദ്ദേഹം ഇരുന്നതാണ്. അദ്ദേഹം കേന്ദ്രത്തിലുണ്ടെ ന്നാണ് പറയുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന പ്പോൾ കാര്യങ്ങൾ നോക്കിനടത്തിയിരുന്ന ആളായിരുന്നല്ലോ ശ്രീ. പി. സി. അലക്സാണ്ടർ; ഞാൻ പാർലമെന്റ് മെമ്പറായിരുന്ന സമയത്ത് ഇന്ദിരാഗാന്ധിയെ കാണണമെങ്കിൽ അദ്ദേഹത്തിന്റെ കയ്യുംകാലും പിടിക്കണ മായിരുന്നു. അദ്ദേഹം ബി.ജെ.പി-യുടെ സഹായത്തോടുകൂടി രാജ്യസഭയിൽ എത്തി. കോൺഗ്രസിന്റെ രാജ്യസഭാ ഉപാദ്ധ്യക്ഷയായിരുന്ന ശ്രീമതി നജ്മ ഹെപ്ത്തുള്ള, ഇപ്പോൾ ബി.ജെ.പി. മന്ത്രിസഭയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന ആളാണ്. അത്

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സാജു പോൾ : സർ, ബഹുമാന്യരായ യു.ഡി.എഫ് നേതാക്കളോട് എനിക്ക് പറയാനുള്ളത്, അരുവിക്കരയിലോ അല്ലെങ്കിൽ ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിലോ നമ്മുടെ രണ്ടുവിഭാഗങ്ങളുടെയും കുറേ അണികളോ അല്ലെങ്കിൽ നമ്മെ പിന്തുണയ്ക്കുന്നവരോ ബി.ജെ.പി അനുകൂല നിലപാട് എടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യട്ടെ. പക്ഷെ നിങ്ങൾക്ക് ഉറച്ചുവിശ്വസിക്കാം, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിന്റെ നേതൃനിരയിൽ പ്രവർത്തിക്കുന്നവരോ ഇടതുപക്ഷജനാധിപത്യ മുന്നണിയിലെ ഘടക കക്ഷികളുടെ ഉത്തരവാദപ്പെട്ട നേതാക്കളിൽ ഒരാൾപോലുമോ ഒരു സംഘപരിവാർ സംഘടനയിലേയ്ക്കും പോകില്ല. അഥവാ പോവുകയാണെങ്കിൽ, നിങ്ങളുടെ ഒപ്പം ഖദറിട്ടിരിക്കുന്ന ആളുകൾ മാത്രമേ മഹാത്മാഗാന്ധിയെ വെടിവച്ചു കൊന്ന നാഥുറാം വിനായക് ഗോഡ്സെയുടെ പിൻമുറക്കാരായ സംഘപരിവാർ സംഘടനകളുടെ ഒപ്പം പോകുകയുള്ളൂ എന്നുള്ള കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. അത് കാലം തെളിയിക്കുന്ന സംഗതികൾ തന്നെയാണ്. ഞാൻ ദീർഘമായി പറയുന്നില്ല.

ശ്രീ. ജോസ് തെറ്റയിൽ : ബഹുമാനപ്പെട്ട അംഗത്തിന്റെ പിതാവ്, മുൻ എം.എൽ.എ കൂടിയായിരുന്ന പി. ഐ. പൗലോസ് അദ്ധ്യക്ഷനായ കേരള സ്റ്റേറ്റ്

ബാംബൂ കോർപ്പറേഷൻ അദ്ദേഹത്തിന്റെ കാലത്തും അതിനുമുമ്പ് എ. പി. കുര്യന്റെ കാലത്തുമൊക്കെ വളരെ ഭംഗിയായി നടന്നതാണ്. അങ്കമാലി, പെരുമ്പാവൂർ തുടങ്ങിയ മേഖലകളിലേയും നെടുമങ്ങാട് പ്രദേശങ്ങളിലേയും പതിനായിരക്കണക്കിന് കുടുംബങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമായിരുന്ന ആ പരമ്പരാഗത വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണെന്നുള്ളതിനെ ക്കുറിച്ച് അങ്ങേയ്ക്ക് നിശ്ചയമുണ്ടോ?

ശ്രീ. സാജു പോൾ : സർ, അതാണ് ഞാൻ സൂചിപ്പിച്ചത് ഇവിടെ ചില ശബ്ദകോലാഹലങ്ങൾ മാത്രമാണ് ........

ശ്രീ. കെ. രാജു : കശുവണ്ടി സംഭരണവുമായി ബന്ധപ്പെട്ടത്തി കോടിക്കണക്കിനു രൂപയുടെ അഴിമതി നടന്നതായി അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുണ്ട്. ഈ ക്രമക്കേടുകളിൽ കാപ്പെക്സിന് 77.92 കോടി രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരന്വേഷണം നടത്തുന്നതിനോ കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനോ ആവശ്യമായ ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. സാജു പോൾ : സർ, കോർപ്പറേഷനുകളിലെ കെടുകാര്യസ്ഥതയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ധൂർത്തും അഴിമതിയും സെക്രട്ടേറിയറ്റിൽ

നടക്കുന്ന കാര്യങ്ങളുമടക്കം കഴിഞ്ഞ ദിവസം മംഗളം ഉൾപ്പെടെയുള്ള പത്രങ്ങളിൽ വന്നിട്ടുണ്ട്. ഇവിടെ ബാംബൂ കോർപ്പറേഷന്റെ കാര്യം പറഞ്ഞു. ബാംബൂ ഫെസ്റ്റ് എന്ന ഒരു പരിപാടി നടക്കുന്നുണ്ട്. കയർ തൊഴിലാളികൾ വലിയ ദാരിദ്ര്യത്തിലാണെങ്കിൽപ്പോലും കയർ ഫെസ്റ്റ് നടത്തുന്നുണ്ട്. ഇതുപോലെ പുറംമേനി കാണിക്കുന്ന പരിപാടികൾ മാത്രമാണ് ഇവിടെ നടക്കുന്നത്. ബാഹുബലി എന്ന സിനിമ കണ്ടാലുള്ള സ്ഥിതി പോലെയാണ്. അത് കോടികൾ മുടക്കിയ കേമമായ സിനിമയാണെന്ന് പറഞ്ഞതുകൊണ്ട് കഴിഞ്ഞദിവസം ഞാൻ ആ സിനിമ കണ്ടു. ആ സിനിമ കണ്ട് ഇറങ്ങുമ്പോൾ നമ്മെ ഏറ്റവും അമ്പരപ്പിക്കുന്നത്, അതിൽ ആദ്യം കാണിക്കുന്ന കടൽച്ചുഴിയാണ്. ഏകദേശം ഈ നിയമസഭാ മന്ദിരത്തോളമുള്ള ചുഴി, അങ്ങനെയൊന്ന് നമ്മൾ ജീവിതത്തിൽ കണ്ടിട്ടുണ്ടോ? ഒരു കപ്പൽ ചെന്നാൽപ്പോലും താഴ്ന്നപോകത്തക്കവിധത്തിലുള്ള ഒരു ചുഴിയോടുകൂടിയാണ് ആ സിനിമ ആരംഭിക്കുന്നത്. അതിന്റെ അവസാനരംഗംവരെ നമ്മൾ അമ്പരന്നുപോകുന്ന അത്ഭുതവിദ്യകൾ, വർണ്ണ-വസ്ത്രവിസ്മയങ്ങൾ, ശബ്ദ-വെളിച്ച മായാജാലപ്രകടനങ്ങൾ തുടങ്ങിയവ ആ സിനിമയിൽ നമുക്ക് കാണാം. പുറത്തിറങ്ങിക്കഴിഞ്ഞ് അതിന്റെ കഥയെന്താണെന്ന് ചോദിച്ചാൽ, എനിക്ക് ഒരു പിടിയും കിട്ടിയില്ല, കണ്ട കാഴ്ചകളൊക്കെ ഗംഭീരം. അതുപോലെയാണ് ഈ സർക്കാരിന്റെ ഓരോ

പരിപാടികളും. കോഴി മുട്ടയിട്ടുകഴിയുമ്പോൾ പുരപ്പുരത്ത് കയറി നിന്ന് കൂകി വിളിച്ച് 'ഞാൻ മുട്ടയിട്ടേ' എന്ന് അറിയിക്കുന്നതുപോലെ, വലിയ പുസ്തകങ്ങൾ, ഫ്ലക്സ് ബോർഡുകൾ തുടങ്ങി നാട്ടിൽ മുഴുവൻ പരസ്യങ്ങൾ വയ്ക്കുകയാണ്. അതുപോലെ ആ സിനിമയിൽ ഒരു കാലകേയ രാജാവുണ്ട്. ആ കാലകേയ രാജാവ് ഒരു പ്രത്യേകതരം പ്രാകൃതഭാഷയാണ് സംസാരിക്കുന്നത്. അയാൾ കാണിക്കുന്നത് ഒരു തരം ക്രൗര്യതയാണെന്നും അയാളുടെ ഭാവം രാക്ഷസീയമാണെന്നും നമുക്ക് ബോദ്ധ്യപ്പെടും. ആ പ്രാകൃത ഭാഷപോലെയാണ് ഇവിടെ ചില മന്ത്രിമാർ അലറി വിളിക്കുന്നത്. നമുക്ക് ഒരു പിടിയും കിട്ടുന്നില്ല. ഒരു വല്ലാത്തപരുവത്തിൽ കാര്യങ്ങൾ മൊത്തം കൊണ്ടുചെന്ന് എത്തിക്കുന്ന രീതിയിലാണ്. ഞാൻ ഓരോ വകുപ്പായി എടുത്ത് പറയുന്നില്ല. ഓരോ വകുപ്പും എടുത്തുപറഞ്ഞാൽ ഓരോന്നിലും അതിന്റേതായ കാര്യങ്ങളുണ്ട്. എനിക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രിയോട് സൂചിപ്പിക്കാനുള്ള ഒരു കാര്യം, നമ്മുടെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി, തൊപ്പിയെല്ലാം വച്ച് സ്മാർട്ട് സിറ്റി പണിയുന്നിടത്തുപോയി ഒരു അന്വേഷണം നടത്തി. ചാനലുകാരെയും പത്രക്കാരെയുമൊക്കെ വിളിച്ചു, ഗംഭീരമായി ഫോട്ടോ എടുത്തു ഫേസ്ബുക്കിലും വാട്ട്സ് ആപ്പിലുമെല്ലാം കൊടുത്തു. അതുപോലെ മെട്രോ റെയിലിന്റെ പണി നടക്കുന്ന സ്ഥലങ്ങളിൽ പോയി കാര്യങ്ങളൊക്കെ അന്വേഷിച്ചു.

എന്തുകൊണ്ടാണ് കയർ തൊഴിലാളികളെയോ കശുവണ്ടി തൊഴിലാളികളെയോ ഈറ്റ-പനമ്പ് മേഖലയിലേയോ മറ്റേതെങ്കിലും പരമ്പരാഗത തൊഴിൽ രംഗത്തുള്ള പാവപ്പെട്ട ആളുകളെയോ ഇവർക്ക് സന്ദർശിക്കാൻ സാധിക്കാത്തത്; ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്നുപറഞ്ഞാൽ കോടിക്കണക്കിന് രൂപയുടെ വലിയ പ്രോജക്ടുകൾ നടക്കുന്നിടത്ത് മാത്രം പോയി സർക്കാരിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള ഒരു സർവ്വീസാണോ? മത്സ്യമേഖല യിലോ കൈത്തറി സ്ഥാപനങ്ങളിലോ ഖാദി ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന കേന്ദ്രങ്ങളിലോ ഇവർക്ക് പോകാൻ മനസ്സില്ലാത്തതെന്തു കൊണ്ടാണ്; ഈ കാര്യങ്ങൾക്കെല്ലാം പിന്തുണ നൽകേണ്ടത് ധനകാര്യവകുപ്പല്ലേ? ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനു മുള്ള മന്ത്രിസഭാ തീരുമാനം കഴിഞ്ഞ പാർലമെന്റ് ഇലക്ഷന് മുമ്പ് എടുത്തതാണ്. പക്ഷേ ഇതുവരെ ധനകാര്യവകുപ്പ് ആ ഫയലിൽ ഒരു തീരുമാനമെടുത്ത് വ്യവസായവകുപ്പിന് കൊടുത്തിട്ടില്ല. ഇന്നലെ നിയമസഭയിൽ ഇക്കാര്യം സബ്മിഷനായി കൊടുത്തിരുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം കൃത്യമായി മറുപടി പറഞ്ഞതാണ്. ആ ഫയൽ എവിടെയാണെന്ന് അന്വേഷിച്ച് ഞാൻ ചെന്നപ്പോൾ ധനകാര്യവകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറിയുടെ

മുന്നിലിരിക്കുകയാണ്. ഇങ്ങനെ കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ താൽപ്പര്യങ്ങളോട് വിമുഖത കാണിക്കുന്ന, വിരുദ്ധ നിലപാടെടു ക്കുന്ന ഭരണാധികാരികളെ, സർക്കാർ ഉദ്യോഗസ്ഥന്മാരെ നമുക്ക് എന്ത് ചെയ്യാൻ കഴിയും? ഞാൻ ഇക്കാര്യം നമ്മുടെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയോട് പറഞ്ഞില്ല. കാരണം, അദ്ദേഹം വന്നതിനുശേഷം ഞാൻ മൂന്ന് കാര്യങ്ങൾക്ക് അദ്ദേഹത്തിന് കത്തുകൊടുത്തു. മൂന്ന് കാര്യങ്ങളും ചെയ്യാൻ അദ്ദേഹം കൂട്ടാക്കിയില്ല. അതിൽ ഒരു കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിതന്നെ ഇടപെട്ട് ഉത്തരവ് നൽകി. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ബഹുമാന്യമായ മുഖ്യമന്ത്രി ഇടപെട്ട് പരിഹരിച്ചുതന്നു. മൂന്നാമത്തെ കാര്യത്തിൽ ഇപ്പോഴും തീരുമാനമുണ്ടായില്ല. പക്ഷേ ഞാൻ അദ്ദേഹത്തോട് നേരിട്ട് പറയുകയോ കത്ത് കൊടുക്കുകയോ ചെയ്യാത്ത എല്ലാ കാര്യവും നടന്നിട്ടുണ്ട്. മുൻകാലങ്ങളിലൊക്കെ എം.എൽ.എ.മാർ ഒരു കുറിപ്പ് കൊടുത്താൽ, എന്റെ അനുഭവത്തിൽനിന്ന് പറയുകയാണ്, 2001 മുതൽ ഞാൻ ബന്ധപ്പെട്ടിട്ടുള്ള നിരവധി ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുണ്ട്, അതിൽ മലയാളികളല്ലാത്തവരുമുണ്ട്, മലയാളികളല്ലെങ്കിൽ ഇംഗ്ലീഷിൽ ഒരു നോട്ട് തയ്യാറാക്കി അവരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ വേണം എന്ന് പറഞ്ഞ് നൽകിയാൽ വളരെ താൽപ്പര്യപൂർവ്വം ചെയ്തിരുന്ന സ്ഥാനത്ത് ജനകീയ

പ്രശ്നങ്ങളോട് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന ചീഫ് സെക്രട്ടറിയും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുമാണ് ഇന്നുള്ളത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേരളത്തിലെ വ്യവസായമേഖല യെക്കുറിച്ച് നല്ലവണ്ണം അറിയാവുന്ന ആളും വേഗത്തിൽ തീരുമാനമെടുക്കുന്ന വ്യക്തിയുമാണ്. അക്കാര്യത്തിൽ നമുക്ക് അഭിപ്രായവ്യത്യാസമില്ല. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിക്കുതന്നെ ട്രാവൻകൂർ റയോൺസിന്റെ കാര്യമായാലും കശുവണ്ടി മേഖലയിലെയായാലും പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ, ധനകാര്യവകുപ്പുമന്ത്രിയുടെയല്ല, പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ള ധനകാര്യ വകുപ്പുദ്യോഗസ്ഥരുടെ അനുകൂല മനോഭാവവും അവരുടെ വേഗത്തിലുള്ള നടപടികളും വേണം. അത്തരത്തിലുള്ള നടപടികളൊന്നും ഉണ്ടാകാത്ത ഒരു സാഹചര്യം ഇവിടെയുണ്ട് എന്ന് തിരിച്ചറിയണം. ഞാൻ ഇത് പറയുന്നത് എന്തുകൊണ്ടെന്നാൽ, അടുത്ത മെയ് മാസത്തിൽ ഈ ഭരണത്തിന്റെ കാലാവധി അവസാനിക്കാൻ പോകുകയാണ്. ഈ പ്രശ്നങ്ങളെല്ലാംകൂടി ഒരുമിച്ച് പരിഹരിക്കാൻ പറ്റില്ല. 'ഈനാട് ഉണരു' എന്ന് പണ്ട് സിനിമ കളുടെ പേര് കൂട്ടിച്ചേർത്തുവച്ച് പറഞ്ഞതുപോലെ മെയ് മാസത്തിനു മുമ്പെങ്കിലും ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള സത്വരശ്രദ്ധ സർക്കാർ കാണിക്കു എന്നുള്ള ഒരു ഉണർത്ത് ഞാൻ ഇവിടെ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാതെ ഇപ്പോൾ കാഷ്യൂ ഫാക്ടറികൾ മുഴുവൻ അടച്ചിട്ടിരിക്കുകയാണ്. അവർക്ക് ഒരുവിധത്തിലുള്ള തൊഴിൽ സൗകര്യങ്ങളും ചെയ്തുകൊടുക്കാത്തതിനാൽ അവർ സമരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നതും ഇന്ന് സെക്രട്ടേറിയറ്റിനുമുമ്പിൽ വലിയ തോതിലുള്ള സമരം നടക്കുകയാണെന്നതും അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അതുപോലെതന്നെ കാഷ്യൂ ഫാക്ടറികളിൽ സ്ത്രീകൾക്ക് ഊണ് കഴിക്കാനുള്ള സൗകര്യങ്ങളോ ബാത്ത്റൂം സൗകര്യങ്ങളോ ഇല്ലെന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സാജുപോൾ</u>: സർ, ഇതുതന്നെയാണ് ഞാൻ പറഞ്ഞുവന്നത്. കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നം ഒരു ചെറിയ പ്രശ്നമല്ലെന്നും അവരുടേത് ഒരു ചെറിയ സമരമല്ലെന്നും ഇന്ന് നടന്നതടക്കമുള്ള ആ ബഹുജനമുന്നേറ്റത്തെ ഈ സർക്കാർ അവഗണിക്കരുതെന്നും ബഹുമാന്യനായ പി. കെ. ഗുരുദാസനും ശ്രീമതി അയിഷാ പോറ്റിയും ഉൾപ്പെടെയുള്ളവർ നിരവധി പ്രാവശ്യം ഉന്നയിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ സത്വര ശ്രദ്ധ നൽകണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് എന്റെ വിയോജിപ്പ് ഇവിടെ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. പി. വിൻസെന്റ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ ഗൗരവപൂർണ്ണമായ ഒരു ബിൽ ആണിത്. 1969 കാലഘട്ടത്തിൽ, കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഏറ്റവും ഗൗരവപൂർണ്ണമായ വിഷയവുമായി ബന്ധപ്പെട്ട് കമ്പനികൾ അടച്ചുപൂട്ടുകയും 1974-ൽ കമ്പനികൾ സർക്കാർ ഏറ്റെടുക്കുകയും ചെയ്തതിന്റെ ഭാഗമായി തുടങ്ങിവച്ച വിഷയങ്ങൾ ഏറ്റവും ഗൗരവപൂർണ്ണമായ കാര്യമാണ്. സംസ്ഥാനത്ത് മൂന്നുലക്ഷത്തോളം തൊഴിലാളികൾ ഇന്ന് കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. പണ്ട് വളരെയധികം ആളുകൾ ഉണ്ടായിരുന്നു. അവർ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് ബഹുമാന്യനായ മന്ത്രി ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങൾ, പ്രത്യേകിച്ച് കശുവണ്ടി, കളിമണ്ണ് തുടങ്ങിയ വ്യവസായങ്ങൾ പൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അസംസ്കൃത പദാർത്ഥങ്ങൾ കിട്ടുന്നതിനുള്ള അപര്യാപ്തതയുണ്ട്, അതുപോലെതന്നെ

മോഡണൈസ് ചെയ്തുവരുമ്പോഴുണ്ടാകുന്ന കുറവുകളുണ്ട്. ഇതെല്ലാമായി ബന്ധപ്പെട്ട് തൊഴിലാളികൾ വളരെയധികം വിഷമിക്കുന്ന ഒരവസ്ഥയുണ്ട്. ആ അവസ്ഥ മാറ്റിയെടുക്കണം. കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ ഈ മേഖലയിലെ തൊഴിലാളികൾ അരക്ഷിതാവസ്ഥയിലാണ്. അവർക്ക് സംരക്ഷണം നൽകുക എന്ന പ്രധാനപ്പെട്ട കാര്യമാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഇന്ത്യയിൽ കശുമാവ് കൃഷിക്ക് പ്രാധാന്യം കൈവന്നത് 1950-കളിലാണ്. യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യാൻ ആരംഭിച്ചതോടുകൂടിയാണ് ഇതിന് പ്രാധാന്യം കൈവന്നത്. 1970-വരെ കശുവണ്ടിപരിപ്പ് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിച്ചിരുന്നത് ഇന്ത്യയായിരുന്നു. എന്നാൽ പിന്നീട് ബ്രസീൽ, വിയറ്റ്നാം, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ കശുമാവ് കൃഷിയും കശുവണ്ടി സംസ്കരണവും ആരംഭിച്ചതോടെ ഇന്ത്യ ഈ രംഗത്ത് കടുത്ത മൽസരം നേരിടാൻ തുടങ്ങി. ഇന്ന് ആഗോളാടിസ്ഥാനത്തിൽ നടക്കുന്ന കശുവണ്ടി വ്യാപാരത്തിൽ 42 ശതമാനത്തോളം ഇന്ത്യയിൽ നിന്നുമാണ്. കയറ്റുമതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. ഇതൊക്കെ മനസ്സിലാക്കി ക്കൊണ്ടാണ് ഈ വ്യവസായത്തെ നിലനിർത്താൻ ആവശ്യമായിട്ടുള്ള കാര്യങ്ങൾ

ചെയ്തിട്ടുള്ളത്. ഈ രംഗത്തുണ്ടായിരുന്ന സ്വകാര്യ മുതലാളിമാർ നഷ്ടം വരുമ്പോൾ കമ്പനികൾ അടച്ചിടുകയും തൊഴിലാളികൾക്ക് ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുകയും ചെയ്തപ്പോഴാണ് 1969-ലെ കമ്പനീസ് ആക്ട് അനുസരിച്ച് സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ കശുവണ്ടി ഇറക്കുമതി ചെയ്യുകയും ഗവൺമെന്റ് ഏറ്റെടുത്ത കമ്പനികൾക്ക് അലോട്ട് ചെയ്യുകയും ചെയ്തുകൊണ്ടാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയത്. ഏറ്റവും അടിസ്ഥാനപരമായി, തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തണമെന്നും അത് ഉറപ്പുവരുത്താതിരുന്നാൽ എന്ത് നടപടികൾ സ്വീകരിക്കണം എന്നൊക്കെയുള്ള കാര്യങ്ങൾവച്ചു കൊണ്ടാണ് സർക്കാർ ഈ മേഖലയിൽ കൂടുതലായി ഇടപെട്ടത്. 1974-ലെ കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട്, കശുവണ്ടിത്തൊഴിലാളി മേഖലയിലെ തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുന്നതിനായി, പൊതുതാൽപ്പര്യം മുൻനിർത്തി ചില കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ആക്ടിന്റെ മൂന്നാം സെക്ഷനിൽ ഭേദഗതി വരുത്തി കൂട്ടിച്ചേർത്ത വ്യവസ്ഥകൾ പ്രകാരം ഈ ആക്ട് നിലവിൽ വരുന്നതിനുമുമ്പും ശേഷവും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ സർക്കാരിന് ഏറ്റെടുക്കാമെന്നുള്ള വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ തികച്ചും തൊഴിലാളികളുടെ താൽപ്പര്യങ്ങൾ

സംരക്ഷിക്കുന്നതാണ്. കോടതികളിൽനിന്നുണ്ടായ പ്രതികൂല വിധികൾ തരണം ചെയ്യാനും പര്യാപ്തമായിട്ടുള്ള ഒരു നല്ല ബില്ലാണിത്. ഈ ആക്ടിലെ 3(1) proviso പ്രകാരം ഗവൺമെന്റ് ഫാക്ടറി ഏറ്റെടുത്ത് നടത്തുന്ന പ്രഖ്യാപനം സംബന്ധിച്ചും വ്യക്തമായ വ്യവസ്ഥകൾ ഈ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫാക്ടറിക്ക് വന്നിട്ടുള്ള നഷ്ടം ന്യായമായ രീതിയിൽ ഗവൺമെന്റ് നൽകുന്നതിന് ഈ ഭേദഗതി വ്യവസ്ഥ ചെയ്യുന്നുണ്ട്. ഏകപക്ഷീയമായ ഒരു ഏറ്റെടുക്കൽ എന്ന വ്യാഖ്യാനത്തിന് അതീതമായ വ്യവസ്ഥയാണ് ഇതിലുള്ളത്. ഇതിന് കൃത്യമായ സമയപരിധിയും പുതിയ ഭേദഗതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. കശുവണ്ടി തല്ലുന്ന പാവപ്പെട്ട സ്ത്രീകളുടെ കരിപുരണ്ട ജീവിതങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകുന്ന അതീവ ഗൗരവമുള്ള ഒരു ബിൽ തന്നെയാണിത്. ഇത്രയും ഗൗരവപൂർണ്ണമായ ഒരു ബിൽ ചർച്ച ചെയ്തുകൊണ്ട് സംസാരിക്കേണ്ട സമയത്ത്, രാഷ്ട്രീയം പറഞ്ഞ് ഇതിന്റെ പ്രാധാന്യത്തെയും ഗൗരവത്തെയും കുറച്ചുകാണിച്ചുകൊണ്ട് പ്രതിപക്ഷം സംസാരിച്ചപ്പോൾ സത്യത്തിൽ വളരെ വിഷമം തോന്നി. തൊഴിലാളികളുടെ ഭാഗത്തുനിന്ന് വലിയ വാദം പറയുകയും തൊഴിലാളി പ്രസ്ഥാനത്തിന്റെ ഏത് സമീപനങ്ങളിലും മുൻപന്തിയിൽ നിൽക്കുന്നുവെന്ന വ്യാജേന കുപ്രചരണങ്ങൾ നടത്തുകയും ചെയ്യുന്ന നിങ്ങൾ, ഈ വിഷയത്തിൽനിന്ന് മാറി സിനിമാക്കഥകളും

അനാവശ്യമായതും ഇല്ലാത്തതുമായ പ്രചരണങ്ങളും നടത്തി ഈ വിഷയത്തിന്റെ ഗൗരവം കുറച്ചത് വളരെയേറെ ദു:ഖപൂർണ്ണമായ ഒരു സംഭവമാണ്. അർദ്ധപട്ടിണിയിൽ വിഷമിച്ചുകഴിയുന്ന ആയിരക്കണക്കിന് വരുന്ന പാവങ്ങളുടെ ജീവിതത്തെ പന്താടുന്ന ഒരു രീതിയായിപ്പോയി ഇതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇതൊരു ചെറിയ ബില്ലാണെങ്കിലും പാവപ്പെട്ട ഈ തൊഴിലാളികളുടെ കാര്യം ഏറ്റവും ഗൗരവപൂർണ്ണമായി എടുക്കാൻ ബഹുമാന്യനായ പി.കെ. കുഞ്ഞാലിക്കുട്ടി മിനിസ്റ്റർ അടക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടായപ്പോൾ, എല്ലാവരും ഒരുമിച്ചുതന്നെ ഈ ബില്ലിനെ സ്വാഗതം ചെയ്തുവരുമ്പോൾ, പറച്ചിലും പ്രവൃത്തിയും രണ്ടായി പോകുന്നതിന്റെ ഏറ്റവും ദു:ഖകരമായ അവസ്ഥയാണ് ഇന്നത്തെ ചർച്ചയിൽ കണ്ടത്. ഇന്ന് ഇവിടെ ചർച്ച തുടങ്ങിയപ്പോൾ ഈ സഭയിലെ പുതിയ അംഗമായ ബഹുമാനപ്പെട്ട കെ.എസ്. ശബരീനാഥൻ പുറകിലിരുന്ന് എന്താണ് ഇവിടെ നടക്കുന്നതെന്ന് ചോദിച്ചു. അപ്പോൾ തൊട്ടപ്പുറത്തിരുന്ന ശ്രീ. പി. ഉബൈദുള്ള പറഞ്ഞുകൊടുത്തത്, ഇവിടെ ഏത് വിഷയത്തിൽ ചർച്ച നടന്നാലും ചർച്ചയിലെ വിഷയമല്ല അവർക്ക് തോന്നുന്ന കാര്യങ്ങളാണ് സാധാരണയായി പ്രതിപക്ഷം പറയാറുള്ളത് എന്നാണ്. പുതിയ അംഗമായതുകൊണ്ടാണ് കെ.എസ്. ശബരീനാഥൻ ഇങ്ങനെയൊരു സംശയം

ചോദിച്ചത്. ഞാൻ ആദ്യമായി ഈ സഭയിലേയ്ക്ക് കടന്നുവന്നപ്പോൾ എനിക്കും അത്തരം സംശയമുണ്ടായിരുന്നു. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലുള്ള തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഈ ഭേദഗതി സഹായിക്കും. തൊഴിലാളികൾക്കായി നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ, അവരുടെ ജീവിതത്തിൽ ഒരു വെളിച്ചം കണ്ടെത്താൻ സഹായിക്കുന്ന ജീവനുള്ള ഒരു നിയമമായി ഇത് വരാൻ പോകുകയാണ്. സ്വകാര്യമുതലാളിമാരുടെ ചൂഷണത്തിന് അന്ത്യം കുറിക്കുന്ന, കയറും കശുവണ്ടിയും പോലെയുള്ള പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ഒരു പുത്തനുണർവ് നൽകുന്ന അതിമനോഹരമായ ഒരു ബില്ലാണിത്. പ്രതിപക്ഷത്തിനുപോലും വിയോജിക്കാൻ പറ്റാത്ത രീതിയിൽ ഈ ബിൽ കൊണ്ടുവന്ന വ്യവസായ വകുപ്പുമന്ത്രിയെയും അതിനുപിന്നിൽ പ്രവർത്തിച്ച മുഖ്യമന്ത്രിയെയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റിയിൽ ഈ ബിൽ ചർച്ചയ്ക്ക് വന്നപ്പോൾ ഒരു ഭേദഗതിയും

ആവശ്യമില്ലെന്ന തീരുമാനമാണ് ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെയുള്ള ആളുകൾ സ്വീകരിച്ചത്. ഇതൊരു എക്സർസൈസ് മാത്രമാണ്. ഈ ബിൽ കോടതിയിൽ എത്തിയാൽ പഴയ സ്ഥിതിതന്നെയാണ് വരാൻ പോകുന്നത്. ആ രീതിയിലുള്ള ഭേദഗതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, ആർക്കും അസ്ഥിരപ്പെടുത്താൻ കഴിയാത്ത രീതിയിലുള്ള ഒരു ബില്ലായി ഇത് മാറണം. അതിന് 3(b)യ്ക്കുശേഷം 3(c) എന്ന സെക്ഷൻ കൂടി ഇതിൽ ചേർക്കണം. അതുസംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല, അമെന്റ്മെന്റ് അവതരിപ്പിക്കുമ്പോൾ വിശദമായി പറയാം. ആ രീതിയിൽ ഭേദഗതി ചെയ്ത് ഈ ബിൽ അവതരിപ്പിക്കണം.

കേരളത്തിലെ മൂന്ന് ലക്ഷത്തിൽപ്പരം കശുവണ്ടി തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. കശുവണ്ടി തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി എന്താണ്? അവർക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ കിട്ടുന്നില്ല. തൊഴിലാളികൾക്ക് ന്യായമായും ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ നടപടികളാണ് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും കാഷ്യൂ കോർപ്പറേഷനുമെല്ലാം സ്വീകരിക്കേണ്ടത്. പക്ഷെ ഒന്നും ചെയ്യുന്നില്ല. പി.എഫ്.-ഉം ഇ.എസ്.ഐ.യും കുടിശ്ശികയാണ്.

കോടാനുകോടി രൂപയുടെ കുടിശ്ശികയാണ് ഈ മേഖലയിൽ ഉള്ളത്. ഇതിന് കാരണം സർക്കാരിന്റെ കെടുകാര്യസ്ഥതയാണ്. സർക്കാർ കൊടുക്കുന്ന ഫണ്ടും, ബഡ്ജറ്റ് അലോക്കേഷനുമെല്ലാം എങ്ങനെയാണ് ചെലവഴിക്കുന്നത്? 'വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്' എന്നു പറയുന്നത് പോലെയാണ് ഈ മേഖലയിലെ ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നത്. കിട്ടുന്ന പണം ഉദ്യോഗസ്ഥരുടെ ഇഷ്ടംപോലെ ദൈനംദിന ചെലവിന് വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഈ മേഖലയിലെ യന്ത്രവൽക്കരണത്തിനുവേണ്ടി ചെലവഴിക്കുന്ന പണം എവിടെപ്പോയി? യന്ത്രവൽക്കരണത്തിനുവേണ്ടിയല്ല അതിന്റെ നവീകരണത്തിനുവേണ്ടിയാണ് പണം ചെലവഴിക്കുന്നത്. പിന്നെ എങ്ങനെ ഇത് മുന്നോട്ടുപോകും? ഇതുപോലുള്ള അഴിമതി കൊടികുത്തി വാഴുകയാണ്. ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്രീ. പി. എച്ച്. കുര്യൻ എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നത്, ഈ നിലയിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ വളരെ വേഗത്തിൽ ഈ മേഖല നശിക്കുമെന്നാണ്. വളരെ വേഗത്തിൽ ത്തന്നെ ഇത് തകർന്ന് തരിപ്പണമാകും. ആ രീതിയിൽ, കശുവണ്ടി മേഖലയെ ഒരു ശ്മശാന ഭൂമിയാക്കി മാറ്റാൻ ആവശ്യമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്, അല്ലാതെ അതിനെ

വളർത്തിക്കൊണ്ടുവരാനോ സംരക്ഷി ക്കാനോ ആവശ്യമായ നടപടിയല്ല. ഇന്നത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ച് ഞാൻ പറയേണ്ടതില്ലല്ലോ; നിത്യോപയോഗ സാധന ങ്ങളുടെ വില ഇങ്ങനെ വാണംപോലെ കയറിക്കൊണ്ടിരിക്കുമ്പോൾ കശുവണ്ടി തൊഴിലാളികൾക്ക് കിട്ടേണ്ട മിനിമം കൂലി കൊടുക്കുന്നില്ല. മിനിമം കൂലി പ്രഖ്യാപിച്ചാൽ അത് നടപ്പിലാക്കാനുള്ള ആർജ്ജവവും ഇച്ഛാശക്തിയും ഗവൺമെന്റ് കാണിക്കണം. പാവപ്പെട്ടവരായ ഈ തൊഴിലാളികൾക്ക് വളരെ തുച്ഛമായ കൂലിയാണ് ലഭിക്കുന്നത്; ആ മിനിമം കൂലിപോലും നടപ്പിലാക്കാൻ കഴിയാത്തത്ര കഴിവുകെട്ട ഒരു ഗവൺമെന്റാണിതെന്ന് പറയേണ്ടി വന്നതിൽ എനിക്ക് വേദനയുണ്ട്. ഇങ്ങനെയുള്ള കെടുകാര്യസ്ഥതയാണ് അവിടെ നടക്കുന്നത്. ഇവിടെ നല്ല തോട്ടണ്ടി കിട്ടുന്നുണ്ടെങ്കിലും വിദേശത്തുനിന്ന് കൊണ്ടുവരികയാണ്. നൈജീരിയയിൽനിന്ന് കൊണ്ടുവരുന്ന തോട്ടണ്ടി കടലിൽവച്ചുതന്നെ മറിച്ചുവിൽക്കുകയാണ്. ഏറ്റവും തരംതാഴ്ന്ന തോട്ടണ്ടിയാണത്. അതിനെ കൂടുതൽ വിലകൊടുത്ത് കൊണ്ടുവരുന്ന അവസരത്തിൽ മറിച്ചുവിറ്റ് പണം തട്ടുന്നുവെന്നാണ് പറയപ്പെടുന്നത്. ഇങ്ങനെയുള്ള അഴിമതികളുടെ കൂത്തരങ്ങായി കശുവണ്ടി വ്യവസായ മേഖല മാറിക്കഴിഞ്ഞിരിക്കുകയാണ്. അതെല്ലാം മാറ്റിയെടുക്കാനുള്ള നടപടി

സ്വീകരിക്കണം. ഞാൻ ചുരുക്കുകയാണ്. ഇവിടത്തെ വ്യവസായ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? ഞാൻ അതിന്റെ അഴിമതിയെയും കടബാദ്ധ്യതയെയും കുറിച്ച്...

മി. സ്പീക്കർ: യേസ്...... പ്ലീസ്.... ഇനി ഒരു ബിൽ കൂടിയുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ഞാൻ അധികം സംസാരിക്കുന്നില്ല. രണ്ടുമൂന്ന് മിനിറ്റുകൂടി സംസാരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അൽപ്പം രാഷ്ട്രീയംകൂടി ഞാൻ പറഞ്ഞോട്ടെ; അപ്പുറത്തുനിന്ന് സംസാരിക്കുന്നവർ അരുവിക്കര തെരഞ്ഞെടുപ്പ് ആനക്കാര്യമായാണ് പറയുന്നത്. അത് വലിയൊരു കാര്യമല്ല.

മി. സ്പീക്കർ: ഇത് രാഷ്ട്രീയം പറയാനുള്ള സമയമല്ല. ബില്ലിന്മേലുള്ള ചർച്ചയാണ്. ബില്ലിനകത്തുനിന്ന് അങ്ങ് സംസാരിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, 23 വർഷക്കാലമായി നിങ്ങൾ ജയിച്ചുവരുന്ന ഒരു മണ്ഡലമാണത്. ജി. കാർത്തികേയൻ സാറിനെപ്പോലൊരു മഹാനുഭാവനോടുള്ള സ്നേഹംകൊണ്ടുള്ള വ്യക്തിപരമായ വോട്ടാണത്. ഞാൻ അവിടെ വർക്കുചെയ്യാൻ പോയതാണ്.

മി. സ്പീക്കർ: രാവിലെ ധനാഭ്യർത്ഥന ആയിരുന്നു, അപ്പോൾ ഏതു കാര്യവും

സംസാരിക്കാമായിരുന്നല്ലോ; ബില്ലിൽ എല്ലാവരും വളരെ ചുരുക്കിയാണ് സംസാരിക്കുന്നത്. അപ്പോൾ അങ്ങ് രാഷ്ട്രീയം പറയുന്നത് ശരിയല്ല.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, രാവിലെ എനിക്ക് സംസാരിക്കാൻ കഴിഞ്ഞില്ലല്ലോ; ഒരുപാട് തെരഞ്ഞെടുപ്പുകൾ ഉണ്ട്. 20 സീറ്റിലും തോറ്റ് തുന്നംപാടിയവർ ഇവിടെ ജയിച്ചുവന്നിട്ടുണ്ടല്ലോ;

മി. സ്പീക്കർ: ബഹുമാനപ്പെട്ട കെ. കുഞ്ഞിരാമൻ........

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ഒരു കാര്യംകൂടി ഈ വകുപ്പിനെ ക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കശുവണ്ടി വേണമെങ്കിൽ കശുമാവും കശുവണ്ടി തോട്ടവും വേണം. കഴിഞ്ഞ നാല് വർഷക്കാലമായി 43 കോടി രൂപയാണ് കശുമാവ് വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. ഞാൻ താമസിക്കുന്നതിന് തൊട്ടടുത്ത് പീലിക്കോട് ഒരു ഫാമുണ്ട്. ആ ഫാമിൽ ഒരിക്കൽ നടന്ന യോഗം ഞാനാണ് ഉദ്ഘാടനം ചെയ്തത്. കശുമാവ് വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു കോൺഫറൻസായിരുന്നു അത്. അതിൽ കശുവണ്ടി കർഷകർ ഒരാൾപോലുമില്ലായിരുന്നുവെന്ന് എനിക്ക് ഉത്തമബോദ്ധ്യമാണ്. ഈ പണം ഇങ്ങനെയാണ് ചെലവഴിക്കുന്നത്.

മി. സ്പീക്കർ: ഏഴ് മിനിട്ടായി. മറ്റുള്ളവർ സംസാരിച്ചപ്പോൾ എടുത്ത സമയം

അങ്ങ് ശ്രദ്ധിച്ചതല്ലേ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ അവസാനിപ്പിക്കാം. 43 കോടി രൂപ എവിടെ ചെലവഴിച്ചു; എവിടെയെല്ലാം തോട്ടങ്ങളുണ്ടായി? ഈ രീതിയിലുള്ള അഴിമതിയാണ് അവിടെ നടക്കുന്നത്. കാസർഗോഡാണ് ഏറ്റവും കൂടുതൽ കശുവണ്ടിത്തോട്ടമുള്ളത്. പക്ഷെ അവിടെ ഒരു ഫാക്ടറി പോലുമില്ല. കശുവണ്ടിയും കശുവണ്ടിത്തോട്ടവുമെല്ലാം കാസർഗോഡ്, ഫാക്ടറി മുഴുവൻ കൊല്ലത്തും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഏറ്റവും കൂടുതൽ കശുവണ്ടി ഉത്പാദിപ്പിക്കുന്ന കാസർഗോഡ് മേഖലയിൽക്കൂടി കശുവണ്ടി ഫാക്ടറി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. മറ്റ് വ്യവസായ മേഖലയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പൊതുവായി ഈ ബില്ലിനെക്കുറിച്ചും ഇതിന്റെ ആവശ്യത്തെക്കുറിച്ചും അംഗങ്ങൾക്ക് ആർക്കും സംശയം ഉണ്ടായിട്ടില്ല. സർക്കാർ നടത്തുന്ന ഫാക്ടറികൾ സ്വകാര്യ മുതലാളിമാരുടെ ഉടമസ്ഥതയിലേയ്ക്ക് പോകരുതെന്നുള്ള ഉദ്ദേശ്യത്തോടെ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിവന്ന

പശ്ചാത്തലത്തിൽ അതിനെ മറികടക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ അതിന്റെ ഉദ്ദേശ്യത്തിൽ ആർക്കും സംശയം ഉണ്ടായിട്ടില്ല. എല്ലാവരും അതിനെ സ്വാഗതം ചെയ്തു. പക്ഷെ ഈ നിയമം മതിയാകില്ലെന്ന് ചിലർ പറഞ്ഞു, മതിയാകുമെന്നുള്ളതാണ് നിയമ വിദഗ്ദ്ധന്മാരിൽനിന്നും നമുക്ക് കിട്ടിയിരിക്കുന്ന ഉപദേശം. എന്തെങ്കിലും കുറവുണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാം. ഈ ബില്ലിന്റെ ചർച്ചാവേളയിൽ പലരും രാഷ്ട്രീയം പറഞ്ഞതിന് ഞാൻ മറുപടി പറയുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ കർശനമായി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കശുവണ്ടി മേഖലയുടെ നടത്തിപ്പിൽ എന്തെങ്കിലും തരത്തിൽ കുഴപ്പമുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടത്, അവിടെ കാര്യങ്ങൾ തീരുമാനിക്കുന്നതിന് സ്വാതന്ത്ര്യം കൊടുത്തിട്ടുള്ളത് ആൾ പാർട്ടി ബോർഡിനാണ്. എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും അടങ്ങുന്ന ഒരു ബോർഡാണ് അവിടെ വളരെക്കാലമായി കാര്യങ്ങൾ തീരുമാനിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും ഒരേ രീതിയിലാണ് പോകുന്നത്, എം.ഡി.യും ബോർഡും മാറിയിട്ടില്ല. അവിടെ അഴിമതിയും കെടുകാര്യസ്ഥതയുമൊന്നുമല്ല, പണമില്ലെന്നതാണ് അവിടെയുള്ള പ്രശ്നം. പണം ഇല്ലാത്തപ്പോൾ തോട്ടണ്ടി കടം

വാങ്ങും. അതിന് പകരം പരിപ്പ് കൊടുക്കും. ആ സിസ്റ്റം ശരിയല്ലെന്നും ഇത് അഴിമതിക്ക് ഇടയാക്കുമെന്നും പ്രൊസീഡ്യുവർ പാലിക്കാത്തതാണെന്നും ട്രാൻസ്പരൻസി ഇല്ല എന്നുമാണ് ഫിനാൻസ് ഇൻസ്പെക്ഷൻവിംഗ് പറഞ്ഞത്. ബഹുമാനപ്പെട്ട ഒന്നുരണ്ട് അംഗങ്ങൾ ഇതിനെ കെടുകാര്യസ്ഥതയും അഴിമതിയുമൊക്കെയായി ചിത്രീകരിച്ചത് അവർക്ക് അതിനെക്കുറിച്ച് വേണ്ടത്ര അവഗാഹം ഇല്ലാത്തതു കൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. അതുതന്നെയാണ് ഇപ്പോൾ ഫാക്ടറികൾ പൂട്ടിക്കിടക്കാനുള്ള കാരണവും. കഴിഞ്ഞ മൂന്ന് വർഷം ഗവൺമെന്റ് വേണ്ടത്ര പണം കൊടുത്തു. ഫാക്ടറികൾ മുഴുവൻ റെക്കോർഡ് സമയം വർക്ക് ചെയ്തതാണ്. ഇങ്ങനെ ഒരു പ്രശ്നം വന്നപ്പോൾ അത് ഗവൺമെന്റിനും ഒരു ഇഷ്യൂ ആയി. അതുകൊണ്ട് ഈ സിസ്റ്റം ഇങ്ങനെ തുടരണോ വേണ്ടയോ എന്നുള്ളത് ക്യാബിനറ്റിന്റെ പരിഗണനയിലിരിക്കുകയാണ്. മറ്റൊരു സിസ്റ്റം കാര്യക്ഷമമായി കൊണ്ടുവരുന്നതുവരെ ഇതേ സിസ്റ്റം തുടരേണ്ടി വരുമെന്നാണ് എന്റെ തോന്നൽ. അതിനാവശ്യമായ പണം കൊടുക്കേണ്ടതായും വരും. പതിനായിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് അതിൽ അഴിമതിയും മറ്റും പറഞ്ഞ് അറച്ചുനിന്നാൽ ഫാക്ടറികൾ കാലാകാലങ്ങളിലേയ്ക്ക് അടഞ്ഞുകിടക്കും. അതുകൊണ്ട് ഈ വിഷയം ചർച്ച

ചെയ്യുന്നുണ്ട്. അങ്ങനെ തന്നെയാണ് കോടതിയിലും ഗവൺമെന്റ് പറഞ്ഞത്. സിസ്റ്റം മാറ്റണമെങ്കിൽ സമയം വേണം. ഇക്കാര്യത്തിൽ പെട്ടെന്ന് ഒരു നിബന്ധന കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് കോടതിയിൽ വാദിച്ചിട്ടുള്ളത്. അപാകതകൾ വല്ലതു മുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം, പക്ഷെ സിസ്റ്റം മാറ്റുകയെന്നത് അത്ര എളുപ്പമല്ലെന്നാണ് ഗവൺമെന്റ് പറഞ്ഞത്.

കഴിഞ്ഞ ദിവസം ശ്രീ. പി. കെ. ഗുരുദാസന്റെ ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞിരുന്നു. നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾകൂടി കൂട്ടിയെടുത്ത് തൊഴിൽ കൊടുക്കുന്ന രീതിയിൽ ഈ മേഖലയെ പരിപോഷിപ്പിക്കുവാൻ ഗവൺമെന്റ് ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ക്യാബിനറ്റ് ഉടൻതന്നെ പണം പാസ്സാക്കി ഫാക്ടറികൾ തുറക്കാനുള്ള കാര്യങ്ങൾ ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ. ഇത്രമാത്രമാണ് എനിക്ക് പറയാനുള്ളത്. മറ്റ് വ്യവസായ മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞിരുന്നു. ഒറ്റ വാക്കിൽ പറയാം, റയോൺസിന്റേത് ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വരുന്നുണ്ട്. ഹാന്റ്ലൂമിന്റെ കാര്യത്തിൽ ടാക്സിന്റെ ഒരു പ്രശ്നമുണ്ട്. ഹാന്റ്ലൂമിന് പുതിയതായി വന്ന ടാക്സ് ദോഷം ചെയ്യുമെന്ന അഭിപ്രായം എനിക്കുമുണ്ട്. വ്യവസായ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് ആ വിഷയം പൂർണ്ണമായി പരിശോധിക്കണ മെന്ന് എനിക്ക് ഉദ്ദേശ്യമുണ്ട്.

ഞാൻ ഫിനാൻസ് മിനിസ്റ്ററോട്ടും പല നിർദ്ദേശങ്ങളും അറിയിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ : സർ, കൊല്ലത്ത് ഇപ്പോൾ അടച്ചുപൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തൊഴിലില്ല. ഫാക്ടറി അടിയന്തരമായി തുറക്കണമെന്നുപറഞ്ഞുകൊണ്ട് ഒരു സബ്മിഷൻ തന്നിരുന്നു. അങ്ങെനിക്ക് മറുപടിയും തന്നു. ഈ ഓണക്കാലത്തിനുമുൻപ് എല്ലാ ഫാക്ടറിയും തുറന്ന് അവരുടെ കുടിശ്ശികയെല്ലാം കൊടുക്കുമെന്നാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വൻ സാമ്പത്തിക ബാധ്യത ഉണ്ട്. എല്ലാ കുടിശ്ശികയും കൊടുക്കുമെന്ന് പറയുന്നില്ല. പക്ഷേ ഓണത്തിനുമുൻപ് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കും. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. ഗ്രാറ്റുവിറ്റിയും മറ്റ് ആനുകൂല്യങ്ങളും കൊടുക്കണമെന്നുണ്ടെങ്കിൽ ഒരുപാട് പണം ആവശ്യമുണ്ട്. എത്ര പണം കിട്ടുമെന്ന് എനിക്ക് അറിയില്ല. പക്ഷേ വ്യവസായ വകുപ്പിന്റെ ആവശ്യം മന്ത്രിസഭയുടെയും ധനകാര്യ വകുപ്പിന്റെയും മുൻപിൽ വയ്ക്കുന്നുണ്ട്. ഓണത്തിനുമുൻപ് മുഴുവൻ ഫാക്ടറികളും തുറന്നുപ്രവർത്തിച്ച് നോർമ്മലാക്കണമെന്നാണ് ഞങ്ങളുടെ ഉദ്ദേശ്യം.

മി. സ്പീക്കർ: ശ്രീ. എം. പി. വിൻസെന്റ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. പി. വിൻസെന്റ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. പി. വിൻസെന്റ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പു തിരിച്ചുള്ള പരിഗണന</u>

**<u>2-ാം വകുപ്പ്</u>**

<u>Shri. K. Suresh Kurup</u>: Sir, I move the following amendments.

113. In section 3A(1) of the principal Act proposed to be amended by clause 2(i), after the words " less than three months" the words " or does not provide employment to the majority of workers for a period of fifty days or more within six months" shall be added.

118. In the proviso to section 3A(1) of the principal Act proposed to be amended by clause 2(ii), for the words "within a period of six months" substitute the words "in the next immediate session."

സർ, സെക്ഷൻ 3A(1)-ന് നൽകിയ ഭേദഗതി മൂന്നുമാസം തുടർച്ചയായിട്ട് അടച്ചിട്ടിരിക്കുന്ന ഒരു കശുവണ്ടി ഫാക്ടറി ഏറ്റെടുക്കാനാണ്. 3 മാസം തുടർച്ചയായിട്ടല്ലാതെ 5 ദിവസവും 10 ദിവസവുമൊക്കെ തൊഴിൽ കൊടുക്കുന്നു എന്നുപറഞ്ഞ് തുറന്നിട്ട് പിന്നെ ദീർഘകാലം അടച്ചിടുന്ന ഒരു സ്ഥിതി വരുമ്പോൾ അത് ഏറ്റെടുക്കാൻ പറ്റാതെയാകും. ഫലത്തിൽ അടച്ചിടുകയാണ്. രണ്ട് ദിവസമോ മൂന്ന് ദിവസമോ ജോലി കൊടുത്തു എന്നുപറഞ്ഞ് തുറന്നാൽ ആ ഫാക്ടറി പ്രവർത്തിക്കുകയുമില്ല. പ്രവർത്തിച്ചോ എന്നു ചോദിച്ചാൽ പ്രവർത്തിച്ചു. ഈ ആക്ട്

അനുസരിച്ച് ഏറ്റെടുക്കാൻ പറ്റുമോയെന്നുചോദിച്ചാൽ ഏറ്റെടുക്കാൻ പറ്റില്ല എന്നുള്ള സ്ഥിതിവരുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നത്.

Shri. M.Ummer: Sir, I move the following amendment.

119. In the proviso to section 3A(1) of the principal Act proposed to be amended by clause 2(ii), for the word "from" substitute the words "prior to".

സർ, ഇതിൽ 'provided that no order under the subsection shall be publish unless the proposal for such acquisition is supported by a resolution of the Legislative Assembly' എന്നാണ്. അതിന്റെ സെക്കന്റ് പാർട്ട് വരുമ്പോൾ 'which shall be passed within a period of six months from the date of publication of the order under sub-section(1) of this section' എന്നാണ് പറയുന്നത്. അതിൽ 'from the date' എന്നവരുന്നിടത്ത് ആദ്യത്തെ പാർട്ടും, സെക്കന്റ് പാർട്ടും തമ്മിൽ ഒരു സെന്റൻസിന്റെ പരസ്പര വിരുദ്ധമുണ്ട്. ഒന്നുകിൽ അതൊന്ന് റീ-റൈറ്റ് ചെയ്യണം. അതല്ലെങ്കിൽ 'from' എന്നുള്ളതിന് പകരം അവിടെ 'prior' എന്നാണ് എന്റെ ഭേദഗതി. 'Prior to the date of publication' എന്ന് വരുത്തണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എ. കെ. ബാലൻ: എന്റെ 110, 121 ഭേദഗതികൾ അവതരിപ്പിക്കാനുണ്ട്.

മി. സ്പീക്കർ: അങ്ങയുടെ ഭേദഗതി 110 വകുപ്പ് നീക്കം ചെയ്യാനുള്ളതായതുകൊണ്ട് ക്രമാനുസൃതമല്ല, ഭേദഗതി 121 ഓപ്പൺ ചെയ്യാത്ത വകുപ്പിനുള്ളതായതുകൊണ്ട് അതും ക്രമാനുസൃതമല്ല.

മറ്റ് ഭേദഗതികൾ സ്വീകാര്യമാണോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ രണ്ട് ദിവസം അടച്ചിടുക, പിന്നീട് കുറെക്കാലം തുറക്കുക എന്നുള്ളൊരു സാഹചര്യം ഉണ്ടാവില്ല. ശ്രീ. എം. ഉമ്മർ പറഞ്ഞത് പരിശോധിച്ചു. എനിക്ക് കിട്ടിയിരിക്കുന്ന അഭിപ്രായം അത് പരസ്പരവിരുദ്ധമാവില്ല അതിനാൽ  മാറ്റം ആവശ്യമില്ല എന്നാണ്. രണ്ട് ഭേദഗതികളും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ  ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ്സ് ചെയ്തില്ല.)

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 113, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

മി.സ്പീക്കർ: 122-ാം നമ്പർ ഭേദഗതി ഓപ്പൺ ചെയ്യാത്ത വകുപ്പിനുള്ളതായതുകൊണ്ട് ക്രമാനുസൃതമല്ല.

ശ്രീ. പി.കെ. ഗുരുദാസൻ: സർ, എനിക്ക് സംസാരിക്കാനുണ്ട്, ഞാൻ സംസാരിച്ചിട്ടില്ല. എന്റെ പേര് വിളിച്ചില്ല.

മി.സ്പീക്കർ: അങ്ങ് അപ്പോൾ ആവശ്യപ്പെട്ടില്ല, 2-ാം വകുപ്പ് കഴിഞ്ഞ്, 3-ാം വകുപ്പ് വിളിച്ചു കഴിഞ്ഞു. ക്ലോസ്സ് ചെയ്തത് എടുക്കാൻ പറ്റുകയില്ല, അങ്ങേക്ക് അത് അറിയാമല്ലോ, അങ്ങ് മന്ത്രിയായിരുന്ന ആളല്ലേ? ഒരു വകുപ്പ് അംഗീകരിച്ച് അടുത്ത വകുപ്പിലേക്ക് പൊയ്ക്കഴിഞ്ഞിട്ട്, കഴിഞ്ഞുപോയ വകുപ്പിൽ സംസാരിക്കണമെന്നുപറയുന്നത് ശരിയല്ല. മൂവ് ചെയ്യാൻ പറ്റാത്തതുകൊണ്ടാണ് പേര് വിളിക്കാതിരുന്നത്. ബഹുമാനപ്പെട്ട സുരേഷ് കുറുപ്പ് ഇങ്ങനെ ഇടപെടരുത്,

ഇവിടെ എടുത്ത വകുപ്പുകൾ വിളിച്ചു, ബാക്കിയുള്ള വകുപ്പുകൾ മൂവ് ചെയ്യേണ്ട ആവശ്യമില്ല എന്നുപറഞ്ഞു, ശ്രീ.എ. കെ. ബാലന്റെ ഭാഗത്തുനിന്ന് അതു സംബന്ധിച്ച് ഒരു ഒബ്ജക്ഷൻ വന്നപ്പോൾ, അതിന് മറുപടി പറഞ്ഞു, അപ്പോഴും ശ്രീ. പി. കെ. ഗുരുദാസൻ മിണ്ടിയില്ല. എന്നിട്ട് ബാക്കിയുള്ളത് കഴിഞ്ഞു, ആ വകുപ്പ് അംഗീകരിച്ചു, അടുത്ത വകുപ്പിലേക്ക് പോയി, അടുത്ത ആളിനേയും വിളിച്ചു.

Shri. A. K. Balan :Sir,I move the following amendment:

128. In section 6A(1) proposed to be inserted in the principal Act by clause 3, for the words " Notwithstanding anything contained in any judgment, decree or order of any court, tribunal or other authority and notwithstanding anything contained in any other law, agreement or other instrument for the time being in force, it is hereby declared that it is expedient in public interest that the cashew factories" substitute the words, " the Government is satisfied that, there has been large scale unemployment other than by way of lay off or retrenchment of the workers of cashew factories mentioned in Schedule III and it is expedient in public interest that, notwithstanding anything contained in any other law agreement or other instruments for the time being in force" .

മി.സ്പീക്കർ: ബഹുമാനപ്പെട്ട ഗുരുദാസൻ അങ്ങേക്ക് 146 -ാം നമ്പർ ഭേദഗതി വരുന്നുണ്ട് അപ്പോൾ സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, യഥാർത്ഥത്തിൽ കോടതിയെ പ്രൊവോക്കേറ്റ് ചെയ്യുന്നതിനുവേണ്ടിയാണിത്. നമ്മൾ ഒരു നിയമനിർമ്മാണം ഉണ്ടാക്കുമ്പോൾ

കോടതി വിധിയെ മറികടക്കുന്നതിന് വേണ്ടിയാണ് എന്ന് എഴുതിവെച്ചുകഴിഞ്ഞാൽ..., പല അനുഭവങ്ങളും നമുക്ക് ഉണ്ടല്ലോ, പണ്ട് നമുക്ക് പറ്റിയ ഒരു അബദ്ധം അതാണ്. അതുകൊണ്ട് ഈ ബില്ലിലെ ആ ഭാഗം ഒഴിവാക്കി ഭരണഘടനാനുസൃതം ഏറ്റെടുക്കുന്ന എന്നതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നതിനുള്ളതാണ് എന്റെ ഭേദഗതി. ഇത് അംഗീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

Smt. K. S. Saleekha : Sir,I move the following amendments:

129. In section 6A(1) proposed to be inserted in the principal Act by clause 3, for the words " Notwithstanding anything contained in any judgment, decree or order of any court, tribunal or other authority" substitute the words " Notwithstanding anything contained in any Judgment or order of any District Sessions Court, High Court or Supreme Court" .

130. In the proviso to section 6A(1) proposed to be inserted in the principal Act by clause 3,

(i) for the words " six months" substitute the words " one year" .

(ii) for the words " Kerala Cashew Factories (Acquisition) Amendment Act, 2015" substitute the words " Kerala State Cashew Factories (Acquisition) Amendment Act, 2015" .

135. In section 6A(4) proposed to be inserted in the principal Act by clause 3, for the words " Kerala Cashew Factories (Acquisition)

Amendment Act, 2015" substitute the words " Kerala State Cashew Factories (Acquisition) Amendment Act, 2015.

Shri. K. N. A. Khader : Sir,I move the following amendments:

132. In section 6A(3), proposed to be inserted in the principal Act by clause 3, after the word " Schedule" the Roman no. " III" shall be added.

134. In section 6A(4) proposed to be inserted in the principal Act by clause 3, the words " dates noted against each" shall be substituted with the words " appointed day.

Shri. K. V. Vijayadas : Sir,I move the following amendment:

133. In section 6A(4) proposed to be inserted in the principal Act by clause 3, after the words " All acts" , the words " rules if any framed in accordance with the principal Act" shall be inserted.

മി.സ്പീക്കർ: 123, 124 എന്നിവ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ മൂവ് ചെയ്യേണ്ടതില്ല. 125, 126, 127 എന്നീ ഭേദഗതികൾ ക്രമാനുസൃതമല്ലാത്തതിനാൽ അവയും മൂവ് ചെയ്യേണ്ടതില്ല.

ഭേദഗതികൾ സ്വീകാര്യമാണോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഇപ്പോൾ അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കുന്നില്ല. കോടതിയെ മറികടക്കാൻ അല്ല, കോടതി വിധിക്ക് ആധാരമായ വകുപ്പുകളിലുള്ള

പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ്, മറികടക്കാൻ എന്നുള്ള നിലയ്ക്ക് അല്ല. വിധിക്കാധാരമായി അവർ കണ്ടെത്തിയ വകുപ്പ് ആണ് മാറ്റുന്നത്, അദ്ദേഹം പറഞ്ഞത് കറക്ട് ആണ് വിധി മറികടക്കാൻ അല്ല. അതിനാധാരമായ വകുപ്പിലെ മാറ്റമാണ് വരുത്തേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പി.കെ. ഗുരുദാസൻ അങ്ങേക്ക് 124-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാൻ പറ്റുകയില്ല, സംസാരിക്കണമെങ്കിൽ സംസാരിക്കാം.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, സെക്ഷൻ 6 ബഹുമാനപ്പെട്ട സുപ്രീം കോടതി struck down ചെയ്തതാണ്. സുപ്രീം കോടതി stuck down ചെയ്ത 6 ന് പകരമാണ് ഇപ്പോൾ 6(എ) കൊണ്ടുവന്നിരിക്കുന്നത്. 1974 -ലെ പ്രിൻസിപ്പിൽ ആക്ടിലെ സെക്ഷൻ 6 എന്നുപറയുന്നത്, ഫാക്ടറി ഏറ്റെടുക്കുന്നതിനുമുൻപ് ഫാക്ടറി ഉടമകൾക്ക് നോട്ടീസ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ ആ ഫാക്ടറിയിലെ അസറ്റ്സും, പ്രോപ്പർട്ടിയുമൊന്നും നശിപ്പിക്കാനാം റിമൂവ് ചെയ്യാനുമൊന്നും പാടില്ല എന്ന വ്യവസ്ഥകൾ അടങ്ങുന്നതാണ് സെക്ഷൻ 6. അതേസമയം 1995-ൽ ഒന്നാം അമന്റ്മെന്റ് ആക്ട് കൊണ്ടുവന്നു. അതിനകത്ത് ഒരു സെക്ഷൻ 6 ഉണ്ട്. ആ സെക്ഷൻ 6 യഥാർത്ഥത്തിൽ പ്രിൻസിപ്പിൽ ആക്ടുമായി ബന്ധമില്ലാത്തതാണ്. പ്രിൻസിപ്പിൽ

ആക്ടുമായി ബന്ധമില്ലാത്ത സെക്ഷൻ 6 ആണ് 2015 ഫെബ്രുവരി 4-ാം തീയതി ബഹുമാനപ്പെട്ട സുപ്രീം കോടതി stuck down ചെയ്തത്. ഞാൻ കഴിഞ്ഞ ദിവസം ഈ പ്രശ്നം അവതരിപ്പിച്ച സമയത്ത് ഇതുസംബന്ധിച്ച് സംസാരിച്ചതാണ്. അങ്ങനെ struck down ചെയ്ത സെക്ഷൻ 6-നുപകരമാണ് സെക്ഷൻ 6 (എ) എടുത്തിരിക്കുന്നത്. സെക്ഷൻ 6 (എ) എന്നുപറയുന്ന വകുപ്പ് നിലനിൽക്കുന്നതല്ല. അതിന്റെ ഫലമായിട്ട് ഈ നിയമം ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളാൻ പോകുകയാണ്. 6 (എ) എന്നുപറയുന്ന വകുപ്പ് ഇതിൽനിന്നും ഒഴിവാക്കണം. 2009-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിയമം കൊണ്ടുവന്നു. 2010 ആഗസ്റ്റിൽ ബഹുമാനപ്പെട്ട രാഷ്ട്രപതി അംഗീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ്, ലേബർ വകുപ്പ്, ലാ ആന്റ് ജസ്റ്റിസ് വകുപ്പ് ഇവരെല്ലാം അംഗീകരിച്ചതിനുശേഷമാണ് രാഷ്ട്രപതി അംഗീകരിച്ചത്. രാഷ്ട്രപതി അംഗീകരിച്ച വകുപ്പ് അതിന്റെ അടിസ്ഥാനത്തിൽ....

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട ഗുരുദാസൻ മൂവ് ചെയ്യാത്ത ഒരു വകുപ്പിനുവേണ്ടി ഇത്രയും ദീർഘമായി സംസാരിക്കരുത്. ഇനിയും ദീർഘമായി സംസാരിച്ചാൽ നേരം വെളുക്കുന്നതുവരെ ഇരിക്കേണ്ടി വരും.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിലുള്ള വിഷയം എന്താണെന്നുപറഞ്ഞാൽ 6 (എ) നിലനിർത്തിയാൽ ഈ നിയമംതന്നെ പോകും, അത് സ്റ്റാന്റ് എലോൺ വകുപ്പാണ്. ഒരു പ്രൊട്ടക്ഷനും കിട്ടുകയില്ല. യഥാർത്ഥത്തിൽ പ്രിൻസിപ്പൽ ആക്ടിലെ 6-നെയും, അതുപോലെ തന്നെ 2009-ലെ ആക്ടിനെയും പിന്നീട് കോൺസ്റ്റിറ്റ്യൂഷന്റെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന് യാതൊരു പ്രൊട്ടക്ഷനും ഇല്ല. സ്റ്റാന്റ് എലോൺ വകുപ്പാണ്, ആ സ്റ്റാന്റ് എലോൺ വകുപ്പ് നമ്മുടെ നിയമത്തിൽ ഉൾപ്പെടുത്താൻ പാടില്ലെന്നുള്ളതാണ് എന്റെ റിക്വസ്റ്റ്. അതുകൊണ്ട് ഈ നിയമം നിലനിൽക്കണമെന്നുണ്ടെങ്കിൽ, 6 struck down ചെയ്ത പശ്ചാത്തലത്തിൽ 6 (എ) ഇതിൽനിന്ന് ഒഴിവാക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ്സ് ചെയ്തില്ല.)

<u>മി. സ്പീക്കർ</u>: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 129,130, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 132,134 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.വി. വിജയദാസ് അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 4 -ാം വകുപ്പ്

Shri. Saju Paul : Sir, I move the following amendments:

137. In clause 9(8) proposed to be inserted in the principal Act by clause 4, for the words " Notwithstanding anything contained in any other law for the time being in force or any judgment, order or decree passed by any court, tribunal or authority, where the occupier or owner of a cashew factory has accepted" substitute the words, " Notwithstanding anything contained in any other law in force or

order where the Government paid compensation to the occupier or owner of the cashew factory including the case where the amount was received with protest or where the amount was deposited in a court of law".

141. In section 9(8) proposed to be inserted in the principal Act by clause 4, for the word, "receipt" substitute the word, "payment".

Smt. K. S. Saleekha : Sir, I move the following amendments:

138. In section 9(8) proposed to be inserted in the principal Act by clause 4, for the words "any judgment, order or decree passed by any court, tribunal or authority" substitute the words "any Judgment or Order passed by any District Sessions Court, High Court or Supreme Court".

143. In section 9(9) proposed to be inserted in the principal Act by clause 4, for the words "owners/occupiers" substitute the words "owners/co-owners/occupiers".

Shri. K. N. A. Khader : Sir, I move the following amendments:

140. In section 9(8) proposed to be inserted in the principal Act by clause 4, after the word "occupier" the words "or occupiers" and after the word "owner" the words "or owners" shall be added.

142. In section 9(9) proposed to be inserted in the principal Act by clause 4, after the words “ give possession” the words “ the right and the title” shall be added.

142-ൽ സെക്ഷൻ 9-ൽ ഒരു സബ്സെക്ഷൻ '8' ചേർക്കണം. 'Not withstanding anything contained in any other law for the time being in force of any judgement, order or decree passed by any court, tribunal or authority, where the occupier or owner of a cashew factory has accepted the amount determined in accordance with the provisions herein contained, the cashew factory shall be deemed to have been conveyed to the Government by means of execution of a conveyance as defined in the section 54 of the Transfer of Property Act, 1882 (Central Act of 1882) and accordingly the right, tittle and interest of the occupier or owner shall stand extinguished up on the date of receipt of compensation.' 140-ൽ പറയുന്ന 'occupier or owner' എന്നിടത്ത് 'occupiers or owners' എന്ന് ചേർക്കണമെന്നാണ്.

അതുകഴിഞ്ഞ്, 9-ൽ, 'If the conveyance referred to in sub-section (8) has taken place, the Government shall not be obliged to give possession of the factory back to the owners/occupiers.' അങ്ങനെ കോമ്പൻസേഷൻ റിസീവ്

ചെയ്തിട്ടുണ്ടെങ്കിൽ പൊസ്സഷൻ തിരിച്ചുകൊടുക്കാൻ ഗവൺമെന്റിന് ഒബ്ലിഗേഷൻ ഇല്ല എന്നാണ് പറഞ്ഞിരിക്കുന്നത്. പൊസ്സഷൻ എന്നുമാത്രം പറഞ്ഞാൽ പോരാ, 'Possession is entirely different from ownership' ഉടമസ്ഥാവകാശവും, കൈവശാവകാശവും രണ്ടാണ്. ഇവിടെ കൈവശാവകാശം തിരിച്ചുകൊടുക്കാൻ ബാധ്യതയില്ല എന്നേ പറയുന്നുള്ളൂ, അതിൽ ഓണർഷിപ്പ് വരണമെങ്കിൽ 'the right and the title' എന്ന് അവിടേയും ചേർക്കേണ്ടതായിട്ടുണ്ട്, അതുകൊണ്ട് 'after give possession' എന്നതു കഴിഞ്ഞിട്ട് 'the right and the title' എന്നതുകൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി. അതില്ലെങ്കിൽ പൂർണ്ണമായിട്ട് അതു കിട്ടുകില്ല. പൊസ്സഷൻ മാത്രം തിരിച്ചുകൊടുക്കാൻ ഒബ്ലിഗേഷൻ ഇല്ല എന്നുപറഞ്ഞാൽ റൈറ്റും, ടൈറ്റിലും ഒന്നും തിരിച്ചുകൊടുക്കുകയില്ല. അതിനാൽ ആ രീതിയിൽ ഭേദഗതി അംഗീകരിക്കണമെന്നാണ് പറയുന്നത്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കൂടുതൽ വ്യക്തതക്കുവേണ്ടി 'after give possession' എന്നതുകഴിഞ്ഞ് 'the right and the title' എന്നു പറയുന്നതുകൊണ്ട് കുഴപ്പമില്ല. 142-ാം നമ്പർ ഭേദഗതി അംഗീകരിക്കാം. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ്സ് ചെയ്തില്ല.)

മി. സ്പീക്കർ: മന്ത്രി അംഗീകരിച്ച 142-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ................

മന്ത്രി അംഗീകരിച്ച 142-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 137, 141 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 138, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 5-ാം വകുപ്പ്

5-ാം വകുപ്പിൽ കൊടുത്തിരിക്കുന്ന 145- ാം നമ്പർ ഭേദഗതി പൂർണ്ണമായി നീക്കം ചെയ്യാനുള്ളതായതുകൊണ്ട് ഇത് ക്രമാനുസൃതമല്ല. 146-ാം നമ്പർ ഭേദഗതി വകുപ്പുമായി യോജിക്കുന്നില്ല. അതുകൊണ്ട് 146- ാം നമ്പർ ഭേദഗതിയും അവതരിപ്പിക്കേണ്ടതില്ല.

<u>മി. സ്പീക്കർ</u>: 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ...........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

Smt. K. S. Saleekha : Sir, I move the following amendments:

105. In the Title, after the word " Kerala" insert the word " State" .

107. In clause 1(1), after the word " Kerala" insert the word " State" .

109. In clause 1(2), for the words, figures and symbols " Ist day of May, 1984" substitute the words, figures, and symbols " 29th day of July, 2015"

മി.സ്പീക്കർ: 106- ാം നമ്പർ ഭേദഗതി പൂർണ്ണമായും നീക്കം ചെയ്യാനുള്ളതായതുകൊണ്ട് ക്രമാനുസൃതമല്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. എസ്. സലീഖ: ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 105, 107, 109

എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

മി. സ്പീക്കർ: വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ഈ നിയമം പാസ്സാക്കുന്നതോടുകൂടി മെമ്പർമാർ ഇവിടെ പ്രകടിപ്പിച്ച ആശങ്കയൊന്നുമില്ലാതെ ഇത് കോടതിയിൽ സമർപ്പിച്ച് ഈ ഫാക്ടറികളുടെ ഓണർഷിപ്പ് നടത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ഇത്രയുംവേഗം നിയമം പാസ്സാക്കിത്തരാൻ സഹകരിച്ച മെമ്പർമാരോട് ഞാൻ നന്ദി പറയുകയാണ്. 2015-

ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ ) ഭേദഗതി ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ..............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഒരു പ്രമേയം അവതരിപ്പിക്കാനുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രിക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, വിദ്യാഭ്യാസ ലോൺ റിലയൻസിന് വിറ്റ എസ്.ബി.ടി.യുടെ നിലപാടിനെക്കുറിച്ചുള്ള സബ്മിഷന് മറുപടി പറഞ്ഞപ്പോൾ ഒരു പ്രമേയം കൊണ്ടുവന്ന് ഈ സഭ പാസ്സാക്കണം എന്ന് പറഞ്ഞിരുന്നു. അതനുസരിച്ച്

പ്രതിപക്ഷത്തിന്റെകൂടി അഭിപ്രായങ്ങൾ സ്വീകരിച്ച് ഒരു പ്രമേയം തയ്യാറാക്കിയിട്ടുണ്ട്. ഇത് നമ്മൾ അന്ന് കേട്ടതിനെക്കാൾ സീരിയസ്സായിട്ടുള്ള സംഭവമാണ്. ഞാൻ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗങ്ങളുമായി സംസാരിച്ചു. അവർ സിറ്റിംഗ് നിർത്തിവച്ചിട്ട് എന്നെ കാണാൻ വേണ്ടിവന്നതാണ്. ഇന്ന് സിറ്റിംഗ് നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് മത്സ്യത്തൊഴിലാളികളുടെ കടം എസ്.ബി.ടി. അസെറ്റ് റീ-കൺസ്ട്രക്ഷൻ കമ്പനി ഇൻഡ്യ ലിമിറ്റഡ് (എ.ആർ.സി.ഐ.എൽ) എന്ന കമ്പനിക്ക് വിറ്റിരിക്കുകയാണെന്ന വിവരം കിട്ടുന്നത്. ഈ കമ്പനിയുമായി ബന്ധപ്പെട്ട വ്യക്തിയാണ് ഇന്നവിടെ കമ്മീഷന്റെ സിറ്റിംഗ് നടത്തിയപ്പോൾ വന്നത്. ഈ ഒരു ട്രെന്റ് ഒരിക്കലും ശരിയല്ല. അന്നിവിടെ ചർച്ചചെയ്യുന്ന സമയത്ത് ഈ വിവരം നമുക്ക് അറിയില്ലായിരുന്നു. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ഏതായാലും എസ്.ബി.ടി.യുടെ കാര്യത്തിലുള്ള റസല്യൂഷനാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്ത് ഇതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടതായിട്ടുണ്ട്. പൊതുമേഖലാ ബാങ്കായ എസ്.ബി.ടി.യുടെ വിദ്യാഭ്യാസ വായ്പയുടെ എൻ.ബി.എ. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ സ്ഥാപനമായ റിലയൻസിനെ എസ്.ബി.ടി. ചുമതലപ്പെടുത്തിയിരിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിലെ സാമ്പത്തിക

മേഖലയിലെ വിപ്ലവകരമായ തീരുമാനമായ ബാങ്ക് ദേശവൽക്കരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്താനുള്ള നീക്കമാണിത്. കേരളത്തിലെ സാധാരക്കാരായ ലക്ഷക്കണക്കിന് കുടംബങ്ങൾ ഭീതിയോടും ആശങ്കയോടും കൂടി നോക്കിക്കാണുന്ന ഈ തീരുമാനം പിൻവലിക്കാൻ എസ്.ബി.ടി. മാനേജ്മെന്റിനോട് നിർദ്ദേശം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ജൂലൈ 27 - ാം തീയതി ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം സഭയിൽ കൊണ്ടുവന്നിരുന്നു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ചൊരു പ്രമേയം കൊണ്ടുവരുമെന്ന് അന്ന് സഭയ്ക്ക് ഉറപ്പുനൽകിയതാണ്. അതനുസരിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഈ പ്രമേയം അവതരിപ്പിച്ചത്.

പ്രമേയത്തെ അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

മി. സി. ദിവാകരൻ: സർ, സഭ നടന്നുകൊണ്ടിരിക്കുകയാണ്. സഭ നടന്നുകൊണ്ടിരിക്കുമ്പോൾ സഭയെയും മന്ത്രിസഭയെയും മുഖ്യമന്ത്രിയെയും

ഇരുട്ടിലാക്കിയിട്ട് പരസ്യപ്രസ്താവന നടത്തിയതിന് ശാസനം പോര. (....മൈക്ക് ഓഫ്.... )പ്രോ-വൈസ്ചാൻസലറെ സഭയിൽ വിളിച്ച് ഈ പ്രശ്നത്തെക്കുറിച്ച് ചോദിക്കണം.

മി. സ്പീക്കർ : അതിനെ സംബന്ധിച്ച് പറഞ്ഞുകഴിഞ്ഞു.

## 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ..........(ബഹളം)...........

ശ്രീ. സി. ദിവാകരൻ: ......(മൈക്ക് ഓഫ്)........

മി. സ്പീക്കർ: പ്ലീസ്........... പ്ലീസ്..........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട സ്പീക്കർ അക്കാര്യത്തെക്കുറിച്ച് ശക്തമായ ഭാഷയിൽത്തന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് നിശ്ചയമായും ഗവൺമെന്റ് അന്വേഷിക്കും. ഇന്നുരാവിലെ എല്ലാവരോടും കൂടിയാലോചിച്ചാണ് ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുത്തത്. പ്രോ-വൈസ് ചാൻസലർ അങ്ങനെയൊരു തീരുമാനം അറിയിച്ചിട്ടുണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിൽ, എന്താണെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കും. അദ്ദേഹത്തിനോട് വിശദീകരണം ചോദിക്കും. ....... (ബഹളം)............

മി. സ്പീക്കർ: യെസ്. പ്ലീസ്..........

ശ്രീ. സി. ദിവാകരൻ: ......(മൈക്ക് ഓഫ്)........

മി.സ്പീക്കർ: യെസ്. പ്ലീസ്........ അതല്ലേ ചെയർ ശക്തമായ ഭാഷയിൽ റൂൾ ചെയ്തത്. അതനുസരിച്ച് ഉദ്യോഗസ്ഥർക്ക് ഗവൺമെന്റ് കർശന നിർദ്ദേശം നൽകും. ആ വിഷയം ഇനി ചർച്ച ചെയ്യേണ്ട കാര്യമില്ല. പ്ലീസ്........ അടുത്ത നടപടികളിലേയ്ക്ക് കടക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ജി. സുധാകരൻ: സർ, I have a valid point of order. ബിൽ ചർച്ച

ചെയ്ത് നിയമം ആകുന്നതിനുമുമ്പ്, ഓർഡിനൻസ് വന്നുവെന്നുള്ളത് ശരിയാണ്. നമ്മളെല്ലാം ആദരിക്കുന്ന ബഹുമാന്യനായ കലാം സാറിന്റെ പേര് ഈ യൂണിവേഴ്സിറ്റിക്ക് നൽകണമെന്ന് ഇന്നുരാവിലെ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനെ ഞങ്ങളാരും എതിർത്തില്ല. പക്ഷേ ഞാൻ അങ്ങയോട് ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഈ ബിൽ പാസ്സാക്കുന്നയവസരത്തിൽ ഈ ബില്ലിൽത്തന്നെ അമെന്റ്മെന്റ് കൊണ്ടുവരാം. അദ്ദേഹത്തിന്റെ പേര് ഈ ബില്ലിൽത്തന്നെ കൊണ്ടുവരാൻ ഗവൺമെന്റിന് അധികാരമുണ്ട്. അത് കൊണ്ടുവന്നിട്ടില്ല. അല്ലെങ്കിൽ ബിൽ പാസ്സായിക്കഴിഞ്ഞ് ഗവൺമെന്റിന് പ്രഖ്യാപിക്കാം. Suppose, ഈ ബിൽ ഇന്ന് പാസ്സാകുന്നില്ലെങ്കിൽ പേരിന്റെ സ്ഥിതി എന്താകും; ഈ വിഷയം ഞാൻ ഉന്നയിക്കുകയാണ്. രണ്ടാമതായി കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല കേരളത്തിന്റെ സർവ്വകലാശാലയാണ്. ഈ പേര് ആ സർവ്വകലാശാലയ്ക്ക് കൊടുത്തിരുന്നുവെങ്കിൽ ഇതിനേക്കാൾ എത്രയോ മാന്യമായേനെ; ഇത് 133 സ്വാശ്രയ കേളേജുകളുടെ യൂണിവേഴ്സിറ്റിയാണ്. അദ്ദേഹത്തിന്റെ പേര് കൊടുക്കുന്നതിനെ എതിർക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ അങ്ങ് വ്യക്തത വരുത്തണം. ഈ നിയമസഭയ്ക്ക് എന്ത് വിലയാണുള്ളത്; സ്വാശ്രയ യൂണിവേഴ്സിറ്റിക്ക് അദ്ദേഹത്തിന്റെ പേര് കൊടുക്കുന്നത് എന്തിനാണ്; എന്തുകൊണ്ട്

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് ആ പേര് കൊടുത്തുകൂടാ; പേര് മാറ്റിക്കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണോ; ഞാൻ അങ്ങയെത്തന്നെ ചുമതലപ്പെടുത്തുകയാണ്. അങ്ങേയ്ക്ക് ഇവിടെവച്ചുതന്നെ പറയാം. മറ്റ് സാങ്കേതികവാദം ഞാൻ പറഞ്ഞെന്നുമാത്രമേയുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് തെറ്റിദ്ധരിച്ച് പറയുകയാണ്. ഇത് സ്വാശ്രയ കോളേജുകൾക്കുവേണ്ടിയുള്ള യൂണിവേഴ്സിറ്റിയല്ല. വളരെ നാളുകളായി നമ്മൾ പ്രതീക്ഷിച്ചിരുന്ന, ടെക്നിക്കൽ വിദ്യാഭ്യാസരംഗത്ത് വളരെയേറെ മാറ്റങ്ങൾക്ക് ഇടയാക്കാൻ സാധിക്കുന്ന ഒന്നാണ്. ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്വപ്നം കണ്ട, ടെക്നോളജിക്കൽ ഡെവലപ്മെന്റ് യാഥാർത്ഥ്യമാക്കാൻവേണ്ടി ശ്രമിച്ച അദ്ദേഹത്തെ ഓർക്കുന്ന ഈ അവസരത്തിൽത്തന്നെ, ഈ ബിൽ സഭയിൽ വരുമ്പോൾ സർവ്വകലാശാലയ്ക്ക് അദ്ദേഹത്തിന്റെ പേരിടുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന് തോന്നി. ആ ആശയം ഞങ്ങൾ കൈമാറി. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഔദ്യോഗികമായി സഭയിൽ ഭേദഗതി അവതരിപ്പിക്കുന്നുണ്ട് എന്ന് ഞാൻ രാവിലെത്തന്നെ പറഞ്ഞു.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് പറഞ്ഞതിനെ അംഗീകരിച്ചുകൊണ്ട് പറയുകയാണ് 133 അഫിലിയേറ്റഡ് കോളേജുകളും സെൽഫ് ഫൈനാൻസിംഗാണ്.

11 കോളേജുകൾ മാത്രമേ ഗവൺമെന്റ് എയ്ഡഡ് ആയിട്ടുള്ളൂ. ആ 133 കോളേജുകളിലെ നിരവധി സീറ്റുകൾ ലക്ഷക്കണക്കിന് രൂപയുടെ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന സീറ്റുകളായതുകൊണ്ടാണ് അദ്ദേഹത്തിന്റെ പേരിടണമോ എന്ന് ഞാൻ ചോദിച്ചത്. ഇത് സെൽഫ് ഫൈനാൻസിംഗ് യൂണിവേഴ്സിറ്റിയല്ല എന്നുള്ളത് എനിക്കറിയാം. പക്ഷേ ഫലത്തിൽ അങ്ങനെയാണ് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടത്തെ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളും അഫിലിയേറ്റ് ചെയ്തിരിക്കുന്നത് ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലാണ്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഒരു അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയല്ല. അത് ഒരു സെൻട്രലൈസ്ഡ് യൂണിവേഴ്സിറ്റിയാണ്. എല്ലാ കോളേജുകളും അഫിലിയേറ്റ് ചെയ്തിട്ടുള്ളത് ഈ സർവ്വകലാശാലയിലാണ്. അതിനാണ് വളരെക്കൂടുതൽ സാദ്ധ്യതകളും അവസരങ്ങളുമുള്ളത്. പ്രത്യേകിച്ച് അതിനെക്കുറിച്ചുള്ള ചർച്ച നടക്കുകയുംകൂടി ചെയ്യുന്ന അവസരമായതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്.

ശ്രീ. എസ്. ശർമ്മ: സർ, ഇതുമാത്രമല്ല, കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങി സൗത്ത് ഇന്ത്യയാകെ jurisdiction ആയിട്ടുള്ളതാണ് കൊച്ചിൻ യൂണിവേഴ്സിറ്റി.

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ദീർഘമായ ചർച്ച നീട്ടികൊണ്ടു പോകരുത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 'അറിവാണ് ഏത് മേഖലയുടേയും വികസനത്തിന് ആധാരം' എന്നാവർത്തിച്ചുപറഞ്ഞ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ ഈ ബിൽ അവതരണത്തിന് തുടക്കമിടുന്നത്. 'I will keep the lamp of knowledge burning to achieve the vision - Developed India'. അതുപോലെതന്നെ ഇന്ത്യയെ വ്യവസായിക വിപ്ലവത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയ ജെ.ആർ.ഡി. ടാറ്റയുടെ 111-ാം ജന്മദിനമാണിന്ന്. 'Morethan ever before, we must ready to think every problem afresh, to change and innovate...' എന്ന ജെ. ആർ. ഡി. ടാറ്റയുടെ വാക്കുകൾ ഉൾക്കൊണ്ടാണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ മാറ്റത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്. ഇന്ത്യയെ വികസനത്തിന്റെ സ്വപ്നം കാണാൻ പഠിപ്പിച്ച്, ആ സ്വപ്നങ്ങൾക്ക് നിറം പകർന്ന മഹാനായ എ. പി. ജെ. അബ്ദുൾ കലാമിന്റെ സ്മരണ നിലനിർത്തുന്നതിനായി ഈ സർവ്വകലാശാലയ്ക്ക് ആ മഹാനുഭാവന്റെ പേര് നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നുരാവിലെ ഉന്നയിച്ച അഭിപ്രായം

ഞാൻ ഉൾക്കൊള്ളുകയും ഈ യൂണിവേഴ്സിറ്റിക്ക് 'എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല, കേരള' എന്ന് പേര് നൽകുവാനാണുദ്ദേശിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: ..........(മൈക്ക് ഓഫ്)...........

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, അതിന് മറുപടി കഴിഞ്ഞു.

മി. സ്പീക്കർ: യെസ്......

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഈ സർവ്വകലാശാലയുടെ പേര് 'എ. പി. ജെ. അബ്ദുൾ കലാം കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല; എന്നറിയപ്പെടുമെന്ന് ഞാൻ സഭയെ അറിയിച്ചുകൊണ്ട് ബിൽ അവതരണത്തിന് തുടക്കമിടുന്നു. രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസമേഖലയാണ്. നമ്മുടെ മാനവശേഷി ഏറെ പ്രകീർത്തിക്കപ്പെട്ടതാണെങ്കിലും ഇന്ത്യയിൽ നിലവിലുള്ള 693 സർവ്വകലാശാലകളിൽ ഒന്നുപോലും ആഗോളതലത്തിൽ മെച്ചപ്പെട്ട സർവ്വകലാശാലകളിൽപ്പെടുന്നില്ലായെന്നുള്ളത് വളരെ ഗൗരവത്തോടെ നാം കാണേണ്ടതാണ്. സാക്ഷരത, പ്രാഥമിക വിദ്യാഭ്യാസം, മനുഷ്യ വിഭവശേഷി എന്നിവയിൽ അഹങ്കരിക്കുന്ന നാടാണ് കേരളം. പക്ഷേ ഉന്നതവിദ്യാഭ്യാസ

മേഖലയിൽ നാം വേണ്ടത്ര മുന്നോട്ടുപോയിട്ടുണ്ടോയെന്ന് രാഷ്ട്രീയ ഭേദമില്ലാതെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു കുടക്കീഴിലാക്കി ഏകീകൃത സിലബസും പരീക്ഷാ സമ്പ്രദായങ്ങളും നടപ്പിലാക്കി സാങ്കേതിക വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആഗോളനിലവാരത്തിലേയ്ക്ക് നമ്മുടെ സ്ഥാപനങ്ങളെ വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിട്ടാണ് കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സർവ്വകലാശാലകളിൽ നിന്നും പുറത്തിറങ്ങുന്നവർ തൊഴിൽതേടി അലയേണ്ടവരല്ല, മറിച്ച് തൊഴിൽ ദാതാക്കളാകേണ്ടവരാണ് എന്നുപറഞ്ഞ് കഴിഞ്ഞദിവസം നമ്മെ വിട്ടുപിരിഞ്ഞ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ അന്വർത്ഥമാക്കിയാണ് ഈ സർവ്വകലാശാല സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നത്. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് സമൂഹത്തോടൊപ്പം നടക്കാനും നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വികസനത്തിന്റെ പുതിയ മേഖലകൾ തുറന്നുകാട്ടാനും ലക്ഷ്യമിടുന്നു. പരമ്പരാഗത രീതിയിൽ നിന്നുമാറിച്ചിന്തിച്ച് തൊഴിൽ നൈപുണ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനാണ് കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഊന്നൽ നൽകുന്നത്. സർവ്വകാലാശാലകൾ കേവലം ബിരുദ ഫാക്ടറികളാകരുതെന്നും

അവയിൽനിന്നും പുറത്തിറങ്ങുന്നവർ സമൂഹത്തിന്റേയും നാടിന്റേയും വികസന മുന്നേറ്റത്തിന് നേതൃത്വം നൽകാൻ കെൽപ്പുള്ളവരായിരിക്കണമെന്നും നിർബന്ധമുണ്ട്. മാറുന്ന സാഹചര്യങ്ങളേയും സാങ്കേതികവിദ്യയേയും ഉപയോഗപ്പെടുത്തി കാലത്തിനൊപ്പം നടക്കാനാണ് ഈ സർവ്വകലാശാല സമൂഹത്തോട് വിളിച്ചുപറയുന്നത്. സംസ്ഥാനത്തെ 5 സർവ്വകലാശാലകളിലായി അഫിലിയേറ്റ് ചെയ്യുകിടക്കുന്ന വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, മാനേജ്മെന്റ്, ആർക്കിടെക്ചർ, എം.സി.എ, ഹോട്ടൽ മാനേജ്മെന്റ് സ്ഥാപനങ്ങളിൽനിന്നും അതത് സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളൊഴികെ മറ്റുള്ളവയെല്ലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ കീഴിലാകുന്നതോടെ ഏകീകൃത സ്വഭാവം കൈവരും. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പഠനം പൂർണ്ണമായും ക്രെഡിറ്റ് സമ്പ്രദായത്തിലേയ്ക്ക് മാറി ആഗോളതലത്തിൽ കൂടുതൽ സ്വീകാര്യതയും പ്രാധാന്യവും കൈവരും. സാമൂഹ്യസേവനം, കല, സ്പോർട്സ്, തൊഴിൽ സംരംഭകത്വം എന്നിവയെ പ്രോത്സാഹിപ്പിച്ച് സമൂഹത്തിനും നാടിനും ഗുണമുള്ള ഒരു യുവതലമുറയെ വളർത്തിയെടുക്കണം. സാങ്കേതിക വിദ്യാഭ്യാസ മേഖലയെ പുതിയ തലത്തിലേയ്ക്ക് നയിക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെയും പ്രത്യാശയോടെയുമാണ് ഞാൻ ഈ

ബിൽ അവതരിപ്പിക്കുന്നത്. അമേരിക്കയിൽ കുടിയേറ്റക്കാരാൽ സ്ഥാപിച്ചിട്ടുള്ള 33 ശതമാനം കമ്പനികളുടെ സഹസ്ഥാപകർ ഇന്ത്യാക്കാരാണെന്ന് പഠനത്തിൽ പറയുന്നുണ്ട്. ഇതിൽത്തന്നെ മികവ് പ്രകടിപ്പിച്ചിച്ചിട്ടുള്ളവരിൽ മലയാളികളാണ് കൂടുതലും. മെച്ചപ്പെട്ട ജോലിതേടി പുറംനാട്ടിലെത്തുന്ന മലയാളികൾ അവിടെ വിജയികളായ സംരംഭകരായി മാറുന്നു. നമ്മുടെ നാടിന്റെ വൈജ്ഞാനിക സമ്പദ്ഘടനയിൽ ഇത് അപരിഹാര്യമായ നഷ്ടംതന്നെയല്ലേ. മിടുക്കരായ യുവതീ-യുവാക്കൾക്ക് അവരുടെ കഴിവും അറിവും സാധ്യമാക്കുവാനുള്ള അന്തരീക്ഷം സൃഷ്ടിക്കുയല്ലേ വേണ്ടത്. പുതുതലമുറയെ തൊഴിൽനൈപുണ്യവും കഴിവും പ്രാഗത്ഭ്യവുമുള്ള മേഖലകളിലേയ്ക്ക് വഴിതിരിച്ചുവിട്ട് നൂതനാശയങ്ങളും ഒട്ടനവധി പദ്ധതികളും നൽകി സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ ഉപരിപ്ലവമായ മാറ്റങ്ങൾക്ക് നാന്ദികുറിക്കാനാണ് സർക്കാരിന്റെ ലക്ഷ്യം. Outcome based education- നാണ് ഈ സർവ്വകലാശാല പ്രാമുഖ്യം നൽകുക. വിദ്യാർത്ഥിക്കും അധ്യാപകനും സ്വാതന്ത്ര്യം നൽകുന്ന ഈ സർവ്വകലാശാലാ രൂപീകരണം സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയ കുതിപ്പ് നൽകുമെന്ന കാര്യത്തിൽ സംശയമില്ല. അക്കാദമിക് വിദഗ്ദ്ധരേയും ദേശീയ സാങ്കേതിക സ്ഥാപനങ്ങളിലെ പ്രഗത്ഭരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബോർഡ് ഓഫ്

ഗവർണേഴ്സ്, അക്കാദമിക് സമിതി, ഗവേഷണ കൗൺസിൽ എന്നിവ സർവ്വകലാശാലയെ കാലത്തിനൊപ്പം ചുവടുവയ്ക്കാൻ സഹായിക്കും. വിദ്യാർത്ഥി പ്രവശേനവും പരീക്ഷാസംവിധാനവും ഇ-പ്ലാറ്റ്ഫോമിലാക്കി അതിവേഗവും സുതാര്യവുമായ ഭരണസംവിധാനമാണ് സർവ്വകലാശാലയിലുണ്ടാകുക. തൊഴിൽസംരംഭകത്വം പ്രോത്സാഹിപ്പി ക്കുന്നതിന് ഒരുവർഷംവരെ പഠനത്തിൽനിന്നും മാറി, ഔദ്യോഗിക അവധിയെടുക്കുന്നതിനുള്ള അവസരവും വിദ്യാർത്ഥികൾക്ക് നൽകും. തന്റെ അഭിരുചിക്കനുസരിച്ചുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള അവസരത്തിനും സർവ്വകലാശാല വഴിയൊരുക്കും. ബി.ടെക്-ഓണേഴ്സ് ബിരുദംകൂടി ഉൾപ്പെടുത്തി കഴിവും ഗവേഷണ താൽപ്പര്യവുമുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാകുകയും വിദേശങ്ങളിൽ കൂടുതൽ സ്വീകാര്യതയും പ്രാധാന്യവും കൈവരികയും ചെയ്യും. 'തൊഴിലില്ലായ്മയല്ല ഇന്ത്യയുടെ പ്രശ്നമെന്നും അഭ്യസ്തവിദ്യരായ യുവാക്കളുടെ അപര്യാപ്തതയാണ് നമ്മുടെ ശാപമെന്നും' പറഞ്ഞ മഹാനായ എ. പി. ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ഞാൻ വീണ്ടും കടമെടുക്കുന്നു. തൊഴിൽ നൈപുണ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനും കേരളത്തെ ഉന്നതവിദ്യാഭ്യാസ ഭൂപടത്തിൽ ഉയർത്തിക്കാട്ടുന്നതിനും സാങ്കേതിക മേഖലയിലെ സ്ഥാപനങ്ങൾക്ക്

കേരളത്തെമാത്രം തെരഞ്ഞെടുക്കുന്നതിന് ഏറെ ഉപകരിക്കുന്ന കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ സഭയുടെ പരിഗണനയ്ക്കായി ഞാൻ സമർപ്പിക്കുന്നു. വളരെയേറെ കൂലങ്കഷമായി സബ്ജക്ട് കമ്മിറ്റി മൂന്നുതവണ യോഗം ചേർന്ന് ചർച്ചകൾ നടത്തി പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ സ്വീകരിച്ച ഭേദഗതികളോടെയാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഈ ബില്ലിൽ 8 പേർ ആദ്യം സംസാരിക്കാനുണ്ട്. അതിനുപുറമേ 73 വകുപ്പുകളും 831 ഭേദഗതികളുമുണ്ട്. അതുകൊണ്ട് ഇത്രയും വകുപ്പുകൾക്കായി എന്തുമാത്രം സമയം എടുക്കുമെന്ന് എല്ലാവർക്കും അറിയാം. പ്രസംഗിക്കുന്നവർ പരമാവധി പ്രസംഗം ചുരുക്കണമെന്നുകൂടി ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: ഇന്ന് ഇവിടെ അവതരിപ്പിക്കേണ്ടിയിരുന്ന സബ്മിഷനുകളുടെ മറുപടി അംഗങ്ങൾക്ക് ലഭ്യമായിട്ടില്ല.

മി. സ്പീക്കർ: ഇന്ന് ഇവിടെ അവതരിപ്പിക്കേണ്ടിയിരുന്ന സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട അംഗങ്ങൾക്ക് ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട മന്ത്രിമാർ നിർബന്ധമായും ഇന്നുതന്നെ മറുപടി കൊടുക്കേണ്ടതാണ്. ഇക്കാര്യം പ്രത്യേകമായി ചെയർ രാവിലെ തന്നെ പറഞ്ഞതാണ്.

ശ്രീ. എം. എ. ബേബി: സർ, ഇപ്പോൾ അവതരിപ്പിച്ച രൂപത്തിലുള്ള ഈ നിയമനിർമ്മാണത്തിനോട് എനിക്കുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. സബ്ജക്ട് കമ്മിറ്റി പലതവണ യോഗം ചേർന്ന് ചർച്ച ചെയ്യുകയും ഒരുപാട് ഭേദഗതികൾ അംഗീകരിക്കുകയും ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്. അത് ഭാഗികമായി ശരിയാണ്. സബ്ജക്ട് കമ്മിറ്റിയുടെ രണ്ട് യോഗങ്ങളിൽ ഞാനും പങ്കെടുത്തിരുന്നതാണ്. അതിൽ അംഗീകരിക്കപ്പെട്ട ഭേദഗതികളിൽ പ്രധാനപ്പെട്ട ഭേദഗതികളുമുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഉദാഹരണമായി, ആദ്യരൂപത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സിലും എക്സിക്യൂട്ടീവ് സമിതിയിലും വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നമ്മൾ ആദ്യമായി കേൾക്കേണ്ടത് വിദ്യാർത്ഥികളുടെ അഭിപ്രായമാണ്. കാരണം ഇതിന്റെ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണ്. പിന്നീട് നമ്മൾ ശ്രദ്ധിക്കേണ്ടത് രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും അഭിപ്രായമാണ്. കാരണം വിദ്യാർത്ഥികളെ അയയ്ക്കുന്നത് രക്ഷിതാക്കളാണ്. അതുകൊണ്ട് രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പറയാനുള്ളത് കേൾക്കണം. ഇതിന്റെയെല്ലാം ഭാഗമായി കേരളത്തെപ്പോലുള്ള സംസ്ഥാനത്ത് വിദ്യാഭ്യാസ മേൽനോട്ടത്തിൽ, ജനാധിപത്യവൽക്കരണമുണ്ടാകണമെന്ന കാഴ്ചപാട്

വളരെ പ്രബലമായിരുന്നു. ഈ സഭയിലുള്ള പലരും വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പ്രവർത്തിച്ചവന്നരാണ്. 1967-ലെ ഐക്യമുന്നണി ഗവൺമെന്റാണ് ആദ്യമായി സർവ്വകലാശാല സെനറ്റിലേയ്ക്ക് നോമിനേറ്റഡ് അംഗത്വമായിട്ട് വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം കൊടുത്തിരുന്നത്. പിന്നീട് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥിതിയുണ്ടായി. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ മേൽനോട്ട സമിതികളുടെ ഘടനയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ മറ്റ് സർവ്വകലാശാലകളിലെ രീതിയുമായി ബന്ധപ്പെട്ടാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. പക്ഷേ, വിദ്യാർത്ഥി പ്രാതിനിധ്യവും കുറച്ച് അദ്ധ്യാപക പ്രാതിനിധ്യവുമൊക്കെ ഭേദഗതികളെത്തുടർന്ന് അംഗീകരിക്കാൻ സബ്ജക്ട് കമ്മിറ്റി തയ്യാറായി. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ പ്രാതിനിധ്യം മൂന്ന് അംഗങ്ങളെന്നുള്ളത് അഞ്ചാക്കണമെന്നും അതിൽ ഒരു വനിതാ മെമ്പറെങ്കിലും ഉണ്ടാകണമെന്നുള്ള തരത്തിൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യത്തോടൊപ്പം നിയമസഭാംഗങ്ങളുടെ പ്രതിനിധ്യത്തിൽ ഒരു വനിതാ അംഗം കൂടി ഉണ്ടാകണം എന്നുള്ളതും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗങ്ങളുടെ അഭിപ്രായത്തെത്തുടർന്ന് അംഗീകരിക്കപ്പെട്ടതാണ്. വിദ്യാർത്ഥി കൗൺസിൽ എന്നുള്ളത് അംഗീകരിക്കപ്പെട്ടൊരു പ്രധാനപ്പെട്ട മാറ്റമാണ്. സ്റ്റുഡൻസ് കൗൺസിലിന്റെ ചെയർമാനും സ്റ്റുഡൻസ് കൗൺസിലിന്റെ

ജനറൽ സെക്രട്ടറിയും രണ്ട് സമിതികളിൽ എക്സ്ഒഫിഷ്യോ അംഗങ്ങളായി വരുമെന്നുള്ളതും നല്ലൊരു മാറ്റം തന്നെയാണ്. ഇങ്ങനെയെല്ലാമുള്ള മാറ്റങ്ങൾ പലതും ശ്ലാഘനീയമാണ്, ശ്രദ്ധിക്കപ്പെടേണ്ടതാണ് എന്നിരിക്കുമ്പോൾപോലും ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗർബല്യം ദൗർബല്യമായി തന്നെ തുടരുകയാണ്. അത് ഇന്ന് ഇന്ത്യ പൊതുവിൽ അംഗീകരിച്ചതായി അവകാശപ്പെട്ടുപോരുന്ന ഒരു വ്യത്യസ്ത സാമ്പത്തിക നയമുണ്ട്. വിദ്യാഭ്യാസ മേഖലയിൽ മൂലധനശക്തികൾക്ക് കടന്നുവരാനും അവർക്ക് പ്രാതിനിധ്യം കിട്ടാനും അവർക്ക് വിദ്യാഭ്യാസത്തിന്മേൽ നിയന്ത്രണമേർപ്പെടുത്താനും കഴിയുന്ന പല വകുപ്പുകളും ഇതിനകത്തുണ്ട്. ഇന്നത്തെ രൂപത്തിൽ, ഇന്ന് നിർദ്ദേശിക്കപ്പെട്ടതിൽനിന്നും വലിയ മാറ്റങ്ങൾ വരുത്താതെ ഈ നിയമം അംഗീകരിക്കപ്പെടുകയാണെങ്കിൽ നേരത്തെ ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ പേര് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തപ്പോൾ പൊന്തിവന്ന ആശങ്കകൾ ഗൗരവമുള്ള ആശങ്കകളായി നിൽക്കും. സ്വകാര്യ മൂലധനശക്തികൾക്ക് മേധാവിത്വമുള്ള ഒരു സർവ്വകലാശാലയായി ഈ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല മാറുമെന്ന ആപത്ത് നിലനിൽക്കുന്നു. സ്വാഭാവികമായും ആശയങ്ങൾ ഉണ്ടാകും. ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി, സാങ്കേതിക ശാസ്ത്ര

യൂണിവേഴ്സിറ്റി എന്നുള്ള ആശയം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. യഥാർത്ഥത്തിൽ, അത്തരത്തിലുള്ള ഒരു സർവ്വകലാശാല ഉണ്ടാക്കാനുള്ള പഠനപരിശ്രമങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. അന്ന് എൽ.ഡി.എഫുമായി സഹകരിച്ച പലരും ഇന്ന് ഈ പ്രവർത്തനത്തിൽ അവരുടെ സംഭാവനകൾ നൽകിയിട്ടുണ്ട് എന്നുള്ളത് എനിക്കറിയാം. പക്ഷേ ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, അന്ന് ചർച്ചചെയ്തപ്പോൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും മുഴുവൻ ഈ സർവ്വകലാശാലയുടെ പരിധിയിൽ വരുമെന്ന സങ്കല്പങ്ങൾ ഉണ്ടായിരുന്നില്ല. അതാണ് ഗുണപരമായ വ്യത്യാസം. ഇന്ന് അതിനുപകരം അന്ന് ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അഥവാ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ ഉൾപ്പെടുത്തപ്പെടും എന്ന് പരിഗണിക്കാതിരുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഇതിൽ വരുമ്പോൾ എന്താണ് പുതിയതായി, ഇന്നത്തെ രൂപത്തിൽ നിലവിൽ വരാൻ പോകുന്ന സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ഉള്ളടക്കം? 173 എഞ്ചിനീയറിംഗ് കോളേജുകൾ ഇതിൽ അഫിലിയേറ്റ് ചെയ്യപ്പെടാം എന്നാണ് ഇപ്പോൾ പരിഗണിക്കപ്പെടുന്നത്, രണ്ടോ

നാലോ ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാം. ഈ 173 എഞ്ചിനീയറിംഗ് കോളേജുകളിൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ 9 എണ്ണം മാത്രമാണ്. ഗവൺമെന്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ 3 എണ്ണം മാത്രമാണ്. അവശേഷിക്കുന്ന ചില എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാഡമിക്കായി കുറച്ച് വിശ്വാസമർപ്പിക്കാനുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകൾ 9 എണ്ണം ഉണ്ട്. വിദ്യാഭ്യാസ വകുപ്പ് മേൽനോട്ടം വഹിക്കുന്ന എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകൾ 2 എണ്ണം ഉണ്ട്. സഹകരണ വകുപ്പ് മേൽനോട്ടം വഹിക്കുന്ന കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ 8 എണ്ണം ഉണ്ട്. കെ.എസ്.ആർ.ടി.സി. മേൽനോട്ടം വഹിക്കുന്ന ഒരു എഞ്ചിനീയറിംഗ് കോളേജ് ഉണ്ട്. യൂണിവേഴ്സിറ്റികൾ മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ 3 എണ്ണം ഉണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടം വഹിക്കുന്ന കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ഉണ്ട്. ഇത്രയും ചേരുമ്പോൾ 24 ഗവൺമെന്റ് നിയന്ത്രിത സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ ഉൾപ്പെടെയാണുള്ളത്. അവ ചേരുമ്പോൾ, അത്തരത്തിലുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ, ഗവൺമെന്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, വിവിധ ഗവൺമെന്റ്

വകുപ്പുകളുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ മാറ്റിവച്ചാൽ ബാക്കി ബഹുഭൂരിപക്ഷവും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ്. 173 എഞ്ചിനീയറിംഗ് കോളേജുകളാണ് ആകെയുള്ളത്. അതിൽ 137 ഉം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ്. ബലതന്ത്രം എല്ലാം നമ്മൾ പഠിക്കുമ്പോൾ ഏത് ഭാഗത്താണ് ഭാരമുള്ളത്, എങ്ങോട്ടാണ് ഈ സർവ്വകലാശാല ചായുക? ഞങ്ങൾ ചർച്ച നടത്തുമ്പോൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഇത്രയുമധികം ഉള്ളപ്പോൾ, അവർക്ക് ചില പ്രാതിനിധ്യമെല്ലാം ഉണ്ടാകണ്ടേ എന്നതരത്തിലുള്ള ചർച്ചകളും ഉയർന്നുവരും. അത് സ്വാഭാവികമാണ്. ജനാധിപത്യ പ്രക്രിയല്ലേ? അങ്ങനെയൊരു അഭിപ്രായം ഉയർന്നുവരുന്നതൊന്നും മഹാപാപമാണെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ, ഞങ്ങൾക്കുള്ള വിമർശനത്തിന്റെ ഏറ്റവും കാലതായ ഭാഗം ഇവിടെയാണ്. ഈ സന്ദർഭത്തിൽത്തന്നെയാണ് എന്നുതോന്നുന്നു ഡോ. എ. പി. ജെ. അബ്ദുൾ കലാമുമായി ബന്ധപ്പെട്ട കാര്യവും ആലോചിക്കുന്നത്. നമ്മൾ അതൊരു വിവാദമാക്കാൻ പാടില്ല. പക്ഷേ വളരെ ആദരവോടുകൂടി ചോദിക്കുകയാണ്, കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ നിയമസഭ ചർച്ച ചെയ്ത് അംഗീകരിക്കാൻ പോവുകയാണ്, അതിന് ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ പേര് കൊടുക്കാമോ എന്ന കാര്യം ബഹുമാനപ്പെട്ട

പ്രതിപക്ഷ നേതാവുമായൊക്കെ ചർച്ച ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പേര് കൊടുക്കാമെന്ന് ഞങ്ങൾതന്നെ ചൂണ്ടിക്കാണിക്കുമായിരുന്നു. കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്കാണോ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്കാണോ അദ്ദേഹത്തിന്റെ പേര് കൊടുക്കുന്നത് നല്ലത്. എന്റെ അറിവിൽപ്പെട്ടിടത്തോളം സ്വകാര്യ സ്വാശ്രയ കോളേജുകൾ കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടില്ല, സഹകരണ രംഗത്തൊക്കെയുള്ള ചില കോളേജുകളാണ് അവിടെ അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. വളരെ പ്രാധാന്യമുള്ള ഒരു സർവ്വകലാശാലയാണ് കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവ്വകലാശാല (Cochin University of Science And Technology). നമുക്ക് തീരുമാനമെടുക്കാം. അദ്ദേഹത്തിന്റെ പേര് കൊടുക്കാൻ തീരുമാനിച്ചു. ................ അതിന് വേറെയൊരു പേരുമില്ല. CUSAT എന്നേ പേരുള്ളൂ.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നിലനിൽക്കുന്ന ഒരു യൂണിവേഴ്സിറ്റിക്ക് ഇത്രയും മഹാനായ ഒരു വ്യക്തിയുടെ പേര് കൊടുക്കുന്നതാണോ ആ വ്യക്തിയുടെ പേരിൽത്തന്നെ പുതിയൊരു യൂണിവേഴ്സിറ്റി ഡെവലപ് ചെയ്യുന്നതാണോ നല്ലതെന്ന് നോക്കുമ്പോൾ ഞാൻ രണ്ടാമത് പറഞ്ഞതായിരിക്കും ശരിയെന്നാണ് എന്റെ

വിശ്വാസം.

<u>ശ്രീ. എം. എ. ബേബി</u>: സർ, ഇതെല്ലാം നമുക്ക് ചർച്ച ചെയ്യാം. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതും അവഗണിക്കപ്പെടേണ്ട അഭിപ്രായമല്ല. പക്ഷേ ഇങ്ങനെയൊരു വിഷയം ഇതിൽ വരുന്നുണ്ട്, അതായത് 173 അഫിലിയേറ്റഡ് കോളേജുകൾ ഇവിടെയുള്ളതിൽ 137-ഉം സ്വകാര്യ സ്വാശ്രയ കോളേജുകളാണ്. അതിന്റെയൊരു ഭാരം ഈ സർവ്വകാലശാലയ്ക്ക് ഭാവിയിൽ ഉണ്ടാകും. അസ്വസ്ഥതയുണ്ടാക്കുന്ന, അസൗകര്യമുണ്ടാക്കുന്ന, അക്കാദികമായി പ്രയാസങ്ങളുണ്ടാക്കുന്ന ഒരു ഭാരമാണ് സ്വാശ്രയ കോളേജുകളുടെ എണ്ണത്തിലുള്ള പെരുപ്പം. 137 സ്വകാര്യ സ്വാശ്രയ കോളേജുകളുള്ള സർവ്വകലാശാലയിൽ 9 ഗവൺമെന്റ് കോളേജുകളും 3 ഗവൺമെന്റ് എയ്ഡഡ് കോളേജുകളും മാത്രമാണുള്ളത് എന്ന പ്രശ്നം നിലനിൽക്കുന്നു. ഇവിടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന സാങ്കേതിക സർവ്വകലാശാല സംബന്ധിച്ച കാഴ്ചപ്പാടും ഇപ്പോഴത്തെ സാങ്കേതിക സർവ്വകലാശാല സംബന്ധിച്ച കാഴ്ചപ്പാടും തമ്മിലുള്ള അജഗജാന്തരം വ്യക്തമാകുന്നത്. ഇതോടൊപ്പം സമീപനത്തിലും വ്യത്യാസമുണ്ട്. ഇതിലൊന്നും ഒരു വ്യത്യാസവുമില്ലെന്ന് വേണമെങ്കിൽ പറയാം. യു.ഡി.എഫ്. ഗവൺമെന്റ് സ്വാശ്രയ

എഞ്ചിനീയറിംഗ് കോളേജുകളുമായി ഫീസ് ഘടനയെക്കുറിച്ച് കരാർ ഒപ്പിട്ടുകഴിഞ്ഞപ്പോൾ കരാർ പ്രകാരം പുതുക്കിയ ഫീസിനത്തിൽ സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് ഉണ്ടാകുന്ന അധിക വരുമാനമെന്താണ് എന്നൊരു ചോദ്യം ഈ സഭയിൽ വന്നു. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾക്ക് ഗവൺമെന്റ് ഒപ്പിട്ട കരാർ പ്രകാരം ഒരുവർഷംകൊണ്ട് ഫീസിനത്തിൽ മാത്രം അധിക വരുമാനമുണ്ടായത് 22 കോടി രൂപയാണ് എന്ന മറുപടിയാണ് നൽകിയത്. അപ്പോൾ അതും ഇതും ഒന്നല്ല, വ്യത്യസ്ത സമീപനങ്ങളുണ്ട്. ഇത് എങ്ങനെ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ വരും എന്നുള്ളത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. പുതിയ സർവ്വകലാശാല വരുമ്പോൾ എങ്ങനെയുള്ളവരെയൊക്കെയാണ് സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകളിലേയ്ക്ക് കൊണ്ടുവരിക എന്ന പ്രശ്നമുണ്ടാകും. പ്രമുഖനായ ഒരു വ്യവസായിയെ ചെയർമാനാക്കാനുള്ള നിർദ്ദേശമാണ് ആദ്യം ഉണ്ടായിരുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ അവിടെയുണ്ടായിരുന്ന എൽ.ഡി.എഫ്. അംഗങ്ങളും യു.ഡി.എഫ്. അംഗങ്ങളും അങ്ങനെയൊരു ചെയർമാനെ നിയമിക്കണ്ട എന്ന തീരുമാനമാണെടുത്തത്. അന്ന് എൽ.ഡി.എഫ്. അംഗങ്ങളും യു.ഡി.എഫ്. അംഗങ്ങളും യോജിച്ചാണ് ആ

തീരുമാനമെടുത്തത്. ഇവിടെ വൈസ് ചാൻസലർമാരായി എങ്ങനെയുള്ളവരാണ് വരുന്നത്? ഒരു ഗവൺമെന്റിന്റെ കാലത്തുവരുന്ന വൈസ് ചാൻസലർമാരെല്ലാം മഹാൻമാരും മറ്റൊരു ഗവൺമെന്റിന്റെ കാലത്ത് വരുന്ന വൈസ് ചാൻസലർമാരെല്ലാം കുഴപ്പക്കാരുമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് വൈസ് ചാൻസലർമാരായി നിയമിച്ചിരുന്നത് ദോഷം പറയാത്തവരെയാണെന്ന് വിനയത്തോടും അഭിമാനത്തോടുംകൂടി ഞങ്ങൾക്ക് പറയാൻ കഴിയും. യു.ആർ. അനന്തമൂർത്തിയെയും ഡോ. കെ. എൻ. പണിക്കരെയും പോലെയുള്ള പ്രമുഖരെയാണ് നിയമിച്ചിരുന്നത്, എല്ലാവരുടെയും പേരുകൾ ഞാൻ പറയുന്നില്ല. ഇവിടെ ഒരു കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സർവ്വകലാശാലകളുടെ ചാൻസലറായ ഗവർണർ ആർ. എൽ. ഭാട്ട്യ, വളരെ ഉന്നതനായ കോൺഗ്രസ് നേതാവായിരുന്നു. എൽ.ഡി.എഫ്-നോടോ സി.പി.ഐ(എം) നോടോ പ്രത്യേക മമതയോ സ്പർദ്ധയോ ഇല്ലാത്ത ആളാണ് അദ്ദേഹം. അദ്ദേഹം ഇടതുപക്ഷവുമായി സഹകരിക്കുകയും അഖിലേന്ത്യാ പീസ് ആന്റ് സോളിഡാരിറ്റി സമിതിയിലുള്ള ആളുമാണ്. പക്ഷേ കോൺഗ്രസ് നേതാവാണ്. രാഷ്ട്രീയമായി നിയോഗിക്കപ്പെട്ട ഗവർണറാണ്. കുസാറ്റിന്റെ വൈസ്

ചാൻസലറായി കൊണ്ടുവന്ന ഡോ. ഗംഗൻ പ്രതാപ്, ചെന്നൈ ഐ.ഐ.ടി. യിൽ നിന്ന് കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലറായി വന്ന ഡോ. ജയകൃഷ്ണൻ, പ്രൊഫ. രാജൻ ഗുരുക്കൾ എന്നിവരെപ്പോലുള്ളവരെ വൈസ് ചാൻസലർമാരായി കണ്ടെത്തി കൊണ്ടുവന്ന് സർവ്വകലാശാലകളുടെ തലപ്പത്തിരുത്തിയ ഗവൺമെന്റിന്റെ സമീപനത്തെ പ്രകീർത്തിച്ചുകൊണ്ട് ചാൻസലർ എന്ന നിലയിൽ രേഖാമൂലം ഉന്നതവിദ്യാഭ്യാസ സെക്രട്ടറിക്ക് ഗവൺമെന്റിനെ അറിയിക്കാൻവേണ്ടി കത്തെഴുതി. അതാണ് എൽ.ഡി.എഫ്-ന്റെ ഭരണ കാലത്ത് സംഭവിച്ചതെങ്കിൽ ഇപ്പോഴത്തെ ഗവൺമെന്റ് നിയമിച്ച വൈസ് ചാൻസലറെ ചില ക്രമക്കേടുകൾ കണ്ടെത്തി പുറത്താക്കേണ്ട തീരുമാനമെടുക്കാൻ ഇപ്പോഴത്തെ ചാൻസലർ നിർബന്ധിക്കുന്നു. അതുമാത്രമല്ല, .........

<u>മി. ചെയർമാൻ:</u> 15 മിനിട്ട് കഴിഞ്ഞു, ചുരുക്കി പറയണം.

<u>ശ്രീ. എം. എ. ബേബി</u>: സർ, ഞാൻ എന്റെ വിഷയത്തിലേയ്ക്ക് പ്രവേശിക്കുകയാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട 8 അംഗങ്ങൾ സംസാരിക്കാനുണ്ട്.

<u>ശ്രീ. എം. എ. ബേബി:</u> സർ, ചുരുക്കി പറയാം. അങ്ങയുടെ ബുദ്ധിമുട്ടും ഇന്നത്തെ അവസ്ഥയും ഞാൻ മനസ്സിലാക്കുന്നു. വിയോജനക്കുറിപ്പ് പ്രസംഗം

നടത്തുന്നവർക്ക് ആവശ്യത്തിന് സമയമെടുത്ത് സംസാരിക്കാനുള്ള സ്വാതന്ത്ര്യത്തെ അങ്ങ് ചെയറിൽ ഇരിക്കുമ്പോൾ ഞാൻ ദുരുപയോഗപ്പെടുത്തില്ല. .......... അദ്ദേഹംതന്നെ ചെയറിൽ ഇരുന്ന് എനിക്ക് പൂർണ്ണമായ സംരക്ഷണം തരുമെന്നുള്ള പ്രതീക്ഷയിൽ എന്റെയൊരു നിക്ഷേപമാണ് ആ അഭിപ്രായ പ്രകടനം.

മി. ചെയർമാൻ: അങ്ങേയ്ക്ക് ഇനി എത്ര മിനിട്ടുകൂടി വേണ്ടിവരും?

ശ്രീ. എം. എ. ബേബി: സർ, എത്ര മിനിട്ട് ആവശ്യമുണ്ടെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞാൽ അത് എന്റെ കമ്മിറ്റ്മെന്റായിപ്പോകും. ഞാൻ പരമാവധി ചുരുക്കി പറയാം.

ഇന്നത്തെ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയേണ്ടത് ആവശ്യമാണെന്ന് കരുതുകയാണ്. വിദ്യാഭ്യാസത്തിൽ, വിശേഷിച്ച് ഉന്നത വിദ്യാഭ്യാസത്തിൽ സ്വകാര്യ മേഖലയ്ക്ക് യാതൊരു പങ്കും വഹിക്കാൻ കഴിയുകയില്ല എന്ന സമീപനമല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്കുള്ളത്. ഇന്ത്യയിലെ ഏറ്റവും വലിയ പഠന ഗവേഷണ കേന്ദ്രമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് സ്ഥാപിക്കുന്നതിൽ ടാറ്റ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അത് പറയുന്നതിൽ എനിക്ക് ഒരു കുഴപ്പവുമില്ല. ടാറ്റ, ബിർല ........എന്നൊക്കെ പറഞ്ഞ് ഞങ്ങൾ സമരം ചെയ്യുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തു, ടാറ്റയുടെ ചൂഷണത്തോട് ഞങ്ങൾക്ക്

എതിർപ്പുമാണ്. പക്ഷേ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിനു പുറമെ മുംബെയിൽ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചും ഉണ്ട്. അതുപോലെ ഞങ്ങൾ ധാരാളം വിമർശിച്ചിട്ടുള്ള ബിർലയുടെ ഒരു സ്ഥാപനം ഇന്ത്യയിലെ വളരെ പ്രധാനപ്പെട്ട ഒരു സാങ്കേതിക പഠനകേന്ദ്രമാണ്, BITS Pilani (Birla Institute of Technology and Science). ഇതൊക്കെ മുമ്പ് ഉണ്ടായതാണ്. മുമ്പ് ഈ രംഗത്തേയ്ക്ക് കടന്നുവരുന്നത് തങ്ങൾ സമൂഹത്തിൽ ഉൽപ്പാദിപ്പിച്ച ലാഭത്തിന്റെ ഒരു പങ്ക് സമൂഹത്തിന് തിരിച്ചുകൊടുക്കണം, നല്ല ഒരു സ്ഥാപനം വരട്ടെ എന്ന സദ്ബുദ്ധിയോടെയാണ്. ഏതെങ്കിലുമൊരു സഭയിൽ ഒരു കമ്മ്യൂണിസ്റ്റുകാരൻ തങ്ങളെ ഇതിന്റെ പേരിൽ പ്രകീർത്തിച്ച് സംസാരിക്കുമെന്ന് ബിർലയോ ടാറ്റയോ സ്വപ്നത്തിൽപോലും കണ്ടിട്ടുണ്ടാവില്ല. ഇന്ന് സ്വകാര്യ മൂലധനം വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവരുന്നത് പ്രോഫിറ്റ് മാക്സിമൈസേഷനുവേണ്ടിയാണ്. അതാണ് അന്നും ഇന്നും തമ്മിലുള്ള വ്യത്യാസം. നമ്മുടെ ധാരാളം ഗ്രാമപ്രദേശങ്ങളിൽ സ്വകാര്യ സംരംഭകരാണ് സ്കൂളുകൾ തന്നെ ആരംഭിച്ചിട്ടുള്ളത്. കോർപ്പറേറ്റ് മാനേജ്മെന്റ് പിടിയരിയെടുത്ത് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഇന്ന് അങ്ങനെയാണോ? ഇന്ന് അൺഎയ്ഡഡ് സ്കൂളും, നഴ്സറി സ്കൂളും നഴ്സിംഗ് ഹോമും ആരംഭിക്കുന്നത് ലാഭം കൊയ്യാനാണ്. ഇന്ന് എവിടെ പണം നിക്ഷേപിച്ചാലും അത്

എത്രത്തോളം കൂടുതലായി തിരിച്ചെടുക്കാൻ സാധിക്കുമെന്ന് നോക്കിയാണ് കടന്നുവരുന്നത്. ഇതിന് ഗവൺമെന്റ് കൂട്ടുനിൽക്കാമോ? ഗവൺമെന്റ് കൂട്ടുനിൽക്കാൻ പാടില്ല. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് മോഡൽ കോളേജുകൾ തുടങ്ങാനുള്ള നിർദ്ദേശം അയച്ചു. കേരളത്തിലെ 3 വടക്കൻ ജില്ലകളിൽ കോളേജുകൾ തുടങ്ങാൻ പണം അനുവദിക്കുന്നതായിരുന്നു ആ നിർദ്ദേശത്തിലെ ഉള്ളടക്കം. കേന്ദ്ര ഗവൺമെന്റ് മൂന്നിലൊന്ന് പണം നൽകും. സംസ്ഥാന ഗവൺമെന്റ് മൂന്നിലൊന്ന് തുക ഇടണം. ബാക്കി മൂന്നിലൊന്ന് സ്വകാര്യ പങ്കാളിത്തത്തോടെ ആയിരിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചത്. ഇതുസംബന്ധിച്ച് അന്നത്തെ മന്ത്രി ശ്രീ. കപിൽ സിബലുമായി ഞാൻ സംസാരിച്ചിരുന്നു. മോഡൽ കോളേജ് ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മൂന്നിലൊന്ന് പണവും സംസ്ഥാന ഗവൺമെന്റിന്റെ മൂന്നിലൊന്ന് പണവും ഉപയോഗിക്കാം, ബാക്കി തുകയ്ക്ക് സ്വകാര്യ പങ്കാളിത്തമല്ലാതെ മറ്റെന്തെങ്കിലും പറ്റുമോ എന്ന് ചോദിച്ചപ്പോൾ പറ്റില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. എൽ.ബി.എസ്.-ഉം ഐ.എച്ച്.ആർ.ഡി.-യും സഹകരണ പ്രസ്ഥാനവുമൊക്കെ ഇവിടെ ഉണ്ടെന്നും അവർക്ക് മൂന്നിലൊന്ന് തുക ഇടാൻ കഴിയുമെന്നും എൽ.ഡി.എഫ്. പറഞ്ഞപ്പോൾ അതംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. ഈ സ്വകാര്യവൽക്കരണ സമീപനത്തിന്റെ ഭാഗമായാണ്

ദൗർഭാഗ്യവശാൽ ഇന്നത്തെ ഗവൺമെന്റ് ഈ നിയമത്തിൽ സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് പ്രാധാന്യം കിട്ടുന്ന വിധത്തിൽ സ്വയംഭരണ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിൽ ഉൾക്കൊള്ളിക്കുന്നതിനു മുമ്പുതന്നെ സ്വയംഭരണ കോളേജുകൾ വന്നുകഴിഞ്ഞു. സ്വയംഭരണ കോളേജുകളെക്കുറിച്ച് ഒരു വാചകമേ പറയാനുള്ളൂ. കോളേജുകൾക്ക് അക്കാദമികമായ സ്വയംഭരണം ഉണ്ടാകുന്നതിൽ ഞങ്ങൾ അനുകൂലമാണ്. അക്കാദമികമായ സ്വയംഭരണം സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. പക്ഷേ ഇവിടെ അക്കാദമികമായ സ്വയംഭരണത്തിന്റെ പേരിൽ, ഓരോ വിദ്യാഭ്യാസ സ്ഥാപനവും അത് നടത്തിക്കൊണ്ടുപോകാനുള്ള പണം സ്വാശ്രയ കോളേജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങി അതിലൂടെ സംഭരിക്കണമെന്ന നിർദ്ദേശം മുന്നോട്ട് വയ്ക്കുന്നു. ഇതുതന്നെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കാര്യത്തിലും സംഭവിക്കുമോ എന്ന ഉത്കണ്ഠയാണ് ഞങ്ങൾ പങ്ക് വയ്ക്കുന്നത്.

മി. ചെയർമാൻ: ശ്രീ. എം.എ. ബേബി, 20 മിനിട്ട് കഴിഞ്ഞു.

ശ്രീ. എം.എ. ബേബി: ഇനിയുള്ള പോയിന്റുകളിലേയ്ക്ക് വളരെ വേഗമെത്താം. ഇതിന്റെ ഏറ്റവും ഗുരുതരമായ ബലഹീനത ഇതൊരു നോമിനേറ്റഡ് അംഗ സർവ്വകലാശാലയാണെന്നുള്ളതാണ്. സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത ഓർമ്മയിൽ

പറയുകയാണ്, നിയമസഭാംഗങ്ങളെ സ്പീക്കർ നോമിനേറ്റ് ചെയ്യാനായിരുന്നു മൂലനിയമത്തിലെ നിർദ്ദേശം. ഞങ്ങൾ എല്ലാവരും ചർച്ച ചെയ്ത് നിയമസഭയിൽ നിന്നും ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥ പ്രകാരം മൂന്ന് പേരുണ്ടായിരുന്നത് അഞ്ച് പേരായി ഉയർത്തി. വനിതാ പ്രാതിനിധ്യം ഉറപ്പാക്കി. വനിതാ അംഗങ്ങൾ ഇല്ലായിരുന്നെങ്കിലും വനിതകളുടെ താലപ്പര്യം ഞങ്ങൾ സംരക്ഷിച്ചു. പട്ടികജാതി പ്രാതിനിധ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമസഭയിൽ നിന്നും വരുന്ന അഞ്ച് പേർ തെരഞ്ഞെടുക്കപ്പെടുന്നവരാണ്. വിദ്യാർത്ഥികളുടെ അനൗദ്യോഗിക പ്രതിനിധികളാണ് പിന്നെ തെരഞ്ഞെടുക്കപ്പെടുന്നത്. കാരണം വിദ്യാർത്ഥി കൗൺസിൽ ആദ്യം ഉണ്ടായിരുന്നില്ല. ഞങ്ങളെല്ലാവരും വാദിച്ച് സ്റ്റുഡന്റ്സ് കൗൺസിൽ ഉണ്ടാകണമെന്ന് തീരുമാനിച്ചു. അതിന്റെ ചെയർമാനും ജനറൽ സെക്രട്ടറിയും രണ്ട് സമിതികളിലേയ്ക്ക് വരുന്നു. ഈ അഞ്ചും രണ്ടും ഉൾപ്പെടെ ഏഴ് പേരെ കൂടാതെ വേറെ ഒരാളും തെരഞ്ഞെടുക്കപ്പെടുന്നവരല്ല. അദ്ധ്യാപക പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ട് വരാവുന്നവരാണ്. എഞ്ചിനീയറിംഗ് രംഗത്ത് നിന്നുള്ള രജിസ്റ്റേർഡ് ഗ്രാജ്വേറ്റ്സ് പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ട് വരാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിലവിൽ വന്ന മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ മെഡിക്കൽ ഗ്രാജ്വേറ്റ്സ് അവരുടെ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട്

വരുന്നുണ്ട്. എന്തുകൊണ്ടാണ് തെരഞ്ഞെടുക്കപ്പെട്ട, ജനാധിപത്യപരമായ അവകാശബോധത്തോടുകൂടി ഇതിന്റെ വേദികളിലേയ്ക്ക് വരുന്ന ആളുകളെ ഇഷ്ടപ്പെടാൻ കഴിയാത്തത്? തെരഞ്ഞെടുക്കപ്പെട്ടവർ ചേർന്നല്ലേ ഇവിടെ ഗവൺമെന്റ് രൂപീകരിക്കുന്നത്. അങ്ങനെ രൂപീകരിച്ച ഗവൺമെന്റല്ലേ ഈ നിയമം കൊണ്ടുവരുന്നത്. അപ്പുറത്തിരിക്കുന്ന നമ്മുടെ സുഹൃത്തുക്കൾക്ക് എന്തുകൊണ്ടാണ് തെരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു സമിതി, ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ മേൽനോട്ടം വഹിക്കുന്നത് സഹിക്കാൻ കഴിയാത്തത്? നോമിനേറ്റ് ചെയ്യപ്പെട്ട ആരും ഉണ്ടാകാൻ പാടില്ലെന്നല്ല ഞാൻ വാദിക്കുന്നത്. കേരള സർവ്വകലാശാലയിലും കോഴിക്കോട് സർവ്വകലാശാലയിലും തെരഞ്ഞെടുക്കപ്പെടുന്നവരും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുമുണ്ട്. ഞാൻ അതിന്റെ ഘടന ഒന്ന് പഠിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ 108 പേരടങ്ങുന്ന സെനറ്റിൽ 34 പേർ നോമിനേറ്റ് ചെയ്യപ്പെടുന്നവരും 61 പേർ തെരഞ്ഞെടുക്കപ്പെടുന്നവരുമാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഭൂരിപക്ഷം. കോഴിക്കോട് സർവ്വകലാശാല സെനറ്റിൽ 110 അംഗങ്ങളാണുള്ളത്. അതിൽ 36 പേർ നോമിനേറ്റ് ചെയ്യപ്പെടുന്നവരും 51 പേർ തെരഞ്ഞെടുക്കപ്പെടുന്നവരും ബാക്കിയുള്ളവർ എക്സ്-ഒഫിഷ്യോ അംഗങ്ങളുമാണ്. കോഴിക്കോട്

സർവ്വകലാശാലയുടെ സിന്റിക്കേറ്റ്, സർവ്വകലാശാലയുടെ മന്ത്രിസഭ, ആ നിർവ്വാഹക സമിതിയിൽ 26 പേരുണ്ട്. എക്സ്-ഒഫിഷ്യോ അംഗങ്ങൾ 6 പേരും നാമനിർദ്ദേശം ചെയ്യപ്പെട്ട 6 പേരും തെരഞ്ഞെടുക്കപ്പെട്ട 14 പേരുമാണ് കോഴിക്കോട് സർവ്വകലാശാല സിന്റിക്കേറ്റിലുള്ളത്. കേരള സർവ്വകലാശാല സിന്റിക്കേറ്റിലും ഇതുപോലെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് ഭൂരിപക്ഷമുള്ളതെന്ന് കാണാൻ കഴിയും. അതുകൊണ്ട് ഈ നിയമത്തിന്റെ ഏറ്റവും വലിയ ബലഹീനത മുഴുവൻ ആളുകളും നോമിനേറ്റ് ചെയ്യപ്പെടുന്നവരോ, ഗവൺമെന്റ് പ്രതിനിധികളായി വരുന്ന എക്സ്-ഒഫിഷ്യോ അംഗങ്ങളോ മാത്രമാണ്. അഞ്ച് നിയമസഭാംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്നവരായിരുന്നു. സബ്ജക്ട് കമ്മിറ്റി ഇടപെടലിലൂടെ അവർ തെരഞ്ഞെടുക്കപ്പെട്ടവരായി. വിദ്യാർത്ഥി കൗൺസിൽ ഉണ്ടായിരുന്നില്ല. വിദ്യാർത്ഥി കൗൺസിൽ ഉൾപ്പെടുത്തണമെന്ന തീരുമാനം സബ്ജക്ട് കമ്മിറ്റി എടുത്തു. അത് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. പിന്നെ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി ചെയർമാനും ജനറൽ സെക്രട്ടറിയും, രണ്ട് സർവ്വകലാശാലയുടെയും ചുമതല സമിതികളിലേയ്ക്ക് വരുന്നു. ഇനിയാണ് ഏറ്റവും ഗുരുതരമായ പ്രശ്നം.

മി. ചെയർമാൻ: ആകെ 30 മിനിട്ടിനുള്ളിൽ അങ്ങയുടെ പ്രസംഗം ചുരുക്കണം.

<u>ശ്രീ. എം. എ. ബേബി</u>: ഇനി 5-6 മിനിട്ട് കൊണ്ട് ഞാൻ അവസാനിപ്പിക്കാം. സംവരണം സംബന്ധിച്ച അവ്യക്തതകൾ നിലനിൽക്കുന്നു. അതാണ് ഏറ്റവും ഗൗരവമുള്ള കാര്യം. അതുപോലെയോ അതിനെക്കാളോ ഗൗരവമുള്ള കാര്യമാണ് വിദ്യാർത്ഥി പ്രവേശനത്തിൽ മെരിറ്റും സംവരണവും ഉറപ്പാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച ആശയം. വ്യാപം അഴിമതിയെക്കുറിച്ച് വ്യാപകമായി കേൾക്കുന്നുണ്ട്. മദ്ധ്യപ്രദേശ് ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ, ജോലിക്ക് ആളുകളെ തെരഞ്ഞെടുക്കാനുള്ളതും പ്രൊഫഷണൽ കോഴ്സുകളുടെ വിദ്യാർത്ഥി പ്രവേശനത്തിനുള്ള പരീക്ഷ നടത്താനുമൊക്കെയുള്ള സംവിധാനമായിരുന്നു അത്. ഞെട്ടിക്കുന്ന അഴിമതിയാണ് അവിടെ നടന്നിരിക്കുന്നത്. മാത്രമല്ല, അഴിമതി പുറത്തുകൊണ്ടുവന്നവരും അഴിമതിയുമായി ബന്ധപ്പെട്ടവരും ഒന്നിനുപുറകേ ഒന്നായി ദുരൂഹ സാഹചര്യത്തിൽ മരണമടയുന്ന അത്യന്തം അപകടകരമായ സ്ഥിതിവിശേഷമാണ് ഉണ്ടായത്. അഴിമതിയും കുഴപ്പങ്ങളും എല്ലാം അവസാനിപ്പിക്കുമെന്ന് പറഞ്ഞ് ഇന്ത്യയുടെ ഇപ്പോഴത്തെ പ്രധാനമന്ത്രി ആയി വന്ന ആളിന്റെ അനുയായി ആണ് ഇതിനെല്ലാം അവിടെ നേതൃത്വം വഹിക്കുന്നതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. അവർക്ക് വേണ്ടി ഡിഫന്റ് ചെയ്യാൻ ആരും സഭയിൽ ഇല്ലാത്തത് ഭാഗ്യമാണ്. ആരെങ്കിലും അത്തരക്കാരെ സഭയിൽ

കൊണ്ടുവരുമോ എന്നുള്ള കാര്യം എനിക്കറിയില്ല. എന്തായാലും വ്യാപം അഴിമതി പുറത്തുവന്നതോടുകൂടി ഗവൺമെന്റ് നിയന്ത്രണത്തിൽ നടക്കുന്ന വിദ്യാർത്ഥി പ്രവേശനത്തിന് വേണ്ടിയുള്ള പരീക്ഷാ നടത്തിപ്പിൽപ്പോലും അഴിമതി നടക്കാമെന്നിരിക്കെ, ഇവിടെ പാസ്സാക്കി രൂപം നൽകാൻ പോകുന്ന ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ കാര്യങ്ങൾ എങ്ങനെയായിരിക്കും എന്നുള്ള കാര്യത്തിൽ സ്വാഭാവികമായും ദു:ഖം തോന്നുകയാണ്. നമ്മൾ ഉത്കണ്ഠ പ്രകടിപ്പിച്ചതുകൊണ്ട് മാത്രം അതിന് പരിഹാരമാവില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം, എങ്ങനെയാണ് ഇതുപോലുള്ള സർവ്വകലാശാലകളിലെ ഉന്നത വിദ്യാഭ്യാസ സാങ്കേതിക പഠന സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടത് എന്നതാണ്. ഇപ്പോൾ സംഭവിക്കുന്നത് എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് അഭിരുചിയൊന്നും ഇല്ലെങ്കിലും സ്വാകര്യ സ്വാശ്രയ കോളേജിൽ കൊടുക്കാൻ ഒരു കെട്ട് പണം ഉണ്ടെങ്കിൽ എഞ്ചിനീയറിംഗ് പഠിക്കാനും സ്വകാര്യ സ്വാശ്രയ മൂലധന ശക്തികൾക്ക് മേധാവിത്വമുള്ള സംവിധാനമാണെങ്കിൽ നല്ല മാർക്കോടുകൂടി ജയിച്ചുപുറത്തുവരാനും കഴിയുന്ന ഭീഷണിയാണ് ഉണ്ടാകാൻ പോകുന്നത്. നമ്മളിപ്പോൾ വളരെ ധൈര്യമായി ഈ നിയമസഭാ മന്ദിരത്തിലിരുന്ന് ചർച്ച ചെയ്യുന്നതെന്തുകൊണ്ടാണ്; ഈ നിയമസഭാ മന്ദിരം നിർമ്മിച്ച എഞ്ചിനീയർമാർ

സ്വാശ്രയ കോളേജുകളിലൊന്നും പഠിച്ച് പുറത്തുവന്നവരല്ല എന്ന ധൈര്യത്തിലാണ് നമ്മളിവിടെയിരുന്ന് ധൈര്യമായി ചർച്ച ചെയ്യുന്നത്. അല്ലെങ്കിൽ ഇത് ഇടിഞ്ഞുവീഴില്ലേ; ഗൗരവ്വമുള്ള പ്രശ്നമാണ്. ഈ ഗവൺമെന്റിനെക്കുറിച്ച് എനിക്കുള്ള വിമർശനം, എഞ്ചിനീയറിംഗ് പഠനത്തിനുള്ള പ്രവേശന പരീക്ഷയിൽ മിനിമം മാർക്കെങ്കിലും നേടണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞുകൊണ്ട് സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകളിലും മറ്റുമുള്ള മാനേജ്മെന്റ് സീറ്റുകളിലും പ്രവേശന പരീക്ഷയെഴുതിയവർക്കെല്ലാം പ്രവേശനം കിട്ടാമെന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങികൊണ്ടിരിക്കുകയാണ്. പ്ലസ് ടുവിന് കണക്ക് എന്ന വിഷയത്തിന് മിനിമം 50% മാർക്കെങ്കിലും ഉള്ളവർക്ക് മാത്രമെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതാൻ പോലും യോഗ്യതയുണ്ടാകാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ നിഷ്കർഷിച്ചപ്പോൾ, എനിക്ക് ദുഃഖമുണ്ട് പറയാൻ, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (എ.ഐ.സി.റ്റി.ഇ.) ഒരു തീരുമാനമെടുത്തു. എ.ഐ.സി.റ്റി.ഇ. എന്തിനാണെന്ന് നമുക്കറിയാം, സാങ്കേതിക പഠന മേഖലയിൽ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള സൂപ്പർവൈസിംഗ് ഏജൻസിയാണ്. ഈ 50% മാർക്ക് വേണമെന്ന് നിഷ്കർഷിക്കേണ്ടതില്ലായെന്ന് അവർ തീരുമാനിച്ചു. മാർക്ക്

കുറഞ്ഞാലും കുഴപ്പമില്ല. സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകൾ അന്ന് കോടതിയിൽ പോയി, സംസ്ഥാന ഗവൺമെന്റ് സമ്മതിക്കുന്നില്ല, 50% മാർക്ക് വേണമെന്ന് പറഞ്ഞ് നിർബന്ധിക്കുന്നു, അപ്പോൾ എ.ഐ.സി.റ്റി.ഇ.ക്ക് ഇല്ലാത്ത നിർബന്ധം സംസ്ഥാന ഗവൺമെന്റിന് എന്തിനാണെന്ന് ഹൈക്കോടതി ജഡ്ജി ചോദിച്ചു. ചില സന്ദർഭങ്ങളിൽ ചിലതരം രാഷ്ട്രീയ നേതൃത്വങ്ങൾ മാത്രമല്ല, രാജ്യത്ത് നീതിയും നിയമവും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബാധ്യസ്ഥമായ നീതിന്യായ സംവിധാനത്തിൽപ്പോലും ചിലർ സ്വകാര്യ-സ്വാശ്രയ ലോബിയുടെ സ്വാധീനത്തിന് വശംവദരാകുന്നുവെന്നുള്ളതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയല്ലായെന്ന് കാണിക്കാൻ ഇടയ്ക്ക് ചില പ്രതികരണങ്ങൾ വരാറുണ്ട്. സ്വകാര്യ-സ്വാശ്രയ ലോബിക്ക് കീഴടങ്ങാത്ത ജഡ്ജിമാരും കോടതികളുമുണ്ട്. ഇപ്പോൾ സുപ്രീംകോടതി ഉറച്ച ഒരു നിലപാടെടുത്തിട്ടുണ്ട്. അതൊക്കെ നമുക്കറിയാം. പക്ഷെ, പലപ്പോഴും അവർ ഇത്തരം സമ്മർദ്ദങ്ങൾക്ക് കീഴടങ്ങാറുണ്ട്. അതുകൊണ്ടാണ് നമ്മൾ ഈ നിയമം ചർച്ച ചെയ്യുമ്പോൾ ഒരു കാര്യം സഭ യോജിച്ച് തീരുമാനിച്ച്.......

<u>മി. ചെയർമാൻ:</u> അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. എം. എ. ബേബി:</u> സർ, ചുരുക്കുകയാണ്. ഈ ശാസ്ത്ര സാങ്കേതിക

സർവ്വകലാശാലയുടെ നിയമത്തിന്റെ അവിഭാജ്യ ഭാഗമാക്കണം. ഒന്ന്, അർഹതയുള്ളവർക്കെല്ലാം സ്വകാര്യ-സ്വാശ്രയ കോളേജുകളിലും സംവരണം ഉറപ്പാക്കണം. രണ്ട്, സ്വകാര്യ-സ്വാശ്രയ കോളേജാണെങ്കിലും നിലവാരമില്ലാത്തവരെ പഠിപ്പിക്കുകയെന്നുള്ള അബദ്ധം, ആപത്കരമായ സാമൂഹിക ദ്രോഹം സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകളും ചെയ്യാൻ പാടില്ല. അവിടെയൊരു ചോദ്യമുണ്ടാകും. മറ്റു പലതും പറയാനുണ്ടെങ്കിലും അതുകൂടി പറഞ്ഞ് ഞാനവസാനിപ്പിക്കാം. എന്താണ് ചോദ്യം, മാനേജ്മെന്റ് സീറ്റില്ലേ, മാനേജ്മെന്റ് സീറ്റ് സുപ്രീംകോടതി അംഗീകരിച്ചിട്ടുള്ളതാണ്. മാനേജ്മെന്റ് സീറ്റുണ്ട്. പക്ഷെ, ആ മാനേജ്മെന്റ് സീറ്റിൽ ഇന്റർ സേ മെരിറ്റ് പിന്തുടരാൻ അവർക്ക് കഴിയും. ആ മാനേജ്മെന്റ് സീറ്റിലേയ്ക്ക് അപേക്ഷ കൊടുക്കുന്ന കുട്ടികളിൽ മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസ് കൊടുക്കാൻ കഴിയുന്നവരിൽ ഏറ്റവും മെരിറ്റുള്ളവർ ആരാണോ അവർക്കുമാത്രമേ അവിടെ പ്രവേശനം കിട്ടാൻ പാടുള്ളൂ. ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങ് ഇതംഗീകരിക്കുന്നില്ലേ? മാനേജ്മെന്റ് സീറ്റിലേയ്ക്ക് മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസ് കൊടുക്കാൻ കഴിവുള്ളവരാണല്ലോ അവിടെ അപേക്ഷ കൊടുക്കുന്നത്; അവരിൽ മെരിറ്റുള്ളവർക്കായിരിക്കണം ആ സീറ്റ് കൊടുക്കേണ്ടത്. അവിടെ സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ, നമ്മളാരെങ്കിലും ശിപാർശ

ചെയ്യുവെന്നുള്ളതുകൊണ്ട്, മാനേജ്മെന്റ് സീറ്റിൽ അപേക്ഷിച്ച മെരിറ്റില്ലുള്ളവരെ മാറ്റിനിർത്തിയിട്ട് മെരിറ്റില്ലാത്തവർക്ക് കൊടുക്കാൻ പാടില്ല, രൂപ കൂടുതൽ കൊടുക്കുമായിരിക്കും, ഇത് സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത ഒരു കാര്യം ഞാനിവിടെ പറയുന്നതിൽ ക്ഷമിക്കണം. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ, 'അതെല്ലാം പറഞ്ഞാൽ അവർ സമ്മതിക്കുമോ; അവരുടെ സീറ്റല്ലേ, അവർക്ക് ഇഷ്ടപ്പെട്ടത് ചെയ്തോട്ടെ' എന്നു പറഞ്ഞാൽ എങ്ങനെയാണ് നമ്മൾ വിദ്യാഭ്യാസ മൂല്യങ്ങളുള്ളവരാണെന്ന് അവകാശപ്പെടുന്നത്? എന്തെങ്കിലും കഴിവുകളോ നൈപുണ്യമോ നേടിയെടുക്കാൻ മാത്രമുള്ളതല്ല വിദ്യാഭ്യാസം. കഴിവുകളും നൈപുണ്യങ്ങളും പരിശീലനത്തിലൂടെ നേടിയെടുക്കുന്നതിനോടൊപ്പം ചില മൂല്യങ്ങളുമുണ്ടാകണം. ആ മൂല്യമാണ് അർഹതയെക്കുറിച്ച് സമൂഹം അംഗീകരിക്കുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ചില തത്വങ്ങൾ. അത്തരം മൂല്യങ്ങൾ വിദ്യാഭ്യാസത്തിലില്ലെങ്കിൽ മൂല്യമില്ലാത്ത ഒരു ലോകമായി ഭാവി ലോകം അധഃപതിക്കും. അതു തടയാൻ കഴിയണമെന്നുള്ളതുകൊണ്ടാണ് ഈ നിയമത്തിൽ പരമ പ്രധാനമായി ഉൾക്കൊള്ളിക്കേണ്ട ഒരാശയമായ, മാനേജ്മെന്റ് സീറ്റുണ്ട്, മാനേജ്മെന്റ് സീറ്റീൽ മാനേജ്മെന്റിന്റെ ഫീസ് വച്ച് അവർക്ക് പ്രവേശനം നടത്താം,

ആയിക്കോട്ടെ, പക്ഷെ മാനേജ്മെന്റ് സീറ്റിൽ പഠിക്കാൻ സന്നദ്ധരായി അപേക്ഷിക്കുന്ന കുട്ടികളിൽ ഏറ്റവും മെരിറ്റുള്ളവർ ആരാണോ അവർക്കവിടെ പ്രവേശനം കൊടുക്കാൻ കഴിയണം എന്നത്. ന്യൂനപക്ഷ അവകാശമുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവരുടെ ന്യൂനപക്ഷ അവകാശത്തെയൊന്നും നമ്മൾ തൊടേണ്ട, തൊട്ടാൽ മാണി സാർ നമ്മളെ വിടില്ല, അത് നമുക്കറിയാം. നമ്മളാരും ന്യൂനപക്ഷ അവകാശത്തെ സ്പർശിക്കാൻ താൽപ്പര്യമുള്ളവരല്ല. പക്ഷെ ന്യൂനപക്ഷ അവകാശം നമുക്ക് നിർവ്വചിക്കാൻ കഴിയണം. ന്യൂനപക്ഷ അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുമ്പോൾ ആ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് പറയണം, ഇവിടെ പ്രവേശിപ്പിക്കുന്ന കുട്ടികളിൽ ഇത്ര ശതമാനം കുട്ടികളെ ഞങ്ങളുടെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരെ പ്രവേശിപ്പിക്കാനാണ് ഞങ്ങളുദ്ദേശിക്കുന്നത്, അത് പറഞ്ഞുകഴിഞ്ഞാൽ അവിടെയും ഇന്റർ സേ മെരിറ്റുണ്ടാകണം. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾ അവിടെ പ്രവേശനത്തിന് അപേക്ഷിച്ചാൽ ആ കുട്ടികളിൽ മെരിറ്റുള്ള കുട്ടികൾ ആരാണോ അവർക്കവിടെ അഡ്മിഷൻ കൊടുക്കണം. അല്ലാതെ ഏതെങ്കിലും ആരാധനാലയത്തിലെ, ഏതെങ്കിലും മുകളിലിരിക്കുന്ന ആത്മീയാചാര്യൻ എന്നൊക്കെ അവകാശപ്പെടുന്ന,

അല്ലെങ്കിൽ ഇപ്പോൾ മനുഷ്യ ദൈവങ്ങളും മനുഷ്യ ദേവതമാരും ഒക്കെയുണ്ട്, അവരെല്ലാം നൽകുന്ന ചിറ്റ് അനുസരിച്ചല്ല അവിടെ പ്രവേശനം നൽകേണ്ടത്. ന്യൂനപക്ഷ സ്ഥാപനമാണ്. അവിടെ അപേക്ഷിക്കുന്നവരിൽ മെരിറ്റുള്ളവർ ആരാണോ അവർക്ക് പ്രവേശനം നൽകണം. മെരിറ്റ് മാത്രമല്ല, സാമൂഹിക നീതിയുമുണ്ട്. ദശകങ്ങളോളം പഠന മേഖലകളിൽ നിന്നെല്ലാം ആട്ടിയകറ്റപ്പെട്ടവർക്ക്, നൂറ്റാണ്ടുകളോളം നിഷേധിച്ച പഠിക്കാനുള്ള അവകാശം സംരക്ഷിക്കാൻ സാധിക്കും. അപ്പോൾ സംവരണവും മെരിറ്റും പാലിച്ചുകൊണ്ടായിരിക്കണം ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ന്യൂനപക്ഷ പദവിയുള്ള എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടത്. ഇത്തരം കാര്യങ്ങളിൽ ഒരു തീർച്ചയുണ്ടാക്കിക്കൊണ്ട് ആവശ്യമായ ഭേദഗതികൾ ഈ നിയമത്തിലുൾക്കൊള്ളിക്കണം. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ മന്ത്രിയോടൊപ്പമിരുന്ന് പറഞ്ഞ കുറേയധികം കാര്യങ്ങളുൾക്കൊള്ളിക്കാൻ മന്ത്രി തയ്യാറായി. മന്ത്രിയുടെ ആ സന്നദ്ധതയെ അംഗീകരിക്കുമ്പോൾത്തന്നെ വളരെ കാതലായ പല കാര്യങ്ങളും ഉൾക്കൊള്ളിക്കാൻ മന്ത്രി തയ്യാറായിട്ടില്ല. അവിടെയാണ് ഞങ്ങൾക്ക് വിയോജിപ്പുള്ളത്. ഞങ്ങളുടെ ശക്തമായ ഈ വാദങ്ങൾ കേട്ടുകൊണ്ട് സഭയുടെ ചർച്ചാ വേളയിലെങ്കിലും ഞങ്ങൾ

നിർദ്ദേശിച്ച കാര്യങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഭേദഗതികൾ ഔപചാരികമായി കൊണ്ടുവരാൻ മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: ഇതുപോലെയാണ് എല്ലാവരും സംസാരിക്കുന്നതെങ്കിൽ നമ്മൾ എത്ര സമയം ഇരിക്കേണ്ടിവരും എന്നതിനെക്കുറിച്ച് ഗൗരവ്വമായി ആലോചിക്കണം. ഇരിക്കുന്നതിന് കുഴപ്പമില്ല. ചെയർ സമയം ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ. അംഗങ്ങൾ യഥാർത്ഥത്തിൽ ഇന്നത്തെ ഒരു സാഹചര്യംകൂടി കണക്കിലെടുക്കണമെന്ന് ചെയർ താൽപ്പര്യപ്പെടുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കേരളത്തിലെ അക്കാഡമിക് സമൂഹത്തിനുള്ള കടുത്ത ആശങ്കകളാണ് മുൻവിദ്യാഭ്യാസ മന്ത്രികൂടിയായ നമ്മുടെ ബഹുമാന്യനായ അംഗം എം. എ. ബേബി ഇവിടെ പങ്കുവച്ചത്. ഈ ബില്ലുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾ വളരെ ഉത്തരവാദിത്വ ബോധത്തോടുകൂടി ഭരണ-പ്രതിപക്ഷ ഭേദമന്യേ ഈ ബില്ലിനകത്തുള്ള അപാകതകളും ലൂപ്ഹോൾസുകളും ചൂണ്ടികാണിക്കാൻ വളരെയേറെ താൽപ്പര്യവും ഉത്സാഹവും കാണിച്ചിട്ടുണ്ട് എന്നുള്ള കാര്യവും തീർച്ചയായും വളരെ അഭിനന്ദനാർഹമായ ഒന്നാണ്. അതോടൊപ്പംതന്നെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സാധാരണ ഈ നിയമസഭയുടെ കാലയളവിൽ പല

ബില്ലുകളിലും സ്വീകരിച്ചിട്ടുള്ള പിടിവാശിയുടെ ഒരു സമീപനം ഈ ബില്ലിൽ സ്വീകരിച്ചിട്ടില്ല. ആ ഒരു സമീപനത്തെ ഞാൻ തീർച്ചയായും അഭിനന്ദിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം 2003-ൽ സോജൻ ഫ്രാൻസിസ് കേസിൽ ഉണ്ടായിട്ടുള്ള ഹൈക്കോടതി വിധി കേരളത്തിലെ കലാലയങ്ങളിലെ വിദ്യാർത്ഥികളുടെ ജനാധിപത്യപരവും സർഗ്ഗാത്മകവുമായ പ്രവർത്തനങ്ങൾക്ക് വലിയ പ്രതിബന്ധമായി മാറിയിട്ടുണ്ട്. എന്നാൽ അന്ന് ഹൈക്കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിൽ, അതായത് ഗവൺമെന്റിന്റെ അഭിഭാഷകനെടുത്ത സമീപനത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് അത്ര വിചിത്രമായ ഒരു വിധിവരാൻ ഇടയാക്കിയത്. അന്ന് യു.ഡി.എഫ് സർക്കാരായിരുന്നു ഭരിച്ചിരുന്നത്. ബഹുമാന്യനായ എ.കെ.ആന്റണി ആയിരുന്നു അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി. ഏതായാലും കലാലയ രാഷ്ട്രീയം കാമ്പസുകളിൽനിന്ന് പടിയിറങ്ങി പോയാൽ ഉണ്ടാകുന്ന അപകടത്തെക്കുറിച്ച് വൈകിയവേളയിലെങ്കിലും മനസ്സിലാക്കാനും തിരിച്ചറിയാനും കേരള സർക്കാർ തയ്യാറായിരിക്കുന്നു എന്നതിൽ ഞങ്ങൾക്ക് വളരെയേറെ സന്തോഷമുണ്ട് എന്ന് രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ ബിൽ സർക്കുലേറ്റ് ചെയ്തപ്പോൾ അതിൽ വിദ്യാർത്ഥികൾക്ക് ഒരു പൊതു വേദിയുണ്ടായിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ അത്തരമൊരു നിർദ്ദേശം

ഉയർന്നുവന്നപ്പോൾ, ഭരണ/പ്രതിപക്ഷ ഭേദമന്യേ അംഗങ്ങൾ അത് ചൂണ്ടിക്കാണിച്ചപ്പോൾ തുറന്ന മനസ്സോടെ അംഗീകരിക്കാൻ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറായത് വളരെ നല്ലകാര്യമാണ്. പക്ഷെ ഈ ബിൽ ഇവിടെ പരാമർശിച്ചതുപോലെ പൂർണ്ണമായും നോമിനേറ്റഡ് അംഗങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു ബില്ലാണ്. അത്തരത്തിലുള്ള സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണ്ണേഴ്സും നിർവ്വാഹക സമിതിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. നമ്മുടേത് ഒരു ജനാധിപത്യ രാജ്യമാണ്. ആ ജനാധിപത്യ രാജ്യത്തിനകത്ത് ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് വളരെ സമഗ്രമായും ആധികാരികമായും പഠിക്കാൻ തയ്യാറായിട്ടുണ്ട്. ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭനായ വിദ്യാഭ്യാസ വിചക്ഷണൻ ഡി. എസ്. കോത്താരി ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സർവ്വകലാശാലകളുടെ ഭരണ സമിതികളിൽ ജനാധിപത്യ സ്വഭാവം ഉണ്ടായിരിക്കേണ്ടതാണ്. പക്ഷെ ആ ജനാധിപത്യ സ്വഭാവത്തെ കവർന്നെടുക്കുന്ന ഒരു ബില്ലാണ് ഇതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല, ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസ് പൂർണ്ണമായും തയ്യാറാക്കിയത് ഉദ്യോഗസ്ഥന്മാരായിരുന്നു. അവർ അവരുടെ കാഴ്ചപ്പാടിന്റെ യടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു ഓർഡിനൻസാണ് അതെന്നും സബ്ജക്ട് കമ്മിറ്റിൽപ്പോയി

തിരിച്ചുവന്ന ഈ ബിൽ വായിക്കുന്ന എല്ലാപേർക്കും ബോദ്ധ്യമാകും. ഇതിന്റെ പിന്നിൽ ഒരു അജണ്ടയുണ്ട്. ബഹുമാന്യനായ അംഗം ജി. സുധാകരൻ ഇവിടെ പറഞ്ഞു ഇതൊരു സ്വാശ്രയ സർവ്വകലാശാലയാണെന്ന്. സാങ്കേതികമായി അങ്ങനെയല്ല എന്ന് നിങ്ങൾക്ക് പറയാം. പക്ഷെ എന്താണ് ഇതിന്റെ ഉദ്ദേശ്യം, അതാണ് അദ്ദേഹം പറഞ്ഞത്. ഇതിനകത്ത് 137 സ്വകാര്യ സ്വാശ്രയ കോളേജുകളാണുള്ളത്. മാത്രമല്ല, ലോകബാങ്കിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ഓരോ എഞ്ചിനീയറിംഗ് കോളേജുകളും സ്വയംഭരണ കോളേജുകളായി മാറേണ്ടതുണ്ട്. യഥാർത്ഥത്തിൽ TEQIP - (Technical Education Quality Improvement Programme) -ന്റെ സമ്മർദ്ദത്തിന്റെ, നിർദ്ദേശത്തിന്റെ ഭാഗമായിട്ടാണ് ഇവിടെയൊരു സർവ്വകലാശാല വരാൻ പോകുന്നത്. ഈ സർവ്വകലാശാലയുടെ ഉദ്ദേശ്യം കേരളത്തിലെ നിലവിലുള്ള ഗവൺമെന്റ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളുമായി മാറാൻ പോകുന്നുവെന്നൊരു അപകടവും ഈ ബിൽ സൂക്ഷ്മമായി വായിച്ചാൽ മനസ്സിലാകും. ഫലത്തിൽ കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലുള്ള

ഗവൺമെന്റ് നിക്ഷേപം പടിപടിയായി വെട്ടിക്കുറച്ച് പൂർണ്ണമായ ഗവൺമെന്റ് പിൻമാറ്റം ഉണ്ടാക്കുന്നതിനുള്ള വഴിയൊരുക്കാനാണ് ഈ ബിൽ കൊണ്ടുവരുന്നത് എന്ന് ന്യായമായും സംശയിക്കാം. ഇവിടെ ഓട്ടോണമിയെക്കുറിച്ച് പറയുന്നുണ്ട്. ഈ ബിൽ സർക്കുലേറ്റ് ചെയ്തപ്പോൾ ഇല്ലാത്ത ഒരു ക്ലോസ് സബ്ജക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചയുടെ ഭാഗമായി ഈ ബില്ലിനകത്ത് ചേർത്തിട്ടുണ്ട്. അത് നല്ലതാണ്. പക്ഷെ എന്താണ് ഓട്ടോണമിയുടെ അനുഭവം. ഓട്ടോണമിയെന്നു പറയുമ്പോൾ അത് വളരെ മഹത്തരമായൊരു അക്കാദമിക് കൺസപ്റ്റാണ്. ഡി.എസ്. കോത്താരിയുടെ കോത്താരി കമ്മീഷൻ അക്കാദമി ഓട്ടോണമിയെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷെ ഈ നിയമസഭ പാസ്സാക്കിയ ഒരു ബിൽ ഉണ്ട്. ഓട്ടോണമിയെക്കുറിച്ചുള്ള ആ നിയമം അപകടകരമാണ്. അതുകൊണ്ടാണ് അതിനെ ഞങ്ങൾ എതിർത്തത്. ആ ഓട്ടോണമി പ്രകാരം ഒരു ഗവൺമെന്റ് കോളേജിൽ സർക്കാർ ധനസഹായമുള്ള ഒരു എയ്ഡഡ് കോളേജും ഒരു പുതിയ കോഴ്സ് ആരംഭിക്കണമെങ്കിൽ ആ കോഴ്സിന്റെ ബാധ്യത കോളേജുതന്നെ കണ്ടെത്തിക്കൊള്ളണം. ഇന്റേണലായി ഫണ്ട് കണ്ടെത്തണമെന്നാണ് പറയുന്നത്. എന്താണ് അതിന്റെ അർത്ഥം? നമ്മുടെ ഗവൺമെന്റ് കോളേജിനകത്ത് സ്വാശ്രയ കോഴ്സുകൾ വരികയും ഘട്ടംഘട്ടമായി ഗവൺമെന്റ് കോളേജുകൾപോലും സ്വാശ്രയ

കോളേജുകളായി മാറുകയും ചെയ്യും എന്നുള്ളതല്ലേ. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഓട്ടോണമിയെ ഞങ്ങൾ എതിർക്കുന്നില്ല. ആ കൺസപ്റ്റിനെ പൂർണ്ണ മനസ്സോടുകൂടി സ്വാഗതം ചെയ്യുന്നവരാണ് ഞങ്ങൾ. പക്ഷെ അതിന് സോഷ്യൽ കൺട്രോൾ ഉണ്ടായിരിക്കണം. ഈ കോളേജുകൾക്ക് സോഷ്യൽ അക്കൗണ്ടബിലിറ്റി ഉണ്ടായിരിക്കണം. അത് ഉറപ്പുവരുത്താൻ നമ്മുടെ കയ്യിലുള്ള മെക്കാനിസം  എന്താണ് എന്നുകൂടി പറയേണ്ടതുണ്ട്. ഓട്ടോണമസ് കോളേജ് വന്നാൽ അവിടെ ആരംഭിക്കുന്ന കോഴ്സുകൾക്ക് ആവശ്യമായ സാമ്പത്തിക ബാധ്യത മുഴുവൻ ആ കോളേജ് കണ്ടെത്തണമെന്നുവന്നാൽ പിന്നെയവിടെ സംവരണം ഉണ്ടാകില്ല. അപ്പോൾ ഉയർന്ന ഫീസ് കൊടുത്ത് പഠിക്കാൻ കഴിയുന്നവർക്കുമാത്രമായി ആ കോഴ്സുകൾ പരിമിതപ്പെടും. ഇതാണ് അപകടം. നമ്മുടെ സമൂഹം ഒരു ഐഡിയൽ സൊസൈറ്റിയല്ല. നൂറ്റാണ്ടുകളായി ചവിട്ടിതാഴ്ത്തപ്പെട്ട മഹാഭൂരിപക്ഷം വരുന്ന ദളിതന്മാരും പിന്നോക്കകാരും അധിവസിക്കുന്ന രാജ്യമാണ് നമ്മുടേത്. സച്ചാർ കമ്മീഷന്റെ വെളിപ്പെടുത്തലുകൾ നമ്മൾ ചർച്ച ചെയ്തതാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ജാതി സെൻസസുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാർത്ഥത്തിൽ ഞെട്ടിപ്പിക്കുന്ന കാര്യമാണ്. സാമൂഹിക/സാമ്പത്തിക/സാംസ്കാരിക പിന്നോക്കാവസ്ഥയുടെ

ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് സച്ചാർ കമ്മീഷനായാലും സെൻസസായാലും പുറത്തുകൊണ്ടുവന്നിരിക്കുന്നത്. ഇവിടത്തെ ഭരണഘടനയുടെ ഏറ്റവും മഹത്തരമായൊരു ലക്ഷ്യമാണ് നൂറ്റാണ്ടുകളായി അവഗണിക്കപ്പെട്ടതും പീഡിപ്പിക്കപ്പെട്ടതുമായ ഒരു വിഭാഗത്തെ സമൂഹത്തിന്റെ മുൻനിരയിൽ കൈപിടിച്ചുയർത്തുവാനുള്ള ഭരണഘടനാപരമായൊരു മെക്കാനിസം. അതിന്റെ മഹത്തരമായ ലക്ഷ്യമാണ് സംവരണം. ആ സംവരണം ഈ ഓട്ടോണമസ് കോളേജിൽ ഇല്ലാതാകാൻ പോവുകയാണ്. അതിനെയാണ് ഞങ്ങൾ ശക്തമായി എതിർക്കുന്നത്. ഇവിടെ 137 സ്വാശ്രയ കോളേജുകളുണ്ട്. ഈ കോളേജുകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ആശങ്ക പ്രകടിപ്പിച്ചത്. മഹാഭൂരിപക്ഷം വരുന്ന കോളേജുകളിലെയും പാസ് മാർക്ക് എത്രയാണ്. അവിടത്തെ റിസൽറ്റ് പരിതാപകരമാണ്. അതാണ് വിഷയം. ഇത്തരം കോളേജുകൾക്ക് ഓട്ടോണമി കൊടുത്താൽ ഉണ്ടാകുന്ന അപകടം നാം തിരിച്ചറിയേണ്ടതാണ്. സ്വകാര്യ മൂലധനത്തിന് ഞങ്ങൾ എതിരല്ല. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം എം. എ. ബേബി ഇവിടെ പറഞ്ഞു. പക്ഷെ ഇവിടെ ഗവൺമെന്റ് സെക്ടർ ശക്തിപ്പെടുത്തണ്ടേ. എന്താണ് ഗവൺമെന്റ് കോളേജുകളോട് ഈ ഗവൺമെന്റിന്റെ സമീപനം. ഗവൺമെന്റ് കോളേജുകളെ ശക്തിപ്പെടുത്തുന്ന

സമീപനമാണോ ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിൽ കോളേജുകൾ ആരംഭിച്ചതിന്റെയും മെഡിക്കൽ കോളേജുകൾ ആരംഭിച്ചതിന്റെയും കണക്കുകൾ ഇവിടെ പറയുന്നു. കേരളത്തിലെ 9 എഞ്ചിനീയറിംഗ് കോളേജുകളിൽ മൂന്നെണ്ണത്തിൽ പ്രിൻസിപ്പാൾ ഇല്ല. അതുപോലെതന്നെ 2010-ൽ 12 പി.ജി. കോഴ്സുകൾ സി.ഇ.ടി. ഒഴികെയുള്ള കോളേജുകളിൽ അനുവദിച്ചു. ആ 12 പി.ജി. കോഴ്സുകളിൽ ഒരു കോഴ്സിനുപോലും നാലുവർഷമായിട്ടും ഈ സർക്കാർ പുതുതായി തസ്തിക അനുവദിച്ചിട്ടില്ല. ഇതാണ് നമ്മുടെ ഗവൺമെന്റ് കോളേജുകളുടെ അവസ്ഥയെന്ന് മനസ്സിലാക്കണം. ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ഞാൻ ഇരിക്കാൻ തയ്യാറാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്ന കാര്യം ശരിയാണെങ്കിൽ അത് അംഗീകരിക്കാൻ ഞാൻ തയ്യാറാണ്. കേരളത്തിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഗവൺമെന്റ് കോളേജുകളോട് എന്ത് സമീപനമാണ് സ്വീകരിക്കുന്നത്? മെഡിക്കൽ കോളേജ് അനുവദിച്ചതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അഞ്ച് മെഡിക്കൽ കോളേജ് എന്നത് പത്തോ അതിൽക്കൂടുതലോ ആകാൻ പോവുകയാണ്. എണ്ണത്തിലുണ്ടായ വർദ്ധനവിനെ ഞങ്ങൾ കുറച്ചുകാണുന്നില്ല. അത്തരമൊരു സമീപനം യു.ഡി.എഫ് സ്വീകരിച്ചുവെന്നുള്ളതിനെ ഞങ്ങൾ

കുറച്ചുകാണുന്നില്ല. പക്ഷെ, ഇത് കേവലം പ്രഖ്യാപനങ്ങൾ മാത്രമല്ലേ? ഇവിടെ അഞ്ചു മെഡിക്കൽ കോളേജുണ്ടായിരുന്നപ്പോൾ ഫാക്കൽറ്റിയുടെ അക്യൂട്ട് ഷോർട്ടേജ് ഉണ്ടായിരുന്നു, മൂന്നൂറ് പോസ്റ്റ് വേക്കന്റായിരുന്നു. ഇപ്പോൾ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജ് കൂടി വന്നു. എത്ര പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടെന്ന് കഴിഞ്ഞദിവസം ചോദിച്ചപ്പോൾ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു, നാന്നൂറ് പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടെന്ന്. നാന്നൂറ് പോസ്റ്റ് ക്രിയേറ്റ് ചെയ്തു, ശരിയാണ്. പക്ഷെ മൂന്നൂറ് പോസ്റ്റ് നേരത്തെതന്നെ വേക്കന്റായിരുന്നു. അതടക്കം നാന്നൂറ് പോസ്റ്റ്. അഞ്ചു മെഡിക്കൽ കോളേജുകൾ പുതിയതായി ആരംഭിച്ചപ്പോൾ അവിടെ ആവശ്യമായ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത് ? കാലിക്കറ്റ്, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ തുടങ്ങിയ മെഡിക്കൽ കോളേജുകളിൽ നിന്നും സ്റ്റാഫിനെ, ഫാക്കൽറ്റിയെ പാലക്കാട്ടും മഞ്ചേരിയിലും, മറ്റ് ആരംഭിച്ച സർക്കാർ കോളേജിലും കൊടുക്കുകയല്ലേ ചെയ്യുന്നത്? ഇത് യഥാർത്ഥത്തിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അവതാളത്തിലാക്കും. ഇതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഇവിടെ പ്രഖ്യാപനങ്ങളെല്ലാം ആക്ടീവ് മോഡിലാണ്. പക്ഷെ നടപ്പാക്കൽ സൈലന്റ് മോഡിലാണ്. ഇതാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ട് ഞങ്ങൾ പറയുന്നത് കേരളത്തിലെ പൊതുവിദ്യാഭ്യാസ

രംഗത്തെ പൊതുസ്ഥാപനത്തെ മെച്ചപ്പെടുത്തിയെടുക്കാനുള്ള ശക്തമായ നടപടിയുണ്ടാകണം. ഒരു സർവ്വകലാശാലയെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുകയാണ്. നമ്മുടെ സർവ്വകലാശാലകളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? അധാർമ്മികതയുടെ വിളനിലമായി നമ്മുടെ സർവ്വകലാശാലകൾ മാറിയിരിക്കുകയാണ്. എന്തൊക്കെ വാർത്തകളാണ് കഴിഞ്ഞ നാല് വർഷത്തിനിടയിൽ വന്നത്? കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ്ചാൻസലർ ഒരു പ്രൈമറി സ്കൂളിലെ അദ്ധ്യാപകൻ. പ്രൈമറി സ്കൂളിലെ അദ്ധ്യാപകനെ വൈസ് ചാൻസലറാക്കാൻ വേണ്ടി തീരുമാനിച്ച സർക്കാരല്ലേ കേരളം ഭരിക്കുന്നത്. അതുപോലെ തന്നെ കാലിക്കറ്റ് സർവ്വകലാശാലയിലെ 43 ഏക്കർ ഭൂമി ലീഗ് നേതാക്കൻമാർ ഭാരവാഹികളായിട്ടുള്ള ട്രസ്റ്റിന് തീറെഴുതികൊടുക്കാൻ തീരുമാനിച്ച കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് തീർത്താൽ തീരാത്ത കളങ്കം വരുത്തിവച്ച സംഭവങ്ങൾ നടന്നത് ഈ കാലഘട്ടത്തിലല്ലേ. കേരളത്തിൽ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു വൈസ് ചാനസലറെ പുറത്താക്കേണ്ടി വന്നു. വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിലെ യു.ജി.സി. പ്രതിനിധി ഡോ. അനന്തകൃഷ്ണൻ എം. ജി. സർവ്വകലാശാലയിലെ വി.സി. യെക്കുറിച്ച് പറഞ്ഞു, 'അദ്ദേഹത്തിന് യോഗ്യതയില്ല'. അദ്ദേഹം വിയോജനക്കുറിപ്പെഴുതി, നിങ്ങൾ

പരിഗണിച്ചില്ല. അദ്ദേഹത്തെ വി.സി.യാക്കി. അവസാനം കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിക്കുതന്നെ അദ്ദേഹത്തെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ചാൻസലർക്ക് കത്ത് കൊടുക്കേണ്ടി വന്നു. ഇതാണ് നമ്മുടെ കേരളത്തിലെ സർവ്വകലാശാലകളുടെ സ്ഥിതി. നാല് വർഷമായി ഓർമ്മിക്കാൻ കഴിയുന്ന, ഒരു വൈസ് ചാൻസലറുടെ പേര് പറയാൻ കഴിയുമോ? നമ്മുടെ മുന്നിൽ എത്രയെത്ര ഉദാഹരണങ്ങൾ ഉണ്ട്. കേരള സർവ്വകലാശാലയിലെ ആദ്യത്തെ വൈസ് ചാൻസലർ ഇന്ത്യയുടെ അഭിമാനമായിരുന്ന, സാമ്പത്തിക വിചക്ഷണനായിരുന്ന പണ്ഡിത ശ്രേഷ്ഠനായിരുന്ന മന്ത്രിയായിരുന്ന ആസൂത്രണ ബോർഡിന്റെ സെക്രട്ടറിയായിരുന്ന ഡോ. ജോൺ മത്തായി. അതുപോലെ തന്നെ ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ എഴുത്തുകാരൻ യു. ആർ അനന്തമൂർത്തി. വർഗ്ഗീയവാദികളുടെ കുത്സിത നീക്കങ്ങൾക്കെതിരായി അവസാനശ്വാസം നിലയ്ക്കുന്നതുവരെ മതേതരത്വത്തിനുവേണ്ടി നിലകൊണ്ട ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭനായ എഴുത്തുകാരൻ യു. ആർ. അന്തമൂർത്തി, നമുക്ക് ഓർക്കാൻ കഴിയും.

ശ്രീ. ആർ. രാജേഷ്: സർ, യു. ആർ. അനന്ത മൂർത്തി മരണമടഞ്ഞപ്പോഴാണ് ഇന്ത്യ ഭരിക്കുന്ന പാർട്ടിയെ നിയന്ത്രിക്കുന്ന ഒരു വർഗ്ഗീയ പ്രസ്ഥാനം ഒരാളുടെ മരണത്തിൽ പ്രകടനം നടത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ

അങ്ങ് കടുത്ത പ്രതിഷേധം രേഖപ്പെടുത്തുമോ?

ശ്രീ. റ്റി. വി. രാജേഷ്: തീർച്ചയായും. മതനിരപേക്ഷതയ്ക്കുവേണ്ടി നിലകൊണ്ടതിന്റെ പേരിൽ അദ്ദേഹത്തെ ഈ രാജ്യത്തുനിന്ന് കടത്താൻ ശ്രമിച്ചവർ ഇവിടെയുണ്ട്. ഇവരൊക്കെയായിരുന്നു നമ്മുടെ വൈസ് ചാൻസലർമാർ. ഇന്ന് ആരാണ് വൈസ് ചാൻസലർമാർ, പി.എച്ച്.ഡി ബിരുദം പോലും തെറ്റായ, വളഞ്ഞ വഴിയിൽക്കൂടി നേടിയ ഒരാൾ കേരളത്തിലെ ഒരു സർവ്വകലാശാലയുടെ വൈസ്ചാൻസലറാണ്. അതുപോലെ എഞ്ചിനീയറിംഗ് പരീക്ഷയുമായി ബന്ധപ്പെട്ട് സർവ്വകലാശാലയുടെ ചട്ടങ്ങൾ കാറ്റിൽ പറത്തി തങ്ങളുടെ സ്വന്തക്കാർക്ക് പരീക്ഷയിൽ ജയിക്കാൻ വഴിയൊരുക്കിയതിന്റെ പേരിൽ വിജിലൻസ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു വൈസ് ചാൻസലർ. ഇപ്പോൾ ഗവർണ്ണർ അദ്ദേഹത്തെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അനുമതി കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. ഇതാണ് കേരളത്തിലെ ഇന്നത്തെ സർവ്വകലാശാലയുടെ സ്ഥിതിയെന്നു നാം മനസ്സിലാക്കണം. പ്രൈവറ്റ് യൂണിവേഴ്സിറ്റിയെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ ചോദ്യം വന്നു. സ്വകാര്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ചോദ്യം വന്നപ്പോൾ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞകാര്യം അത്തരത്തിൽ ഒരു കമ്മിറ്റിയെ

വച്ചിട്ടില്ലെന്നാണ്. രേഖാമൂലം ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞിട്ടുണ്ട്. എന്തിനാണ് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നത്? ഇവിടെ സ്വകാര്യ സർവ്വകലാശാല വരാൻ പോവുകയാണ്. സ്വകാര്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കേരളത്തിലെ മുഖ്യമന്ത്രിക്ക് ചിലയാളുകൾ കത്തയച്ചു. ഒരു കത്ത് നൽകിയത് ബഹുമാന്യനായ ആർച്ച് ബിഷപ്പ് ഓഫ് തൃശ്ശൂർ, ആൻഡ്രൂസ് താഴത്ത് ആണ്. അദ്ദേഹം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി നമ്മുടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ ടി. പി. ശ്രീനിവാസന് ആ കത്ത് ഫോർവേഡ് ചെയ്തുകൊടുത്തു. അദ്ദേഹം ആ കത്ത് ഹയർ എഡ്യൂക്കേഷൻ കൗൺസിലിലെ അംഗങ്ങൾക്ക് മെയിൽ ചെയ്തു. ആ കത്ത് ഇങ്ങനെയാണ് " I have been trying to convene an Expert Committee meeting to consider among other things the setting up of a Expert Committee on the feasibility of Private Universities in Kerala. Since the meeting is not likely in the near future I would like to consult you by this mail. ഒരു മീറ്റിംഗ് പോലും വിളിക്കാതെ ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്താൻ ഒരു കമ്മിറ്റിയെ വച്ചിരിക്കുകയാണ്. ഇത് നിങ്ങളുടെ നയമാണോ, നിങ്ങൾ വിശദീകരിക്കണം. കേരളത്തിൽ സ്വകാര്യ സർവ്വകലാശാലകളില്ല. സ്വകാര്യ

സർവ്വകലാശാലകളെ ഞങ്ങൾ മാത്രമല്ല എതിർക്കുന്നത്. ബഹുമാന്യനായ മന്ത്രിയുടെ പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയായ എം.എസ്.എഫും അതിൽ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അതിൽ എന്താണ് നിങ്ങളുടെ നിലപാട്. ഇത് രഹസ്യമായി വയ്ക്കേണ്ട കാര്യമാണോ? അങ്ങനെയാണെങ്കിൽ ഇവിടെ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മാത്രമാണ് കാര്യങ്ങൾ തീരുമാനിക്കേണ്ടത്. നിങ്ങൾ ഇക്കാര്യത്തിൽ തുറന്ന ചർച്ചയ്ക്ക് തയ്യാറാകു. കേരളത്തിലെ എം.എൽ.എ മാരുടെയും രാഷ്ട്രീയ പാർട്ടികളുടെയും അഭിപ്രായം നിങ്ങൾ തേടു. അത്തരത്തിൽ തുറന്ന ചർച്ച നടക്കാതെ കുറുക്കുവഴിയിലൂടെ കേരളത്തിൽ ഒരു ബിഷപ്പ് കൊടുത്ത കത്തിന് സാധുത നൽകാൻ സ്വകാര്യ സർവ്വകലാശാല ആരംഭിക്കാൻ പേരിന് ഒരു സാധ്യതാ പഠനം നടത്തി പിൻവാതിലിലൂടെ സ്വകാര്യ സർവ്വകലാശാലകൊണ്ടുവരാനാണ് നിങ്ങൾ ശ്രമിക്കുന്നത്. സ്വകാര്യ സർവ്വകലാശാല വരുന്നതിനെ ഞങ്ങൾ ശക്തമായി എതിർക്കും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,ഞാൻ കഴിഞ്ഞ ദിവസം പ്രൈവറ്റ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച കാര്യത്തിൽ കമ്മിറ്റിയുണ്ടാക്കിയിട്ടില്ലെന്നല്ല പറഞ്ഞത്. കമ്മിറ്റിയുണ്ടാക്കിയെന്നു തന്നെയാണ് പറഞ്ഞത്. ശ്രീ. രാജേഷ് തെറ്റിദ്ധരിച്ചതാണ്. ഞാൻ പറഞ്ഞത് ഗവൺമെന്റ്

പ്രൈവറ്റ് യൂണിവേഴ്സിറ്റി തുടങ്ങാൻ നയപരമായ തീരുമാനമെടുത്തിട്ടില്ല. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഇതിന്റെ സാധ്യതാ പഠനം നടത്തുന്നുണ്ട്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സബ് കമ്മിറ്റികളുണ്ടാക്കാനും കമ്മിറ്റികളുടെ അഭിപ്രായം ക്രോഡീകരിച്ചുകൊണ്ട് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാനും അവകാശമുണ്ട്. അതിനുവേണ്ടി അവർ കമ്മിറ്റിയുണ്ടാക്കിയെന്നും കമ്മിറ്റിയുടെ ചെയർമാൻ ആരാണെന്നും ഞാൻ പറഞ്ഞു. ഞാൻ പറഞ്ഞത് കമ്മിറ്റിയുണ്ടാക്കിയത് അറിഞ്ഞിട്ടില്ലെന്നല്ല. ഗവൺമെന്റ് നയപരമായ തീരുമാനമെടുത്തിട്ടില്ലെന്നാണ്.

ശ്രീ. ജി. സുധാകരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒരു കമ്മിറ്റിയെ നിയോഗിച്ച കാര്യം പറഞ്ഞു. ഈ ബിൽ നിയമമാകുന്നതോടുകൂടി ഗവൺമെന്റ് ഉദ്ദേശിച്ച കാര്യം നടപ്പിലായിക്കഴിഞ്ഞു എന്നുള്ളതാണ് ഞാൻ അങ്ങയുടെ മുന്നിൽ ഉന്നയിക്കുന്നത്. ഇവിടെ ഗവൺമെന്റ് ശമ്പളം കൊടുക്കുന്നത് 9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളും 3 എയ്ഡഡ് കോളേജുകളുമടക്കം 12 കോളേജുകൾക്ക് മാത്രമാണ്, ബാക്കി 137 എണ്ണവും സെൽഫ് ഫൈനാൻസിംഗാണെന്ന് ശ്രീ. എം. എ. ബേബി ഇവിടെ പറഞ്ഞതാണ്.

അങ്ങനെയുള്ള ഒരു യൂണിവേഴ്സിറ്റി സെൽഫ് ഫൈനാൻസിംഗ് യൂണിവേഴ്സിറ്റിയല്ലേ എന്നു ഞാൻ ചോദിച്ചത് സാങ്കേതികമായി അല്ല എന്നു പറഞ്ഞാലും ഫലത്തിൽ അങ്ങനെയാണ്. ബിഷപ്പ് മനസ്സിൽ കണ്ടപ്പോൾ ബഹുമാനപ്പെട്ട ഗവൺമെന്റ് ആകാശത്ത് കണ്ടതിന്റെ ഫലമായി ഈ യൂണിവേഴ്സിറ്റി യഥാർത്ഥത്തിൽ സ്വകാര്യ യൂണിവേഴ്സിറ്റിയാണ്. അതിന്റെ അടിസ്ഥാനത്തിൽ ബിഷപ്പിന്റെ ഈ കത്തിലുള്ള കമ്മിറ്റിക്ക് എന്തെങ്കിലും പ്രസക്തിയുള്ളതായി അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ കേരളത്തിലുള്ളത് ഇപ്പോൾ രൂപീകരിക്കുന്ന സാങ്കേതിക സർവ്വകലാശാലയിൽ മാത്രമല്ല. നേരത്തെ ശ്രീ. എം. എ. ബേബി സംസാരിക്കുമ്പോഴും അക്കാര്യം പറഞ്ഞു. അന്നേരം മറുപടി പറയണ്ട എന്നുവിചാരിച്ച് പറയാതിരുന്നതാണ്. ഇവിടെ ഒന്നോ രണ്ടോ സർവ്വകലാശാലകളിലൊഴികെ എല്ലാ സർവ്വകലാശാലകളുടെ കീഴിലും സെൽഫ് ഫൈനാൻസിംഗ് കോളേജുകളുണ്ട്. ഒരു പക്ഷേ നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകളെക്കാൾ കൂടുതൽ സെൽഫ് ഫൈനാൻസിംഗ് കോളേജുകളുണ്ട്. മെഡിക്കൽ സർവ്വകലാശാലയുടെ കീഴിലും സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജുകളുണ്ട്. അപ്പോൾ ഇതിനോടു മാത്രം എന്തിനാണ് ഒരു അലർജി.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അലർജിയല്ല. സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ ഏതെങ്കിലും യൂണിവേഴ്സിറ്റികളുടെ കീഴിലില്ലായെന്ന് ഇവിടെയാരും പറഞ്ഞില്ല. അപ്പോൾ ആ മറുവാദത്തിന് ഇവിടെ അർത്ഥമില്ല. രണ്ടാമത്തെ കാര്യം, സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ മഹാഭൂരിപക്ഷമായ ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കുന്നത് ആദ്യമാണെന്നാണ് ഞങ്ങൾ പറഞ്ഞത്. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴൊക്കെ നിയമനിർമ്മാണത്തിലൂടെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ ഭൂരിപക്ഷമുള്ള യൂണിവേഴ്സിറ്റികളിൽ സെൽഫ് ഫൈനാൻസിംഗ് കോളേജുകളെ അധികമായി കൂട്ടിച്ചേർക്കുന്നത് നിങ്ങളാണ്. ഞങ്ങളാരും ചെയ്തിട്ടില്ല. ഇവിടെ ഉന്നയിക്കുന്നത് അതുമല്ല, തുടങ്ങുമ്പോൾ തന്നെ 12 ന് 137. ഫലത്തിൽ സ്വകാര്യ യൂണിവേഴ്സിറ്റിയാണ്. ബിഷപ്പിന്റെ ഈ കത്ത് കാലേക്കൂട്ടി നടപ്പിലാക്കി എന്നാണ് ഞാൻ പറഞ്ഞത്. അതിനെപ്പറ്റി ശ്രീ. റ്റി. വി. രാജേഷ് എന്ത് പറയുന്നുവെന്നറിയാൻ എനിക്ക് ആഗ്രഹമുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം ജി. സുധാകരൻ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ഈ സർവ്വകലാശാല സാങ്കേതികമായി സ്വാശ്രയ സർവ്വകലാശാലയല്ല എന്നു പറയാൻ കഴിയുമെങ്കിലും ഫലത്തിൽ അങ്ങനെ തന്നെയാണ്. ഞാൻ അങ്ങനെയല്ല പറഞ്ഞതെന്ന് ഇവിടെ ബഹുമാനപ്പെട്ട

വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. ഞാൻ പറഞ്ഞ കാര്യം എന്താണ്? ഒരു പ്രൈവറ്റ് യൂണിവേഴ്സിറ്റി എന്നത് നയപരമായ വിഷയമാണ്. പോളിസിയുടെ കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കാൻ സർക്കാർ തീരുമാനിക്കുന്നു. ഞങ്ങളെല്ലാം കത്ത് കൊടുക്കാറുണ്ടല്ലോ. ഇവിടെ കത്ത് കൊടുക്കുന്നത് എപ്പോഴാണ്? മാർച്ച് 4-ാം തീയതി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ചെയർമാനല്ലേ, അദ്ദേഹം ഇത് അറിയില്ലെന്നാണോ നാം കരുതേണ്ടത്. കഴിഞ്ഞ ദിവസം സഭയിൽ മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിനറിയില്ല, അതിന് അവർക്ക് അവകാശമുണ്ടെന്ന നിലയിലാണ് പറഞ്ഞത്. 4-ാം തീയതിയാണ് ബഹുമാന്യനായ ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് ഇതുസംബന്ധിച്ച് കത്ത് കൊടുത്തത്. ഇത് പ്രധാന വിഷയമാണ്, പോളിസിയാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഒന്നുചേരാൻ പോലും സമയമില്ല എന്നാണ് പറഞ്ഞത്. ഇത്രയും വേഗം കൊടുക്കാൻ തിടുക്കമെന്താണ്, എന്തിനാണ് ഈ വ്യഗ്രത. അപ്പോൾ കാര്യങ്ങളെല്ലാം തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ ഈ സ്വകാര്യ സർവ്വകലാശാലയ്ക്ക് സർക്കാർ തത്വത്തിൽ പച്ചക്കൊടി കാണിച്ചിരിക്കുന്നു വെന്നല്ലേ ഇതിന്റെ അർത്ഥം. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി ഇങ്ങനെയൊരു ഒരു എക്സർസൈസ്,

അതല്ലേ ഇവിടെ നടക്കുന്നത്. ഇവിടെ കാര്യങ്ങൾ തീരുമാനിക്കുന്നത് ആരാണ്, ഞങ്ങൾ അതാണ് പറയുന്നത്. ഈ സർക്കാരിന് ഒരു ഹിഡൻ അജണ്ടയുണ്ട്. യഥാർത്ഥത്തിൽ എല്ലാ കാര്യവും വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയുന്നുണ്ടോയെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. വിദ്യാഭ്യാസ മന്ത്രി അറിഞ്ഞിട്ടാണ് ഇത് ചെയ്തതെന്ന് ഞങ്ങൾ കരുതുന്നില്ല. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ വൈസ് ചെയർമാനെ വിളിക്കുന്നു. അപ്പം ചുട്ടെടുക്കുന്ന വേഗത്തിൽ ഉടൻ തന്നെ ഒരു പഠനം. ഇങ്ങനെ ലാഘവത്തോടെ ചെയ്യേണ്ട കാര്യമാണോ ഇത്. ഇതുണ്ടാക്കാൻ പോകുന്ന ദൂരവ്യാപകമായ പ്രത്യാഘാതത്തെക്കുറിച്ച് നാം ചിന്തിക്കണ്ടേ. എന്താണ് സ്വകാര്യ സർവ്വകലാശാല? നമ്മുടെ രാജ്യത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിച്ചതിന്റെ തിക്തമായ അനുഭവങ്ങളില്ലേ; കോടതി ഇടപെട്ട് എത്ര സ്വകാര്യ സർവ്വകലാശാലകൾ ഈ രാജ്യത്ത് അടച്ചുപൂട്ടേണ്ടി വന്നു. അതുകൊണ്ട് അക്കാര്യങ്ങൾ മനസ്സിലാക്കണ്ടേ. മാത്രമല്ല, സ്വകാര്യ സർവ്വകലാശാലകൾ വന്നാലുണ്ടാകാൻ പോകുന്ന അപകടങ്ങളെന്താണ് ? സ്വകാര്യ സർവ്വകലാശാലകൾ വന്നാൽ യഥാർത്ഥത്തിൽ അറിവിന്റെ ഉല്പാദനം, അതിന്റെ വിനിമയം, വിതരണം ഇവയെല്ലാം പൂർണ്ണമായും കോർപ്പറേറ്റ് ശക്തികൾ കീഴടക്കുന്ന സ്ഥിതി വരില്ലേ. നാളെ കോർപ്പറേറ്റുകൾ

ഇവിടെ സർവ്വകലാശാലകൾ ആരംഭിക്കും. അറിവിന്റെ കുത്തകവൽക്കരണത്തിലേയ്ക്കാണ് ഇത് കടന്നുപോകുക. മാത്രമല്ല, എന്താണ് അവിടെ സംഭവിക്കാൻ പോകുന്നത്? ദുർബല വിഭാഗങ്ങൾക്ക് ഫീസ് ആനുകൂല്യങ്ങളിലൂടെ; സംവരണത്തിലൂടെ ഉന്നതവിദ്യാഭ്യാസം ലഭ്യമായിരുന്ന പരിമിതമായ സാഹചര്യങ്ങൾ പോലും സ്വകാര്യ സർവ്വകലാശാലകൾ അട്ടിമറിക്കും. ഇതാണ് ഞങ്ങളുടെ ആശങ്ക. അതുകൊണ്ടാണ് ഞങ്ങൾ സ്വകാര്യ സർവ്വകലാശാലകളെ എതിർക്കുന്നത്. വിദ്യാഭ്യാസരംഗത്ത് കേരളം നേടിയ നേട്ടങ്ങളാണ് life quality index-ന്റെ കാര്യത്തിൽ ഒരു വികസിത സമൂഹത്തോട് കിടപിടിക്കാൻ കഴിയുന്ന ഒരു സമൂഹമാക്കി കേരളത്തെ മാറ്റിയത്. കേരളം മാറിയതിനു പിന്നിൽ വിദ്യാഭ്യാസത്തിനു ഒരു വലിയ പങ്കുണ്ട്. ആ വിദ്യാഭ്യാസ മേഖലയിലെ സാമൂഹ്യനീതിയെ പരിപൂർണ്ണമായും ഇല്ലാതാക്കുന്ന നയമാണ് നിങ്ങൾ നടപ്പിലാക്കുന്നത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസം പൂർണ്ണമായും പൊളിച്ചടുക്കാൻ തീരുമാനിച്ചുറപ്പിച്ച് പ്രവർത്തിക്കുന്നവരെപ്പോലെ നിങ്ങൾ പെരുമാറുകയാണ്. അതിനെയാണ് ഞങ്ങൾ ശക്തമായി എതിർക്കുന്നത്. അതുകൊണ്ട് സ്വകാര്യ സർവ്വകലാശാല തുടങ്ങാൻ ചില ശക്തികൾ മുന്നോട്ട് വരുമ്പോൾ ആ അപകടം തിരിച്ചറിയേണ്ടതായിട്ടുണ്ട്. ബഹുമാന്യനായ എ. കെ.

ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് 2003-ൽ സ്വാശ്രയ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചത്. അന്ന് ഞാൻ വിദ്യാർത്ഥി പ്രവർത്തകനായിരുന്നു. അപ്പുറത്തിരിക്കുന്ന ശ്രീ. പി. സി. വിഷ്ണുനാഥ് അന്ന് കെ.എസ്.യു.-ന്റെ സംസ്ഥാന പ്രസിഡന്റായിരുന്നു. 50:50 എന്ന നയം പറഞ്ഞതല്ലാതെ ഒരു കരാർ ഉണ്ടാക്കിയിരുന്നില്ല. അവസാനം പ്രായശ്ചിത്തം ചെയ്യുന്നതുപോലെ കേരളീയ സമൂഹത്തിനു മുന്നിൽ ചില സത്യങ്ങൾ ശ്രീ. എ. കെ. ആന്റണിക്ക് തുറന്നുപറയേണ്ടിവന്നു. ഒരു കരാർ പോലുമുണ്ടാക്കാതെ കേവലം ഒരു പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 50:50 എന്ന പേരിൽ സ്വാശ്രയ കോളേജുകൾ ആരംഭിച്ചു. ഇന്ന് എന്താണ് അവസ്ഥ. കഴിഞ്ഞ ദിവസം ബഹുമാന്യനായ അംഗം ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ഈ വിഷയത്തിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചു. പ്രോസ്പെക്ടസിൽ 24 മെഡിക്കൽ കോളേജുകൾ, ഇപ്പോൾ ഒന്നാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞു. രണ്ടാം ഘട്ട അലോട്ട്മെന്റ് ഈ തിങ്കളാഴ്ച ആരംഭിച്ചു. അലോട്ട്മെന്റ് ലിസ്റ്റിൽ ആകെയുള്ളത് 14 കോളേജുകൾ. നേരത്തെ എം.ഇ.എസ്., കരുണ, കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് ഇവരെല്ലാം സർക്കാരുമായി ഒപ്പുവയ്ക്കാൻ തയ്യാറായിരുന്നു. നിശ്ചിത ശതമാനം സീറ്റിൽ കുറഞ്ഞ ഫീസിൽ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ അവർ തയ്യാറായിരുന്നു. പക്ഷേ

എന്തുകൊണ്ട് അവർ പിന്മാറി. കേരളത്തിലെ സർക്കാർ ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ കോളേജുകൾക്കുവേണ്ടി വഴിവിട്ട സമീപനം സ്വീകരിച്ചു. ഇവിടെ ജെയിംസ് കമ്മിറ്റിയെ നോക്കുകുത്തിയാക്കി മാറ്റി. അത്തരത്തിലുള്ള ഒരു സ്ഥിതി വന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ നേരത്തെ സർക്കാരുമായി ധാരണയുണ്ടാക്കി ഒരു നിശ്ചിത ശതമാനം സീറ്റ് സർക്കാരിനു കൊടുക്കാൻ തയ്യാറായിരുന്ന കോളേജുകൾ പോലും അതിൽ നിന്നും പിന്മാറിയതെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ആ അനുഭവത്തിന്റെ കൂടി വെളിച്ചത്തിൽ ഒരു കാരണവശാലും ഇവിടെ സ്വകാര്യ സർവ്വകലാശാലകൾ വരാൻ പാടില്ല. അതുകൊണ്ട് ആ തീരുമാനത്തിൽ നിന്ന് സർക്കാർ പരിപൂർണ്ണമായും പിന്മാറണമെന്ന് ആവശ്യപ്പെടുകയാണ്.

ഈ സർവ്വകലാശാലയിലെ ബോർഡ് ഓഫ് ഗവർണേഴ്സും നിർവ്വാഹക സമിതിയും പൂർണ്ണമായും നോമിനേറ്റഡാണ്. നിർവ്വാഹക സമിതിയിൽ സർവ്വകലാശാല യൂണിയൻ ചെയർമാൻ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെടുന്ന ആളാണ്, വേണമെങ്കിൽ ഇലക്ടഡ് ചെയർമാൻ എന്നു പറയാം. ബാക്കിയെല്ലാം നോമിനേറ്റഡാണ്. ഇവിടെ നോമിനേറ്റഡ് അവസാനിപ്പിക്കണം. മറ്റു സർവ്വകലാശാലകളിലെ ഓരോ ബോഡികളുടെയും സ്ട്രക്ചറിനെക്കുറിച്ച്;

തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ ശതമാനത്തെക്കുറിച്ച് നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അതുകൊണ്ട് ബോർഡ് ഓഫ് ഗവർണേഴ്സും നിർവ്വാഹക സമിതിയും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് ബഹുഭൂരിപക്ഷമുള്ള വിധത്തിൽ അതിൽ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ കാർഷിക വികസനത്തിന് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ സംഭാവന എന്താണ്? നമ്മുടെ കാർഷിക മേഖല താഴേയ്ക്കല്ലേ പോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് നമുക്ക് അഭിമാനിക്കാൻ കഴിയുന്ന എന്തെങ്കിലും സംഭാവനകൾ നൽകാൻ കേരളത്തിലെ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്ക് കഴിഞ്ഞിട്ടുണ്ടോ? ഇവിടെയിപ്പോൾ സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വരാൻ പോവുകയാണ്. ഈ സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നമ്മുടെ കേരളത്തിന്റെ സമൂഹത്തിന്, കേരളം നേരിടുന്ന വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വലിയ ഒരളവിൽ സഹായിക്കുന്ന വിധത്തിൽ അതിനകത്തെ ഗവേണിംഗ് കൗൺസിലിൽ മാറ്റങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിൽ ഒരു മാനേജ്മെന്റ് എക്സ്പേർട്ട് ഉണ്ടായിരിക്കണം. നിലവിൽ ഗവേണിംഗ് കൗൺസിലിൽ മാനേജ്മെന്റ് എക്സ്പേർട്ടില്ല. ലോകത്ത് ബിസിനസ് രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ, ബിസിനസ്

ഇന്നവേഷൻസ് പൂർണ്ണമായും സ്വാംശീകരിക്കാൻ കഴിയുന്ന വിധത്തിൽ നല്ല ഒരു എക്സ്പേർട്ട് ഗവേണിംഗ് കൗൺസിലിൽ ഉണ്ടായിരിക്കണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ട് വെയ്ക്കുകയാണ്. അതുപോലെതന്നെ ഒരു റൂറൽ ടെക്നോളജി എക്സ്പെർട്ടുണ്ടാകണം. സമൂഹവുമായി ബന്ധപ്പെടുന്നതിനുവേണ്ടി, സമൂഹവുമായി ഈ സർവ്വകലാശാലയെ കണ്ണി ചേർക്കാൻ നമുക്ക് ഒരു റൂറൽ ടെക്നിക്കൽ എക്സ്പേർട്ടിനെ ഈ ഗവേണിംഗ് കൗൺസിലിൽ ഉൾപ്പെടുത്താൻ കഴിയണം. അതുപോലെ ഗവേണിംഗ് കൗൺസിലിൽ ബയോടെക്നോളജി എക്സ്പേർട്ടിനെയും ഉൾകൊള്ളിക്കാൻ കഴിയണം. അതിന് ബഹുമാന്യനായ മന്ത്രി താൽപ്പര്യമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവേണിംഗ് കൗൺസിലിൽ നിലവിൽ വിദ്യാർത്ഥി പ്രതിനിധിയില്ല. നമുക്കറിയാം ഗവേണിംഗ് കൗൺസിൽ എന്ന് പറയുമ്പോൾ റിസർച്ച് ചെയ്യുന്ന വിദ്യാർത്ഥികളുണ്ട്. ആ റിസർച്ച് ചെയ്യുന്ന അതുപോലെ തന്നെ പോസ്റ്റ് ഡോക്ടറേറ്റ് ഡിപ്ലോമ ചെയ്യുന്ന വിദ്യാർത്ഥികൾ സർവ്വകലാശാലകളിലുണ്ടാകും. അത്തരത്തിലുള്ള വിദ്യാർത്ഥികളുടെ പ്രതിനിധികളെക്കൂടി ഇതിനകത്ത് ഉൾക്കൊള്ളിക്കാൻ തയ്യാറാകണം. സർവ്വകലാശാലയുടെ stake holders ആയ വിദ്യാർത്ഥികളെ പൂർണ്ണമായും ഒഴിവാക്കികൊണ്ടുള്ള അക്കാഡമിക് കൗൺസിലിനെ അംഗീകരിക്കാൻ കഴിയില്ല.

അതുപോലെ തന്നെ അധ്യാപക പ്രതിനിധികളെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എയിഡഡ്, സർക്കാർ നിയന്ത്രിതം, സ്വാശ്രയ കോളേജുകളുടെ അധ്യാപകർ ഇതിനകത്ത് വരുന്നുണ്ട്. എന്നാൽ അനധ്യാപകരുടെ പ്രതിനിധികൾ ഇതിനകത്തില്ല. അതുകൊണ്ട് എന്റെ നിർദ്ദേശം, ഇവിടെ സർവ്വകലാശാല എന്ന് പറയുമ്പോൾ അവിടത്തെ നോൺ- ടീച്ചിംഗ് സ്റ്റാഫ് കൂടി ഉൾപ്പെടുത്തണം. അതുകൊണ്ട് നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ പ്രാതിനിധ്യം ഇതിനകത്ത് ഉണ്ടായിരിക്കണം. സർവ്വകലാശാല ജീവനക്കാരുടെ പ്രാതിനിധ്യം ഇന്ന് നമുക്കറിയാം, എല്ലാ സർവ്വകലാശാലകളിലും സെനറ്റിലുണ്ട്. അതുപോലെ തന്നെ ഇതിൽ സ്വാശ്രയ കോളേജുകളുണ്ട് അവിടത്തെ ജീവനക്കാരുടെ പ്രാതിനിധ്യം ഇതിനകത്ത് ഉറപ്പുവരുത്താൻ കഴിയും. അങ്ങനെ നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്താൻ നടപടിയുണ്ടാകണമെന്നുകൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഈ സർവ്വകലാശാലയുടെ ബില്ലുമായി ബന്ധപ്പെട്ട മറ്റൊരു അപകടം ഇതിന്റെ ഓഡിറ്റുമായി ബന്ധപ്പെട്ട കാര്യത്തിലാണ്. ഓഡിറ്റിന്റെ കാര്യത്തിൽ ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വകുപ്പ് 51-ൽ സർവ്വകലാശാല അക്കൗണ്ടുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന വാർഷിക ഓഡിറ്റിംഗിന് വിധേയമായിരിക്കുന്നതും ആയതിന്റെ റിപ്പോർട്ട് സംസ്ഥാന

നിയമസഭയിൽ യഥാകാലം സമർപ്പിച്ചിരിക്കേണ്ടതാണെന്നുകൂടി ചേർക്കണം. ഇതൊരു ഭേദഗതിയാണ്.

മി. ചെയർമാൻ: അമെന്റ്മെന്റ് മൂവ് ചെയ്യുന്ന കാര്യമാണ് പറയുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ ചെയറിന്റെ അഭിപ്രായം പൂർണ്ണമായും മാനിക്കുന്നു. എനിക്ക് കുറേ കാര്യങ്ങൾ കൂടി പറയാനുണ്ടെങ്കിൽ പോലും ഞാൻ ഇത്തരം കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട്....

മി. ചെയർമാൻ: ഞാൻ നിയന്ത്രിച്ചില്ല. നിങ്ങൾക്ക് പറയാനുള്ള കാര്യങ്ങൾ പറയുന്നതിൽ ഞാൻ നിയന്ത്രിക്കുന്നില്ല.

ശ്രീ. സാജുപോൾ : സർ, ശ്രീ. റ്റി. വി. രാജേഷ് കാർഷിക സർവ്വകലാശാല എന്ത് സംഭാവാന ചെയ്തുവെന്ന് ചോദിച്ചു. കുറേ സംഭാവനകൾ ചെയ്തിട്ടുണ്ട്. കാലത്തിനനുസരിച്ച് ചെയ്തിട്ടില്ല. എനിക്ക് ശ്രീ. റ്റി. വി. രാജേഷിനോട് ചോദിക്കാനുള്ളത്, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നിലവിൽ വന്ന് ഇത്രയും കാലം കഴിഞ്ഞിട്ടും കേരളത്തിൽ സംസ്കൃതം എഴുതാനും വായിക്കാനും പറയാനും കഴിയുന്ന പത്ത് പേരെങ്കിലും അവിടെനിന്ന് പഠിച്ചിറങ്ങിയെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, തീർച്ചയായും ബഹുമാന്യനായ സാജുപോൾ

പറഞ്ഞ അഭിപ്രായം വളരെ ശരിയാണ്. ഞാൻ പറഞ്ഞത് കാർഷിക സർവ്വകലാശാല ഒന്നും ചെയ്തിട്ടില്ലായെന്നുള്ളതല്ല. പക്ഷേ, കേരളത്തിന്റെ കാർഷിക മേഖലയുടെ വികസനത്തിനും കാർഷിക മേഖലയുടെ ആധുനികവത്ക്കരണത്തിനും നമ്മൾ പ്രതീക്ഷിച്ച നിലയിലുള്ള സംഭാവന നൽകിയിട്ടില്ലെന്നാണ് പറഞ്ഞത്. തീർച്ചയായും അദ്ദേഹം പറഞ്ഞ അഭിപ്രായം നമ്മുടെ അക്കാഡമിക് സമൂഹം വളരെ ഗൗരവത്തിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളോട് എന്തിനാണ് അലർജി. ഇന്ത്യയിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, Center of Excellence എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഇന്ത്യയിലെ മികച്ച എഞ്ചിനീയറിംഗ് സ്ഥാപനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി അല്ലേ. ആ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയോട് കിടപിടിക്കാൻ കഴിയുന്ന ഒരു സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിലേതെങ്കിലും ചൂണ്ടിക്കാണിക്കാൻ നമുക്ക് കഴിയുമോ? ഇന്ത്യയിലെ ഏറ്റവും മികച്ച മാനേജ്മെന്റ് സ്ഥാപനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റല്ലേ ? അതുപോലെ ഇന്ത്യയിലേറ്റവും മികച്ച മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം, All India Institute of Medical Science അല്ലേ. കേരളത്തിലെ ഏറ്റവും മികച്ച എഞ്ചിനീയറിംഗ് കോളേജ് സി.ഇ.ടി. എഞ്ചിനീയറിംഗ് കോളേജ്

അല്ലേ. ഞാനും ബഹുമാന്യനായ അംഗം ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. എ. പ്രദീപ് കുമാറും ശ്രീ. ആർ. രാജേഷും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ചും കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട വളരെ ഗൗരവമായ കാര്യം ബഹുമാന്യനായ ഗവർണ്ണറുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞങ്ങൾ പോയി. ഗവർണ്ണർ ഞങ്ങളുമായി ഒരു മണിക്കൂറിലേറെ സമയം ചർച്ച ചെയ്യാൻ തയ്യാറായി. അദ്ദേഹം പറഞ്ഞത്, കേരളത്തിന്റെ ഒരു പ്രത്യേകതയായി ഞാൻ കാണുന്നത്, കേരളത്തിലെ ഏറ്റവും മികച്ച സ്ഥാപനങ്ങൾ കേരളത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങളെന്നാണ്. കേരളത്തിലെ ഏറ്റവും മികച്ച മെഡിക്കൽ കോളേജ് കേരളത്തിലെ മുൻനിര മെഡിക്കൽ കോളേജ്, ഗവൺമെന്റ് മെഡിക്കൽ കോളേജാണ്, കേരളത്തിലെ ഏറ്റവും മികച്ച എഞ്ചിനീയറിംഗ് കോളേജ് അത് സി.ഇ.ടി. ആയാലും ഗവൺമെന്റ് നിയന്ത്രണമുള്ള തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജായാലും കേരളത്തിലെ മികച്ച സ്ഥാപനങ്ങൾ ഗവൺമെന്റ് കോളേജുകളാണ്. ബഹുമാന്യനായ ശബരീനാഥൻ കേരളത്തിലെ ഏറ്റവും മികച്ച എഞ്ചിനീയറിംഗ് കോളേജായ സി.ഇ.ടി.യിൽ പഠിച്ച വിദ്യാർത്ഥിയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്ലെയിസ്മെന്റ് നടക്കുന്ന, ബഹുരാഷ്ട്രകമ്പനികൾ, മൾട്ടി നാഷണൽ കമ്പനികൾ, ഐ.ടി. കമ്പനികൾ

ഉൾപ്പെടെ കേരളത്തിൽ ഏറ്റവും മികച്ച വിദ്യാർത്ഥികളെ തേടിവരുന്നത് സി.ഇ.ടി.യിലേക്കാണ്. ആ സി.ഇ.ടി.യിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളുണ്ട്. വിദ്യാർത്ഥി സംഘടന പ്രവർത്തനം അവിടത്തെ അക്കാഡമിക് നിലവാരത്തെ എന്തെങ്കിലും തരത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടോ? അവിടെ കെ.എസ്.യു. ആണെന്ന് എനിക്കറിയില്ല. അവിടെ വോയിസ് ഓഫ് സി.ഇ.ടി. എന്ന സംഘടനയയുടെ പ്രവർത്തകനായിരുന്നു, അതിന്റെ ഭാരവാഹിയായിരുന്നു ബഹുമാന്യനായ ശ്രീ. ശബരീനാഥൻ. ഞാൻ പറഞ്ഞുവരുന്നത് ഏറ്റവും മികച്ച സ്ഥാപനങ്ങൾ ഇന്നും ഇന്ത്യയിൽ നമ്മുടെ സർക്കാർ സ്ഥാപനങ്ങളാണ്. കേരളത്തിന്റെ ചരിത്രം എടുത്തുനോക്കിയാൽ, 1994-ലാണ് കേരളത്തിലെ ആദ്യത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജ് കുറ്റിപ്പുറത്ത് ആരംഭിക്കുന്നത്. 1994-ന് ശേഷം രണ്ട് പതിറ്റാണ്ടിലേറെ കാലത്തെ അനുഭവം നമ്മൾ പരിശോധിക്കണം. കേരളത്തിലെ ഗവൺമെന്റ് കോളേജുകളെ, കേരളത്തിലെ മികച്ച സർക്കാർ സ്ഥാപനങ്ങളെ പിന്തള്ളിയ അല്ലെങ്കിൽ അതിനോടൊപ്പമെത്താൻ കഴിഞ്ഞ ഏതെങ്കിലും ഒരു സ്വകാര്യ സ്ഥാപനത്തിന്റെ പേര് പറയാൻ കഴിയുമോ? തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് കിടപിടിക്കുന്ന, കാലിക്കറ്റ് മെഡിക്കൽ കോളേജിനോട്

കിടപിടിക്കാൻ കഴിയുന്ന ഒരു സ്വാശ്രയ മെഡിക്കൽ കോളേജിന്റെ പേര് കേരളത്തിൽ ആർക്കെങ്കിലും പറയാൻ കഴിയുമോ? സി.ഇ.റ്റി.യോട്, പാപ്പനംകോട് എഞ്ചിനീയറിംഗ് കോളേജിനോട്, തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജിനോട് കിടപിടിക്കാൻ കഴിയുന്ന സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന്റെ പേര് ആർക്കെങ്കിലും പറയാൻ കഴിയുമോ? പിന്നെ എന്തിനാണ് പൊതു സ്ഥാപനത്തിനോട് അലർജി എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന, അൺ എയിഡഡ് മേഖലയെ പ്രോത്സാഹിപ്പിക്കുന്ന ഈ നിലപാട് തിരുത്തണം. അൺ എയിഡഡ് മേഖല വേണ്ടെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. പക്ഷെ, അവിടെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തിന്റെ കാര്യത്തിൽ ഒരു compromise-ഉം പാടില്ല. ഇവിടെ യഥാർത്ഥത്തിൽ കേരളത്തിലെ സർക്കാർ അവർക്ക് എല്ലാവിധ ഒത്താശയും ചെയ്തുകൊടുക്കുകയാണ്. അതുകൊണ്ടാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഇത്തരമൊരനുഭവം ഉണ്ടായിരിക്കുന്നത്, ഹൈക്കോടതിക്ക് ഇടപെടേണ്ടി വന്നിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉറപ്പുവരുത്താനാവശ്യമായ

നടപടിയുണ്ടാകണം. ദൗർഭാഗ്യവശാൽ ഇന്ന് ഈ സഭയിൽ ചർച്ച ചെയ്യുന്ന ഈ ബിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് അതിന്റെ ക്വാളിറ്റി എൻഹാൻസ് ചെയ്യാൻ സഹായകരമാകുന്ന ഒരു ബിൽ അല്ല. മറിച്ച് കേരളത്തിലെ സ്വകാര്യ-സ്വാശ്രയ കേളേജുകൾക്ക് എന്തും നടത്താൻ അനുവാദം കൊടുക്കുന്ന അൺ ലിമിറ്റഡായിട്ടുള്ള യഥാർത്ഥത്തിൽ യാതൊരു നിയന്ത്രണവുമില്ലാത്ത അധികാരം നൽകുന്നതിനുവേണ്ടി, അതിനൊരു അന്തരീക്ഷം ഒരുക്കുന്നതിനുവേണ്ടിയുള്ള ബില്ലാണ്. ഇത് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ അവശേഷിക്കുന്ന സാമൂഹ്യനീതികൂടി ഇല്ലാതാക്കുന്ന, കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത്, ഉന്നത വിദ്യാഭ്യാസ രംഗത്ത്, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതമുളവാക്കുന്ന ഒരു ബില്ലാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ആധ്യാത്മിക നഗരിയെന്ന് പേരുകേട്ട രാമേശ്വരത്തെ തെരുവോരങ്ങളിൽ പത്രം വിറ്റുനടന്നിരുന്ന പഠിക്കാൻ മിടുക്കനായ ഒരു ബാലൻ പിൽക്കാലത്ത് ലോകോത്തര സാങ്കേതിക വിദഗ്ദ്ധനും ശാസ്ത്രജ്ഞനും ഇന്ത്യയുടെ രാഷ്ട്രപതിയുമായി വാനോളം വളർന്നത് അഭിമാനത്തോടെ ഇന്നും ഓർക്കുന്നു. രമേശ്വരത്ത് ഉദിച്ച് ഷില്ലോംഗിൽ അസ്തമിച്ച എ.പി.ജെ. അബ്ദുൾകലാം

എന്ന സൂര്യതേജസ് രാമേശ്വരത്തിന്റെ മണ്ണിൽ തന്നെ ചരിത്രത്തിന്റെ ഭാഗമാകുന്ന സന്ദർഭത്തിലാണ് തീർത്തും യാദൃശ്ചികമായി കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ബിൽ ഈ സഭയിൽ ചർച്ചയ്ക്ക് വരുന്നത്. ഒരു മുസ്ലീം ആയി ജനിച്ച്, ഹൈന്ദവ ക്ഷേത്ര നഗരിയായ രാമേശ്വരത്ത് വളർന്ന്, ക്രൈസ്തവർ ദാനം നൽകിയ ഭൂമിയിൽ പടുത്തുയർത്തിയ ഐ.എസ്.ആർ.ഒ.യിൽ രണ്ട് പതിറ്റാണ്ട് ജോലി ചെയ്ത് വിശ്വമാനവികതയുടെ ജീവൽ പ്രതീകമായി കാലത്തിന്റെ മറുതീരത്തേയ്ക്ക് നടന്നു പോയ കലാം എന്ന ലോക പൗരന്റെ ഓർമ്മ നിലനിർത്താൻ പിറക്കാൻ പോകുന്ന സാങ്കേതിക സർവ്വകലാശാലയ്ക്ക് ആ മഹാരഥന്റെ പേരിടാൻ തീരുമാനിച്ചത് ഏറെ ഉചിതമായി. കേരള പിറവിക്ക് ശേഷമാണ് അന്നത്തെ ട്രാവൻകൂർ സർവ്വകലാശാല കേരള സർവ്വകലാശാലയായി രൂപാന്തരപ്പെടുന്നത്. 150 കോളേജുകൾ അഫിലിയേറ്റ് ചെയ്തുകൊണ്ടാണ് കേരള സർവ്വകലാശാല സ്ഥാപിക്കപ്പെട്ടത്. അതിനുശേഷം കോളേജുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് കോഴിക്കോട്, കൊച്ചി സർവ്വകലാശാലകൾ രൂപംകൊണ്ടു. 1982 ആയപ്പോഴേയ്ക്കും സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ എണ്ണം 5 ലക്ഷമായി വർദ്ധിച്ചു. അത്തരമൊരു സാഹചര്യത്തിലാണ് 1984-ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പിറവിയുണ്ടാകുന്നത്. വിദ്യാർത്ഥികളുടെ എണ്ണം വീണ്ടും പെരുകിയതിനെത്തുടർന്ന് കണ്ണൂർ

യൂണിവേഴ്സിറ്റിയും രൂപീകൃതമായി. കാലക്രമേണ സംസ്കൃത ഭാഷയുടെ പരിപോഷണത്തിനും മാനവിക വിഷയങ്ങളുടെ പരിപോഷണത്തിനും സംസ്കൃത സർവ്വകലാശാലയും നമ്മുടെ മാതൃഭാഷയുടെ വ്യാപനത്തിനും പുരോഗതിക്കും മലയാളം സർവ്വകലാശാലയും നിലവിൽ വരികയുണ്ടായി. മെഡിക്കൽ വിദ്യാഭ്യാസം അഭൂതപൂർവ്വമായ വളർച്ച നേടിയപ്പോൾ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റിയും നമ്മുടെ സംസ്ഥാനത്ത് യാഥാർത്ഥ്യമായി. ഇവയ്ക്കെല്ലാം പുറമേയാണ് കാർഷിക സർവ്വകലാശാലയും വെറ്ററിനറി സർവ്വകലാശാലയും ഫിഷറീസ് യൂണിവേഴ്സിറ്റിയും നിലവിൽ വന്നത് എന്നുകൂടി ചേർത്ത് വായിക്കേണ്ട തുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച അസൂയാവഹമായ പുരോഗതിയാണ് ഇത്തരമൊരു സാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണത്തിന് കളമൊരുക്കിയിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. ഈ സർക്കാർ അത് പൂർത്തീകരിച്ചിരിക്കുകയാണ്. ഇത്രയധികം യൂണിവേഴ്സിറ്റികൾ ആവശ്യമുണ്ടോ എന്ന സംശയം സ്വാഭാവികമായും ഉയർന്നുവന്നേക്കാം. ബന്ധപ്പെട്ട വിജ്ഞാനമേഖലകളിൽ ഗവേഷണവും ഗ്രാഹ്യമായ തുടർ പഠനങ്ങളും അനിവാര്യമാണെന്ന തിരിച്ചറിവാണ് സർവ്വകലാശാലകളുടെ വർദ്ധനവിന്റെ കാരണം. 1968-ലെ ദേശീയ വിദ്യാഭ്യാസ കമ്മീഷന്റെ ശിപാർശ

അനുസരിച്ച് ഒരു സർവ്വകലാശാലയിൽ മുപ്പതിൽ കൂടുതൽ കോളേജുകൾ അഫിലിയേറ്റ് ചെയ്യരുതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുപോലെ ഗജേന്ദ്ര ഗഡ്ഗർ കമ്മിറ്റിയുടെ ശിപാർശയിലും മുപ്പതിലധികം കോളേജുകൾ അഫിലിയേറ്റ് ചെയ്യുന്നത് യൂണിവേഴ്സിറ്റിയുടെ ഭരണപരമായ നടത്തിപ്പിന് തടസ്സം വരുമെന്ന് പറഞ്ഞിരുന്നു. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളിലെയും പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസ പഠനവകുപ്പും സംയോജിപ്പിച്ച് ഒരു ഓപ്പൺ യൂണിവേഴ്സിറ്റിയെക്കുറിച്ച് ആലോചനകളും സംസ്ഥാനത്ത് സജീവമായി നടന്നുവരികയാണ്. കോളേജു കൾക്ക് ഭരണ അക്കാഡമി സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്ന ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഭരിക്കുന്നവരുടെ ഇംഗിതത്തിനനുസരിച്ച് തുള്ളുന്ന ആശ്രിത സ്ഥാപനമാക്കി സാങ്കേതിക സർവ്വകലാശാലയെ മാറ്റുകയാണോ എന്നുള്ള സംശയം ചിലരിലെങ്കിലും ഉയർന്നുവന്നിട്ടുണ്ട്. സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റായി സർവ്വകലാശാല അധ:പതിച്ചുകൂടാ. എന്നാൽ അങ്ങനെയൊരു ദുര്യോഗം ഈ സർവ്വകലാശാലക്ക് സമീപ ഭാവിയിൽത്തന്നെ വന്നുകൂടായ്കയില്ല. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലെയും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ നികത്താൻ സർവ്വകലാശാലകൾ മുൻകയ്യെടുത്തുകൊണ്ട് ഒരു സർവ്വകലാശാല സർവ്വീസ്

കമ്മീഷനെ (University Service Commission) നിയമിക്കുന്നതിനെക്കുറിച്ച് സഗൗരവം ആലോചിക്കേണ്ടതാണ്. കേരളത്തിൽ അത്യയധികം സർവ്വകലാശാലകൾ ആയിക്കഴിഞ്ഞു. മുമ്പൊക്കെ രണ്ടോ മൂന്നോ സർവ്വകലാശാലകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത്തരമൊരു ഘട്ടത്തിൽ അവിടത്തെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി കൾക്ക് മാത്രമായി നടത്താമായിരുന്നു. പക്ഷേ ഇന്ന് സർവ്വകലാശാലകളുടെ എണ്ണം വളരെക്കൂടുതൽ വർദ്ധിച്ച് കഴിഞ്ഞിരിക്കുന്നു. കൊച്ചിൻ സർവ്വകലാശാലാ ബിൽ അവതരിപ്പിച്ചുകൊണ്ട് സി. എച്ച്. മുഹമ്മദ്കോയ സാഹിബ് നടത്തിയ ചരിത്ര പ്രധാനമായ പ്രസംഗത്തിൽ ഇടപെട്ടുകൊണ്ട് കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി മുന്നോട്ടുവച്ച നിർദ്ദേശവും കൂടിയാണ് ഇതെന്ന് ഞാൻ ഈ സന്ദർഭത്തിൽ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. അതിനിപ്പോൾ കൂടുതൽ പ്രസക്തിയുണ്ട്. യൂണിവേഴ്സിറ്റി സർവ്വീസ് കമ്മീഷനെക്കുറിച്ച് ഗവൺമെന്റ് സഗൗരവം ആലോചിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

കൊച്ചിൻ സർവ്വകലാശാല ശാസ്ത്രസാങ്കേതിക സർവ്വകലാശാലയാണ്. സി. എച്ച്. മുഹമ്മദ്കോയ ആണ് പ്രസ്തുത സർവ്വകലാശാലാ ബിൽ കേരള

നിയമസഭയിൽ അവതരിപ്പിച്ചത്. സംസ്ഥാന നിയമസഭ ചരിത്ര പ്രധാനമായ നിരവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. പക്ഷേ പലരും പരാമർശിക്കാതെപോയ ഒരു കാര്യം ഞാനിവിടെ അനുസ്മരിക്കുകയാണ്. കൊച്ചിൻ സർവ്വകലാശാലാ ബില്ലിന്റെ അവതരണത്തിൽ പങ്കെടുത്ത് ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി പണ്ഡിതോജ്ജ്വലമായ പ്രസംഗം നടത്തി. ആ പ്രസംഗത്തിനൊടുവിലാണ് സി.എച്ച്. മുഹമ്മദ്കോയ അദ്ദേഹത്തിനോട് ചോദിക്കുന്നത്, കുസാറ്റിന്റെ പ്രഥമ വൈസ് ചാൻസിലറാകാൻ അങ്ങേയ്ക്ക് സമ്മതമാണോയെന്ന്. അതിന് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി പറഞ്ഞത് എന്റെ മുന്നണിയോടും പാർട്ടിയോടും ചോദിക്കണമെന്നാണ്. മുന്നണിയും പാർട്ടിയും സമ്മതം കൊടുത്തു. അങ്ങനെ കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസ്ഥാനത്തിലെ ആദ്യത്തെ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ വൈസ് ചാൻസിലറുടെ കസേരയിൽ ഉപവിഷ്ടനായി. ഇതിന് സമാനമായ ഒരു ചരിത്രം ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ചൂണ്ടിക്കാണിക്കാൻ കഴിയില്ല. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളെല്ലാം മുഖവിലയ്ക്കെടുത്തുകൊണ്ടാണ് ഞാൻ ഈ ബിൽ തയ്യാറാക്കിയിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ടാണ് സി.

എച്ച്. മുഹമ്മദ്കോയ തന്റെ പ്രസംഗം ആരംഭിക്കുന്നത്. അങ്ങനെ മഹിതമായ ഒരു ചരിത്രം നമുക്കുണ്ട്. നമ്മുടെ പാർട്ടിയുമായി ആഭിമുഖ്യമുള്ള വരെയും മതസമുദായവുമായി അഫിലിയേറ്റ് ചെയ്ത് നിൽക്കുന്നവരെയും ഏതെങ്കിലും ഉന്നത സ്ഥാനത്ത് അവരോധിക്കാം. അതിൽ തെറ്റില്ല. പക്ഷേ അവർ സർവ്വ സ്വീകാര്യരായിരുന്നുവെന്ന് നാളെ സമൂഹം പറയണം. സഖാവ് ഇ.എം.എസ്. കേരളത്തിന്റെ മുഖ്യമന്ത്രിയും സി. എച്ച്. മുഹമ്മദ്കോയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആയിരുന്നപ്പോഴാണ് കാലിക്കറ്റ് സർവ്വകലാശാല നിലവിൽ വന്നത്. ആദ്യത്തെ വൈസ് ചാൻസിലറായി ഗനി സാഹിബിനെ നിയമിച്ചു. അതിനെ വിമർശിച്ച ആളുകൾ തന്നെ അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചപ്പോൾ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കണ്ട് അദ്ദേഹത്തിന്റെ കാലാവധി നീട്ടിക്കൊടുക്കണമെന്ന് പറഞ്ഞു. അതായിരുന്നു കേരളത്തിന്റെ ചരിത്രം. അങ്ങനെ ഒരാളെക്കുറിച്ച് ഇന്ന് പറയാൻ സാധിക്കാത്തത് എന്താണ്? എല്ലാ സമുദായങ്ങളിലും എല്ലാ പാർട്ടികളുമായി അഫിലിയേറ്റ് ചെയ്ത് നിൽക്കുന്നവരിലും ഗംഭീരന്മാരും യോഗ്യന്മാരുമായിട്ടുള്ള ആളുകളുണ്ട്. അവരെ പലപ്പോഴും നാം പരിഗണിക്കുന്നില്ല. നമ്മുടെ ആജ്ഞാനുവർത്തികളായി നിൽക്കുന്നവരെ പരിഗണിക്കാൻ തുനിഞ്ഞാൽ കാലിക്കറ്റ് സർവ്വകലാശാല യിലെയും കോട്ടയം സർവ്വകലാശാലയിലെയും വൈസ്

ചാൻസിലർമാരുടെ കസേരയിൽ ഇരുന്നവരെപ്പോലെയുള്ള ആളുകൾ നമ്മുടെ സംസ്ഥാനത്തെ വൈസ് ചാൻസിലർമാരുടെ കസേരയിൽ ഇരിക്കും. ഇത്തരമൊരു സാഹചര്യം ഒഴിവാക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇനിയെങ്കിലും ശ്രമിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്.

ഇംഗ്ലണ്ടിൽ 24 യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നു. എത്രയോ വർഷങ്ങൾക്കുമുമ്പുള്ള കഥയാണ്. അതിൽ മഹാഭൂരിപക്ഷവും വ്യവസായങ്ങൾക്ക് മുൻഗണന നൽകികൊണ്ടുള്ളതാണ്. ഓരോ വ്യാവസായിക മേഖലകളുടെ ഉന്നമനം ലാക്കാക്കി അവിടങ്ങളിലൊക്കെ സർവ്വകലാശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിക്ക് മാത്രമായി ബെർമിംഗ് ഹാമിൽ ഒരു സർവ്വകലാശാലയുണ്ട്. മെറ്റലിന്റെ നാനാവശങ്ങൾ സ്പെഷ്യലൈസ് ചെയ്യാൻ സ്ഥാപിതമായ ഷെഫീൾഡ് യൂണിവേഴ്സിറ്റി. ടെക്നോപാർക്കുമായും ഇൻഫോ പാർക്കുമായും വിവിധ സൈബർ സിറ്റികളുമായും നമ്മുടെ സർവ്വകലാശാലകളെയും കോളേജുകളെയും ബന്ധിപ്പിക്കുവാനുള്ള പ്രയത്നങ്ങളും ആസൂത്രിതമായിട്ടുള്ള നീക്കങ്ങളും ഭരണകർത്താക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ധാരാളം ഭേദഗതികൾ ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ നിർദ്ദേശിച്ചു. ശ്രീ. എം. എ. ബേബിയും ശ്രീ. റ്റി. വി. രാജേഷും ശ്രീ. ഇ. ചന്ദ്രശേഖരനും ഞാനും ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞ കാര്യങ്ങൾ

നിങ്ങൾ ഒരളവോളം അംഗീകരിച്ചു. പക്ഷേ അതിൽ ഇനിയും ചില ഭേദഗതികൾ അംഗീകരിക്കപ്പെടേണ്ട തായിട്ടുണ്ട്. ഈ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി നിലവിൽ വരുന്നതോടുകൂടി Constituent College-കൾ എന്നൊരു പുതിയ സംവിധാനം നമ്മുടെ സംസ്ഥാനത്ത് വരാൻ പോവുകയാണ്. നിലവിൽ നമ്മുടെ സർവ്വകലാശാലകളുടെ ഡിപ്പാർട്ടുമെന്റുകളിൽ നടത്തിവരുന്ന കോഴ്സുകൾ നടത്തുന്ന സംവിധാനത്തെ Constituent College എന്നാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ബില്ലിൽ വിവക്ഷിച്ചിരിക്കുന്നത്. മദ്രാസ് ഗവൺമെന്റ് സ്ഥാപിതമായ സന്ദർഭത്തിൽ ബ്രിട്ടീഷ് വിദഗ്ദ്ധന്മാർ ഈ Constituent College-കളെക്കുറിച്ച് ഒരു കാര്യം അഭിപ്രായപ്പെട്ടിട്ടുണ്ട്. അത് ഞാൻ ഈ സന്ദർഭത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. Constituent College-കളിൽ പോസ്റ്റ് ഗ്രാജ്വേഷനും ഗവേഷണവും മാത്രമേ നടത്താവൂ. ബി. ടെക് എഞ്ചിനീയറിംഗ് കോളേജുകൾ നമ്മുടെ സംസ്ഥാനത്ത് ഒട്ടനവധിയുണ്ട്. Constituent College-കളിൽ ഒരിക്കലും ബി.ടെക് കോളേജുകൾ ആരംഭിക്കരുത്. അവിടെ പോസ്റ്റ് ഗ്രാജ്വേഷനും ഗവേഷണവും മാത്രമേ നടക്കാവൂ. Constituent College-കൾ ഒരു കാരണവശാലും സെൽഫ് ഫിനാൻസിംഗ് മേഖലയിൽ ആകരുത്. അത് എയ്ഡഡ് മേഖലയിലാവണം. യൂണിവേഴ്സിറ്റിയുടെ

നിയന്ത്രണത്തിലാകണം. അങ്ങ് മലയാളം സർവ്വകലാശാല ബിൽ ഇവിടെ അവതരിപ്പിച്ചു. അതിന്റെ വൈസ് ചാൻസിലറായി ശ്രീ. ജയകുമാറിനെ നിയമിച്ചു. അവിടെ പോസ്റ്റ് ഗ്രാജ്വേഷന്റെ ഒരു സെമസ്റ്ററിന് ഈടാക്കുന്ന ഫീസ് കേവലം 900/- രൂപയാണ്. സർക്കാർ കോളേജുകളിൽ സെമസ്റ്ററിന് എത്ര ഫീസാണോ വാങ്ങുന്നത് അതുതന്നെ കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളിലും വാങ്ങാനുള്ള സാഹചര്യം ഉണ്ടാകണം. ബില്ലിൽ അതിനുവേണ്ടി പ്രത്യേകമായ നിർദ്ദേശം ഉണ്ടാകണം എന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. സിൻഡിക്കേറ്റിലും സെനറ്റിലും അക്കാദമിക് കൗൺസിലിലും നിശ്ചയമായും പ്രധാനപ്പെട്ട വ്യവസായികൾ, ടെക്നോക്രാറ്റുകൾ ഇവരെയൊക്കെ സഹകരിപ്പിക്കുന്നത് ഉചിതമാകും. ഇതൊരു ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആണെന്ന് ഈ ബില്ലിൽ ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. Technologically based, Industrially Oriented University എന്ന നിലയിലേക്ക് നമുക്ക് ഈ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. സർവ്വകലാശാലയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ ചില പോരായ്മകളുണ്ട്. ആ പോരായ്മകൾ പരിഹരിക്കാൻ അങ്ങ് ശ്രമിക്കും എന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഈ ബില്ലിൽ മറ്റു പല തസ്തികകളുടെയും പ്രോ-വൈസ്

ചാൻസിലറുടെയും യോഗ്യത പറയുന്നുണ്ട്. പക്ഷെ, വൈസ് ചാൻസിലറുടെ യോഗ്യത ഇതിൽ പറയുന്നില്ല. വൈസ് ചാൻസിലറുടെ യോഗ്യത പറയാതെ പോയാൽ, അങ്ങ് തന്നെ നിയമസഭയിൽ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞു. കേരളത്തിൽ യോഗ്യരല്ലാത്ത എത്ര സർവ്വകലാശാലാ വൈസ് ചാൻസിലർമാരുണ്ട് എന്ന ചോദ്യത്തിന് മറുപടിയായി മൂന്ന് വൈസ് ചാൻസിലർമാർ ഉണ്ടെന്ന് പറഞ്ഞു. അങ്ങ് പറഞ്ഞ പേരുകൾ ഞാൻ ഇവിടെ വീണ്ടും ആവർത്തിക്കുന്നില്ല. ഇനി വരാൻ പോകുന്ന വിദ്യാഭ്യാസ മന്ത്രിമാർക്ക് അത്തരമൊരു സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടി വരും. യോഗ്യതയില്ലാത്തവർ ടെക്നോളജിക്കൽ സർവ്വകലാശാലയിലെ വൈസ് ചാൻസിലറുടെ കസേരയിൽ ഇരിക്കുന്നു എന്ന് പറയിപ്പിക്കാതിരിക്കാൻ ഈ ബില്ലിൽ വൈസ് ചാൻസിലറുടെ യോഗ്യത നിഷ്കർഷിക്കണം; അദ്ദേഹത്തിന്റെ പ്രായം എത്രയെന്ന് നിഷ്കർഷിക്കണം. പ്രോ-വൈസ് ചാൻസിലർ, രജിസ്ട്രാർ എന്നിവരുടെ യോഗ്യതയും പ്രായവുമെല്ലാം ഈ ബില്ലിൽ നിർണ്ണയിച്ചിട്ടുണ്ട്. പക്ഷെ, വൈസ് ചാൻസിലറുടെ യോഗ്യതയോ പ്രായമോ ഈ ബില്ലിൽ നിശ്ചയിച്ചിട്ടില്ലായെന്നുള്ളത് വലിയ ന്യൂനതയാണ്. ഈ സ്ഥാനത്തേയ്ക്ക് ഏതെങ്കിലും ഒരാളെ കണ്ടുവച്ചിരിക്കുന്നു എന്ന് ആരെങ്കിലും ആക്ഷേപിച്ചാൽ അങ്ങേയ്ക്ക് ഉത്തരം പറയാൻ കഴിയുമോ? അത്തരം ഒരു

സംശയത്തിന്റെ പുകമറ അങ്ങയുടെ നേർക്ക് ഉണ്ടാകാതിരിക്കാൻ ഇതിൽ വ്യക്തമായിട്ടുള്ള ഒരു നിഷ്കർഷത ഉറപ്പുവരുത്തുന്നത് ഉചിതമാകുമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിന്റെ Board of Governors-ൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർ എന്നു പറയുന്നുണ്ട്; അവരിൽ രണ്ടുപേർ അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത അൺ എയ്ഡഡ് സ്വാശ്രയമേഖലയിൽ നിന്നും ആയിരിക്കേണ്ടതാണ് എന്നും പറയുന്നുണ്ട്. എയ്ഡഡ് മേഖലയിൽ ആകെ മൂന്ന് കോളേജുകളേയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 9 എഞ്ചിനീയറിംഗ് കോളേജുകളേയുള്ളൂ. എയ്ഡഡ് കോളേജുകൾ എന്നു പറയുന്നത് കേരളത്തിൽ മാത്രം സൃഷ്ടിപ്പെട്ട ഒരു സംവിധാനമാണ്. കേരളത്തിൽ പൊതു വിദ്യാഭ്യാസത്തിന്റെ അടിത്തറ പാകിയത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ്. പിന്നീട് അതിനുമേൽ മതനിരപേക്ഷതയുടെ ഒരു മഹാസൗധം തന്നെ പടുത്തുയർത്തുകയുണ്ടായി. ഈ എയ്ഡഡ് കോളേജുകളിലെ മാനേജർമാരിൽ ഒരാളെ എന്തുകൊണ്ട് Board of Governors-ലേക്ക് സെലക്ട് ചെയ്തുകൂടാ? നോമിനേഷനാണെങ്കിൽ അങ്ങനെ. നോമിനേഷൻ ആവരുത് എന്നുള്ളതാണ് ഞങ്ങളുടെ പൊതുവായിട്ടുള്ള അഭിപ്രായം. എയ്ഡഡ്

കോളേജിനെ പ്രതിനിധീകരിച്ച് ഒരു മാനേജരും വേണ്ട, എല്ലാം സെൽഫ് ഫിനാൻസിംഗ്. ആകെ മൂന്നെണ്ണം ഉള്ളതിൽ രണ്ടെണ്ണം സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളുടെ മാനേജർമാർ. ഒന്ന് സർക്കാർ നിയന്ത്രിത സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ മാനേജർ. അതുകൊണ്ട് നാലുപേർ എന്നാക്കി എയ്ഡഡ് കോളേജിനെ പ്രതിനിധീകരിക്കുന്ന ഒരു മാനേജരുംകൂടി Board of Governors-ൽ ഉണ്ടാവണം. അത് ഉറപ്പുവരുത്താൻ ശ്രദ്ധിക്കണം എന്നാണ് എനിക്ക് അങ്ങയോട് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാനുള്ളത്. കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളുടെ സ്വഭാവം എന്താണ്; അത് എയ്ഡഡ് ആകുമോ അതല്ല purely self financing ആകുമോ എന്നുള്ളതിനെക്കുറിച്ച് ആശങ്ക നിലനില്ക്കുന്നുണ്ട്.

29-ാമത്തെ പേജിൽ 16-ാമത്തെ ഉപവകുപ്പായി ചേർത്തിരിക്കുന്നത്, സ്വകാര്യ കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലെയും അദ്ധ്യാപകരുടെ പെരുമാറ്റച്ചട്ടം ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളും ജോലിഭാരവും പ്രവർത്തന മികവ് വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുക എന്നാണ്. Board of Governors-ന്റെ ചുമതലകൾ നിശ്ചയിച്ച് പറഞ്ഞിട്ടുള്ളയിടത്താണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്. ഇതിൽ നിന്നും

മനസ്സിലാക്കേണ്ടത് ഒരിക്കലും സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആവുകയില്ലായെന്നാണ്. എന്നാൽ മറ്റുചില സ്ഥലങ്ങളിൽ സെൽഫ് ഫിനാൻസിംഗ് കോളേജ് സംവിധാനമായിരിക്കും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിൽ നിലവിൽ വരിക എന്നുകൂടി പറയുന്നുണ്ട്. കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിൽ ഒരു കാരണവശാലും ഈ വൈരുദ്ധ്യം ഉണ്ടാകാൻ പാടില്ല. നമ്മുടെ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിലെ വിവിധ ഡിപ്പാർട്ടുമെന്റുകൾ സെൽഫ് ഫിനാൻസിംഗ് സംവിധാനത്തിലല്ല പ്രവർത്തിക്കുന്നത്; അവയൊക്കെ സർക്കാർ കോളേജുകളെപ്പോലെയാണ് പ്രവർത്തിക്കുന്നത്. ആ ഒരു സംവിധാന ത്തിൽ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളെ ഉൾപ്പെടുത്തുവാൻ ഈ ബില്ലിൽ വ്യവസ്ഥകൾ ഉണ്ടാകണമെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ ഇതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. കാരണം, ഇവിടെ ശ്രീ. എം. എ. ബേബിയും ശ്രീ. റ്റി. വി. രാജേഷും ഇതിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് അഭിപ്രായപ്പെടുകയുണ്ടായി. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഏറ്റവും കൂടുതലുള്ള ഒരു സർവ്വകലാശാലയാണ് വരാൻ പോകുന്നത്. ആളുകളെ സംബന്ധിച്ചിടത്തോളം ഒരുപാട് ആശങ്കകൾ നിലനില്ക്കുന്നുണ്ട്. ഓട്ടോണമസ് കോളേജിന്റെ ബിൽ ഈ സഭയിൽ അവതരിപ്പിച്ചു. വലിയ വാദപ്രതിവാദങ്ങൾ

നടക്കുകയുണ്ടായി. അന്ന് ഞങ്ങൾ പറഞ്ഞ ഒരു കാര്യം, എയ്ഡഡ്/ഗവൺമെന്റ് കോളേജ് ഓട്ടോണമസ് കോളേജ് ആക്കുമ്പോൾ അവിടെ ഒരു കാരണവശാലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കാൻ പാടില്ലായെന്നാണ്. എറണാകുളം മഹാരാജാസ് കോളേജ് ഓട്ടോണമസ് കോളേജ് ആക്കുന്നതിനെ തിരായി വളരെ ശക്തമായിട്ടുള്ള സമരം നടന്നു. അവസാനം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അറിവോടെ സമരം രമ്യതയിലെത്തി. അതെങ്ങനെയാണ്? മഹാരാജാസ് കോളേജിൽ ഒരു കാരണവശാലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ഓട്ടോണമസ് സംവിധാനത്തിൽ തുടങ്ങുകയില്ല എന്നുള്ളതാണ്. അത് നല്ല കാര്യമാണ്. ക്രിയാത്മകമായി അത്തരത്തിലുള്ള നിലപാടുകളിലേക്ക് വരുന്നത് സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. ആ ഒരു തീരുമാനം ഇക്കാര്യത്തിലും ഉണ്ടാവണം. ഈ ബില്ലിലും ഓട്ടോണമസ് കോളേജുകൾ കൊടുക്കുന്നതിനെ ക്കുറിച്ച് പരാമർശമുണ്ട്. നമ്മുടെ സംസ്ഥാനത്ത് മറ്റു സർവ്വകലാശാല നിയമങ്ങളൊക്കെ ഭേദഗതി ചെയ്ത് പുതിയ ഓട്ടോണമസ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം ഉൾപ്പെടുത്തുകയുണ്ടായി. ഈ ബില്ലിൽ നിലവിലുള്ള ഓട്ടോണമസ് കോളേജിന്റെ വ്യവസ്ഥകൾ തന്നെയാണോ ബാധകമാവുക എന്ന് വ്യക്തമായും പറയേണ്ടതുണ്ട്. അത് അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറയും എന്ന് ഞങ്ങൾ

പ്രതീക്ഷിക്കുന്നു. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി, The first Education Minister of Kerala became the first Vice Chancellor of CUSAT. അങ്ങനെ മഹിതമായ ഒരു പാരമ്പര്യം നിലനില്ക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള വലിയ പോസ്റ്റുകളിൽ പ്രതിപക്ഷത്തുനിന്നും യോഗ്യതയുള്ള ആളുകളെ അവരോധിക്കാൻ ഓരോ കാലത്തും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർക്ക് കഴിയണം. 1952-ലാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിലവിൽ വന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയും അബുൽ കലാം ആസാദ് ഇൻഡ്യയുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായിരുന്ന കാലത്ത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ചെയർമാന്റെ സ്ഥാനത്തേയ്ക്ക് ഇടതുപക്ഷ സഹയാത്രികനായ, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മെമ്പർഷിപ്പുള്ള ഒരാളെയാണ് നെഹ്റു നോമിനേറ്റ് ചെയ്തത്. 1972-ൽ ഇന്ദിരാഗാന്ധിയുടെ കാലത്ത് Historical Research Council രൂപീകരിക്കപ്പെട്ടു. ഡോ. ആർ. എസ്. ശർമ്മ എന്ന ഇടതുപക്ഷ സഹയാത്രികനെ യാണ് അന്ന് ആ പദവിയിലേയ്ക്ക് ഇന്ദിരാഗാന്ധി നിയമിച്ചത്. അതിനുശേഷം കോൺഗ്രസ്സ് ഭരിച്ച ഘട്ടങ്ങളിലൊക്കെത്തന്നെ ഇടതുപക്ഷ ബുദ്ധിജീവികളെയും ഇടതുപക്ഷ ചരിത്ര പണ്ഡിതന്മാരേയുമാണ് ആ സ്ഥാനങ്ങളിൽ നിലനിർത്തിയത്. ഇത് എന്തുകൊണ്ടാണ്? അത്തരം മതനിരപേക്ഷമായി കാര്യങ്ങൾ

നോക്കിക്കാണുവാനും രാജ്യത്തിന്റെ ചരിത്രരചന നിർവ്വഹിക്കുവാനും അവർക്കേ കഴിയൂ എന്നുള്ള ഉത്തമ ബോധ്യം അന്നത്തെ ആളുകൾക്കുണ്ടായിരുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നു വന്നിട്ടുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ അങ്ങ് പരിഗണിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഒരവസരം വരികയാണെങ്കിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയെപ്പോലെ ഒരു ത്യാഗത്തിന് അങ്ങ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ആരായിരുന്നു; ഈ വാലറ്റത്ത് നില്ക്കുന്ന ഞങ്ങളൊന്നും അതിന് യോഗ്യരല്ല. പക്ഷെ, ഉമ്മർ സാഹിബേ ആ മഹാരഥന്മാർ ഇരുന്ന സഭയിലാണ് നമ്മൾ ഇരിക്കുന്നത്; അവരെക്കുറിച്ച് അഭിമാനത്തോടെ പറയാനെങ്കിലും നമുക്ക് കഴിയേണ്ടതുണ്ട് എന്ന് ഞാൻ അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്. ഞങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള ഈ നിർദ്ദേശങ്ങൾ അങ്ങ് മുഖവിലയ്ക്കെടുക്കും എന്നുള്ള വിശ്വാസത്തോടെ ഞാൻ നിർത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ബില്ലുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ഏതാനും കാര്യങ്ങൾ അംഗീകരിച്ചു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്.

എന്നാൽ ഈ സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സംബന്ധിച്ച ചർച്ച നടക്കുമ്പോൾ ഏറ്റവും പ്രധാനമായി ഇവിടെ എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ അതിൽ ജനാധിപത്യപരമായി സ്വീകരിക്കേണ്ട സമീപനങ്ങൾ പലതും സ്വീകരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല, ബിൽ അവതരിപ്പിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല എന്നതാണ് പ്രധാനപ്പെട്ട ഒരു വിഷയം. ജനാധിപത്യ രാഷ്ട്രത്തിൽ ആദ്യമായി ജനാധിപത്യവത്ക്കരിക്കേണ്ടത് വിദ്യാഭ്യാസ രംഗമാണ്. വിദ്യാഭ്യാസ സംവിധാനത്തെ ജനാധിപത്യപരമായ രീതിയിൽ സംവിധാനം ചെയ്യാതെ മറ്റെല്ലാകാര്യങ്ങളും നടപ്പാക്കാമെന്ന് തീരുമാനിച്ചാൽ പ്രായോഗിക മാകുന്ന കാര്യമല്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഗവേണിംഗ് ബോഡി, നിർവ്വാഹക സമിതി, അക്കാഡമിക് സമിതി, ഗവേഷണ കൗൺസിൽ തുടങ്ങിയവയെല്ലാം സർക്കാർ നാമനിർദ്ദേശം ചെയ്യുകയാണ്. പിന്നീട് നടന്ന ചർച്ചകൾക്കുശേഷമാണ് വിദ്യാർത്ഥി പ്രതിനിധികളുൾപ്പെടെയുള്ളവർ ഇതിൽ വരുന്നത്. എന്നാൽ ഇപ്പോഴും ഇത് സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവരുടെ നിയന്ത്രണത്തിൽ നിൽക്കുന്ന ഒരു സംവിധാനമെന്ന നിലയ്ക്കാണ് കൊണ്ടുപോകുന്നത്. വ്യവസായ പ്രമുഖരും സ്വകാര്യ മാനേജ്മെന്റിന്റെ പ്രതിനിധികളുമെല്ലാം ഉൾക്കൊള്ളുന്ന ഗവേണിംഗ് ബോഡി. സ്വകാര്യ മേഖലയുടെ

അല്ലെങ്കിൽ സ്വാശ്രയ കോളേജ് നടത്തിപ്പുകാരുടെ സ്വകാര്യ മൂലധനത്തിന്റെ നിയന്ത്രണത്തിന് വിധേയമായി ആ സർവ്വകലാശാലയേയും അതിന്റെ കാര്യങ്ങളേയും നീക്കിക്കൊണ്ട് പോകാൻ അത്തരമൊരു സംവിധാനം ഇടവരുത്തില്ലേ എന്ന ആശങ്കയാണ് ഇവിടെ പ്രധാനമായി ഉന്നയിക്കപ്പെട്ട വിഷയം. നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖല കടുത്ത പ്രതിസന്ധിയിലാണ്. ആ പ്രതിസന്ധി ഓരോന്നുമെടുത്ത് നോക്കിയാൽ കാണാൻ കഴിയുന്നത് നമ്മുടെ നിലവിലുള്ള സർവ്വകലാശാലകളുടെ ഭരണപരമായ കാര്യങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. ബി.ടെക്. പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാല യിലെ വി.സി.-ക്കും മറ്റ് മൂന്നുപേർക്കുമെതിരായി കേസെടുക്കാൻ വിജിലൻസ് മുന്നോട്ടുവന്നിരിക്കുകയാണ്. അതിന് കോടതി ഉത്തരവിട്ടിരിക്കുന്നു. വെറ്ററിനറി സർവ്വകലാശാലയിലെ ദുസ്സഹമായ രീതിയിലുള്ള ഫീസ് വർദ്ധനയ്ക്കും സ്വേച്ഛാപരമായ നടപടിക്കുമെതിരെ ദീർഘകാലമായി വിദ്യാർത്ഥികളും അദ്ധ്യാപകരും യോജിച്ചുകൊണ്ടുള്ള വലിയ പ്രക്ഷോഭങ്ങൾ നടന്നുവരികയാണ്. കണ്ണൂർ സർവ്വകലാശാലയ്ക്ക് NAAC അക്രഡിറ്റേഷൻ ഇല്ലാത്തതിനാൽ റൂസ ധനസഹായംപോലും നഷ്ടമായി എന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അത് ബഹുമാന്യനായ മന്ത്രി

ഉൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിച്ചി ട്ടുള്ള കാര്യമാണ്. അടിസ്ഥാന സൗകര്യവും പഠന നിലവാരവും ശരാശരിയായാൽ പ്പോലും 'ബി' ഗ്രേഡ് ലഭിക്കുമെന്നിരിക്കെ ഈ സ്ഥാപനം ആ നിലയിൽപ്പോലും ഉയർന്നുവന്നിട്ടില്ല എന്നതാണ് വസ്തുത. ആരോഗ്യ സർവ്വകലാശാലയിലെ രജിസ്ട്രാർ കൈക്കൂലി വാങ്ങിയ കേസ്സിൽ അറസ്റ്റിലായിരിക്കുന്നു. സർക്കാർ രാഷ്ട്രീയ-സാമുദായിക പരിഗണന മാത്രം മാനദണ്ഡമാക്കി വൈസ് ചാൻസലർ നിയമനം നടത്തിയതുകാരണം സംസ്ഥാനത്തെ 9 വി.സി-മാർ യോഗ്യത യില്ലാത്തവരാണെന്ന അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്ന സാഹചര്യ ത്തിലാണ് ഒരു പുതിയ സർവ്വകലാശാലയെക്കുറിച്ച് നമ്മൾ ആലോചിക്കുന്നതും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നതും. അത്തരമൊരു ശാസ്ത്ര സാങ്കേതിക സംബന്ധമായ നയരൂപീകരണം സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതും പുതിയ സർവ്വകലാശാലയുടെ ലക്ഷ്യങ്ങളായി കാണിച്ചിരിക്കുന്നു. ഈ ലക്ഷ്യം നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടായിരിക്കാം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കുള്ള പ്രവേശന രീതിയിൽ മാറ്റം വരുത്തിയത്. നേരത്തേ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രവേശന പരീക്ഷയെഴുതിയ ഏതൊരു വിദ്യാർത്ഥിക്കും മൈനസ് മാർക്കാണ് ലഭിച്ചതെങ്കിൽപ്പോലും പ്രവേശനം ലഭിക്കാൻ കഴിയുന്ന

സാഹചര്യം ഇന്നത്തെ പുതിയ രീതിയിലുണ്ടായിരിക്കുന്നു. നേരത്തേയുണ്ടാ യിരുന്ന മിനിമം മാർക്കിന്റെ കാര്യത്തിൽ കുറവ് വരുത്തിയിരിക്കുന്നു. മാത്രമല്ല ഫിസിക്സ്, മാത്തമാറ്റിക്സ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ മിനിമം മാർക്ക് ഇത്രയുണ്ടാകണമെന്ന് നേരത്തേ നിർദ്ദേശിച്ചിരുന്നത് ഇപ്പോൾ ഏതെങ്കിലുമൊന്നിൽ പൂജ്യം മാർക്കായാൽപ്പോലും ശരാശരി 45 മാർക്കുണ്ടായാൽ പ്രവേശനം നൽകണമെന്ന് പറയുന്ന അവസ്ഥയുണ്ടായിരിക്കുന്നു. സ്വാശ്രയ കോളേജുകളുടെ സ്ഥിതിയാണെങ്കിൽ പകുതി സീറ്റുകളിൽപ്പോലും ആളുകൾ ചേരാത്ത സാഹചര്യമാണ്. കേരളത്തിലാകെയുള്ള സ്വാശ്രയ കോളേജുകളുടെ എണ്ണമൊക്കെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ വർഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ 24676 സർക്കാർ സീറ്റുകളിൽ 12000 സീറ്റുകളും 21946 മാനേജ്മെന്റ് സീറ്റുകളിൽ 18000 സീറ്റുകളും ഒഴിഞ്ഞുകിടന്ന പശ്ചാത്തലത്തിലാണ് ഇപ്പോൾ പുതിയ സർവ്വകലാശാലയും അതുമായി ബന്ധപ്പെട്ട് സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൂടുതൽ സ്വാധീനം ചെലുത്താൻ കഴിയുന്ന വിധത്തിലുമുള്ള ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കാൻവേണ്ടിയുള്ള നീക്കം നടക്കുന്നത്. മാർക്ക് ഇളവ് മാനേജ്മെന്റ് സീറ്റുകൾക്കുമാത്രമാണ്. ഇതുവഴി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾ 200 കോടിയിൽപ്പരം രൂപയുടെ അധിക വരുമാനമാണ്

ഉണ്ടാക്കിയിരിക്കുന്നത്. മാർക്ക് ഇളവ് നൽകിയത് ആർക്കുവേണ്ടിയാണെന്ന് വളരെ വ്യക്തമായി മനസ്സിലാകും. ഓരോ ഘട്ടത്തിലായി സർക്കാർ സ്വീകരിക്കുന്ന സമീപനങ്ങളുടെയും നടപടികളുടെയും ഭാഗമായി യഥാർത്ഥത്തിൽ നമ്മുടെ നാട്ടിലെ പ്രൊഫഷണൽ കോളേജുകളെക്കുറിച്ചുള്ള സങ്കല്പങ്ങൾ, പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കോളേജുകളെക്കുറിച്ചുള്ള ധാരണകളിലൊക്കെത്തന്നെ വലിയ മാറ്റം വരുത്തുന്നതിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ നിലവാരമുയർത്താനായി സാങ്കേതിക ശാസ്ത്ര സർവ്വകലാശാല രൂപീകരിക്കുന്നത് പ്രയോജനകരമാകണം എന്നതാണ് കാഴ്ചപ്പാടെങ്കിലും ദേശീയ വിജ്ഞാന കമ്മീഷൻ എഞ്ചിനീയറിംഗ് രംഗത്തെ പരിതാപകരമായ സ്ഥിതി പരിഹരിക്കാനായി ശിപാർശ ചെയ്തത് ശാസ്ത്ര വിദ്യാഭ്യാസവും എഞ്ചിനീയറിംഗ് വിദ്യാഭ്യാസവും സമന്വയിപ്പിക്കണമെന്നതാണ്. അതിനുള്ള സംവിധാനം വേറെ ഇവിടെ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇവിടെ പുതിയൊരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്ന രീതിയിൽ ഇത് നടപ്പാക്കാനാണുദ്ദേശിക്കുന്നത്. ഒന്ന്, വിദ്യാഭ്യാസമേഖല പരിഷ്ക്കരിക്കാനും ശാക്തീകരിക്കാനുമുള്ള ശിപാർശ നൽകാനായി രൂപീകരിച്ച യശ്പാൽ കമ്മിറ്റി പ്രസ്താവിച്ചത് ഇത്തരത്തിലുള്ള ഏക വിജ്ഞാനമേഖലാ സ്ഥാപനങ്ങൾ വളരെ പരിമിതമായ അർത്ഥത്തിൽ വിദഗ്ധരായ

എഞ്ചിനീയർമാരെയും ഡോക്ടർമാരെയും സൃഷ്ടിക്കാനാണ് വഴിവയ്ക്കുന്നത് എന്നാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് ഒരു ആലോചന നടത്താനും ഇതുസംബന്ധമായ വിഷയങ്ങൾ ചർച്ചചെയ്യുമ്പോൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് വന്നുകൊണ്ടിരിക്കുന്ന തിരിച്ചടികൾ, അപചയങ്ങൾ, പോരായ്മകൾ എന്നിവ സംബന്ധിച്ച് പരിശോധിക്കാനും നടപടി സ്വീകരിക്കാനുമുള്ള സംവിധാനമുൾപ്പെടെ നമുക്കുണ്ടാകണം. അതുപോലെ സ്വാശ്രയ കോളേജുകൾ മഹാഭൂരിപക്ഷവും ഈ പറയുന്ന സർവ്വകലാശാലയിൽ ഉണ്ടെന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട വിഷയമാണ്. അത്തരം സ്വാശ്രയ കോളേജുകളുടെ എണ്ണം ഇനിയും വർദ്ധിക്കാനുള്ള സാധ്യത തീർച്ചയായുമുണ്ട് എന്നുള്ളത് നമുക്കറിയാവുന്ന കാര്യമാണ്. ഇപ്പോൾ നിലവിലുള്ളവയിൽ ആവശ്യമായ വിദ്യാർത്ഥികളെ ലഭിക്കാത്തതു സംബന്ധിച്ച വിഷയങ്ങളാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഇത്തരമൊരു സർവ്വകലാശാല അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോൾ നിയമനവും വിദ്യാർത്ഥി പ്രവേശനവും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ആവശ്യമായ സംവരണം നടപ്പിലാക്കുമെന്നുള്ളത് ഉറപ്പുവരുത്താൻ, അതിന്റെ ഉത്തരവാദിത്തം ഈ സർക്കാരിൽ നിക്ഷിപ്തമാവുന്ന വിധത്തിൽ അല്ലെങ്കിൽ സർവ്വകലാശാലയുടെ നിയന്ത്രണത്തിന് വിധേയമായി നടക്കുന്ന വിധത്തിലാക്കണം എന്നതാണ് ഈ

സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. വിദ്യാർത്ഥി പ്രവേശനത്തിന്റെ കാര്യത്തിൽ പലപ്പോഴും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്വാശ്രയ കോളേജുകളാണ് മഹാഭൂരിപക്ഷവും ഇവിടെയുള്ളതെന്ന് പറയുമ്പോൾ പണത്തിന്റെ കനംകൊണ്ടുമാത്രം അല്ലെങ്കിൽ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ മാത്രം പ്രവേശനം ലഭിക്കുന്ന സാഹചര്യമുണ്ടാകും. അവിടെ നടക്കുന്ന മെറിറ്റും സംവരണവും നടപ്പിൽ വരുത്തുക എന്നത് പ്രാവർത്തിക മാക്കാൻ കഴിയാത്ത സാഹചര്യമാണ് വന്നുചേരുന്നതെന്ന് കാണാൻ കഴിയും. സർവ്വകലാശാലകളിൽ ഗവേഷണമാണല്ലോ പ്രധാനം. ആ ഗവേഷണ വിഷയങ്ങളിൽ നിലവിലുള്ള സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാലയുൾപ്പെടെ പ്രത്യേകിച്ച് നമ്മുടെ കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള സർവ്വകലാശാലകളിൽ ഇക്കാലമത്രയും നടത്തിയ ഗവേഷണങ്ങളിൽ പുതിയ കണ്ടെത്തലുകൾ, പുതിയ നിഗമനങ്ങൾ അല്ലെങ്കിൽ നമ്മുടെ സമൂഹത്തിന് പുതിയ സംഭാവനകൾ നൽകാൻ എത്രമാത്രം കഴിഞ്ഞുവെന്നത് സംബന്ധിച്ചുള്ള പരിശോധനയും ഇത്തരം സന്ദർഭത്തിൽ അനിവാര്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിദ്യാർത്ഥികളുടെമേൽ നിയന്ത്രണം ഏർപ്പെടുത്താൻ സർക്കലാശാലയ്ക്കും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികളുടെമേൽ അങ്ങനെയുള്ള

കോളേജുകൾ മുഖേനെയും നിയന്ത്രണം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതുകൊണ്ടാണ് ഒരു ജനാധിപത്യ സംവിധാനത്തിൽ ഏറ്റവും ആദ്യമായി ജനാധിപത്യവൽക്കരിക്കേണ്ടത് വിദ്യാഭ്യാസ രംഗത്തെയാണെന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചത്. ജനാധിപത്യ വ്യവസ്ഥ അനുവദിക്കുന്ന സംഘടനാപ്രവർത്തനം വിദ്യാർത്ഥികൾക്ക് ഭരണഘടന നൽകുന്ന മൗലികാവകാശമാണ്. അത് നടപ്പിലാക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അത്തരം ക്യാമ്പസ്സുകൾ അരാജകത്വത്തിലേയ്ക്കോ മതജാതി വർഗ്ഗീയ സംഘടനകളുടെ നിയന്ത്രണത്തിലേയ്ക്കോ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ നയിക്കപ്പെടുന്നുവെന്നതും കാണാൻ കഴിഞ്ഞിട്ടുള്ള കാര്യമാണ്. അത്തരമൊരു സാഹചര്യമില്ലാതിരിക്കാൻ വളരെ ബോധപൂർവ്വമായി നമ്മുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകണം. വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് സബ്ജക്ട് കമ്മിറ്റി ചർച്ചയ്ക്കുശേഷം തീരുമാനമായി എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അതുകൊണ്ടുമാത്രമായില്ല, ഈ സർവ്വകലാശാലയ്ക്കകത്ത് ജനാധിപത്യപരമായി വിദ്യാർത്ഥികൾക്ക് അവരുടെതായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനും അവർക്ക് അതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കഴിയുന്ന സാഹചര്യം ഉണ്ടാകണം. സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനം രാഷ്ട്രീയവൽക്കരണമാണ്.

ജനാധിപത്യ മതേതര മൂല്യങ്ങളിലൂന്നിയ സമൂഹം സൃഷ്ടിക്കാൻ ക്യാമ്പസ്സിൽ വിദ്യാർത്ഥി സംഘടനാ സ്വാതന്ത്ര്യം അനുവദിക്കേണ്ടത് അനിവാര്യമാണ്. ഭരണ ഘടനാ വിരുദ്ധമായ ഈ വകുപ്പ് ബില്ലിൽനിന്നും ഒഴിവാക്കണം. നേരത്തെ ഈ ബില്ലിൽ ഉണ്ടായിരുന്നതാണ്. അക്കാര്യങ്ങൾ ഒഴിവാക്കിയേ മതിയാകൂ, ഈ നിലയിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഈ ബിൽ പാസാക്കിയെടുക്കാനുള്ള ശ്രമം നടക്കുമ്പോൾതന്നെ ചൂണ്ടിക്കാണിക്കാനുള്ള ഒരു കാര്യം, ഒട്ടേറെ കാര്യങ്ങളിൽ ഇപ്പോഴും ആശങ്കകൾ നിലനിൽക്കുന്നുവെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ ആശങ്കകൾ ദൂരീകരിക്കത്തക്കവിധത്തിൽ ഇവിടെ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ വ്യക്തമായ ഒരു ധാരണയിൽ എത്തിച്ചേരാനും കുറവുകൾ പരിഹരിക്കാനും ആവശ്യമായ നടപടി ഉണ്ടാകണമെന്നുമാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. വി.റ്റി. ബൽറാം</u>: സർ, "സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ)നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു".

ഇന്ത്യയുടെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസം നമ്മുക്കൊക്കെ നേരിട്ട്

അനുഭവമുള്ളതാണ്. 1947 ഓഗസ്റ്റ് 15-ന് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ലോകത്തിന്റെ നെറുകയിലേയ്ക്ക് മാത്രമല്ല ഒരുപക്ഷേ ഭൂഗോളത്തിന്റെ അതിരുകൾക്കും അപ്പുറത്തേയ്ക്കാണ് ഭാരതം വളർന്നത്. സൗരയൂഥത്തിലെ അനന്ത ഗ്രഹങ്ങളെ തേടി പോകാൻ ഭാരതത്തിന് കരുത്തുപകർന്നത് ശാസ്ത്രത്തിന്റെയും സാങ്കേതിക ശാസ്ത്രത്തിന്റെയും മേഖലയിൽ നമ്മൾ കൈവരിച്ച നേട്ടങ്ങളാണ്. ഇത്തരത്തിലുള്ള നേട്ടങ്ങൾക്കുപിറകിൽ പ്രവർത്തിച്ച ധിഷണാശാലികളും ദീർഘദർശികളുമായിട്ടുള്ള നിരവധി ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദഗ്ദ്ധരും ഭരണാധികാരികളും നയരൂപകർത്താക്കളും ഈ രാജ്യത്ത് ഉണ്ടായിരുന്നുവെന്നുള്ളത് നമുക്കൊക്കെ സൗഭാഗ്യമാണ്, ഒരു അനുഗ്രഹമാണ്. ആ വലിയ മനുഷ്യരുടെ നിലയിലുള്ള ലോകം മുഴുവൻ ആദരിക്കുന്ന ഒരു സാങ്കേതിക വിദഗ്ദ്ധൻകൂടിയായിരുന്നു ഇന്നലെ അന്തരിച്ച ഇന്ത്യയുടെ മുൻ പ്രഥമപൗരനായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം എന്നത് നമുക്കെല്ലാവർക്കും ഓർമ്മയുണ്ട്. അദ്ദേഹത്തിന്റെ സ്മരണകൾ ഈ ഹാളിനകത്തും രാജ്യത്തെമ്പാടും തിങ്ങിനിൽക്കുന്ന ഇത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ തന്നെയാണ് സന്ദർഭവശാൽ ഈ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ചർച്ച നിയമസഭയ്ക്കകത്ത് നടക്കുന്നുവെന്നുള്ളത് ഒരു യാദൃശ്ചികത മാത്രമായിരിക്കാം. പക്ഷേ ഈ മുഹൂർത്തത്തിന്റെ പ്രാധാന്യം

ശരിയായ രീതിയിൽ ഉൾക്കൊണ്ട് പ്രത്യേകിച്ച്, തന്റെ ജന്മനാടായ തമിഴ്നാടിനുശേഷം കേരളവുമായി ഏറ്റവും അടുത്ത ബന്ധം പുലർത്തിയിരുന്ന ഡോ.എ.പി.ജെ. അബ്ദുൾ കലാം ഏറ്റവും കൂടുതൽകാലം ചെലവഴിച്ചതും ഏറ്റവും ആഴത്തിൽ മനസ്സിലാക്കിയതും ഏറ്റവും കൂടുതൽ തന്റെ സ്വപ്നങ്ങളിൽ ഇടം നൽകിയതുമായ കേരളത്തിൽ ഒരു സാങ്കേതിക സർവ്വകലാശാല രൂപീകൃതമാകുമ്പോൾ അതിന് ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരുതന്നെ നാമകരണമായി നൽകാനുള്ള ഏറ്റവും ഉചിതമായി തീരുമാനമെടുത്ത ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഈ ബിൽ പൈലറ്റ് ചെയ്ത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഞാൻ സാന്ദർഭികമായി അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. എല്ലാവരും നിറഞ്ഞ മനസ്സോടുകൂടി ആ തീരുമാനത്തെ ഉൾക്കൊള്ളേണ്ടതായിരുന്നു. പക്ഷേ അത്തരത്തിലുള്ള ഒരു നിർദ്ദേശം ഇവിടെ ഉയർന്ന വേളയിൽപോലും ദൗർഭാഗ്യകരമായ ചില പരാമർശങ്ങൾ സഭാതലത്തിൽ ഉണ്ടായി എന്നുള്ളത് ഒഴിവാക്കപ്പെടേണ്ടതായിരുന്നു എന്നാണ് എന്റെ വിനീതമായ അഭിപ്രായം. പുതിയതായി പിറക്കാനിരിക്കുന്ന ഈ സർവ്വകലാശാലയ്ക്കാണോ നിലവിൽ പ്രവർത്തിച്ചുവരുന്ന നമ്മുടെ കുസാറ്റിനാണോ അദ്ദേഹത്തിന്റെ പേര് നൽകുന്നതെന്ന തരത്തിലുള്ള ഒരു വിവാദമോ അത്തരത്തിലുള്ള ചില

അഭിപ്രായപ്രകടനങ്ങളോ എല്ലാവരും ഒഴിവാക്കിയിരുന്നുവെങ്കിൽ അത് കൂടുതൽ ഉചിതമാകുമായിരുന്നുവെന്നുമാത്രമാണ് ഈയവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്ത്യയുടെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഡോ. എ. പി. ജെ. അബ്ദുൾ കലാം കടന്നുവരുന്ന അവസരത്തിൽ ഇത്തരത്തിലുള്ള എതിർപ്പുകളും ചില ഭാഗങ്ങളിൽനിന്നും ഉയർന്നിരുന്നുവെന്ന് സാന്ദർഭികമായി ഓർത്തുപോകുകയാണ്. ഏതായാലും അദ്ദേഹത്തിന്റെ നാമധേയത്തിൽ 'ഡോ.എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി കേരള' എന്ന പേരിൽ ഒരു സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നമുക്ക് ഉണ്ടാകുക എന്നുപറയുന്നത് ഓരോ മലയാളിക്കും സ്വപ്നം കാണാനുള്ള കരുത്ത് പകരുന്ന ഒരു തീരുമാനമാണ് എന്നുള്ളത് ഏവരും അംഗീകരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ നിയമം ആദ്യമായി നിയമസഭയിൽ ചർച്ചയ്ക്ക് വന്നപ്പോഴും ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമോ വേണ്ടയോ എന്ന പ്രമേയം ചർച്ച ചെയ്തപ്പോഴും അതിലും പങ്കെടുത്ത് സംസാരിക്കാൻ ഭാഗ്യം ലഭിച്ച ഒരു വ്യക്തിയാണ് ഞാൻ. അന്ന് ഡ്രാഫ്റ്റ് നിയമത്തെക്കുറിച്ചുള്ള പല തരത്തിലുള്ള ആശങ്കകളും എതിർ അഭിപ്രായങ്ങളും നമുക്കെല്ലാവർക്കും പറയേണ്ടതായിവന്നു. ഈ ഡ്രാഫ്റ്റ് ബിൽ വേണ്ടത്ര ജനാധിപത്യപരമല്ല എന്നുള്ള ആക്ഷേപമാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു പോരായ്മയായി ആ ഘട്ടത്തിൽ

ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നത്. വളരെയധികം അധികാരങ്ങൾ വൈസ് ചാൻസലർ എന്നുപറയുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാകുന്നു. ഒരു ജനാധിപത്യ സമൂഹത്തിന്റെ വൈജ്ഞാനിക രംഗത്തെ മുന്നോട്ടുകൊണ്ടുപോകാൻ നിയുക്തമായ സാങ്കേതിക ശാസ്ത്ര സർവ്വകാലാശാല ആ അർത്ഥത്തിലുള്ള ജനാധിപത്യ സ്വഭാവം അതിന്റെ വ്യത്യസ്ത സമിതികളിൽ ഉൾക്കൊള്ളുന്നില്ലായെന്ന ഒരു ആക്ഷേപം ആ ഘട്ടത്തിൽ നിലനിന്നിരുന്നു. അതിനുശേഷം അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയി, ഇവിടെ തന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ വളരെ ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിക്കപ്പെട്ടു. ഞാൻ ബഹുമാന്യനായ മന്ത്രിയെ അക്കാര്യത്തിൽ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. അവിടെ ഉന്നയിക്കപ്പെട്ട മഹാഭൂരിപക്ഷം ക്രിയാത്മകമായ നിർദ്ദേശങ്ങൾ സ്വീകരിക്കാനുള്ള മഹാമനസ്കത അദ്ദേഹം കാണിച്ചുവെന്നുള്ളതാണ് ഈ ബിൽ തിരിച്ച് വീണ്ടും ഫ്ലോറിൽ വരുമ്പോൾ കാണാൻ സാധിക്കുന്നത്. ക്ലോസ് ബൈ ക്ലോസ് ആയി കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ വീണ്ടും ഒരുപാട് നിർദ്ദേശങ്ങൾ ഭേദഗതികളുടെ രൂപത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അത്തരത്തിലുള്ള ഭേദഗതി നിർദ്ദേശങ്ങളോടും സമാനമായ ഉദാരമനസ്കത ഈ ഫ്ലോറിൽ ഇനിയും കാണിക്കണമെന്നുള്ളതാണ് ബഹുമാന്യനായ മന്ത്രിയോട്

എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒഫീഷ്യൽ അമെന്റ്മെന്റ് ആയി കൊണ്ടുവരേണ്ട ചില കാര്യങ്ങൾ കൂടിയുണ്ട്. ഞാൻ എന്റെ പ്രസംഗം സമയപരിമിതിമൂലം പരമാവധി ചുരുക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഓരോന്നിലും വിശദമായി കടക്കുന്നില്ലെങ്കിൽപ്പോലും ചില കാര്യങ്ങൾ അങ്ങയുടെകൂടി അറിവിലേയ്ക്കും ഇതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോകുന്നതിനുള്ള സഹായത്തിനുവേണ്ടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിൽ നിർവ്വചനങ്ങളുടെ സെക്ഷനിൽ എഞ്ചിനീയറിംഗ് കോഴ്സാണെന്നാണ് പറയുന്നത്. ഇത്തരത്തിൽ സർവ്വകലാശാലയുടെ ഭാഗമായി നടപ്പാക്കുന്ന കോഴ്സുകൾ ആണെങ്കിൽപ്പോലും അതിനെ പ്രോഗ്രാമുകൾ എന്ന് വിശേഷിപ്പിക്കുന്നതാണ് കൂടുതൽ ഉചിതമെന്ന് തോന്നുന്നത്. B.Tech. Programme, M.Tech. Programme എന്ന രീതിയിൽ അതിനെ പുനർ നാമകരണം ചെയ്യുകയും അതിൽ പഠിപ്പിക്കുന്ന ഓരോ പേപ്പറുകൾ കോഴ്സുകൾ എന്ന് വിശേഷിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ കുറച്ചുകൂടി ആധുനികമാകും എന്നുള്ള ഒരു അഭിപ്രായമുണ്ട്. അതുപോലെ മറ്റു പല ആളുകളും ഇവിടെ സൂചിപ്പിച്ചു. ബോർഡ് ഓഫ് ഗവേർണേഴ്സ് എന്നാണ് ഇതിന്റെ പരമാധികാര സമിതിയുടെ പേര്. നമ്മുടെ മറ്റ് യൂണിവേഴ്സിറ്റികളുടെ സെനറ്റിന് സമാനമായ സമിതിയാണ് ഈ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ബോർഡ് ഓഫ്

ഗവേർണേഴ്സ്. ഒരു ജനാധിപത്യ സ്വഭാവത്തിൽനിന്നും വ്യത്യസ്തമായി കോർപ്പറേറ്റ് കമ്പനിയുടെ ഒരു സ്വഭാവമാണ് ഈ പേര് കേൾക്കുമ്പോൾ നമുക്ക് മനസ്സിലേയ്ക്ക് കടന്നുവരിക. അതുകൊണ്ട് "ബോർഡ് ഓഫ് ഗവേർണേഴ്സ്" എന്ന പേര് മാറ്റി കുടുതൽ ജനാധിപത്യ സ്വഭാവം ഉൾക്കൊള്ളുന്ന "ഗവേണിംഗ് കൗൺസിൽ" എന്ന് അതിനെ പുനർനാമകരണം ചെയ്യുകയാണെങ്കിൽ അത് ഉചിതമായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ ചർച്ചയിലും സൂചിപ്പിച്ചതാണ്. തീരുമാനം സർക്കാർ എടുത്ത് മുന്നോട്ടുപോകുകയാണെങ്കിൽ, ഞാൻ വീണ്ടും ആവർത്തിക്കുകയാണ്, ഇതിന്റെ ആസ്ഥാനം തിരുവനന്തപുരം എന്നത് മാറണം. അത് കൂടുതൽ ജനോപകാരപ്രദമാകുന്ന തരത്തിൽ, കേരളം മുഴുവനുള്ള ഒരു യൂണിവേഴ്സിറ്റി എന്ന നിലയിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളെയും കവർ ചെയ്യുന്ന ഒരു യൂണിവേഴ്സിറ്റി എന്ന നിലയിൽ, തൃശ്ശൂർ ആണ് അതിന്റെ ഉചിതമായ ആസ്ഥാനം എന്ന് ഒരിക്കൽ കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തെക്കുറിച്ച് ഇവിടെ പറയുന്നുണ്ട്. നിലവിലുള്ള മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്ന്, താൽപ്പര്യമുള്ള ആളുകൾക്ക് ഈ പുതിയ സർവ്വകലാശാലയിലേയ്ക്ക് മാറാനുള്ള സൗകര്യമൊരുക്കുമെന്നും സൂചിപ്പിക്കുന്നു. ഇത് നല്ലകാര്യമാണ്. എസ്റ്റാബ്ലിഷ്മെന്റ്

ചെലവ് പരമാവധി കുറയ്ക്കുക എന്നതന്നെയായിരിക്കണം സമീപനം. ഉദ്യോഗസ്ഥവൃന്ദം അനാവശ്യമായി തടിച്ചുകൊഴുക്കുന്ന അവസ്ഥയിൽ നിന്നുമാറി പരമാവധി കുറച്ച് ആളുകളെ വച്ച് ഏറ്റവും ഗുണനിലവാരമുള്ള സർവ്വീസ് കൊടുക്കാൻ ഈ സർവ്വകലാശാലയ്ക്ക് സാധിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, യഥാർത്ഥത്തിൽ അക്കാദമിക് സമൂഹത്തിന് ലഭിക്കേണ്ട സ്വയംഭരണാവകാശം കേരളത്തിലെ ജാതി മത സംഘടനകളും അവരുടെ സബ്സിഡറി ഏജന്റുമാരും ഇതുവഴി തട്ടിയെടുക്കുന്നതിനും ഇതിൽ കയറാനും അവരുടെ സ്വാധീനം ഉറപ്പിക്കാനും സാധിക്കില്ലേ; ഇതുസംബന്ധിച്ച് ശ്രീ. വി. റ്റി. ബൽറാമിന്റെ അഭിപ്രായമെന്താണ്?

ശ്രീ. വി. റ്റി. ബൽറാം: സർ, തീർച്ചയായും താങ്കളുടെ അഭിപ്രായത്തെ പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. ഇത്തരത്തിലുള്ള പ്രവണതകൾ പരമാവധി നിരുത്സാഹപ്പെടുത്തേണ്ടതാണെന്നുള്ള കാര്യത്തിൽ ആർക്കും എതിരഭിപ്രായമുണ്ടാകില്ല. അതുകൊണ്ടുതന്നെ ഈ സർവ്വകലാശാല നിയമനങ്ങൾ കൂടുതൽ വ്യവസ്ഥാപിതമായി നടക്കണമെന്നും പി.എസ്.സി. അടക്കമുള്ള ഔദ്യോഗിക സംവിധാനങ്ങൾ വഴി നടത്തണമെന്നുമുള്ള ഒരു പൊതുസമവായത്തിലേയ്ക്ക് നമ്മളെല്ലാവരും എത്തിച്ചേർന്നതും ഇത്തരത്തിലുള്ള

അനുഭവങ്ങളെ മുന്നിൽ വച്ചുകൊണ്ടുതന്നെയാണ്. ഞാൻ പറഞ്ഞുവന്നത്, മറ്റ് സർവ്വകലാശാലകളിൽനിന്നും ഈ സർവ്വകലാശാലയിലേയ്ക്ക് പോരുമ്പോൾ ഇവിടത്തെ പദവികൾ മറ്റ് സർവ്വകലാശാലകളിലെ പദവികൾക്ക് സമാനമായിരിക്കണം. മറ്റ് സർവ്വകലാശാലകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പദവികളുടെ hierarchy എന്നുപറയുന്നത്, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നിങ്ങനെയാണ്. പക്ഷെ ഇവിടെ അതിൽ നിന്ന് മാറി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നുള്ള തരത്തിലാണ് മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. അങ്ങനെവരുമ്പോൾ മറ്റ് സർവ്വകാലശാലകളിലെ ജീവനക്കാർക്ക് ഇവിടേയ്ക്ക് മാറാനുള്ള സൗകര്യക്കുറവുണ്ടാകും. അതുമായി ബന്ധപ്പെട്ട് അവ്യക്തതകളുണ്ടെങ്കിൽ അത് നീക്കപ്പെടണം എന്നാണ് എനിക്ക് തോന്നുന്നത്.

വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ഒരു സാഹചര്യമുണ്ടാകണം. 12-ാം പേജിൽ സർവ്വകലാശാലകളുടെ ലക്ഷ്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ പ്രധാനപ്പെട്ട ഒരു കാര്യം പറയുന്നുണ്ട്, "സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കുമേൽ നിയന്ത്രണം ഏർപ്പെടുത്തുകയും അവരുടെ വിദ്യാഭ്യാസ നിലവാരവും ക്ഷേമവും അച്ചടക്കവും ആരോഗ്യവും ഉറപ്പാക്കുകയും അഫിലിയേറ്റ്

ചെയ്യപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികളുടെമേൽ സമാനമായ ആവശ്യങ്ങൾക്കായി അങ്ങനെയുള്ള കോളേജുകൾ മുഖേന നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക;" എന്ന് ഒരു ലക്ഷ്യമായി പറയുന്നുണ്ട്. വിദ്യാർത്ഥികൾ എന്നുപറയുന്നത് ഇങ്ങനെ നിയന്ത്രിക്കപ്പെടേണ്ടവരാണെന്ന കാഴ്ചപ്പാടുതന്നെ മാറണം. വിദ്യാർത്ഥികൾക്ക് ജൈവികമായ അച്ചടക്കം ഉള്ളിൽനിന്നുണ്ടാകണം, അതിനെ പ്രോത്സാഹിപ്പിക്കണം. പക്ഷേ മനപ്പൂർവ്വം ബലംപ്രയോഗിച്ച് അടിച്ചേൽപ്പിക്കപ്പെടേണ്ടതാണ് അച്ചടക്കം, വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും നിയന്ത്രണവിധേയരാകണമെന്നുള്ള കാഴ്ചപ്പാട് ജനാധിപത്യപരമല്ല എന്നുപറയേണ്ടതായിവരും. നമ്മുടെ പല എഞ്ചിനീയറിംഗ് കോളേജുകളിലും അച്ചടക്കത്തിന്റെ പേരുപറഞ്ഞ്, വലിയ രീതിയിലുള്ള അവകാശ ലംഘനങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ എന്നുതന്നെ വേണമെങ്കിൽ പറയാം, അതല്ലെങ്കിൽ ഭരണഘടന ഉറപ്പുനൽകുന്ന സ്ത്രീ-പുരുഷ ഭേദമില്ലാത്ത സമത്വം നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ട്. നമ്മുടെ തൊട്ടടുത്ത സി.ഇ.റ്റി. എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിനികൾ 'ബ്രേക് ദ കർഫ്യൂ' എന്ന പേരിലുള്ള സമരരംഗത്താണ്. കാരണം ആറുമണിക്കുശേഷം പെൺകുട്ടികൾക്ക് പുറത്തിറങ്ങാൻ പാടില്ല. അവർക്ക് അസൈൻമെന്റും പ്രോജക്ടും ചെയ്യേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങൾക്കുവേണ്ടി

ലൈബ്രറിയെ ആശ്രയിക്കാൻ കഴിയുന്നില്ല. പുറത്തുപോയി സ്വകാര്യ ഇന്റർനെറ്റ് കഫേകളെ ആശ്രയിക്കാൻ സാധിക്കുന്നില്ല. കാരണം ആറുമണിക്കുള്ളിൽ ഹോസ്റ്റലിൽ കയറണം. അച്ചടക്കത്തിന്റെ പേരുപറഞ്ഞ് വലിയ രീതിയിലുള്ള നിയന്ത്രണങ്ങൾ നമ്മുടെ പ്രൊഫഷണൽ കോളേജുകളിൽ ഉണ്ടാകുന്നുവെന്നുള്ള യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് ഇതിലെ നിയന്ത്രണമെന്നുള്ള വാക്ക് മാറ്റിയാൽ അത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ഡ്രാഫ്റ്റ് ബിൽ ആദ്യം വന്ന സമയത്ത് വി.സി. ആയിരുന്നു ദൈവം. പരമാധികാരിയായിരുന്നു, സർവ്വശക്തനായിരുന്നു, omnipotent ആയിരുന്നു. ആ അവസ്ഥയ്ക്ക് കുറച്ച് മാറ്റങ്ങളൊക്കെ വന്നിട്ടുണ്ടെങ്കിലും ഇപ്പോഴും വി.സി. പ്രധാനിയായിതന്നെ നിൽക്കുകയാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഞാൻ നേരത്തേ പറഞ്ഞതുപോലെ ജനാധിപത്യ സമ്പ്രദായങ്ങളുടെ നിയന്ത്രണത്തിനകത്തായിരിക്കണം വൈസ് ചാൻസലർ മുന്നോട്ടുപോകേണ്ടതെന്നാണ് എനിക്ക് തോന്നുന്നത്. വി.സി.-യുടെ അധികാരങ്ങൾ പറയുമ്പോൾ നിയമനാധികാരത്തെക്കുറിച്ച് പറയുന്നുണ്ട്. ഞാൻ സൂചിപ്പിച്ചപ്പോലെ ഗവേണിംഗ് കൗൺസിൽ എന്നാക്കുകയാണെങ്കിൽ ആ ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം വേണമെന്നാണ് 14(7)ലും 14(8)-ലുമൊക്കെ

പറയുന്നത്. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ മീറ്റിംഗ് ചേരാൻ പോകുന്നത് നാലുമാസത്തിലൊരിക്കലാണ്. വർഷത്തിൽ മൂന്ന് തവണയേ പരമാവധി ചേരുകയുള്ളൂ. ഒരു ബഡ്ജറ്റ് സെഷനുണ്ടാകും ചിലപ്പോൾ രണ്ട് സെഷനും കൂടി കൂട്ടതലുണ്ടാണ്ടാകും. അത് വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. വർഷത്തിൽ കുറഞ്ഞത് നാല് തവണയെങ്കിലും യോഗം ചേരാനുള്ള സാഹചര്യമുണ്ടാകണം. പക്ഷേ എല്ലാ നിയമനങ്ങൾക്കും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം വേണമെന്ന് പറയുമ്പോൾ അതിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. മറ്റ് സർവ്വകലാശാലകളിൽ ഇതില്ല. ഇത് നിർവ്വാഹക സമിതിയുടെ അംഗീകാരം തേടിയാൽ മതി. അതല്ലെങ്കിൽ അനാവശ്യമായ ഡിലേയുണ്ടാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബോർഡ് ഓഫ് ഗവർണേഴ്സിനെക്കുറിച്ച് പല ആളുകളും ഇവിടെ സൂചിപ്പിച്ചു. അതിന്റെ പേര് മാറ്റണമെന്നുള്ള അഭിപ്രായം ഞാൻ വീണ്ടും ആവർത്തിക്കുന്നു. ഇതിന്റെ അംഗസംഖ്യ വളരെ കുറവാണ്. ആകെ 38 ആളുകളെയുള്ളൂ. മറ്റെല്ലാ സർവ്വകലാശാലകളിലേയും അംഗസംഖ്യ 100, 110, 130, 80 ഒക്കെയാണ്. ഇത്രമാത്രം റെസ്ട്രിക്റ്റ് ചെയ്ത് വെറും 38 അംഗങ്ങളിലേയ്ക്ക് ചുരുക്കേണ്ട കാര്യമുണ്ടോയെന്ന് നോക്കണം. എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനും അതിൽ റെപ്രസന്റേഷൻ അനുവദിക്കപ്പെടണം. വിദ്യാർത്ഥി

പ്രാതിനിധ്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. വളരെ അപര്യാപ്തമാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്തിട്ടാണ് ഒരു വിദ്യാർത്ഥി പ്രതിനിധിയെ ഉൾക്കൊള്ളിച്ചത്. അക്കാര്യത്തിൽ എനിക്കൊരു ആശങ്കയുള്ളത്, വിദ്യാർത്ഥി കൗൺസിലിന്റെ ജനറൽ സെക്രട്ടറി ഈ ബോർഡ് ഓഫ് ഗവർണേഴ്സിൽ വരുന്നു, വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും വരുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എക്സ്-ഒഫീഷ്യോ അംഗമായി വരുന്ന വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ ഗവേണിംഗ് കൗൺസിലിലും ബോർഡ് ഓഫ് ഗവർണേഴ്സിലും അംഗമല്ല. അങ്ങനെയുള്ള ഒരുപാട് അപാകതകൾ ഇപ്പോഴും നിലനിൽക്കുകയാണ്. നിയമസഭയിൽ എം.എൽ.എ.മാരായി കടന്നുവന്നതിനുശേഷമാണല്ലോ അതിൽനിന്നും കുറച്ചാളുകൾ മന്ത്രിമാരാകുന്നത്. അതുപോലെ ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളായിട്ടുള്ള ആളുകൾ മാത്രമേ പ്രായോഗിക തലത്തിൽ അതിന്റെ ഉപരി സമിതിയായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വരാൻ പാടുള്ളൂ. ഇപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലുള്ള പല ആളുകളും ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗമല്ല. ഞാൻ നേരത്തേ സൂചിപ്പിച്ച വിദ്യാർത്ഥി പ്രതിനിധിയുടെ കാര്യവും അങ്ങനെയാണ്. അതുകൊണ്ടുതന്നെ വിദ്യാർത്ഥി കൗൺസിലിന്റെ ഒരു പ്രതിനിധി ആദ്യം സെനറ്റിൽ വരട്ടെ, അതായത് ബോർഡ് ഓഫ് ഗവർണേഴ്സിൽ

വരട്ടെ. അതോടൊപ്പം അഞ്ച് പുതിയ വിദ്യാർത്ഥി പ്രതിനിധികളെയെങ്കിലും തെരഞ്ഞെടുപ്പിലൂടെ വിദ്യാർത്ഥികളുടെ അംഗീകാരം നേടി ബോർഡ് ഓഫ് ഗവർണേഴ്സിൽ വരാനുള്ള ഒരു സാഹചര്യമുണ്ടാകണം. ഞാൻ വളരെ ശക്തമായി അടിവരയിട്ടുപറയുകയാണ്, അഞ്ച് പുതിയ വിദ്യാർത്ഥി പ്രതിനിധികളെ കൂടി തെരഞ്ഞെടുക്കാനുള്ള ഒരു സാഹചര്യം ഇക്കാര്യത്തിൽ ഒരുക്കണം. അതിൽ ഒന്ന്, ഒരു വിദ്യാർത്ഥിനിയായിരിക്കണം. മറ്റൊന്ന്, ഒരു ഗവേഷക വിദ്യാർത്ഥിയായിരിക്കണം. ബാക്കി മൂന്നെണ്ണം വേണമെങ്കിൽ ഓപ്പൺ ക്വാട്ടയായി എടുക്കാം. എസ്.സി/എസ്.ടി എന്നുള്ള അർത്ഥത്തിൽ വേണ്ട.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, വിദ്യാർത്ഥി പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള ശ്രീ. വി. റ്റി. ബൽറാമിന്റെ അഭിപ്രായം തീർച്ചയായും പരിഗണിക്കപ്പെടേണ്ടതാണ്. പക്ഷേ വിദ്യാർത്ഥികൾ മാത്രം തെരഞ്ഞെടുക്കപ്പെടുന്നവരായാൽ പോര; ഇവിടെ ബാക്കിയെല്ലാം നോമിനേഷനാണ്. അദ്ധ്യാപക പ്രതിനിധികളെയും നോമിനേറ്റ് ചെയ്താണ് തീരുമാനിക്കുന്നത്. അതുപോലെതന്നെ ബോർഡ് ഓഫ് ഗവർണേഴ്സായാലും നിർവ്വാഹക സമിതിയായാലും അതിലെല്ലാം നോമിനേഷനാണ്. അതും യഥാർത്ഥത്തിൽ മറ്റ് യൂണിവേഴ്സിറ്റികളെപ്പോലെ തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഒരു

സമിതിയാക്കി മാറ്റണമെന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, വിദ്യാർത്ഥി പ്രതിനിധികളെ ഉൾക്കൊള്ളിക്കണമെന്ന അഭിപ്രായം അങ്ങ് അംഗീകരിക്കുന്നതിൽ പൂർണ്ണമായ സന്തോഷമുണ്ട്. പക്ഷേ ഒരു മുൻഅനുഭവം കൂടി ഞങ്ങൾക്കുമുന്നിലുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഈ നിയമസഭ പാസാക്കിയ ആരോഗ്യ സർവ്വകലാശാലാ നിയമം വന്നിട്ടുള്ളത്. ബഹുമാന്യനായ എം.എ ബേബിയാണ് അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി, ശ്രീമതി പി. കെ. ശ്രീമതി ടീച്ചറാണ് ആരോഗ്യവകുപ്പുമന്ത്രി. അന്ന് ആരോഗ്യ സർവ്വകലാശാലയിൽ ഒരു വിദ്യാർത്ഥി പ്രാതിനിധ്യവുമില്ല. അതിൽനിന്നും വ്യത്യസ്തമായി വിദ്യാർത്ഥികൾ ഉൾക്കൊള്ളപ്പെടേണ്ടവരാണെന്ന തിരിച്ചറിവിലേയ്ക്കെങ്കിലും ഈ ഗവൺമെന്റ് വന്നുവെന്നുള്ളത് ഗുണപരമായ ഒരു വ്യത്യാസമാണെന്ന് ഞാൻ ഇവിടെ സന്ദർഭവശാൽ ചൂണ്ടിക്കാണിക്കുകയാണ്. ഏതായാലും കൂടുതൽ വിദ്യാർത്ഥി പ്രതിനിധികൾ ഉണ്ടാകണം. അവർ തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം. അതിൽ ഗവേഷക വിദ്യാർത്ഥിക്ക് പ്രാതിനിധ്യമുണ്ടാകണം. അവിടെ ഒരു വിദ്യാർത്ഥിനിക്ക് പ്രാതിനിധ്യമുണ്ടാകണം. ഇതിൽ ആയിരം കോടിരൂപയുടെ വിറ്റുവരവുള്ള ഒരു വ്യവസായ സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വരണമെന്നുള്ള ഒരു

ക്ലോസ് കൂടിയുണ്ട്. കഴിഞ്ഞ പ്രസംഗത്തിലും ഞങ്ങൾ ഇത് ചൂണ്ടിക്കാണിച്ചതാണ്. വ്യവസായ പ്രമുഖർ ഉണ്ടാകുന്നത് നല്ലതാണ്. പ്രത്യേകിച്ച് ഔട്ട്കം ബേയ്സ്ഡാണ് ഈ സർവ്വകലാശാലയുടെ പ്രവർത്തനം എന്ന് നമ്മൾ നിർദ്ദേശിക്കുമ്പോൾ, അങ്ങനെ ലക്ഷ്യം വയ്ക്കുമ്പോൾ, തീർച്ചയായും വ്യവസായ പ്രതിനിധികൾ വരണം. പക്ഷേ ഇത്തരത്തിൽ വളരെ സ്പെസിഫിക്കായി ആയിരം കോടിരൂപ വിറ്റുവരവുള്ള സ്ഥാപനം എന്നുപറയുന്നത് ഒരു നിയമത്തിന്റെ ഭാഗമായി വരുന്ന സാഹചര്യത്തിന് ഉചിതമാണെന്ന് തോന്നുന്നില്ല. ഒരു നിഷ്കർഷ വയ്ക്കണം. ഏതെങ്കിലും വ്യവസായി കടന്നുവരുന്ന സാഹചര്യം ഒഴിവാക്കണം. ഒരു ടെക്നോളജി ബേയ്സ്ഡ് ഇൻഡസ്ട്രിയുടെ, ടെക്നോളജി ബേയ്സ്ഡായിട്ടുള്ള ഒരു കമ്പനിയുടെ സി.ഇ.ഒ. അല്ലെങ്കിൽ അത്തരത്തിലുള്ള ഉന്നതസ്ഥാനത്തിരിക്കുന്ന വ്യക്തിയോ കടന്നുവരുന്നത് നമുക്ക് മനസ്സിലാക്കാം. അതല്ലാതെ ഏതെങ്കിലും സ്വർണ്ണക്കച്ചവടക്കാരനോ ഏതെങ്കിലും തുണിക്കച്ചവടക്കാരനോ റീട്ടെയിൽ കച്ചവടക്കാരനോ കടന്നുവരുന്നത് ഒഴിവാക്കപ്പെടണം. സാങ്കേതിക സർവ്വകലാശാലയായ കുസാറ്റ് പോലെയുള്ള സ്ഥാപനങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അത്തരത്തിലുള്ള പല സ്ഥാപനങ്ങളിലും ഇങ്ങനെ ഇൻഡസ്ട്രിയലിസ്റ്റ് എന്ന പേരിൽ കടന്നുവരുന്ന പലരുടെയും അവസ്ഥ നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് ഇവിടെ

കൃത്യമായ നിഷ്കർഷ ഉണ്ടാകണം എന്ന് സൂചിപ്പിക്കുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ആയിരം കോടിരൂപയുടെ ടേൺ ഓവറുള്ള വ്യവസായിയെ തെരഞ്ഞെടുക്കണമെന്നുപറയുമ്പോൾ അത് ആരെയെങ്കിലും ലക്ഷ്യം വച്ചിട്ടാണെന്ന ഒരു സംശയമുണ്ടാകുക സ്വാഭാവികമാണ്. അതുകൊണ്ട് 1000 കോടിരൂപയായാലും 500 കോടിരൂപയായാലും 100 കോടിരൂപയായാലും ഇതിന് കൊള്ളാവുന്ന ഒരു ടെക്നോക്രാറ്റ് അല്ലെങ്കിൽ ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതുപോലെ സാങ്കേതിക സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു വ്യവസായ സ്ഥാപനത്തിന്റെ മേധാവി, സി.ഇ.ഒ.-യെ ആക്കുന്നതാണ് നല്ലത് എന്നുള്ളത് തന്നെയല്ലേ അങ്ങും ഉദ്ദേശിക്കുന്നത്?

<u>ഡോ. എൻ. ജയരാജ്</u>: സർ, അങ്ങ് പറഞ്ഞ അഭിപ്രായം പൂർണ്ണമായും ശരിയാണ്. കാരണം നാളെകളിൽ ആരെങ്കിലും കേരള നിയമസഭ പാസ്സാക്കിയ ഈ സർവ്വകലാശാലയുടെ നിയമം എടുത്ത് വായിക്കുമ്പോൾ അതിൽ കോടികളുടെ കണക്കുവച്ച് ഒരാളിനെ തെരഞ്ഞെടുക്കുക എന്നുപറയുന്നത് തീർച്ചയായും വളരെയേറെ ഗൗരവമായി കാണേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ വളരെ അനുകൂലമായ നിലപാട് എടുക്കണം. ഇവിടെ പറഞ്ഞതുപോലെ ആ മേഖലയിലുള്ള ആരെങ്കിലും കടന്നുവരണം. വളരെ നല്ല

സി.ഇ.ഒ.-മാരുണ്ട്. അല്ലാതെ ഒരു വ്യവസായത്തിന്റെ കോടികളുടെ കണക്കുകൾ പറയുന്നത് ശരിയല്ല എന്നുള്ള കാര്യത്തിൽ ഞാനും പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഈ ചർച്ചയിൽ ബഹുമാന്യനായ ഡോ. എൻ. ജയരാജും ശ്രീ. വി. റ്റി. ബൽറാമും ശ്രീ. സി. പി. മുഹമ്മദും പക്ഷപ്രതിപക്ഷ വ്യത്യാസമില്ലാതെ ഇതിനകത്ത് പ്രധാനപ്പെട്ട ന്യൂനതയാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കാരണം ഒരു പ്രധാനപ്പെട്ട സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്നയാളെ നിശ്ചയിക്കുന്നത് ധനത്തിന്റെ ആസ്തിയും ടേൺഓവറും ആണ് എന്നുവരുന്നത്..... 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നുപറയുന്ന ആപ്തവാക്യം അംഗീകരിച്ചൊരു ജനതയാണ്; ഇപ്പോൾ അങ്ങനെയല്ലെങ്കിൽപ്പോലും; അതിനെ അരക്കിട്ടുറപ്പിക്കുന്ന വിധത്തിൽ ധനമാണ് വിദ്യയുടെ മുകളിൽ എന്ന് സ്ഥാപിക്കുന്ന ഒരു ക്ലോസ് കൊണ്ടുവന്നത് ഒഴിവാക്കുന്നതിൽ ഭരണപക്ഷപ്രതിപക്ഷ വ്യത്യാസമില്ലാതെ തീരുമാനമെടുക്കുന്നതിന് വല്ല വിരോധമുണ്ടോ; ശ്രീ. വി. റ്റി. ബൽറാമിന്റെ അഭിപ്രായം എന്താണെന്ന് പറയാമോ?

ശ്രീ. വി. റ്റി. ബൽറാം: സർ, തീർച്ചയായും. അതുകൊണ്ടുതന്നെയാണ് ഞാൻ അത് സൂചിപ്പിച്ചത്. ബഹുമാന്യനായ മന്ത്രി അത് ശ്രദ്ധിക്കുമെന്നും അതിനെ അംഗീകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടും വീണ്ടും ഞാൻ ആവർത്തിക്കുന്നു. ആയിരം

കോടിരൂപയുടെ ടേൺ ഓവർ എന്നൊന്നും സ്പെസിഫിക്കായി പറയാതെ ടെക്നോളജി ബേസ്ഡ് ഇൻഡസ്ട്രിയോ ബിസിനസ്സോ നടത്തുന്ന ഏറ്റവും പ്രമുഖനായ ഒരു എമിനന്റ് ഇൻഡസ്ട്രിയലിസ്റ്റ് എന്നുള്ള അർത്ഥത്തിൽ അതിനെ മാറ്റിയാൽ കൊള്ളാം. അത് ബഹുമാന്യനായ മന്ത്രി ശ്രദ്ധിക്കും എന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പം വീണ്ടും ആവർത്തിക്കുകയാണ്. 38 ആളുകളിലായി ഗവേണിംഗ് കൗൺസിലിന്റെ/ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗസംഖ്യ പരിമിതപ്പെടുത്തേണ്ട ഒരു കാര്യവുമില്ല. കുറച്ചുകൂടി വിപുലമാക്കാവുന്നതാണ്. നേരത്തേ സംസാരിക്കുന്ന കൂട്ടത്തിൽ ശ്രീ. രാജേഷ് പറഞ്ഞ ഒരു കാര്യം ഞാൻ നോട്ട് ചെയ്തുവച്ച കാര്യമാണ്. നമ്മുടെ റൂറൽ ടെക്നോളജി വളരെ പ്രധാനമാണ്. ഗ്രാമീണമേഖലയിൽ ഉപയോഗപ്രദമാകുന്ന നിരവധി സാങ്കേതിക വിദ്യകളുണ്ട്. കേരളത്തിൽ അത്തരത്തിലുള്ള നിരവധി സാങ്കേതിക വിദ്യാ സ്ഥാപനങ്ങളുമുണ്ട്. വളരെ വിജയകരമായി ചെലവുകുറഞ്ഞ വിധത്തിൽ ഗ്രാമീണ മേഖലയിൽ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു റൂറൽ ടെക്നോളജിയുടെ വക്താക്കളായ ആളുകളുണ്ട്. ആൾട്ടർനേറ്റീവ് ടെക്നോളജിയുടെ വക്താക്കളായ ആളുകളുണ്ട്. അത്തരത്തിലുള്ള ആളുകളെ ഉൾക്കൊള്ളാൻ നമ്മുടെ ബോർഡ് ഓഫ് ഗവർണേഴ്സിന് സാധിക്കണം എന്നാണ് എനിക്ക് തോന്നുന്നത്.

അതോടൊപ്പം ഇന്ന് സാങ്കേതികവിദ്യയെക്കുറിച്ച് ചിന്തിക്കുമ്പോൾ പേറ്റന്റുകൾ വളരെ പ്രധാനമാണ്. ഇതിൽ പേറ്റന്റ് എക്സ്പെർട്ടുകളായിട്ടുള്ള ആളുകൾ ഇല്ല എന്നുള്ളത് സത്യത്തിൽ അത്ഭുതമാണ്. Intellectual property rights... നിയമരംഗത്ത് വർഷങ്ങളുടെ പരിചയവും അനുഭവവും ആഴത്തിലുള്ള അവഗാഹവുമുള്ള വ്യക്തികളുടെ സേവനം ഈ സർവ്വകലാശാലകൾക്ക് ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. അവരെ ഉൾക്കൊള്ളാതെ നമുക്ക് മുന്നോട്ടുപോകാൻ പറ്റില്ല. കാരണം ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള പുതിയ കണ്ടുപിടിത്തം നടക്കുമ്പോൾ അതിനെ വേണ്ടരീതിയിൽ മാർക്കറ്റബിൾ ആക്കണമെങ്കിൽ ഈ രംഗത്ത് വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ടുതന്നെ ബോർഡ് ഓഫ് ഗവർണേഴ്സിൽ പേറ്റന്റ് നിയമത്തിൽ അവഗാഹവും പരിചയവുമുള്ള അഭിഭാഷകർ ഉൾപ്പെടുന്നത് നല്ലതായിരിക്കും എന്ന ഒരു അഭിപ്രായം എനിക്കുണ്ട്. അതോടൊപ്പംതന്നെ നോമിനേറ്റഡ് മെമ്പർമാരുടെ കൂട്ടത്തിൽ അദ്ധ്യാപകർ.... ഗവൺമെന്റ് മേഖലയിലും എയ്ഡഡ് മേഖലയിലും യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നിരവധി കോളേജുകളുണ്ട്. അവർക്ക് ഇതിൽ കടന്നുവരാൻ ഇപ്പോഴത്തെ നിബന്ധനപ്രകാരം സാധിക്കില്ല. അവരിൽ

കൊള്ളാവുന്ന ആളുകളുണ്ട്. 10-15 വർഷത്തെ എക്സ്പീരിയൻസുള്ള അസോസിയേറ്റ് പ്രൊഫസർമാരും പ്രൊഫസർമാരുമായിട്ടുള്ള നിരവധി ആളുകളുണ്ട്. പലർക്കും റിസർച്ച് പബ്ലിക്കേഷൻസുണ്ട്. പലരും ഗൈഡുകളായി പ്രവർത്തിക്കുന്നുണ്ട്. അത്തരത്തിലുള്ള ആളുകൾക്കുകൂടി കടന്നുവരാൻ കഴിയുന്ന തരത്തിൽ സർവ്വകലാശാലയിലെ ശാസ്ത്രാദ്ധ്യാപകരോ അല്ലെങ്കിൽ സർവ്വകലാശാലയ്ക്ക് പുറത്തുള്ള അദ്ധ്യാപകരോ മാത്രമാക്കാതെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരെക്കൂടി ഉൾക്കൊള്ളാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. കാരണം അവരാണല്ലോ മൊത്തത്തിലുള്ള സ്റ്റേക്ക് ഹോൾഡേഴ്സിൽ പ്രധാനികൾ. ഡോ. കെ.ടി. ജലീൽ പറഞ്ഞൊരു കാര്യമുണ്ട്. മാനേജർമാരിൽ മൂന്നുപേരാണ് നിർദ്ദേശിക്കപ്പെടുന്നത്. അവ മൂന്നും സംവരണമാണ്. അങ്ങനെ സംവരണം ചെയ്യേണ്ട കാര്യമില്ല. മൂന്നുപേരിൽ ഒരാളുടെ കാര്യത്തിൽ സംവരണത്തിന്റെ രൂപത്തിൽ പറയാം. ഒരാൾ എന്നുപറയുന്നത് ഒരു സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് കോളേജിലെ മാനേജർ ആവാം എന്നുപറയാം. ബാക്കി രണ്ടുപേരെയും കുറിച്ച് പ്രത്യേകമായി പറയേണ്ടതില്ല. അവിടെ സ്വകാര്യ അൺഎയ്ഡഡ് കോളേജിലെ ആളിനാണ് വരാൻ കഴിയുകയെങ്കിൽ അവർ വരട്ടെ. സർക്കാർ അംഗീകൃത നിയന്ത്രിത അൺഎയ്ഡഡ് കോളേജിലെ

രണ്ടാമതൊരാൾക്കുകൂടി വരാൻ സാധിക്കുമെങ്കിൽ അതിനെ നമുക്ക് പ്രോൽസാഹിപ്പിക്കേണ്ടതായിട്ടില്ലേ; അതുകൊണ്ട് സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് കോളേജിലെ ക്വാട്ട ഒന്നാക്കി റെസ്ട്രിക്റ്റ് ചെയ്യുകയും മറ്റ് രണ്ടും സ്വകാര്യ മേഖലയിൽ നിന്നുതന്നെ ആയിരിക്കണമെന്ന് നിർബന്ധം പിടിക്കേണ്ട കാര്യമില്ല. മൂന്നെണ്ണത്തിൽ ഒരെണ്ണത്തെക്കുറിച്ചുമാത്രം പറഞ്ഞാൽ മതി. മറ്റ് രണ്ടെണ്ണം ഓപ്പണായി വിടുകയാണ് ഏറ്റവും നല്ലത് എന്നുതോന്നുന്നു. ഞാൻ നേരത്തേ സൂചിപ്പിച്ചപോലെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗങ്ങൾ നാലുമാസത്തിലൊരിക്കൽ കൂടണം എന്നുള്ളതാണ് ഇപ്പോൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നത്. മൂന്നുമാസത്തിലൊരിക്കലെങ്കിലുമായി അത് മാറ്റിയാൽ കൊള്ളാം. കാരണം പത്തു-നാൽപ്പത് ആളുകൾ മാത്രമേ ആകെയുള്ളൂ. ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുന്നതുകൊണ്ട് വലിയ തടസ്സമൊന്നുമുണ്ടാകുന്നില്ല. നാലുതവണയെങ്കിലും ഒരുവർഷത്തിൽ മീറ്റിംഗ് ചേരാൻ കഴിയുന്ന തരത്തിൽ പുന:ക്രമീകരിക്കുമെങ്കിൽ നന്നായിരിക്കുമെന്ന് എനിക്ക് തോന്നുകയാണ്.

ഡോ. എൻ. ജയരാജ്: സർ, വീഡിയോ കോൺഫറൻസ് മുഖേന യോഗം നടത്താമെന്ന് പറയുന്നു. അങ്ങനെ ഒരു ഓപ്ഷൻ ഇതിൽ കൊടുത്താൽ ഒരിക്കൽപ്പോലും യോഗം ചേരാതെ എപ്പോഴും വീഡിയോ

കോൺഫറൻസിൽക്കൂടിത്തന്നെ യോഗം നടത്താൻ പറ്റും. അതുകൊണ്ട് ഞാൻ ഒരു ഭേദഗതി പറയുന്നത്, ആൾട്ടർനേറ്റീവ് ആയിട്ടെങ്കിലും അല്ലാതെ സ്ഥിരമായി ഒരു വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലേയ്ക്ക് പോകുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, 4 യോഗങ്ങളിലെങ്കിലും ഫിസിക്കലായി ആളുകൾ പ്രസന്റായിരിക്കണം. ബാക്കി എത്ര യോഗം വേണമെങ്കിലും വീഡിയോ കോൺഫറൻസിംഗ് കൂടുന്നതുകൊണ്ട് വിരോധമില്ല എന്നുള്ളതാണ് വ്യക്തപരമായിട്ടുള്ള എന്റെ അഭിപ്രായം. അത് നിയമത്തിൽ എങ്ങനെ ഉൾക്കൊള്ളിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. സെക്ഷൻ 27-ൽ നിർവ്വാഹക സമിതിയെക്കുറിച്ച് പറയുന്നുണ്ട്. അതിൽ 14 അംഗങ്ങളുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ എക്സ്-ഒഫിഷ്യോ മെമ്പറായി ഈ നിർവ്വാഹകസമിതിയിൽ വരുന്നത് മാറി, സെനറ്റിൽ അല്ലെങ്കിൽ ബോർഡ് ഓഫ് ഗവർണേഴ്സിൽ അഞ്ച് വിദ്യാർത്ഥി പ്രതിനിധികളെങ്കിലും ഇലക്ഷനിലൂടെ കടന്നുവരണം. അതിൽ നിന്ന് കടന്നുവരുന്ന ഒരാൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വരിക എന്നുള്ളതായിരിക്കും കൂടുതൽ ഉചിതം, കൂടുതൽ ജനാധിപത്യപരം. വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാന് അതുമായി

ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ പലതുമുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളിലൊക്കെ അങ്ങനെയാണ്. സിൻഡിക്കേറ്റ് മെമ്പർ ഒരാളായിരിക്കും യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ വേറൊരാളായിരിക്കും. അങ്ങനെയുള്ള ക്രമീകണങ്ങളുണ്ടെങ്കിൽ നന്നായിരിക്കും. ആദ്യം സൂചിപ്പിച്ച ഒരു പ്രശ്നം അവിടെയും വരികയാണ്. സെക്ഷൻ 27(xii) പ്രകാരം അദ്ധ്യാപകരിൽ നിന്നുള്ള പ്രതിനിധികളും സെക്ഷൻ 27(xiii) പ്രകാരം സ്വകാര്യ കോളേജ് മാനേജർമാരിൽനിന്നുള്ള പ്രതിനിധികളും നിർവ്വാഹക സമിതിയിൽ വരുന്നു. ഈ രണ്ടുകൂട്ടരും ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളായിരിക്കണം എന്നുള്ള നിഷ്കർഷ ഇല്ല. അത് പലതരത്തിലുള്ള പ്രശ്നങ്ങൾക്കും അവ്യക്തതകൾക്കും ഇടവരുത്തുമെന്നുള്ളതുകൊണ്ട് ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങൾ മാത്രമേ നിർവ്വാഹക സമിതിയിലേയ്ക്ക് വരുന്നുള്ളൂവെന്ന് നമുക്ക് പറയാൻ സാധിക്കേണ്ടതായിട്ടുണ്ട്. ബോർഡ് ഓഫ് ഗവർണേഴ്സിലെ മറ്റ് അംഗങ്ങൾ എന്നുപറയുന്ന കൂട്ടത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം നിർവ്വാഹക സമിതിയിൽ വരണമെന്നുപറയുന്നുണ്ട്. ബോർഡ് ഓഫ് ഗവർണേഴ്സ് എന്നുപറയുന്നത് ഒരു സമിതിയാണ്. ഒരു സമിതിക്ക് എങ്ങനെയാണ് ഒരു വ്യക്തിയെ നാമനിർദ്ദേശം ചെയ്യാൻ പറ്റുന്നത്; സർക്കാരിന് ആ സമിതിയിലെ ഒരംഗത്തെ നാമനിർദ്ദേശം ചെയ്യാമെന്നുപറഞ്ഞാൽ അതിനൊരു

ലോജിക്കുണ്ട്. ആ സമിതിക്ക് അതിൽപ്പെട്ട ഒരാളെ വെറുതെ നാമനിർദ്ദേശം ചെയ്യാൻ സാധിക്കുമോ; സ്വാഭാവികമായും അത് തെരഞ്ഞെടുപ്പായി മാറുകയില്ലേ; ഒന്നുകിൽ ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളിൽനിന്ന് ഒരാളെ തെരഞ്ഞെടുക്കാൻ തയ്യാറാകണം. അപ്പോൾ നേരത്തേ സൂചിപ്പിച്ച പോലെയുള്ള ജനാധിപത്യത്തെ കൂടുതൽ ഉൾക്കൊള്ളാൻ നമുക്ക് സാധിക്കും. അതിന് പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുണ്ടെങ്കിൽ ബോർഡ് ഓഫ് ഗവർണേഴ്സിലെ ഒരംഗത്തെ സർക്കാർ നോമിനേറ്റ് ചെയ്യുക അല്ലെങ്കിൽ ചാൻസലർ നോമിനേറ്റ് ചെയ്യുക എന്നല്ലാതെ ബോർഡ് ഓഫ് ഗവർണേഴ്സിന് സ്വയം അതിൽ നിന്നുള്ള ഒരാളെ നോമിനേറ്റ് ചെയ്യുക എന്നുപറയുന്നതിൽ അവ്യക്തതയുണ്ട്. പ്രായോഗികമായി അതൊരു ഇലക്ഷനായി മാറുമെന്നുള്ളതുകൊണ്ട് ഇലക്ഷൻ എന്നുള്ള നിലയ്ക്ക് തന്നെ നിർവ്വചിക്കുന്നതായിരിക്കും കൂടുതൽ ഉചിതം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർക്ക് വേണമെങ്കിൽ ചുരുക്കാവുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ പ്രതിനിധികളും ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളായി വരുന്നുണ്ട്. നമ്മുടെ പല സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെയും ഇപ്പോഴത്തെ അവസ്ഥ എന്നുപറയുന്നത് ക്വാളിഫൈഡ് അല്ലാത്ത

നിരവധിയായിട്ടുള്ള ആളുകൾ ഫാക്കൽറ്റിയായി ജോലി ചെയ്യുന്നുണ്ട് എന്നുള്ള ആക്ഷേപം ഇതിനകം ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ നിന്നുള്ള അദ്ധ്യാപക പ്രതിനിധികൾ യു.ജി.സി.-യോ ടെക്നിക്കൽ എഡ്യൂക്കേഷന്റെ ബന്ധപ്പെട്ട വിംഗോ നിർദ്ദേശിക്കുന്ന യോഗ്യതയുള്ളയാൾ എന്ന് നിഷ്കർഷിക്കുന്നത് പ്രയോജനപ്പെടില്ലേ?

<u>ശ്രീ. വി. റ്റി. ബൽറാം:</u> ദുരുപയോഗ സാധ്യതകൾ ഒഴിവാക്കുന്നതിന് തീർച്ചയായും അത്തരത്തിലുള്ള നിഷ്കർഷത വേണ്ടതാണ്.

<u>മി. ചെയർമാൻ:</u> യെസ്....... പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, അങ്ങയുടെ സ്നേഹപൂർവ്വമുള്ള റൂളിംഗിനെ ബഹുമാനിച്ചുകൊണ്ട് ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. സെക്ഷൻ 28-ൽ നിർവ്വാഹക സമിതിയുടെ ക്വാറം പറയുന്നുണ്ട്. 14 അംഗങ്ങളാണ് ആകെ ഉള്ളതെങ്കിൽപോലും ക്വാറം 5 ആയാണ് നിഷ്കർഷിക്കുന്നത്. ഈ 5 അംഗങ്ങളും യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥർ തന്നെയാണ്. വി.സി., പി.വി.സി., രജിസ്ട്രാർ, രണ്ട് ഡീൻ അങ്ങനെ 5 അംഗങ്ങൾ യൂണിവേഴ്സിറ്റിയിൽ തന്നെയുണ്ട്. ക്വാറം 5 എന്നത് 7 എങ്കിലുമാക്കി ഉയർത്തണം. എന്നാൽ മാത്രമേ ഒരു യോഗത്തിന്റെ യഥാർത്ഥ സ്വഭാവത്തിലേയ്ക്ക് അത് മാറുകയുള്ളൂവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ക്വാറം ഉയർത്താൻ

നമുക്ക് കഴിയണം.

അതുപോലെതന്നെ ഗവേഷണ കൗൺസിലിനെക്കുറിച്ചും ഇതിൽ പറയുന്നുണ്ട്. ഒരുപാട് ആളുകൾ അതിൽ എക്സ്-ഒഫീഷ്യോ മെമ്പർമാരാണ്. പക്ഷെ ആ ആളുകളുടെ പദവി വച്ചുനോക്കുമ്പോൾ ഒരാളും ആ മീറ്റിംഗിൽ വരാൻ പോകുന്നില്ലെന്ന് പ്രായോഗിക തലത്തിൽ നമുക്ക് ചിന്തിക്കാൻ സാധിക്കും. കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെതന്നെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുടെയൊക്കെ ഡയറക്ടർമാർ അതിൽ അംഗങ്ങളാണ്. പക്ഷെ അതിൽ എത്രപേർ ഒരു മീറ്റിംഗ് വിളിച്ചാൽ വരുമെന്ന കാര്യത്തെക്കുറിച്ച് സംശയമുണ്ട്. സാധാരണയായി വയ്ക്കുന്നത് ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെന്ന് അതിനോടുകൂടി ചേർത്ത് പറയും. ഇവിടെ അത്തരത്തിലുള്ള ഒരു കാര്യം പറഞ്ഞിട്ടില്ല. അതുകൊണ്ട് ഈ വലിയ വലിയ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ നേരിട്ട് ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് നിഷ്കർഷിച്ചാൽ ഒരുപക്ഷെ വളരെ കുറച്ച് അറ്റൻഡൻസ് മാത്രമെ അതിൽ ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് അത്തരത്തിലുള്ള സ്ഥാപനങ്ങളുടെ ഉചിതമായ പ്രതിനിധികളെ ഈ ഗവേഷണ കൗൺസിലിൽ ഉൾപ്പെടുത്താൻ നമുക്ക്

കഴിയേണ്ടതായിട്ടുണ്ട്.

മറ്റൊന്ന്, ഗവേഷണ കൗൺസിലിൽ വിദ്യാർത്ഥി പ്രതിനിധികൾ ഇല്ലായെന്ന് പറയുന്നത് വലിയ ആശ്ചര്യമാണ്. ഏറ്റവും കൂടുതൽ ആക്ഷേപങ്ങൾ ഉണ്ടാകുന്നത്, പെൺകുട്ടികളുടെ കാര്യത്തിൽ ഗവേഷണ രംഗത്ത് വളരെ ഗുരുതരമായ ഹരാസ്മെന്റ് വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഗവേഷണ കൗൺസിലിൽ വിദ്യാർത്ഥി പ്രാതിനിധ്യം must ആണ്, യാതൊരു സംശയവും വേണ്ട. രണ്ട് വിദ്യാർത്ഥി പ്രതിനിധികളെങ്കിലും ഗവേഷണ കൗൺസിലിൽ ഉണ്ടായിരിക്കണം. അതിൽ ഒന്ന് ഒരു വിദ്യാർത്ഥിനി ആയിരിക്കണമെന്ന് പ്രത്യേകമായി നിഷ്കർഷിച്ചാൽ മാത്രമേ ഈ രംഗത്ത് തലപൊക്കുന്ന പല തരത്തിലുള്ള അനഭിലഷണീയമായ പ്രവണതകളെ നമുക്ക് കർക്കശമായി നേരിടാൻ സാധിക്കുകയുള്ളൂ. Harassment at work place എന്നുള്ളത് വളരെ ഗുരുതരമായ ഒരു നിയമപ്രശ്നംകൂടിയാണ്. ഒരു കുറ്റകൃത്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിനെ തടയാൻ കഴിയുന്ന ഒരു വേദിയായികൂടി ഇതിനെ മാറ്റണമെങ്കിൽ വിദ്യാർത്ഥി പ്രതിനിധികൾ ഗവേഷണ കൗൺസിലിൽ ഉണ്ടാകണം. ആത്യന്തികമായി അവർ തന്നെയാണല്ലോ ഇതിനെ മുന്നോട്ട് കൊണ്ടുപോകേണ്ടത്. ആ വിദ്യാർത്ഥി പ്രതിനിധികളുടെ aspirations പ്രതിഫലിപ്പിക്കാൻ അവരുടെ പ്രതിനിധികൾ

ഗവേഷണ കൗൺസിലിൽ ഉണ്ടാകണമെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്.

സെക്ഷൻ 71-ൽ Centre for Engineering Research and Development എന്ന നിലവിലുള്ള സംവിധാനത്തെ പിരിച്ചുവിടാൻ നിർദ്ദേശിക്കുന്നുണ്ട്. അതേ സംവിധാനം അതേ പേരിൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി തുടരുമെന്നും പറയുന്നുണ്ട്. അക്കാര്യത്തിൽ ഒരു അവ്യക്തതയുണ്ട്. അത് പരിശോധിച്ച് എന്താണ് വേണ്ടതെന്നുവച്ചാൽ ചെയ്യണമെന്നത് ഒരു അഭ്യർത്ഥനയാണ്. ഒരിക്കൽ പിരിച്ചുവിട്ടത് അതേ പേരിൽത്തന്നെ തുടരണമെങ്കിൽ അതിന്റെ കാരണം എന്താണെന്ന് മനസ്സിലായില്ല. അത് യൂണിവേഴ്സിറ്റിയുടെ ഗവേഷണ വിഭാഗത്തിന്റെ ഭാഗമായി മാറുകയാണ് ചെയ്യേണ്ടത്.

<u>ശ്രീ. കെ. രാജു:</u> സാധാരണയായി യൂണിവേഴ്സിറ്റികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധിക്ക് ഗവേണിംഗ് ബോഡിയിലല്ലാതെ സെനറ്റിൽ സ്ഥാനം കൊടുക്കുന്നുണ്ട്. ഇതിൽ അങ്ങനെയൊന്ന് കാണുന്നില്ല. അതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

<u>ശ്രീ. വി. റ്റി. ബൽറാം:</u> ഈ യൂണിവേഴ്സിറ്റിയുടെ സ്വഭാവം entirely different ആണെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കും. ഏതായാലും എന്റെ

ഭാഗത്തുനിന്നും അത്തരത്തിലുള്ള നിർദ്ദേശം ഈ ഘട്ടത്തിൽ മുന്നോട്ടുവയ്ക്കുന്നില്ല. എല്ലാ വിധത്തിലുള്ള സ്റ്റേക്ക് ഹോൾഡേഴ്സും ഇതിൽ റെപ്രസന്റ് ചെയ്യപ്പെടുക എന്നുള്ളത് തന്നെയാണ് കൂടുതൽ ഉചിതം. ബാക്കി കാര്യങ്ങൾ എങ്ങനെയാണെന്ന് വച്ചാൽ തീരുമാനിക്കാം. ഏതായാലും ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. വി.സി.-യുടെ അമിതാധികാര പ്രവണതകളെക്കുറിച്ച് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട പല അംഗങ്ങളും സെക്ഷൻ 67(1)-നെ കുറിച്ച് വിമർശനങ്ങൾ ഉന്നയിച്ചതാണെന്ന് എനിക്ക് തോന്നുന്നു. ഏതൊരു വിദ്യാർത്ഥിക്കെതിരെയുമുള്ള അച്ചടക്ക നടപടികളിൽ ആത്യന്തികമായ തീരുമാനം എടുക്കാനുള്ള പരമമായ അധികാരം വി.സി.-ക്ക് നൽകുകയാണ്. ഒരു വ്യക്തിയിൽ ഇത്രമാത്രം ഡിപ്പെന്റ് ചെയ്യരുത്. അതുകൊണ്ടുതന്നെ ഈ 67(1)-ൽ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട ഒരു ബ്ലാങ്കറ്റ് അധികാരം വി.സി.ക്ക് കൊടുക്കുന്നത് പിൻവലിച്ച് അത് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകുക എന്നുള്ള അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോയില്ലെങ്കിൽ പലതരത്തിലുള്ള victimization-നും നാളെ വിദ്യാർത്ഥികൾ നേരിടേണ്ടിവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഒരു വ്യക്തിയല്ല, കുറച്ചുകൂടി വിപുലമായ സമിതി തന്നെയാണ് അച്ചടക്ക പ്രശ്നങ്ങളൊക്കെ കൈകാര്യം

ചെയ്യേണ്ടത് എന്നുള്ളതുകൊണ്ട് അതൊന്ന് പരിശോധിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. സമയക്കുറവുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഒട്ടും നീട്ടുന്നില്ല. ഏതായാലും വളരെ നല്ല നിർദ്ദേശങ്ങൾ രണ്ട് ഭാഗത്തുനിന്നും ഉയർന്നുവന്നു. ക്ലോസ് ബൈ ക്ലോസ് ചർച്ചയൊക്കെ നടക്കുമ്പോൾ അത്തരം നിർദ്ദേശങ്ങളെ ഉൾക്കൊള്ളിക്കുന്ന തരത്തിലുള്ള പോസിറ്റീവായ ഇടപെടൽ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന പ്രതീക്ഷ ഒരിക്കൽക്കൂടി പങ്കുവച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് ഇവിടെ പങ്കുവച്ച കുറച്ച് ആശങ്കകൾക്ക് പരിഹാരമുണ്ടാക്കാൻ മൂന്ന് തവണ ചേർന്ന സബ്ജക്ട് കമ്മിറ്റി യോഗത്തിൽ കഴിഞ്ഞിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ശ്രീ. റ്റി. വി. രാജേഷും ശ്രീ. എം. എ. ബേബിയുമടക്കമുള്ള പ്രതിപക്ഷ എം.എൽ.എ.മാർ മുന്നോട്ടുവച്ച ക്രിയാത്മകമായ

ചില നിർദ്ദേശങ്ങളെ സ്വീകരിക്കാൻ നല്ല മനസ്സ് കാണിച്ച മന്ത്രിയെ നാലര വർഷത്തിനുള്ളിൽ ഒരിക്കൽ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. നല്ല കാര്യങ്ങൾ അക്സപ്റ്റ് ചെയ്താൽ അത് അംഗീകരിക്കുക എന്നതാണ് ശരിയായ നിലപാട്. ക്രിയാത്മകമായ നല്ല നിർദ്ദേശങ്ങളാണ് അംഗീകരിച്ചത്. എങ്കിലും കുറെ ആശങ്കകളും പ്രശ്നങ്ങളും നിർദ്ദേശങ്ങളും കൂടി ഇതിന്റെ ഭാഗമായി വയ്ക്കാനുണ്ട്. ഇവിടെ മുമ്പ് സംസാരിച്ച ആളുകളൊക്കെ അത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ. കെ. എസ്. ശബരീനാഥൻ മാത്രമല്ല സി.ഇ.റ്റി.യിൽ പഠിച്ചത്. ചിറയിൻകീഴ് എം.എൽ.എ. ശ്രീ. വി. ശശിയും സി.ഇ.റ്റി.യിലെ വിദ്യാർത്ഥിയായിരുന്നു. സി.ഇ.റ്റി.യിൽ ഒരു സമരം നടക്കുകയാണ്. ശ്രീ. വി. റ്റി. ബൽറാം ഇവിടെ ചൂണ്ടിക്കാണിച്ചു. അവിടുത്തെ വിദ്യാർത്ഥികൾ വലിയൊരു സമരത്തിലാണ്. നമ്മുടെ യൂണിവേഴ്സിറ്റിയുടെ കേന്ദ്രം സി.ഇ.റ്റി. ആണ്. അവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ് അവിടുത്തെ ലൈബ്രറിയുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുക എന്നുള്ളത്. ഏറ്റവും കൂടുതൽ റഫറൻസ് ആവശ്യമായി വരുന്ന വിദ്യാർത്ഥികളാണ് അവിടെയുള്ളത്. അവിടെ പഠിക്കുന്ന കൂടുതൽ വിദ്യാർത്ഥികളും പണം കൊടുത്ത് ടെക്സ്റ്റ് ബുക്ക് വാങ്ങിച്ചു പഠിക്കാൻ കഴിവുള്ളവരല്ല. പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികളായുള്ള നിരവധി പേരുണ്ട്.

അവിടുത്തെ ക്ലാസ്സ് സമയം ചെറിയൊരു പ്രശ്നമാണെങ്കിലും സി.ഇ.റ്റി.യെ സംബന്ധിച്ച് ഒരു ഗുരുതരമായ പ്രശ്നമാണ്. അവരുടെ അദ്ധ്യയന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ്. അവിടുത്തെ ലൈബ്രറിയും പ്രവർത്തിക്കുന്നത് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ്. ദേശീയ മാധ്യമങ്ങളിലടക്കം അവിടുത്തെ സമരത്തിന്റെ പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. അവരുടെ ലൈബ്രറി സമയം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് സമരം. അവിടെ സമരം ചെയ്യുന്നത് പെൺകുട്ടികൾ ആണെന്നുള്ളതുകൊണ്ട് ഒരു വിവേചനം സ്വീകരിക്കുന്നുണ്ട്. അത് പാടില്ല. ഇത്തരം കോളേജുകളുടെ ആക്ടനുസരിച്ച് അവിടെ ജെൻഡർ ഇക്വാലിറ്റി പാലിക്കേണ്ടത് അനിവാര്യമാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ലൈബ്രറി ഒരേനിലയിൽ ഉപയോഗിക്കുവാൻ ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. അവരുടെ അദ്ധ്യയനം കഴിഞ്ഞതിന് ശേഷമാണ് റഫറൻസിനായി ലൈബ്രറികളെ ആശ്രയിക്കേണ്ടത്. അതുകൊണ്ട് കൂടുതൽ സമയം ലൈബ്രറി തുറക്കുന്നതിന് ആവശ്യമായ നടപടി ആ കോളേജിനെ സംബന്ധിച്ച് ഉണ്ടാകണമെന്ന് ആമുഖമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മഹാനായ, നമ്മുടെ അഭിമാനമായി മാറിയ ഡോ. എ. പി. ജെ. അബ്ദുൾ കലാം,

അദ്ദേഹത്തിന്റെ നാമധേയം ഈ സർവ്വകലാശാലയ്ക്ക് കൊടുക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നു എന്ന നിലയിൽ ഒരു പരാമർശം ശ്രീ. വി. ടി. ബൽറാമിന്റെ ഭാഗത്തുനിന്നുണ്ടായത് അനൗചിത്യമാണ്. അത് ശരിയല്ല. അദ്ദേഹത്തിന്റെ പേര് ഒരു കോളേജിനോ സർവ്വകലാശാലയ്ക്കോ കൊടുക്കുന്നതിന് വ്യത്യസ്തമായ ഒരഭിപ്രായത്തിന്റെ കണികപോലും സ്വീകരിക്കുന്നവരല്ല ഞങ്ങൾ. ഏതാണ്ട് 150 കോളേജുകൾ ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായുണ്ട്. അതിൽ 137 കോളേജുകളും സെൽഫ് ഫിനാൻസിംഗ് കോളേജുകളാണ്. 13 കോളേജുകൾ മാത്രമാണ് സർക്കാർ എയ്ഡഡ് മേഖലയിലുള്ളത്. 93 ശതമാനം കോളേജുകൾ സ്വാശ്രയ മേഖലയിൽ നിൽക്കുന്ന ഒരു യൂണിവേഴ്സിറ്റിക്ക് അദ്ദേഹത്തിന്റെ നാമധേയം കൊടുക്കേണ്ടതില്ലെന്നും അതിനേക്കാൾ ഏറ്റവും ഉചിതം ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമായ CUSAT-ന്റെ പേരിന്റെകൂടെ കൊടുത്തുകൂടെ എന്നൊരു ചോദ്യമാണ് ഞങ്ങൾ ചോദിച്ചത്. അതായിരുന്നു കൂടുതൽ സ്വീകാര്യവും അഭികാമ്യവും എന്ന അഭിപ്രായമാണ് ഞങ്ങൾ സ്വീകരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവച്ച നിർദ്ദേശത്തെ പരിപൂർണ്ണമായി ഐക്യകണ്ഠേന സ്വാഗതം ചെയ്തവരാണ് ഞങ്ങൾ. ആ പരാമർശത്തെ തെറ്റായി വളച്ചൊടിക്കുന്നത് ശരിയല്ല. അത്തരമൊരു വിമർശനംപോലും ഉന്നയിക്കാൻ പാടില്ലാത്തതാണ് എന്ന്

ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നത് രാഷ്ട്രീയമാണ്. ഏതെങ്കിലും ഒരു മനുഷ്യന്റെ വ്യക്തിപരമായ കഴിവിനെ കുറച്ചു കണ്ടുകൊണ്ടല്ല ഒരു തെരഞ്ഞെടുപ്പിന്റെ ഭാഗമായി നോക്കിക്കാണുന്നത്. അത് രാഷ്ട്രീയപരമായ നിലപാടുകളാണ്. പക്ഷേ അദ്ദേഹത്തിന്റെ കഴിവുകളെയും അംഗീകാരങ്ങളെയുമെല്ലാം പരിപൂർണ്ണമായി സ്വാഗതം ചെയ്യുന്ന ആളുകളാണ് ഞങ്ങൾ.

ടെക്നിക്കൽ യൂണിവേഴ്സിറ്റി നിലവിൽ വരുമ്പോൾ ഏറ്റവും പ്രധാനമായി പരിശോധിക്കേണ്ടത് അവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ അക്കാഡമിക് നിലവാരം ഉയർത്താൻ കഴിയുന്ന നിലയിലേയ്ക്ക് ഈ യൂണിവേഴ്സിറ്റിയെ മാറ്റാൻ കഴിയുമോ എന്നാണ്. അത്തരമൊരു പരിശോധനയാണ് നടത്തേണ്ടത്. മറ്റ് യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകൾ, ആ കോളേജുകളോടൊപ്പം പ്രവർത്തിച്ചിരുന്ന എഞ്ചിനീയറിംഗ് കോളേജുകളെ ഇപ്പോൾ ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഉൾക്കൊള്ളിക്കുകയാണ്. ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രഥമമായ ലക്ഷ്യം നിലവിലുള്ള പോരായ്മകൾ... ശാസ്ത്രസാങ്കേതിക രംഗത്ത് സംഭാവന ചെയ്യാൻ കഴിയുന്ന വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട ഇടമായി നമുക്ക്

ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ മാറ്റേണ്ടതായിട്ടുണ്ട്. അവിടെ വിദ്യാർത്ഥികൾക്ക് നവീകരിച്ച കോഴ്സുകൾ ലഭ്യമാക്കണം. നല്ല നിലവാരമുള്ള അദ്ധ്യാപകരെ ആ യൂണിവേഴ്സിറ്റിയുടെ ഭാഗമായി കൊടുക്കാൻ കഴിയണം. ഞാൻ ചൂണ്ടിക്കാണിക്കുന്നത്, രാജ്യത്തെ ബഹുമാനപ്പെട്ട കോടതികൾ പോലും കേരളത്തിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെ സ്ഥിതിയെയും  നിലവാരത്തെയും സംബന്ധിച്ച് ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. വലിയ മോശപ്പെട്ട റിസൽട്ടാണ് പല എഞ്ചിനീയറിംഗ് കോളേജിലും ഉണ്ടാകുക. പരീക്ഷ എഴുതുന്ന ഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളും പാസ്സാകാത്ത നിലയിലേയ്ക്ക് മാറുകയാണ്. ഇത്തരം കോളേജുകൾ വേണ്ടതുണ്ടോ എന്ന് കേരളത്തിലെ ബഹുമാനപ്പെട്ട കോടതി പോലും ചോദിക്കുന്ന നിലയിലേയ്ക്ക് മാറുകയാണ്. ഇത്തരം കോളേജുകൾ ആകെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു യൂണിവേഴ്സിറ്റി ഉണ്ടാകുമ്പോൾ അതിന്റെ പ്രഥമമായ കടമ അതിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കപ്പെടേണ്ടതുണ്ട് എന്നാണ്. കേരളത്തിൽ ഇപ്പോൾ പുതിയ ട്രെന്റ് ഉണ്ട്. എഞ്ചിനീയറിംഗ് കഴിയുന്ന വിദ്യാർത്ഥികൾ എം.ബി.എ.-യിലേയ്ക്ക് പോകുകയാണ്. എം.ബി.എ. പഠിക്കണ്ട എന്ന അഭിപ്രായമല്ല ഞങ്ങൾക്കുള്ളത്. എന്തുകൊണ്ടാണ് അങ്ങനെ പോകുന്നത് എന്നൊരു പരിശോധന നമ്മൾ നടത്തേണ്ടതായിട്ടുണ്ട്. ശാസ്ത്രരംഗത്ത്

നേട്ടമുണ്ടാക്കേണ്ട വിദ്യാർത്ഥികളെ സംഭാവന ചെയ്യുന്ന കോളേജുകളാണിത്. പക്ഷേ കേരളത്തിലെ എഞ്ചിനീയറിംഗിന്റെ റിസൾട്ട് ഏതാണ്ട് 30 ശതമാനത്തിന് അടുത്താണുള്ളത്. അതിൽതന്നെ പാസ്സാകുന്നവരിൽ ഭൂരിപക്ഷം കുട്ടികളും എഞ്ചിനീയറിംഗ് കഴിയുമ്പോൾ എം.ബി.എ.-യ്ക്ക് പോകുകയാണ്. അത് എന്തുകൊണ്ടാണെന്നുള്ളത് ഈ നിയമസഭയും നമ്മളും പരിശോധിക്കണം. ഒരു ആത്മവിശ്വാസത്തിന്റെ കുറവ് ഈ മേഖലയിലെ വിദ്യാർത്ഥികൾക്കുണ്ട് എന്നതാണ് നമുക്കപ്പോൾ മനസ്സിലാകുന്നത്. തങ്ങൾ പഠിക്കുന്ന കോഴ്സിൽ തങ്ങൾക്ക് ജോലികിട്ടുമോ; ഈ കോഴ്സ് പഠിച്ച പൂർത്തിയായാൽ രാജ്യാന്തര നിലവാരത്തിലേയ്ക്ക് അല്ലെങ്കിൽ ഇൻഡ്യയ്ക്ക് പുറത്തേയ്ക്കുപോയി തൊഴിലവസരങ്ങൾ സാധ്യമാക്കാൻ കഴിയുമോ എന്ന ആശങ്ക വിദ്യാർത്ഥികൾക്കുണ്ട്. ആ ആശങ്കയുള്ളതുകൊണ്ടാണ് ഒരു ബിരുദമെടുത്തതിനുശേഷം പോലും ആ കോഴ്സിനകത്ത് ഉറച്ചുനിൽക്കാതെ എം.ബി.എ. കൂടി പഠിക്കാൻ വിദ്യാർത്ഥികൾ തയ്യാറാകുന്നത്. അതൊരു മോശപ്പെട്ട കാര്യമാണെന്ന അഭിപ്രായമല്ല ഞങ്ങൾക്കുള്ളത്. പക്ഷേ തങ്ങൾ പഠിക്കുന്ന കോഴ്സിൽ ഉറച്ചുനിന്നുകൊണ്ട് ഒരു തൊഴിലവസരം ഉണ്ടാക്കിയെടുക്കുന്നതിൽ നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾ തയ്യാറാകുന്നില്ല എന്നൊരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റി വരുമ്പോൾ കൂടുതൽ തൊഴിലവസരം ഉണ്ടാകുന്ന നിലയിലേയ്ക്കും

കൂടുതൽ ഗവേഷണങ്ങൾ ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ടാക്കുന്ന നിലയിലേയ്ക്കും നമ്മുടെ വിദ്യാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. ഇത് കേവലം കുറെ കോളേജുകൾ അഫിലിയേറ്റ് ചെയ്യപ്പെട്ടൊരു സർവ്വകലാശാല മാത്രമായി ചുരുക്കാൻ പാടില്ല. അവിടെ ഡിഗ്രി, പി.ജി. കോഴ്സുകളുടെ നിലവാരം ഉയർത്തുകയും അവർക്ക് ഗവേഷണം നടത്താൻ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടിയുമിരിക്കുന്നു. പാലവും റോഡുകളും പണിയുന്നത് മാത്രമല്ല എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ കടമ. നമ്മുടെ നാട് നേരിടുന്ന ചില പ്രശ്നങ്ങൾ കൂടിയുണ്ട്. പരിസ്ഥിതിയുടെ പ്രശ്നം. പരിസ്ഥിതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നത്തിൽ ഈ മേഖലയിൽനിന്ന് ഉയർന്നുവരുന്ന വിദ്യാർത്ഥികൾക്ക് നൽകാൻ കഴിയുന്ന സംഭാവനയെക്കുറിച്ച് പരിശോധിക്കാനും പഠിക്കാനും അതിനാവശ്യമായ റിസേർച്ച് നടത്താനും കഴിയുന്ന നിലയിലുള്ള സൗകര്യങ്ങൾ ആ യൂണിവേഴ്സിറ്റിയിൽ ഉണ്ടാക്കിക്കൊടുക്കാൻ കഴിയണം. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട്, ഇപ്പോൾ വ്യാപകമായി വീടുകൾ കൺസ്ട്രക്റ്റ് ചെയ്ത് വീടുകളുടെ ഒരു കുമ്പാരമായി കേരളം മാറുകയാണ്. പരിസ്ഥിതിയെ ദുർബ്ബലപ്പെടുത്തുന്ന നിലയിൽ ഇങ്ങനെ വീടുകൾ വർദ്ധിച്ചു വരുമ്പോൾ ഭവന നിർമ്മാണത്തിന്റെ മേഖലയിൽ പുതിയ ടെക്നോളജി

അവലംബിക്കാൻ കഴിയുന്ന നിലയിലുള്ള ഒരു ഗവേഷണം നടത്താനാവശ്യമായ സംവിധാനവും കോഴ്സുകളും ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഉണ്ടാക്കിയെടുക്കണം. അതുപോലെ മാലിന്യ നിർമ്മാർജ്ജനം തുടങ്ങി കേരളത്തിന്റെ ഭാവിയെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുന്ന നിലയിലുള്ള, ശാസ്ത്രരംഗത്തെ നേട്ടങ്ങൾ സംഭാവന ചെയ്യാൻ കഴിയുന്ന വിദ്യാർത്ഥി സമൂഹത്തെ ഉണ്ടാക്കിയെടുക്കുക എന്ന കടമ നമുക്ക് അക്കാഡമിക് രംഗത്ത് ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുണ്ട്. അത്തരം വെല്ലുവിളികളെ നേരിടാൻ പ്രാപ്തിയുള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങളുമായി അക്കാഡമിക് ബന്ധം സ്ഥാപിക്കാൻ ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കഴിയണം.

ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നു നാം പറയുന്നുവെങ്കിലും സർവ്വകലാശാല എന്നുള്ള ഒരു കൺസെപ്റ്റിന് വിരുദ്ധമാണ് ഇത്. എല്ലാം പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ എന്നാണ് സർവ്വകലാശാലയുടെ അർത്ഥം. ലോകത്ത് ഇപ്പോൾ പുതിയൊരു ട്രെന്റുണ്ട്. ആ ട്രെന്റിന് വിരുദ്ധമായി നാം പോകുമ്പോൾ, ഈ

ബില്ലിലൂടെ ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി നാം കൊണ്ടുവരുമ്പോൾ ലോകത്തെ ട്രെന്റിന് വിരുദ്ധമായി ഒരു സമീപനം നാം സ്വീകരിക്കുന്നോ എന്നൊരു പരിശോധന കൂടി നടത്തണം. ഇപ്പോൾ ലോകത്ത് ഏതെങ്കിലും സ്പെസിഫിക്കായി ഒരു കാര്യം പഠിപ്പിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് അപ്പുറത്തായി.... ഇപ്പോൾ ശാസ്ത്രരംഗത്ത് സാങ്കേതിക വിദ്യയുടെയും മാനവിക വിഷയങ്ങളുടെയും അതിർവരമ്പുകൾ വർത്തമാനകാലത്ത് ഇല്ലാതാകുകയാണ്. ആ അതിർ വരമ്പുകൾ ലോകത്താകമാനം ഇല്ലാതാകുമ്പോഴാണ് നമ്മൾ സ്പെസിഫിക്കായി ഒരു യൂണിവേഴ്സിറ്റിയിലേയ്ക്ക് പോകുന്നത്. എല്ലാ അറിയപ്പെടുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇന്ന് മെഡിക്കൽ സയൻസ് ഉൾപ്പെടെയുള്ള ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ട്. മാനവിക വിഷയങ്ങൾ അവരുടെ കോഴ്സുകളുടെ ഭാഗമായി ഉൾപ്പെടുത്തുന്നുണ്ട്. ലോകത്ത് അറിയപ്പെടുന്ന പ്രധാനപ്പെട്ട ഇത്തരം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെഡിക്കൽ സയൻസ് പോലെയുള്ള ശാസ്ത്ര വിഷയങ്ങളും മാനവിക വിഷയങ്ങളും ഉൾപ്പെടുത്തുമ്പോൾ നമ്മൾ അതിൽനിന്ന് തിരിഞ്ഞു പോകുകയാണോ എന്നുള്ളൊരു പരിശോധന ഇതിന്റെ ഭാഗമായി നടത്തേണ്ടിയിരിക്കുന്നു.

ഇവിടെ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നിരവധി ആളുകൾ ചൂണ്ടിക്കാണിച്ചതാണ് എന്നുള്ളതുകൊണ്ട് ഞാനതിന്റെ

ദീർഘമായ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തേണ്ടതില്ല എന്നായിരുന്ന ബില്ല് ഇവിടെ വരുമ്പോൾ ഉണ്ടായിരുന്നത്. ഏതായാലും സബ്ജക്റ്റ് കമ്മിറ്റിയിലേയ്ക്ക് പോയി, അഭിപ്രായം മാനിച്ച് നിർവ്വാഹക സമിതിയിലേയ്ക്കും ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്കും വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്താൻ തീരുമാനിച്ചു. സന്തോഷകരമായ കാര്യമാണ്. പക്ഷേ ശ്രീ, വി. ടി. ബൽറാം ഒരു കാര്യം പരാമർശിച്ചു. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ആരോഗ്യസർവ്വകലാശാലയുടെ ബിൽ അവതരിപ്പിക്കുമ്പോൾ ആ ബില്ലിനകത്ത് വിദ്യാർത്ഥി പ്രതിനിധി ഉണ്ടായിരുന്നില്ല എന്ന ഒരു പരാമർശം ശ്രീ. വി. ടി. ബൽറാമിന്റെ ഭാഗത്തുനിന്നുണ്ടായി. അത് ശരിയല്ല. അവിടെ വിദ്യാർത്ഥി യൂണിയനുണ്ട്. ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് ഗവർണേഴ്സിന് തുല്യമാണ് ആരോഗ്യ സർവ്വകലാശാലയിലെ സെനറ്റ്. ആ സെനറ്റിൽ 10 അംഗങ്ങളുണ്ട്. ഞങ്ങൾ ആവശ്യപ്പെടുന്ന ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലും ആരോഗ്യ സർവ്വകലാശാലയിലുള്ളതുപോലെ 10 അംഗങ്ങളെ നോമിനേറ്റ് ചെയ്യുകയല്ല, അവരെ തെരഞ്ഞെടുക്കുന്ന ഒരു രീതി അവലംബിക്കാൻ അങ്ങ് തയ്യാറാകണം. അതിനാവശ്യമായ നടപടികൾ

സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, ആരോഗ്യ സർവ്വകലാശാല ഇതിന് മാതൃകയായി എടുക്കരുത്. ആരോഗ്യ സർവ്വകലാശാല എന്നുപറഞ്ഞാൽ അതിന്റെ നിയമങ്ങൾ, ഇത്രയും ജനാധിപത്യ വിരുദ്ധമായി ഉണ്ടാക്കിയിരിക്കുന്ന ഒരു ആക്റ്റില്ല. അതിന്റെ എക്സിക്യൂട്ടീവിൽ എം.എൽ.എ.-മാർക്കും വിദ്യാർത്ഥികൾക്കും ആർക്കും പ്രാതിനിധ്യമില്ല. അതുകൊണ്ട് അതുപോലെയൊരു ആക്റ്റ് ആയിരിക്കണം ഇതെന്നുള്ളത് അങ്ങ് ഒരിക്കലും പറയാൻ പാടില്ല.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, അതിന്റെ ജനാധിപത്യപരമായ മറ്റ് കാര്യങ്ങൾ അവിടെ നിൽക്കട്ടെ. വിരുദ്ധമായ സമീപനങ്ങളുണ്ടെങ്കിൽ നമുക്ക് പരിശോധിക്കാം.

<u>ശ്രീ. എ. കെ. ബാലൻ</u>: ആരോഗ്യ സർവ്വകലാശാലയിൽ 10 വിദ്യാർത്ഥികളുടെ പ്രാതിനിധ്യമുണ്ട് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത് ഇല്ലെന്ന് നേരത്തെ ശ്രീ. വി. ടി. ബൽറാമും പറഞ്ഞു. അവിടെ ഇപ്പോൾ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. എം.ബി.ബി.എസ്. ഗ്രാഡുവേറ്റ്സ്, ആയുർവ്വേദം, ഫാർമസിസ്റ്റ് ഇവരുടെയെല്ലാം വിദ്യാർത്ഥി പ്രതിനിധികൾ സെനറ്റിലുണ്ട്. ഇപ്പോൾ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്.

ശ്രീ. റ്റി.വി. രാജേഷ്: സർ, ഇവിടെ ബഹുമാന്യനായ അംഗം ശ്രീ. വി.ടി. ബൽറാം നേരത്തേ സംസാരിച്ചപ്പോൾ മെഡിക്കൽ സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് യാതൊരു പ്രാതിനിധ്യവുമില്ല എന്ന വളരെയേറെ തെറ്റിദ്ധാരണയുളവാക്കുന്ന ഒരു പ്രസ്താവനയാണ് നടത്തിയത്. ഈ ബില്ല് സർക്കുലേറ്റ് ചെയ്തപ്പോൾ ഇതിനകത്ത് വിദ്യാർത്ഥി യൂണിയൻ ഉണ്ടായിരുന്നില്ല, ബോർഡ് ഓഫ് ഗവർണേഴ്സിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടായിരുന്നില്ല, നിർവ്വാഹക സമിതിയിലും വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. എന്നാൽ ആരോഗ്യ സർവ്വകലാശാലയിൽ വിദ്യാർത്ഥി യൂണിയനുണ്ട് മാത്രമല്ല സ്റ്റുഡൻസ് കൗൺസിലിൽ നിന്ന് 10 പ്രതിനിധികൾ ഇലക്ട് ചെയ്തിട്ടാണ് സെനറ്റിലേക്ക് വരുന്നത്. ഈ കാര്യങ്ങൾ അദ്ദേഹം തികച്ചും തെറ്റിദ്ധാരണയുളവാക്കുന്ന വിധത്തിൽ ഇവിടെ സംസാരിച്ചു, അത് ചില ലക്ഷ്യങ്ങളുടെ ഭാഗമായിട്ടാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. ആർ. രാജേഷ്: ആരോഗ്യ സർവ്വകലാശാലയിൽ സെനറ്റിൽ 10 വിദ്യാർത്ഥി പ്രതിനിധികൾ ഉണ്ട്, അവർ നോമിനേറ്റ് ചെയ്യപ്പെടുകയല്ല, തെരഞ്ഞെടുത്തു വരികയാണ്. ആ നിലയിൽ വിദ്യാർത്ഥി പ്രതിനിധികളുടെ കാര്യത്തിൽ ആരോഗ്യ സർവ്വകലാശാലയിൽ ഉള്ളതുപോലെതന്നെ ടെക്നിക്കൽ

സർവ്വകലാശാലയിലും 10 വിദ്യാർത്ഥി പ്രതിനിധികളെ ഇതിന്റെ ബോർഡ് ഓഫ് ഗവർണേഴ്സിലേക്ക് തെരഞ്ഞെടുക്കുന്ന ഒരു നിലയിലേക്ക് മാറണം എന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പ്രതിനിധിയും ഉണ്ടാകണം, വി.സി., പ്രോ-വി.സി. എന്നിവരുടെ യോഗ്യത എന്താണെന്ന് ഈ ബില്ലിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രോ-വൈസ്ചാൻസലറുടെ യോഗ്യത നിശ്ചയിക്കുമ്പോൾ സ്വാഭാവികമായും വി.സി.-യുടെ യോഗ്യത നിശ്ചയിക്കണം. അതാണ് ശ്രീ. സി.പി. മുഹമ്മദും, പ്രതിപക്ഷത്തുള്ള ആളുകളും എല്ലാം ആശങ്ക പങ്കുവച്ചത്. ഇത് ഏതെങ്കിലും ഒരു വി.സി.യെ മുൻകൂട്ടി, ഇന്ന ആളിനെ വി.സി. ആക്കണം എന്ന് മുൻകൂട്ടി തീരുമാനിച്ചുകൊണ്ടാണോ; അങ്ങനെയാണെങ്കിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ബില്ല് അവതരിപ്പിക്കുമ്പോൾ പറയണം, ഇന്ന ആളെ വി.സി.-യാക്കാൻ തീരുമാനിച്ചിട്ടാണ്, അതുകൊണ്ടാണ് പ്രായം 61, 60 എന്നിങ്ങനെ . . . . . . അപ്പോൾ ചെരുപ്പിന് അനുസരിച്ച് കാലുമുറിക്കുന്ന ഒരു നിലയിലേക്ക് ടെക്നിക്കൽ യൂണിവേഴ്സിറ്റി ബില്ല് മാറ്റാൻ പാടില്ല. ഒരാളെ മനസ്സിൽ കണ്ടിട്ട്, ആ മനസ്സിൽ കണ്ട ആളെ വി.സി. ആക്കുന്നതിന് വേണ്ടി ഈ ബില്ലിനകത്ത് വി.സി. യുടെ യോഗ്യത നിശ്ചയിക്കാതിരിക്കുന്നത് ശരിയല്ല. ബില്ല് ഇവിടെ ക്ലോസ്സ് ബൈ ക്ലോസ്സ് ആയി എടുക്കുമ്പോൾ തീർച്ചയായിട്ടും

വി.സി.യുടെ യോഗ്യതയുടെ കാര്യത്തിൽ ഉയർത്തിക്കൊണ്ടു വന്നിട്ടുള്ള ഭേദഗതികൾ അംഗീകരിക്കണമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.വിദ്യാർത്ഥികൾ നിയന്ത്രിക്കപ്പെടേണ്ടതല്ല എന്ന അഭിപ്രായം ഞങ്ങൾക്ക് സ്വീകാര്യമാണ്.

ശ്രീ. സി.പി. മുഹമ്മദ്: സർ, വ്യവസായ സ്ഥാപനങ്ങളുടെ പ്രതിനിധിയെ നിശ്ചയിച്ചതിന്റെ കാര്യമാണ് പറഞ്ഞത്, വി.സി.യുടെ കാര്യം ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ആർ. രാജേഷ്: സർ, വി.സി.ക്ക് യോഗ്യത വേണ്ട എന്നാണോ അങ്ങയുടെ അഭിപ്രായം. ശ്രീ. സി.പി. മുഹമ്മദ് മൗനമായിട്ട് ഇരുന്നിരുന്നുവെങ്കിൽ ഞങ്ങൾ കുറച്ചുകൂടി ബഹുമാനം കാണിച്ചേനേ, ഇത് വേണ്ട എന്നു പറഞ്ഞത് ശരിയായില്ല. വി.സി.ക്ക് യോഗ്യത വേണ്ട എന്നതാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ അത് സ്വീകരിക്കാം, ഞങ്ങൾ ആവശ്യപ്പെട്ടത് വി.സി.-ക്ക് യോഗ്യത ഉണ്ടാകണം.

ഡോ. കെ.ടി. ജലീൽ: സാർ, വി.സി.യുടെ യോഗ്യതയെ സംബന്ധിച്ച് പറഞ്ഞപ്പോൾ സ്റ്റാറ്റ്യൂട്ടിൽ അത് ഉണ്ടാകും, അല്ലെങ്കിൽ ഉണ്ടാക്കാം എന്നാണ് പറഞ്ഞത്. അങ്ങനെയെങ്കിൽ പി.വി.സി.യുടെ യോഗ്യതയും, രജിസ്ട്രാറുടെ യോഗ്യതയും പ്രത്യേകം ഈ ബില്ലിൽ എന്തിനാണ് എടുത്ത് പറഞ്ഞത്; അതും സ്റ്റാറ്റ്യൂട്ട് അനുസരിച്ചുതന്നെ നമുക്ക് ചെയ്താൽ മതിയായിരുന്നല്ലോ; പി.വി.സി.

യുടേയും, രജിസ്ട്രാറുടേയും യോഗ്യത, വയസ്സ് ഇതൊക്കെ പറഞ്ഞ സാഹചര്യത്തിൽ വി.സി.യുടേയും യോഗ്യതയും, പ്രായവുമെല്ലാം പറയുന്നത് ഉചിതമാകില്ലേ?

ശ്രീ. ആർ. രാജേഷ്: സാർ, ഈ ആശങ്കയാണ് ഞങ്ങൾ പ്രകടിപ്പിച്ചത്.

ഡോ. എൻ. ജയരാജ്: സാർ, ആദ്യത്തെ വൈസ്ചാൻസലറെ മാത്രമേ ഗവൺമെന്റ് തീരുമാനിക്കുന്നുള്ളൂ. പിന്നീട് വൈസ്ചാൻസലറെ തീരുമാനിക്കുന്നത് "താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു അന്വേഷണ സമിതി ശുപാർശ ചെയ്യുന്ന പാനലിലെ പേരുകളിൽ നിന്ന് ചാൻസലർ നിയമിക്കും" എന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു പാനൽ എന്നുപറയുമ്പോൾ സ്വാഭാവികമായും സ്റ്റാറ്റ്യൂട്ടിനകത്ത് അദ്ദേഹത്തിന് ആവശ്യമായ യോഗ്യതകളെ സംബന്ധിച്ച് സൂചിപ്പിക്കാതിരിക്കുകയില്ല. അത് ഈ നിയമത്തിൽ വരണമെന്ന് നിർബന്ധമില്ല.

ശ്രീ. ആർ. രാജേഷ്: സാർ, പി.വി.സി.-യുടെ കാര്യവും സ്റ്റാറ്റ്യൂട്ടിനകത്ത് മതിയായിരുന്നു. ഇവിടെ അങ്ങനെയല്ല, പി.വി.സി.-യുടെ കാര്യത്തിൽ യോഗ്യത കൃത്യമായി നിശ്ചയിച്ചിട്ടുണ്ട്. അതിനുമുകളിലുള്ള വി.സി.-യ്ക്ക് എന്താണ് ക്വാളിഫിക്കേഷൻ എന്നതിനെ സംബന്ധിച്ച് ഒരു കൃത്യമായ നിലപാട് ഈ ബില്ലിന്റെ ഭാഗമായിട്ട് ഇല്ല. അത് കൃത്യമായി പരിശോധിക്കപ്പെടേണ്ടതാണ്. വി.സി. മാർക്ക് പരമമായ അധികാരം കൊടുക്കുന്നത്, അങ്ങനെ പരമമായ

അധികാരം കൊടുക്കാൻ പാടില്ല. കോഴിക്കോട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എം.ജി. സർവ്വകലാശാല ഇവിടെയൊക്കെയുള്ള വി.സി.-മാരുടെ അനുഭവം നമ്മുടെ മുൻപിൽ ഉണ്ട്. സർവ്വകലാശാലകളിലെ അദ്ധ്യാപകരുടേയും, അനദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും ജനാധിപത്യപരമായ അവകാശങ്ങൾ നിഷേധിക്കുന്ന ഒരു വി.സി.യാണ് ആ സ്ഥാനത്തേക്ക് വരുന്നതെങ്കിൽ എന്താവും സ്ഥിതി; അതുകൊണ്ട് വി.സി.-ക്ക് പരമമായ അധികാരം കൊടുത്തുകൊണ്ട് പോകുന്നത് ശരിയല്ല.

മറ്റൊന്ന്, ഒരു വ്യവസായി എന്ന നിലയിൽ 1000 കോടിരൂപയുടെ...., വിദ്യാഭ്യാസ മേഖലയിൽ ഒരു ബില്ല് കൊണ്ടുവരുമ്പോൾ അതിലൊരു സമ്പത്തിന്റെ കണക്ക്, അവിടെയൊരു സ്ഥാനത്തേക്ക് വരുന്ന ഒരാൾക്ക് ഇത്ര സമ്പത്തുണ്ടാകണം എന്നു തീരുമാനിക്കുന്നത് ശരിയല്ല. ആ സമ്പത്തിന്റെ കണക്ക് എടുത്ത് മാറ്റണം. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും ഒരു നിക്ഷിപ്ത താൽപ്പര്യത്തിന്റെ ഭാഗമായി ഇന്ന ആളായിരിക്കണം, ആ യോഗ്യതയുടെ ഭാഗമായി കടന്നുവരേണ്ടത് എന്ന് മുൻകൂട്ടി തീരുമാനിച്ചിട്ടാണ് ഇതു ചെയ്യുന്നതെങ്കിൽ അത് ശരിയല്ല, 1000 കോടി രൂപയുടെ സമ്പത്ത് എന്നുപറയുന്നത് ഒഴിവാക്കി, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മറ്റ് അടിസ്ഥാനപരമായ യോഗ്യതകൾകൂടി

ഉൾപ്പെടുത്തിക്കൊണ്ട് ആ ഭേദഗതികൾ കൂടി വരുത്തണം എന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഇത്തരമൊരു ടെക്നിക്കൽ യൂണിവേഴ്സിറ്റിയെക്കുറിച്ചുള്ള ആലോചന നടന്നിരുന്നു. അന്നുണ്ടായ ഒരാശങ്ക, ഇത്തരം ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് സഹായം നൽകുന്ന വേൾഡ് ബാങ്ക് പദ്ധതി, ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, (TEQIP) - ആ ടെക്വിപ്പിന്റെ പ്രത്യേകത, അവർ യൂണിവേഴ്സിറ്റിക്ക് ഫണ്ട് നൽകും, പക്ഷേ ഓരോ ഘട്ടം കഴിയുമ്പോഴും അവരുടെ നിലപാടുകൾ കർശനമായിട്ട് മാറും. ആ നിലപാടുകളുടെ കാർക്കശ്യത്തിന്റെ ഭാഗമായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമല്ല യൂണിവേഴ്സിറ്റിയിൽ ഉള്ളത്, അവിടെ ഗവൺമെന്റ് എയിഡഡ് സ്ഥാപനങ്ങൾ കൂടിയുണ്ട്. ആ ഗവൺമെന്റ് എയിഡഡ് സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭാവിയിൽ ഇവിടെ പഠിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലേക്ക് മാറുമോ എന്ന ആശങ്കയുണ്ട്, അത് പരിശോധിക്കണം. മെരിറ്റ് അടിസ്ഥാനത്തിൽ ആയിരിക്കണം മുഴുവൻ നിയമനങ്ങളും നടത്തേണ്ടത്. മാനേജ്മെന്റ് സീറ്റിലേക്കായിരുന്നാലും മെരിറ്റ് ആയിരിക്കണം മാനദണ്ഡം എന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്.

പുതിയ ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ബിൽ അവതരിപ്പിക്കുമ്പോൾ

മറുപടി പറയേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. ഇത് ഒരു സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയാണ്, നമുക്ക് ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുണ്ട്, അതിന്റെ പേര് കുസാറ്റ് എന്നാണ്. ആ കുസാറ്റ് ഇത്രയും നാളുകൾക്കുള്ളിൽ ഒരു വലിയ സ്ഥാപനമാക്കി വളർത്താൻ കഴിഞ്ഞോ എന്നൊരു പരിശോധന നടത്തേണ്ടതായിട്ടുണ്ട്. നല്ല ടാലന്റഡായിട്ടുള്ള വിദ്യാർത്ഥികൾ ഇല്ലാത്തതിന്റെ പ്രശ്നമാണോ കുസാറ്റിലുള്ളത്? ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ നമുക്കുണ്ട്, അപ്പോൾ നല്ല അദ്ധ്യാപകർ ഇല്ലാത്തതിന്റെ പ്രശ്നമാണോ? കുസാറ്റിനെ ഇന്നുവരേയും നമുക്ക് ഒരു ഐ.ഐ.ടി.-യുടെ നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടില്ല. ദീർഘ വർഷമായി കുസാറ്റിന് ഒരു ഐ.ഐ.ടി.-യുടെ നിലവാരത്തിലേക്ക് ഉയരാൻ കഴിയാത്ത സാഹചര്യത്തിൽ, ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റി വന്നാൽ ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാക്കാൻ കഴിയും എന്നത് ഒരു യാഥാർത്ഥ്യമല്ല, അതൊരു മൗഢ്യമാണ്. ഇപ്പോഴും നമ്മൾ ഒരു പാലം പണിതാൽ എവിടുന്നാണ് ടെക്നിക്കൽ എക്സ്പേർട്ടിനെ വിളിക്കുക; ഐ.ഐ.ടി.-യിലേക്ക് പോകും, ഗൊരഖ്പൂരിലേക്ക് പോകും. നമ്മുടെ ഇവിടെ കുസാറ്റ് പോലുള്ള സ്ഥാപനം ഉള്ളപ്പോൾ അവരെപ്പോലും ആശ്രയിക്കാൻ കഴിയാത്ത നിലയിലേക്ക് നമ്മുടെ ശാസ്ത്ര സാങ്കേതിക രംഗത്തെ, വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ

താഴോട്ട് പോയിരിക്കുന്നു. അതിന് ഒരു പരിഹാരം ഉണ്ടാക്കണം. ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനകരമായ നിലയിലേക്ക് മാറ്റാൻ കഴിയണം.

നമ്മുടെ യൂണിവേഴ്സിറ്റികളിലെ വി.സി.-മാർ, ഞങ്ങളിത്തരം ആശങ്കകൾ പ്രകടിപ്പിക്കുന്നത് നമ്മുടെ ചില യൂണിവേഴ്സിറ്റികളിലെ വി.സി.-മാരുടെ സ്ഥിതി കണ്ടതുകൊണ്ടാണ്. കോഴിക്കോട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എം.ജി. സർവ്വകലാശാല, നാടിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു സർവ്വകലാശാലാ വി.സി.-യെ നമുക്ക് പുറത്താക്കേണ്ട സാഹചര്യമുണ്ടായി. ജനാധിപത്യപരമായ അവകാശങ്ങൾപോലും നിഷേധിക്കപ്പെടുന്ന രീതിയിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ സമരം നടക്കുകയാണ്. അവിടെ വി.സി. അതിനെല്ലാം പ്രതിബന്ധമായി നിൽക്കുകയാണ്. സി.എച്ച്. ഷെയർ, ഭൂമി ദാനം,..... ഞാൻ രാഷ്ട്രീയ വിഷയങ്ങളിലേക്ക് പോകുകയല്ല. അവിടെ ഭൂമി ദാനം, വി.സി. നേരിട്ട് ബന്ധപ്പെട്ട നിലയിലേക്കുള്ള ഭൂമിദാന കേസ്സുകൾ പുറത്തു വരികയാണ്. സർവ്വകലാശാലയുടെ വിദൂര പഠന കേന്ദ്രങ്ങൾ നടത്തുന്നതിൽ വലിയ അഴിമതിയുണ്ട് എന്നു വാർത്തകൾ വരികയാണ്. കേരളത്തിലെ നിലവിലെ സർവ്വകലാശാലകളുടെ സ്ഥിതിവച്ച് പരിശോധിക്കുമ്പോൾ, ആ സർവ്വകലാശാലകളുടെ സ്ഥിതി നമ്മുടെ

നാടിന് അപമാനകരമാണ്. ഈ സാങ്കേതിക ശാസ്ത്ര സർവ്വകലാശാല കൂടുതൽ ജനാധിപത്യപരമായി വിദ്യാർത്ഥി പ്രതിനിധികളെയും അദ്ധ്യാപക പ്രതിനിധികളെയും ഉൾപ്പെടുത്തി കൂടുതൽ ജനാധിപത്യവൽക്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. ഇത്തരം ശാസ്ത്ര മേഖലകളിൽ, സാങ്കേതിക മേഖലകളിൽ ഡെവലപ്മെന്റ് ഉണ്ടാകുമ്പോൾ രാഷ്ട്രീയമായ ഒരു പ്രത്യാഘാതം കൂടി നമ്മുടെ തലയ്ക്കുമുകളിൽ ഉണ്ട്, അതുകൂടി ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. മംഗൾയാൻ വിക്ഷേപിച്ചപ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രി ആ മംഗൾയാൻ വിക്ഷേപിക്കുന്ന ശാസ്ത്രലോകത്തിന്റെ അടുത്തെത്തി അവരെ അഭിനന്ദിച്ചു. അതേ പ്രധാനമന്ത്രി, അവർ സംഘടിപ്പിച്ച, അവരുടെ പാർട്ടി സംഘടിപ്പിച്ച... മുംബൈയിൽ സംഘടിപ്പിച്ച ദേശീയ പഠന കോൺഗ്രസ്സിലാണ് പറഞ്ഞത് ബി.സി. 7000 നും 8000 നും ഇടയിൽ ഇൻഡ്യയിൽ വിമാനങ്ങളുണ്ടായിരുന്നു. നമ്മുടെ ശാസ്ത്രരംഗത്ത് നാം ആർജ്ജിച്ചെടുത്ത നേട്ടങ്ങൾ അതെല്ലാം ഇല്ലാതാക്കുന്ന നിലയിൽ രാജ്യം ഭരിക്കുന്ന ഭരണാധികാരികൾ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നമ്മുടെ സമൂഹത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ അതിനെതിരെയുള്ള ഒരു വലിയ പോരാട്ടം തീർച്ചയായും നമുക്ക് സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഇവിടെ വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും,

നോമിനേറ്റഡ് അംഗങ്ങളല്ല തെരഞ്ഞെടുക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്താൻ കഴിയണം എന്നുമാത്രം ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ ബില്ലിന്റെ പേര് '2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ' എന്നാണ്. സബ്ജക്റ്റ് കമ്മിറ്റിയുടെ ചർച്ചയെ തുടർന്ന് ഭേദഗതി വരുത്തിക്കൊണ്ട് അത് സാങ്കേതികശാസ്ത്ര സർവ്വകലാശാല എന്നാക്കിയിട്ടുണ്ട്. എനിക്ക് അതിനോട് യോജിപ്പില്ല. ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ എന്നുതന്നെ വേണം എന്നാണെന്റെ അഭിപ്രായം. ശാസ്ത്രത്തിന്റെ വികാസത്തെ തുടർന്നാണ് സാങ്കേതികവിദ്യയുടെയും വികാസമുണ്ടാകുന്നത്. ന്യൂട്ടൻസ് ലോയെ തുടർന്നാണ് ഫിസിക്സിന്റെ വളർച്ചയിൽ മാറ്റങ്ങളുണ്ടാകുന്നത്. ടെക്നോളജിയിൽ മാറ്റമുണ്ടായതും സയൻസിന്റെ ഭാഗമായാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. 'ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ' എന്നുതന്നെയാണ് ശരിയെന്നാണ് എന്റെ അഭിപ്രായം. വേണമെങ്കിൽ ' സാങ്കേതിക - ശാസ്ത്രസർവ്വകലാശാല' എന്നാക്കിയാലും അർത്ഥം ചോർന്നുപോകാതെ വേണമെങ്കിൽ അതിനെ സംരക്ഷിക്കാൻ കഴിയും. ഈ ബില്ലിന്റെ ജനാധിപത്യ സംവിധാനത്തെക്കുറിച്ച് ഒട്ടേറെപ്പേർ ഇവിടെ

സൂചിപ്പിച്ചുകഴിഞ്ഞു. നമ്മുടെ ഭരണഘടനതന്നെ അനുശാസിക്കുന്നത് മതേതരത്വ ജനാധിപത്യ സോഷ്യലിസ്റ്റ് ഭരണക്രമം വേണമെന്നാണ്. അതിനെയെല്ലാം മറികടക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇതര മേഖലകളിലൊക്കെ കൊണ്ടുവരാനുള്ള പരിശ്രമം നടത്തുന്നതിനോട് നമുക്ക് ഒരു വിധത്തിലും യോജിക്കാൻ കഴിയുകയില്ല. പൂർണ്ണമായും ജനാധിപത്യ സംവിധാനത്തിലേയ്ക്ക് ഇതിനെ കൊണ്ടുവരാനുള്ള പരിശ്രമമാണ് ഉണ്ടാകേണ്ടത്. അത് ഇവിടെ ഒട്ടേറെ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ച കഴിഞ്ഞു. അത് വിദ്യാർത്ഥികളുടെ പ്രാതിനിധ്യമാകാം, അദ്ധ്യാപകരുടെ പ്രാതിനിധ്യമാകാം, മറ്റുചില സംവരണ പ്രാതിനിധ്യങ്ങളൊക്കെത്തന്നെ ആ രീതിയിൽ വരുന്നതിനുള്ള നിർദ്ദേശം ഇതിന്റെ ഭാഗമായി വരേണ്ടതുണ്ട്. അങ്ങനെ നമ്മുടെ ജനാധിപത്യ സ്വഭാവം മുറുകെ പിടിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഒരു നോമിനേറ്റഡ് ബോഡിയിലേയ്ക്ക് ഒരു സർവ്വകലാശാലയുടെ നിയന്ത്രണത്തെ കൊണ്ടുപോകുന്ന നിലപാടുകളോട് നമുക്കേതെങ്കിലും വിധത്തിൽ യോജിക്കാൻ കഴിയുമോ? തെരഞ്ഞെടുക്കപ്പെട്ടുവന്ന പ്രതിനിധികൾ ഉള്ള ഒരു സഭയിൽ നിന്ന് ഇത്തരം സമീപനങ്ങളുള്ള ഒരു ബിൽ കൊണ്ടുവരുന്ന നിലപാടിനോട് നമുക്ക് യോജിക്കാൻ കഴിയുമോയെന്ന് ആലോചിക്കേണ്ടതുണ്ട്. മറ്റൊന്ന്, ഈ സർവ്വകലാശാലയുടെ വി.സി.

നിയമനവുമായി ബന്ധപ്പെട്ടതാണ്. കോഴിക്കോട്, എം.ജി. സർവ്വകലാശാലകളിലെ വി.സി.യുടെ നടപടികളെക്കുറിച്ച് ഒട്ടേറെ അപവാദങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവന്നിട്ടുണ്ട്. വി.സി.മാരെ തെരഞ്ഞെടുക്കുന്നതിൽ രാഷ്ട്രീയമുണ്ട്. പക്ഷെ നമ്മുടെ കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ, അത് കക്ഷിരാഷ്ട്രീയത്തിൽ മാത്രമായി ചുരുങ്ങുന്ന നിലപാടിലേയ്ക്ക് പോകരുത്, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലാകരുതെന്ന ഒരു സമീപനം നമ്മൾ കൂട്ടായി കൈക്കൊള്ളണം. നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ സഭ യുനാനിമസ് ആയി തീത്തീരുമാനിച്ച് മഹാൻമാരെ കണ്ടെത്താനുള്ള നടപടികളിലേയ്ക്ക് പോകേണ്ടതുണ്ട്. രാഷ്ട്രീയമെന്നു പറയുന്നത് രാജ്യത്തെക്കുറിച്ചുള്ളതാണ്. അത്തരം ചിന്താഗതികളുള്ള വി.സി. മാരെ കണ്ടെത്താനുള്ള പരിശ്രമം നടത്താത്തിടത്തോളം കാലം നമ്മുടെ യൂണിവേഴ്സിസിറ്റികളുടെ നില വളരെ പരിതാപകരമായ നിലപാടുകളിലേക്ക് പോകും. വിദ്യാർത്ഥികളുടെ അച്ചടക്കവുമായി ബന്ധപ്പെട്ട നിലപാടുകൾ സ്വീകരിക്കുന്നതിന് വി.സി.ക്ക് പൂർണ്ണമായും അധികാരമുണ്ട്. സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് വൈവ പരീക്ഷകൾ നടത്തുമ്പോൾ അദ്ധ്യാപകൻ ധിക്കാരപരമായ നിലപാട് സ്വീകരിച്ചുകൊണ്ട് വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന നിലപാടുകൾ നമ്മുടെ ക്യാമ്പസുകളിൽ ഇന്ന് കാണാൻ സാധിക്കും.

അതുപോലെ വി.സി.ക്ക് മാത്രം അത്തരമൊരധികാരം കൊടുക്കുന്ന നിലപാടുകളിലേയ്ക്ക് പോകാതെ, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയുമൊക്കെ പ്രാതിനിധ്യത്തോടുകൂടിയ, ജനാധിപത്യക്രമത്തിലൂടെ രൂപീകരിക്കുന്ന ഒരു സബ്കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ അത്തരമൊരു അച്ചടക്ക നടപടിയിലേക്ക് പോകാൻ പാടുള്ളൂ എന്ന നിലപാട് അതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതുണ്ട് എന്നുകൂടി സൂചിപ്പിക്കുകയാണ്. ആവർത്തനം ഒഴിവാക്കാനാണ് ഞാൻ മറ്റുകാര്യങ്ങളെക്കുറിച്ച് സംസാരിക്കാത്തത്. വിദ്യാഭ്യാസ ലോണുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിലയൻസിനെ ഏൽപ്പിച്ചുകൊടുക്കുന്ന നിലപാടുകൾക്കെതിരെ ഇന്ന് നമ്മുടെ നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി. നമ്മുടെ രാജ്യത്ത് നവലിബറൽ നയത്തിന്റെ ഭാഗമായി സ്വീകരിക്കുന്ന സമീപനത്തിന്റെ ഘട്ടംഘട്ടമായി വരുന്ന വെല്ലുവിളികളാണ് ഇന്ന് ഈ പ്രമേയത്തിലൂടെ നമുക്ക് നേരിടേണ്ടി വന്നത്. അതുപോലെ ഇനിയും വരാൻപോകുകയാണ്. ഇതുപോലുള്ള നിലപാടുകളിലേയ്ക്ക് ഈ യൂണിവേഴ്സിറ്റികളെയും എത്തിക്കുന്ന സാഹചര്യങ്ങളിലേക്ക് പോകുന്ന സമീപനത്തിന്റെ ഭാഗമാണ് ആയിരം കോടി ടേൺഓവറുള്ള വ്യവസായിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന കാഴ്ചപ്പാട് ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. സാങ്കേതിക വൈഭവമുള്ള, പ്രാഗത്ഭ്യം

തെളിയിച്ചിട്ടുള്ള ആളുകൾ തീർച്ചയായും ആവശ്യമാണ്. വേണമെങ്കിൽ ഒരു എൻ.ആർ.ഐ. പ്രതിനിധിയെ നമുക്ക് ഉൾപ്പെടുത്താൻ കഴിയും. ലോകരാജ്യങ്ങളിൽ വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച ആളുകളുണ്ടെങ്കിൽ അവരെക്കൂടി പങ്കെടുപ്പിച്ച് അവരുടെ അറിവും എക്സ്പീരിയൻസും ഉപയോഗപ്പെടുത്താൻ കഴിയണം. ആ നിലയിൽ അവർക്കാണ് അതിൽ പ്രാതിനിധ്യം കൊടുക്കേണ്ടത്. 'വ്യവസായിയെ' എന്നത് മാറ്റി 'വ്യവസായവുമായി ബന്ധപ്പെട്ട മേഖലകളിൽനിന്നും' എന്ന നിലയിലേയ്ക്ക് ഒരു മാറ്റം കൊണ്ടുവരാൻ കഴിയേണ്ടതുണ്ട്. പരമ്പരാഗത വ്യവസായമേഖലയിലൂടെയാണ് കേരളത്തിലെ തൊഴിൽ മേഖലയെ സംരക്ഷിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഇന്നത്തെ വ്യവസായ മേഖലയെ മുന്നോട്ടു കൊണ്ടുപോകൻ കഴിയാവുന്ന തരത്തിൽ ടെക്നോളജിയെ മാറ്റണം. അത് കൈത്തറിയോ ഹാൻഡ്ലൂം ടെക്നോളജിയോ ആകാം. ഏതെല്ലാം രീതിയിൽ അതിനെ ഉയർത്തിക്കൊണ്ടുവരാൻ കഴിയും എന്ന ചിന്തയുണർത്തുന്ന നിലപാടിലേയ്ക്ക് കൊണ്ടുവരാൻ ഈ യൂണിവേഴ്സിറ്റിയിലൂടെ കഴിയേണ്ടതുണ്ട്. സംവരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വിദ്യാർത്ഥികളുടെ പ്രാതിനിധ്യം തുടങ്ങിയവ വീണ്ടും പ്രസംഗിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. അതൊക്കെ ഇവിടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയവരും മറ്റുള്ളവരും ഗൗരവപൂർവ്വം

സംസാരിച്ചതുകൊണ്ട് ഞാൻ ഒഴിവാക്കുകയാണ്. ഉദാരവത്ക്കരണ സമീപനത്തെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. നിരവധി വളഞ്ഞ വഴികളിലൂടെ ഒട്ടേറെ സ്വാശ്രയ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം ഇതിലൂടെ നടത്തുന്നുണ്ട്. ശാസ്ത്ര, സാങ്കേതിക, രാഷ്ട്രീയ രംഗങ്ങളിലെല്ലാം ലോകശ്രദ്ധ നേടിയ ഇന്ത്യയിലെ പ്രഗല്ഭരായ ആളുകൾ ഈ പൊതുവിദ്യാഭ്യാസ മേഖലയിലൂടെ പഠിച്ചുയർന്നുവന്നവരാണ്. നാം നേടിയ ഈ നേട്ടങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട്, സ്വാശ്രയ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാൻ പ്രചോദനം നൽകുന്ന ഒരു സമീപനമാണ്, സ്വാശ്രയമേഖലയ്ക്കുവേണ്ടി ഒരു യൂണിവേഴ്സിറ്റി എന്നുള്ള കാഴ്ചപ്പാടാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ആ നിലപാടിൽനിന്ന് മാറി, ഇത് പൊതുമേഖലയുടെ സംരക്ഷണത്തിനു വേണ്ടിയാണെന്നും ഈ സർവ്വകലാശാലയുടെ രൂപീകരണത്തോടുകൂടി നമ്മുടെ രാജ്യത്തെ പാവപ്പെട്ട കുട്ടികൾക്ക് ശാസ്ത്രസാങ്കേതിക രംഗത്ത് പഠിച്ചുവളരാൻ കഴിയുന്ന തരത്തിൽ കേരളം മുന്നേറണമെന്നുമുള്ള ഒരു കാഴ്ചപ്പാടാണ് തീർച്ചയായും നമുക്ക് വേണ്ടത്. അതിന് പ്രാമുഖ്യം കൊടുക്കുന്ന നിലപാടുകൂടി സ്വീകരിക്കണം എന്നു സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, നമ്മുടെ സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത മേഖലകളിൽ ഗണനീയമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നത് നമുക്കെല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. എഞ്ചിനീയറിംഗ് കലാലയങ്ങൾക്കുവേണ്ടി ഒരു സർവ്വകലാശാല എന്ന ആശയം ഉയർന്നുവന്നിട്ട് നാളുകളേറെയായി. നമ്മുടെ സംസ്ഥാനത്തിന്റെ വിശാലമായ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സഹായകമാകുമാറ് ഈ സർവ്വകലാശാലയെ വളർത്തിക്കൊണ്ടുവരാൻ കഴിയുമോ എന്നതാണ് ഈ സഭയിൽ ഇന്നുനടന്ന ചർച്ചകളെല്ലാം നൽകുന്ന സൂചന. കേരളത്തിന്റെ അഭിവന്ദ്യനായ നേതാവ് സഖാവ് സി. അച്ച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് കേരളത്തിന്റെ പ്രിയപ്പെട്ട സി. എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരിക്കെ കൊച്ചിൻ സർവ്വകലാശാലയുടെ നിയമനിർമ്മാണം നടത്തിയ സന്ദർഭത്തിൽ രണ്ടുപേരും പ്രകടിപ്പിച്ച അഭിപ്രായങ്ങൾ കേരളത്തിലെ അക്കാദമിക സമൂഹം മാത്രമല്ല പൊതുസമൂഹവും വലിയ പ്രതീക്ഷയോടുകൂടിയാണ് ഉറ്റുനോക്കിയത്. നിർഭാഗ്യവശാൽ സി. അച്ച്യുതമേനോനും സി.എച്ച്. മുഹമ്മദ് കോയയും വിഭാവന ചെയ്ത രീതിയിലല്ല കൊച്ചിൻ സർവ്വകലാശാല മുന്നോട്ടുവന്നതെന്ന് നമുക്ക് ബോദ്ധ്യമുണ്ട്. ഇന്ന് അതൊരു ഐ.ഐ.റ്റി. ആകാനുള്ള സാധ്യതയുടെ

വാതിലുകൾ തുറന്നുകിടക്കുന്ന ഒരു സാഹചര്യത്തിൽ ഇതിനപ്പുറം പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് വേണ്ടത്ര അച്ചടക്കമില്ല. നമ്മുടെ രാഷ്ട്രീയ നേതൃത്വം ഇക്കാര്യത്തിൽ കാണിച്ച നിരുത്തരവാദിത്വം ഇത്തരമൊരു സന്ദർഭത്തിൽ ചർച്ചയ്ക്കുവരേണ്ടതാണ്. പൊതുമേഖലയിൽ നമ്മുടെ മക്കളെ പഠിപ്പിക്കാനാവശ്യമായ സാഹചര്യം ഇല്ലാത്ത ഒരു ഘട്ടത്തിൽ, അൺ-എയ്ഡഡ് മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരേണ്ടത് അനിവാര്യമായ ഒരു കാര്യമാണ്. ആഗോള സാമ്പത്തികരംഗത്തുവന്ന മാറ്റത്തിനനുസൃതമായി ഇവിടെ സാമ്പത്തികശക്തികൾ വളർന്നു. യൂറോപ്പ്, കാനഡ, ആസ്ട്രേലിയ, യു.എസ്.എ. എന്നിവിടങ്ങളിൽപോയ ആളുകൾ അവരുടെ സമ്പത്ത് ഇവിടെ വിനിയോഗിച്ചു. അടുത്ത കാലത്ത് അറബ് നാടുകളിൽപോയ ആളുകളും ഈ രംഗത്ത് ഗണനീയമായ പങ്കുവഹിച്ചു. അതിന്റെ ഫലമായി നമ്മുടെ മക്കൾക്ക് കവാടങ്ങൾ തുറന്നുകിട്ടിയെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിൽ, ഈ രംഗത്ത് കെടുകാര്യസ്ഥതയും പിടിപ്പുകേടും അതുവഴി ഭാവിതലമുറയോടുള്ള അതീവ ദ്രോഹകരമായ നിലപാടും രണ്ട് ഭാഗത്തുനിന്നുമുള്ള ആളുകളുടെ നിരുത്തരവാദിത്വംകൊണ്ട് സംഭവിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം നമുക്കൊരിക്കലും മറച്ചുപിടിക്കാൻ കഴിയുന്ന ഒന്നല്ല. എല്ലാവർക്കും കോളേജ്

എന്നൊരാശയം വന്നു. അതിന്റെ ഫലമായി കോളേജുകളിലെ ഡ്രോപ്പ് ഔട്ട് വലുതായി. ഡിഗ്രിയെടുത്ത നമ്മുടെ മക്കൾക്ക് രാഷ്ട്രത്തെ സേവിക്കാൻ കിട്ടുമായിരുന്ന അവസരങ്ങൾ ആദ്യവർഷത്തെ എക്സാമിൽത്തന്നെ തകർന്നുപോകുന്ന ഒരു സാഹചര്യം വരികവഴി നമ്മുടെ മക്കളുടെ ഹയർ എഡ്യൂക്കേഷൻ അതീവഗുരുതരമായ ഒരു പരിസരത്താണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഈ രംഗത്ത് മതിയായ ആസൂത്രണം വേണം. മതിയായ ലക്ഷ്യബോധം വേണം. ഒരു സർവ്വേയുടെ പിൻബലമില്ലാതെ സമൂഹത്തിന്റെ ആവശ്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണയില്ലാതെ തോന്നിയപോലെ കലാലയങ്ങൾ കൊടുക്കുന്ന സമീപനത്തിനെതിരെ ഇരുഭാഗത്തുമുള്ള ബഹുമാന്യരായ അംഗങ്ങൾ ഈ സംസ്ഥാനത്തിന്റെ ഭാവിയെ ഓർത്ത്, നമ്മുടെ രാജ്യത്തിന്റെ നേതൃപരമായ പങ്കുവഹിക്കാൻ ശേഷിയുള്ള ഒരു വലിയ ജനത താമസിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് ഇക്കാര്യത്തിൽ ഒരു യോജിച്ച തീരുമാനമെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. എത്രയോ കലാലയങ്ങളിലാണ്, പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കലാലയങ്ങളിൽ അഡ്മിഷൻ പൂർത്തിയാക്കാൻ കഴിയാതെ ഡ്രോപ്പ് ഔട്ടുകളുടെ എണ്ണം പെരുകുന്ന ഒരു കാലമാണിത്. അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു സോഷ്യൽ പ്രോഗ്രസ്സീവ് ഇംപരേറ്റീവ് നടത്തിയ

പഠനത്തിൽ പറയുന്നത് ഇപ്പോൾ നമ്മുടെ രാജ്യം കമ്പോഡിയയ്ക്കും, ബംഗ്ലാദേശിനും താഴെ 101-ാം സ്ഥാനത്താണെന്നാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പണിത, മൗലാനാ അബുൾകലാം ആസാദ് പണിത, ആദ്യത്തെ വിദ്യാഭ്യാസ നയം രൂപീകരിച്ച ഡോ. സക്കീർ ഹുസൈൻ അടക്കമുള്ള പണ്ഡിതന്മാരുടെ ആശയങ്ങൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ സംഭാവനയർപ്പിച്ച ഒരു രാജ്യമാണ് സോഷ്യൽ പ്രോഗ്രസ്സീവ് ഇംപരേറ്റീവിന്റെ കണക്കനുസരിച്ച് 101-ാം സ്ഥാനത്ത് നിൽക്കുന്നത്. അതിനെക്കാൾ ഭയാനകമായ, ലജ്ജാകരമായൊരു ഒരു റിപ്പോർട്ട് അടുത്തകാലത്ത് വന്നു. ഇന്ത്യാ ഗവൺമെന്റ് റൈറ്റ് ടു എഡ്യൂക്കേഷൻ നിയമത്തിന്റെ പശ്ചാത്തലത്തിൽ എസ്.എസ്.എ.-യുടെ പിൻബലത്തോടുകൂടി നടത്തിയ പഠനം സൂചിപ്പിക്കുന്നത് എൽ.പി.എസ്.-ലും യു.പി.എസ്.-ലും നമ്മുടെ സംസ്ഥാനത്ത് ഡ്രോപ് ഔട്ട് ഉണ്ടാകുന്നു എന്നാണ്. വളരെ നിർഭാഗ്യകരമായ ഒരു സാഹചര്യമാണിത്. യു.പി.എസ്.-ൽ ഡ്രോപ് ഔട്ടുകളുടെ കാര്യത്തിൽ നമ്മുടെ തൊട്ടുതാഴെ ഒരു സംസ്ഥാനമേയുള്ളൂ. എൽ.പി.എസ്.-ൽ രണ്ടോ മൂന്നോ സംസ്ഥാനങ്ങളുണ്ട്. നമ്മൾ വലിയ വാശിക്കാരായി മാറിയിരിക്കുന്നു. ചമൽക്കാരമായി നമ്മൾ പ്രസംഗിക്കുന്നു. ഏത് വിഷയവും രാഷ്ട്രീയ ചായ്വുകളുടെ അടിസ്ഥാനത്തിലാണ് ചർച്ച ചെയ്യുന്നത്.

രാഷ്ട്രീയം പ്രധാനമാണ്, അരാഷ്ട്രീയവാദത്തോട് യോജിക്കുന്ന ഒരാളായല്ല ഞാൻ ഇവിടെ നിൽക്കുന്നത്. അരാഷ്ട്രീയവാദത്തിനെതിരെ പൊരുതി സ്വന്തം ജീവിതം ബലികൊടുക്കാൻ ശ്രമിച്ച ഒരാളെന്ന നിലയ്ക്ക് എനിക്ക് ആത്മാഭിമാനത്തോടെ പറയാൻ കഴിയും രാഷ്ട്രീയമാണ് ഒരു രാജ്യത്തിന്റെ ഒരു സംസ്ഥാനത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കുന്ന പ്രധാനപ്പെട്ട ഘടകമെന്ന്. പക്ഷേ കക്ഷി രാഷ്ട്രീയത്തിന് പരിമിതി വേണം. ഇന്ന് നമ്മുടെ സംസ്ഥാനത്ത് എൽ.പി.എസ്.-ലും യു.പി.എസ്.-ലും ഡ്രോപ് ഔട്ട് നിലനിൽക്കുന്നു എന്നുപറയുന്നതിനർത്ഥം നമ്മുടെ ജനതയ്ക്ക് ഇനിയും ഒരുപാട് ശാക്തീകരണത്തിന്റെ വഴികളിലേയ്ക്ക് കടന്നുചെല്ലേണ്ടതുണ്ട് എന്നാണ്. അതിന് ഈ അക്കാദമിക സമൂഹം നൽകുന്ന സംഭാവനകളെന്ത് എന്നുചിന്തിക്കുവാനും വിമർശനപരമായി കാര്യങ്ങളെ വിലയിരുത്താനും നമുക്ക് ബാദ്ധ്യതയുണ്ട്. തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ നിത്യജീവിതത്തിനുവേണ്ടി കഷ്ടപ്പെടുമ്പോൾ, മലമ്പ്രദേശങ്ങളിലെ സാധാരണക്കാരനായ കർഷകത്തൊഴിലാളി കഠിനാദ്ധ്വാനം ചെയ്യുമ്പോൾ, അവന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായകമാകുമാറ് ഈ അക്കാദമിക സമൂഹം എന്ത് സംഭാവനയാണ് നൽകുന്നതെന്ന് അത്തരം ആളുകൾ സ്വന്തം മനഃസാക്ഷിയോട് ചോദിക്കേണ്ടതാണ്. ഒരു യൂണിവേഴ്സിറ്റി വരുന്നതോടെ

നിങ്ങൾക്ക് യു.ജി.സി.-യുടെ കവർ ലഭിക്കുന്നു, കോടിക്കണക്കിന് രൂപ ലഭിക്കുകയാണ്. നിങ്ങൾ വിദേശപര്യടനത്തിന് പോകുന്നു. നിരന്തരം ഡൽഹിയിൽ പോകുന്നു. കേരളത്തിലെ പാവപ്പെട്ട സാധാരണക്കാരൻ രണ്ടുനേരം ഭക്ഷണം കഴിക്കാൻ കഴിയാതെ വാവിട്ട് നിലവിളിക്കുമ്പോൾ ആ ജനതയെ സഹായിക്കാൻ, ആ ജനതയ്ക്ക് അനുകൂലമായി ഈ സംസ്ഥാനത്തിന്റെ വിഭവങ്ങൾ പുനഃക്രമീകരിക്കാൻ ഈ അക്കാദമികസമൂഹത്തിന് എന്താണ് ചെയ്യാൻ കഴിയുന്നത് എന്നുള്ളത് നമ്മൾ ആലോചിക്കണം. ഞാൻ രണ്ട് സിൻഡിക്കേറ്റുകളിൽ അംഗമായിരുന്ന ആളാണ്. കേരളത്തിലെ നായർ സമുദായത്തിന്റെ ബഹുമാന്യനായ നേതാവ് പി. കെ. നാരായണപ്പണിക്കർക്കൊപ്പം, എസ്. എൻ. കോളേജിന്റെ മുൻ പ്രിൻസിപ്പൽ അഭിവന്ദ്യനായ ഡോ. എൻ. ശ്രീനിവാസനൊപ്പം എം.ജി. സർവ്വകലാശാലയുടെ ആദ്യ സിൻഡിക്കേറ്റിൽ ഞാനും അംഗമായിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ ഒരു പ്രാവശ്യം അംഗമായിരുന്നു. യൂണിവേഴ്സിറ്റി അജണ്ടയിൽ നമ്മുടെ യൂണിയന്റെ ആവശ്യങ്ങളാണ് ഉന്നയിക്കുന്നത്. തൊഴിലാളിസംഘടനകൾക്കും യൂണിവേഴ്സിറ്റി ജീവനക്കാർക്കും ഞാനെതിരല്ല. അവർക്കുവേണ്ടി ശബ്ദിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. പക്ഷേ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് കൂടിയാൽ അവിടെ ചർച്ച ചെയ്യുന്ന

വിഷയമിതാണ്. ഈ നിലയിലേയ്ക്ക് ഒരു സർവ്വകലാശാലകൂടി പിറന്നുവീഴേണ്ടതുണ്ടോ എന്ന് സ്വാഭാവികമായും ഈ സഭ ആലോചിക്കുന്നതിൽ അസാംഗത്യമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇവിടെ ഒരു കുത്തഴിഞ്ഞ അവസ്ഥയുണ്ടാകാൻ പാടില്ല. കേരള യൂണിവേഴ്സിറ്റിയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ആദ്യാവസാനംവരെ വായിച്ച ഒരാളാണ് ഇവിടെ നിൽക്കുന്നത്. അവിടെ പറഞ്ഞിരിക്കുന്നത് After ascertaining the view of the Government, കോളേജുകൾ കൊടുക്കുന്നതിനുള്ള തീരുമാനമെടുക്കണമെന്നാണ്. ഇവിടെ അങ്ങനെയല്ല നടക്കുന്നത്. അടുത്തവർഷം ഈ സംസ്ഥാനത്ത് ഇന്നയിന്ന കോളേജുകൾ വേണമെന്ന് ഗവൺമെന്റ് നയപരമായ, രാഷ്ട്രീയമായ തീരുമാനമെടുത്തതിനുശേഷമാണ് സർവ്വകലാശാല സിൻഡിക്കേറ്റുകൾ കോളേജുകൾ ശുപാർശ ചെയ്യേണ്ടത്. നിർഭാഗ്യവശാൽ സംഭവിക്കുന്നത് അങ്ങനെയല്ല. ഒരു ചടങ്ങുപോലെ ആരൊക്കെയോ ശുപാർശ ചെയ്യുന്നു, എന്നിട്ട് രണ്ടുഭാഗത്തുമുള്ള നമ്മുടെ രാഷ്ട്രീയനേതൃത്വം ചോദിച്ചുവരുന്നവർക്കെല്ലാം അംഗീകാരം കൊടുക്കുകയാണ്. അതിന്റെ ഫലമായുണ്ടായ ഈ വ്യഥാസ്ഥൂലതയാണ്, ഈ പിടിപ്പുകേടാണ് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തുവന്ന വലിയ താളപ്പിഴകൾക്കുകാരണം എന്ന് തിരിച്ചറിയുകയും ഈ സർവ്വകലാശാല

അതിൽനിന്നും വ്യത്യസ്തമായി മുന്നോട്ടുകൊണ്ടുപോകാൻ യോജിച്ച നീക്കമുണ്ടാവുകയും വേണം. ഞങ്ങൾ ഈ ബിൽ അവതരിപ്പിച്ചു എന്ന കാരണത്താൽ നിങ്ങൾ അന്ധമായി എതിർക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. സംഘകാലത്ത് നിരവധി കവികൾ ചേർന്ന് എഴുതിയതാണ് 'പുറനാനൂറ് '. ഇതിലെ പല കവിതകളിലും 'മുറൈ വേണ്ടും' എന്ന രണ്ട് വാക്കുകൾ ആവർത്തിക്കുന്നുണ്ട്. എല്ലാത്തിലും ഒരു മുറവേണം, ഒരു അച്ചടക്കംവേണം, ഒരു ഫ്രെയിം വേണം. ഇതൊരു വ്യക്തിയുടെ കാര്യമല്ല, സംസ്ഥാനത്തിന്റെ താൽപ്പര്യമാണ്, ഒരു രാജ്യത്തിന്റെ പ്രശ്നമാണ്. നമ്മുടെ ഭാവിതലമുറയുടെ അന്തസ്സാർന്ന ജീവിതവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. അതുകൊണ്ട് ഒരു മുറവേണം. ഒരു അച്ചടക്കം വേണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് സംഘാടനശേഷിയുള്ള ഒരാൾ കടന്നുവരികയും കാര്യങ്ങൾ ഭരിക്കുകയുമാണ്. അയാൾക്ക് എ.സി. ക്യാബിൻ, എ.സി. കാർ, വിദേശ യാത്ര, ഡൽഹിയിലേയ്ക്ക് നിരന്തര യാത്ര ഇതിനൊക്കെ വേണ്ടിവരുന്ന പണം തീരദേശത്തെ, അമ്പലപ്പുഴയിലെ, പെരുമാതുറയിലെ, മഞ്ചേശ്വരത്തെ, പൊന്നാനിയിലെ മത്സ്യത്തൊഴിലാളി കൊടുക്കുന്ന നികുതിപ്പണമാണ്. നിങ്ങൾ പറയുന്ന ആയിരംകോടി രൂപയുടെ ആസ്തിയുള്ള മുതലാളി ഒരു സോപ്പുവാങ്ങിയാൽ

കൊടുക്കുന്ന നികുതി ഈ മത്സ്യത്തൊഴിലാളി സോപ്പുവാങ്ങിയാലും കൊടുക്കണം. ആ നികുതിപ്പണത്തിൽനിന്നാണ് ഈ പൊതുസ്വത്ത് വരുന്നത്. ആ പൊതുസ്വത്തുപയോഗിച്ച് സ്ഥാപിക്കുന്ന സ്ഥാപനങ്ങളിൽ ഒരു അച്ചടക്കമുണ്ടാക്കുന്നതിന് സർവ്വകലാശാലകൾ മുൻകയ്യെടുക്കണം. യു.ജി.സി.-യുടെ സപ്പോർട്ടുള്ള, അഞ്ചും ആറും അക്കം ശമ്പളം പറ്റുന്ന അക്കാദമിക സമൂഹത്തിന് അതിനുള്ള യോഗ്യതയുണ്ട്, അതുഞാൻ നിഷേധിക്കുന്നില്ല. പക്ഷേ അവരുടെ സംഭാവനകൾ ഈ സമൂഹത്തിന് തിരിച്ചുകിട്ടുമെന്ന് ഉറപ്പുവരുത്താൻ കഴിയുന്നരീതിയിൽ നമ്മുടെ സർവ്വകലാശാല നിയമങ്ങൾ പുനഃസ്ഥാപിക്കിപ്പെടേണ്ടതുണ്ട്. എന്റെ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് കേരള യൂണിവേഴ്സിറ്റി വിഭജിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റിയുണ്ടാക്കി. എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ അംഗമായപ്പോൾ, ഇതൊക്കെയൊന്ന് വായിച്ചുപോകണം എന്ന ശാഠ്യം ഉണ്ടായിരുന്നതുകൊണ്ട് ഈ രണ്ട് സർവ്വകലാശാല നിയമങ്ങളും ആദ്യാവസാനംവരെ വായിച്ചുനോക്കിയ ഒരാളാണ് ഞാൻ. പല ശാഠ്യങ്ങളും ഞാൻ ദുഃശാഠ്യങ്ങളായി വളർത്തിയിരുന്നതുകൊണ്ട്, സത്യത്തിനുമുന്നിൽ തിരിഞ്ഞുനിൽക്കാൻ ഒരു കാരണവശാലും തയ്യാറല്ലാത്ത ഒരാളെന്ന നിലയ്ക്ക് എന്റെ ജീവിതത്തിൽ അതിന്റേതായ തിരിച്ചടികൾ വന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

. സമയം വൈകിയതിനാൽ ഞാൻ നീട്ടിപ്പറയുന്നില്ല. ക്ലോസ് ബൈ ക്ലോസ് ഡിസ്കഷൻ നടക്കേണ്ടതിനാൽ എന്റെ പ്രസംഗം നീട്ടികൊണ്ടുപോകുന്നത് അനുചിതമാണ്. എനിക്കതിൽ താൽപ്പര്യവുമില്ല. ഈ ആക്ടുകൾ പരിശോധിച്ചലറിയാം, അന്ന് ഇന്ത്യക്ക് മാതൃകയായിരുന്നു ആ സർവ്വകലാശാല. സർവ്വകലാശാലകൾക്ക് വളരാൻ കഴിയും. അന്തർദ്ദേശീയ രംഗത്തുള്ള ഏജൻസികൾ നടത്തുന്ന പഠനങ്ങളിൽ ഇന്ത്യൻ സർവ്വകലാശാലകളൊന്നും കടന്നുവരാറില്ല. ലോകത്ത് വലിയ മാറ്റങ്ങളാണ് വരുന്നത്. ഉദാഹരണത്തിന്, കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ ബയോ സയൻസിൽ ഡിഗ്രിയെടുക്കുന്ന ഒരാൾപോലും ഇന്റർനാഷണൽ റിലേഷൻസിൽ ഒരു പേപ്പറെടുത്ത് പ്രാവീണ്യം നേടുന്ന കാലമാണ്. ലോകത്തെ യൂണിവേഴ്സിറ്റികൾ മത്സരിച്ച് മുന്നോട്ടുപോകുകയാണ്. പണം നീക്കിവയ്ക്കാതെ ഗവേഷണം എന്നുപറഞ്ഞിട്ട് എന്താണ് കാര്യം; ഗവേഷണത്തിന് പണം കരുതണം. അത് നാളേയ്ക്കുവേണ്ടിയുള്ള കരുതലാണ്. ലോക റാങ്കിംഗിൽ ഇന്ത്യൻ സർവ്വകലാശാലകൾ വരാറില്ല. പക്ഷേ എനിക്കിന്ന് അഭിമാനമുണ്ട് അടുത്തകാലത്ത് ഇന്ത്യൻ സർവ്വകലാശാലകളുടെ റാങ്കിംഗ് നടന്നു. ആ റാങ്കിംഗിൽ അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി മൂന്നാംസ്ഥാനത്ത് നിൽക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി വലിയ സ്വാധീനം

ചെലുത്തുന്ന ഒരു കാര്യമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി ബ്രിട്ടീഷുകാരോട് ഇഞ്ചോടിഞ്ച് പോരാടിയകാലത്ത്, ഇംഗ്ലീഷ് പഠനരംഗത്തുനിന്ന് പിന്നോക്കം പോകേണ്ടിവന്ന ഒരു ജനതയുടെ മനസ്സിൽ ആത്മാഭിമാനത്തിന്റെ നിറകതിർ തൂകാൻ അവസരമൊരുക്കിയ മഹാനായ സർ സയ്യിദ് തുടങ്ങിയ ആ സർവ്വകലാശാല, വഖാറുൽ മുൽക്കും മുഹ്സിനുൽ മുൽക്കും ഉൾപ്പെടെയുള്ള മഹാരഥന്മാരായ നേതാക്കന്മാർ കെട്ടിപ്പടുത്ത ആ സർവ്വകലാശാല ഇന്ത്യൻ സർവ്വകലാശാലയുടെ റാങ്കിംഗിൽ മൂന്നാംസ്ഥാനത്ത് വരുന്നു എന്നുപറയുന്നത് 'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും' എന്ന ചൊല്ലിന് ഉദാഹരണമാണ്. അതുകൊണ്ട് ഈ സർവ്വകലാശാലയെ ഇതിനനുസരിച്ച് വളർത്തിയെടുക്കുന്നതിന് സഹായകരമായ രീതിയിൽ ഈ നിയമത്തെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിലൂടെ നല്ല നിലയിൽ കൊണ്ടുപോകാൻ നമുക്ക് സാധിക്കട്ടെ എന്നുമാത്രം ആഗ്രഹിച്ചും ഈ സർവ്വകലാശാല നിയമം പാസ്സാകുന്ന മറുയ്ക്ക് എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്ത്, സാങ്കേതികശാസ്ത്രരംഗത്ത് പുത്തനുണർവ്വിന്റെ ഒരു കുത്തൊഴുക്ക് സുസാധ്യമാകട്ടെ എന്ന പ്രാർത്ഥനയോടെയും ഈ വാക്കുകൾ ഉപസംഹരിക്കുന്നു. നിങ്ങൾക്ക് അഭിവാദ്യങ്ങൾ.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞത്

ഈ ബില്ലിന്റെ പേര് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്തപ്പോൾ പറഞ്ഞതുപോലെ മാറ്റം വരുത്തേണ്ടതില്ല എന്നാണ്. പക്ഷെ, ഞാൻ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ നാമധേയം ഒഴിവാക്കി ഒരു പേര് പറഞ്ഞതാണെന്ന് അപ്പുറത്തുള്ള ചിലർക്ക് സംശയം തോന്നി. ഞാൻ പറഞ്ഞത് അങ്ങനെയല്ല, ബിൽ പൈലറ്റ് ചെയ്തപ്പോഴുള്ള പേരുതന്നെ മതി എന്നാണ്. ഇക്കാര്യത്തിൽ ഒരു കൺഫ്യൂഷൻ ഉണ്ടാകേണ്ട എന്നുള്ളതുകൊണ്ടാണ് ഞാൻ വീണ്ടും പറയുന്നത്.

മി. സ്പീക്കർ: അങ്ങനെയുള്ള തെറ്റിദ്ധാരണകളൊന്നും വേണ്ട.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഈ ബില്ലിന്റെ ചർച്ചയ്ക്കിടയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും വിമർശനങ്ങളുമെല്ലാം ഞാൻ ഉൾക്കൊള്ളുകയാണ്. കെൽപ്പും കഴിവും പ്രായോഗികതയുമുള്ള ഒരു യുവതലമുറയെ മുന്നിൽ കണ്ടുകൊണ്ട് ടെക്നോളജിയും ലോകവും മാറിക്കൊണ്ടിരിക്കുമ്പോൾ നാം ഇന്നലെകളുടെ തുരുമ്പെടുത്ത ആശയങ്ങളുമായി അടയിരുന്നാൽ മതിയോ? ഈ സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ജനങ്ങളോടും വളർന്നുവരുന്ന തലമുറയോടുമാണ്. ഇന്നലെകളുടെ അനുഭവങ്ങളും ഇന്നിന്റെ യാഥാർത്ഥ്യവും ഉൾക്കൊള്ളാനാകാത്തതാണ് പ്രതിപക്ഷത്തിനുപറ്റിയ തെറ്റ്. അവർ ആ തെറ്റ് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പ്രായോഗികതയിൽ ഊന്നിയ പഠനമാണ് വർത്തമാനത്തിനാവശ്യം.

എഞ്ചിനീയറിംഗ് ഉൾപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ മേഖല സമൂല മാറ്റത്തിന് വിധേയമാകുംവിധമാണ് ഈ ബിൽ. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പഠനവും സമ്പ്രദായങ്ങളും മാറണമെന്ന് ആഗ്രഹിക്കുന്നത് വിദ്യാർത്ഥികളാണ്. അവരുടെ മുറവിളിക്കുനേരെ പുറംതിരിഞ്ഞ് നിൽക്കാൻ നമുക്ക് കഴിയില്ല. പ്രായോഗികതയിൽ ഊന്നിയ പഠനം, സംവേദന പ്രോത്സാഹനത്തിന് വിവിധ പദ്ധതികൾ, ആഗോള അംഗീകാരത്തിനായി ക്രെഡിറ്റ് ട്രാൻസ്ഫറൻസ് ഓണേഴ്സ് ബിരുദം തുടങ്ങിയ ഒരുപാട് നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഇത്രയും സുന്ദരവും വിദ്യാർത്ഥി ക്ഷേമകരവുമായ ഒരു സർവ്വകലാശാല ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞാൻ ഏറെ കൃതാർത്ഥനാണ്. മാറാൻ ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥി സമൂഹത്തിന്റെ വിജയകാഹളത്തിനിടയിൽ പ്രതിപക്ഷത്തിന്റെ അഭിനന്ദനങ്ങൾ സ്വീകരിക്കുന്നു. അസ്ഥാനത്തുള്ള വിമർശനങ്ങളും അനാവശ്യ ക്രൂശിക്കലുകളും ഞാൻ കാര്യമാക്കുന്നില്ല.

ബില്ലിനോട് വിയോജിച്ചുകൊണ്ട് ശ്രീ. എം. എ. ബേബി പങ്കുവച്ച ആശങ്കകൾ അസ്ഥാനത്താണ്. അക്കാദമിക സ്വയംഭരണത്തിന്റെ അനിവാര്യത ബഹുമാനപ്പെട്ട അംഗം എടുത്തുപറയുകയുണ്ടായി. അതുതന്നെയാണ് നടപ്പിലാക്കുന്നതും. അക്കാദമിക സ്വയംഭരണം നൽകുന്നതുകൊണ്ട് കോഴ്സുകൾ സ്വകാര്യവൽക്കരിക്കപ്പെടുന്നു എന്ന്

അർത്ഥമില്ല. വിദ്യാർത്ഥി സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കാലാനുസൃതമായി അക്കാദമിക മേഖലയിലെ മാറ്റം അനിവാര്യമാണ്. അതിന് ഇവിടെ വിപുല സംവിധാനത്തോടെ ആട്ടോണമി ബിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

സ്വകാര്യ മേഖലയ്ക്കുവേണ്ടി മാത്രമാണ് ഈ സർവ്വകലാശാല എന്ന ശ്രീ. റ്റി. വി. രാജേഷിന്റെ വാദം അസ്ഥാനത്താണ്. നിലവിൽ കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിൽ 36-ഉം കേരള സർവ്വകലാശാലയ്ക്ക് കീഴിൽ 43-ഉം എം.ജി. സർവ്വകലാശാലയ്ക്ക് കീഴിൽ 44-ഉം കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ 11-ഉം കുസാറ്റ് സർവ്വകലാശാലയ്ക്ക് കീഴിൽ 25-ഉം എഞ്ചിനീയറിംഗ് കോളേജുകൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ 9 സർക്കാർ കോളേജുകളും 3 എയ്ഡഡ് കോളേജുകളും ഒഴികെ മറ്റുള്ള കോളേജുകളെല്ലാം സ്വാശ്രയ മേഖലയിലാണ്.

കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന ആരോഗ്യ സർവ്വകലാശാലയുടെ അവസ്ഥയും ഇതുപോലെയാണ്. അവിടെയും കൂടുതലായി സ്വാശ്രയ സ്ഥാപനങ്ങളാണ്. ഈ സർക്കാർ കൊണ്ടുവരുമ്പോൾ മാത്രം എങ്ങനെയാണ് സ്വകാര്യ പ്രോത്സാഹനമാകുക? പ്രൈവറ്റ് യൂണിവേഴ്സിറ്റിയെക്കുറിച്ച് ഞാൻ നേരത്തെ മറുപടി പറഞ്ഞതുകൊണ്ട് അത് ആവർത്തിക്കുന്നില്ല.

ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഉന്നയിച്ച ആവശ്യങ്ങൾ ഞാൻ

മുഖവിലയ്ക്കെടുക്കുന്നു. വൈസ് ചാൻസലറുടെ യോഗ്യതകളും പ്രായവും നിശ്ചയിച്ചിട്ടില്ല എന്ന് പറഞ്ഞത് ശരിയല്ല. ബില്ലിലെ പതിമൂന്നാം ഭാഗത്തിൽ യോഗ്യതയും പ്രായവും പറയുന്നുണ്ട്.

ശ്രീ. വി. റ്റി. ബൽറാം സൂചിപ്പിച്ച സർവ്വകലാശാലയുടെ ആസ്ഥാനം സംബന്ധിച്ചുള്ള വിഷയം ഉൾക്കൊള്ളുന്നതോടൊപ്പം ഒരു കാര്യം സൂചിപ്പിക്കുന്നു. വിദ്യാർത്ഥി പ്രവേശനം, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം തുടങ്ങിയവയെല്ലാം ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലാക്കി മിനിമം ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പ്രവർത്തിക്കുംവിധമാണ് സർവ്വകലാശാലയുടെ ഭരണസംവിധാനം. വിദ്യാർത്ഥികൾക്ക് ആവശ്യമായ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കി പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ ആസ്ഥാനം എവിടെ എന്നതിന് പ്രസക്തിയില്ല. ഇനി ഇ-ഗവേണൻസിന്റെ കാലമാണ്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, തെരഞ്ഞെടുക്കപ്പെടുന്ന നാല് വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തി ഭേദഗതി ചെയ്തിട്ടുണ്ട്. അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ അദ്ധ്യാപകർക്കും പ്രാതിനിധ്യം നൽകിയിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ച പരിസ്ഥിതി സൗഹൃദ എഞ്ചിനീയറിംഗ് കോളേജ് വളരെയേറെ പ്രാധാന്യമുള്ളതാണ്. എക്കോഫ്രണ്ട്ലി പാഠ്യപദ്ധതിക്ക്

ഏറെ പ്രാധാന്യം നൽകിയാണ് ഈ സർവ്വകലാശാല ഇപ്പോൾ സിലബസ് രൂപപ്പെടുത്തിയിട്ടുള്ളത്. പരിസ്ഥിതി സംബന്ധിച്ച് പഠിക്കാനായി ഒരു പുതിയ വിഷയം, സസ്റ്റെയിനബിലിറ്റി എഞ്ചിനീയറിംഗ് തന്നെ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ബി.ടെക് പഠനം പരിസ്ഥിതി മേഖലയുടെ പ്രാധാന്യം എടുത്തുപറയുന്നുണ്ട്. ഈ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെടുന്നത് സാങ്കേതിക സ്ഥാപനങ്ങളാണെങ്കിലും സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ ഡിപ്പാർട്ടുമെന്റുകൾ തുടങ്ങുമ്പോൾ സാങ്കേതിക ശാസ്ത്രത്തിനുപുറമേ മാനവീയ വിഷയങ്ങളിലും കോഴ്സുകൾ തുടങ്ങാൻ കഴിയും. ഇന്ത്യയിലെ പേരുകേട്ട ഐ.ഐ.ടി.കളിൽ പലതും ഇപ്പോൾ എം.ബി.ബി.എസ്. അടക്കമുള്ള കോഴ്സുകൾ നടത്താനുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്. സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്കും ഇത്തരം കോഴ്സുകൾ തുടങ്ങാൻ കഴിയും. ഏറെ ലക്ഷ്യബോധത്തോടെ ഭാവിതലമുറയുടെ സ്പന്ദനങ്ങൾ അറിഞ്ഞ് തൊഴിൽ നൈപുണ്യമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടി രൂപം കൊടുത്ത ഈ ബിൽ സമൂഹത്തിനേറെ പ്രയോജനം ചെയ്യും. പരിസ്ഥിതി സംരക്ഷണവും സാമൂഹ്യബോധവുമുള്ള ഊർജ്ജസ്വലരായ ടെക്കികളെയാണ് സമൂഹത്തിനാവശ്യം. യഥാർത്ഥ ജീവിതപ്രശ്നങ്ങൾ വിഷയമാക്കി, അവർക്ക് പരിഹാരം നിർദ്ദേശിക്കുന്ന

രീതി പഠനപദ്ധതിയുടെ ഭാഗമാക്കും. സാങ്കേതിക വിദ്യാഭ്യാസ മേഖയ്ക്ക് പുതിയ മാനം നൽകാനുള്ള ഈ ബിൽ കേരളത്തിന് പ്രതീക്ഷയാണ്.

വളരെ സാധാരണക്കാരനായി ജനിച്ച് സാങ്കേതിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച് രാഷ്ട്രപതിഭവൻ കീഴക്കടിയ മഹാനുഭാവനായ എ. പി. ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തിലുള്ള ഈ സർവ്വകലാശാല കേരളത്തെ പുതിയ ലോകത്തിനൊപ്പം കൈപിടിച്ച് ഉയർത്തുകയും ചെയ്യും. ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേര് ഈ യൂണിവേഴ്സിറ്റിക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ചകൾ നടന്നപ്പോൾ, അദ്ദേഹത്തിന്റെ പേര് കൊച്ചി യൂണിവേഴ്സിറ്റിക്ക് നൽകിയാൽ മതിയായിരുന്നല്ലോ എന്നുള്ള കാര്യങ്ങളൊക്കെ പറയുകയുണ്ടായി. ഏതെങ്കിലും ഒരു സർവ്വകലാശാലയ്ക്ക് എ.പി.ജെ. അബ്ദുൾ കലാമിന്റെ പേര് നൽകുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയല്ല ഇത് ചെയ്തത്. അദ്ദേഹം നിര്യാതനായിട്ട് രണ്ട് ദിവസമായതേയുള്ളൂ. അദ്ദേഹത്തിന്റെ സംസ്കാരംപോലും നടന്നുകഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് നീണ്ട വർഷങ്ങൾ ശാസ്ത്രരംഗത്ത് പ്രവർത്തിച്ചിട്ടുള്ള, ഏറ്റവും മഹദ് വ്യക്തിയായിരുന്ന നമ്മുടെ മുൻ രാഷ്ട്രപതിയുടെ സ്മാരകമായി ഒരുസ്ഥാപനത്തിന് അദ്ദേഹത്തിന്റെ പേര് ആദ്യമായി നൽകുന്നത് കേരളമാണ് എന്നുകൂടി നമുക്ക് അഭിമാനിക്കാൻ കഴിയുന്ന രീതിയിലാണ് ഈ പേര്

നൽകിയിട്ടുള്ളത് എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.........

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

## രണ്ടാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം (2)(എ)-യിൽ,

(i) "അക്കാദമിക സ്വയംഭരണാധികാരം എന്നാൽ" എന്നീ വാക്കുകൾക്ക് ശേഷം "ഈ ആക്റ്റിലെയും" എന്നീ വാക്കുകൾ ചേർക്കുക;

(ii) (ജി) ഖണ്ഡത്തിൽ "സ്വയംഭരണ കോളേജ്" എന്നാൽ" എന്നീ വാക്കുകൾക്ക് ശേഷം "ഈ ആക്റ്റിലെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

133. ഖണ്ഡം 2(എ) ഒഴിവാക്കുക.

144. ഖണ്ഡം 2 ( എ)താഴെപ്പറയും പ്രകാരം മാറ്റുക :-

" (എ) "അക്കാദമികസ്വയംഭരണാധികാരം" എന്നാൽ 2014 ലെ കേരള യൂണിവേഴ്സിറ്റി നിയമങ്ങൾ (മൂന്നാം ഭേദഗതി) നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സ്വയംഭരണാധികാരം എന്നർത്ഥമാകുന്നതും അത് ഈ നിയമത്തിന്റെ പരിധിയിൽ പെടാത്തതുമാകുന്നു;"

154. ഖണ്ഡം 2(ജി) ഒഴിവാക്കുക.

164. ഖണ്ഡം 2 (ഐ)-യിൽ "ഡിപ്ലോമ, സർട്ടിഫിക്കറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

2014-ലെ കേരള യൂണിവേഴ്സിറ്റി നിയമങ്ങൾ (മൂന്നാം ഭേദഗതി) നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സ്വയംഭരണാധികാരം എന്ന നിർവചനമാണ് ഭേദഗതിയുടെ ഭാഗമായി കൊടുത്തത്. ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകാൻ ഈ നിയമം വഴി കഴിയില്ല. അതിന് പ്രത്യേകമായ നിയമം ആവശ്യമാണ്. ഇത് യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. യൂണിവേഴ്സിറ്റി ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും നൽകുന്ന സ്ഥാപനമാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റ് ടെക്നിക്കൽ എക്സാമിനേഷൻസ് ബോർഡും ഐ.ടി.ഐ. സർട്ടിഫിക്കറ്റ് എൻ.സി.വി.ടി. മുഖേനയുമാണ് നൽകുന്നത്. ഡിപ്ലോമ സർട്ടിഫിക്കറ്റ് യൂണിവേഴ്സിറ്റി നൽകേണ്ടതില്ല. അതാണ് എന്റെ 133, 144, 154 എന്നീ നമ്പർ ഭേദഗതികളുടെ ഉള്ളടക്കം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

134. ഖണ്ഡം 2 (എ)-യിൽ "എഞ്ചിനീയറിംഗ് കോഴ്സുകളിലെ" എന്നീ വാക്കുകൾക്ക് പകരം "എഞ്ചിനീയറിംഗ് കോഴ്സുകളിലെയും സാങ്കേതിക ശാസ്ത്ര കോഴ്സുകളിലെയും, മാനേജമെന്റ് കോഴ്സുകളിലെയും" എന്നീ വാക്കുകൾ ചേർക്കുക.

136. ഖണ്ഡം (2 എ)-യിൽ "അദ്ധ്യയനത്തിനും" എന്ന വാക്കിനു ശേഷം "പരീക്ഷകൾ നടത്തുന്നതിനും" എന്നീ വാക്കുകളും "സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്" എന്നീ വാക്കുകൾക്ക് പകരം "സർവ്വകലാശാലയുടെ ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഡിപ്ലോമകൾ, സർട്ടിഫിക്കറ്റുകൾ" എന്നീ വാക്കുകളും ചേർക്കുക.

141. ഖണ്ഡം 2 (എ)- യിൽ, "ഒരു കോളേജിനെയോ" എന്ന വാക്കിനുശേഷം "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിനെയോ" എന്നീ വാക്കുകൾ ചേർക്കുക.

143. ഖണ്ഡം 2 (എ)- യിൽ, "നൽകപ്പെട്ട" എന്ന വാക്കിനു പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

147. ഖണ്ഡം 2 (സി)യിൽ " സാങ്കേതിക വിദ്യാഭ്യാസം" എന്ന വാക്കിനുപകരം "സാങ്കേതിക വിദ്യാഭ്യാസമോ എഞ്ചിനീയറിംഗ് വിദ്യാഭ്യാസമോ മാനേജ് മെന്റ് വിദ്യാഭ്യാസമോ" എന്നീ വാക്കുകൾ ചേർക്കുക.

155. ഖണ്ഡം2(ജി)-യിൽ, "പ്രബോധനം" എന്ന വാക്കിനു പകരം "ബോധനം" എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 2 (ഐ)-യിൽ, " ബിരുദം" എന്ന വാക്കിനുശേഷം "ബിരുദാനന്തര ബിരുദം" എന്നീ വാക്കുകൾ ചേർക്കുക.

186. ഖണ്ഡം 2 (വി)-യിൽ, "സർവ്വകലാശാലയിലെ" എന്ന വാക്കിനു പകരം "സർവ്വകലാശാലയിലെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിലെയോ" എന്നീ വാക്കുകൾ ചേർക്കുക.

190. ഖണ്ഡം 2(ഡബ്ല്യൂ)-വിൽ, "സർവ്വകലാശാലയുടെ" എന്ന വാക്കിനു പകരം "സർവ്വകലാശാലയുടെയും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും ഹോസ്റ്റലുകളിലെയും" എന്നീ വാക്കുകൾ ചേർക്കുക.

191. ഖണ്ഡം 2(എക്സ്)-ൽ "സർവ്വകലാശാല" എന്ന വാക്കിനു പകരം "സർവ്വകലാശാലയോ സർക്കാരോ " എന്നീ വാക്കുകൾ ചേർക്കുക.

193. ഖണ്ഡം 2 (വൈ)യിൽ, "സർവ്വകലാശാല" എന്ന വാക്കിനു പകരം "സർവ്വകലാശാലയോ സർക്കാരോ" എന്നീ വാക്കുകൾ ചേർക്കുക.

195. ഖണ്ഡം 2 (ഇസഡ്)-ൽ, "ഓർഡിനൻസുകളാലോ" എന്ന വാക്കിനുശേഷം "ഉത്തരവുകളാലോ" എന്ന വാക്ക് ചേർക്കുക.

201. ഖണ്ഡം 2(ഇസഡ് ജി)-യിൽ "സർവ്വകലാശാലയുടെ" എന്ന വാക്കിനു പകരം "സർവ്വകലാശാലയുടെയോ സർക്കാരിന്റെയോ" എന്നീ വാക്കുകൾ ചേർക്കുക

202. ഖണ്ഡം 2(ഇസഡ് എച്ച്)-ൽ, "സർവ്വകലാശാലയുടെ" എന്ന വാക്കിനു പകരം "സർവ്വകലാശാലയുടെയോ സർക്കാരിന്റെയോ" എന്നീ വാക്കുകൾ ചേർക്കുക

203. ഖണ്ഡം 2(ഇസഡ് എൽ)-ൽ "ബിരുദം," എന്ന വാക്കിനു ശേഷം "ബിരുദാനന്തര ബിരുദം," എന്നീ വാക്കുകൾ ചേർക്കുക

208. ഖണ്ഡം 2(ഇസഡ്എൽ)-ൽ,
“ എഞ്ചിനീയറിംഗ് കോഴ്സിന്"എന്നീ വാക്കുകൾക്കു പകരം "എഞ്ചിനീയറിംഗ് കോഴ്സിനോ സാങ്കേതിക ശാസ്ത്രകോഴ്സിനോ

മാനേജ്മെന്റ് കോഴ്സിനോ" എന്നീ വാക്കുകൾ ചേർക്കുക.

217. ഖണ്ഡം 2 (ഇസഡ് ക്യൂ)-വിൽ, "രൂപീകരിക്കപ്പെട്ട" എന്ന വാക്കിനുശേഷം "കേരള സാങ്കേതികശാസ്ത്ര" എന്നീ വാക്കുകൾ ചേർക്കുക.

134. 2 (എ)-യിൽ പറയുന്നത്, ഈ ആക്ടിലെ പഠന ശാഖയിൽ എഞ്ചിനീയറിംഗ് കോഴ്സ്, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് കോഴ്സ് എന്നിവ മൂന്നും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് പിന്നീട് ആ പഠന ശാഖയെക്കുറിച്ച് പറയുന്ന അധിക സ്ഥലങ്ങളിലും എഞ്ചിനീയറിംഗ് കോഴ്സ് എന്നുമാത്രമാണ് പറയുന്നത്. അതുകൊണ്ട് 2 (എ)-യിൽ "എഞ്ചിനീയറിംഗ് കോഴ്സുകളിലെ" എന്നീ വാക്കുകൾക്ക് പകരം "എഞ്ചിനീയറിംഗ് കോഴ്സുകളിലെയും സാങ്കേതിക ശാസ്ത്ര കോഴ്സുകളിലെയും, മാനേജ്മെന്റ് കോഴ്സുകളിലെയും" എന്നീ വാക്കുകൾ ചേർക്കണമെന്നതാണ് 134-ലെ ഭേദഗതി.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2(എ)-യിൽ "പാഠ്യ പദ്ധതി വികസിപ്പിക്കുന്നതിനും" എന്നതിനു ശേഷം "അതിന് ആധാരമായ പാഠപുസ്തകങ്ങൾ കുട്ടികൾക്കും അധ്യാപകർക്ക് വേണ്ട കൈപുസ്തകങ്ങളും പഠന ക്ലാസ്സുകളും നൽകുന്നതിനും" എന്നത് ചേർക്കുക.

149. ഖണ്ഡം 2 (ഡി)യിൽ, "ശമ്പളവും ബത്തകളും" എന്നീ വാക്കുകൾക്ക് പകരം "ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി മാത്രം ശമ്പളവും ബത്തകളും നൽകുന്നതിന് " എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 2 (ഐ) താഴെ പറയും പ്രകാരം മാറ്റുക:-

" (ഐ) "പഠനശാഖ" എന്നാൽ ഗണിതശാസ്ത്രം, എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, ഇവയുമായി ബന്ധപ്പെട്ട വിവിധ മാനേജ്മെന്റ് പഠനങ്ങൾ എന്നിവയും സർവ്വകലാശാല പ്രഖ്യാപിച്ചിട്ടുള്ള ആക്റ്റുകൾ, സ്റ്റാറ്റ്യൂട്ടുകൾ എന്നിവ നൽകുന്ന വ്യവസ്ഥകൾക്കനുസൃതമായ സർവ്വകലാശാലയുടെ ഒരു സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദങ്ങൾ തുടങ്ങി അനുബന്ധമായുള്ള മറ്റ് ബഹുമതികളും നൽകുന്നതിലേക്ക് വേണ്ടിയുള്ള ഒരു പ്രത്യേക പഠന കോഴ്സ് എന്നർത്ഥമാക്കുന്നു;"

172. ഖണ്ഡം 2 (എൻ)-ൽ, "നടത്തുകയും ചെയ്യുന്ന ഒരു ആളോ" എന്നീ വാക്കുകൾക്കുശേഷം "വിവിധ പ്രതിനിധികൾ അടങ്ങുന്ന ട്രസ്റ്റുകളോ, ചാരിറ്റബിൾ സൊസൈറ്റികളോ, സഹകരണസംഘങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.

194. ഖണ്ഡം 2(വൈ) താഴെ പറയും പ്രകാരം മാറ്റുക:-

"(വൈ)"ഓർഡിനൻസുകൾ" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാല തയ്യാറാക്കി സർക്കാരിന്റെ അനുമതി തേടി ഗവർണ്ണർക്ക് സമർപ്പിച്ച്, ഗവർണ്ണർ അനുമതി നൽകുന്നവ മാത്രം എന്നർത്ഥമാകുന്നു;"

206. ഖണ്ഡം 2(ഇസഡ്എൽ)-ൽ "ഒരു എഞ്ചിനീയറിംഗ് കോഴ്സിന് പഠിക്കുന്നതിനു വേണ്ടി"എന്നീ വാക്കുകൾക്കു പകരം "എല്ലാ സാങ്കേതിക ശാസ്ത്ര വിഷയങ്ങളുടേയും പഠനങ്ങൾക്കുമായി"എന്നീ വാക്കുകൾ ചേർക്കുക.

215. ഖണ്ഡം 2(ഇസഡ്പി)-ൽ, "കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല"

എന്നീ വാക്കുകൾക്കു പകരം "രാമാനുജം സാങ്കേതികശാസ്ത്ര സർവ്വകലാശാല" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ഖണ്ഡം (2 എ)-യിൽ "ഒരു ബിരുദം" എന്നതിനു പകരം "ഒരു ബിരുദ" എന്ന് ചേർക്കുക.

140. ഖണ്ഡം 2 (എ)- യിൽ, "ഒരു കോളേജിനെയോ" എന്നതിനു മുൻപ് "കീഴിൽ" എന്ന വാക്ക് ചേർക്കുക.

160. ഖണ്ഡം 2 (എച്ച്) ൽ, "സർവ്വകലാശാലയുടെ" എന്നവാക്കിന് മുൻപ് "23-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട " എന്ന് ചേർക്കുക.

174. ഖണ്ഡം 2 (എൻ)-ൽ, "ആളുകളുടെ നികായമോ" എന്നതിനു പകരം "ട്രസ്റ്റോ/സ്ഥാപനമോ" എന്ന് ചേർക്കുക.

178. ഖണ്ഡം 2(ഒ)-യിൽ "ഗവേഷണതലങ്ങളിൽ" എന്നതിനു പകരം "റിസർച്ച് മേഖലകളിൽ" എന്ന് ചേർക്കുക.

181. ഖണ്ഡം 2 (പി)-യിൽ, "ഗവേഷണ " എന്നതിനു പകരം "റിസർച്ച്" എന്ന് ചേർക്കുക.

184. ഖണ്ഡം 2 (ആർ)-ൽ, "സ്ഥാപനങ്ങളുടെയോ" എന്ന വാക്ക് നീക്കം ചെയ്യുക.

196. ഖണ്ഡം 2 (ഇസഡ് എ) "പ്രിൻസിപ്പൽ" എന്ന വാക്കിനു പകരം "പ്രിൻസിപ്പാൾ" എന്ന് ചേർക്കുക.

160-ൽ ബോർഡ് ഓഫ് ഗവർണേഴ്സ് എന്നാൽ സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് എന്നർത്ഥമാകുന്നു എന്നത് ബോർഡ് ഓഫ് ഗവർണേഴ്സ് എന്നാൽ

ഈ ആക്ടിലെ 23-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട ബോർഡ് ഓഫ് ഗവർണേഴ്സ് എന്നു ചേർക്കണമെന്നുള്ളതാണ് ഭേദഗതി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2 (എ)-യിൽ, "അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു പദവികളും ബഹുമതികളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

165. ഖണ്ഡം 2- (ഐ)-യിൽ "അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു പദവികളും ബഹുമതികളും" എന്നതിനുപകരം "തുടങ്ങിയവ" എന്നു ചേർക്കുക.

138 ഖണ്ഡം 2 (എ)-യിൽ സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു പദവികളും ബഹുമതികളും ലഭിക്കുന്നതിനുവേണ്ടിയുള്ള പരീക്ഷകൾ നടത്തുന്നതിനും............ എന്നാണ് പറയുന്നത്. ഇത് വളരെ അവ്യക്തമാണ്. ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു പദവികൾ എന്നുപറയുമ്പോൾ എന്ത് പദവിയാണ്. സർവ്വകലാശാല നടത്തുന്ന പരീക്ഷകൾ കൃത്യതയുള്ളതാകണം. ഇതിൽ അവ്യക്തത വരാൻ പാടില്ല. "അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു പദവികളും ബഹുമതികളും" എന്നീ വാക്കുകൾ ഒഴിവാക്കാണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 (എ)-യിൽ, "പരീക്ഷകൾ നടത്തുന്നതിനും" എന്നീ വാക്കുകൾക്കുശേഷം "ഫലപ്രഖ്യാപനവും, സർട്ടിഫിക്കറ്റ് നൽകുകയും" എന്നീ വാക്കുകൾ ചേർക്കുക.

142. ഖണ്ഡം 2 (എ)- യിൽ, "അനുവദിക്കുന്നതിന്" എന്ന വാക്ക് ഒഴിവാക്കുക.

148. ഖണ്ഡം 2 (സി)യിൽ, " അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ഒരു" എന്നീ വാക്കുകൾക്ക് ശേഷം "സാങ്കേതിക " എന്ന വാക്ക് ചേർക്കുക.

151. ഖണ്ഡം 2(ഡി)-യിലെ "ഫണ്ടുകൾ ലഭിയ്ക്കുവാൻ അർഹതപ്പെട്ട" എന്നീ വാക്കുകൾക്ക് ശേഷം "ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ശമ്പളവും, മറ്റാനുകൂല്യങ്ങളും, യോഗ്യതയുമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

162. ഖണ്ഡം 2 (ഐ) - യിൽ, " സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് " എന്നീ വാക്കുകൾക്ക് പകരം "നാനോ ടെക്നോളജി, ബയോ ടെക്നോളജി, സ്പേസ് ടെക്നോളജി, റോബോട്ട് ടെക്നോളജി " എന്നീ വാക്കുകൾ ചേർക്കുക.

175. ഖണ്ഡം 2(എൻ)-ൽ "ആളുകളുടെ നികായമോ" എന്നീ വാക്കുകൾക്കു ശേഷം "കോളേജുകളുടെ കൺസോർഷ്യമോ" എന്നീ വാക്കുകൾ ചേർക്കുക.

192. ഖണ്ഡം 2(വൈ)-യിൽ "സർവ്വകലാശാല" എന്ന വാക്കിനു പകരമായി "കേരള സർക്കാർ " എന്നീ വാക്കുകൾ ചേർക്കുക.

199. ഖണ്ഡം 2(ഇസഡ് സി) താഴെപറയും പ്രകാരം മാറ്റുക:-
"(ഇസഡ് സി) "പ്രോ-ചാൻസലർ " എന്നാൽ സർവ്വകലാശാലയുടെ

'അക്കാദമിക' ചുമതലയുള്ള പ്രോ-ചാൻസലർ, 'ഗവേഷണ' ചുമതലയുള്ള പ്രോ-ചാൻസലർ എന്നിവരിൽ ഒരാൾ എന്നർത്ഥമാകുന്നു;"

148-ൽ അഫിലിയേറ്റഡ് കോളേജുകൾ അല്ലെങ്കിൽ സ്ഥാപനം എന്നതിനെക്കുറിച്ചുള്ള ഡെഫനിഷനാണ്. അതിൽ പറയുന്നത്, ഒരു കോളേജോ സ്ഥാപനമോ എന്നാണ്. അങ്ങനെ പറഞ്ഞാൽ പോര. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമോ എന്ന് കൂട്ടിച്ചേർക്കണം. അല്ലെങ്കിൽ ഏതെങ്കിലുമൊരു കോളേജിനും ഇതിൽ ഉൾപ്പെടാൻ കഴിയും. ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നുതന്നെ പറയണം.

151-ൽ എയ്ഡഡ് കോളേജുകൾ അല്ലെങ്കിൽ സ്ഥാപനം എന്നതിന്റെ ഡെഫനിഷനാണ്. അത് പറയുമ്പോൾ സർക്കാർ നിശ്ചയിച്ച യോഗ്യതയുള്ള ജീവനക്കാർ, സർക്കാർ നിശ്ചയിച്ച ശമ്പളം കൊടുക്കുന്നത്, സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് നിയമനം നടത്തിയത് എന്നുകൂടി ഡെഫിനിഷനിൽ വന്നെങ്കിൽ മാത്രമേ അതിൽ വ്യക്തത വരുത്താൻ സാധിക്കൂ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

146. ഖണ്ഡം 2 (എ) താഴെപ്പറയുംപ്രകാരം മാറ്റുക:-
" (എ) " അക്കാദമികസ്വയംഭരണാധികാരം" എന്നാൽ സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായ സാങ്കേതിക വിദ്യാഭ്യാസ

പ്രവർത്തനങ്ങൾ നടത്തുന്നതിനും, എൻജിനീയറിംഗ് പഠനവിഷയങ്ങളിലെ വിവിധ ശാഖകൾക്കുള്ള ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടി പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനും, അദ്ധ്യയനത്തിനും മൂല്യനിർണ്ണയത്തിനും വേണ്ട രീതികൾ ആസൂത്രണം ചെയ്യുന്നതിനും, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മറ്റ് പദവികൾ, ബഹുമതികൾ എന്നിവയ്ക്കുള്ള പരീക്ഷകൾ നടത്തുന്നതിനും, സർവ്വകലാശാലയ്ക്കു കീഴിൽ ഒരു കോളേജിനെയോ, സ്ഥാപനത്തെയോ, വകുപ്പിനെയോ അനുവദിക്കുന്നതിന് ഉൾപ്പെടെ സർവ്വകലാശാലയ്ക്ക് റഗുലേഷനുകൾ മുഖേന നല്കപ്പെട്ട വിശേഷാധികാരം എന്നർത്ഥമാകുന്നു;"

214. ഖണ്ഡം 2(ഇസഡ്പി)-ൽ,
(i) "ഏകാംഗീകരിക്കപ്പെട്ടതുമായ" എന്ന വാക്കിനു പകരം "ഏകയോഗമാക്കിയതുമായ" എന്ന വാക്കും
(ii) "കേരള"എന്ന വാക്കിനു ശേഷം "സംസ്ഥാന" എന്ന വാക്കും ചേർക്കുക.

<u>ശ്രീ. കെ. രാജു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 2(ഡി)-യിൽ "ബത്തകളും" എന്നതിനു ശേഷം "ഗ്രാന്റുകളും" എന്ന വാക്ക് ചേർക്കുക.

216. ഖണ്ഡം 2 (ഇസഡ്പി)-യിൽ, "സാങ്കേതിക ശാസ്ത്ര" എന്നതിനു പകരം "ശാസ്ത്രസാങ്കേതിക" എന്ന് ചേർക്കുക.

221. ബില്ലിൽ "സാങ്കേതിക ശാസ്ത്ര" എന്നു ചേർത്തിട്ടുള്ള ഭാഗത്തെല്ലാം ടി വാക്കിനു പകരം "ശാസ്ത്രസാങ്കേതിക" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2(ഡി)-യിൽ "ഫണ്ടുകൾ" എന്ന വാക്കിനു പകരം "ഫണ്ട് " എന്ന വാക്ക് ചേർക്കുക.

209. സർവ്വകലാശാലയോട്" എന്ന വാക്കിനു പകരം "സർവ്വകലാശാലയിലോ " എന്ന വാക്ക് ചേർക്കുക.
(ii) " സർവ്വകലാശാലയിലോ" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2(ഡി)-യിൽ "സ്വകാര്യ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 (ജി) - യ്ക്ക് ശേഷം താഴെപ്പറയുന്നത് ഇനം (എച്ച്) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.
" (എച്ച് ) അക്കാദമിക് സ്വയംഭരണ അധികാരമുള്ള കോളേജുകൾ".

218. വകുപ്പ് 2 ഉപവകുപ്പ് (ഇസഡ്ആർ)ന് ശേഷം "(ഇസഡ്എസ്) ഓണററി ബിരുദം" നിർവ്വചിച്ച് ഉൾപ്പെടുത്തണം.

220. വകുപ്പ് 2ൽ ഉപവകുപ്പ് "ജി", "കെ", "ഇസഡ് ബി", "ഇസഡ്എഫ്", "ഇസഡ്എൻ" എന്നിവ കൃത്യമായി നിർവ്വചിക്കുക.

മി. സ്പീക്കർ: വകുപ്പുമായി യോജിക്കാത്തതുകൊണ്ട് 220 -ാം നമ്പർ ഭേദഗതി മൂവ് ചെയ്യാൻ പറ്റില്ല.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 2 (ഐ)-യിൽ, " നൽകുന്നതിലേക്ക്" എന്നതിനു പകരം "ലഭിക്കുന്നതിനുള്ള" എന്ന് ചേർക്കുക.
176. ഖണ്ഡം 2(എൻ)-ൽ "നികായമോ" എന്ന വാക്കിനു പകരം "പ്രവർത്തക സംഘമോ" എന്ന് ചേർക്കുക.

ബിരുദം, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ അല്ലെങ്കിൽ അങ്ങനെയുള്ള പദവികൾ 'നൽകുന്നതിലേയ്ക്ക്' എന്നതിനുപകരം 'ലഭിക്കുന്നതിനുള്ള ' എന്നാക്കിയാൽ കുറച്ചുകൂടി വ്യക്തത വരും.

'നികായം' എന്നതുകൊണ്ട് 'Educational Agency' എന്നാണ് ഉദ്ദേശിച്ചതെങ്കിൽ 'പ്രവർത്തക സംഘം' എന്ന് തിരുത്തണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2 (ഐ) - യിൽ " എഞ്ചിനിയറിംഗ്" എന്ന വാക്കിനു പകരം "സാങ്കേതിക" എന്ന വാക്ക് ചേർക്കുക.
213. ഖണ്ഡം 2(ഇസഡ്എൻ)-ൽ, "അർഹതയില്ലാത്ത" എന്ന വാക്കിനു പകരം "അർഹതയില്ലാത്തതും എന്നാൽ പ്രവർത്തിക്കാൻ അനുമതി ആവശ്യമുള്ളതുമായ" എന്നീ വാക്കുകൾ ചേർക്കുക.

161-ൽ പൂർണ്ണമായും മലയാളത്തിൽ ഉപയോഗിച്ചിട്ടുള്ളതുകൊണ്ട് പഠനശാഖയെന്നാൽ 'എഞ്ചിനീയറിംഗ്' ശാസ്ത്രങ്ങളിൽ എന്ന് പറയുന്നതിൽ അപൂർണ്ണതയുണ്ട്. 'സാങ്കേതിക' ശാസ്ത്രങ്ങളിൽ സർവ്വകലാശാല അങ്ങനെ

പ്രഖ്യാപിച്ചിട്ടുള്ളതും എന്നാക്കി മാറ്റണം.

213-ൽ 'അർഹതയില്ലാത്ത' എന്ന വാക്കിന് പകരം 'അർഹതയില്ലാത്തതും എന്നാൽ പ്രവർത്തിക്കാൻ അനുമതി ആവശ്യമുള്ളതുമായ' എന്നീ വാക്കുകൾ ചേർത്താൽ കുറച്ചുകൂടി വ്യക്തത കൈവരും.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

168. ഖണ്ഡം 2 (എൽ)-ൽ, " സർവ്വകലാശാലയുടെ" എന്ന വാക്കിനുശേഷം "പഠന വിഭാഗത്തിന്റെ" എന്ന വാക്ക് ചേർക്കുകയും തുടർന്നുള്ള " (അക്കാദമികം)" എന്ന വാക്കും ചിഹ്നവും ഒഴിവാക്കുകയും ചെയ്യുക.

197. ഖണ്ഡം 2 (ഇസഡ് ബി)യിൽ "സർക്കാരോ സർവ്വകലാശാലയോ അല്ലാത്ത" എന്ന ഭാഗം നീക്കം ചെയ്യുക.

168-ൽ ഡീൻ അക്കാദമി എന്നാൽ സർവ്വകലാശാലയുടെ ഡീൻ അക്കാദമികം എന്നർത്ഥമാക്കുന്നു. അതിൽ ഡീൻ അക്കാദമികം എന്ന് മാർക്ക് ചെയ്യുന്നതിന് പകരം സർവ്വകലാശാലയുടെ പഠന വിഭാഗത്തിന്റെ ഡീൻ എന്ന് അർത്ഥമാകുന്നുവെന്ന് മതി. കാരണം രണ്ട് സ്ഥലത്ത് അക്കാദമികം എന്ന പ്രയോഗത്തിന്റെ ആവശ്യം വരുന്നില്ല.

197-ൽ സ്വകാര്യ കോളേജ് എന്നാൽ സർക്കാരോ സർവ്വകലാശാലയോ അല്ലാത്ത വിദ്യാഭ്യാസ ഏജൻസി നടത്തുന്നതും സർവ്വകലാശാലയോട്

അഫിലിയേറ്റ് ചെയ്യപ്പെട്ടതുമായ കോളേജ് എന്ന് മാറ്റിയാൽ നന്നായിരുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 2 (എം)-ൽ "സർവ്വകലാശാലയുടെ" എന്ന വാക്കിനു ശേഷം "ഗവേഷണവിഭാഗം" എന്ന വാക്ക് ചേർക്കുകയും തുടർന്നുള്ള " (ഗവേഷണം)" എന്ന വാക്കും ചിഹ്നവും ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 (എം)-നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുന:ക്രമീകരിക്കുകയും ചെയ്യുക:

" (എൻ) "ഡയറക്ടർ" എന്നാൽ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സാങ്കേതിക ബോധനം നല്കുന്ന ഏതെങ്കിലും സ്ഥാപനത്തിന്റെ മേധാവി എന്നർത്ഥമാകുന്നു;"

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

173. ഖണ്ഡം 2 (എൻ)-ൽ, "ഒരു ആളോ അല്ലെങ്കിൽ ആളുകളുടെ നികായമോ" എന്നീ വാക്കുകൾക്കു പകരം "ഒരു വ്യക്തിയോ അല്ലെങ്കിൽ വ്യക്തികളുടെ നികായമോ അതുമല്ലെങ്കിൽ വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന ചാരിറ്റബിൾ സംഘടനകളോ " എന്നീ വാക്കുകൾ ചേർക്കുക.

185. ഖണ്ഡം 2 (റ്റി)-യിൽ, "സ്വീകരിക്കുകയും" എന്ന വാക്കിനുശേഷം "എന്നാൽ എയ്ഡഡ് കോളേജ് അല്ലെങ്കിൽ സ്ഥാപനം എന്ന വിഭാഗത്തിൽപ്പെടാത്തതും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

177. ഖണ്ഡം 2(എൻ)-ന് പകരം താഴെ പറയുന്നത് ചേർക്കുക:-
"(എൻ) "വിദ്യാഭ്യാസ ഏജൻസി" എന്നാൽ സ്വകാര്യമേഖലയിൽ ഒന്നോ, ഒന്നിലധികമോ എഞ്ചിനീയറിംഗ് കോളേജോ, സാങ്കേതിക പഠന സ്ഥാപനമോ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്ന ഒരു വ്യക്തിയോ, വ്യക്തികളുടെ കൂട്ടായ്മയോ എന്നർത്ഥമാകുന്നു;"

210. ഖണ്ഡം 2(ഇസഡ്എം)-ൽ,

(i) "എന്നാൽ" എന്ന വാക്കിനു ശേഷം "വിദ്യാർത്ഥികൾക്ക് " എന്ന വാക്ക് ചേർക്കുക.

(ii) "ഗവേഷണമോ മറ്റേതെങ്കിലും പ്രോജക്ടോ പദ്ധതികളോ നടത്തുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2(പി)-യിൽ, "എഞ്ചിനീയറിംഗ് കോഴ്സ്" എന്നതിനു പകരം "എഞ്ചിനീയറിംഗ് പ്രോഗ്രാം" എന്നത് ചേർക്കുക.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

183. ഖണ്ഡം 2 (ആർ)-ൽ, "സർവ്വകലാശാലയുടെയോ അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ" എന്നതിനു പകരം "സർവ്വകലാശാലയിലെയോ അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെയോ സ്ഥാപനങ്ങളിലെയോ" എന്നത് ചേർക്കുക.

198. ഖണ്ഡം 2(ഇസഡ് ബി)ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുന:ക്രമീകരിക്കുകയും ചെയ്യുക.

"(ഇസഡ് സി)"സ്വകാര്യ സ്വാശ്രയ കോളേജ്" എന്നാൽ സർക്കാർ ഫണ്ട് നൽകാത്തതും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ബോധനം നൽകുകയും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്ന ഒരു കോളേജ് എന്ന് അർത്ഥമാക്കുന്നു;"

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

187. ഖണ്ഡം 2(വി)-യിൽ "വിദ്യാർത്ഥികളുടെ" എന്ന വാക്കിനു ശേഷം "പഠന കാലയളവിലെ " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

189. ഖണ്ഡം 2(വി) ആയി താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

"(വി) "സാങ്കേതിക ശാസ്ത്ര ഗ്രന്ഥശാല" എന്നാൽ ഈ ആക്ടിലേയോ സ്റ്റാറ്റ്യൂട്ടുകളിലേയോ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാല നടത്തുന്ന ഒരു ഗ്രന്ഥശാല എന്ന് അർത്ഥമാകുന്നു;"

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 2(ഇസഡ് എഫ്)-ൽ "ചെയ്യപ്പെട്ടിട്ടുള്ളതും" എന്ന വാക്കിനു പകരം "ചെയ്തിട്ടുള്ളതും" എന്ന വാക്കും "നൽകപ്പെടുന്നതുമായ" എന്ന വാക്കിനു പകരം "നൽകുന്നതുമായ" എന്ന വാക്കും ചേർക്കുക

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

205. ഖണ്ഡം 2(ഇസഡ്എൽ)-ൽ " ഒരു എഞ്ചിനീയറിംഗ് കോഴ്സിനു പഠിക്കുന്നതിനു വേണ്ടി" എന്നതിന് പകരം "ഒരു കോഴ്സിന്" എന്നത് ചേർക്കുക

212. ഖണ്ഡം 2(ഇസഡ്എം)-ൽ, "അതിൽ അദ്ധ്യാപകൻ എന്ന് സ്റ്റാറ്റ്യൂട്ടുകളാൽ പ്രഖ്യാപിക്കപ്പെടാവുന്ന മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾ ഒഴിവാക്കുക.

205-ൽ വിദ്യാർത്ഥി എന്ന ഡെഫനിഷനിൽ, എഞ്ചിനീയറിംഗ് കോഴ്സിന് പഠിക്കുന്നതിനുവേണ്ടി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോഴ്സിൽ വേണം ചേരാൻ. മറ്റ് മാനേജ്മെന്റ് കോഴ്സുകളുണ്ട്. എഞ്ചിനീയറിംഗ് കോഴ്സ് എന്ന് ലിമിറ്റ് ചെയ്യുന്നത് വിദ്യാർത്ഥി എന്ന ഡെഫനിഷനിൽ ശരിയല്ല. അതുകൊണ്ട്

എഞ്ചിനീയറിംഗ് എന്നുള്ളത് മാറ്റി ഒരു കോഴ്സ് എന്നാക്കി മാറ്റിയാൽ മതിയാകും. യൂണിവേഴ്സിറ്റിയിലെ ഏത് കോഴ്സിനും ചേരുന്ന ഒരാളെ വിദ്യാർത്ഥിയെന്ന് കരുതാൻ കഴിയും.

212-ൽ അദ്ധ്യാപകനായി നിയമിച്ച ആളല്ലാതെ, 'അതിൽ അദ്ധ്യാപകൻ എന്ന് സ്റ്റാറ്റ്യൂട്ടുകളാൽ പ്രഖ്യാപിക്കപ്പെടാവുന്ന മറ്റേതൊരാളും' എന്ന് പറയുന്നത് ശരിയല്ല. അദ്ധ്യാപകനായി നിയമച്ച എന്ന് മുകളിൽ പറഞ്ഞത് മാത്രം മതി.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

> 207. ഖണ്ഡം 2(ഇസഡ്എൽ)-ൽ " ഒരു എഞ്ചിനീയറിംഗ് കോഴ്സിന് "എന്നീ വാക്കുകൾക്കു പകരം "എഞ്ചിനീയറിംഗ്, ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ കോഴ്സുകൾ" എന്നീ വാക്കുകൾ ചേർക്കുക.

എഞ്ചിനീയറിംഗ് കോഴ്സിന് ഡെഫനിഷനിൽ പറഞ്ഞിരിക്കുന്നതുപോലെ എഞ്ചിനീയറിംഗ് കോഴ്സ് മാറ്റുന്നതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ശ്രീ. കെ.എൻ.എ.

ഖാദർ അവതരിപ്പിച്ച 155, 163, 203 – എന്നീ നമ്പർ ഭേദഗതികളും 217 -ാം നമ്പർ ഭേദഗതിയിലെ 'കേരള' എന്ന വാക്ക് ഒഴിവാക്കിക്കൊണ്ടും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ് ചെയ്തില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 132-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 155, 163, 203 എന്നീ നമ്പർ ഭേദഗതികളും 217 -ാം നമ്പർ ഭേദഗതി ഭാഗികമായും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 133, 144, 154, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 134, 136, 141, 143, 147, 186, 190, 191, 193, 195, 201, 202 ,208 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 135, 149, 167, 172, 194, 206, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 137, 140, 160, 174, 178, 181, 184 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 138, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതിരപ്പിച്ച 139, 142, 148, 151, 162, 175, 192, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 146, 214 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജു അവതിരപ്പിച്ച 150, 216, 221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ  അവതരിപ്പിച്ച 152, 209 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ.കെ. വിജയൻ അവതിരപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി.വി. രാജേഷ് അവതിരപ്പിച്ച 157, 218 എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 161, 213 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 166, 176 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 168, 197 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച അവതരിപ്പിച്ച 173, 185 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 177, 210 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ.കെ. ലതിക അവതരിപ്പിച്ച 183, 198 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി.എം ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 205, 212 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 3(1)-ൽ "കേരള സാങ്കേതിക" എന്നീ വാക്കുകൾക്കു ശേഷം വരുന്ന "ശാസ്ത്ര" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

223. ഖണ്ഡം 3(1)-ൽ "കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല" എന്നീ വാക്കുകൾക്കു പകരം "രാമാനുജം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല" എന്നീ വാക്കുകൾ ചേർക്കുക.

232. ഖണ്ഡം 3(4)-ൽ "വാദങ്ങളിൽ" എന്ന വാക്കിനു പകരം "വാദങ്ങളിൽ വൈസ് ചാൻസലറുടെ അനുമതിയോടു കൂടി മാത്രം" എന്നീ വാക്കുകൾ ചേർക്കുക.

239. ഖണ്ഡം 3 (6) താഴെ പറയും പ്രകാരം മാറ്റുക:-
"(6) സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതും റീജിയണൽ ഓഫീസുകൾ എറണാകുളം,

കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിലും
ആയിരിക്കേണ്ടതുമാണ്".-

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

224. ഖണ്ഡം 3(1)-ൽ "സ്ഥാപിക്കേണ്ടതും" എന്ന വാക്കിനു പകരം "സ്ഥാപിച്ച് പ്രവർത്തിക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

234. ഖണ്ഡം 3 (4)-ൽ, "പ്രോസസ്സുകളും" എന്ന വാക്കിനു പകരം "നടപടി നോട്ടീസുകളും" എന്നീ വാക്കുകൾ ചേർക്കുക.

236. ഖണ്ഡം 3 (5)-ൽ,
(i) "അദ്ധ്യാപനവും" എന്ന വാക്കിനുശേഷം "പരീക്ഷയും മൂല്യനിർണ്ണയവും" എന്നീ വാക്കുകൾ ചേർക്കുക,
(ii) "നൽകുന്ന" എന്ന വാക്കിനു പകരം "നടത്തുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

225. ഖണ്ഡം 3(1)-ൽ ഒരു "പ്രോ-വൈസ്-ചാൻസലർ" എന്നതിനു പകരം "രണ്ട് പ്രോ-വൈസ്-ചാൻസലർമാർ" എന്നത് ചേർക്കുക.

229. ഖണ്ഡം 3(3)-ൽ "മുൻകൂർ അനുമതി വാങ്ങിയതിനു ശേഷം", എന്നീ വാക്കുകൾക്കു ശേഷം "പഠന ഗവേഷണ ആവശ്യത്തിനായി മാത്രം" എന്നീ വാക്കുകൾ ചേർക്കുക.

ഈ ബില്ലിന്റെ ഒരു പ്രത്യേകത ഗവേഷണത്തിനും അക്കാദമിക് വിഭാഗത്തിനും രണ്ട് ഡീൻമാരെ വച്ചിട്ടുണ്ട്. അതുപോലെ പ്രോ-വൈസ് ചാൻസലർമാരും അക്കാദമിക്

വിഭാഗവും ഗവേഷണ വിഭാഗവും ഉണ്ടാകണമെന്ന പ്രൊപ്പോസലാണ് എനിക്ക് ചൂണ്ടികാണിക്കാനുള്ളത്. മറ്റൊന്ന് സ്ഥലം മറ്റ് സ്ഥാപനങ്ങൾക്ക് വിൽക്കുന്നതിനെ സംബന്ധിച്ചും കൊടുക്കുന്നതിനെ സംബന്ധിച്ചുമുള്ള ക്ലാസാണ്. അങ്ങനെ സ്ഥലം കൈമാറ്റം ചെയ്യപ്പെടുമ്പോൾ ഗവൺമെന്റിന്റെ മുൻകൂർ അനുമതി വേണമെന്ന് പറയുന്നുണ്ട്. അതിനൊപ്പം പറയേണ്ട ഒരു കാര്യമാണ് പഠന ഗവേഷണ കേന്ദ്രങ്ങൾക്ക് മാത്രമെ ഈ സ്ഥലം നൽകാവൂ എന്നത്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 3(2)-ൽ "ഏകാംഗീകൃത നികായമായിരിക്കുന്നതും" എന്നീ വാക്കുകൾക്ക് പകരം "ഏകയോഗ സ്ഥാപനമായിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 3(2)-ൽ, "പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്" എന്നതിനു പകരം "വ്യവഹാരങ്ങൾ പ്രസ്തുത പേരിൽ ആയിരിക്കേണ്ടതുമാണ്" എന്നത് ചേർക്കുക.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. ഖണ്ഡം 3(3)-ൽ "സ്ഥാവരവും ജംഗമവുമായ" എന്നതിനു പകരം "സ്ഥാവര ജംഗമ" എന്നത് ചേർക്കുക.

231. ഖണ്ഡം 3(4)-ൽ "സത്യ" എന്ന വാക്കിനു പകരം "സത്യം" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 3(4)-ൽ "പ്രോസസ്സുകളും" എന്ന വാക്കിനു പകരം "നോട്ടീസുകളും അറിയിപ്പുകളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3 (5) ൽ, "അദ്ധ്യാപനവും" എന്ന വാക്കിന് ശേഷം "ഗവേഷണവും" എന്ന വാക്ക് ചേർക്കുക.

'സർവ്വകലാശാല അദ്ധ്യാപനവും അഫിലിയേഷനും നൽകുന്ന' എന്നതിൽ 'ഗവേഷണവും' എന്നുകൂടി ചേർക്കേണ്ടതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 3 (6)-ൽ, "തിരുവനന്തപുരത്ത്" എന്നതിനു പകരം "കൊച്ചിയിൽ" എന്നത് ചേർക്കുക.

ഈ സർവ്വകലാശാലയുടെ ആസ്ഥാനം 'തിരുവനന്തപുരത്ത്' എന്നതിനുപകരം 'കൊച്ചിയിൽ' ആക്കണമെന്നതാണ് എന്റെ ഭേദഗതി. ഈ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്യുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും സ്വാശ്രയ സ്ഥാപനങ്ങളുടെ അസോസിയേഷനുകളും ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണിത്. മാത്രമല്ല നമ്മുടെ വ്യവസായ തലസ്ഥാനമെന്ന് പറയുന്നത് കൊച്ചിയാണ്. ഈ സാങ്കേതിക സർവ്വകലാശാല നമ്മുടെ വ്യവസായ വികസനത്തിനും അതിന്റെ പുരോഗതിക്കും വലിയ സംഭാവനകൾ നൽകേണ്ട ഒരു സ്ഥാപനമാണ്. നമ്മുടെ ഐ.ഐ.റ്റി.കളെല്ലാം ആ പ്രദേശത്തെ വ്യവസായ വികസനത്തിന് വലിയ സംഭാവനകൾ നൽകികൊണ്ടിരിക്കുകയാണ്. അപ്പോൾ കേരളത്തിന്റെ വ്യവസായ തലസ്ഥാനം കൊച്ചിയാണെന്നുള്ളതുകൊണ്ടുതന്നെ ഇത്തരമൊരു സാങ്കേതിക സർവ്വകലാശാലയുടെ തലസ്ഥാനം കൊച്ചിയാകണം എന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 3 (6) താഴെപ്പറയും പ്രകാരം മാറ്റുക:

"(6) സർവ്വകലാശാലയുടെ ആസ്ഥാനം എറണാകുളത്ത്

ആയിരിക്കേണ്ടതാണ്"

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ് ചെയ്തില്ല)

<u>മി. സ്പീക്കർ:</u> ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 224, 234, 236 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 223, 232, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 225, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 228, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 4 (1)-ൽ "കേരള സംസ്ഥാനം മുഴുവനും" എന്നീ വാക്കുകൾക്ക് പകരം "കേരള സംസ്ഥാനം മുഴുവനും സംസ്ഥാനത്തിന്റെ അധീനതയിലുള്ള മറ്റ് പ്രദേശത്തും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 4(1)-ൽ "കേരള സംസ്ഥാനം മുഴുവനും" എന്നീ വാക്കുകൾക്ക് ശേഷം "ലക്ഷദ്വീപും" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. ഖണ്ഡം 4(1)-ൽ "കേരള സംസ്ഥാനം മുഴുവനും വ്യാപിച്ചിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാനത്തിനകത്തും, രാജ്യത്തിനകത്തും, വിദേശരാജ്യങ്ങളിലും വ്യാപിച്ചിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

247. ഖണ്ഡം 4 (2) (iii) ഒഴിവാക്കുക

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

243. ഖണ്ഡം 4(1)-ൽ "വ്യാപിച്ചിരിക്കുന്നതാണ് " എന്ന വാക്കിനു പകരം "ആയിരിക്കുന്നതാണ് " എന്ന വാക്ക് ചേർക്കുക.

244. ഖണ്ഡം 4(2)-ൽ "അടിസ്ഥാനസൗകര്യങ്ങൾ (കെട്ടിടങ്ങൾ, ലബോറട്ടറികൾ മുതലായവ)" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം " കെട്ടിടങ്ങൾ, ലൈബ്രറികൾ, ലബോറട്ടറികൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

ചില തെറ്റുകളാണ് എനിക്ക് ചൂണ്ടികാണിക്കാനുള്ളത്. സർവ്വകലാശാലയുടെ ഭൂപ്രദേശ പരിധി കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചിരിക്കുകയാണ് എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. പരിധി എന്നുപറഞ്ഞാൽ പിന്നെ വ്യാപിച്ചിരിക്കുന്നുവെന്ന് പറയേണ്ട കാര്യമില്ല. അതുകൊണ്ടാണ് ഞാൻ 243 എന്ന ഭേദഗതി കൊണ്ടുവന്നത്. 244-ൽ അസെറ്റ്സിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതിൽ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ട് ബ്രായ്ക്കറ്റിലാണ് കെട്ടിടങ്ങൾ, ലബോറട്ടറികൾ മുതലായവ എന്നുപറഞ്ഞിരിക്കുന്നത്. ബിൽ ആയതുകൊണ്ട് ഇതിനൊക്കെ ഒരു ക്ലാരിറ്റി വേണം. ബ്രായ്ക്കറ്റിൽ കൊടുക്കുകയല്ല വേണ്ടത്, അതിനൊരു വ്യക്തത വേണമെന്നതാണ് എന്റെ 244-ാം നമ്പർ ഭേദഗതിയിലൂടെ

ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇതു രണ്ടും പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 4(2)-ൽ "എന്നിവ ഉൾപ്പെടെയും, എന്നാൽ അവയിൽ ഒതുങ്ങി നില്ക്കാതെയും" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "എന്നിവയും അധികമായി എന്തെങ്കിലും നിശ്ചയിക്കുന്ന പക്ഷം അവയും ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ഈ ആക്ടിന്റെയും സ്റ്റാറ്റ്യൂട്ടുകളുടെയും ഓർഡിനൻസുകളുടെയും കീഴിൽ അഫിലിയേഷനുവേണ്ടി നിർണ്ണയിക്കപ്പെട്ടതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫാക്കൽറ്റിയുടെ ലഭ്യത, ഭരണ സംവിധാനം, അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങൾ, ലബോറട്ടറികൾ മുതലായവ എന്നിവ ഉൾപ്പെടെയും എന്നാൽ അവയിൽ ഒതുങ്ങി നിൽക്കാതെയും മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഏതൊരു എഞ്ചിനീയറിംഗ് കോളേജും എന്നിടത്ത് എന്നിവ ഉൾപ്പെടെയും എന്നാൽ അവയിൽ ഒതുങ്ങി നിൽക്കാതെയും എന്ന വാക്കിനുപകരം എന്നിവയും അധികമായി എന്തെങ്കിലും നിശ്ചയിക്കുന്ന പക്ഷം അവയും ഉൾപ്പെടെയുള്ള എന്നീ വാക്കുകൾ ചേർക്കുന്നതായിരിക്കും ഉചിതം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

246. ഖണ്ഡം 4(2) (ii) ഒഴിവാക്കുക

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം 4 (2) (iii)താഴെപറയും പ്രകാരം മാറ്റുകയും ശേഷിക്കുന്നവ നീക്കം ചെയ്യുകയും ചെയ്യുക.
" (iii) സ്ഥാപനമായോ".

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം 4 (2) (iv)താഴെപറയും പ്രകാരം മാറ്റുക.
"(iv) അൺ എയ്ഡഡ് കോളേജായോ"

ഇതിനകത്ത് റഗുലർ കോളേജ്, കോൺസ്റ്റിറ്റ്യുവന്റ് കോളേജ്, സ്വയംഭരണ കോളേജ്, അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജ് എന്നുപറഞ്ഞിരിക്കുന്നു. സ്വയംഭരണ കോളേജെന്ന് പറഞ്ഞുകഴിഞ്ഞാൽ അതിനകത്ത് അക്കാദമിക സ്വയംഭരണമല്ലാതെ മറ്റ് സ്വയംഭരണമില്ലല്ലോ, അതുകൊണ്ട് സ്വയംഭരണ കോളേജും അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജോ എന്ന് പ്രത്യേകമായി

രണ്ടും എടുത്തുപറയേണ്ട കാര്യമില്ല. മാനേജ്മെന്റിന്റെ അല്ലെങ്കിൽ മാനേജ് ചെയ്യുന്ന അധികാരംകൂടി കൊടുത്തുകൊണ്ടുള്ള സ്വയംഭരണ കോളേജില്ലല്ലോ, അതുകൊണ്ട് അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജായോ എന്നുള്ളത് അവിടെ ആവശ്യമില്ല. ഇതിനകത്ത് സ്ഥാപനമായോ എന്നുള്ളതല്ലവേണ്ടത്, ഒരു സ്വാശ്രയ സ്ഥാപനം, അൺ-എയ്ഡഡ് കോളേജ് എന്നുള്ളതുകൂടി ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

250. ഖണ്ഡം 4(2) (v)-നു ശേഷം താഴെപറയുന്ന ഇനം ചേർക്കുക.
"(vi)കോളേജുകളുടെ കൺസോർഷ്യം"

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

251. ഖണ്ഡം 4(2)(v) -നു ശേഷം വരുന്ന "അഫിലിയേറ്റ് ചെയ്യാവുന്നതാണ് " എന്നീ വാക്കുകൾക്കു പകരം "അഫിലിയേറ്റ് ചെയ്യേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ഇതിനകത്ത് അഫിലിയേഷൻ ഒബ്ലിഗേറ്ററിയല്ല, ചെയ്യാവുന്നതാണ് എന്നാണ് കാണിച്ചിരിക്കുന്നത്. വേണമെങ്കിൽ കോളേജിന് വേറെ യൂണിവേഴ്സിറ്റികളിൽ സ്കോപ്പുണ്ട്. അതുകൊണ്ട് ചെയ്യേണ്ടതാണ് അതായത് നിർബന്ധമാക്കുകയെന്നാണ്

ഉദ്ദേശിച്ചത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 4(2)(v) - ന ശേഷം കാണുന്ന "ചെയ്യാവുന്നതാണ്" എന്ന വാക്കിനു പകരം "ചെയ്യേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതുതന്നെയാണ്. അത് മാൻഡേറ്ററിയാകണം. അതായത് ഏതെങ്കിലുമൊരു കോളേജിന് ഓപ്റ്റൗട്ട് ചെയ്യാമെന്ന് ഉദ്ദേശിക്കപ്പെടുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെടേണ്ടത് തന്നെയാണ്. അത് ഡെഫിനിറ്റായി പറയേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി 'ഖണ്ഡം 4(2) (ii) ഒഴിവാക്കുക' എന്നത് അംഗീകരിക്കുന്നു. അതിനുശേഷമുള്ള കാര്യങ്ങൾ പുനരക്കം ചെയ്യേണ്ടതാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

3-ാം വകുപ്പിൽ സർവ്വകലാശാലയുടെ പേര് മാറ്റുന്നത് നേരത്തെ പറഞ്ഞതുകൊണ്ട് പറയാതെ പോയതാണ്. 3-ാം വകുപ്പിലെ ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

222. ഖണ്ഡം 3(1)-ൽ "കേരള സാങ്കേതിക" എന്നീ വാക്കുകൾക്ക് മുമ്പ് "എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല" എന്ന വാക്കുകൾ ചേർക്കുക.

<u>മി. സ്പീക്കർ:</u> ഇത് കഴിഞ്ഞ വകുപ്പിലേതല്ലേ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> അതെ. 3-ാം വകുപ്പിലേതാണ്. ഇത് നേരത്തെ പറയാൻ വിട്ടുപൊയതാണ്.

<u>മി. സ്പീക്കർ:</u> ഇത് നാലാം വകുപ്പാണ്. അങ്ങനെ അവതരിപ്പിക്കാവുന്നതല്ല. മിനിസ്റ്റർക്ക് നിർബന്ധമാണെങ്കിൽ അവതരിപ്പിക്കാം.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 222-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ് ചെയ്തില്ല)

<u>മി. സ്പീക്കർ:</u> ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 243, 244 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി ശിവൻകുട്ടി അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 242, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

254. ഖണ്ഡം (5) (എ)-യിൽ, " സാങ്കേതികശാസ്ത്ര" എന്നതിനുപകരം " സാങ്കേതിക-ശാസ്ത്ര" എന്ന് ചേർക്കുക.

270. ഖണ്ഡം 5 (ഡി) യിൽ, " എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുടെയും" എന്നീ വാക്കുകൾക്ക് പകരം "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുടെയും, സാങ്കേതിക ശാസ്ത്രങ്ങളുടെയും" എന്നീ വാക്കുകൾ ചേർക്കുക.

272. ഖണ്ഡം 5 (ഡി) യിൽ, " എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുടെയും" എന്നീ വാക്കുകൾക്ക് ശേഷം "സാങ്കേതിക– ശാസ്ത്രങ്ങളുടെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

255. ഖണ്ഡം 5 (എ)യിൽ, "എഞ്ചിനീയറിംഗ് വിദ്യാഭ്യാസ" എന്നതിനു പകരം "എഞ്ചിനീയറിംഗ്/മാനേജ്മെന്റ് വിദ്യാഭ്യാസ" എന്നീ വാക്കുകൾ ചേർക്കുക.

277. ഖണ്ഡം 5(ഇ)യിൽ, "എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അനുസൃതമായി" എന്നതിനു പകരം "എ.ഐ.സി.ടി.ഇ. കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി " എന്ന് ചേർക്കുക.

291. ഖണ്ഡം 5 (എഫ്)ൽ "ബന്ധപ്പെടുന്നതിനുള്ള" എന്നതിനു പകരം "ബന്ധപ്പെടുന്നതിനും സഹകരിച്ച് പ്രവർത്തിക്കുന്നതിനുമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

325. ഖണ്ഡിക 5(പി)ക്കു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:-

" (ക്യൂ) സർക്കാർ, സ്വകാര്യമേഖലയിലെ വാണിജ്യ, വ്യവസായ, സാങ്കേതിക, മാനേജ്മെന്റ് സ്ഥാപനങ്ങളുമായി നല്ല ബന്ധം

സ്ഥാപിച്ച് സ്ഥിരമായി "ക്യാമ്പസ് റിക്രൂട്ട്മെന്റ്" നടത്തുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക".

സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ എന്നുള്ളതിൽ "സംസ്ഥാനത്തിന്റെ ശാസ്ത്രസംബന്ധമായ നയരൂപീകരണത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും" എന്നാണ് പറഞ്ഞിരിക്കുന്നത്. എഞ്ചിനീയറിംഗ് എന്ന് മാത്രം പറഞ്ഞാൽ പോര, മാനേജ്മെന്റ് എന്നുകൂടി ഒബ്ലിക് ഇട്ട് എഴുതണം എന്നുള്ളതാണ് 255-ാം നമ്പർ ഭേദഗതി.

ഖണ്ഡം 5(ഇ)യിൽ "എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അനുസൃതമായി" എന്നല്ല പറയേണ്ടത്. "എ.ഐ.സി.ടി.ഇ. കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി" എന്നുതന്നെ പറയേണ്ടതാണ് എന്നുള്ളതാണ് എന്റെ 277-ാം നമ്പർ ഭേദഗതി.

<u>ശ്രീ. എം. ഹംസ</u> : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

256. ഖണ്ഡം 5 (എ)യിൽ, "വിദ്യാഭ്യാസ ആസൂത്രണത്തിനും" എന്നതിനു ശേഷം "ഗവേഷണത്തിനും" എന്ന് ചേർക്കുക.
267. ഖണ്ഡം 5 (സി) യിൽ, " ഉറപ്പുവരുത്തുക" എന്നതിന് ശേഷം "ഫാക്കൽറ്റികളുടെ യോഗ്യത ഉറപ്പാക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

276. ഖണ്ഡം 5(ഡി)യിൽ, "വ്യാപിപ്പിക്കുകയും" എന്നതിനു ശേഷം

"പഠനം പൂർത്തിയായവർക്ക്- അവരുടെ സേവനം രാഷ്ട്രത്തിന് ലഭിക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുകയും" എന്ന് ചേർക്കുക.

295. ഖണ്ഡം 5 (ജി)-യിൽ, "പ്രോത്സാഹിപ്പിക്കുക" എന്നതിനു ശേഷം "ഈ മേഖലയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യുക" എന്ന് ചേർക്കുക.

302. ഖണ്ഡം 5 (എച്ച്)-ൽ, "നൽകുകയും" എന്നതിനു ശേഷം "അറിവ് ജനകീയമായ ഉപയോഗത്തിന്റെ മാതൃക സൃഷ്ടിക്കുകയും" എന്ന് ചേർക്കുക.

315. ഖണ്ഡം 5(എം)-ൽ "മെച്ചപ്പെടുത്തുകയും" എന്നതിനുശേഷം "അന്തർദേശീയ നിലവാരത്തിലുള്ള സർവ്വകലാശാലകളുമായി ബന്ധപ്പെടുത്തുകയും" എന്ന് ചേർക്കുക.

സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ എന്ന വിഷയത്തിൽ ഫാക്കൽറ്റികളുടെ യോഗ്യതകൂടി പരിശോധിക്കുക എന്നത് സർവ്വകലാശാലയുടെ ഉത്തരവാദിത്വമാകണം. ഇപ്പോൾ സ്വാശ്രയ കോളേജുകളുടെ ഫാക്കൽറ്റികൾ അവർ തീരുമാനിക്കും. അങ്ങനെവരുന്ന ഫാക്കൽറ്റികൾ യോഗ്യതയുള്ളതാണോ അല്ലയോ എന്ന് സർവ്വകലാശാല പരിശോധിക്കണം. അത് സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ വരണമെന്നതാണ് 267-ാമത്തെ ഭേദഗതി.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 5 (എ) താഴെപ്പറയും പ്രകാരം മാറ്റുക:-

“ (എ) ശാസ്ത്ര, സാങ്കേതിക ശാസ്ത്ര, എഞ്ചിനീയറിംഗ്, മാനവിക വിഷയങ്ങൾ, മറ്റ് അന്തർ വൈജ്ഞാനിക വിഷയങ്ങളിലും ബോധനം നല്കുകയും ഈ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും അങ്ങനെ ആർജ്ജിക്കുന്ന വൈജ്ഞാനിക പുരോഗതി സമൂഹത്തിനു ലഭ്യമാക്കുകയും ചെയ്യുക;.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

258. ഖണ്ഡം 5 (എ) താഴെപ്പറയും പ്രകാരം മാറ്റുക:-

“ (എ) സർക്കാരിനു സംസ്ഥാനത്തിന്റെ സാങ്കേതിക ശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക;.

312. ഖണ്ഡം 5 (കെ)- താഴെപ്പറയുംപ്രകാരം മാറ്റുക:-

“ (കെ) എഞ്ചിനീയറിംഗ് മേഖലയിൽ ഗവേഷണവും കണ്ടുപിടിത്തവും അതുവഴി വികസനവും ലക്ഷ്യമാക്കി ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കും ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുക;” .

സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ എന്നതിൽ (എ) "സംസ്ഥാനത്തിന്റെ സാങ്കേതിക ശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും നേതൃത്വം നല്കുക" എന്നതാണ്. ഇപ്പോൾ രൂപീകരിക്കാൻ പോകുന്ന യൂണിവേഴ്സിറ്റിയുടെ പ്രത്യേകതയെന്നു പറയുന്നത് 177

എഞ്ചിനീയറിംഗ് കോളേജുകളിൽ 137-ഉം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ്. ഇതിന്റെ മേധാവിത്വം ആരായിരിക്കുമെന്നതിനെ സംബന്ധിച്ച് യാതൊരു സംശയവുമില്ല. ഇത് യഥാർത്ഥത്തിൽ അക്കാദമിക് സമൂഹത്തിന് ലഭിക്കേണ്ട സ്വയംഭരണാവകാശം കേരളത്തിലെ ജാതി-മത ശക്തികളും അവരുടെ സംഘടനകളും കൈപ്പിടിയിലാക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നയരൂപീകരണം നടത്തുന്നത് സർക്കാർ ആയിരിക്കണം എന്നതാണ് എന്റെ 258-ാം നമ്പർ ഭേദഗതി.

<u>ശ്രീ. എം. ഉമ്മർ</u> : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 5 (ബി)യിൽ "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "എഞ്ചിനീയറിംഗ് ശാസ്ത്രം" എന്ന് ചേർക്കുക.

271. ഖണ്ഡം 5 (ഡി) യിൽ, "ശാസ്ത്രങ്ങളുടെയും" എന്ന വാക്കിനു പകരം "ശാസ്ത്രത്തിന്റെയും" എന്ന് ചേർക്കുക.

275. ഖണ്ഡം5(ഡി) യിൽ, "പുരോഗമിപ്പിക്കുകയും" എന്നവാക്കിനു പകരം "വളർത്തുകയും" എന്ന് ചേർക്കുക.

281. ഖണ്ഡം 5(ഇ)യിൽ, "മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക്" എന്നീ വാക്കുകൾക്ക് പകരം "മാനദണ്ഡങ്ങൾക്ക് " എന്ന് ചേർക്കുക.

284. ഖണ്ഡം 5(ഇ)യിൽ "പുരോഗതികളെ" എന്ന വാക്കിനുപകരം "പുരോഗതിയെ" എന്ന് ചേർക്കുക.

288. ഖണ്ഡം 5 (എഫ്)ൽ "ശാസ്ത്രങ്ങൾ" എന്നതിനുപകരം "ശാസ്ത്രം" എന്ന്

ചേർക്കുക.

289. ഖണ്ഡം 5 (എഫ്)ൽ "മറ്റ്" എന്ന വാക്ക് നീക്കം ചെയ്യുക.

290. ഖണ്ഡം 5 (എഫ്)ൽ "സ്ഥാപനങ്ങളുമായി" എന്നതിന് മുമ്പ് "മറ്റ്" എന്ന വാക്ക് ചേർക്കുക.

292. ഖണ്ഡം 5 (ജി)യിൽ "ശാസ്ത്രങ്ങൾ" എന്നതിനു പകരം "ശാസ്ത്രം" എന്ന് ചേർക്കുക.

296. ഖണ്ഡം 5 (എച്ച്)-ൽ, "ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

300. ഖണ്ഡം 5 (എച്ച്)-ൽ, "പ്രോത്സാഹിപ്പിക്കുകയും" എന്ന വാക്കിനു ശേഷം "സാങ്കേതിക മേഖലയിൽ"എന്ന് ചേർക്കുക.

305. ഖണ്ഡം 5 (ഐ)-യിൽ "കണ്ടുപിടിത്തത്തിന്റേയും" എന്ന വാക്ക് നീക്കം ചെയ്യുക.".

307. ഖണ്ഡം 5 (ഐ)-യിൽ "ശാസ്ത്രങ്ങളുമായി" എന്നതിനു പകരം "ശാസ്ത്രവുമായി" എന്ന് ചേർക്കുക.

309. ഖണ്ഡം 5 (ഐ)-യിൽ "യുക്തമായ" എന്ന വാക്ക് നീക്കം ചെയ്യുക.

318. ഖണ്ഡം 5(ഒ)-യിൽ, "ശാസ്ത്രങ്ങൾ" എന്ന വാക്കിനു പകരം "ശാസ്ത്രം" എന്ന് ചേർക്കുക.

ഖണ്ഡം 5 (ബി)-യിൽ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം എന്നാണ് പറഞ്ഞിരിക്കുന്നത്. എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ എന്നതിനുപകരം, സാങ്കേതിക ശാസ്ത്രം എന്നതുപോലെ എഞ്ചിനീയറിംഗ് ശാസ്ത്രം എന്നുമതി.

അതുപോലെ ശാസ്ത്രങ്ങൾ എന്നുപറയുന്നിടത്തൊക്കെ ശാസ്ത്രം എന്നുപറഞ്ഞാൽ മതിയെന്നതാണ് 260-ാം നമ്പർ ഭേദഗതി.

ഖണ്ഡം 5 (ഡി)യിൽ ശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളുടെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ "പുരോഗമിപ്പിക്കുകയും" എന്നുള്ളത് "വളർത്തുകയും" എന്നാക്കണം എന്നതാണ് 275-ാം നമ്പർ ഭേദഗതി.

ഖണ്ഡം 5 (എഫ്)- ൽ "മറ്റ് ദേശീയവും അന്തർദേശീയവും" എന്ന പ്രയോഗം തെറ്റാണ്. അത് "ദേശീയവും അന്തർദേശീയവുമായ മറ്റ് സ്ഥാപനങ്ങൾ" എന്നതാണ് കൂടുതൽ ശരി എന്നതാണ് 290-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 5 (ബി)യിൽ "മാനേജ്മെന്റ്" എന്ന വാക്ക് ഒഴിവാക്കുക.

282. ഖണ്ഡം 5(ഇ)യിൽ, " വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് " എന്നീ വാക്കുകൾ ഒഴിവാക്കുക.

293 ഖണ്ഡം 5 (ജി)യിൽ "മാനേജ്മെന്റ്" എന്ന വാക്ക് ഒഴിവാക്കുക.

282-ാം നമ്പർ ഭേദഗതി ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതി തന്നെയാണ്. 'വല്ലതുമുണ്ടെങ്കിൽ ' എന്നത് ഒരു നിയമത്തിൽ വരേണ്ട

വാക്കല്ല. അതുകൊണ്ട്' വല്ലതുമുണ്ടെങ്കിൽ അവയ്ക്ക്' എന്ന വാക്ക് ഡിലീറ്റ് ചെയ്യണം.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

262. 5 (ബി)യിൽ "എന്നിവയിലുള്ള" എന്ന വാക്കിനു പകരം "ഗണിതശാസ്ത്രം, ഭൗതിക ശാസ്ത്രം, രസതന്ത്രം എന്നിവയലിധിഷ്ഠിതമായ ശാസ്ത്ര പഠനങ്ങളിൽമേലുള്ള" എന്നീ വാക്കുകൾ കൂടി ചേർക്കുക.

265. ഖണ്ഡം 5 (സി) യിൽ, "അക്കാദമിക നിലവാരം" എന്നീ വാക്കുകൾക്ക് പകരം "അക്കാദമിക നിലവാരവും ഭൗതിക നിലവാരവും, അച്ചടക്ക നിലവാരവും" എന്നീ വാക്കുകൾ ചേർക്കുക.

269. ഖണ്ഡം 5 (ഡി) യിൽ, "എഞ്ചിനീയറിംഗ് ഗവേഷണം" എന്ന വാക്കിനുപകരം "സാങ്കേതിക ശാസ്ത്രമേഖലയിലെ എല്ലാ വിഭാഗങ്ങളെയും" എന്നീ വാക്കുകൾ ചേർക്കുക.

278. ഖണ്ഡം 5(ഇ)യിൽ, "നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ" എന്നീ വാക്കുകൾക്കു പകരം "നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ യഥാസമയം" എന്നീ വാക്കുകൾ ചേർക്കുക.

306. ഖണ്ഡം 5 (ഐ)-യിൽ "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുമായി" എന്നീ വാക്കുകൾക്കു പകരം "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നിവയുമായി " എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 5 (ഡി) യിൽ, "എഞ്ചിനീയറിംഗ് ഗവേഷണം" എന്ന വാക്കിനുപകരം "സാങ്കേതിക ശാസ്ത്രമേഖലയിലെ എല്ലാ വിഭാഗങ്ങളെയും" എന്നീ വാക്കുകൾ

ചേർക്കേണ്ടതുണ്ട്. അതുപോലെതന്നെ 2 ഖണ്ഡം 5(ഇ)യിൽ "നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ" എന്നീ വാക്കുകൾക്കു പകരം "നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ യഥാസമയം" എന്നാക്കി മാറ്റണം എന്നിവയാണ് എന്റെ ഭേദഗതി.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

263. ഖണ്ഡം 5 (ബി)-യിൽ, “ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക" എന്നീ വാക്കുകൾക്ക് പകരം "അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കരണം നടപ്പിലാക്കുക" എന്നീ വാക്കുകൾ ചേർക്കുക.

268. ഖണ്ഡം 5 (സി) താഴെപ്പറയും പ്രകാരം മാറ്റുക:

“ (സി) സർവ്വകലാശാലയ്ക്ക് കീഴിലുള്ളതും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അക്കാദമിക നിലവാരം ഉറപ്പുവരുത്തുക;"

273. ഖണ്ഡം 5 (ഡി) യിൽ, “ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുടെയും" എന്നീ വാക്കുകൾക്കുശേഷം "സാങ്കേതിക ശാസ്ത്രങ്ങളുടെയും മാനേജ്മെന്റ് രംഗത്തെയും" എന്നീ വാക്കുകൾ ചേർക്കുക.

287. ഖണ്ഡം 5 ( ഇ) താഴെപ്പറയും പ്രകാരം മാറ്റുക:-

"(ഇ) കലാകാലങ്ങളിൽ എ.ഐ.സി.ടി.ഇ-യോ അധികാരപ്പെട്ട സ്ഥാപനങ്ങളോ നൽകിവരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക;"

297. ഖണ്ഡം 5 (എച്ച്)-ൽ, "ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "അതിവേഗം

വികസിക്കുകയും മാറുകയും ചെയ്തുകൊണ്ടിരിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

308. ഖണ്ഡം 5 (ഐ)-യിൽ "വിദ്യാഭ്യാസപരമായ" എന്ന വാക്കിനു പകരം "വിദ്യാഭ്യാസ" എന്ന വാക്ക് ചേർക്കുക.

311. ഖണ്ഡം 5 (കെ)-യിൽ "ഗവേഷണ പരിപാടികൾക്കുമുള്ള എൻറോൾമെന്റ് ഗണ്യമായി വർദ്ധിപ്പിക്കുക" എന്നീ വാക്കുകൾക്കു പകരം "ഗവേഷണ പരിപാടികൾക്ക് കൂടുതൽ വിദ്യാർത്ഥികളെ ചേർക്കുന്ന തരത്തിൽ അക്കാദമിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക" എന്നീ വാക്കുകൾ ചേർക്കുക.

314. ഖണ്ഡം 5(എം)-ൽ "പഠന വൈദഗ്ധ്യം മെച്ചപ്പെടുത്തുക" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "പഠന വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സംഗതികൾ ചെയ്യുക" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

316. ഖണ്ഡം 5(എൻ)-ൽ "സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നൂതന രീതിയിലുള്ള ചിട്ടയായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ" എന്നീ വാക്കുകൾക്കു പകരം "സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നൂതന രീതിയിലുള്ള ചിട്ടയായ പദ്ധതികൾ" എന്നീ വാക്കുകൾ ചേർക്കുക.

327. ഖണ്ഡം 5(പി) -യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:-

" (ക്യൂ) സംസ്ഥാനത്ത് കാലഹരണപ്പെട്ട എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രങ്ങൾ, മാനേജ്മെന്റ് രീതികൾ എന്നിവ ഉപയോഗിക്കുന്ന മേഖലകളെ നൂതനമായതിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനാവശ്യമായ സഹായം ചെയ്യുക;

(ആർ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയിലെ സാങ്കേതിക

ജീവനക്കാർക്ക് എഞ്ചിനീയറിംഗ്ശാസ്ത്രം, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ പരിശീലനമോ മാർഗ്ഗനിർദ്ദേശങ്ങളോ ആവശ്യമെങ്കിൽ നൽകുക"

ഖണ്ഡം 5 (സി)-യിൽ "സർവ്വകലാശാലയ്ക്ക് കീഴിലുള്ളതും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അക്കാദമിക നിലവാരം ഉറപ്പുവരുത്തുക" എന്ന് ചേർക്കണം എന്നതാണ് 268-ാം നമ്പർ ഭേദഗതി. ഈ ആക്ടിൽ പറഞ്ഞിട്ടുള്ളത് "സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ" എന്നുമാത്രമാണ്. സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളുമുണ്ടാവും. അതുകൊണ്ട് ഞാൻ നേരത്തെ വായിച്ചതുപോലെ "സർവ്വകലാശാലയ്ക്ക് കീഴിലുള്ളതും" എന്ന രീതിയിൽ മാറ്റം വരുത്തണം. ഇവിടെ മറ്റ് അംഗങ്ങൾ അവതരിപ്പിച്ചതുപോലെ ഖണ്ഡം 5(ഇ)-ൽ "വല്ലതുമുണ്ടെങ്കിൽ" എന്നതിനുപകരം "കലാകാലങ്ങളിൽ എ.ഐ.സി.ടി.ഇ-യോ അധികാരപ്പെട്ട സ്ഥാപനങ്ങളോ നൽകിവരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക" എന്നാക്കി മാറ്റണം എന്നുള്ളതാണ് 287-ാം നമ്പർ ഭേദഗതി.

ഖണ്ഡം 5(എൻ)-ൽ "സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നൂതന രീതിയിലുള്ള ചിട്ടയായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ" എന്നാണ് പറഞ്ഞിട്ടുള്ളത്. ഗുണനിലവാരത്തിനല്ല ചിട്ട എന്ന വാക്ക് ചേർക്കേണ്ടത്. "ചിട്ടയായ

ഗുണനിലവാരം" എന്നതിനുപകരം "സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നൂതന രീതിയിലുള്ള ചിട്ടയായ പദ്ധതികൾ" എന്നാണ് വേണ്ടത്. അതാണ് എന്റെ 316-ാം ഭേദഗതി. ഖണ്ഡം 5(പി) ലക്ഷ്യങ്ങൾ വിശദമാക്കുന്ന വകുപ്പാണ്. ഈ സർവ്വകലാശാലകൊണ്ട് സംസ്ഥാന ഗവൺമെന്റിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ചില ഗുണങ്ങൾ കിട്ടേണ്ടതുണ്ട്. അതിനാൽ ഖണ്ഡം 5 (പി) യ്ക്കുശേഷം അവസാനമായി ഇനി പറയുന്നവ കൂടി ചേർക്കണമെന്നതാണ് 327-ാം നമ്പർ ഭേദഗതി - "(ക്യൂ) സംസ്ഥാനത്ത് കാലഹരണപ്പെട്ട എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രങ്ങൾ, മാനേജ്മെന്റ് രീതികൾ എന്നിവ ഉപയോഗിക്കുന്ന മേഖലകളെ നൂതനമായതിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനാവശ്യമായ സഹായം ചെയ്യുക;

(ആർ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയിലെ സാങ്കേതിക ജീവനക്കാർക്ക് എഞ്ചിനീയറിംഗ്ശാസ്ത്രം, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ പരിശീലനമോ മാർഗ്ഗനിർദ്ദേശങ്ങളോ ആവശ്യമെങ്കിൽ നൽകുക". ഈ രണ്ട് സംഗതികൾകൂടി ലക്ഷ്യങ്ങളിൽ ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

264. ഖണ്ഡം 5 (സി) യിൽ, " കോളേജുകളുടെയും" എന്ന വാക്കിന് ശേഷം "സ്ഥാപനങ്ങളുടെയും" എന്ന വാക്ക് ചേർക്കുക.

301. ഖണ്ഡം 5 (എച്ച്)-ൽ, "അറിവ് വർദ്ധിപ്പിക്കുന്നതിന്" എന്നതിനു പകരം "അറിവ് വർദ്ധിപ്പിക്കുന്നതിനും അറിവിന്റെ ഉല്പാദനം സാദ്ധ്യമാക്കുന്ന തിനും" എന്ന് ചേർക്കുക.

313. ഖണ്ഡം 5 (എൽ) " പ്രത്യേക പ്രതിപാദ്യമേഖലകളിൽ മൾട്ടി ഡിസിപ്ലിനറി അപ്ലൈഡ് ഗവേഷണത്തിനായി" എന്നതിനുശേഷം അന്തർ വിജ്ഞാനീയ പഠന പ്രവർത്തനങ്ങൾക്കും" എന്ന് ചേർക്കുക.

ഖണ്ഡം 5 (സി)-യിൽ 'കോളേജുകളുടെയും' എന്ന വാക്കിനുശേഷം 'സ്ഥാപനങ്ങളുടെയും' എന്ന വാക്ക് ചേർക്കണം. കാരണം യൂണിവേഴ്സിറ്റി അഫിലിയേറ്റ് ചെയ്യുന്നതിൽ സ്ഥാപനമെന്ന് പ്രത്യേകമായി സൂചിപ്പിക്കുന്നുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഖണ്ഡം 5 (ഇ) യിൽ 'എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അനുസൃതമായി പുരോഗതികൾ അടിസ്ഥാനമാക്കി പുതിയ കോഴ്സുകളും പാഠ്യ പദ്ധതികളും രൂപപ്പെടുത്തുക' എന്ന് പറഞ്ഞിരിക്കുന്നതിൽ 'വല്ലതുമുണ്ടെങ്കിൽ അവയ്ക്ക്' എന്നത് ഡിലീറ്റ് ചെയ്യണം.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 5 (സി) യിൽ, " ഉറപ്പുവരുത്തുക" എന്ന വാക്കിന് പകരം "നിർബന്ധമായും ഉറപ്പ് വരുത്തുകയും ഗവേഷണത്തിന് പ്രാമുഖ്യം നല്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

285. ഖണ്ഡം 5 (ഇ)യിൽ "പുരോഗതികളെ അടിസ്ഥാനമാക്കി" എന്നതിനു പകരം "കാലത്തിന്റെ ആവശ്യകത കണക്കിലെടുത്ത്" എന്ന് ചേർക്കുക.

'പുരോഗതികളെ അടിസ്ഥാനമാക്കി' എന്നതിനെക്കാൾ യോജിക്കുന്നത് 'കാലത്തിന്റെ ആവശ്യകത കണക്കിലെടുത്ത്' എന്ന വാചകം ചേർക്കണമെന്നതാണ് 285-ാം നമ്പർ ഭേദഗതി.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

298. ഖണ്ഡം 5 (എച്ച്)-ൽ, "സമൂഹത്തിൽ" എന്ന വാക്കിനുശേഷം "എഞ്ചിനീയറിംഗ് സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നിവയിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

299. ഖണ്ഡം 5 (എച്ച്)-ൽ, "അറിവ് ആർജ്ജിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അറിവ് വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായി" എന്നതിനു

പകരം "നൂതനവും, അനുയോജ്യവുമായ അറിവുകൾ ആർജ്ജിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അവ വർദ്ധിപ്പിക്കുന്നതിന് തുടർ" എന്ന് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 5 (എച്ച്)-ൽ, "അവസരങ്ങൾ നൽകുകയും" എന്നതിനുശേഷം "സമൂഹബന്ധമായ പ്രശ്നങ്ങളിൽ പഠനം നടത്തി ആവശ്യമായ ശാസ്ത്രസാങ്കേതിക ഇടപെടൽ കൂടി നടത്തുകയും" എന്ന് ചേർക്കുക.

'ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിനും പ്രോത്സാഹിപ്പിക്കുകയും അറിവ് വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായി അവസരം നൽകുകയും' എന്നതിന് ശേഷം 'സമൂഹബന്ധമായ പ്രശ്നങ്ങളിൽ പഠനം നടത്തി ആവശ്യമായ ശാസ്ത്ര സാങ്കേതിക ഇടപെടൽകൂടി നടത്തുകയും' എന്നു ചേർക്കണമെന്നതാണ് 303-ാം നമ്പർ ഭേദഗതി.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

319. ഖണ്ഡം 5(പി)-ക്ക് ശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

"(ക്യൂ) അദ്ധ്യാപനത്തിനും ഗവേഷണത്തിനുമുള്ള പ്രസക്തമായ ആധുനിക വികാസ പരിണാമങ്ങൾക്കൊപ്പം എത്തുന്നതിന് ഇന്ത്യയിലും വിദേശത്തുമുള്ള പ്രസിദ്ധമായ മറ്റ് സ്ഥാപനങ്ങളുമായി വിനിമയ പരിപാടികൾ സംഘടിപ്പിക്കണം".

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

320. ഖണ്ഡം 5(പി)-യ്ക്കു ശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

"(ക്യൂ) എൻജിനീയറിംഗ് ശാസ്ത്രങ്ങൾ, മാനേജ്മെന്റ് എന്നീ മേഖല കളിലെ വൈദഗ്ധ്യം സമൂഹ മധ്യത്തിലേക്കെത്തിക്കാനും അതുവഴി വിദ്യാർത്ഥികളെ സാമൂഹ്യപ്രതിബദ്ധതയുള്ളവരാക്കി മാറ്റാനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക".

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

323. ഖണ്ഡം 5(പി)-ക്ക് ശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

"(ക്യൂ) സമൂഹത്തിന്റെ മാറി വരുന്ന ആവശ്യങ്ങൾക്കായി വൈവിദ്ധ്യ മേറിയതും അഗാധമായ വിശേഷ ജ്ഞാന സമ്പാദനത്തിന് ഊന്നൽ കൊടുത്ത് കൊണ്ട് സാങ്കേതിക ശാസ്ത്രം മാനേജ്മെന്റ് എന്നിവയിൽ വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക".

ശ്രീ. വി. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

326. ഖണ്ഡം 5(പി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:-

" (ക്യൂ) പ്രാദേശികവും പരമ്പരാഗതവുമായ വ്യവസായങ്ങളുടെ ആധുനിക വത്ക്കരണത്തിനും വൈവിധ്യവത്ക്കരണത്തിനും അനുയോജ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ ങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുക".

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

328. ഖണ്ഡം 5(പി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക

" (ക്യൂ) എഞ്ചിനീയറിംഗ് കോളേജുകളുടെ പഠനനിലവാരം സമയാസമയം മോണിറ്റർ ചെയ്യുക, തുടർച്ചയായി നിലവാരം കാത്തുസൂക്ഷിക്കാത്ത കോളേജുകളുടെ അംഗീകാരം റദ്ദാക്കുക;

(ആർ) ശാസ്ത്രപഠനങ്ങൾക്കും, ഗവേഷണപ്രവർത്തനങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധസൗകര്യങ്ങളും അധ്യാപകരും, നിർദ്ദിഷ്ട ഫാക്കൽറ്റികളും കോളേജുകളിൽ ലഭ്യമാണോ എന്ന് എല്ലാ വർഷവും പരിശോധിക്കുക".

സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഇന്നത്തെ സാഹചര്യവും അനുഭവവും വച്ചുനോക്കുമ്പോൾ പഠന നിലവാരം സമയാസമയം മോണിറ്റർ ചെയ്തിട്ടില്ലെങ്കിൽ വലിയ അബദ്ധത്തിലേക്ക് പോകുന്ന അനുഭവമാണ് ഉള്ളത്. അതുകൊണ്ട് ഖണ്ഡം 5 (പി) യ്ക്കുശേഷം രണ്ട് ഇനങ്ങൾകൂടി ചേർക്കണമെന്നാണ് 328-ാം നമ്പർ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 260, 288, 292, 318 എന്നീ ഭേദഗതികളും ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 277- ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ

സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 260, 288, 292, 318 എന്നീ ഭേദഗതികളും ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 277- ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 254, 270, 272 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 255, 291, 325 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 256, 267, 276, 295, 302, 315 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 258, 312 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 271, 275, 281, 284, 289, 290, 296, 300,

305, 307, 309, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 261, 282, 293 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 262, 265, 269, 278, 306 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 263, 268, 273, 287, 297, 308, 311, 314, 316, 327 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 301, 313 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

330. ഖണ്ഡം 6(1)ൽ " വ്യവസ്ഥകൾക്ക് വിധേയമായി" എന്നീ വാക്കുകൾക്ക് ശേഷം "അതതു സമയങ്ങളിൽ നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചു കൊണ്ടും സുതാര്യമായും " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

331. ഖണ്ഡം 6(1)ൽ, "ആളുകൾക്കും" എന്ന വാക്കിനു പകരം" വിദേശികൾക്കും" എന്ന വാക്ക് ചേർക്കുക.

339. ഖണ്ഡം 6(2)ൽ, "സീറ്റുകൾ" എന്ന വാക്കിനു മുൻപ് "നിയമാനുസൃതമായ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6(1)ൽ പറയുന്നത് 'മാനദണ്ഡങ്ങൾ പാലിക്കുന്ന ഇന്ത്യൻ വംശജരായ

ആളുകൾക്കും വിദേശ പൗരൻമാർക്കും' എന്നാണ്. അതിൽ 'വംശജരായ ആളുകൾ' എന്നു പറയുന്നത് ശരിയല്ല 'ഇന്ത്യൻ വംശജരായ വിദേശികൾക്കും വിദേശ പൗരൻമാർക്കും' എന്നാക്കണം എന്നുള്ളതാണ് 331-ാം നമ്പർ ഭേദഗതി. വിദേശ വംശജരായ ആളുകൾ എന്ന പ്രയോഗം ശരിയല്ല. അതുപോലെ തന്നെ ഖണ്ഡം 6 (2)ൽ, 'കോളേജുകളിൽ സീറ്റ് സംവരണം ചെയ്യേണ്ടതാണെന്ന് പറയുന്നു. അത് 'നിയമാനുസൃതമായ സീറ്റുകൾ' എന്നാക്കണം എന്നുള്ളതാണ് 339-ാം നമ്പർ ഭേദഗതി.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 6(1) ൽ "സർവ്വകലാശാലയിൽ" എന്ന വാക്കിനു പകരം "സർവ്വകലാശാലയുടെ വിവിധ കോഴ്സുകളിൽ" എന്നീ വാക്കുകൾ ചേർക്കുക.

"സർവ്വകലാശാലയിലേക്കുള്ള പ്രവേശനം ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അതാത് സമയങ്ങളിൽ നിലവിലുള്ള സംവരണ തത്വം പാലിച്ചുകൊണ്ട് എല്ലാ ഭാരതപൗരൻമാർക്കും തത്സമയം നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾക്കു വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന ഇന്ത്യൻ വംശജരായ ആളുകൾക്കും

വിദേശ പൗരൻമാർക്കും സർവ്വകലാശാലയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതാണ്" എന്നാണ് ഖണ്ഡം 6(1) ൽ പറയുന്നത്. വിവിധ കോഴ്സുകളുടെ പഠനത്തിനാണ് സർവ്വകലാശാലയിൽ പ്രവേശിക്കുന്നത്. അതുകൊണ്ട് 'വിദേശ പൗരൻമാർക്കും വിവിധ കോഴ്സുകൾക്ക് സർവ്വകലാശാലയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതാണ് എന്നാക്കണം. അല്ലെങ്കിൽ കേവലം എൻട്രിയാകും.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 6(1)ന്റെ ക്ലിപ്തനിബന്ധനയിൽ "ജീവനക്കാരുടെയോ" എന്ന വാക്കിനു ശേഷം "വ്യവസ്ഥാപിത" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6(1)-ൽ സർവ്വകലാശാലയിലേയ്ക്കുള്ള പ്രവേശനത്തിൽ പറയുന്നത് 'ഏറ്റവും കുറഞ്ഞ നിലവാരത്തെക്കാൾ താഴ്ന്ന അക്കാദമിക് റിക്കാർഡുകളുള്ളതോ മറ്റ് വിദ്യാർത്ഥികളുടെയോ ജീവനക്കാരുടെയോ അവകാശങ്ങൾക്കോ പ്രത്യേക അവകാശങ്ങൾക്കോ ഹാനിയുണ്ടാക്കുന്ന തരത്തിലുള്ള വ്യക്തിപരമായ പെരുമാറ്റമുള്ള ഒരാളെ സർവ്വകലാശാലയുടെ പ്രവേശന പട്ടികയിൽ നിലനിർത്തുന്നതിന് എന്ന് പറയുന്നിടത്ത് അവകാശം എന്നു പറയുന്നത് സ്വയംനിർണ്ണയിക്കുന്ന അവകാശമാകരുത്, സ്വയം നിർണ്ണയിക്കുന്ന പ്രത്യേക അവകാശമാകരുത്. അതുകൊണ്ട് 'അവകാശങ്ങൾക്കോ' എന്നു പറയുന്നതിന് മുൻപ് 'വ്യവസ്ഥാപിതമായ'

എന്നുകൂടി ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

335. ഖണ്ഡം 6(1)ന്റെ ക്ലിപ്തനിബന്ധനയിലെ "മറ്റ് വിദ്യാർത്ഥികളുടെയോ ജീവനക്കാരുടെയോ അവകാശങ്ങൾക്കോ പ്രത്യേകാവകാശങ്ങൾക്കോ ഹാനിയുണ്ടാക്കുന്ന തരത്തിലുള്ള വ്യക്തിപരമായ പെരുമാറ്റമുള്ളതോ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336 ഖണ്ഡം 6(1)ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:-

"എന്നാൽ, സാങ്കേതിക ശാസ്ത്രസംബന്ധമായ നയരൂപീകരണവും സാങ്കേതിക വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രവേശന പരീക്ഷ എഴുതിയ ഏതൊരു വിദ്യാർത്ഥിക്കും നെഗറ്റീവ് മാർക്ക് ലഭിക്കുന്നുവെങ്കിൽപ്പോലും പ്രവേശനം ലഭിക്കുന്ന നിലവിലുള്ള സാഹചര്യം ഒഴിവാക്കുവാനും സാങ്കേതിക മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും സർക്കാരിന് കാലാകാലങ്ങളിൽ വേണ്ട നിർദ്ദേശം സർവ്വകലാശാലയ്ക്ക് നൽകാവുന്നതുമാണ്."

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 6(2)ൽ "പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും" എന്നീ വാക്കുകൾക്കുശേഷം "അംഗപരിമിതർക്കും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6(2)ൽ "പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും" എന്നിങ്ങനെ കുറേ വിഭാഗങ്ങൾ പ്രവേശനത്തിൽ പറഞ്ഞിട്ടുണ്ട്. അതിൽ "പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും" എന്നീ വാക്കുകൾക്കുശേഷം "അംഗപരിമിതർക്കും" എന്ന വാക്ക് ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

341. ഖണ്ഡം 6 (2)ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയുംപ്രകാരം മാറ്റുക:-

> "എന്നാൽ, മേൽ പരാമർശിച്ച സംവരണ സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് സർക്കാർ അതത് സമയങ്ങളിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്"

എന്റെ ഭേദഗതി, ഖണ്ഡം 6 (2)-ൽ എന്നാൽ, മേൽ പരാമർശിച്ച സംവരണ സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് സർക്കാർ അതത് സമയങ്ങളിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്" എന്നാക്കി മാറ്റണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 331, 339 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

342. ഖണ്ഡം 7 (1)ൽ, "സർവ്വകലാശാല നിയമനങ്ങൾ നടത്തേണ്ടതാണ്" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാലയ്ക്ക് നേരിട്ട് നിയമനങ്ങൾ നടത്താവുന്നതാണ് " എന്നീ വാക്കുകൾ ചേർക്കുക.

347. ഖണ്ഡം 7 (2) ൽ, "തുടരേണ്ടതുമാണ്" എന്ന വാക്കിനു പകരം "പാലിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 7 (1)ൽ 'സർവ്വകലാശാല നിയമനങ്ങൾ നടത്തേണ്ടതാണ് എന്ന് ഡയറക്ഷൻ കൊടുക്കാൻ സാധിക്കില്ല അതിനുപകരം 'സർവ്വകലാശാലയ്ക്ക് നേരിട്ട് നിയമനങ്ങൾ നടത്താവുന്നതാണ് എന്നാണ് ചേർക്കേണ്ടത് എന്നതാണ് 342-ാം നമ്പർ ഭേദഗതി.

347-ാം നമ്പർ ഭേദഗതി 'സമുദായ ക്രമങ്ങൾ തുടരേണ്ടതാണ് എന്നതിനു പകരം 'പാലിക്കേണ്ടതാണ് എന്നുചേർക്കണം എന്നുള്ളതാണ്. തുടരുക എന്നുപറഞ്ഞാൽ, പുതിയ യൂണിവേഴ്സിറ്റിയാകുമ്പോൾ തുടരാൻ പറയുന്നതിൽ അർത്ഥമില്ല, 'പാലിക്കേണ്ടതാണ് എന്ന് ചേർക്കണം.

ശ്രീമതി കെ. എസ്. സലീഖ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

344. ഖണ്ഡം 7 (1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1)ഈ ആക്ടിലെയും അതിൻകീഴിലെ സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും വിധേയമായി സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക മറ്റ് തസ്തികകളി ലേയ്ക്കുള്ള എല്ലാ ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനുവേണ്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതല ആയിരിക്കുന്നതാണ്. "

348. ഖണ്ഡം 7 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) സർവ്വകലാശാല, കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി സർവ്വകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകർ ഉൾപ്പടെയുള്ള എല്ലാ ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേയ്ക്കുള്ള അനുയോജ്യത സംബന്ധിച്ച്, കൂടി ആലോചിക്കുന്നതും, അപ്രകാരം റഫർ ചെയ്യുന്ന യാതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതല ആയിരിക്കേണ്ടതു മാണ്."

344-ാം നമ്പർ ഭേദഗതി അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. മറ്റ് തസ്തികകളിലേയ്ക്കുള്ള എല്ലാ ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനു വേണ്ടി റാങ്ക്

ലിസ്റ്റ് തയ്യാറാക്കുന്നത് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതല ആയിരിക്കുന്നതാണ് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ബെന്നി ബെഹനാൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

346. ഖണ്ഡം 7 (2) ൽ "സാമുദായിക ക്രമം" എന്നീ വാക്കുകൾക്കു പകരം "സംവരണ ക്രമം" എന്നീ വാക്കുകൾ ചേർക്കുക.

349. ഖണ്ഡം 7ൽ ഉപഖണ്ഡം (3), (4) എന്നിവ ഒഴിവാക്കി പകരം താഴെപ്പറയുന്നത് ഉപഖണ്ഡം (3) ആയി ചേർക്കുക.

"(3) അനദ്ധ്യാപക തസ്തികകൾ നിലവിലുള്ള സർവ്വകലാശാല പാറ്റേണിൽ സൃഷ്ടിക്കേണ്ടതും പ്രസ്തുത തസ്തികകളിൽ പ്രസ്തുത നിയമം പ്രാബല്യമാകുന്നത് മുതൽ നാല് വർഷത്തേയ്ക്ക് സൃഷ്ടിക്കുന്ന അനദ്ധ്യാപക തസ്തികകളിൽ കേരളത്തിലെ ഇതര സർവ്വകലാ ശാലകളിലെ നിലവിലുള്ള അനദ്ധ്യാപക ജീവനക്കാരെ ഓപ്ഷനിലൂടെ നിയമിക്കേണ്ടതുമാണ്".

സാമുദായിക ക്രമം എന്ന വാക്കു മാറ്റി സംവരണ ക്രമം ആക്കണം എന്നതാണ് എന്റെ 346 -ാം നമ്പർ ഭേദഗതി. സാമുദായിക ക്രമം എന്നത് എനിക്ക് മനസ്സിലാകുന്നില്ല, അങ്ങനെയാണെങ്കിൽ അതിൽ ജാതിയൊക്കെ വരും.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 7(4) താഴെപ്പറയും പ്രകാരം മാറ്റുക.

"(4) സംസ്ഥാനത്തെ സർക്കാർ സർവ്വീസിലെ ജീവനക്കാർക്കും ഇതര സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും സർവ്വകലാശാലയിലെ സമാന തസ്തികകളിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകാവുന്നതാണ്".

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശന്റെ 350-ാം നമ്പർ ഭേദഗതി 349-ന സമാനമായതിനാൽ മൂവ് ചെയ്യേണ്ടതില്ല, സംസാരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രധാനപ്പെട്ട തസ്തികകളെക്കുറിച്ച് മാത്രമേ ഈ ആക്ടിൽ പറഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതെങ്ങനെയെന്ന് ആക്ടിൽ ഒരു സ്ഥലത്തും പറഞ്ഞിട്ടില്ല, എവിടെയെങ്കിലും പറയണം. സ്റ്റാറ്റ്യൂട്ടിലല്ല, ആക്ടിൽ തന്നെ പറയണം. ഒന്നുകിൽ മറ്റുള്ള സർവ്വകലാശാലകളിലെ പാറ്റേൺ അനുസരിച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്യണം. അല്ലെങ്കിൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയുള്ള ആവശ്യമില്ലാത്ത തസ്തികകൾ ക്രിയേറ്റ് ചെയ്യുന്ന തരത്തിലേയ്ക്ക് വരും. അപ്പോൾ അതിന് നിയന്ത്രണം ആക്ടിൽ തന്നെയുണ്ടാകണം.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ 345-ാം നമ്പർ ഭേദഗതി 344-ന സമാനമായതിനാൽ മൂവ് ചെയ്യേണ്ടതില്ല, സംസാരിക്കാം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട

തില്ലാത്ത തസ്തികകളിലേയ്ക്ക് സർവ്വകലാശാല നിയമനങ്ങൾ നടത്തേണ്ടതാണെന്നാണ് പറയുന്നത്. പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടതില്ലെന്ന് ഏത് നിലയിലാണ് തീരുമാനിക്കുക? സർവ്വകലാശാലയിലെ നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചാൽ രണ്ട് രീതിയിലുള്ള നിയമനത്തിന്റെ രീതിയെന്താണ്? എന്താണ് അതിന്റെ മാനദണ്ഡം. അപ്പോൾ എല്ലാ നിയമനങ്ങളും പി.എസ്.സി. ക്ക് വിടണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 342, 347 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 344, 348 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 346, 349 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം 7 ന് ശേഷം താഴെ പറയുന്ന പുതിയ ഖണ്ഡം ചേർക്കുക.
"7 എ. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ അന്തർ സർവ്വകലാശാല സ്ഥലം മാറ്റം- തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്റ്റിലോ, ഓർഡിനൻസുകളിലോ, സ്റ്റാറ്റ്യൂട്ടുകളിലോ, റഗുലേഷനുകളിലോ, ചട്ടങ്ങളിലോ, ഉത്തരവുകളിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ അധികാര പരിധിക്ക് കീഴിലും കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാ ശാല സ്ഥാപിതമാക്കുന്നത് വഴി ബാധിക്കപ്പെടാവുന്ന ഈ ആക്റ്റിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സർവ്വകലാശാലകളിലെ അധികാര പരിധിക്ക് കീഴിലുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലം മാറ്റം താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരമായിരിക്കുന്നതാണ്. അതായത്:-

(എ) മൂന്ന് വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരുടെ രേഖാമൂലമുള്ള അപേക്ഷയിൻമേൽ മാത്രം സ്ഥലം മാറ്റം നടത്തേണ്ടതാണ്.

(ബി) ജീവനക്കാരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം

സ്ഥലം മാറ്റം നടത്തേണ്ടതാണ്.

(സി) സർവ്വകലാശാലയുടെ കീഴിൽ ഒഴിവ് ഉണ്ടാകുമ്പോഴെല്ലാം ആ ഒഴിവിലേക്ക് ജീവനക്കാരുടെ ഓപ്ഷൻ വാങ്ങേണ്ടതും അതനുസരിച്ച് മാത്രം സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

(ഡി) ജീവനക്കാരന്റെ സേവന കാലയളവിൽ ഒരു പ്രാവശ്യം മാത്രമേ ഓപ്ഷനും സ്ഥലം മാറ്റവും അനുവദിക്കുവാൻ പാടുള്ളൂ.

(ഇ) നിലവിൽ ജീവനക്കാരൻ അനുഭവിച്ച് വരുന്ന എല്ലാ സേവന വേതന ആനുകൂല്യങ്ങളോടും കൂടി അവരെ സ്ഥലം മാറ്റത്തിന് പരിഗണിക്കേണ്ടതാണ്.

(എഫ്) ഈ വകുപ്പ് പ്രകാരം സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാരനെ സർവ്വകലാശാലയിലെ ഏറ്റവും ജൂനിയറായി കണക്കാക്കേണ്ട താണ്.''

ഈ സർവ്വകലാശാല ആക്ട് പ്രാബല്യത്തിൽ വരുമ്പോൾ മറ്റ് സർവ്വകലാശാലകളെ കൂടി ബാധിക്കും. മറ്റ് സർവ്വകലാശാലകളിൽ നിന്നും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ഇങ്ങോട്ട് സ്ഥലം മാറ്റം വരുമ്പോൾ പരാതികൾ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പാണ് ഞാൻ പറയുന്നത്. എം.ജി. സർവ്വകലാശാല വന്നപ്പോൾ ആ സർവ്വകലാശാലയിലേയ്ക്ക് മാറി വന്നയാളുകൾക്ക് പരാതികൾ ഇല്ലാതാക്കുന്നതിനുള്ള വകുപ്പുകളുണ്ടായിരുന്നു. അതുപോലൊരു വകുപ്പ് ഇതിൽ എഴുതി ചേർക്കണം. മറ്റ് സർവ്വകലാശാലകളിലുള്ള സമാനമായ ഒരു വ്യവസ്ഥ പരാതി ഒഴിവാക്കാൻ വേണ്ടി ഇതിൽ എഴുതിച്ചേർക്കണം

എന്നതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഏഴാം വകുപ്പിൽ ഇനം 5 ആയി മാറ്റങ്ങളോടെ അംഗീകരിക്കുന്നു. ഏഴാം വകുപ്പിന്റെ 4-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്.

"5. തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ അധികാര പരിധിക്ക് കീഴിൽ വരുന്നതും പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതുവഴി ബാധിക്കപ്പെടാവുന്നതുമായ ഈ ആക്റ്റിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സർവ്വകലാശാലകളുടെ കീഴിലുള്ള നിലവിലുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരെ ഓപ്ഷനിലൂടെ സർവ്വകലാശാല യിൽ നിയമിക്കാവുന്നതും അങ്ങനെയുള്ള നിയമനവും സ്ഥലം മാറ്റവും ഇതു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിന് നിശ്ചയിക്കാവുന്നതുമാണ്." ഞാൻ വായിച്ച ഭാഗം കൂടി ചേർത്ത് അംഗീകരിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഏഴാം വകുപ്പ് ഇവിടെ ക്ലോസ് ചെയ്തു. ഒന്നുകിൽ 7(a) എന്ന പുതിയ വകുപ്പായി ചേർക്കണം. ഏഴിന്റെ ഭാഗമായി

ചേർക്കാൻ സാധിക്കില്ല. ഏഴാം വകുപ്പ് ക്ലോസ് ചെയ്തു.

മി. സ്പീക്കർ: പാസ്സാക്കിയ വകുപ്പാണെങ്കിലും അങ്ങ് ആവശ്യപ്പെട്ടാൽ റീ-ഓപ്പൺ ചെയ്യാം. ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി ഏത് വകുപ്പിന്റെ ഭാഗമായി ചേർക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഏഴാം വകുപ്പിനുശേഷമുള്ള 7(a) എന്ന പുതിയ വകുപ്പിലാണ്. ശ്രീ. ബെന്നി ബെഹനാന്റെ ഭേദഗതിയിൽ ഞാൻ കൂട്ടിച്ചേർത്ത ഭാഗം കൂടി ചേർത്ത് അംഗീകരിക്കാം.

മി. സ്പീക്കർ: ഏഴാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പിനെ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ഏഴാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

356. ഖണ്ഡം 8-ന്റെ മാർജിനൽ ശീർഷകത്തിൽ "അധികാരങ്ങളും" എന്ന വാക്കിനുപകരം "ഉത്തരവാദിത്തങ്ങളും" എന്ന വാക്ക് ചേർക്കുക.

424. ഖണ്ഡം 8 " (xxiv)ൽ, (i) "സർവ്വകലാശാലയുടെ വകയായ" എന്നതിനു പകരം "അവ" എന്നു ചേർക്കുക.

(ii) "ഏകാംഗീകൃത നികായത്തിന് ആനുഷംഗികമോ" എന്നതിനുപകരം "ഏകയോഗമാക്കപ്പെട്ട സ്ഥാപനം ചെയ്യേണ്ട മറ്റെല്ലാ അനുബന്ധ പ്രവൃത്തികളും നിർവ്വഹിക്കുക "എന്ന് ചേർക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

357. ഖണ്ഡം 8(i)-ൽ, "സാങ്കേതികശാസ്ത്രത്തിലും " എന്ന വാക്കിനു ശേഷം "വാനനിരീക്ഷണ ശാസ്ത്രത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

358. ഖണ്ഡം 8(ii)-ൽ, "അടിസ്ഥാന ശാസ്ത്രങ്ങളിലും" എന്നീ വാക്കുകൾക്കു ശേഷം "ദുരന്ത നിവാരണം" എന്നീ വാക്കുകൾ ചേർക്കുക.

362. ഖണ്ഡം 8(iii)-ൽ, "നിശ്ചയിക്കുക" എന്ന വാക്കിനു പകരം "നിശ്ചയിക്കുകയും അവ ഉറപ്പാക്കുകയും ചെയ്യുക" എന്നീ വാക്കുകൾ

ചേർക്കുക.

372. ഖണ്ഡം 8(v) താഴെ പറയും പ്രകാരം മാറ്റുക:-

8(v):- "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകൾക്കോ സ്ഥാപനങ്ങൾക്കോ മാത്രം സർക്കാർ അനുമതിയോടുകൂടി അക്കാദമിക സ്വയംഭരണാധികാരം നൽകുക";

391. ഖണ്ഡം 8 (ix) ൽ, "റദ്ദാക്കുകയോ ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "റദ്ദാക്കുകയോ ചെയ്യുന്നതിന് മുൻപ് ഒരു പുന:പരിശോധന ഹരിജി സമർപ്പിക്കാനുള്ള അവസരം കൂടി നൽകുക" എന്നീ വാക്കുകൾ ചേർക്കുക.

393. ഖണ്ഡം 8 (x) താഴെ പറയും പ്രകാരം മാറ്റുക.

“ (x) സർവ്വകലാശാലയ്ക്ക് ഈടാക്കേണ്ട ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ഫീസ് ഈടാക്കി തുടങ്ങുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങേണ്ടതുമാണ്” .

396. ഖണ്ഡം 8 (xi) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:-

“ (xi) ഹോസ്റ്റലുകൾ സ്ഥാപിക്കുകയും, ഭരണ നിർവ്വഹണം നടത്തുകയും ചെയ്യുന്നത് സർവ്വകലാശാലയുടെ മുഖ്യ ഉത്തരവാദിത്വവും സർവ്വകലാശാലയ്ക്ക് വേണ്ടി സർവ്വകലാശാലയുടെ

കാര്യകർതൃത്വത്തിലല്ലാതെ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളെ യഥാസമയം പരിശോധിച്ച് അംഗീകാരം നൽകേണ്ടതും ആവശ്യമെങ്കിൽ സസ്‌പെന്റ് ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യുക;"

400. ഖണ്ഡം 8 (xii) 'നിയമനം നടത്തുകയും ചെയ്യുക' എന്ന വാക്കുകൾക്ക് പകരം " തസ്തികകളിലേക്ക് ഉള്ള നിയമനങ്ങൾക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും യോഗ്യതകൾ സംബന്ധിച്ചും ശമ്പള സ്കെയിലുകൾ സംബന്ധിച്ചും കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് കൂടി ആലോചിക്കേണ്ടതും കമ്മീഷന്റെ അനുമതിയോടുകൂടി മാത്രം നിയമനം നൽകേണ്ടതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

410. ഖണ്ഡം 8(xviii)ൽ, "പൊതുതാല്പര്യാർത്ഥം ഏറ്റെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക എന്ന വാക്കുകൾക്കു പകരം " സിവിൽ, ക്രിമിനൽ നടപടിക്രമങ്ങൾ പാലിച്ച് നടപടികൾ സ്വീകരിച്ചതിനുശേഷം പൊതു താൽപര്യാർത്ഥം ഏറ്റെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

411. ഖണ്ഡം8(xix)ൽ,"സ്വീകരിക്കുക" എന്ന വാക്കിനു പകരം "സ്വീകരിക്കുകയും സ്വീകരിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ യഥാസമയം പരസ്യപ്പെടുത്തേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

426. ഖണ്ഡം 8 (xxv)-ൽ, "വ്യവസ്ഥകൾക്ക്" എന്ന വാക്കിനു പകരം "വ്യവസ്ഥകൾക്കും സർക്കാർ അനുമതികൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

391-ാം നമ്പർ ഭേദഗതിയിൽ "റദ്ദാക്കുകയോ ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "റദ്ദാക്കുകയോ ചെയ്യുന്നതിന് മുൻപ് ഒരു പുന:പരിശോധന ഹരിജി സമർപ്പിക്കാനുള്ള അവസരം കൂടി നൽകുക" എന്നീ വാക്കുകൾ ചേർക്കണം. 393-ാം നമ്പർ ഭേദഗതിയിൽ " (x) സർവ്വകലാശാലയ്ക്ക് നൽകേണ്ട ഫീസ് നിശ്ചയിക്കുക എന്നാണ് കൊടുത്തിരിക്കുന്നത്. സർവ്വകലാശാലയ്ക്ക് ഈടാക്കേണ്ട ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ഫീസ് ഈടാക്കി തുടങ്ങുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങേണ്ടത് " എന്നാക്കി മാറ്റേണ്ടതാണ്. 411-ാം നമ്പർ ഭേദഗതിയിൽ "സ്വീകരിക്കുക" എന്ന വാക്കിനു പകരം "സ്വീകരിക്കുകയും സ്വീകരിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ യഥാസമയം

പരസ്യപ്പെടുത്തേണ്ടതുമാണ്" എന്നുകൂടി ചേർക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

359. ഖണ്ഡം8(iii)-ൽ, "കേന്ദ്രങ്ങളുടെയും" എന്നതിനു ശേഷം "സർവ്വകലാശാലയുടെ കീഴിലും നിയന്ത്രണത്തിലും ഉള്ള കോളേജുകളുടേയും" എന്നീ വാക്കുകൾ ചേർക്കുക.

363. ഖണ്ഡം 8(iv) ഒഴിവാക്കുക.

371. ഖണ്ഡം 8(v) ഒഴിവാക്കുക.

376. ഖണ്ഡം 8 (vii)(എ) ഒഴിവാക്കുക.

414. ഖണ്ഡം 8 (xxii) ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

360. ഖണ്ഡം 8(iii)-ൽ, "കോളേജുകളുടേയും" എന്ന വാക്കിനു മുൻപ് "വിദ്യാഭ്യാസ" എന്ന വാക്ക് ചേർക്കുക.

361. ഖണ്ഡം 8(iii)-ൽ, "സ്ഥാപനം" എന്ന വാക്കിനു പകരം "രൂപീകരണം" എന്ന് ചേർക്കുക.

367. ഖണ്ഡം 8(iv)-ൽ "പിൻവലിക്കുകയും" എന്ന വാക്കിനു പകരം "റദ്ദാക്കുകയും" എന്നു ചേർക്കുക.

375. ഖണ്ഡം 8(vi)-ൽ, "സ്ഥാപിക്കുകയും നടത്തുകയും" എന്നീ വാക്കുകൾക്ക് പകരം "രൂപീകരിക്കുകയും പരിപാലിക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

418. ഖണ്ഡം 8 (xxii)ൽ "ആരോഗ്യവും " എന്ന വാക്കിനുപകരം "അടിസ്ഥാനസൗകര്യവും" എന്ന വാക്ക് ചേർക്കുക.

423. ഖണ്ഡം 8 " (xxiii)ൽ, "മെഡലുകൾ" എന്നവാക്കിനുശേഷം ,"ഗ്രാന്റുകൾ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

367-ാം നമ്പർ ഭേദഗതിയിൽ അഫിലിയേഷൻ പിൻവലിക്കുക എന്നുള്ളത് ശരിയല്ല. അഫിലിയേഷൻ റദ്ദാക്കുക എന്നുള്ളതാണ് വേണ്ടത്.

ഡോ. കെ. ടി. ജലീൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

364. ഖണ്ഡം 8(iv)-ൽ, "കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ അല്ലെങ്കിൽ സ്വയംഭരണ കോളേജുകൾ അല്ലെങ്കിൽ റഗുലർ കോളേജുകൾ അല്ലെങ്കിൽ അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജുകൾ" എന്നീ

വാക്കുകൾക്കു പകരം "കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ അല്ലെങ്കിൽ റഗുലർ കോളേജുകൾ " എന്നീ വാക്കുകൾ ചേർക്കുക.

377. ഖണ്ഡം 8 (vii)(എ) യിൽ, "നിർണ്ണയിക്കപ്പെട്ട രീതിയിൽ അതിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത പക്ഷം" എന്നീ വാക്കുകൾ ഒഴിവാക്കുക.

382. ഖണ്ഡം 8 (vii) -ൽ, "ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

365. ഖണ്ഡം 8(iv)-ൽ, "അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജുകൾ" എന്നീ വാക്കുകൾക്കു പകരം "അൺഎയിഡഡ് കോളേജുകൾ " എന്നീ വാക്കുകൾ ചേർക്കുക.

439. ഖണ്ഡം 8(xxvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(xxviii) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾക്ക് അനുസൃതമായ പഠന ശാഖകളിൽ ബോധനവും പരിശീലനവും നൽകുകയും ഗവേഷണത്തിനും വിജ്ഞാന പുരോഗതിക്കും പ്രചരണത്തിനും വ്യവസ്ഥ ചെയ്യുകയും ചെയ്യുക".

365-ാം നമ്പർ ഭേദഗതിയിൽ ഇവിടെ ഞാൻ നേരത്തേ അഫിലിയേഷനുമായി ബന്ധപ്പെട്ട് പറഞ്ഞ ഒരു കാര്യമാണ്. സ്വയംഭരണ കോളേജുകളെന്നും അക്കാദമികമായി സ്വയംഭരണ അവകാശമുള്ള കോളേജെന്നും ഇത് തുടരെത്തുടരെ വരുകയാണ്. അതായത് അക്കാദമികമായി സ്വയംഭരണമല്ലാതെ സർവ്വതന്ത്ര സ്വതന്ത്രമായി നമ്മൾ ഇൻസ്റ്റിറ്റ്യൂഷൻ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അത് ശരിയല്ല. അക്കാദമികമായ സ്വയംഭരണാവകാശം എന്നും സ്വയംഭരണാവകാശം എന്നും രണ്ട് വാക്കുകൾ പ്രത്യേകം ചേർക്കുന്നത് ശരിയല്ല. അതുകൊണ്ട് അക്കാദമികമായ സ്വയംഭരണാവകാശമുള്ള കോളേജുകളെന്നത് റിമൂവ് ചെയ്യണം. അതിനുപകരം അൺഎയിഡഡ് കോളേജുകൾ എന്നുകൂടി ചേർക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്. പുതിയ ഒരു സെക്ഷൻ കൂടി ചേർക്കുന്നതിനാണ് ഖണ്ഡം 439 ചേർത്തിരിക്കുന്നത്. അതിനകത്ത് നമ്മുടെ ലക്ഷ്യം എന്നുള്ളതി നകത്താണ് സർവ്വകലാശാലകളുടെ ലക്ഷ്യങ്ങൾക്കനുസൃതമായ പഠനശാലകളിൽ ബോധനവും പരിശീലനവും നൽകുകയും ഗവേഷണത്തിനും വിജ്ഞാന പുരോഗതിയ്ക്കും പ്രചരണത്തിനും വ്യവസ്ഥ ചെയ്യുകയും ചെയ്യുകയെന്നുള്ളതാണ്. അത്യാവശ്യമായിട്ടും നമ്മുടെ ആക്ടിൽ ആ ഒരു പ്രൊവിഷൻ കൂടെ ചേർക്കുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ.സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

366. ഖണ്ഡം 8(iv)-ൽ "സ്റ്റാറ്റ്യൂട്ടുകൾ ലംഘിച്ചുകൊണ്ട് നേടിയ" എന്നീ വാക്കുകൾക്കു പകരം "സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസൃതമായല്ലാതെ നേടിയ" എന്നീ വാക്കുകൾ ചേർക്കുക.

427. ഖണ്ഡം 8 (xxv)-ൽ, "ഏകാംഗീകൃത നികായങ്ങളിൽ നിന്നോ" എന്നതിനു പകരം "ഏകയോഗ സ്ഥാപനങ്ങളിൽ നിന്നോ" എന്ന് ചേർക്കുക.

366-ാം നമ്പർ ഭേദഗതിയിൽ "സ്റ്റാറ്റ്യൂട്ടുകൾ ലംഘിച്ചുകൊണ്ട് നേടിയ" എന്നതിനുപകരം "സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസൃതമായല്ലാതെ നേടിയ" എന്നാക്കി മാറ്റണം.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

370. ഖണ്ഡം 8(v) ഒഴിവാക്കുക.

373. ഖണ്ഡം 8(v)-ൽ, "സർവ്വകലാശാല നടത്തുന്ന ഒരു വകുപ്പിനോ" എന്നീ വാക്കുകൾക്ക് ശേഷം "യു.ജി.സി. നിബന്ധന പ്രകാരം സർക്കാർ നിയമം പാസ്സാക്കുകയാണെങ്കിൽ തദനുസൃതം" എന്നീ വാക്കുകൾ ചേർക്കുക.

399. ഖണ്ഡം 8 (xii) - ൽ "സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം അങ്ങനെയുള്ള തസ്തികകൾക്ക്

ശമ്പള സ്കെയിലുകൾ നിർണ്ണയിക്കുകയും അവരുടെ യോഗ്യതകളും നിയമന രീതികളും നിർണ്ണയിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതല്ലാത്ത അങ്ങനെയുള്ള തസ്തികകളിലേക്ക് നിയമനം നടത്തുകയും ചെയ്യുക;" എന്നിവയ്ക്കു പകരം, "സർക്കാർ നിശ്ചയിക്കുന്ന ശമ്പള സ്കെയിലിൽ നിശ്ചിത യോഗ്യതയുള്ളവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമിക്കുകയും താല്കാലിക തസ്തികകളിലേക്ക് സർവ്വകലാശാല നേരിട്ടു നിയമനം നടത്തുകയും ചെയ്യുക;" എന്നിവ ചേർക്കുക.

430. ഖണ്ഡം 8 (xxvii) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:-

" (xxvii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്, സ്വാശ്രയ കോളേജുകളിലെ വിവിധ കോഴ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനം സുതാര്യവും സർവ്വകലാശാല ചട്ടങ്ങൾക്ക് അനുസൃതവും ആണെന്ന് ഉറപ്പുവരുത്തുക;" .

കോളേജുകളുടെ സ്വയംഭരണം ഒഴിവാക്കണം എന്നുള്ളതാണ് 370-ാം നമ്പർ ഭേദഗതിയിലുള്ളത്. പുതിയ നിയമം പാസ്സാക്കുന്നതിന് അനുസൃതമായി എന്ന

രീതിയിൽ മാറ്റം വരുത്തണം. കോളേജുകളുടെ സ്വയംഭരണം പുതിയ നിയമനിർമ്മാണത്തിന്റെ ഭാഗമായി വരേണ്ടതാണ്. ഇപ്പോൾ നമ്മൾ പാസ്സാക്കുന്നത് സർവ്വകലാശാല രൂപീകരിക്കുന്ന നിയമമാണ്. അതിന്റെയകത്ത് ഇതിൽ ഉൾപ്പെടുത്തേണ്ടതില്ല. കോളേജുകളുടെ സ്വയംഭരണവുമായി ബന്ധപ്പെട്ട് പ്രത്യേക നിയമം ആവശ്യമാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

378. ഖണ്ഡം 8 (vii) (ബി) യിൽ, "തുടരുകയും" എന്ന വാക്കിനു പകരം "പൂർത്തിയാക്കി" എന്ന വാക്ക് ചേർക്കുക.

381. ഖണ്ഡം 8 (vii) -ൽ "ചെയ്ത ആളുകൾക്ക്" എന്നതിനുശേഷം "യഥാവിധിയുള്ള" എന്നു ചേർക്കുക.”

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

379. ഖണ്ഡം 8 (vii) (ബി) യിൽ "മൂല്യനിർണ്ണയം നടത്തുകയും" എന്നീ വാക്കുകൾക്കു പകരം "മൂല്യനിർണ്ണയത്തിന് വിധേയമായി വിജയിക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

386. ഖണ്ഡം 8 (ix)ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

397. ഖണ്ഡം 8(x)-ന ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (xi) സാങ്കേതിക-ശാസ്ത്ര സർവ്വകലാശാലയിലെ ഗ്രാജ്വേറ്റ് പോസ്റ്റ് ഗ്രാജ്വേറ്റ് ഗവേഷണ വിദ്യാർത്ഥികളുടെ പഠന ഗവേഷണ പ്രവർത്തനത്തിന് ഉതകുന്ന രീതിയിൽ അന്തർദേശീയ നിലവാരത്തിലുള്ള ഒരു സാങ്കേതിക ശാസ്ത്ര ഗ്രന്ഥശാല സ്ഥാപിക്കുകയും, നടത്തുകയും, ഭരണ നിർവ്വഹണം നടത്തുകയും ചെയ്യുക."

398. ഖണ്ഡം 8 (xii) - ൽ "കേന്ദ്രങ്ങളിലും" എന്ന വാക്കിനുശേഷം "അനുബന്ധ സ്ഥാപനങ്ങളിലും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

380. ഖണ്ഡം 8 (vii) (ബി) -താഴെപ്പറയും പ്രകാരം മാറ്റുക:

"നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾ പ്രകാരം ഗവേഷണവും മൂല്യനിർണ്ണയവും തൃപ്തികരമായി പൂർത്തിയാക്കുകയും ചെയ്ത ആളുകൾക്ക് ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക്

ബഹുമതികളും നല്കുകയും ചെയ്യുക.”

407. ഖണ്ഡം 8 (xvii)ൽ, "സർക്കാരിതര സംഘടനകൾ എന്നിവയ്ക്ക് " എന്നതിനു ശേഷം "വ്യവസ്ഥാപിതമായ മാനദണ്ഡങ്ങൾക്ക് വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

412. ഖണ്ഡം 8(xx)ൽ, "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ അദ്ധ്യാപകർക്കും സർവ്വകലാശാല അദ്ധ്യാപകർക്കും വേണ്ടി" എന്നീ വാക്കുകൾക്കു ശേഷം "അതത് മേഖലകളിൽ സംസ്ഥാന സർക്കാരും ബന്ധപ്പെട്ട നിയമന ഏജൻസികളും അതത് കാലത്ത് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

417. ഖണ്ഡം 8 (xxii)ൽ (i) "സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെമേൽ എന്നതിനുശേഷം" അതത് വകുപ്പുകളിലെ തലവന്മാർ മുഖേന "നിയന്ത്രണം" എന്നത് ചേർക്കുക. അതത് വകുപ്പുകളിലെ തലവന്മാർ മുഖേന "നിയന്ത്രണം" എന്നത് ചേർക്കുക. (ii) “ സമാനമായ ആവശ്യങ്ങൾക്കായി അങ്ങനെയുള്ള" എന്നീ വാക്കുകൾക്കുശേഷം "കോളേജുകളിലെ പ്രിൻസിപ്പൽ " മുഖേന നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക എന്നീ വാക്കുകൾ ചേർക്കുക.

428. ഖണ്ഡം 8 (xxv)-ൽ, "സർക്കാർ അംഗീകരിക്കാവുന്നതായ അങ്ങനെയുള്ള ആവശ്യങ്ങൾക്ക് എന്നീ വാക്കുകൾക്ക് ശേഷം "സർക്കാർ അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഈടിന്മേലോ അല്ലാതെയോ പണം കടം വാങ്ങാവുന്നതാണ് "എന്നീ വാക്കുകൾ ചേർക്കുക.

407-ാം ഭേദഗതിയിൽ ഖണ്ഡം 8 (xvii)-ൽ സർക്കാരിതര സംഘടനയ്ക്ക് ഗവേഷണം, വികസനം, കൺസൾട്ടൻസി, പരിശീലന പരിപാടി എന്നിവ പോലുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തികൊണ്ടോ അല്ലെങ്കിൽ നവീകരിച്ചുകൊണ്ടോ വ്യവസായം-വാണിജ്യം അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാരിതര സംഘടനകൾ എന്നിവയ്ക്ക് സേവനങ്ങൾ പ്രദാനം ചെയ്തുകൊണ്ട് സർവ്വകലാശാലകളുടെ വിഭവശേഷി വർദ്ധിപ്പിക്കുകയെന്നുള്ളതാണ്. ഇത് മിസ്‌യൂസ് ചെയ്യാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് വ്യവസ്ഥാപിതമായ മാനദണ്ഡങ്ങൾക്ക് വിധേയമായി എന്ന് ചേർക്കേണ്ടതാണ്.

412. ഖണ്ഡം 8(xx)-ൽ "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ അദ്ധ്യാപകർക്കും സർവ്വകലാശാല അദ്ധ്യാപകർക്കും വേണ്ടി" എന്നീ വാക്കുകൾക്കു ശേഷം "അതത് മേഖലകളിൽ സംസ്ഥാന സർക്കാരും ബന്ധപ്പെട്ട നിയമന

ഏജൻസികളും അതത് കാലത്ത് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി" എന്നീ വാക്കുകൾ ചേർക്കണം. കാരണം, വ്യത്യസ്ത സ്വഭാവത്തിലുള്ള കേളേജുകളാണ് അഫിലിയേറ്റ് ചെയ്യുന്നത്. ഗവൺമെന്റ് കോളേജുണ്ട് അതുപോലെ തന്നെ അൺ എയിഡഡ് കോളേജുകളുമുണ്ട്. അങ്ങനെ വ്യത്യസ്ത തരത്തിലുള്ള കോളേജുകളാണ്. അവരെ നിയമിക്കുന്ന ഏജൻസിക്കാണ്. കെ.എസ്.ആർ. അവർക്ക് ബാധകമാണ്. അത്തരമൊരു സാഹചര്യത്തിൽ ഈ ഒരു നിലയ്ക്ക് ഭേദഗതി വരുത്തണം. 417. ഖണ്ഡം 8 (xxii)ൽ (i) "സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെമേൽ എന്നതിനുശേഷം" അതത് വകുപ്പുകളിലെ തലവന്മാർ മുഖേന "നിയന്ത്രണം" എന്നത് ചേർക്കണം. ഇവിടെ കോളേജാണ്. സർവ്വകലാശാല വിദ്യാർത്ഥികളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയും അവരുടെ വിദ്യാഭ്യാസ നിലവാരവും ക്ഷേമവും അച്ചടക്കവും ആരോഗ്യവും ഉറപ്പാക്കി അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെ വിദ്യാർത്ഥികളുടെമേൽ സമാനമായ ആവശ്യങ്ങൾക്കായി അങ്ങനെയുള്ള കോളേജുകൾ മുഖേന നിയന്ത്രണം ഏർപ്പെടുത്തണം. വളരെയേറെ മിസ്യൂസ് ചെയ്യാൻ സാധ്യതയുണ്ട്. പ്രിൻസിപ്പൽ മുഖേന എന്നാക്കി മാറ്റിയില്ലെങ്കിൽ കോളേജ് മാനേജർമാർ ഇതിൽ ഇടപെടും.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

383. ഖണ്ഡം 8 (vii) -ൽ, " സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക ബഹുമതികളും" എന്നീ വാക്കുകൾക്കു ശേഷം "സമയബന്ധിതമായി" എന്ന വാക്ക് ചേർക്കുക.

402 ഖണ്ഡം 8 (xii) താഴെപ്പറയും പ്രകാരം മാറ്റുക:

" (xii) സർവ്വകലാശാലയിലും സർവ്വകലാശാല നടത്തുന്ന കോളേജുകളിലും കേന്ദ്രങ്ങളിലും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി വിവിധ കാറ്റഗറികളിലുള്ള തസ്തികകൾ സൃഷ്ടിക്കുകയും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം അങ്ങനെയുള്ള തസ്തികകൾക്ക് ശമ്പള സ്കെയിലുകൾ നിർണ്ണയിക്കുകയും അവരുടെ യോഗ്യതകൾ നിർണ്ണയിക്കുകയും, എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കുകയും ചെയ്യുക".

421 . ഖണ്ഡം 8 (xxii) താഴെപ്പറയും പ്രകാരം മാറ്റുക :

" (xxii) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും, ക്ഷേമവും, അച്ചടക്കവും, ആരോഗ്യവും ഉറപ്പാക്കുകയും അവരുടെ അവകാശ സംരക്ഷണത്തിനും, ചൂഷണങ്ങൾക്കെതിരെ

സംഘടിക്കുന്നതിനും സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുക".

440. ഖണ്ഡം 8(xxvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(xxviii) സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് സ്വാശ്രയ, സ്വകാര്യ കോളേജുകളിലെ മെറിറ്റ് സീറ്റുകളിൽ പ്രവേശനം മെറിറ്റടിസ്ഥാനത്തിലാണെന്ന് ഉറപ്പു വരുത്തുക, ഉയർന്ന പഠന നിലവാരമുള്ള കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പുകളും, ഗവേഷണ സൗകര്യങ്ങളും പുരസ്കാരങ്ങളും ഏർപ്പെടുത്തുക".

421-ാം നമ്പർ ഭേദഗതിയിൽ സർവ്വകലാശാലകളുടെ കീഴിലുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള നിയന്ത്രണത്തിന്റെ കാര്യങ്ങൾ മാത്രമാണ്. കുട്ടികൾക്ക് നിയന്ത്രണം മാത്ര പോരാ സംരക്ഷണവും വേണം. സംരക്ഷണവും സംഘടനാ സ്വാതന്ത്ര്യവും ഉൾപ്പെടുന്ന ഭേദഗതിയാണത്. 440-ാം നമ്പർ ഭേദഗതിയിൽ സർവ്വകലാശാലയിൽ പ്രവേശിക്കുന്ന കുട്ടികളുടെ മെരിറ്റിനെ സംബന്ധിച്ചൊന്നും പറയുന്നില്ല. മെരിറ്റ് ഒരു മാനദണ്ഡമാകണം. ഞാൻ എഴുതിക്കൊടുത്തതിൽ ഒരു അച്ചടിപ്പിശക് വന്നിട്ടുണ്ട്. മെരിറ്റ് സീറ്റിൽ മെരിറ്റ് ഉറപ്പുവരുത്തണമെന്നാണ് അച്ചടിച്ച് വന്നിരിക്കുന്നത്. സർവ്വകലാശാലയിലെ

വിദ്യാർത്ഥി പ്രവേശനത്തിൽ മെരിറ്റ് ഒരു മാനദണ്ഡമാകണമെന്നാണ് പറഞ്ഞത്. മെരിറ്റ് സീറ്റ് എന്നുള്ളത് ഒഴിവാക്കി ആ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

384. ഖണ്ഡം 8 (vii) -ൽ, "മറ്റ് അക്കാദമിക ബഹുമതികളും " എന്നീ വാക്കുകൾക്കു ശേഷം "കാലതാമസം കൂടാതെ" എന്നീ വാക്കുകൾ ചേർക്കുക.

385. ഖണ്ഡം 8 (vii) -ൽ, "ബഹുമതികളും" എന്ന വാക്കിന് ശേഷം "കാലതാമസം കൂടാതെ " എന്നീ വാക്കുകൾ ചേർക്കുക.

388. ഖണ്ഡം 8 (ix)ൽ, "ഒരു അവസരം" എന്നീ വാക്കുകൾക്ക് പകരം "സ്വാഭാവിക നീതി" എന്നീ വാക്കുകൾ ചേർക്കുക.

404. ഖണ്ഡം 8 (xiv) ൽ, "അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ" എന്നതിന് ശേഷം " ഗുണനിലവാരം ഉറപ്പാക്കത്തക്കവിധം" എന്നത് ചേർക്കുക.

419. ഖണ്ഡം 8 (xxii)ൽ, "നിയന്ത്രണം ഏർപ്പെടുത്തുക " എന്നതിന് പകരം "നേതൃപരമായി ഇടപെടുക" എന്നത് ചേർക്കുക.

ഇന്നത്തെ സർവ്വകലാശാലകളുടെ ഒരു പ്രധാനപ്പെട്ട പ്രശ്നം,

കൃത്യസമയത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നില്ലായെന്നുള്ളതാണ്. അതുകൊണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകായെന്ന് മാത്രം പറഞ്ഞാൽ പോരാ, കാലതാമസം കൂടാതെ വിതരണം ചെയ്യുകായെന്ന് പറയണം. മറ്റൊന്ന്, ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത് അതിൽ എന്തെങ്കിലും തകാരാറ് കണ്ടുപിടിച്ചാൽ നടപടിയെടുക്കാനുള്ള പ്രൊവിഷനാണ്. നടപടിയെടുക്കുകയെന്നുള്ള നിലയിലാണ് പോകുന്നത്. അവിടെ സ്വാഭാവിക നീതി കൊടുത്തുകൊണ്ട് നടപടിയെടുക്കുക എന്നതും കൂടി ക്ലോസിൽ വരണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 8 (ix)ൽ,

(i) "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

(ii) "ഉപാധികൾക്കു കീഴിൽ" എന്നതിനു പകരം "ഉപാധികൾക്കു വിധേയമായി" എന്ന് ചേർക്കുക.

ഇതിൽ ബാധിക്കുന്ന ആളുകൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ ഒരു അവസരമാണ്. അവിടെ ഒരു എന്ന വാക്കിന്റെ ആവശ്യമില്ല. അവസരം നൽകിയതിനുശേഷം സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്ക്

കീഴിൽ എന്നതിനു പകരം ഉപാധികൾക്ക് വിധേയമായി എന്നാക്കി മാറ്റിയാൽ നല്ലതായിരിക്കും.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

390. ഖണ്ഡം 8 (ix)ൽ,

(i) "തടഞ്ഞുവയ്ക്കുകയോ" എന്ന വാക്കിനുശേഷം "ബാധിക്കപ്പെടുന്ന ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയതിനുശേഷം," എന്നീ വാക്കുകൾ ചേർക്കുക.

(ii) "ബിരുദമോ ഡിപ്ലോമയോ" എന്നീ വാക്കുകൾക്കു പകരം "ബിരുദങ്ങളോ ഡിപ്ലോമകളോ" എന്നീ വാക്കുകൾ ചേർക്കുക.

392. ഖണ്ഡം 8 (x)-ലെ "നൽകേണ്ടതായ" എന്ന വാക്കിനുപകരം "ലഭിക്കേണ്ടതായ" എന്ന വാക്ക് ചേർക്കുക.

394. ഖണ്ഡം 8 (xi)-ൽ

(i) " സർവ്വകലാശാലയുടെ കാര്യകർതൃത്വത്തിലല്ലാത്ത ഹോസ്റ്റലുകളെ അംഗീകരിക്കുകയും" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാലയുടെ കാര്യകർതൃത്വത്തിലല്ലാത്ത ഹോസ്റ്റലുകളെ നിർണ്ണയിക്കപ്പെട്ട

വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുകയോ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "അങ്ങനെയുള്ള അംഗീകാരം സസ്പെന്റ് ചെയ്യുകയും അല്ലെങ്കിൽ പിൻവലിക്കുകയും ചെയ്യുക" എന്നീ വാക്കുകൾക്കു പകരം "അങ്ങനെയുള്ള അംഗീകാരം റദ്ദാക്കുകയോ പിൻവലിക്കുകയോ ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

403. ഖണ്ഡം 8 (xiii) – ലെ " വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കുകയും" എന്നീ വാക്കുകൾക്കു പകരം " വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും നിയന്ത്രിക്കുകയും" എന്നീ വാക്കുകൾ ചേർക്കുക

408. ഖണ്ഡം 8 (xviii)ൽ,

(i) "മാനേജ്മെന്റിന്റെ" എന്ന വാക്കിനു പകരം "നടത്തിപ്പിൽ സംഭവിക്കുന്ന കുറ്റങ്ങളോ വീഴ്ചകളോ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "പ്രഥമദൃഷ്ട്യാ സ്പഷ്ടമാകുന്ന സംഗതിയിൽ" എന്നീ വാക്കുകൾക്കു പകരം "ബോധ്യമാകുന്ന "എന്ന വാക്കും ചേർക്കുക.

425 ഖണ്ഡം 8 (xxiv) താഴെപ്പറയും പ്രകാരം മാറ്റുക :-

" (xxiv) ക്രയം, ഗ്രാന്റ്, മരണപത്രം എന്നിവ പ്രകാരമോ മറ്റുവിധത്തിലോ

സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി നിക്ഷിപ്തമായേക്കാവുന്ന സ്ഥാവരമോ ജംഗമോ ആയ ഏതെങ്കിലും വസ്തുവകകൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും പരിപാലിക്കുകയും വികസിപ്പിക്കുകയും ചെയ്യുകയോ സർവ്വകലാശാലയുടെ അധീനതയിലുള്ള അത്തരം വസ്തുവോ, വസ്തുക്കളോ സർവ്വകലാശാലയുടെ ഉത്തമമായ താത്പര്യങ്ങൾക്കും ഗുണത്തിനും വേണ്ടിയോ, സർക്കാർ ആവശ്യപ്പെടുന്ന പക്ഷമോ സർക്കാരിന്റെ മുൻകൂർ അനുമതിയോടെയോ സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്നവർക്കു വേണ്ടിയോ, അനിവാര്യമെങ്കിൽ മാത്രം ഗ്രാന്റായോ പാട്ടമായോ, തീറായോ മറ്റുവിധത്തിലോ കൈയൊഴിയുകയും ചെയ്യുകയും, ഒരു ഏകാംഗീകൃത നികായത്തിന് ആനുഷംഗികമോ ബന്ധപ്പെട്ടതോ ആയ മറ്റെല്ലാ പ്രവൃത്തികളും ചെയ്യുകയും ചെയ്യുക.”

ഞാൻ നൽകിയിട്ടുള്ള എല്ലാ ഭേദഗതികളും മൂവ് ചെയ്യുന്നു. അതിൽ 394-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 8 (xi)-ൽ (i) “ സർവ്വകലാശാലയുടെ കാര്യകർതൃത്വത്തിലല്ലാത്ത ഹോസ്റ്റലുകളെ അംഗീകരിക്കുകയും" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാലയുടെ കാര്യകർതൃത്വത്തിലല്ലാത്ത ഹോസ്റ്റലുകളെ നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കു വിധേയമായി

അംഗീകരിക്കുകയോ" എന്ന് ചേർക്കുക. (ii) "അങ്ങനെയുള്ള അംഗീകാരം സസ്പെന്റ് ചെയ്യുകയും അല്ലെങ്കിൽ പിൻവലിക്കുകയും ചെയ്യുക" എന്നീ വാക്കുകൾക്കു പകരം "അങ്ങനെയുള്ള അംഗീകാരം റദ്ദാക്കുകയോ പിൻവലിക്കുകയോ ചെയ്യുക" എന്ന് ചേർക്കുക. സർവ്വകലാശാല നേരിട്ട് നടത്താത്ത ഹോസ്റ്റലുകളെ ഹോസ്റ്റലായി അംഗീകരിക്കാൻ സർവ്വകലാശാലകൾക്ക് അധികാരം കൊടുക്കുന്ന വകുപ്പാണ്. അതൊരു വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വേണം. രണ്ടാമത്, അംഗീകാരം സസ്പെന്റ് ചെയ്യുകയെന്നാണ് പറയുന്നത്. ഹോസ്റ്റലിനെ സസ്പെന്റ് ചെയ്യാൻ പറ്റില്ല. അംഗീകാരം റദ്ദാക്കാം അല്ലെങ്കിൽ പിൻവലിക്കാം. അത് അങ്ങനെ മാറ്റണമെന്നാണ് ഭേദഗതി. 425-ാം നമ്പർ ഭേദഗതിയിൽ സർവ്വകലാശാലയുടെ പ്രോപ്പർട്ടി ക്രയവിക്രയത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന വകുപ്പാണ് ഖണ്ഡം 8 (xxiv). അതിൽ ആക്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ കൂട്ടത്തിൽ ഏതെല്ലാം വിധത്തിൽ ക്രയവിക്രയം ചെയ്യാമെന്ന് പറഞ്ഞതിൽ അന്യാധീനപ്പെടുത്തുകയും എന്ന് പറഞ്ഞിട്ടുണ്ട്. അന്യാധീനപ്പെടുത്തൽ കുറ്റകൃത്യമാണോ? സർവ്വകലാശാലയുടെ പ്രോപ്പർട്ടി സർവ്വകലാശാലയ്ക്ക് അന്യാധീനപ്പെടുത്താനുള്ള നിയമം ഉണ്ടാക്കിയാലും നിലനിൽക്കില്ല. മോഷ്ടിക്കാനുള്ള അവകാശം നിയമം മൂലം കൊടുത്താലും

നിലനിൽക്കില്ല. അതുകൊണ്ട് അതിന് അന്യാധീനപ്പെടുത്തുക എന്ന വാക്ക് മാറ്റി ക്രയം, ഗ്രാന്റ്, മരണപത്രം എന്നിവ പ്രകാരമോ മറ്റ് വിധത്തിലോ സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി നിക്ഷിപ്തമായേക്കാവുന്ന സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തുവകകൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും പരിപാലിക്കുകയും വികസിപ്പിക്കുകയും ചെയ്യുകയോ സർവ്വകലാശാലയുടെ അധീനതയിലുള്ള അത്തരം വസ്തുവോ, വസ്തുക്കളോ സർവ്വകലാശാലയുടെ ഉത്തമമായ താത്പര്യങ്ങൾക്കും ഗുണത്തിനും വേണ്ടിയോ, സർക്കാർ ആവശ്യപ്പെടുന്ന പക്ഷമോ സർക്കാരിന്റെ മുൻകൂർ അനുമതിയോടെയോ സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്നവർക്കു വേണ്ടിയോ, അനിവാര്യമെങ്കിൽ മാത്രം ഗ്രാന്റായോ പാട്ടമായോ, തീറായോ മറ്റുവിധത്തിലോ കൈയൊഴിയുകയും ചെയ്യുകയും, ഒരു ഏകാംഗീകൃത നികായത്തിന് ആനുഷംഗികമോ ബന്ധപ്പെട്ടതോ ആയ മറ്റെല്ലാ പ്രവൃത്തികളും ചെയ്യുകയും ചെയ്യുക.” എന്നാക്കി മാറ്റണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 8 (xi)-ൽ "ഹോസ്റ്റലുകളെ" എന്ന വാക്കിനുശേഷം "നിബന്ധനകൾക്കു വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

ഹോസ്റ്റലുകളെയെല്ലാം അംഗീകരിക്കാൻ പാടില്ല. അതിന് ഒരു നിബന്ധന വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

401. ഖണ്ഡം 8 (xii) താഴെപ്പറയും പ്രകാരം മാറ്റുക:-

" (xii) സർവ്വകലാശാലയിലെയും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെയും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും ക്ഷേമവും ആരോഗ്യവും അച്ചടക്കവും ഉറപ്പാക്കുകയും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിദ്യാർത്ഥികളുടെമേലുള്ള ഏതെങ്കിലും അച്ചടക്ക നടപടികളിൽ അപ്പീൽ കേൾക്കുകയും ചെയ്യുക;"

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

405. ഖണ്ഡം 8 (xv) ൽ, "സമ്മാനങ്ങളും ഏർപ്പെടുത്തുകയും" എന്നതിനുശേഷം " അർഹത നിർണ്ണയിച്ച്" എന്ന് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

406. ഖണ്ഡം 8 (xvi)ൽ, "സ്ഥാപനങ്ങളുമായോ" എന്ന വാക്കിനു ശേഷം "അംഗീകൃത" എന്ന വാക്ക് ചേർക്കുക.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

416. ഖണ്ഡം 8-ന്റെ ഉപഖണ്ഡം(xxii) ഒഴിവാക്കുക.

<u>ശ്രീ. കെ. എം. ഷാജി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

420. ഖണ്ഡം 8 (xxii) താഴെപ്പറയും പ്രകാരം മാറ്റുക:-

" (xxii) സർവ്വകലാശാല വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും ക്ഷേമവും, അച്ചടക്കവും ഉറപ്പാക്കുന്നതിന് ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തുകയും, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികളിൽ സമാനമായ നിയന്ത്രണം അതത് കോളേജുകൾ മുഖേന ഏർപ്പെടുത്തുകയും ചെയ്യുക;"

ഇതിൽ ഭാഷാപരമായി വളഞ്ഞുതിരിഞ്ഞാണ് പറഞ്ഞിരിക്കുന്നത്. ഇത് അംഗീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

422. ഖണ്ഡം 8" (xxiii)ൽ, "ഫണ്ടുകളോ സ്വീകരിക്കുന്നതിനും" എന്നതിനുശേഷം "സാമ്പത്തികവിനിമയ ചട്ടങ്ങൾക്കനുസരണമായി" എന്നു ചേർക്കുക.

ഖണ്ഡം 8" (xxiii) -ൽ, വിദേശ രാജ്യങ്ങളിൽനിന്നോ വിദേശ

ഫൗണ്ടേഷനിൽ നിന്നോ ഫണ്ട് സ്വീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി എന്നിടത്ത് "സാമ്പത്തികവിനിമയ ചട്ടങ്ങൾക്കനുസരണമായി" എന്ന് ചേർക്കണം.

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

429. ഖണ്ഡം 8 (xxvii) നുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:-

" (xxviii) വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും കലാ കായിക രംഗത്തെ പ്രോത്സാഹനത്തിനും സമഗ്രപുരോഗതിയ്ക്കും അക്കാദമിക വികസനത്തിനും വേണ്ടി മുഴുവൻ വിദ്യാർത്ഥികളുടെയും പ്രാതിനിധ്യം ഉറപ്പ് വരുത്തുന്ന കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല യൂണിയൻ രൂപവൽക്കരിക്കുക".

ശ്രീ. ലൂഡി ലൂയിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

432. ഖണ്ഡം 8 (xxvii) ന് ശേഷം താഴെ പറയുന്നത് ചേർക്കുക:-

" (xviii) സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട എല്ലാ സ്ഥാപരജംഗമ വസ്തുക്കളും പരിപാലിക്കുകയും നോക്കി നടത്തുകയും നിയന്ത്രിക്കുകയും ചെയ്യുക".

ശ്രീ. ഷാഫി പറമ്പിൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

433. 8 (xxvii) ന് ശേഷം താഴെ പറയുന്നത് ചേർക്കുക.

" (xxviii) പൊതുവായി സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായിട്ടുള്ള അധികാരങ്ങൾക്ക് ആനുഷംഗികമോ അല്ലാത്തതോ ആയ മറ്റെല്ലാ പ്രവർത്തികളും കാര്യങ്ങളും ചെയ്യുക".

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

434. ഖണ്ഡം 8 (xxvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:-

" (xxviii) അദ്ധ്യാപനവും ഗവേഷണ പ്രവർത്തനങ്ങളും ആവശ്യമായ വിധത്തിൽ ഏകോപിപ്പിക്കുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക" .

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

435. ഖണ്ഡം 8 (xxvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:-

" (xxviii) വിദ്യാർത്ഥികളുടെ ആരോഗ്യവും, പൊതുക്ഷേമവും സദാചാരപരമായ സുസ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും അവരിൽ കഠിനാധ്വാനശീലവും അച്ചടക്കവും സാമൂഹിക സേവനതൽപരതയും പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന നടപടികൾ എടുക്കുകയും ചെയ്യുക" .

ഇത് സർവ്വകലാശാലകളുടെ അധികാരവും ചുമതലയുമാണ്. ആ ചുമതലയിൽ

"വിദ്യാർത്ഥികളുടെ ആരോഗ്യവും, പൊതുക്ഷേമവും സദാചാരപരമായ സുസ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും അവരിൽ കഠിനാധ്വാനശീലവും അച്ചടക്കവും സാമൂഹിക സേവന തൽപരതയും പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന നടപടികൾ എടുക്കുകയും ചെയ്യുക." വിദ്യാർത്ഥികളുടെ ചുമതലയായി ഇത് ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

437. ഖണ്ഡം 8 (xxvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(xxviii) ഉന്നത സാങ്കേതികശാസ്ത്ര പഠനങ്ങൾക്ക് വേണ്ടിയും സാങ്കേതിക ശാസ്ത്ര മാനേജ്മെന്റ് എന്നിവയിൽ ഗവേഷണത്തിന് വേണ്ടിയുമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക"

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

438. ഖണ്ഡം 8(xxvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(xxviii) പരീക്ഷകൾ നടത്തുകയും ഡിഗ്രികളും മറ്റ് അക്കാദമിക് ബഹുമതികളും ഏർപ്പെടുത്തുക".

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

441. ഖണ്ഡം 8(xxvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(xxviii) ദേശീയ, അന്തർദേശീയ തലത്തിൽ placement oriented ആയിട്ടുള്ള സെമിനാറുകൾ, കൗൺസിലിംഗ് മുതലായവ എല്ലാ വർഷവും സംഘടിപ്പിക്കുക".

ഖണ്ഡം 8 (xxvii)-നുശേഷം ദേശീയ, അന്തർദ്ദേശീയ തലത്തിൽ placement oriented-ആയിട്ടുള്ള സെമിനാറുകൾ, കൗൺസിലിംഗ് മുതലായവ എല്ലാ വർഷവും സംഘടിപ്പിക്കുക" എന്ന് കൂട്ടിച്ചേർക്കണം.

മി. സ്പീക്കർ: ബാക്കിയുള്ള ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 356, 424 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 357, 358, 362, 372, 391, 393, 396, 400, 410, 411, 426 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 359, 363, 371, 376, 414 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 360, 361, 367, 375, 418, 423 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 364, 377, 382 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 365, 439 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 370, 373, 399, 430 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 378, 381 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 379, 386, 397, 398 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 380, 407, 412, 417 എന്നീ നമ്പർ

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 383, 402, 421, 440 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 384, 388, 404, 419 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 390, 392, 394, 403, 408, 425 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 406-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 433-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 435-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 438 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 441 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 9-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

442. ഖണ്ഡം 9(1)(i)-ന് ശേഷം താഴെ പറയുന്ന ഇനം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"(ii)9(1)(i)-ൽ ഉൾപ്പെടാത്തതും എന്നാൽ സർവ്വകലാശാലയിൽ നിയമിക്കപ്പെടുന്നതുമായ താല്ക്കാലിക ജീവനക്കാരുടെ തസ്തികകൾക്കും എണ്ണങ്ങൾക്കും നിയമനത്തിന് മുൻപ്".

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. ഖണ്ഡം 9(3)-ൽ "പ്രസക്തമായ" എന്ന വാക്കിനു പകരം "നിലവിലുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

445. ഖണ്ഡം 9(3)-ൽ

(i) "പതിവായി" എന്ന വാക്കിനു പകരം "പതിവായും" എന്ന വാക്ക് ചേർക്കുക.

(ii) "പതിവായി" എന്ന വാക്കിനു ശേഷം "ഏതെങ്കിലും പ്രത്യേക ഇടപാടിനെയോ ഇടപാടുകളെയോ സംബന്ധിച്ച് ആവശ്യം വരുന്ന

സന്ദർഭങ്ങളിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

446. ഖണ്ഡം 9(3)-നു ശേഷം താഴെ പറയുന്നത് ചേർക്കുക.

"(4) സർവ്വകലാശാലയിലെ വൈസ് ചാൻസലർ, ബോർഡ് ഓഫ് ഗവേണേഴ്സ്, നിർവ്വാഹക സമിതി എന്നിവയിലെ അംഗങ്ങൾ എന്നിവർ തമ്മിൽ ഭരണപരമായോ അക്കാദമികമായോ പരിഹരിക്കാൻ കഴിയാത്ത തരത്തിലുള്ള തർക്കങ്ങൾ ഉണ്ടാകുമ്പോൾ സർക്കാർ ഇടപെടേണ്ടതും ഉചിതമായ തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്".

കേരളത്തിലെ മിക്കവാറും എല്ലാ യൂണിവേഴ്സിറ്റികളിലും വൈസ് ചാൻസലർമാരും സെനറ്റ്, സിന്റിക്കേറ്റ് അംഗങ്ങളും തമ്മിൽ അക്കാദമിക്കായിട്ടോ അഡ്മിനിസ്ട്രേറ്റീവായിട്ടോ ഉള്ള വിഷയങ്ങളിൽ തർക്കങ്ങൾ നടക്കുകയാണ്. ഇത്തരം തർക്കങ്ങളുണ്ടാകുമ്പോൾ സർക്കാരിന് ഇത്തരം തർക്കങ്ങളിൽ ഇടപെട്ട് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള ഒരു പ്രൊവിഷൻ വയ്ക്കുന്നത് ഇന്നത്തെ ആനുകാലികമായ സാഹചര്യത്തിൽ നന്നായിരിക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 10-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം 10(4)- ൽ "എന്നിവയിന്മേൽ"എന്ന വാക്കിന് ശേഷം "സർക്കാരിന്റെ ശിപാർശയിന്മേലോ മറ്റു വിധത്തിൽ ചാൻസലർക്ക് ബോധ്യമാകുന്ന പക്ഷമോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

449. ഖണ്ഡം 10 -ൽ ഉപഖണ്ഡം (2) ആയി താഴെപ്പറയുന്നത് ചേർക്കുകയും നിലവിലുള്ള ഉപഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

" (2)ചാൻസലർ, വൈസ് ചാൻസലർക്ക് നിയമനം നൽകുമ്പോൾ നിയമിക്കാൻ പോകുന്ന വ്യക്തികൾക്ക് വിദ്യാഭ്യാസ യോഗ്യത തുടങ്ങി ചാൻസലർക്ക് സമർപ്പിക്കുന്ന എല്ലാ രേഖകളുടേയും നിജസ്ഥിതി പരിശോധിച്ചതിനുശേഷം മാത്രം നിയമനം നൽകേണ്ടതുമാണ്".

461. ഖണ്ഡം 10-ൽ ഉപഖണ്ഡം (5)-ന് ശേഷം ഉപഖണ്ഡം (6)ആയി താഴെപ്പറയുന്നത് ചേർക്കുക.

"(6)ചാൻസലർ ഈ ആക്റ്റിനും, സ്റ്റാറ്റ്യൂട്ടുകൾക്കും വിധേയമായി നടത്തുന്ന വൈസ്-ചാൻസലർ ഉൾപ്പെടെ പ്രോവൈസ്-ചാൻസലർ, രജിസ്ട്രാർ, ഫൈനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ, ഡീൻ (ഗവേഷണം-അക്കാദമികം) തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെ പരീക്ഷാ യോഗ്യതകൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ എന്നിവയുടെ ആധികാരികതയും ശേഷം അവരുടെ പ്രവർത്തന മികവും അവർക്കെതിരെ പരാതികൾ ഉണ്ടെങ്കിൽ അവയും പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമായ ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.-;

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

450. ഖണ്ഡം 10 (3) ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക.

" എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് ചാൻസലർ പുറപ്പെടുവിക്കുന്നതിനു മുമ്പ്, യഥാക്രമം സർവ്വകലാശാലയോടോ, അധികാരസ്ഥാനത്തോടോ, സ്ഥാപനത്തോടോ, സമിതിയോടോ, ഉദ്യോഗസ്ഥനോടോ അത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ നിശ്ചിത കാലയളവിനുള്ളിൽ രേഖാമൂലം ബോദ്ധ്യപ്പെടുത്താൻ ആവശ്യപ്പെടേണ്ടതും, ഏതെങ്കിലും കാരണം രേഖാമൂലം നൽകുകയാണെങ്കിൽ ചാൻസലർ അതു പരിഗണിക്കേണ്ടതും, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന സന്ദർഭങ്ങളിൽ മാത്രം

സർക്കാരുമായി കൂടിയാലോചിച്ചശേഷവും, അല്ലാത്തപ്പോൾ സ്വമേധയായും പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ട നടപടി തീരുമാനിക്കേണ്ടതും, അങ്ങനെയുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്".

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

451. ഖണ്ഡം 10 (4)- ൽ "ദുർഭരണം," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "മതിയായ യോഗ്യതയുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കുക," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

455. ഖണ്ഡം 10 (4)- ൽ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, വൈസ് ചാൻസലർ പ്രസ്തുത സ്ഥാനത്തിരിക്കാൻ യോഗ്യനല്ലായെന്ന കോടതി വിധികളുണ്ടെങ്കിൽ അദ്ദേഹത്തിനെ നീക്കം ചെയ്യാൻ മേൽ വിവരിച്ച നിബന്ധനകൾ ബാധകമല്ല".

ഇതിനുമുമ്പ് വൈസ് ചാൻസലർമാർ ആ സ്ഥാനത്തിരിക്കാൻ യോഗ്യരല്ലായെന്നുള്ള കോടതി വിധികളുണ്ടായിരുന്നു. ആ കോടതി വിധികളുണ്ടെങ്കിൽ അദ്ദേഹത്തിനെ നീക്കം ചെയ്യാൻ മേൽ വിവരിച്ച നിബന്ധനകൾ ബാധകമല്ല എന്നുള്ള ഒരു പ്രൊവിഷൻ വച്ചില്ലെങ്കിൽ നീക്കം ചെയ്യാൻ കഴിയില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

448. ഖണ്ഡം 10 (2)-ൽ "ബിരുദദാന സമ്മേളനത്തിൽ" എന്നീ വാക്കുകൾക്കു പകരം "ബിരുദദാന സമ്മേളനത്തിലും പദവികളോ മറ്റ് ബഹുമതികളോ നൽകുന്നതിനായി വിളിച്ചു ചേർക്കുന്ന സമ്മേളനങ്ങളിലും" എന്നീ വാക്കുകൾ ചേർക്കുക.

459. ഖണ്ഡം 10(4)-ന്റെ രണ്ടാമത് ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക "എന്നുമാത്രമല്ല, വൈസ്-ചാൻസലറെ, അദ്ദേഹത്തിനെതിരായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയ്ക്ക് ആധാരമായ വസ്തുതകളെ സംബന്ധിച്ച് കാരണം ബോധിപ്പിക്കാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം മാത്രമേ, ഈ വകുപ്പു പ്രകാരം നീക്കം ചെയ്യാൻ പാടുള്ളൂ."

448-ാം നമ്പർ ഭേദഗതി ഖണ്ഡം 10 (2) ആണ്. അതിൽ ചാൻസലറെ സംബന്ധിച്ച് ബിരുദദാന സമ്മേളനത്തിൽ അദ്ദേഹം സന്നിഹിതനാണെങ്കിൽ അദ്ധ്യക്ഷം വഹിക്കാമെന്ന് പറഞ്ഞു. ബിരുദദാന സമ്മേളനമല്ലാത്ത മറ്റ് പദവികളും ബഹുമദികളുമൊക്കെ നൽകുന്ന സമ്മേളനങ്ങളും ഉണ്ടാകും. അതുകൊണ്ട് ബിരുദദാന സമ്മേളനത്തിൽ എന്നീ വാക്കുകൾക്കു പകരം "ബിരുദദാന സമ്മേളനത്തിലും പദവികളോ മറ്റ് ബഹുമതികളോ നൽകുന്നതിനായി വിളിച്ചു ചേർക്കുന്ന

സമ്മേളനങ്ങളിലും"എന്നീ വാക്കുകൾ ചേർക്കണം. 459-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 10(4)-ന്റെ രണ്ടാമത് ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക "എന്നുമാത്രമല്ല, വൈസ്-ചാൻസലറെ, അദ്ദേഹത്തിനെതിരായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിക്ക് ആധാരമായ വസ്തുതകളെ സംബന്ധിച്ച് കാരണം ബോധിപ്പിക്കാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം മാത്രമേ, ഈ വകുപ്പു പ്രകാരം നീക്കം ചെയ്യാൻ പാടുള്ളൂ എന്ന് ചേർക്കണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

452. ഖണ്ഡം 10 (4)- ന്റെ ഒന്നാമത് ക്ലിപ്ത നിബന്ധനയിലെ "ചാൻസലർ" എന്ന വാക്കിനു പകരം "ചാൻസലറുടെ നിർദ്ദേശാനുസരണം സംസ്ഥാന സർക്കാർ "എന്നീ വാക്കുകളും
" ഒരു ജഡ്ജിയോ ജഡ്ജിയായിരുന്ന ഒരാളോ" എന്നീ വാക്കുകൾക്കു ശേഷം "സമാന പദവിയിലുള്ള ഒരാളോ" എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

453. ഖണ്ഡം 10 (4)- ന്റെ ഒന്നാമത് ക്ലിപ്ത നിബന്ധനയിലെ "ചാൻസലർ" എന്ന വാക്കിന് ശേഷം വരുന്ന വാക്കുകൾക്ക് പകരം "യുക്തമായ

അന്വേഷണത്തിലൂടെ ആരോപണത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ഇപ്പോൾ ഖണ്ഡം 10 (4)-ന് ഒഫിഷ്യൽ ഭേദഗതി കൊണ്ടുവന്നു. അതുകൊണ്ട് കാര്യമില്ല. കാരണം, എന്നിവയിന്മേൽ എന്ന വാക്കിന് പകരമാണ് ഒഫിഷ്യൽ ഭേദഗതി വന്നിരിക്കുന്നത്. പക്ഷേ ഇത് വൈസ് ചാൻസലറെ നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ഖണ്ഡം 10(4)-ൽ പറഞ്ഞിരിക്കുന്നത് എന്നാൽ ഈ ഉപവകുപ്പ് പ്രകാരം നടപടി സ്വീകരിക്കുന്നതിനുമുമ്പ് അങ്ങനെയുള്ള ആരോപണങ്ങൾ ചാൻസലർ ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന ഹൈക്കോടതിയിലേയോ സുപ്രീം കോടതിയിലേയോ ഒരു ജഡ്ജിയോ ജഡ്ജിയായി ഇരുന്ന ഒരാളോ നടത്തുന്ന അന്വേഷണത്തിലൂടെ തെളിയിക്കപ്പെടേണ്ടതാണ്. അതായത് ചാൻസലർ നടപടിയെടുക്കണമെങ്കിൽ ഹൈക്കോടതിയിലേയോ സുപ്രീം കോടതിയിലേയോ സിറ്റിംഗിൽ റിട്ടയർ ചെയ്ത ഒരു ജഡ്ജി അന്വേഷണം നടത്തിയെങ്കിൽ മാത്രമെ വൈസ് ചാൻസലറെ നീക്കം ചെയ്യാൻ കഴിയൂ എന്നുപറയുന്നതിൽ എന്താണ് അർത്ഥം. അങ്ങനെയാണെങ്കിൽ ഈ വകുപ്പുതന്നെ വേണ്ടെന്നുവയ്ക്കാം. അതുകൊണ്ട് അത് നടക്കണമെന്നുണ്ടെങ്കിൽ ഈ ഭേദഗതി യുക്തമായ അന്വേഷണം നടത്തി ആരോപണങ്ങൾ ബോദ്ധ്യപ്പെടുന്ന പക്ഷം എന്ന് ചേർക്കണം. ചാൻസലർ യുക്തമായ അന്വേഷണം നടത്തണം.

സുപ്രീം കോടതിയിലെ ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിച്ചിട്ട് നടപടി എടുക്കണമെന്ന് പറയുന്നത് നടക്കുന്ന കാര്യമാണോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

454. ഖണ്ഡം 10 (4)- ന്റെ ആദ്യ ക്ലിപ്ത നിബന്ധനയിൽ "ജഡ്ജിയായിരുന്ന ഒരാളോ" എന്നീ വാക്കുകൾക്കു ശേഷം "ന്യായമായ സമയപരിധി നിശ്ചയിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

456. ഖണ്ഡം 10 (4)- ന് ശേഷം (4)(a) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(4)(a) സർക്കാർ ഉത്തരവുകൾ തുടർച്ചയായി നിരാകരിക്കുകയോ നിർവ്വാഹക സമിതിയുടേയോ ഗവേണിംഗ് കൗൺസിലിന്റേയോ തീരുമാനങ്ങൾ നടപ്പാകാതിരിക്കുകയോ ചെയ്താൽ വൈസ് ചാൻസലർക്കെതിരെ നടപടിയ്ക്ക് ചാൻസലറോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ് ".

ഇവിടെ സൂചിപ്പിച്ചതുപോലെ വൈസ് ചാൻസലർക്ക് എതിരെയുള്ള നടപടിയെടുക്കുന്നതിന് വളരെയേറെ തടസ്സങ്ങൾ ഈ നിയമത്തിലുണ്ട്.

ഏകപക്ഷീയമായ വൈസ് ചാൻസലറുടെ നടപടിക്ക് ജഡ്ജിയുടെ രേഖാമൂലമുള്ള നടപടിയുണ്ടാകണമെന്ന് പറയുന്നത് പ്രായോഗികമാകുകയില്ല. മാത്രമല്ല മുൻകാലങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകൾ പലപ്പോഴും പല വൈസ് ചാൻസലർമാരും നിരസിക്കുകയോ അല്ലെങ്കിൽ അതിനോട് പ്രതികരിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ട്. അതുകൊണ്ടാണ് സർക്കാർ ഉത്തരവുകൾ തുടർച്ചയായി നിരാകരിക്കുകയോ നിർവ്വാഹക സമിതിയുടേയോ ഗവേണിംഗ് കൗൺസിലിന്റേയോ തീരുമാനങ്ങൾ നടപ്പാകാതിരിക്കുകയോ ചെയ്താൽ വൈസ് ചാൻസലർക്കെതിരെ നടപടിയ്ക്ക് ചാൻസലറോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്നുള്ള ഒരു പ്രൊവിഷൻ ഉൾപ്പെടുത്തണമെന്നാണ് എന്റെ നിർദ്ദേശം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

457. ഖണ്ഡം 10(4)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "നൽകാത്തപക്ഷം" എന്നീ വാക്കുകൾക്ക് പകരം" നൽകാതെ" എന്ന വാക്ക് ചേർക്കുക.

458. ഖണ്ഡം 10(4)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "വകുപ്പു പ്രകാരം" എന്നീ വാക്കുകൾക്ക് ശേഷം" പ്രസ്തുത പദവിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 10(4)നു ശേഷം ഉപഖണ്ഡം (5) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"(5)സർക്കാരിന്റെ ഉത്തരവുകൾ തുടർച്ചയായി അവഗണിക്കുകയോ മറ്റ് പെരുമാറ്റ ദൂഷ്യങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ വൈസ്-ചാൻസിലറെ തൽസ്ഥാനത്ത് നിന്നും നീക്കാൻ ചാൻസിലറോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്."

ഖണ്ഡം 10(4) - ൽ വൈസ്-ചാൻസിലറെ തൽസ്ഥാനത്ത് നിന്നും നീക്കാൻ ചാൻസിലറോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്നൊരു ഭാഗംകൂടി ചേർക്കണം. വൈസ് ചാൻസലർമാർക്ക് അമിതാധികാരം കൊടുക്കുന്നതുപോലെയാണ് ഓരോ വകുപ്പുകളിലും കാര്യങ്ങൾ വന്നിരിക്കുന്നത്. അതിൽ സർക്കാരിന് ഒരു നിയന്ത്രണമുണ്ടായിരിക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സർ, ശ്രീ. കെ. ശിവദാസൻ നായരുടെ 453-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ്

ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 447-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 448, 459 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 449, 461 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 451, 455 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 454-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 457, 458 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 11-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

462. ഖണ്ഡം 11(1)-ൽ "സംസ്ഥാനത്തെ" എന്ന വാക്കിനു ശേഷം "സാങ്കേതിക" എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പ് വലിയ വകുപ്പാണ് ഭാവിയിൽ രണ്ടോ മൂന്നോ ആയി മാറാവുന്നതാണ്. പല സംസ്ഥാനങ്ങളിലും Higher education -ഉം Primary education-ഉം പല വകുപ്പാണ്. അതുകൊണ്ടാണ് ഞാൻ അതിനകത്ത് സാങ്കേതികം എന്നുള്ള വാക്ക് ചേർത്തത്. 'സാങ്കേതിക വിദ്യാഭ്യാസമന്ത്രി' എന്നുള്ളത് consider ചെയ്യാം.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

463. ഖണ്ഡം 11(1)-ൽ, "സംസ്ഥാനത്തെ" എന്ന വാക്കിനു ശേഷം "ഉന്നത" എന്ന വാക്ക് ചേർക്കുക

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

464. ഖണ്ഡം 11(1)-ൽ, "വിദ്യാഭ്യാസത്തിന്റെ" എന്ന വാക്കിനു പകരം "വിദ്യാഭ്യാസ വകുപ്പിന്റെ" എന്ന വാക്ക് ചേർക്കുക

466. ഖണ്ഡം 11(2)-ൽ "വിനിയോഗിക്കേണ്ടതും എല്ലാ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

467. ഖണ്ഡം 11(3)-ൽ "ഏതു നിർദ്ദേശവും" എന്നീ വാക്കുകൾക്ക് പകരം "നിർദ്ദേശങ്ങൾ" എന്ന വാക്ക് ചേർക്കുക.

'വിദ്യാഭ്യാസത്തിന്റെ മന്ത്രി' എന്നുള്ളത് ശരിയായ ഒരു പ്രയോഗമല്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി അല്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ മന്ത്രി എന്നെങ്കിലും ആക്കണം. ഞാൻ അതിൽ കൊടുത്തിട്ടുള്ളത് 'വിദ്യാഭ്യാസത്തിന്റെ മന്ത്രി' എന്നതിനേക്കാൾ 'വിദ്യാഭ്യാസ വകുപ്പിന്റെ മന്ത്രി' എന്ന് ചേർക്കണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

465 ഖണ്ഡം 11(2)-ൽ

(i) "അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ"

എന്നതിനു പകരം "അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമോ" എന്ന് ചേർക്കുക .

(ii)"അധികാരങ്ങളും വിനിയോഗിക്കേണ്ടതും" എന്നതിനു പകരം "ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കേണ്ടതും" എന്ന് ചേർക്കുക .

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

468. ഖണ്ഡം 11(3)-ൽ "ഏതു നിർദ്ദേശവും ബോർഡ് ഓഫ് ഗവർണേഴ്സ് പരിഗണിക്കാവുന്നതുമാണ്" എന്നതിനു പകരം "ഏതു നിർദ്ദേശവും ബോർഡ് ഓഫ് ഗവർണേഴ്സ് പരിഗണിക്കേണ്ടതാണ്"എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 462-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 463-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 464, 466, 467, 465 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 12-ാം വകുപ്പ്

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

469. ഖണ്ഡം 12 (viii)നു ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(ix) സർവ്വകലാശാലയിലെ വൈസ്-ചാൻസലർ, പ്രോ-വൈസ്ചാൻസലർ എന്നിവ ഒഴികെയുള്ള ഉദ്യോഗസ്ഥൻമാർ ഒരേ രീതിയിൽ നിയമിക്കപ്പെടേണ്ടവരും സ്റ്റാറ്റ്യൂട്ട് നിർവ്വചിക്കപ്പെടാത്തതിനാൽ പ്രസ്തുത ഉദ്യോഗസ്ഥൻമാരുടെ പ്രഥമ നിയമനം സർക്കാർ നടത്തേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 469-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ.....................

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 13-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സർ, ഞാൻ താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

470. ഖണ്ഡം 13 (7)ൽ, "വൈസ്-ചാൻസലറെയോ" എന്ന വാക്കിനു ശേഷം "ഈ സർവ്വകലാശാലയുടെ" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

471. ഖണ്ഡം 13 (2) ൽ, "സർക്കാരിന്റെ ശിപാർശയിന്മേൽ" എന്ന വാക്കുകൾക്കു പകരം "മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ചീഫ് ജസ്റ്റിസ് ഇവർ അടങ്ങുന്ന സമിതി തീരുമാനിക്കുന്ന മൂന്നംഗ ലിസ്റ്റിന്മേൽ ഒരാളെ" എന്നീ വാക്കുകൾ ചേർക്കുക.

474. ഖണ്ഡം 13 (2)ലെ നിലവിലുള്ള ഇനങ്ങൾക്ക് പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:-

(i) മുഖ്യമന്ത്രി സമിതി കൺവീനറായിരിക്കും

(ii) പ്രതിപക്ഷ നേതാവ്

(iii) ചീഫ് സെക്രട്ടറി

(iv) സാങ്കേതികശാസ്ത്ര മേഖലയിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് തെരഞ്ഞെടുത്ത ഒരംഗം

(v) വാനനിരീക്ഷണ മേഖലയിലെ സർക്കാർ നിർദ്ദേശിക്കുന്ന ഒരു വിദഗ്ധൻ

476. ഖണ്ഡം 13 (3) ൽ "മൂന്നു മാസം" എന്നതിന് പകരം "ആറുമാസം" എന്നീ വാക്കുകൾ ചേർക്കുക.

479. ഖണ്ഡം 13 (4) ൽ "മൂന്ന് ആളുകളിൽ" എന്ന വാക്കുകൾക്ക് പകരം "സർവ്വകലാശാല പഠന വിഷയങ്ങളിൽ മാത്രം പ്രഗത്ഭരായ അഞ്ചു പേരിൽ" എന്നീ വാക്കുകൾ ചേർക്കുക.

492. ഖണ്ഡം 13 (5) ൽ, "അറുപത്തിയൊന്നു" എന്ന വാക്കിനു പകരം "അൻപത്തി ആറ് " എന്ന വാക്ക് ചേർക്കുക.

498. ഖണ്ഡം 13 (6) താഴെപ്പറയും പ്രകാരം മാറ്റുക.

“ (6) (5)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ളവയ്ക്ക് വിധേയരാണെങ്കിലും വൈസ് ചാൻസലർമാരായി ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് പുനർ നിയമത്തിന് അർഹമല്ലാത്തതുമാണ്.” "

507. ഖണ്ഡം 13(7)താഴെപ്പറയും പ്രകാരം മാറ്റുക:-

"താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ് ചാൻസലറുടെ ഒഴിവു വരുന്ന പക്ഷം ഒഴിവ് കാലയളവിൽ അടുത്ത വൈസ് ചാൻസലർ നിയമിതനാകുന്നതുവരെയോ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വൈസ് ചാൻസലർ പദവിയിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ് "

513. ഖണ്ഡം 13 (11)-ൽ "ഒരു മാസത്തെ" എന്ന വാക്കുകൾക്കു പകരം "മൂന്നു മാസത്തെ" എന്നീ വാക്കുകൾ ചേർക്കുക.

522. ഖണ്ഡം 13 (12)(iv)ന് ശേഷം താഴെപ്പറയുന്ന ഇനം കൂടി ചേർക്കുക.

"(v) വൈസ് ചാൻസലറായി നിയോഗിക്കപ്പെട്ടയാൾ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളിലെ അപാകതകളും വ്യാജസർട്ടിഫിക്കറ്റുകളും നല്കി തെറ്റായ രീതിയിൽ നിയമനം തരപ്പെടുത്തൽ".

471 -ൽ പ്രഥമ വൈസ്ചാൻസലറെ 'സർക്കാരിന്റെ ശിപാർശയിന്മേൽ' എന്നൊരു പദം ഉണ്ട്. 'സർക്കാരിന്റെ ശിപാർശയിന്മേൽ' എന്ന വാക്കുകൾക്ക് പകരം മുഖ്യമന്ത്രി/ പ്രതിപക്ഷനേതാവ്/ ചീഫ് ജസ്റ്റിസ്/ എന്നിവരടങ്ങുന്ന ഒരു സമിതി തീരുമാനിക്കുന്ന മൂന്നംഗ ലിസ്റ്റിൽ എന്നത് ചേർക്കണം എന്നുള്ളതാണ്.

479 13 (4)- ൽ "മൂന്ന് ആളുകളിൽ" എന്ന വാക്കുകൾക്ക് പകരം "സർവ്വകലാശാല പഠനവിഷയങ്ങളിൽ മാത്രം പ്രഗത്ഭരായ അഞ്ചുപേരിൽ" നിന്ന് എന്ന വാക്ക് ആക്കി മാറ്റണം.

479. 13 (4) ൽ "മൂന്ന് ആളുകളിൽ" എന്ന വാക്കുകൾക്ക് പകരം "സർവ്വകലാശാല പഠനവിഷയങ്ങളിൽ മാത്രം പ്രഗത്ഭരായ അഞ്ചുപേരിൽ" നിന്ന് എന്ന വാക്ക് ആക്കി മാറ്റണം.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

472. ഖണ്ഡം 13 (2)-ൽ "ഒരു അന്വേഷണ സമിതി ശിപാർശ ചെയ്യുന്ന പാനലിലെ പേരുകളിൽ നിന്നും" എന്ന വാക്കുകൾക്കു ശേഷം "സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

"ഒരു അന്വേഷണ സമിതി ശിപാർശ ചെയ്യുന്ന പാനലിലെ പേരുകളിൽ നിന്നും" എന്ന വാക്കുകൾക്കു ശേഷം "സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച്" ഇന്നത്തെ സാഹചര്യത്തിൽ ഇത് പ്രസക്തമാണെന്ന് തോന്നുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

473. ഖണ്ഡം 13 (2)(iii) ന ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:-

"(iv) സംസ്ഥാന നിയമസഭാംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു നിയമസഭാംഗം."

499. ഖണ്ഡം 13 (7) ൽ.

" പ്രോ-വൈസ്-ചാൻസലറെയോ "എന്ന വാക്ക് ഒഴിവാക്കുക.

മൂന്നു പേർ എന്നുള്ളത് നാലുപേരായാലും കുഴപ്പമില്ല. 'സംസ്ഥാന നിയമസഭയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം' എന്നു കൂടി ചേർക്കണം എന്നുള്ള ഒരു ഭേദഗതിയാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

478. ഖണ്ഡം 13 (3) ൽ "മൂന്നു മാസത്തിനകം" എന്നതിന് പകരം "രണ്ടുമാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

480. ഖണ്ഡം 13(4)-ൽ "പേരുകൾ" എന്നവാക്കിനു ശേഷം "ഇംഗ്ലീഷ്" എന്ന

വാക്ക് ചേർക്കുക.

482. ഖണ്ഡം13(4)-ൽ "ഏകകകണ്ഠമായ" എന്നതിനു പകരം "ഐകകണ്ഠേന" എന്ന വാക്ക് ചേർക്കുക.

495. ഖണ്ഡം 13 (5) ൽ , "വഹിക്കേണ്ടതുമാണ് " എന്നതിനു പകരം "വഹിക്കാവുന്നതാണ് " എന്ന വാക്ക് ചേർക്കുക.

509. ഖണ്ഡം 13(8)-ൽ "ഒരു " എന്ന വാക്ക് ഒഴിവാക്കുക.

518. ഖണ്ഡം 13 (12) (iv)-ൽ "ചെയ്യുകയോ;" എന്നതിന് ശേഷം, "ഒരു മെഡിക്കൽ ബോർഡ് അത് അംഗീകരിക്കുകയോ;" എന്ന് ചേർക്കുക.

521. ഖണ്ഡം 13 (12) (iv)-നു ശേഷം, താഴെപ്പറയുന്ന ഇനം ചേർക്കുക:-

"(v) സർവ്വകലാശാലയുടെ ആക്റ്റിനും ചട്ടങ്ങൾക്കും, സ്റ്റാറ്റ്യൂട്ടിനും റെഗുലേഷനും.

480-ൽ പേരുകൾ അക്ഷരമാലാക്രമത്തിൽ ആയിരിക്കേണ്ടതാണ്. വി.സി.ക്ക് അയയ്ക്കേണ്ടത് ഇംഗ്ലീഷിൽ ആക്കണം. ഞാൻ അത് ഇതിലെഴുതിയിട്ടില്ല. ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ ആക്കുന്നതാണ് നല്ലത്.

482.-ൽ "ഏകകകണ്ഠമായ" എന്നത് ഒരു അക്ഷതെറ്റാണ്. "ഐകകണ്ഠേന" എന്ന വാക്ക് ചേർക്കണം. അത് സ്വീകരിക്കാം എന്നാണ് എന്റെ അഭിപ്രായം.

495-ൽ വൈസ്ചാൻസലർക്ക് 65 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഉദ്യോഗം 'വഹിക്കേണ്ടതാണ്' എന്നാണ്. വഹിക്കേണ്ടതാണെന്ന് അദ്ദേഹത്തെ നിർബന്ധിക്കാൻ പറ്റില്ല. 'വഹിക്കാവുന്നതാണ്' എന്നുള്ളതാണ് ശരി. അദ്ദേഹം രാജി വച്ച് പോകുകയാണെങ്കിൽ 'വഹിക്കേണ്ടതാണ്' എന്നുപറഞ്ഞാൽ 61 വയസ്സ് വരെ ഇരിക്കണം എന്നില്ല. രാജി വച്ച് പോകുകയാണെങ്കിൽ അദ്ദേഹത്തിന് ഉദ്യോഗം 'വഹിക്കേണ്ടതാണ്' എന്നുള്ളതിനുപകരം 'വഹിക്കാവുന്നതുമാണ് 'എന്നുള്ളതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

481. ഖണ്ഡം 13(4)-ൽ "അനുയോജ്യതയുടെ" എന്നതിനു പകരം "യോഗ്യതകളുടെ" എന്നു ചേർക്കുക.

489. ഖണ്ഡം 13(5)-ൽ "അറുപത്തിയൊന്നു" എന്നതിനു പകരം "എഴുപത്" എന്ന വാക്ക് ചേർക്കുക.

494. ഖണ്ഡം 13 (5) ൽ, "അറുപത്തിയഞ്ച്" എന്നതിനു പകരം "എഴുപത്തിയഞ്ച്" എന്ന് ചേർക്കുക.

497. ഖണ്ഡം 13 (6) ഒഴിവാക്കുക.

481. -ൽ "അനുയോജ്യതയുടെ" എന്നതിനു പകരം "യോഗ്യതകളുടെ" എന്നു ചേർക്കുക എന്നുള്ളതാണ്. ഇത് ഒന്നെങ്കിലും സ്വീകരിക്കണം.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

483. ഖണ്ഡം13(4)-ൽ "ശിപാർശ ചെയ്യുവാൻ സമിതി പരാജയപ്പെടുന്ന" എന്നതിനു ശേഷം "പക്ഷം ഭൂരിപക്ഷ പ്രകാരം തീരുമാനിക്കാവുന്നതാണ്"എന്നു ചേർക്കുകയും അതിനു ശേഷം വരുന്നത് ഒഴിവാക്കുകയും ചെയ്യുക.

490. ഖണ്ഡം 13 (5) ലെ "അറുപത്തിയൊന്നു" എന്നതിന് പകരം "അറുപത് " എന്ന വാക്ക് ചേർക്കുക.

491. ഖണ്ഡം 13 (5) ലെ, "നാലു" എന്ന വാക്കിനു പകരം "അഞ്ച് " എന്ന വാക്ക് ചേർക്കുക.

512. ഖണ്ഡം 13 (11)-ലെ "ഒരു മാസത്തെ" എന്ന വാക്കുകൾക്കു പകരം "പതിനഞ്ച് ദിവസത്തെ" എന്നീ വാക്കുകൾ ചേർക്കുക.

483-ൽ വൈസ് ചാൻസലറെ തീരുമാനിക്കാവുന്ന മൂന്നംഗ സമിതി ഐകകണ്ഠേന

തീരുമാനം എടുത്തില്ലെങ്കിൽ മൂന്ന് സമിതി അംഗങ്ങളും മൂന്നു പേരുകൾ ഒട്ടിച്ച കവറിൽ ചാൻസലറെ ഏല്പിക്കണം എന്നാണ്. ഐകകണ്ഠേന ഒരു തീരുമാനം എടുക്കാനായില്ലെങ്കിൽ എന്തുകൊണ്ട് ഭൂരിപക്ഷ തീരുമാനപ്രകാരം എടുത്തുകൂടാ? അവിടെ ഭൂരിപക്ഷ തീരുമാനം എടുക്കാതെ മുഴുവൻ അധികാരവും ചാൻസലറായ ഗവർണ്ണർക്ക് കൊടുക്കേണ്ടതുണ്ടോ? അതുകൊണ്ട് ഐകകണ്ഠേന കഴിയില്ലെങ്കിൽ ഭൂരിപക്ഷ തീരുമാന പ്രകാരം എടുക്കാവുന്നതാണ് എന്ന് വയ്ക്കണം. ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നത് മൂന്നുമാസം മുമ്പ് എന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ഇങ്ങനെ സങ്കീർണ്ണമാകുന്ന ഒരു കാലഘട്ടത്തിൽ അടുത്ത വൈസ് ചാൻസലറെ തീരുമാനിക്കാനുള്ള നടപടിക്രമം 6 മാസം മുമ്പ് ആരംഭിക്കണമെന്ന് ഇതിൽ വയ്ക്കണമെന്നുള്ള അഭിപ്രായമാണ്.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

484. ഖണ്ഡം 13(4)-ൽ "ഒരാളുടെ പേരു വീതം" എന്നതിനു പകരം "രണ്ട് പേരു വീതം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

493. ഖണ്ഡം 13 (5) ൽ ,

(i)"അറുപത്തിയൊന്നു" എന്ന വാക്കിനു പകരം "അറുപത് " എന്ന വാക്ക് ചേർക്കുക.

(ii) “ അറുപത്തിയഞ്ച്" എന്ന വാക്കിനു പകരം "അറുപത്തിനാല്" എന്ന വാക്ക് ചേർക്കുക.

503. ഖണ്ഡം 13(7)ൽ "നിയമിക്കാവുന്നതാണ്" എന്ന വാക്കിനുപകരം "താൽക്കാലികമായി ചുമതലയേൽപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

520. ഖണ്ഡം 13 (12)(iv)നു ശേഷം, താഴെപ്പറയുന്ന ഇനം കൂടി ചേർക്കുക:-

"(v)വൈസ്ചാൻസലറായി നിയമിക്കപ്പെട്ടത് മതിയായ യോഗ്യതകളില്ലാതെയാണ് എന്ന് തെളിയുന്ന പക്ഷം".

493-ൽ അറുപത്തിയൊന്ന് വയസ്സ് എന്നു പറയുന്നത് എന്തു കണക്കാണ്? 55, 60, 65 എന്നൊക്കെ കേട്ടിട്ടുണ്ട്. ആരെയെങ്കിലും ഉദ്ദേശിച്ചാണെങ്കിൽ കുഴപ്പമില്ല. അറുപത്തിയൊന്ന് വയസ്സ് എന്നു പറയുന്നത് എന്തുകൊണ്ടാണ് എന്ന് കൃത്യമായിട്ടും മനസ്സിലാകുന്നില്ല.

520-ൽ വൈസ്ചാൻസലറായി നിയമിക്കപ്പെട്ടത് മതിയായ യോഗ്യതകൾ

ഇല്ലാത്തതിന്റെ പേരിൽ വൈസ് ചാൻസലർമാരെ remove ചെയ്തിട്ടുള്ള സംസ്ഥാനമാണ് കേരളം. അതുകൂടി അയോഗ്യതയുടെ ഒരു കാരണമായി കൊണ്ടുവരണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

521. ഖണ്ഡം 13 (12) (iv)-നു ശേഷം, താഴെപ്പറയുന്ന ഇനം ചേർക്കുക:-

"(v) സർവ്വകലാശാലയുടെ ആക്ടിനും ചട്ടങ്ങൾക്കും സ്റ്റാറ്റ്യൂട്ടിനും റെഗുലേഷന് വിരുദ്ധമായി അധികാര ദുർവിനിയോഗം നടത്തുകയോ നിർണ്ണയിക്കപ്പെട്ട അധികാരപരിധി ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനംമൂലം ഭരണസ്തംഭനമുണ്ടാകുകയോ എന്ന് സർക്കാരിന് ബോധ്യമാകുന്നപക്ഷം വൈസ് -ചാൻസലറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ചാൻസലറോട് ശിപാർശചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

521. വൈസ് ചാൻസലറുമായി ബന്ധപ്പെട്ട സംഗതിയാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഒരു consensus ഉണ്ടായതാണ്. പക്ഷെ ഇപ്പോൾ റിപ്പോർട്ടിൽ കാണുന്നില്ല. സർവ്വകലാശാലയുടെ ആക്ടിനും ചട്ടങ്ങൾക്കും സ്റ്റാറ്റ്യൂട്ടിനും റെഗുലേഷനും വിരുദ്ധമായി അധികാര ദുർവിനിയോഗം നടത്തുകയോ നിർണ്ണയിക്കപ്പെട്ട അധികാരപരിധി ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനംമൂലം

ഭരണസ്തംഭനം ഉണ്ടാകുകയോ എന്ന് സർക്കാരിന് ബോധ്യമാകുന്ന പക്ഷം വൈസ്ചാൻസലറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ചാൻസലറോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ് എന്നുള്ളതാണ് ക്ലോസ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. വർത്താനകാലത്തിൽ ഏറെ പ്രസക്തിയുള്ള കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഇത് പരിഗണിക്കണം. അങ്ങേയ്ക്ക് തന്നെ ഈ ക്ലോസ് ഓർമ്മയുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

496. ഖണ്ഡം 13 (5) താഴെപ്പറയും പ്രകാരം മാറ്റുക:-

" 60 വയസ്സിൽ കൂടുതൽ പ്രായമുള്ള ആരെയും വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലു വർഷക്കാലയളവിലേയ്ക്കായിരിക്കും."

496 -ൽ " 60 വയസ്സിൽ കൂടുതൽ പ്രായമുള്ള ആരെയും വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമത്തിനുശേഷം അദ്ദേഹത്തിന്റെ

നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലു വർഷക്കാലയളവിലേയ്ക്കായിരിക്കും." എന്ന് നിജപ്പെടുത്തണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

500. ഖണ്ഡം 13(7)ൽ "ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയോ" എന്നതിന് ശേഷം "സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയെയോ" എന്ന് ചേർക്കുക.

488-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുണ്ട്.

മി.സ്പീക്കർ: 488-ാം നമ്പർ ഭേദഗതി 490-ാം നമ്പർ ഭേദഗതിക്ക് തുല്യമായതുകൊണ്ട് അവതരിപ്പിക്കാൻ പറ്റില്ല. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പ്രോ-വൈസ്ചാൻസലർക്ക് 60 വയസ്സും വൈസ് ചാൻസലർക്ക് 61 വയസ്സുമാണ് വച്ചിരിക്കുന്നത്. ഇതിന് ഒരു ക്ലാരിറ്റി വേണ്ടേ. നമ്മൾ നിയമമുണ്ടാക്കുകയല്ലേ; അതുകൊണ്ട് ഗവൺമെന്റ് അത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അല്ലെങ്കിൽ അത് വലിയ അനോമലിയായി നിൽക്കും.

<u>ശ്രീ. വർക്കല കഹാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

501 ഖണ്ഡം 13(7)ൽ "ആറുമാസത്തിൽ കവിയാത്ത" എന്നതിന് പകരം "അഞ്ച് മാസത്തിൽ കവിയാത്ത" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

502. ഖണ്ഡം 13(7)ലെ "നിയമിക്കാവുന്നതാണ്" എന്ന വാക്കിനു മുൻപ് "താൽക്കാലികമായി" എന്ന വാക്ക് ചേർക്കുക.

505 ഖണ്ഡം 13(7)(iii) ലെ " അസുഖംമൂലമോ അല്ലെങ്കിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

514. ഖണ്ഡം 13 (11) താഴെ പറയും പ്രകാരം മാറ്റുക:-

"(11) 30 ദിവസം മുൻകൂറായി രേഖാമൂലമുള്ള അറിയിപ്പ് ചാൻസലർക്ക് നൽകിയശേഷം, വൈസ്ചാൻസലർക്ക്, തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും, ചാൻസലർ രാജി സ്വീകരിക്കുന്നതോടെയോ അല്ലെങ്കിൽ പ്രസ്തുത അറിയിപ്പ് കാലാവധി തീരുന്നതോടെയോ, ഏതാണോ ആദ്യം വരുന്നത് അന്ന് ഔദ്യോഗിക

പദവി അവസാനിക്കുന്നതുമാണ്".

515. ഖണ്ഡം 13 (12) (ii) താഴെ പറയും പ്രകാരം മാറ്റുക.

"(ii) അസാന്മാർഗികത ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിലോ മറ്റ് ക്രിമിനൽ കുറ്റകൃത്യത്തിലോ കുറ്റകൃത്യങ്ങളിലോ ഏതെങ്കിലും കോടതി കുറ്റസ്ഥാപനം നടത്തുകയോ ചട്ടം 10 (4) പ്രകാരം വിവരിക്കുന്ന നടപടിക്രമം ആവശ്യപ്പെടുകയോ; ”

516. ഖണ്ഡം 13 (12)(iv) ലെ "ശാരീരിക"എന്ന വാക്കിനുശേഷം "മാനസിക" എന്ന വാക്ക് ചേർക്കുക.

എന്റെ 486-ാം നമ്പർ ഭേദഗതിയുണ്ടായിരുന്നു.

മി. സ്പീക്കർ: അങ്ങയുടെ 486-ാം നമ്പർ ഭേദഗതി 490-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. അതുകൊണ്ട് അവതരിപ്പിക്കാൻ കഴിയില്ല. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, 486-ാം നമ്പർ ഭേദഗതിയിൽ 61 വയസ്സിന് യാതൊരു പവിത്രതയുമില്ല. അതുകൊണ്ട് ബാക്കിയുള്ളവർ പറഞ്ഞതുപോലെ 60 വയസ്സാക്കുകയെന്നുള്ളതാണ്. ശാരീരികമായുള്ള കോശങ്ങളുടെ വളർച്ചയോ റേഡിയോളജിക്കലായ പ്രാധാന്യമോ ശാസ്ത്രീയമായ എന്തെങ്കിലുമൊന്ന് 61-നുണ്ടെന്ന് തോന്നുന്നില്ല. അത് ഒഴിവാക്കി 60 ആക്കണം.

514-ാം നമ്പർ ഭേദഗതിയിൽ " ഖണ്ഡം 13 (11)-ൽ 30 ദിവസം മുൻകൂറായി രേഖാമൂലമുള്ള അറിയിപ്പ് ചാൻസലർക്ക് നൽകിയശേഷം, വൈസ്-ചാൻസലർക്ക്, തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും, ചാൻസലർ രാജി സ്വീകരിക്കുന്നതോടെയോ അല്ലെങ്കിൽ പ്രസ്തുത അറിയിപ്പ് കാലാവധി തീരുന്നതോടെയോ, ഏതാണോ ആദ്യം വരുന്നത് അന്ന് ഔദ്യോഗിക പദവി അവസാനിക്കുന്നതുമാണ്" എന്ന് ചേർക്കേണ്ടതാണ്. 516-ൽ 13 (12) (iv) ലെ "ശാരീരിക"എന്ന വാക്കിനുശേഷം "മാനസിക" എന്ന വാക്കും കൂടി ചേർക്കണം.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്ക്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

504 ഖണ്ഡം 13(7)(iii)ൽ "അവധിയോ അസുഖം മൂലമോ അല്ലെങ്കിൽ മറ്റു കാരണങ്ങളാലോ" എന്നതിനുപകരം "അവധി, അസുഖം, അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാൽ "എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

506 ഖണ്ഡം 13(7)(v)ലെ ക്ലിപ്ത നിബന്ധനയിൽ " തീയതിയിൽ " എന്ന വാക്കിനുപകരം " തീയതിയിലോ, പുതുതായി നിയമിക്കപ്പെടുന്ന

വൈസ് ചാൻസലർ ചുമതല ഏല്ക്കുന്ന തീയിതിയിലോ "എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

508. ഖണ്ഡം 13(7)താഴെപ്പറയും പ്രകാരം മാറ്റുക:-

"(7) താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ് ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്ന പക്ഷം പ്രൊ-വൈസ് ചാൻസലർ വൈസ് ചാൻസലറുടെ അധികാരങ്ങൾ നിർവ്വഹിക്കേണ്ടതാണ് "

എല്ലാ സർവ്വകലാശാലകളിലും പ്രോ-വൈസ് ചാൻസലർക്കാണ് അധികാരം. ഇവിടെ പ്രോ-വൈസ്ചാൻസലർക്കോ ഗവൺമെന്റ് സെക്രട്ടറിക്കോ എന്നെല്ലാം പറഞ്ഞാണ് കൊടുത്തിരിക്കുന്നത്. അത് വ്യക്തമായി പ്രോവൈസ് ചാൻസലർ അധികാരം നിർവ്വഹിക്കണമെന്ന് ആക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

510. ഖണ്ഡം 13 (8)-ൽ "ഒരു മുഴുവൻ സമയ ശമ്പളം പറ്റുന്ന

ഓഫീസറായിരിക്കുന്നതാണ്" എന്നതിന് പകരം "ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഓഫീസർ ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

517. ഖണ്ഡം 13 (12) (iv)-ൽ "കഴിവില്ലാതാകുകയും" എന്ന വാക്ക് ഒഴിവാക്കുക.

510-ാം നമ്പർ ഭേദഗതിയിൽ വാചകത്തിന്റെ ഒരു കൺസ്ട്രക്ഷൻ മിസ്റ്റേക്കാണ്. വൈസ് ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ശമ്പളം പറ്റുന്ന ഓഫീസറായിരിക്കണം. അങ്ങനെ പറയുന്നത് ശരിയല്ല. ഒരു മുഴുവൻ സമയ ശമ്പളം പറ്റുന്ന ഓഫീസറായിരിക്കുന്നതാണ് എന്നതിന് പകരം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഓഫീസർ ആയിരിക്കുന്നതാണ് എന്ന് ചേർക്കണം. വാക്യത്തിന്റെ കൺസ്ട്രക്ഷൻ പോലും ശരിയല്ല. 517- ാം നമ്പർ ഭേദഗതിയിൽ ദീർഘകാലത്തെ രോഗമോ അല്ലെങ്കിൽ ശാരീരിക വൈകല്യം കാരണമോ ചുമതലകൾ നിർവ്വഹിക്കാൻ ശാരീരികമായി പ്രാപ്തി ഇല്ലാതാവുകയും കഴിവില്ലാതാവുകയും ഇതുരണ്ടും ഒന്നുതന്നെയാണ്. പ്രാപ്തിയില്ലെങ്കിൽ പിന്നെ കഴിവുമില്ല. അതുകൊണ്ട് ഇതിൽ ഏതെങ്കിലും ഒരു വാക്ക് മതി.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

511. ഖണ്ഡം 13 (8) താഴെപ്പറയും പ്രകാരം മാറ്റുക.

“ (8) വൈസ്ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ് ".

519. ഖണ്ഡം 13 (12)-ൽ

(i) ഇനം (iv) നുശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

"(v) ചാൻസലറുടെ/പ്രോ-ചാൻസലറുടെ അനുമതിയില്ലാതെ ഔദ്യോഗിക ചുമതലകളിൽ നിന്നും വിട്ടുനിൽക്കുകയോ;"

(ii) ക്ലിപ്ത നിബന്ധനയിൽ "(iv)-ാം "എന്നത് മാറ്റി പകരം "(iv)ഉം (v)ഉം" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : പ്രോ-വൈസ് ചാൻസലറെ അല്ല ചാർജ് ഏൽപിക്കേണ്ടത് ഒന്നുകിൽ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ വേറെയേതെങ്കിലും വൈസ്-ചാൻസലറെ വേണം ചാർജ്ജ് ഏൽപ്പിക്കേണ്ടത്. അതുകൊണ്ട് പ്രോ-വൈസ് ചാൻസലർ എന്ന പദം നീക്കം ചെയ്യണം എന്നതാണ് ഞാൻ നേരത്തെ അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 493-ാം നമ്പർ ദേഭഗതി

പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. ഡി. സതീശൻ: പ്രസ് ചെയ്യുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പിൻവലിക്കാമോ എന്ന പ്രശ്നത്തെ

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ.പി.ബി അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. സി.എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്ജ്
21. ശ്രീ. പി.സി. ജോർജ്ജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ.സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ.എൻ.എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി

36. ശ്രീ. സി. പി. മുഹമ്മദ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. മോൻസ് ജോസഫ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം.കെ.മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

47. ശ്രീ. രമേശ് ചെന്നിത്തല

48. ശ്രീ. പാലോട് രവി

49. ശ്രീ. റോഷി അഗസ്റ്റിൻ

50. ശ്രീ. കെ. എസ്. ശബരിനാഥൻ

51. ശ്രീ. വി. പി. സജീന്ദ്രൻ

52. ശ്രീ. വി.ഡി. സതീശൻ

53. ശ്രീ. ആർ. സെൽവരാജ്

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ. എം. ഷാജി

56. ശ്രീ. എൻ. ഷംസുദ്ദീൻ

57. ശ്രീ. ഷിബു ബേബി ജോൺ

58. ശ്രീ. കെ. ശിവദാസൻ നായർ

59. ശ്രീ. വി. എസ്. ശിവകുമാർ

60. ശ്രീ. സണ്ണി ജോസഫ്

61. ശ്രീ. സി. എഫ്. തോമസ്

62. ശ്രീ. തോമസ് ഉണ്ണിയാടൻ

63. ശ്രീ. പി. ഉബൈദുള്ള

64. ശ്രീ. എം. ഉമ്മർ

65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

66. ശ്രീ. എം. പി. വിൻസെന്റ്

67. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീമതി പി. അയിഷാ പോറ്റി

2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

3. ശ്രീ. എ. കെ. ബാലൻ

4. ശ്രീമതി ഇ. എസ്. ബിജിമോൾ

5. ശ്രീ. ഇ. ചന്ദ്രശേഖരൻ

6. ശ്രീ. വി. ചെന്താമരാക്ഷൻ

7. ശ്രീ. കെ. ദാസൻ

8. ശ്രീ. ബി. ഡി. ദേവസ്സി

9. ശ്രീ. സി. ദിവാകരൻ

10. ശ്രീമതി ഗീതാ ഗോപി

11. ശ്രീ. എം. ഹംസ

12. ശ്രീമതി ജമീലാ പ്രകാശം
13. ഡോ. കെ. ടി. ജലീൽ
14. ശ്രീ. ജി. എസ്. ജയലാൽ
15. ശ്രീ. ജോസ് തെറ്റയിൽ
16. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
17. ശ്രീമതി കെ. കെ. ലതിക
18. ശ്രീ. സി.കെ. നാണു
19. ശ്രീ. കെ. കെ. നാരായണൻ
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. പി. ടി. എ. റഹീം
22. ശ്രീ. ആർ. രാജേഷ്
23. ശ്രീ. റ്റി. വി. രാജേഷ്
24. ശ്രീ. കെ. രാജു
25. ശ്രീ. സി. കെ. സദാശിവൻ
26. ശ്രീ. സാജു പോൾ
27. ശ്രീമതി കെ. എസ്. സലീഖ
28. ശ്രീ. എസ്. ശർമ്മ
29. ശ്രീ. വി. ശശി
30. ശ്രീ. എ. കെ. ശശീന്ദ്രൻ
31. ശ്രീ. വി. ശിവൻകുട്ടി
32. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
33. ശ്രീ. വി. എസ്. സുനിൽ കുമാർ

34. ശ്രീ. കെ. സുരേഷ് കുറുപ്പ്

35. ശ്രീ. ഇ. കെ. വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പിൻവലിക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ - 67

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി 35-നെതിരെ 67 വോട്ടുകളോടെ പിൻവലിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 480, 521 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. ബി.അബ്ദുൾ റസാക് അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 470-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 480, 521 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 471, 474, 476, 479, 492, 498, 507, 513, 522 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 473, 499 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 478-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 481, 489, 494, 497 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 482, 495, 509, 518 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 483, 490, 491, 512 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 484-ാം നമ്പർ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 488, 500 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 493, 503, 520 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 502, 505, 514, 515, 516 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 508-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 510, 517 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 511, 519 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതിചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 14-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

523. ഖണ്ഡം 14 (7)-ൽ 'ബോർഡ് ഓഫ് ഗവർണേഴ്സിന്റെ' എന്നീ വാക്കുകൾക്കുപകരം 'നിർവ്വാഹക സമിതിയുടെ' എന്നീ വാക്കുകൾ ചേർക്കുക.

524. ഖണ്ഡം 14 (8)-ൽ 'ബോർഡ് ഓഫ് ഗവർണേഴ്സിന്റെ' എന്നീ വാക്കുകൾക്കുപകരം 'നിർവ്വാഹക സമിതിയുടെ' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

525. ഖണ്ഡം 14 (3)-ൽ 'ബോർഡ് ഓഫ് ഗവർണേഴ്സിന്റെ' എന്നീ വാക്കുകൾക്കു ശേഷം 'ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

526. ഖണ്ഡം 14 (5) ഒഴിവാക്കി ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

527. ഖണ്ഡം 14 (5)-ൽ 'അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ' എന്നീ വാക്കുകൾക്കു ശേഷം 'അഭിപ്രായവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ' എന്നീ വാക്കുകൾ ചേർക്കുക.

539. ഖണ്ഡം 14 (11)-ലെ 'ജീവനക്കാരെ' എന്ന വാക്കിനുശേഷം

'അച്ചടക്കലംഘനത്തിനോ ജീവനക്കാരുടെ സേവന ചട്ടങ്ങളുടെ ലംഘനത്തിനോ മറ്റ് നിർണ്ണയിക്കപ്പെടാവുന്ന കുറ്റങ്ങൾക്കോ' എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ 528-ാം ഭേദഗതി അവതരിപ്പിക്കുന്നു.

528. ഖണ്ഡം 14 (6) ഒഴിവാക്കി ബാക്കിയുള്ളവ പുനരക്കം ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ 529, 536 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

529. ഖണ്ഡം 14 (6)-ൽ 'കഴിയുന്നത്രവേഗം' എന്ന വാക്കിന് പകരം 'ഒരു മാസത്തിനുള്ളിൽ' എന്നീ വാക്കുകൾ ചേർക്കുക.

536. ഖണ്ഡം 14 (9)-ൽ 'ചെലവ്' എന്ന വാക്കിന് പകരം '48-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സർവ്വകലാശാല നിധി കൈകാര്യം' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, എന്റെ 530, 533 എന്നീ ഭേദഗതികൾ മന്ത്രി അത് ഒഫിഷ്യൽ ഭേദഗതിയായി കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

531. ഖണ്ഡം 14 (7) താഴെപ്പറയും പ്രകാരം മാറ്റുക:

'സർവ്വകലാശാല അധ്യാപകരെ വൈസ് ചാൻസലർ നിയമിക്കുന്നതിനുപകരം പി.എസ്.സി. മുഖേന നിയമിക്കണമെന്നതാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻതാഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

534. ഖണ്ഡം 14 (8) താഴെപ്പറയും പ്രകാരം മാറ്റുക:

'സർവ്വകലാശാലകളിലെ ഡെപ്യൂട്ടി രജിസ്ട്രാറുടെ പദവിക്കും അതിനുമുകളിലുള്ള ഉദ്യോഗസ്ഥരെയും വൈസ് ചാൻസലർ ആണ് നിയമിക്കുന്നത്. അതൊരു പ്രൊമോഷൻ പോസ്റ്റ് ആണ്. അതുകൊണ്ട് ഡെപ്യൂട്ടി രജിസ്ട്രാർ പദവിക്കും അതിനുമുകളിലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും പ്രൊമോഷൻ നിയമനങ്ങൾ നിയമചട്ട വ്യവസ്ഥകൾക്കും യോഗ്യതാ മാനദണ്ഡങ്ങൾക്കും സീനിയോറിറ്റിക്കും വിധേയമായി വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്'.

545. ഖണ്ഡം 14 (14)-ൽ 'വൈസ് ചാൻസലർക്ക് നൽകിയിട്ടുള്ള' എന്നീ വാക്കുകൾക്കു പകരം 'വൈസ് ചാൻസലർക്ക് ഭരണമേൽപ്പിച്ചിട്ടുള്ള' എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

535. ഖണ്ഡം 14(8) താഴെപ്പറയും പ്രകാരം മാറ്റുക :

" (8) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ സർവ്വകലാശാലയിലെ ഡെപ്യൂട്ടി രജിസ്ട്രാറുടെ പദവി വരെയുള്ള എല്ലാ ഉദ്യോഗസ്ഥരെയും വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്."

ഖണ്ഡം 14 (8)-ൽ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥന്മാരിൽ ഡെപ്യൂട്ടി രജിസ്ട്രാറുടെ പദവിക്കും അതിനുമുകളിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും വൈസ് ചാൻസലർ നിയമിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഡെപ്യൂട്ടി രജിസ്ട്രാറുടെ പദവി വരെയുള്ള എല്ലാ ഉദ്യോഗസ്ഥരെയും എന്ന് ഭേദഗതി ചെയ്യണമെന്നതാണ് എന്റെ നിർദ്ദേശം.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

537. ഖണ്ഡം 14 (9)-ന് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷമുള്ളവ പുനരക്കം ചെയ്യുക:

"(10) വൈസ് ചാൻസലർ തന്റെ എല്ലാ പ്രവർത്തനങ്ങളും യഥാസമയം

വിദ്യാഭ്യാസ സെക്രട്ടറിയെയും, ആവശ്യമെങ്കിൽ വിദ്യാഭ്യാസ സെക്രട്ടറിയുടെ അഭിപ്രായം ആരായേണ്ടതും ശേഷമുള്ളവയ്ക്കും ചാൻസലറുടെ അനുമതിപത്രം വാങ്ങേണ്ടതും ശേഷം മാത്രം തുടർനടപടികളിലേക്കുള്ള തീരുമാനങ്ങൾ സ്വീകരിക്കേണ്ടതുമാണ്" .

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

538. ഖണ്ഡം 14 (10)-ൽ 'അപ്രകാരം' എന്ന വാക്കിനുശേഷം 'ചെയ്ത ശേഷം' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

540. ഖണ്ഡം 14 (11)-ൽ 'കുറ്റവിമുക്തമാക്കുന്നതിനും പിരിച്ചുവിടുന്നതിനും അല്ലെങ്കിൽ മറ്റ് വിധത്തിൽ' എന്നീ വാക്കുകൾക്കു പകരം 'പിരിച്ചുവിടൽ ഉൾപ്പെടെ' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 14 (11) താഴെപ്പറയും പ്രകാരം മാറ്റുക.

'(11) സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കും നിർവ്വാഹകസമിതിയുടെ അംഗീകാരത്തിനും വിധേയമായി വൈസ് ചാൻസലർക്ക്

സർവ്വകലാശാലാ ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുന്നതിനും അവരുടെ ഭാഗം പ്രതിരോധിക്കുന്നതിന് ന്യായമായ അവസരം നൽകി യഥാവിധി തിരിച്ചെടുക്കുന്നതിനോ, കുറ്റവിമുക്തമാക്കുന്നതിനോ കുറ്റസ്ഥാപനത്തിന്മേൽ അച്ചടക്കനടപടിയുടെ ഭാഗമായി പിരിച്ചുവിടുന്നതിനോ അധികാരമുണ്ടായിരിക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

543. ഖണ്ഡം 14(12)-ൽ, " അനുസൃതമായി" എന്ന വാക്കിനുശേഷം "നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ" എന്നീ വാക്കുകൾ ചേർക്കുക.

എല്ലാ സമിതികളിലെയും ബോർഡിലുകളിലെയും അംഗങ്ങളെ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി വൈസ് ചാൻസലർ നിയമിക്കേണ്ടതാണ്. എന്തിനാണ് വൈസ് ചാൻസലർക്ക് ഇത്രയധികം അധികാരം കൊടുത്തിരിക്കുന്നത്. ഒന്നുകിൽ നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ വൈസ് ചാൻസലർ നിയമിക്കേണ്ടതാണെന്ന് പറയണം. മാത്രമല്ല ആക്ടിൽ ഓപ്പൺ ചെയ്യാത്ത ഒരു പ്രൊവിഷൻ എങ്ങനെയാണ് സ്റ്റ്യാറ്റൂട്ടിൽ ഓപ്പൺ ചെയ്യാൻ പോകുന്നത്. ആക്ടിൽ ഓപ്പൺ ചെയ്തിട്ടില്ല. അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ട്

വഴി നിർണയിക്കപ്പെടേണ്ടതാണെന്ന് ആക്ടിൽ കൃത്യമായി പറയണം. ഇത് രണ്ടും ഇല്ലാത്ത കാര്യം... ഒരു വ്യവസ്ഥാപിതമായ മാർഗ്ഗത്തിലല്ല ഇത് ചെയ്തിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 14 (13)-ൽ 'സർവ്വകലാശാല ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് ആനുകാലികമായി' എന്നീ വാക്കുകൾക്കു പകരം 'സർവ്വകലാശാലയുടെ ഒരു വാർഷിക പ്രവർത്തന റിപ്പോർട്ട്' എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 523, 524 എന്നീ നമ്പർ ഒഫീഷ്യൽ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 525-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 526-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 527, 539 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 529, 536 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 530, 533 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 531-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 534, 545 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 535-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 538-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 15-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

546. ഖണ്ഡം 15(1) :- ൽ "സാങ്കേതിക ശാസ്ത്രരംഗത്ത്" എന്നീ വാക്കുകൾക്കു

ശേഷം "വാനനിരീക്ഷണരംഗത്ത്, പ്രകൃതി/കാലാവസ്ഥാ നിരീക്ഷണ രംഗത്ത്" എന്നീ വാക്കുകൾ ചേർക്കുക.

549. ഖണ്ഡം 15(2) – ൽ 'അറുപത് ' എന്ന വാക്കിനു പകരം "അൻപത്തി ആറ്" എന്നീ വാക്കുകൾ ചേർക്കുക.

552. ഖണ്ഡം 15(3) – ൽ 'നാലുവർഷക്കാലം' എന്നതിനു പകരം "മൂന്നുവർഷക്കാലം" എന്നത് ചേർക്കുക.

554. ഖണ്ഡം 15(3) – ൽ "നാലുവർഷക്കാലം" എന്ന വാക്കിനു ശേഷം വരുന്ന വാക്കുകൾക്കു പകരം "ആയിരിക്കുന്നതുമാണ്" എന്ന വാക്കു ചേർക്കുക.

559. ഖണ്ഡം 15(4)-ൽ 'ചാൻസലർ' എന്ന വാക്കിനു പകരം "സർക്കാർ നിഷ്കർഷിക്കുന്നതു പ്രകാരമുള്ളവ പരിശോധിച്ച് ചാൻസലർ" എന്നീ വാക്കുകൾ ചേർക്കുക.

562. ഖണ്ഡം 15(5) – ൽ "വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച്" എന്നീ വാക്കുകൾക്കു പകരം "വൈസ്-ചാൻസലർ വകുപ്പ് സെക്രട്ടറിയുമായും സർക്കാരുമായും കൂടിയാലോചിച്ച് തീരുമാനമെടുത്തതിനുശേഷം ചാൻസലർക്ക് നൽകുകയും അതിൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

547. ഖണ്ഡം 15(1) ലെ "സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന"എന്നീ വാക്കുകൾക്കു പകരം "സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

548. ഖണ്ഡം 15(1) - ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

560. ഖണ്ഡം 15(4)-ൽ "ചാൻസലർ തീരുമാനിക്കുന്ന പ്രകാരം" എന്നീ വാക്കുകൾക്കു പകരം "സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടുന്നത്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

550. ഖണ്ഡം 15(2) - ൽ "അറുപത്" എന്ന വാക്കിനു പകരം "അറുപത്തി ഒന്ന്" എന്നീ വാക്കുകൾ ചേർക്കുക.

555. ഖണ്ഡം 15(3) - ലെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

551. ഖണ്ഡം 15(2) - ൽ 'അറുപത് ' എന്ന വാക്കിനു പകരം 'അറുപത്തി അഞ്ച് ' എന്നീ വാക്കുകൾ ചേർക്കുക.

556. ഖണ്ഡം 15(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അറുപത് വയസ്സു പൂർത്തിയായ" എന്നതിനു പകരം "അറുപത്തിഅഞ്ചു വയസ്സു കഴിഞ്ഞ" എന്നതു ചേർക്കുക.

557. ഖണ്ഡം 15(4)-ൽ "ചാൻസലർ" എന്ന വാക്കിനു മുമ്പ് "സർക്കാർ നിർദ്ദേശമനുസരിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

553. ഖണ്ഡം 15(3) - ൽ "നാലുവർഷക്കാലം" എന്നതിനു പകരം "നാലുവർഷമോ അല്ലെങ്കിൽ അറുപത്തിയഞ്ച് വയസ്സു തികയുന്നതു വരെ" എന്നത് ചേർക്കുക.

അതിൽ നാലുവർഷക്കാലം എന്നതിനുപകരം നാലുവർഷമോ അല്ലെങ്കിൽ അറുപത്തിയഞ്ച് വയസ്സുതികയുന്നതുവരെ അതിനു തൊട്ടുമുമ്പ് 15(2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി

നിയമിക്കാൻ പാടില്ലാത്തതാണ്. ഈ നിയമം ഇങ്ങനെ ഉണ്ടാക്കുന്നത് ഒട്ടും ശരിയല്ല. ഞാൻ എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

558. ഖണ്ഡം 15(4)-ൽ "ചാൻസലർ" എന്ന വാക്കിനു പകരം "സർക്കാർ" എന്ന വാക്കു ചേർക്കുക.

സേവന വേതന വ്യവസ്ഥകൾ ചാൻസലർ തീരുമാനിക്കും. ഗവർണ്ണർ ആണോ തീരുമാനിക്കുന്നത്. ഇതെല്ലാം ഗവർണ്ണർ തീരുമാനിക്കുമെങ്കിൽ ഗവർണർക്ക് കൊടുത്താൽ മതിയല്ലോ. സർക്കാർ തീരുമാനിക്കുമെന്ന് എഴുതണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

561. ഖണ്ഡം 15(4) താഴെ പറയുന്ന പ്രകാരം മാറ്റുക:

"(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ നിർണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്".

563. ഖണ്ഡം 15(5) താഴെ പറയുന്ന പ്രകാരം മാറ്റുക:

"(5) പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും

സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണയിക്കപ്പെടേണ്ടതാണ്".

561-ൽ പറഞ്ഞിരിക്കുന്നത് പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും ചാൻസലർ തീരുമാനിക്കുന്നതു പ്രകാരവും 563-ൽ പറഞ്ഞിരിക്കുന്നത് പ്രോ-വൈസ്-ചാൻസലറുമായി തീരുമാനിച്ച് കർത്തവ്യങ്ങളും മറ്റുകാര്യങ്ങളും വൈസ് ചാൻസലർക്ക് തീരുമാനിക്കാം. എന്തിനാണ് വൈസ് ചാൻസലർക്ക് ഇത്രയും അധികാരം കൊടുത്തിരിക്കുന്നത്? ഇത് വൈസ് ചാനസലർക്കുവേണ്ടി വൈസ് ചാൻസലർ ഉണ്ടാക്കിയിരിക്കുന്ന നിയമമാണോ? ഇത് സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണ്. ഈ ആക്ടിൽ 73 വകുപ്പുണ്ട്. ആ 73 വകുപ്പിൽ എവിടെയെങ്കിലും വൈസ് ചാൻസലർ, രജിസ്ട്രാർ, പ്രോ-വൈസ് ചാൻസലർ ഇവരുടെയെല്ലാം ശമ്പള-വേതന വ്യവസ്ഥകളും അവരുടെ കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണെന്നല്ലേ ചേർക്കേണ്ടത്. ഇങ്ങനെയൊരു നിയമമുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 546, 549, 552, 554, 559, 562 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 547-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 548, 560 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 550, 555 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 551, 556, 557 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 558-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 561, 563 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>16-ാം വകുപ്പ്</u>

<u>ശ്രീ.കെ. ശിവദാസൻ നായർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

564. ഖണ്ഡം 16(1)ൽ "മൂന്ന് പേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ" എന്നതിനു പകരം "ഒരാളെ സർക്കാർ അനുമതിയോടുകൂടി" എന്നത് ചേർക്കുക

564-ൽ രജിസ്ട്രാറുടെ നിയമനമാണ്. സെലക്ഷൻ കമ്മിറ്റി മൂന്ന് പേരുടെ പേര് തയ്യാറാക്കണം. ആ മൂന്ന് പേരുടെ പേരും സർക്കാരിലേയ്ക്ക് അയയ്ക്കണം. അതിൽ നിന്ന് ഒരാളെ ഗവൺമെന്റ് തീരുമാനിക്കും. അങ്ങനെയാണോ വേണ്ടത്? സെലക്ഷൻ കമ്മിറ്റി ഒരാളിനെ തീരുമാനിക്കണം. ഗവൺമെന്റിന്റെ അനുമതിയോടുകൂടി ആ ഒരാളിനെ നിയമിക്കണം. അതാണ് വേണ്ടത്. സെലക്ഷൻ കമ്മിറ്റി ഒരു പാനലുണ്ടാക്കുക. ആ പാനൽ ഇങ്ങോട്ടയയ്ക്കുക. അതിൽ നിന്നും ഇഷ്ടമുള്ള ആളിനെ ഗവൺമെന്റ് അങ്ങോട്ട് പറഞ്ഞയയ്ക്കുന്നത് ശരിയല്ല. അതുകൊണ്ട് സെലക്ഷൻ

കമ്മിറ്റി ഒരാളിനെ നിയമിക്കണം. ഗവൺമെന്റിന്റെ അനുമതിയോടുകൂടി ആ ആളിനെ നിയമിക്കണമെന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

565. ഖണ്ഡം 16(1)ൽ " രജിസ്ട്രാറായി" എന്ന വാക്കിനുമുൻപ് "ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടുകൂടി" എന്നീ വാക്കുകൾ ചേർക്കുക.

569. ഖണ്ഡം 16(4) നുശേഷം താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക; "എന്നാൽ, (4)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രാറെ വൈസ് ചാൻസലർ നിയമിക്കുമ്പോൾ തൊട്ടടുത്ത നിർവ്വാഹക സമിതിയോഗത്തിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. "

570. ഖണ്ഡം 16(5)ൽ " കൺവീനർ" എന്ന വാക്കിനു പകരം "എക്സ് -ഒഫീഷ്യോ സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

574. ഖണ്ഡം 16(10)-നുശേഷം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുക;

(ii) രജിസ്ട്രാർ, സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കേണ്ടതും, സർവ്വകലാശാല നടത്തുന്ന എല്ലാ കോഴ്സുകളുടെയും

പാഠ്യക്രമങ്ങളുടെയും മറ്റ് വിവരങ്ങളുടെയും ഒരു സ്ഥിരമായ റിക്കാർഡ് സൂക്ഷിച്ചുപോരേണ്ടതുമാണ്"

580. ഖണ്ഡം 17(2)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക :

" (3) സർവ്വകലാശാലയുടെ ഫണ്ടുകളും നിക്ഷേപങ്ങളും ഫൈനാൻസ് ഓഫീസർ കൈകാര്യം ചെയ്യേണ്ടതും സാമ്പത്തിക നയം സംബന്ധിച്ച വിഷയങ്ങളിൽ ഉപദേശം നൽകേണ്ടതുമാണ്."

" (4) വാർഷിക ബഡ്ജറ്റ്, വരവ്, ചെലവ് കണക്കുകളുടെ സ്റ്റേറ്റുമെന്റ്, കാലാകാലങ്ങളിൽ ആവശ്യപ്പെടാവുന്ന മറ്റ് സാമ്പത്തിക റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്നതിന് ഫൈനാൻസ് ഓഫീസർ വൈസ് ചാൻസലറോട് ഉത്തരവാദിയായിരിക്കുന്നതാണ്."

" (5) സർവ്വകലാശാലയുടെ കണക്കുകൾ ഫൈനാൻസ് ഓഫീസർ യഥാസമയം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആഡിറ്റ് ചെയ്യിക്കേണ്ടതാണ്."

" (6) ബഡ്ജറ്റ് പരിഷ്ക്കരണം ആവശ്യമായിട്ടുള്ളപ്പോൾ ബഡ്ജറ്റ് പരിഷ്ക്കരണത്തിന് ഫൈനാൻസ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതും എന്നാൽ ഒരു സാമ്പത്തിക വർഷത്തിൽ

രണ്ട് തവണയിൽ കൂടുതൽ ബഡ്ജറ്റ് പരിഷ്കരിക്കാൻ പാടില്ലാത്തതുമാണ്."

<u>ശ്രീ. സി. ദിവാകരൻ</u>: ഈ ബിൽ പൂർണ്ണമായി നിരാകരിക്കുന്നു. ഈ ബില്ലിൽ ഭരണപക്ഷത്തിനാണ് ഒബ്ജക്ഷൻ. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളും ഒബ്ജക്ട് ചെയ്ത് ഭേദഗതി അവതരിപ്പിക്കുകയാണ് (........ബഹളം.................)

<u>മി. സ്പീക്കർ</u> : ബിൽ കൊണ്ടുവരുന്നത് സർക്കാരാണ്. മിനിസ്റ്ററാണ്. എല്ലാ അംഗങ്ങൾക്കും അവരവരുടേതായ അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. അവരവർക്ക് ഇഷ്ടമുള്ള ഭേദഗതി അവതരിപ്പിക്കാം. സഭ പാസാക്കുകയാണെങ്കിൽ ആ ഭേദഗതികൾ അംഗീകരിക്കും അല്ലെങ്കിൽ നിരാകരിക്കും. അതിലെന്താണ് പുതുമ? അത് സാധാരണ ചെയ്യാറുള്ളതല്ലേ ?

<u>ശ്രീ. എം. ഉമ്മർ</u> : 569-ൽ 16(4)-ൽ രജിസ്ട്രാറുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞുകിടക്കുകയോ അല്ലെങ്കിൽ അസുഖമോ അഭാവമോ കാരണം അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കാരണത്താലോ രജിസ്ട്രാർക്ക് തന്റെ ഔദ്യോഗിക ചുമതലകൾ ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേയ്ക്ക് നിർവ്വഹിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോൾ ഒരു പുതിയ രജിസ്ട്രാർ നിയമിക്കപ്പെടുകയും ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നതുവരെയോ അല്ലെങ്കിൽ രജിസ്ട്രാർ

തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ, അതതു സംഗതിപോലെ, രജിസ്ട്രാർ ആയി പ്രവർത്തിക്കുന്നതിന് യോജിച്ച ഒരാളെ വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്.

അതിൽ എന്റെ 569-ാം നമ്പർ ഭേദഗതി രജിസ്ട്രാറെ താൽക്കാലികമായി നിയമിക്കുമ്പോൾ നിർവ്വാഹക സമിതിയുടെ അംഗീകാരം തേടണമെന്നുള്ളതാണ്. താൽകാലികമായി നിയമിച്ചാലും നിർവ്വാഹക സമിതിയുടെ അംഗീകാരം വാങ്ങണം.

570-ൽ രജിസ്ട്രാർ, ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും നിർവ്വാഹക സമിതിയുടെയും കൺവീനർ ആയി പ്രവർത്തിക്കേണ്ടതാണ്.

അദ്ദേഹത്തെ മറ്റ് സ്ഥലങ്ങളിൽ പറയുന്നത് എക്സ്-ഒഫിഷ്യോ സെക്രട്ടറിയെന്നാണ്. ഇവിടെ വേണ്ടത് എക്സ് ഒഫിഷ്യോ കൺവീനറായി പ്രവർത്തിക്കേണ്ടതാണെന്നുള്ളതാണ്.

ശ്രീ. സി. ദിവാകരൻ : ഈ ബില്ല് കൊണ്ടുവന്നവർ തന്നെ അതിനെ ഒബ്ജക്ട് ചെയ്യുന്നു. ഇതിൽ എതിർപ്പുള്ളത് ഞങ്ങൾക്കല്ല. ഭരണകക്ഷിയിലുള്ളവർക്കുതന്നെയാണ്. (.....ബഹളം....)

മി. സ്പീക്കർ : അവസാനം നിങ്ങൾക്ക് ബഹളമുണ്ടാക്കാൻ ഒരു കാരണമുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കൂ...

ശ്രീ. എം. ഉമ്മർ : 580 ഖണ്ഡം 17-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ കൂടി ചേർക്കണമെന്നുള്ളതാണ് അതിൽ (3) സർവ്വകലാശാലയുടെ ഫണ്ടുകളും നിക്ഷേപങ്ങളും ഫിനാൻസ് ഓഫീസർ കൈകാര്യം ചെയ്യേണ്ടതും സാമ്പത്തികമേഖലയെ സംബന്ധിച്ച വിഷയങ്ങളിൽ ഉപദേശം നൽകേണ്ടതുമാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

566. ഖണ്ഡം 6(2)ഒഴിവാക്കുക

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

568. ഖണ്ഡം 16(4)ൽ, " യോജിച്ച ഒരാളെ " എന്നീ വാക്കുകൾക്കുശേഷം "താൽക്കാലികമായി" എന്ന വാക്ക് ചേർക്കുക.

571. ഖണ്ഡം 16(8)ൽ, " നാളിതുവരെയുള്ളതാക്കി " എന്ന വാക്കിനു പകരം "നാളതീകരിച്ച്" എന്ന വാക്ക് ചേർക്കുക.

572. ഖണ്ഡം 16(8)ൽ, "സൂക്ഷിക്കേണ്ടതും" എന്ന വാക്കിനുശേഷം "സർക്കാരിനും" എന്ന വാക്ക് ചേർക്കുക.

571-ൽ അപ്ഡേറ്റ് ചെയ്യുന്നതിനെ പറ്റിയാണ് പറഞ്ഞിട്ടുള്ളത്. അത്

നാളിതുവരെയുള്ളയാക്കി എന്നു പറഞ്ഞാൽ അതിനർത്ഥം ആ പറയുന്ന ദിവസം വരെ എന്നുള്ളതാണ്. ഇത് നാളതീകരിച്ച് എന്നുമാറ്റിയാൽ എപ്പോഴുമങ്ങനെ ചെയ്യണമെന്നാണ്.

ശ്രീ. സി. ദിവാകരൻ: ഈ ബില്ല് കൊണ്ടുവന്നവർ തന്നെ അതിനെ ഒബ്ജക്ട് ചെയ്യുന്നു. (.....ബഹളം....)

മി. സ്പീക്കർ: സഭയിൽ ബഹളമുണ്ടാക്കാനുള്ള അവസരമുണ്ട്. പക്ഷേ നിയമനിർമ്മാണ സമയത്ത് ബഹളമുണ്ടാക്കുന്നത് ശരിയല്ല. നിങ്ങൾ സഹകരിക്കണം. ബില്ല് പാസാക്കാൻ അനുവദിക്കണം. ഇത് ശരിയായ നടപടിയല്ല. ഇങ്ങനെയൊരു കീഴ്വഴക്കം നിയമസഭയിൽ ഇല്ല. പുതിയ അംഗങ്ങൾ പരിചയക്കുറവുകൊണ്ടാണ് ബഹളമുണ്ടാക്കുന്നത്. സാധാരണ ബില്ലിന്റെ നിയമനിർമ്മാണ അവസരങ്ങളിൽ.... നിങ്ങൾക്ക് ബില്ലിനോട് എതിർപ്പുണ്ടെങ്കിൽ പറയാം. അല്ലാതെ ഭേദഗതി മൂവ് ചെയ്യുമ്പോൾ ഇത്തരത്തിൽ ബഹളമുണ്ടാക്കുന്നത് ശരിയല്ല. അങ്ങനെയൊരു കീഴ്വഴക്കം നിയമസഭയിലില്ല.

ശ്രീ. വി. ഡി. സതീശൻ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

573. ഖണ്ഡം 16(10)നുശേഷം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുക. "(ii)

രജിസ്ട്രാറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണ്."

രജിസ്ട്രാറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണെന്ന്. അതിനെക്കുറിച്ചുള്ള ഓപ്പണിംഗ് ഉണ്ടെങ്കിൽ മാത്രമേ സ്റ്റാറ്റ്യൂട്ട് പ്രകാരം അത് ഫിക്സ് ചെയ്യാൻ പറ്റുകയുള്ളൂ. പ്രോ-വൈസ് ചാൻസിലറുടെ കാര്യത്തിലും മറ്റ് കാര്യങ്ങളിലും ഇത് പറഞ്ഞിട്ടുണ്ട്. ഇവിടെ ഇത് പറഞ്ഞിട്ടില്ല. വിട്ടുപോയിരിക്കുന്നതാണ്. അത് ചേർക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദു റബ്ബ്) : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതിയും ശ്രീ വി.ഡി. സതീശൻ അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. ശിവാദാസൻ നായർ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 565, 569, 570 574 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ ഖാദൻ അവതരിപ്പിച്ച 568, 571, 572 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 17-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

575. ഖണ്ഡം 17 (1)-ൽ "മൂന്നുപേരിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "അഞ്ചുപേരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു

576. ഖണ്ഡം 17 (1)-ൽ "മൂന്നുപേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

576 രജിസ്ട്രാറുടെ നിയമനവുമായി ബന്ധപ്പെട്ട 16-ാം വകുപ്പിന്റെ അതേ രീതിയിലുള്ളതാണ്. മൂന്നുപേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന എന്നതിനുപകരം ആ വാക്കുകൾ നീക്കം ചെയ്തുകഴിഞ്ഞാൽ ഒരാളെ സർക്കാരിന്റെ അനുമതിയോടുകൂടി എന്നും ആക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

578. ഖണ്ഡം 17 (1)-ൽ "യോഗ്യതകളും പ്രവൃത്തിപരിചയവും" എന്നീ വാക്കുകൾക്കു പകരം "യോഗ്യതകൾ" എന്ന വാക്ക് ചേർക്കുക.

580. ഖണ്ഡം 17 (2)നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

"(3) സർവ്വകലാശാലയുടെ ഫണ്ടുകളും നിക്ഷേപങ്ങളും ഫൈനാൻസ് ഓഫീസർ കൈകാര്യം ചെയ്യേണ്ടതും സാമ്പത്തിക നയം സംബന്ധിച്ച വിഷയങ്ങളിൽ ഉപദേശം നൽകേണ്ടതുമാണ്."

"(4) വാർഷിക ബഡ്ജറ്റ്, വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ്, കാലാകാലങ്ങളിൽ ആവശ്യപ്പെടാവുന്ന മറ്റ് സാമ്പത്തിക

റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്നതിന് ഫൈനാൻസ് ഓഫീസർ വൈസ് ചാൻസലറോട് ഉത്തരവാദിയായിരിക്കുന്നതാണ്."

"(5) സർവ്വകലാശാലയുടെ കണക്കുകൾ ഫൈനാൻസ് ഓഫീസർ യഥാസമയം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആഡിറ്റ് ചെയ്യിക്കേണ്ടതാണ്."

"(6) ബഡ്ജറ്റ് പരിഷ്കരണം ആവശ്യമായിട്ടുള്ളപ്പോൾ ബഡ്ജറ്റ് പരിഷ്കരണത്തിന് ഫൈനാൻസ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതും എന്നാൽ ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് തവണയിൽ കൂടുതൽ ബഡ്ജറ്റ് പരിഷ്കരിക്കാൻ പാടില്ലാത്തതുമാണ്."

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

579. ഖണ്ഡം 17 (2)-ൽ "ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്യുന്ന പ്രകാരമോ" എന്നീ വാക്കുകൾക്കു പകരം "ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഓർഡിനൻസുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമോ" എന്നീ വാക്കുകൾ ചേർക്കുക.

ഫിനാൻസ് ഓഫീസറുടെ അധികാരങ്ങളോ ചുമതലയോ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതുകൊണ്ട് ഇതിൻപ്രകാരമുണ്ടാക്കുന്ന സ്റ്റാറ്റ്യൂട്ടിലോ ഓർഡിനൻസിലോ ഫിനാൻസ് ഓഫീസറുടെ ചുമതലകൾ വ്യക്തമാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദുറബ്ബ്) : ശ്രീ. ശിവദാസൻ നായർ അവതരിപ്പിച്ച 576-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 575-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. കെ. ശിവാദാസൻ നായർ അവതരിപ്പിച്ച 576-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 578, 580 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബഹനാൻ അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 18-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

581. ഖണ്ഡം 18(1)-ൽ "മൂന്നുപേരിൽ നിന്നും" എന്നീ വാക്കുകൾക്കു പകരം "അഞ്ചുപേരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

582. ഖണ്ഡം 18(3)-ൽ "ടെസ്റ്റുകളുടെയും നടത്തിപ്പിന്റെയും," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മൂല്യനിർണ്ണയത്തിന്റെയും അഭിമുഖങ്ങളുടെയും," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. എം. ഉമ്മർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

583. ഖണ്ഡം 18(3)-ന് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(4) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ചോദ്യപേപ്പറുകളുടെ

രഹസ്യസ്വഭാവം നിലനിർത്തുന്നതിനും പുറമേ നിന്നുള്ള പരീക്ഷകൻമാരെ കണ്ടെത്തുന്നതും രഹസ്യസ്വഭാവമുള്ള അങ്ങനെയുള്ള സംഗതികളും പരീക്ഷാ കൺട്രോളറുടെ ചുമതലയിലായിരിക്കുന്നതാണ് ".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദുറബ്ബ്) : ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 581-ാം നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ ഖാദർ അവതരിപ്പിച്ച 582-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 19-ാം വകുപ്പ്

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

584. ഖണ്ഡം 19(1)-ൽ, ഒന്നാമത്തെ വാചകത്തിനു ശേഷം താഴെ പറയുന്ന വാചകങ്ങൾ ചേർക്കേണ്ടതാണ്. അതായത്:-

"സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹകസമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ഓരോ വിഭാഗത്തിലേയ്ക്കും ശിപാർശ ചെയ്യുന്ന മൂന്നു പേർ വീതമുള്ള പാനലുകളിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ ഡീൻ (അക്കാദമികം) ആയും ഒരാളെ ഡീൻ (ഗവേഷണം) ആയും നിയമിക്കേണ്ടതും അവർ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥരായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ ഡീൻ (അക്കാദമികം), ഡീൻ (ഗവേഷണം) എന്നിവരെ സർക്കാർ നിയമിക്കേണ്ടതാണ്."

<u>ശ്രീ. ബെന്നി ബെഹനാൻ</u> :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

585. ഖണ്ഡം 19(1)-ൽ "ഒരു ഡീൻ (അക്കാദമികം)ഉം ഒരു ഡീൻ (ഗവേഷണം)-ഉം ഉണ്ടായിരിക്കേണ്ടതാണ് " എന്നതിനു പകരം "സർവ്വകലാശാലയിൽ അക്കാഡമിക് വിഭാഗത്തിൽ ഒരു ഡീനും ഗവേഷണ വിഭാഗത്തിൽ ഒരു ഡീനും ഉണ്ടായിരിക്കേണ്ടതാണ് " എന്നത് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

586. ഖണ്ഡം 19(1)-ൽ "നിലനിർത്തി കൊണ്ടുപോകുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "ഉയർത്തിക്കൊണ്ടുവരുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. എൻ.എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 19(1)-ൽ "ഡീൻ (അക്കാദമികം) ആവശ്യമായി വരുമ്പോഴെല്ലാം അക്കാദമിക സമിതി വിളിച്ചു ചേർക്കേണ്ടതാണ് " എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ഡീൻ (അക്കാദമികം)-

ഉം ഡീൻ (ഗവേഷണം)-ഉം ആവശ്യമായി വരുമ്പോഴെല്ലാം അതത് സമിതികൾ വിളിച്ചു ചേർക്കേണ്ടതാണ് " എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

590. ഖണ്ഡം19(3)-ൽ

(1) "ആവശ്യമെന്ന് ഡീൻ" എന്നീ വാക്കുകൾക്കു പകരം "ആവശ്യമെന്ന് ഡീനുകൾ" എന്നീ വാക്കുകൾ ചേർക്കുക.

(2) "പരാതികളിന്മേൽ" എന്ന വാക്കിനു ശേഷം "ബന്ധപ്പെട്ട " എന്ന വാക്ക് ചേർക്കുക.

587-ൽ ഖണ്ഡം 19(1)-ൽ ഡീൻ (അക്കാദമികം) ആവശ്യമായി വരുമ്പോഴെല്ലാം അക്കാദമിക സമിതി വിളിച്ചു ചേർക്കേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ശരിക്കും ഡീൻ (അക്കാദമികം)-ഉം ഉണ്ട്. ഡീൻ (ഗവേഷണം)-ഉം ഉണ്ട്. ഡീൻ ഗവേഷണവും ഇതുപോലുള്ള സമിതികൾ വിളിച്ചു ചേർക്കേണ്ടതായി വരും. അതുകൊണ്ട് "ഡീൻ (അക്കാദമികം) ആവശ്യമായി വരുമ്പോഴെല്ലാം അക്കാദമിക സമിതി വിളിച്ചു ചേർക്കേണ്ടതാണ് " എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ഡീൻ (അക്കാദമികം)-ഉം ഡീൻ (ഗവേഷണം)-ഉം ആവശ്യമായി വരുമ്പോഴെല്ലാം അതത് സമിതികൾ വിളിച്ചു ചേർക്കേണ്ടതാണ് " എന്നീ വാക്കുകളും ചിഹ്നങ്ങളും

ചേർക്കുക.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589. ഖണ്ഡം 19(2)-ൽ "ഉത്തരവാദിയായിരിക്കുന്നതും " എന്നതിനു പകരം "ഉത്തരവാദികളായിരിക്കുന്നതും " എന്ന് ചേർക്കുക.

591. ഖണ്ഡം 19(3)-ന്റെ അവസാന വരിയിലെ "ഡീൻ" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീമതി. കെ. എസ്. സലീഖ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 19(3)നു ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(4) വിദ്യാർത്ഥികൾക്ക് അവരുടെ അർഹത എന്റോൾമെന്റ്, മൈഗ്രേഷൻ, സ്കോളർഷിപ്പുകൾ, റിസേർച്ച്ഷിപ്പുകൾ, സ്റ്റുഡന്റ്സ്ഷിപ്പുകൾ, ഫ്രീഷിപ്പുകൾ പരീക്ഷാപ്രവേശന നിബന്ധനകൾ മറ്റു ആവലാതികൾ അറിയുവാനും പരിഹരിക്കപ്പെടുന്നതിനുമായി ഒരു സമയബന്ധിത സംവിധാനം യൂണിവേഴ്സിറ്റി ഹെഡ് ഓഫീസിൽ 24 മണിക്കൂറും

പ്രവർത്തിപ്പിക്കാനുള്ള നടപടി ഡീൻ സ്വീകരിക്കേണ്ടതാണ്".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദുറബ്ബ്): ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 585-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 586-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ ഖാദർ അവതരിപ്പിച്ച 587, 590 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 589, 591 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 20-ാം വകുപ്പ്

(ഭേദഗതികൾ ഇല്ല.)

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...........

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 21-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

593. ഖണ്ഡം 21-ൽ "ഫൈനാൻസ് ഓഫീസറുടെയും" എന്നീ വാക്കുകൾക്ക് ശേഷം "ഡീൻ (അക്കാദമികം), ഡീൻ (ഗവേഷണം)

എന്നിവരുടെയും"  എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദുറബ്ബ്) : ശ്രീ. കെ. എൻ. ഖാദർ അവതരിപ്പിച്ച 593 -ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ ഖാദർ അവതരിപ്പിച്ച 593 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിയൊന്നാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്**

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

594. ഖണ്ഡം 21-ന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കുക:

"21 (എ) അപ്പലേറ്റ് ട്രൈബ്യൂണൽ-

(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളിൻമേൽ വൈഷമ്യം നേരിടുന്ന ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണ്.

(3) ഹൈക്കോടതിയുമായി ആലോചിച്ച്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെ അല്ലാത്ത ഒരു ജുഡിഷ്യൽ ഓഫീസർ അപ്പലേറ്റ് അതോറിറ്റി ആയിരിക്കേണ്ടതാണ്.

(4) അപ്പലേറ്റ് അതോറിറ്റിയുടെ കാലാവധി, അധികാരപരിധി, കർത്തവ്യങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

സർവ്വകലാശാലകളിലെ നിയമനം, കോഴ്സുകൾ എന്നിവ സംബന്ധിച്ചോ ആക്റ്റിൽ പറയുന്ന വ്യവസ്ഥകളെ സംബന്ധിച്ചോ എന്തുപരാതിവന്നാലും അതിനെക്കുറിച്ച് അന്വേഷിക്കണം. യൂണിവേഴ്സിറ്റികളെക്കുറിച്ചും അവിടങ്ങളിലെ നിയമനങ്ങളെ സംബന്ധിച്ചും പല പരാതികളും വരുന്നുണ്ടെന്ന് നമുക്കറിയാം. ആ നിയമനത്തെക്കുറിച്ച് ഇപ്പോൾ പല അന്വേഷണങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ഒരു അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കണമെന്നതാണ്. സംസ്കൃത യൂണിവേഴ്സിറ്റികളിൽ അത്തരത്തിലുള്ള അതോറിറ്റികളുണ്ട്. അതുപോലുള്ള ഒരു അതോറിറ്റി ഈ

യൂണിവേഴ്സിറ്റിയിലും ഉണ്ടാക്കണമെന്ന് അഭിപ്രായപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 594-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റങ്ങളോടെ അംഗീകരിക്കാവുന്നതാണ്. 38 (എ) വകുപ്പായി അംഗീകരിക്കാവുന്നതാണ്.

"38 (എ) അപ്പലേറ്റ് ട്രൈബ്യൂണൽ-

(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളിൻമേൽ സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണ്.

(3) ഹൈക്കോടതിയുമായി ആലോചിച്ച്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെ അല്ലാത്ത ഒരു ജുഡിഷ്യൽ ഓഫീസർ അപ്പലേറ്റ് അതോറിറ്റി ആയിരിക്കേണ്ടതാണ്.

(4) അപ്പലേറ്റ് അതോറിറ്റിയുടെ കാലാവധി, അധികാരപരിധി, കർത്തവ്യങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്".

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 594-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പിനുശേഷമുള്ള പുതിയ

വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

595. ഖണ്ഡം 22(1)-ൽ "ബോർഡ് ഓഫ് ഗവർണേഴ്സ്" എന്നീ വാക്കുകൾക്ക് പകരം "ഗവേർണിംഗ് കൗൺസിൽ" എന്നീ വാക്കുകൾ ചേർക്കുക.

'ബോർഡ് ഓഫ് ഗവർണേഴ്സ്' എന്ന് കേട്ടാൽ ഒരു കോർപ്പറേറ്റ് സ്ഥാപനമാണെന്ന് തോന്നും. എന്റെ അഭിപ്രായം ഇത് 'ഗവേണിംഗ് കൗൺസിൽ' എന്നോ 'സെനറ്റ്' എന്നോ ആക്കി മാറ്റുക എന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

596. ഖണ്ഡം 22-ൽ, ഇനം (i), (ii) എന്നിവ താഴെ പറയും പ്രകാരം മാറ്റുക:

(i)"ബോർഡ് ഓഫ് ഗവർണേഴ്സ്" എന്നതിനു പകരം "സെനറ്റ്"
(ii)"നിർവ്വാഹക സമിതി" എന്നതിനു പകരം "സിൻഡിക്കേറ്റ്"

നമ്മുടെ എല്ലാ സർവ്വകലാശാലയിലും സെനറ്റ്, സിൻഡിക്കേറ്റ് എന്നാണുള്ളത്. ഇതിന് പ്രത്യേകം ഒരു പേര് കൊടുക്കേണ്ട കാര്യമില്ല. ബോർഡ് ഓഫ് ഗവർണേഴ്സ് എന്നതിനുപകരം "സെനറ്റ്" എന്ന് ആക്കണം "നിർവ്വാഹക സമിതി" എന്നതിനു പകരം "സിൻഡിക്കേറ്റ്" എന്നാക്കണം. വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും ഒക്കെ പരിചിതമായ പേര് അതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

597. ഖണ്ഡം 22(iii)-നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:
"(v) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല യൂണിയൻ"

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 595-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 596-ാം നമ്പർ ഭേദഗതി സഭ

നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 597-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിമൂന്നാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

598. ഖണ്ഡം 23 (1)-ൽ , (i) "എക്സ് ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,-

(എ) (iii)-ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കു പകരം " ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (iv)-ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കു പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) " നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (v)-ാം ഇനത്തിൽ മൂന്ന്, രണ്ട് എന്നീ വാക്കുകൾക്കു പകരം നാല്, മൂന്ന് എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്."

(iii) മറ്റ് അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ (ii) ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത്:-

" (iii) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ"

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

599. ഖണ്ഡം 23 (1)-ൽ, "ബോർഡ് ഓഫ് ഗവർണേഴ്സിൽ" എന്നതിനു പകരം "ഗവേണിംഗ് കൗൺസിലിൽ" എന്നീ വാക്കുകൾ ചേർക്കുക.

610. ഖണ്ഡം 23 (1)ൽ, (viii), (ix) എന്നിവ ഒഴിവാക്കുക.

614. ഖണ്ഡം 23(1) (xv) താഴെപ്പറയും പ്രകാരം മാറ്റുക:

"(xv) വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാനും ജനറൽ സെക്രട്ടറിയും "

630. ഖണ്ഡം 23(1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിലെ ഇനം (i) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" (1) ഏതെങ്കിലും എഞ്ചിനീയറിംഗ് ശാസ്ത്രശാഖയിൽ ബിരുദമുള്ള രണ്ട് വ്യവസായികൾ".

648. ഖണ്ഡം 23(1) ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൽ താഴെപ്പറയുന്ന ഇനം ചേർക്കുക:

"(vii) സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും ഒന്നു വീതം അനദ്ധ്യാപക പ്രതിനിധികൾ" .

599-ാം നമ്പർ ഭേദഗതി നേരത്തേ ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച ഒരു ഭേദഗതിക്ക് സമാനമാണ്. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പേര് ഗവേർണിംഗ് കൗൺസിലാക്കിമാറ്റണമെന്നുള്ളതാണ്. അത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചില്ല. ഒന്നാമത്തേത്, ഗവർണ്ണറാണ് ചാൻസലർ. ബോർഡ് ഓഫ് ഗവർണേഴ്സ് എന്ന് വയ്ക്കുന്നതിൽ ഒരു impropriety ഉണ്ട്. രണ്ടാമതായി, ഇത് ലയൺസ് ക്ലബ്ബും റോട്ടറി ക്ലബ്ബുമല്ല. അവിടെയാണ് ബോർഡ് ഓഫ് ഗവർണേഴ്സുള്ളത്.

610-ാം നമ്പർ ഭേദഗതി- ഡീൻ (അക്കാദമികം), ഡീൻ (ഗവേഷണം) എന്നിവരെ ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളാക്കിയിരിക്കുകയാണ്. ഇവർ അവിടത്തെ സ്ഥിരം ആളുകളാണ്. അവരെ അപ്പോയ്ന്റ്മെന്റ് വഴി നിശ്ചയിക്കുന്നതാണ്. 20-30 വർഷം അവർ അവിടെ ജോലി ചെയ്യുന്നവരാണ്. 30 വർഷം ഡീൻ ആയി വരുന്ന ഒരാൾ ഈ 30 വർഷവും ബോർഡ് ഓഫ് ഗവർണേഴ്സിലും നിർവ്വാഹക സമിതിയിലും അംഗമായിരിക്കുന്നത് ശരിയാണോ?

അവർ അവിടെ ഇരുന്ന് വേരുറപ്പിക്കും. ഒരു സർവ്വകലാശാലയിലും ഇല്ലാത്ത ഒരു പ്രതിഭാസമാണ്. ഡീൻ എന്നുപറയുന്ന ആൾ 20-30 വർഷം ബോർഡ് ഓഫ് ഗവേർണേഴ്സിൽ വരാൻ പാടില്ല. 614-ാം നമ്പർ ഭേദഗതിയിൽ വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാനെയും ജനറൽ സെക്രട്ടറിയെയും കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ബോർഡ് ഓഫ് ഗവർണേഴ്സിൽ നിന്നാണ് നിർവ്വാഹക സമിതിയുണ്ടാകുന്നത്. നിർവ്വാഹക സമിതിയിൽ പറഞ്ഞിരിക്കുന്നത് വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാനെന്നാണ്. എന്നാൽ ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉള്ളത് വിദ്യാർത്ഥി കൗൺസിലിന്റെ ജനറൽ സെക്രട്ടറിയാണ്. നിർവ്വാഹക സമിതിയിൽ ഉള്ള ചെയർമാൻ എന്നുപറയുന്ന അംഗം ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗമല്ലാതാകും. ചെയർമാനെയും ജനറൽ സെക്രട്ടറിയെയും ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉൾപ്പെടുത്തുകയും അതിൽനിന്ന് നിർവ്വാഹക സമിതിയിലേക്ക് വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാനെ വയ്ക്കുകയും ചെയ്യുന്നതായിരിക്കും നല്ലത്. അത് വിട്ടുപോയതായിരിക്കും.

630-ാം നമ്പർ ഭേദഗതി- ആയിരം കോടി രൂപ ടേൺ ഓവറുള്ള ഒരു വ്യവസായിയെയാണ് ബോർഡ് ഓഫ് ഗവർണേഴ്സിൽ വച്ചിരിക്കുന്നത്. ഇത് എന്ത് മാനദണ്ഡമാണ്? വ്യവസായികളെത്തന്നെ വയ്ക്കാം. ആക്രിക്കച്ചവടക്കാരെ ഒന്നും

വയ്ക്കേണ്ട ആവശ്യമില്ല. ഇത് സാങ്കേതിക സർവ്വകലാശാലയാണ്. അതുകൊണ്ട് ഏതെങ്കിലും എഞ്ചിനീയറിംഗ് ശാസ്ത്രശാഖയിൽ ബിരുദമുള്ള രണ്ടു വ്യവസായികളെ വയ്ക്കണം. അതുപോലെ ആയിരം കോടി രൂപ എന്നുള്ള മാനദണ്ഡവും മാറ്റണം.

648-ാം നമ്പർ ഭേദഗതി- അനദ്ധ്യാപക പ്രതിനിധികൾക്ക് യാതൊരു സ്ഥാനവും ഇതിനകത്തില്ല. അതുകൊണ്ട് സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും ഒന്നുവീതം അനദ്ധ്യാപക പ്രതിനിധികളെ വയ്ക്കണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

603. ഖണ്ഡം 23-ൽ,-
(i) " ബോർഡ് ഓഫ് ഗവർണേഴ്സ്" എന്നത് "ഗവേണിങ് കൗൺസിൽ " എന്ന് പുനർനാമകരണം ചെയ്യുക.
(ii) ഇനം (viii), (ix) എന്നിവ ഒഴിവാക്കുക.

633. ഖണ്ഡം 23(1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (i) താഴെപ്പറയും പ്രകാരം മാറ്റുക:
" (i) ഏതെങ്കിലും എഞ്ചിനീയറിംഗ് ശാസ്ത്രശാഖയിൽ ബിരുദമുള്ള പ്രമുഖരായ 2 വ്യവസായികൾ".

രണ്ട് ഡീൻമാരുടെ കാര്യങ്ങൾ തന്നെയാണ് പറയാനുള്ളത്. 35 വയസ്സിൽ സർവ്വീസിൽ കയറുന്ന ഒരാൾ 56 വയസ്സുവരെ ഇരിക്കുകയാണെങ്കിൽ ഏതാണ്ട് 20-

21 വർഷം ഒരേ പോസ്റ്റിൽ ഇരിക്കേണ്ടിവരും. അതുകൊണ്ട് അവരെ കൗൺസിലിൽ നിന്ന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

605. ഖണ്ഡം 23 (i)(iv)-ൽ, ""അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ " എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

608. ഖണ്ഡം 23 (i)(vi)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:
" (vii) - കോളേജ് വിദ്യാഭ്യാസ ഡയറക്ടർ"

611. ഖണ്ഡം 23 (1)(xi)ൽ, " ഡയറക്ടർ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥൻ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

636. ഖണ്ഡം 23(1)ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ " എന്ന ശീർഷകത്തിന് താഴെ ഇനം (i)-ൽ "ആയിരം " എന്ന വാക്കിനു പകരം "അഞ്ഞൂറ് " എന്ന വാക്ക് ചേർക്കുക.

608-ാം നമ്പർ ഭേദഗതി- കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഇതിൽ ഉൾപ്പെട്ടിട്ടില്ല. അദ്ദേഹത്തെയുംകൂടി ഗവേണിംഗ് കൗൺസിലിൽ കൊണ്ടുവരുന്നത്

നല്ലതാണ്. അതുപോലെ ബോർഡ് ഓഫ് ഗവർണേഴ്സിൽ വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ ഡയറക്ടർ ഉൾപ്പെട്ടിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിന് എല്ലാസമയത്തും വരാൻ കഴിയുമോ എന്നറിയില്ല. അതുകൊണ്ട് വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ ഡയറക്ടറോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒരുദ്യോഗസ്ഥനോ എന്നുള്ള ഭേദഗതി വരുത്തിയാൽ ആ സ്ഥാപനത്തിന്റെ സേവനം നമുക്ക് ലഭിക്കും. ഡയറക്ടർ എന്നുപറഞ്ഞാൽ വളരെ തിരക്കുള്ള ആളാണ്. മീറ്റിംഗ് വിളിക്കുമ്പോഴെല്ലാം അദ്ദേഹം എത്തണമെന്നില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

609. ഖണ്ഡം 23 (I)- ൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിലെ ഇനം (viii), (ix) എന്നിവ ഒഴിവാക്കുക.

620. ഖണ്ഡം 23 (1) (xv)-ന്ന ശേഷം താഴെപ്പറയുന്നവ ചേർക്കുക.
" (xvi) ഇന്ത്യൻ സ്പേയ്സ് റിസേർച്ച് ഓർഗനൈസേഷൻെറ ഡയറക്ടർ
(xvii) ബയോ ടെക്നോളജി വിഭാഗം ഡയറക്ടർ

(xviii) ഡിഫൻസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ഓർഗനൈസേഷന്റെ ഡയറക്ടർ"

631. ഖണ്ഡം 23(1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന

ശീർഷകത്തിന് കീഴിലെ ഇനം (i) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" (i) ഏതെങ്കിലും എഞ്ചിനീയറിംഗ് ശാസ്ത്രമേഖലയിൽ ബിരുദമുള്ള പ്രമുഖരായ രണ്ട് വ്യവസായികൾ".

652. ഖണ്ഡം 23(1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിലെ ഇനം (vi)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(vii) സർവ്വകലാശാലയിലേയും അഫിലിയേറ്റ് കോളേജുകളിലേയും ഒന്നുവീതം അനദ്ധ്യാപക പ്രതിനിധികൾ

" (viii) സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥി പ്രതിനിധിയും അഫിലിയേറ്റഡ് കോളേജുകളിലെ രണ്ട് വിദ്യാർത്ഥി പ്രതിനിധികളും" .

(ix) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തന പരിചയമുള്ള വിദ്യാഭ്യാസ വിചക്ഷണരിൽ നിന്നും നാലുപേർ ഇവരിൽ ഒരാൾ വനിതയും, ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുമായിരിക്കണം.

(x) ഗ്രാമം/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും

ഓരോ ആൾ വീതം".

(xi) രണ്ട് മികച്ച അഭിഭാഷകർ

(xii) ഒരു മികച്ച പത്രപ്രവർത്തകൻ.

ഈ യൂണിവേഴ്സിറ്റിക്ക് ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരാണ് നിർദ്ദേശിച്ചിരിക്കുന്നത്. ബോർഡ് ഓഫ് ഗവർണേഴ്സിൽ വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ ഡയറക്ടർ അംഗമാണെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ 15 പേർ എക്സ്-ഒഫിഷ്യോ അംഗങ്ങളായിട്ടുണ്ട്. ബയോടെക്നോളജിയും ഡിഫൻസ് റിസർച്ചും ഇന്ന് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതുകൊണ്ട് 16-ാമതായി ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ഡയറക്ടർ, ബയോടെക്നോളജി വിഭാഗം ഡയറക്ടർ, ഡിഫൻസ് റിസർച്ച് ആൻറ് ഡവലപ്മെൻറ് ഓർഗനൈസേഷൻെറ ഡയറക്ടർ എന്നീ മൂന്നുപേരെക്കൂടി അല്ലെങ്കിൽ അവർ പറയുന്ന തത്തുല്യരായിട്ടുള്ള റാങ്കിൽപ്പെട്ട മൂന്നുപേരെക്കൂടി ഇതിന്റെ ഭരണസമിതിയിൽ അംഗങ്ങളായി നോമിനേറ്റ് ചെയ്യണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

613. ഖണ്ഡം 23(1) (xv) താഴെപ്പറയും പ്രകാരം മാറ്റുക:

"(xv) വിദ്യാർത്ഥി കൗൺസിലിന്റെ ജനറൽ സെക്രട്ടറി അടക്കം കൗൺസിലിൽ നിന്ന് മൂന്ന് പേർ".

617. ഖണ്ഡം 23(1)ൽ,
(1) ഇനം (xv) ഒഴിവാക്കുക.
(2) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിലുള്ള ഇനം (i) മുതൽ (v) വരെ ഒഴിവാക്കുക.

638. ഖണ്ഡം 23(1)ൽ, " നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ " എന്ന ശീർഷകത്തിന് കീഴിലെ ഇനം (ii)-ൽ " ഒരാൾ സർക്കാർ/എയ്ഡഡ് മേഖലയിൽ നിന്നായിരിക്കേണ്ടതാണ് " എന്നീ വാക്കുകൾക്ക് പകരം "ഒരാൾ സർക്കാർ മേഖലയിൽ നിന്നും ഒരാൾ എയ്ഡഡ് മേഖലയിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

653. ഖണ്ഡം 23(1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിലെ ഇനം (vi)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:

"(vii) സർക്കാർ-എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക പ്രതിനിധികൾ ഓരോന്നുവീതം ".

638-ാം നമ്പർ ഭേദഗതി- സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നും ഒരാളുടെ പ്രാതിനിധ്യമാണ് പറഞ്ഞിട്ടുള്ളത്. രണ്ടിൽ നിന്നും ഓരോരുത്തർ

വേണമെന്നാണ് എന്റെ ഭേദഗതി. അതുപോലെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഒരു പ്രധാനപ്പെട്ട ഘടകമാണ് അനദ്ധ്യാപകർ. എല്ലാ സർവ്വകലാശാല സെനറ്റുകളിലും അനദ്ധ്യാപകർക്ക് പ്രാതിനിധ്യമുണ്ട്. അതിനുവേണ്ടിയാണ് 653-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

615. ഖണ്ഡം 23 (xiv)-നു ശേഷം താഴെപ്പറയുന്നവ ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക:

" (xv) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ;

(xvi) കേരള സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിന്റെ തലവൻ"

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

616. ഖണ്ഡം 23 (xiv)-നു താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക:

"(xv) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള മുഴുവൻ വിദ്യാർത്ഥികളെയും പ്രതിനിധീകരിക്കുന്ന ഒരു വിദ്യാർത്ഥി പ്രതിനിധി."

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

618. ഖണ്ഡം 23 (i) (xv)-നു ശേഷം താഴെപ്പറയുന്നവ കൂടി ചേർക്കുക:

(xvi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഗവേഷണ വിദ്യാർത്ഥി, ഒരു ബിരുദാനന്തര വിദ്യാർത്ഥി ഉൾപ്പെടെ മൂന്നു വിദ്യാർത്ഥി പ്രതിനിധികൾ ഇവരിലൊരാൾ വിദ്യാർത്ഥിനിയായിരിക്കേണ്ടതാണ്.

(xvii) സർവ്വകലാശാലയിലെ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നിന്ന് രണ്ടു (2) അനദ്ധ്യാപകപ്രതിനിധികൾ.

632. ഖണ്ഡം 23(1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (i) താഴെപ്പറയും പ്രകാരം മാറ്റുക:

" (i) ഏതെങ്കിലും എഞ്ചിനീയറിംഗ് ശാസ്ത്രശാഖയിൽ ബിരുദമുള്ള പ്രമുഖരായ രണ്ട് വ്യവസായികൾ".

വിദ്യാർത്ഥി പ്രാതിനിധ്യം - ഒരു ഗവേഷണ വിദ്യാർത്ഥി, ഒരു ബിരുദാനന്തര വിദ്യാർത്ഥി ഉൾപ്പെടെ മൂന്ന് വിദ്യാർത്ഥിപ്രതിനിധികൾ ഉണ്ടായിരിക്കണം. അതിൽ ഒരാൾ വിദ്യാർത്ഥിനിയായിരിക്കണം എന്നുള്ളതാണ്. കാരണം വിദ്യാർത്ഥികളുടെ പ്രാതിനിധ്യം യഥാർത്ഥത്തിൽ എക്സ്-ഒഫിഷ്യോ അംഗങ്ങളുടെ കൂട്ടത്തിൽ വളരെ

കുറവാണ്. അത് പരിഗണിക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 23 (1)ൽ, "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിലെ "ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്ര വർഗ്ഗങ്ങളിലോ" എന്നീ വാക്കുകൾക്ക് പകരം "ഒരാൾ പട്ടികജാതിയിലും ഒരാൾ പട്ടിക ഗോത്ര വർഗ്ഗത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 23 (1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൽ ഇനം (i) നീക്കം ചെയ്യുക.

ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് തന്നെയാണ് ഇത്. 1000 കോടി രൂപ, ബഹുരാഷ്ട്ര കമ്പനി, ചീഫ് എക്സിക്യൂട്ടീവ് ഇങ്ങനെ കുറെ നിബന്ധനകൾ ഒരുമിച്ച് വരുകയാണ്. 1000 കോടി രൂപയ്ക്ക് എന്ത് sanctity ആണുള്ളത്. ഒരു പ്രഗത്ഭനായ വ്യവസായി, സാങ്കേതിക ജ്ഞാനമുള്ള, സാങ്കേതിക ബിരുദമുള്ള വ്യവസായി എന്നല്ലേ വരേണ്ടത്.

<u>ശ്രീ. എം. ഹംസ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

625. ഖണ്ഡം 23 (1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു താഴെ ഇനം (I)-ൽ, " ആയിരം കോടി" എന്നീ വാക്കുകൾക്ക് പകരം "ഒരു കോടി" എന്നീ വാക്കുകൾ ചേർക്കുക.

ഈ നിയമത്തിൽ എല്ലാംതന്നെ നോമിനേറ്റ് ചെയ്യുകയാണ്. അതിൽ നോമിനേറ്റ് ചെയ്യുന്ന ഒന്നാമത്തെ അംഗം 1000 കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ബഹുരാഷ്ട്ര കമ്പനിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റാങ്കിൽ കുറയാതെയുള്ള, സർക്കാർ ശുപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പ്രഗത്ഭനായ ഒരു വ്യവസായി എന്നാണ്. ഒരു കോടി രൂപ വിറ്റുവരവുള്ള ബഹുരാഷ്ട്ര കമ്പനിയിലെ അല്ലാത്ത ഒരു വ്യവസായിയെ, ഒരു ടെക്നോക്രാറ്റിനെ നമുക്ക് വയ്ക്കാം. അങ്ങനെയാണ് എന്റെ ഭേദഗതി. അതിനെ എല്ലാവരും അംഗീകരിക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

626. ഖണ്ഡം 23 (1)-ൽ, 'നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ' എന്ന ശീർഷകത്തിനു താഴെയുള്ള ഇനം (i) ൽ, -

(1) "ആയിരം കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ള" എന്നതിനു

ശേഷം "പൊതുമേഖലയിലേയോ ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ കമ്പനിയിലെയോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

(2) "സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്ക് ശേഷം "വകുപ്പ് മേധാവിയോ പ്രഗത്ഭനായ വ്യവസായി" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

644. ഖണ്ഡം 23 (1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളിൽ" ഉപഖണ്ഡം (ii), (v), (vi) എന്നീ ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള അംഗങ്ങളെ അതത് മേഖലകളിൽ എന്ന് തെരഞ്ഞെടുപ്പിലൂടെ നിയോഗിക്കേണ്ടതാണ്.

647. ഖണ്ഡം 23(1) ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൽ (v)-ന് പകരം താഴെപ്പറയുന്നത് ചേർക്കുക:

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർ, അവരിൽ ഒരാൾ അൺ എയ്ഡഡ് മേഖലയിൽ നിന്നുള്ള ആളും ഒരാൾ സർക്കാർ നിയന്ത്രിത അൺ എയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളും ആയിരിക്കേണ്ടതാണ് " .

651. ഖണ്ഡം 23(1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൽ (vi)-ന് ശേഷം താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(vii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെയും സർവ്വകലാശാല കളിലെയും സർവ്വകലാശാലാവകുപ്പുകളിലെയും അനദ്ധ്യാപക ജീവന ക്കാരുടെയും ഒരു പ്രതിനിധിയെ തെരഞ്ഞെടുപ്പിലൂടെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗമാക്കണം " .

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 23 (1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ ഇനം (i) ൽ "വിറ്റുവരവുള്ള" എന്ന വാക്കിന് ശേഷം "ഇന്ത്യ ആസ്ഥാനമായ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

628. ഖണ്ഡം 23(1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിലെ (i)-ാം ഇനത്തിൽ "ബഹുരാഷ്ട്ര കമ്പനിയിൽ "എന്ന

വാക്കിനുശേഷം "ഇൻഡ്യയിൽ പ്രവർത്തിക്കുന്ന"എന്നീ വാക്കുകൾ ചേർക്കുക.

ആയിരം കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ളതെന്ന് പറയുന്നത് വലിയൊരു അപാകതയായി ഞാൻ കാണുന്നില്ല. ഈ രംഗത്ത് വലിയ പരിചയ സമ്പന്നരായ, ടെക്നോക്രാറ്റുകളായ വ്യവസായികൾ ഇന്ത്യാ രാജ്യത്ത് കടന്നുവരണം. അസിംജി പ്രേംജിയെപ്പോലുള്ളവരെ നമ്മുടെ രാജ്യത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിക്ക് കിട്ടിയാൽ അത് വലിയ ഭാഗ്യമായിരിക്കും. അങ്ങനെയുള്ള ഒരുപാട് ആളുകൾ ഉണ്ട്. അതുകൊണ്ട് ഇതിനെ വേറൊരു രീതിയിലും വ്യാഖ്യാനിക്കേണ്ടതില്ല. ഇതുപോലുള്ള കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റാങ്കിൽ വരുന്നവർ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു കമ്പനിയിൽ നിന്നായിരിക്കണം. അതുകൊണ്ട് ഇന്ത്യയിൽ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനിയെന്നുകൂടി കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

629. ഖണ്ഡം 23(1) -ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ "എന്ന ശീർഷകത്തിന് കീഴിലെ ഇനം (i)-ന് പകരം താഴെപ്പറയുന്നത്

ചേർക്കുക:

" (i) ആയിരത്തിൽ അധികം ജീവനക്കാർ ജോലിചെയ്യുന്ന ബഹുരാഷ്ട്ര കമ്പനിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റാങ്കിൽ കുറയാതെയുള്ള സാങ്കേതിക ശാസ്ത്ര മേഖലയിൽ ബിരുദത്തിൽ കുറയാതെ യോഗ്യതയുള്ള സർക്കാർ ശിപാർശയിന്മേൽ ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി"

646. ഖണ്ഡം 23(1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" ഉപഖണ്ഡം (v) എന്ന ശീർഷകത്തിന് കീഴിലെ ഇനം (v)-ന് പകരം താഴെ പറയുന്നത് ചേർക്കുക:

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർ, അവരിൽ ഒരാൾ എയ്ഡഡ് മേഖലയിൽ നിന്നുള്ള ആളും ആയിരിക്കേണ്ടതാണ്;"

649. ഖണ്ഡം 23(1)-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിൽ ഇനം (vii) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി

പ്രതിനിധികൾ, അവരിൽ ഒരാൾ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥിയും ആയിരിക്കേണ്ടതാണ്. കൂടാതെ അവരിൽ ഒരാൾ വനിതയും ആയിരിക്കേണ്ടതാണ് ".

വ്യവസായി എന്ന് പറഞ്ഞാൽ പല വ്യവസായികളും വരും. അതുകൊണ്ട് 1000 കോടി രൂപ എന്ന് പറയുന്നിടത്ത് 1000 പേർ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ എന്ന് പറഞ്ഞാലും കുഴപ്പമില്ല.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന് പറയുന്നിടത്ത്, സർക്കാർ നിയന്ത്രിത മാനേജ്മെന്റിന് മാനേജർമാർ ഇല്ല. അവിടെ ഡയറക്ടർമാരാണ് ഉള്ളത്. 123 കോളേജുകൾ സ്വാശ്രയ മേഖലയിൽ നിന്നുണ്ട്. അതുകൊണ്ട് സെനറ്റിൽ, ലോവർ ഹൗസിൽ കുറച്ചുപേർ കൂടുതൽ ഇരുന്നതുകൊണ്ട് ദോഷമില്ല.

വിദ്യാർത്ഥി പ്രാതിനിധ്യത്തിൽ സെക്രട്ടറി മാത്രമാണുള്ളത്. മൂന്ന് വിദ്യാർത്ഥി പ്രതിനിധികളെങ്കിലും ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിൽ ഒരാൾ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥിയും ഒരാൾ വനിതയും ആയിരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

637. ഖണ്ഡം 23(1)ൽ, " നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ " എന്ന ശീർഷകത്തിന് കീഴിലെ ഇനം (ii)-ൽ "അവരിൽ ഒരാൾ " എന്ന വാക്കിനു പകരം "അവർ " എന്ന വാക്ക് ചേർക്കുക.

ഇവിടെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ ഒരാൾ സർക്കാർ/എയ്ഡഡ് മേഖലയിൽ നിന്നായിരിക്കണമെന്നാണ്. എന്റെ അഭിപ്രായത്തിൽ അവർ രണ്ടുപേരും സർക്കാർ/എയ്ഡഡ് മേഖലയിൽ നിന്നായിരിക്കണം. അല്ലാതെ സ്വാശ്രയ മേഖലയിൽ നിന്ന് വരാൻ പാടില്ല. സ്വാശ്രയ മേഖലയിലുള്ളവർക്ക് റിസർവ് ചെയ്യുന്നതുപോലെ ഒരു സീറ്റ് ഇടാൻ പാടില്ല. എയ്ഡഡ് മേഖലയിലും പ്രൈവറ്റ് മാനേജ്മെന്റ് ഉണ്ടല്ലോ; അവരെ എടുക്കാം. അതുകൊണ്ട് അവർ രണ്ടുപേരും സർക്കാർ/എയ്ഡഡ് മേഖലയിൽ നിന്നാകണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

643. ഖണ്ഡം 23 (1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള (v) (vii) എന്നീ ഇനങ്ങൾ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിൽ

താഴെപ്പറയും പ്രകാരം ചേർക്കുകയും നിലവിലുള്ളത് ഇനം (1) ആയി ചേർക്കുകയും ചെയ്യുക:

"(ii) അൺഎയ്ഡഡ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പേർ, സർക്കാർ നിയന്ത്രിത അൺ എയിഡഡ് സ്വാശ്രയ മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(iii) സർക്കാർ കോളേജുകൾ, എയിഡഡ് കോളേജുകൾ, സർക്കാർ നിയന്ത്രിത അൺ എയിഡഡ് കോളേജുകൾ, അൺ എയിഡഡ് കോളേജുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഓരോ പ്രതിനിധി വീതം അവർ പി.എച്ച്.ഡി. ഉള്ളവരും പത്തു വർഷത്തിൽ കുറയാതെയുള്ള അധ്യാപന പരിചയം ഉള്ളവരുമായിരിക്കേണ്ടതുമാണ്.

സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതിന് പകരം സ്ഥാപനങ്ങളിലെ അദ്ധ്യാപകരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരാകണം ബോർഡ് ഓഫ് ഗവർണേഴ്സിലെ അദ്ധ്യാപക പ്രതിനിധികൾ. ഇതൊരു നിയമമല്ല. ഇത് യഥാർത്ഥത്തിൽ ഒരു മോക്രിയാണ്. ചില ആളുകളെ ചില പോസ്റ്റുകളിലേയ്ക്ക്

വയ്ക്കണമെന്ന് ആദ്യം തീരുമാനിക്കുക, അതിനനുസരിച്ച് ഒരു നിയമം കൊണ്ടുവരുകയാണ്. ഇതൊക്കെ നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഇല്ലാത്തതാണ്. ഇതൊക്കെ മഹാവൃത്തികേടാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

645. ഖണ്ഡം 23 (1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (iii) ൽ "അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്." എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "അവരിൽ ഒരാൾ വനിതയും ഒരാൾ ശാസ്ത്രസാങ്കേതിക രംഗത്ത് ദേശീയമോ അന്തർദേശീയമോ തലത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളതും ശാസ്ത്രസാങ്കേതിക ഗവേഷണ രംഗത്ത് ദേശീയമോ അന്തർദേശീയമോ ആയ ബഹുമതികളോ പുരസ്കാരങ്ങളോ കരസ്ഥമാക്കിയിട്ടുള്ളതുമായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

650. ഖണ്ഡം 23(1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന

ശീർഷകത്തിന് കീഴിലെ ഇനം (vi)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക. "(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് വിദ്യാർത്ഥികൾ".

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

654. ഖണ്ഡം 23(1)-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(vii) സർക്കാർ-എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക പ്രതിനിധികൾ ഓരോന്നുവീതം".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, താഴെ പറയുന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ……(ബഹളം)..............

മി. സ്പീക്കർ: പ്ലീസ്.......... പ്ലീസ്..... ഇത് നിയമനിർമ്മാണമാണ്. ബഹുമാനപ്പെട്ട മന്ത്രി ഓറൽ അമന്റ്മെന്റ് മൂവ് ചെയ്യുന്നത് കേൾക്കണ്ടേ. ഇങ്ങനെ സംസാരിച്ചാൽ എന്താണ് അറിയുന്നത്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: ഖണ്ഡം 23(1)-ൽ “ എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (xv)-ാം ഇനത്തിന് പകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

“ (xv) വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ"

(2) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,

(എ) നിലവിലുള്ള വാചകത്തിന് പകരം താഴെ പറയുന്ന വാചകം ചേർക്കേണ്ടതാണ്, അതായത്:-

“ (i) നിയമസഭാ സാമാജികർ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോ പെട്ടതായിരിക്കേണ്ടതുമാണ് ” .

(ബി) നിലവിലുള്ള വാചകത്തിന് ശേഷം താഴെ പറയുന്ന വാചകം ചേർക്കേണ്ടതാണ്, അതായത്:-

“ (ii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുക്കുന്ന നാല് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വിദ്യാർത്ഥിനിയും ആയിരിക്കേണ്ടതാണ്.”

ഖണ്ഡം 23(1)-ൽ 'നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ' എന്ന ശീർഷകത്തിൻ കീഴിൽ (i)-ാം ഇനത്തിലെ ആയിരം കോടി എന്നതിന് പകരം "സർക്കാർ ശിപാർശയിന്മേൽ ഗവർണർ നോമിനേറ്റ് ചെയ്യുന്ന ഒരു പ്രമുഖ

വ്യവസായി" എന്ന് ചേർക്കണം.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 599, 610, 614, 630, 648 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 603, 633 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 605-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 608, 636 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 609, 620, 631, 652 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 613, 617, 638, 653 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 615-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 616-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 618, 632 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 625-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 626, 644, 647, 651 എന്നീ നമ്പർ

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 628-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 629, 646, 649 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 637-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 645-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 650-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 654-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഞാൻ താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

655. ഖണ്ഡം 24(5)-ന് ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:-
" എന്നാൽ ഈ വകുപ്പിൻ കീഴിൽ ഔദ്യോഗിക സ്ഥാനം ഹേതുവായി ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗമായി വരുന്ന ഏതൊരാളും തന്റെ ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതോടെ അതിൽ അംഗമല്ലാതായി ത്തീരുന്നതാണ്."

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

656. ഖണ്ഡം 24(1)-ൽ, "നാലു" എന്നതിനു പകരം "മൂന്നു" എന്നു ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

658. ഖണ്ഡം 24(2)-ൽ, "എക്സ്-ഒഫീഷ്യോ അംഗം" എന്നതിന് പകരം "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്നത് ചേർക്കുക.

663. ഖണ്ഡം 24(4)-ൽ, "പുറത്തുപോകുന്ന ഒരു അംഗം മറ്റൊരാളെ ആ സ്ഥാനത്തേക്ക് അംഗമായി നിർദ്ദേശിക്കുന്നതുവരെ" എന്നതിനു പകരം "മറ്റൊരാളെ ആ സ്ഥാനത്തേക്ക് അംഗമായി നിർദ്ദേശിക്കുന്നതുവരെ പുറത്തുപോകുന്ന ഒരു അംഗം" എന്നത് ചേർക്കുക.

663- ഇത് ഒരു വാചക ഘടനയുടെ പ്രശ്നമാണ്. ഖണ്ഡം 24(4)-ൽ "പുറത്തുപോകുന്ന ഒരു അംഗം മറ്റൊരാളെ ആ സ്ഥാനത്തേക്ക് അംഗമായി നിർദ്ദേശിക്കുന്നതുവരെ" എന്നാണുള്ളത്. ഈ അംഗമാണോ നിർദ്ദേശിക്കേണ്ടത്. അതിനുപകരം "മറ്റൊരാളെ ആ സ്ഥാനത്തേയ്ക്ക് അംഗമായി നിർദ്ദേശിക്കുന്നതുവരെ

പുറത്തുപോകുന്ന ഒരംഗം"എന്നാണ് ചേർക്കേണ്ടത്. അല്ലെങ്കിൽ പോകുന്ന ആൾ അടുത്ത ആളെ നിർദ്ദേശിച്ച് അങ്ങനെ താവഴിയായിട്ടേ പോകാൻ സാധിക്കൂ.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

659. ഖണ്ഡം 24(2)-ൽ, "എക്സ്-ഒഫീഷ്യോ അംഗം" എന്നീ വാക്കുകൾക്കു പകരം "എക്സ്-ഒഫീഷ്യോ അംഗങ്ങളിലെ ക്രമനമ്പർ (i), (ii), തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ" എന്നീ വാക്കുകൾ ചേർക്കുക.

660. ഖണ്ഡം 24(3)-ൽ, "താൽക്കാലിക" എന്ന വാക്കിനു പകരം "ആകസ്മികമായുണ്ടാകുന്ന" എന്ന വാക്ക് ചേർക്കുക.

662. ഖണ്ഡം 24(4)-ൽ, "സർക്കാർ" എന്ന വാക്ക് ഒഴിവാക്കുക.

664. ഖണ്ഡം 24 (4)-ൽ, "മറ്റൊരാളെ" എന്ന വാക്കിനു മുൻപ് "സർക്കാർ" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

661. ഖണ്ഡം 24(4) ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

665. ഖണ്ഡം 24 (4)-ൽ, "അംഗമായി നിർദ്ദേശിക്കുന്നതുവരെ ഉദ്യോഗത്തിൽ" എന്നതിനു പകരം "സർക്കാർ നിർദ്ദേശിക്കുന്നതുവരെ തൽസ്ഥാനത്ത്" എന്നത് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 656-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 658, 663 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 659, 660, 662, 664 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 661-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 665-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

668. ഖണ്ഡം 25 (2)(i) -ൽ, "പഠനമുന്നേറ്റത്തിനും" , എന്നീ വാക്കുകൾക്കു പകരം "പഠന മികവിനും " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

671. ഖണ്ഡം 25 (2)(v) -ൽ, "സ്വയംഭരണ കോളേജുകൾ അഥവാ", എന്നീ വാക്കുകളും "അല്ലെങ്കിൽ സർവ്വകലാശാലയുടെ അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജുകൾ" , എന്നീ വാക്കുകളും ഒഴിവാക്കുക.

672. ഖണ്ഡം 25 (2)(vi) -ൽ, " അഥവാ സ്വയംഭരണ കോളേജുകൾ ", എന്നീ വാക്കുകളും "അഥവാ അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജുകൾ" , എന്നീ വാക്കുകളും ഒഴിവാക്കുക.

674. ഖണ്ഡം 25(2)(vii)-ന്റെ പ്രാരംഭത്തിൽ താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക:

"സർക്കാർ യു.ജി.സി. നിബന്ധനകൾക്ക് വിധേയമായി അക്കാദമിക സ്വയംഭരണം നൽകാനായി നിയമനിർമ്മാണം നടത്തുകയാണെങ്കിൽ അതിനുശേഷം"

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

673. ഖണ്ഡം 25(2)(vi)-ൽ, "അഫിലിയേഷൻ"എന്നീ വാക്കിന് മുമ്പ് "നിലവിലുള്ള" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

675. ഖണ്ഡം 25 (vii)-ൽ
(i) "ഒരു കോളേജിന്റെ ഒരു വകുപ്പിനോ" എന്നീ വാക്കുകൾ ഒഴിവാക്കുക.
(ii) "നൽകുക" എന്ന വാക്കിന് പകരം "പ്രാവർത്തികമാക്കുക" എന്ന വാക്ക് ചേർക്കുക.

682. ഖണ്ഡം 25 (2) (xvii)-ൽ, "സർക്കാരിതര സംഘടനകൾ " എന്നീ വാക്കുകൾക്ക് ശേഷം "വ്യവസ്ഥാപിതമായ മാനദണ്ഡങ്ങൾക്ക് വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

690. ഖണ്ഡം 25 (xxii)-ൽ, "സർക്കാർ അംഗീകരിക്കാവുന്നതായ അങ്ങനെയുള്ള ആവശ്യങ്ങൾക്ക്" എന്നീ വാക്കുകൾക്ക് ശേഷം "സർക്കാർ അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഈടിന്മേലോ അല്ലാതെയോ പണം കടം വാങ്ങാവുന്നതാണ് " എന്നീ വാക്കുകൾ ചേർക്കുക.

675- സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസൃതമായി ഒരു കോളേജിനോ ഒരു കോളേജിന്റെ ഒരു വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാലയുടെ ഒരു വകുപ്പിനോ കേന്ദ്രങ്ങൾക്കോ അക്കാദമിക സ്വയംഭരണാധികാരം നൽകുക എന്നാണുള്ളത്. അതിൽ "ഒരു

കോളേജിന്റെ ഒരു വകുപ്പിനോ" എന്ന വാക്ക് ഒഴിവാക്കണം. അതുപോലെ "നൽകുക" എന്നതിനുപകരം "പ്രാവർത്തികമാക്കുക" എന്ന വാക്ക് ചേർക്കണം.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

676. ഖണ്ഡം 25(2) (ix)-ൽ, "പഠനശാഖ തുടർന്നു പോന്നിട്ടുള്ള" എന്നീ വാക്കുകൾക്ക് ശേഷം "അർഹത നേടിയ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

677. ഖണ്ഡം 25(2) (ix)-ൽ, "ബിരുദമോ" എന്നീ വാക്കിന് ശേഷം "ബിരുദാനന്തര ബിരുദമോ" എന്നീ വാക്കുകൾ ചേർക്കുക.

679. ഖണ്ഡം25 (2) (xi)-ൽ, "ബിരുദമോ" എന്ന വാക്കിനുശേഷം "ബിരുദാനന്തര ബിരുദമോ" എന്നീ വാക്കുകൾ ചേർക്കുക.

684. ഖണ്ഡം 25 (2) (xvii)-ൽ, "വർദ്ധിപ്പിക്കുക" എന്ന വാക്കിനു പകരം "വർദ്ധിപ്പിക്കുകയും നിലനിറുത്തുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

685. ഖണ്ഡം 25 (2) (xix)-ൽ, "അന്യാധീനപ്പെടുത്തുകയോ" എന്ന വാക്ക്

ഒഴിവാക്കുക.

687. ഖണ്ഡം 25 (2) (xx)-ൽ, "പ്രഥമദൃഷ്ട്യാ സ്പഷ്ടമാകുന്ന" എന്നീ വാക്കുകൾക്കു പകരം "ബോധ്യമാകുന്ന" എന്ന വാക്ക് ചേർക്കുക.

691. ഖണ്ഡം 25 (2) (xxiv) ആയി താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക:-

"(xxiv) സർവ്വകലാശാലയിൽ നിന്ന് കരസ്ഥമാക്കിയ ബിരുദങ്ങളോ ഡിപ്ലോമകളോ സർട്ടിഫിക്കറ്റുകളോ കൈവശം വയ്ക്കുന്ന വ്യക്തികളുടെ യോഗ്യത സംബന്ധിച്ച് സംശയങ്ങൾ ഉയരുകയോ ആക്ഷേപം ലഭിക്കുകയോ ചെയ്താൽ അതിനെക്കുറിച്ച് അന്വേഷണം നടത്തി തീർപ്പു കൽപ്പിക്കുക;"

687-ഖണ്ഡം 25 (2) (xx) നടപടികളെ സംബന്ധിച്ച് പറയുന്ന ഭാഗമാണ്. അതിൽ "പ്രഥമദൃഷ്ട്യാ സ്പഷ്ടമാകുന്ന" എന്ന് പറഞ്ഞിട്ടുണ്ട്. സ്പഷ്ടമായാൽ പോര, അതുകൊണ്ട് അതിനുപകരം "ബോധ്യമാകുന്ന" എന്ന് ചേർക്കണം. അതുപോലെ 691- ഖണ്ഡം 25 (2) (xxiv)- സർവ്വകലാശാലയിൽ നിന്ന് കരസ്ഥമാക്കിയ ബിരുദങ്ങളോ ഡിപ്ലോമകളോ സർട്ടിഫിക്കറ്റുകളോ കൈവശം വയ്ക്കുന്ന വ്യക്തികളുടെ യോഗ്യത സംബന്ധിച്ച് സംശയങ്ങൾ ഉയരുകയോ ആക്ഷേപം ലഭിയ്ക്കുകയോ

ചെയ്താൽ അതിനെക്കുറിച്ച് അന്വേഷണം നടത്തി തീർപ്പ് കൽപ്പിക്കാൻ ഒരു വകുപ്പുവേണം. അതുകൊണ്ട് അത് ചേർക്കണം.

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

678. ഖണ്ഡം 25(2) (ix)-ൽ, "ഡിപ്ലോമയോ സർട്ടിഫിക്കറ്റുകളോ അല്ലെങ്കിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

680. ഖണ്ഡം 25 (2) (xiv)ൽ, " നിയമനങ്ങൾ" എന്ന വാക്കിന് ശേഷം "നിബന്ധനങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

683. ഖണ്ഡം 25 (2) (xvii)-ൽ, "ഇടപാടുകാർക്ക്" എന്ന വാക്കിന് പകരം "വ്യക്തിക്കോ വ്യക്തികൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

680- സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യോഗ്യത നിശ്ചയിക്കുകയും, അങ്ങനെയുള്ള കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനങ്ങൾ അംഗീകരിക്കുകയും ചെയ്യുക എന്നാണുള്ളത്. ആ നിയമനങ്ങൾ നിബന്ധനകൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കണം.

ക്ലാരിറ്റിക്കുവേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. അതുപോലെ 683-ഖണ്ഡം 25 (2) (xvii)-ൽ ഇടപാടുകാർക്ക് എന്നാണ് പറഞ്ഞിരിക്കുന്നത്. അതിന് നല്ലൊരു വാക്ക് കണ്ടുപിടിക്കാവുന്നതാണ്. ഒരു നിയമമുണ്ടാക്കുകയല്ലേ. അതുകൊണ്ട് അതിനുപകരം 'അതൊരു വ്യക്തിക്കോ വ്യക്തികൾക്കോ' എന്നാക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

681. ഖണ്ഡം 25 (2) (xvii)-ൽ, "മറ്റേതെങ്കിലും " എന്ന വാക്കിന് ശേഷം "വിശ്വാസയോഗ്യമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

688. ഖണ്ഡം 25 (2) (xx)-ൽ, "പൊതുതാല്പര്യാർത്ഥം, ഏറ്റെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക;" എന്നീ വാക്കുകൾക്ക് പകരം "മാനേജ്മെന്റിനെതിരെ സ്വീകരിക്കേണ്ട ശിക്ഷാ നടപടി സംബന്ധിച്ചും പൊതുതാല്പര്യാർത്ഥം ആ കോളേജോ, സ്ഥാപനമോ ഏറ്റെടുക്കുന്നതു സംബന്ധിച്ചും സർക്കാരിനോട് ശിപാർശ ചെയ്യുക;" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഓറൽ അമെന്റ്മെന്റ് അവതരിപ്പിക്കുന്നു.

ഖണ്ഡം 25(2)-ൽ (xix)-ാം ഇനത്തിൽ "ഗ്രാന്റായി നൽകുകയോ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 667-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 679-ാം നമ്പർ ഭേദഗതിയും സ്വീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രീ. റ്റി. എ. അഹമ്മദ് കബീർ ഭേദഗതി മൂവ് ചെയ്തിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ശ്രീ. റ്റി. എ. അഹമ്മദ് കബീർ ഭേദഗതി മൂവ് ചെയ്തിട്ടില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. റ്റി. എ. അഹമ്മദ് കബീറിന്റെ 667-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

667. ഖണ്ഡം 25(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " ചാൻസലർ" എന്ന

വാക്കിനുശേഷം "പരിശോധിച്ച്" എന്ന വാക്ക് ചേർക്കുക.

<u>മി. സ്പീക്കർ:</u> മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 679-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 668-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 671, 672, 674 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 673-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 675, 682, 690 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 676-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 677, 684, 685, 687, 691 എന്നീ

നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 678-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 680, 683 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 688-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നം സഭ അംംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 26-ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

692. ഖണ്ഡം 26(1)-ൽ, "യോഗം ചേരേണ്ടതും അത് വീഡിയോ കോൺഫറൻസ് വഴിയാകാവുന്നതുമാണ്" എന്നീ വാക്കുകൾക്കു പകരം "യോഗം ചേരേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

697. ഖണ്ഡം 26(1) താഴെപ്പറയും പ്രകാരം മാറ്റുക:-

"(i) കുറഞ്ഞത് നാലുമാസത്തിലൊരിക്കലെങ്കിലും ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിക്കുന്ന രീതിയിൽ, വൈസ് ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ ബോർഡ് ഓഫ് ഗവർണേഴ്സ് യോഗം ചേരേണ്ടതും അതിലൊരു യോഗം വാർഷികയോഗമായി ചേരേണ്ടതും, പ്രസ്തുത യോഗത്തിൽ സർവ്വകലാശാലയുടെ ബഡ്ജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതുമാണ്".

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

694. ഖണ്ഡം 26(1)-ൽ, " അത് വീഡിയോ കോൺഫറൻസ് വഴിയാകാവുന്നതുമാണ്" എന്നതിനു പകരം "കുറഞ്ഞത്

നാലുമാസത്തിലൊരിക്കലെങ്കിലും ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിക്കുന്ന രീതിയിൽ, വൈസ് ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ ബോർഡ് ഓഫ് ഗവേർണേഴ്സ് യോഗം ചേരേണ്ടതും അതിലൊരു യോഗം വാർഷികയോഗമായി ചേരേണ്ടതും പ്രസ്തുത യോഗത്തിൽ സർവ്വകലാശാലയുടെ ബഡ്ജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, എന്റെ 694-ാം നമ്പർ ഭേദഗതിയിൽ വീഡിയോ കോൺഫറൻസിഗ് എന്നു പറയുന്നത് നെഗറ്റീവ് ടേമിലല്ല ബില്ലിൽ വന്നത്, എമിനന്റ് ആയിട്ടുള്ള ഒരാൾ ചെയർമാൻ ആകുകയായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പ്രസൻസ് ഉറപ്പു വരുത്തുന്നതിന് വേണ്ടിയായിരുന്നു അതിൽ ആദ്യം ഒരു ഘടകമെന്ന് ഞാൻ കരുതുന്നു. ചെയർമാൻ ഇല്ലാത്തതുകൊണ്ട് ഇതിൽ ചെറിയ മാറ്റം വേണ്ടി വരുന്നത്, 'വീഡിയോ കോൺഫറൻസിഗ് വഴിയാകാവുന്നതുമാണ് ' എന്നതിനു പകരം "കുറഞ്ഞത് നാലു മാസത്തിലൊരിക്കലുമെങ്കിലും ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനിക്കുന്ന രീതിയിൽ, വൈസ് ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ചേരേണ്ടതും, അതിലൊരു യോഗം വാർഷിക യോഗമായി ചേരേണ്ടതും പ്രസ്തുത യോഗത്തിൽ സർവ്വകലാശാലയുടെ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതുമാണ് " എന്ന വാക്കുകൾ ചേർക്കണമെന്ന്

അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

695. ഖണ്ഡം 26(1)-ൽ, " വീഡിയോ " എന്ന വാക്കിനു മുൻപ് "ആവശ്യമെങ്കിൽ" എന്ന വാക്ക് ചേർക്കുക.

699. ഖണ്ഡം 26(1) -ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:-

" എന്നാൽ, ഒരു സാമ്പത്തിക വർഷത്തിലെ ആദ്യയോഗത്തിൽ മുൻ വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും സമർപ്പിക്കേണ്ടതും ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന യോഗത്തിൽ വരുംവർഷത്തെ ബഡ്ജറ്റ് അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്."

701. ഖണ്ഡം 26(2)- ൽ, "മൂന്നിലൊന്ന്" എന്ന വാക്കിന് പകരം "മൂന്നിൽ രണ്ട് " എന്നീ വാക്കുകൾ ചേർക്കുക.

705. ഖണ്ഡം 26(5)ൽ, (i) "വൈസ് ചാൻസലർ " എന്ന വാക്കിനു പകരം "പ്രോ-ചാൻസലർ " എന്ന വാക്ക് ചേർക്കുക.

(ii)"പ്രോ-വൈസ്-ചാൻസലർ" എന്ന വാക്കിനു പകരം "വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക.

സർ, എന്റെ 695-ാം നമ്പർ ഭേദഗതിയിൽ "വീഡിയോ" എന്നതിനു

മുൻപിൽ ആവശ്യമാണെങ്കിൽ വീഡിയോ കോൺഫറൻസിഗ് നടത്തുക എന്നുള്ളതാണ്. എന്റെ 699-ാം നമ്പർ ഭേദഗതിയിൽ, ഖണ്ഡം 26(1)-ൽ "എന്നാൽ ഒരു സാമ്പത്തിക വർഷത്തിലെ ആദ്യ യോഗത്തിൽ മുൻ വാർഷിക റിപ്പോർട്ടും, കണക്കുകളും സമർപ്പിക്കേണ്ടതും, ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന യോഗത്തിൽ വരും വർഷത്തെ ബഡ്ജറ്റ് അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ് " എന്നുള്ളത് നിർബന്ധമായും വേണമെന്നതാണ് എന്റെ അഭിപ്രായം. എന്റെ 705-ാം നമ്പർ ഭേദഗതിയിൽ, ചാൻസലറുടെ അഭാവത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗത്തിൽ വൈസ് ചാൻസലർ അദ്ധ്യക്ഷം വഹിക്കേണ്ടതും, അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രോ-വൈസ് ചാൻസലർ യോഗത്തിന്റെ അദ്ധ്യക്ഷം വഹിക്കേണ്ടതും, എന്നാണ് വരുന്നത്. അതിൽ യഥാർത്ഥത്തിൽ ചാൻസലറുടെ അഭാവത്തിൽ പ്രോ-വൈസ് ചാൻസലർ ആണ് അദ്ധ്യക്ഷം വഹിക്കേണ്ടത്. അതുകൊണ്ട് ചാൻസലറുടെ അഭാവത്തിൽ വൈസ്-ചാൻസലർ അദ്ധ്യക്ഷനാകുന്നതിന് മുൻപ് "പ്രോ-ചാൻസലർ" എന്ന വാക്ക് ചേർക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

698. ഖണ്ഡം 26(1) -ൽ, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

" എന്നാൽ, തുടർച്ചയായി അത്തരം യോഗങ്ങൾ വീഡിയോ

കോൺഫറൻസ് മുഖേന ആകുവാൻ പാടില്ലാത്തതുമാകുന്നു." എന്നീ വാക്കുകൾ ചേർക്കുക.

എന്റെ 698-ാം നമ്പർ ഭേദഗതിയിൽ, വീഡിയോ കോൺഫറൻസിഗ് നല്ല കാര്യമാണെങ്കിലും തുടർച്ചയായി അത്തരം യോഗങ്ങൾ വീഡിയോ കോൺഫറൻസിംഗ് നടത്തുന്നത് ആശാസ്യമായ കാര്യമല്ല. അതുകൊണ്ട് തുടർച്ചയായി അത് ആകാൻ പാടില്ലെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

700. ഖണ്ഡം 26(2)- ൽ, "മൂന്നിലൊന്ന്" എന്നതിന് പകരം "പകുതി " എന്ന് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

702. ഖണ്ഡം 26(2) താഴെപ്പറയും പ്രകാരം മാറ്റുക :-

" (2) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഒരു യോഗത്തിന്റെ ക്വാറം ബോർഡ് ഓഫ് ഗവർണേഴ്സിന്റെ നിലവിലുള്ള അംഗങ്ങളുടെ പകുതിയായിരിക്കേണ്ടതും യോഗത്തിന്റെ തീരുമാനങ്ങൾ ഭൂരിപക്ഷ തീരുമാനത്തി

നടിസ്ഥാനത്തിലുമായിരിക്കണം".

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

703. ഖണ്ഡം 26(2)- ന്റെ ക്ലിപ്തനിബന്ധനയിലെ "ബിരുദങ്ങളോ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

704. ഖണ്ഡം 26(2)ന്റെ ക്ലിപ്തനിബന്ധനയിൽ, "ആവശ്യമില്ലാത്തതാണ്" എന്ന വാക്കിനു പകരം "നിർബന്ധിതമല്ലാത്തതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

706. ഖണ്ഡം 26(5)ൽ, (i)"വൈസ്-ചാൻസലർ " എന്നതിനു പകരം "പ്രോ-ചാൻസലർ " എന്ന് ചേർക്കുക. "പ്രോ-വൈസ് -ചാൻസലർ" എന്ന വാക്കിനു പകരം "വൈസ്-ചാൻസലറും അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രോ-വൈസ് ചാൻസലറും" എന്നീ വാക്കുകൾ ചേർക്കുക.

സർ, മിനിസ്റ്റർ ആണ് പ്രോ-ചാൻസലർ. ചാൻസലർ ഇല്ലെങ്കിൽ മിനിസ്റ്റർ

തന്നെ അദ്ധ്യക്ഷം വഹിക്കട്ടെ. എന്തിനാണ് മാറി നിൽക്കുന്നത്? അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

707. ഖണ്ഡം 26(5)-ന ശേഷം ഉപഖണ്ഡം ചേർക്കുക:-

"(6) കുറഞ്ഞത് നാലുമാസത്തിലൊരിക്കലെങ്കിലും വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ ബോർഡ് ഓഫ് ഗവർണേഴ്സ് യോഗം ചേരേണ്ടതും അതിലൊരു യോഗം വാർഷികയോഗമായി ചേരേണ്ടതും പ്രസ്തുത യോഗത്തിൽ സർവ്വകലാശാലയുടെ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതുമാണ്."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 692, 697 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 694-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 695, 699, 701, 705 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 700-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 702-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 703-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 704-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 707-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

708. ഖണ്ഡം 27 (1)-ൽ, "എക്സ് ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,-

(എ)(iii)-ാം ഇനത്തിൽ, "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കു പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

(ബി)(iv)-ാം ഇനത്തിൽ, "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കു പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

(സി)(xii)-ാം ഇനത്തിൽ, "അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾക്കു പകരം "ബോർഡ് ഓഫ് ഗവർണേഴ്സിലെ അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

(ഡി)(xiii)-ാം ഇനത്തിൽ, "സ്വകാര്യകോളേജ് മാനേജർമാരിൽ നിന്നും" എന്നീ വാക്കുകൾക്കു പകരം "ബോർഡ് ഓഫ് ഗവർണേഴ്സിലെ സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

27-ാം വകുപ്പിൽ (1) ഉപവകുപ്പിൽ 11-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

“ 11. സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം.”

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

709. ഖണ്ഡം 27 (1)(xiii) ഒഴിവാക്കുക.

719. ഖണ്ഡം 27(1)(ix)-ൽ, "രണ്ടംഗങ്ങൾ" എന്ന വാക്കിനു പകരം "മൂന്ന് അംഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

710. ഖണ്ഡം 27 (1)(iii)-ൽ, "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന

അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

711. ഖണ്ഡം 27 (1)-ൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെ ഇനം (iii), (iv), (v) എന്നിവ താഴെപ്പറയും പ്രകാരം മാറ്റുക.

(iii) കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(v) കേരള സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

712. ഖണ്ഡം 27 (1)(iv)-ൽ, "ഉന്നത വിദ്യാഭ്യാസ" എന്നതിനു പകരം

"സാങ്കേതിക വിദ്യാഭ്യാസ" എന്ന് ചേർക്കുക.

722. ഖണ്ഡം 27(1)(x)-ൽ, "ഒരംഗം" എന്ന വാക്കിനു പകരം "രണ്ട് അംഗം" എന്നാക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

714. ഖണ്ഡം 27(1)-ൽ, എക്സ്-ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിനു താഴെ ഇനം (vi) ഇനം (vii) എന്നിവ ഒഴിവാക്കുക.

721. ഖണ്ഡം 27(1)(x)-ൽ, "എഞ്ചിനീയറിംഗ്" എന്ന വാക്കിനു മുൻപ് "ഗവൺമെന്റ്" എന്ന വാക്ക് ചേർക്കുക.

729. ഖണ്ഡം 27(1)-ൽ, മറ്റ് അംഗങ്ങൾ എന്ന ശീർഷകത്തിനു താഴെ "ഒരംഗം" എന്ന വാക്കിനു പകരം "രണ്ട് അംഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

എന്റെ 714-ാം നമ്പർ ഭേദഗതിയിൽ ഒരു പ്രധാനപ്പെട്ട കാര്യമുള്ളത്, ബോർഡ് ഓഫ് ഗവർണേഴ്സിന്റെ കാര്യം പറഞ്ഞപ്പോഴും പറഞ്ഞതാണ്, ഇനം 6-ഉം 7-ഉം രണ്ടു ഡീനും സിൻഡിക്കേറ്റു പോലെ വളരെ ഉന്നതാധികാര സമിതിയായ എക്സിക്യൂട്ടീവിൽ അത്രയും കാലം ഒരാളെ നിയമിച്ച് 10-20 വർഷക്കാലം സിൻഡിക്കേറ്റിൽ കണ്ടിന്യൂവസായി തുടരുക എന്നു പറയുന്നത് ശരിയായ

കീഴ്‌വഴക്കം ആയിരിക്കുകയില്ല. അതുകൊണ്ട് അതു രണ്ടും എക്സിക്യൂട്ടീവിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

717. ഖണ്ഡം 27(1) (ix)-ൽ, "ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളായ നിയമസഭാ സാമാജികരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന " എന്നതിനു പകരം "നിയമസഭാ സാമാജികരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് എം.എൽ.എ.മാർ" എന്ന് ചേർക്കുക.

723. ഖണ്ഡം 27(1)(x) താഴെപ്പറയും പ്രകാരം മാറ്റുക:

"(x) ബോർഡ് ഓഫ് ഗവർണേഴ്സിലെ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം"

725. ഖണ്ഡം 27(1)(xii) താഴെപ്പറയും പ്രകാരം മാറ്റുക:

“ (xii) അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം"

726. ഖണ്ഡം 27(1)(xiii) താഴെപ്പറയും പ്രകാരം മാറ്റുക:

“ (xiii) സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം"

728. ഖണ്ഡം 27(1)(xiii)-ന് ശേഷം താഴെപ്പറയുന്നത് ഇനം (xiv) ആയി ചേർക്കുക:

" (xiv) ബോർഡ് ഓഫ് ഗവർണേഴ്സിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അനധ്യാപക പ്രതിനിധി"

സർ, എന്റെ 723-ാം നമ്പർ ഭേദഗതിയിൽ, ബോർഡ് ഓഫ് ഗവർണേഴ്സിൽ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം, 725-ാം നമ്പർ ഭേദഗതിയിൽ, അധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം, 726-ാം നമ്പർ ഭേദഗതിയിൽ, സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം, 728-ാം നമ്പർ ഭേദഗതിയിൽ, ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു അനധ്യാപക പ്രതിനിധി എന്നതും കൂട്ടിച്ചേർക്കണം.

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

720. ഖണ്ഡം 27(1)(ix)-ന് ശേഷം താഴെപ്പറയുന്നത് ഇനം (x) ആയി ചേർക്കുകയും തുടർന്നുള്ളവ പുന:ക്രമീകരിക്കുകയും ചെയ്യുക.

"(x) പരീക്ഷാ കൺട്രോളർ"

<u>ശ്രീ. ഹൈബി ഈഡൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

724. ഖണ്ഡം 27(1)(x) ന ശേഷം താഴെപ്പറയുന്നതു ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

"(xi) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്കു കീഴിലെ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി പ്രതിനിധി"

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ സ്വീകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 709, 719 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 710-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 712, 722 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 7114, 721, 729 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 717, 723, 725, 726, 728 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 720-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 724-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

732. ഖണ്ഡം 28 (2)-താഴെപ്പറയും പ്രകാരം മാറ്റുക.

" (2) വൈസ് ചാൻസലർ" നിർദ്ദേശിക്കുന്ന തീയതിയിലും സമയത്തും നിർവ്വാഹക സമിതിയുടെ യോഗം സർവ്വകലാശാലയുടെ ആസ്ഥാനത്ത് രജിസ്ട്രാർ വിളിച്ചു ചേർക്കേണ്ടതാണ്.

സർ, ഇതിൽ ഒരു ക്ലാരിറ്റി വേണം. വി.സി. ദുബായിലോ ഇംഗ്ലണ്ടിലോ വച്ച് യോഗം കൂടാമെന്ന് തീരുമാനിച്ചാൽ അതിന് പറ്റുമോ; അതുകൊണ്ട് ക്ലാരിറ്റി വേണം. വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന തീയതിയിലും, സമയത്തും നിർവ്വാഹക സമിതിയുടെ യോഗം സർവ്വകലാശാലാ ആസ്ഥാനത്ത് രജിസ്ട്രാർ വിളിച്ചുചേർക്കേണ്ടതാണ്, എന്ന് ക്ലാരിറ്റി വേണം. ഗവൺമെന്റ് അത് പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 732-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>29-ാം വകുപ്പ്</u>

<u>ശ്രീ. വർക്കല കഹാർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

733. ഖണ്ഡം 29-ൽ, " നാല്" എന്ന വാക്കിനു പകരം " അഞ്ച്" എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 733-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 30-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

735. ഖണ്ഡം 30 (2)(iv)-ൽ,

(1)"സർവ്വകലാശാല കാര്യകർത്തൃത്വം നടത്താത്ത ഹോസ്റ്റലുകൾക്ക് "എന്നീ വാക്കുകൾക്കു ശേഷം "നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കു വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

(2) "അംഗീകാരം നൽകുകയും"എന്നീ വാക്കുകൾക്കുശേഷം "വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം"എന്നീ വാക്കുകൾ ചേർക്കുക.

741. ഖണ്ഡം 30(2)(vi)- ൽ, "വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കുകയും" എന്നീ വാക്കുകൾക്ക് പകരം "വിദ്യാർത്ഥികൾക്ക് പ്രവേശനം

നൽകുകയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

736. ഖണ്ഡം30(2)(iv)-ൽ, "അങ്ങനെയുള്ള അംഗീകാരം"എന്നീ വാക്കുകൾക്കു ശേഷം "മതിയായ കാരണങ്ങളുണ്ടെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

737. ഖണ്ഡം30 (2)(v)-ൽ,

(1) "വിദ്യാർത്ഥികളുടെ മേൽ നിയന്ത്രണം വയ്ക്കുകയും"എന്നീ വാക്കുകൾക്ക് പകരം "വിദ്യാർത്ഥികൾക്ക് സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുകയും" എന്നീ വാക്കുകൾ ചേർക്കുക

(2) "കോളേജുകൾ വഴി" എന്നീ വാക്കുകൾക്ക് ശേഷമുള്ള " നിയന്ത്രണം" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

738. ഖണ്ഡം30(2)(v)-ൽ, "നിയന്ത്രണം"എന്നീ വാക്കിന് ശേഷമുള്ള "വയ്ക്കുകയും" എന്ന വാക്കിനു പകരം "ഏർപ്പെടുത്തുകയും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

739. ഖണ്ഡം30(2)(v) താഴെപ്പറയും പ്രകാരം മാറ്റുക:-

“ (v)സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും,ക്ഷേമത്തിനും , അച്ചടക്കത്തിനും വേണ്ടി അവരുടെ മേൽ നിയന്ത്രണം വയ്ക്കുകയും, അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികളുടെ മേൽ അതുപോലുള്ള ആവശ്യങ്ങൾക്കുവേണ്ടി അതത് കോളേജുകൾ വഴി നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക"

സർ, ഖണ്ഡം30(2)(v) മൊത്തം മാറ്റം വരുത്തിയിട്ട് "സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും, ക്ഷേമത്തിനും, അച്ചടക്കത്തിനും വേണ്ടി അവരുടെ മേൽ നിയന്ത്രണം വയ്ക്കുകയും, അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികളുടെ മേൽ അതുപോലുള്ള ആവശ്യങ്ങൾക്കുവേണ്ടി അതത് കോളേജുകൾ വഴി നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക" എന്നാണ് എന്റെ ഭേദഗതി. ഇതിൽ മൊത്തത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകൾ വഴി നിയന്ത്രണം ഏർപ്പെടുത്തുക എന്നാണ് പറഞ്ഞത്, അതാത് കോളേജുകൾ വഴി നിയന്ത്രണം ഏർപ്പെടുത്തണം.

<u>ശ്രീ. സാജുപോൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

740. ഖണ്ഡം 30(2)(v)- താഴെപ്പറയും പ്രകാരം മാറ്റുക:-

"(v) സർവ്വകലാശാലയിലെയും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെയും വിദ്യാർത്ഥികളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിനും ക്ഷേമത്തിനും അച്ചടക്കത്തിനും വേണ്ട സംവിധാനം ഒരുക്കുക".

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

742. ഖണ്ഡം 30(2)(xvi) താഴെപ്പറയും പ്രകാരം മാറ്റുക:-

" (xvi) അതിന്റെ ഏതെങ്കിലും അധികാരങ്ങൾ വൈസ് ചാൻസലർക്കോ അതിലെ അംഗങ്ങളിൽ നിന്നും നിയമിക്കുന്ന ഒരു സമിതിക്കോ, ബോർഡ് ഓഫ് ഗവേണേഴ്സിന്റെ അംഗീകാരത്തോടെ ഏൽപ്പിച്ചുകൊടുക്കുക "

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 735, 741 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 737-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 738-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 739-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 740-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 742-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 31-ാം വകുപ്പ്

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

743. ഖണ്ഡം 31 (1) ൽ, "രണ്ട്" എന്നതിനു പകരം "മൂന്ന് " എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

744. ഖണ്ഡം 31 (2) (iv)-ൽ, "പ്രതിനിധാനം ചെയ്യുന്ന" എന്നതിനു ശേഷം "ഗവേഷണ ബിരുദമുള്ള" എന്നു ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

745. ഖണ്ഡം 31 (2) (v)-ൽ, "നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്ക് ശേഷം "എൻജിനീയറിംഗ് ബിരുദധാരികളായ" എന്നീ വാക്കുകൾ ചേർക്കുക.

സർ, വ്യവസായികൾ എന്നു പറയുമ്പോൾ, എഞ്ചിനീയറിംഗ് അക്കാഡമിക് കൗൺസിലിനാണ്. അപ്പോൾ എഞ്ചിനീയറിംഗ് ഗ്രാജ്വേറ്റ് ആയിട്ടുള്ള രണ്ട് വ്യവസായികൾ.... അപ്പോൾ അക്കാഡമിക് കൗൺസിലിന് രണ്ടു നല്ല

ടെക്നോക്രാറ്റ്സിനെ കിട്ടും. ഇല്ലെങ്കിൽ അക്കാഡമിക് കൗൺസിലിൽ ഒരു വിദ്യാഭ്യാസവുമില്ലാത്ത വ്യവസായികൾ വരും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

746. ഖണ്ഡം 31 (2) (v)-ൽ, "രണ്ട് പ്രഗൽഭരായ വ്യവസായികൾ" എന്നതിനു പകരം "രണ്ട് പ്രഗൽഭരായ ടെക്നോക്രാറ്റ്സ് "എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

747. ഖണ്ഡം 31 (2) (v) താഴെപ്പറയും പ്രകാരം മാറ്റുക.

"സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന

രണ്ട് പ്രഗഭരായ വ്യവസായികളോ സാങ്കേതിക വിദഗ്ധരോ "

എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 745-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 745-ാം നമ്പർ ഭേദഗതി

സഭ അംഗീകരിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 743-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 744-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 746-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 747-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 32-ാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

748. ഖണ്ഡം 32-ൽ, "മൂന്നിൽ ഒന്നായിരിക്കേണ്ടതാണ്" എന്നതിന് പകരം "രണ്ടിൽ ഒന്നായിരിക്കേണ്ടതാണ്" എന്നത് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 748-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 33-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ……………………

പ്രതികൂലിക്കുന്നവർ ……………………

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 34-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

749. ഖണ്ഡം 34(i)-ൽ, "അദ്ധ്യയന കാര്യങ്ങളിലും" എന്നീ വാക്കുകൾക്കു ശേഷം "അക്കാദമിക കാര്യങ്ങളിലും" എന്നീ വാക്കുകൾ ചേർക്കുക.

750. ഖണ്ഡം 34(vi)-ൽ, "ബിരുദങ്ങളും" എന്ന വാക്കിനു ശേഷം "ബിരുദാനന്തര ബിരുദങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

752. ഖണ്ഡം 34(vii)-ൽ, "പരീക്ഷകൾ" എന്ന വാക്ക് എവിടെയൊക്കെ വരുന്നുവോ അവിടെയെല്ലാം "കോഴ്സുകൾ" എന്ന വാക്ക് ചേർക്കുക.

സർ, ഖണ്ഡം 34(i)-ൽ, "അദ്ധ്യയന കാര്യങ്ങളിലും" എന്നീ വാക്കുകൾക്കു ശേഷം "അക്കാദമിക കാര്യങ്ങളിലും" എന്നീ വാക്കുകൾ ചേർക്കണം. ഈ ബില്ലിൽ

എല്ലാ സ്ഥലത്തും "ബിരുദങ്ങൾ, ബിരുദങ്ങൾ" എന്നുമാത്രം പറയുന്നുള്ളൂ. അവിടെ ബിരുദാനന്തര ബിരുദങ്ങളുള്ള കാര്യം തീരെ വിസ്മരിച്ചതു പോലെയാണ്. അതുകൊണ്ട് "ബിരുദാനന്തര ബിരുദങ്ങളും" എന്ന വാക്കുകൾ ചേർക്കണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

753. ഖണ്ഡം 34(ix) താഴെപ്പറയും പ്രകാരം മാറ്റുക:-

"ബോർഡ് ഓഫ് ഗവേർണേഴ്സിനും നിർവ്വാഹക സമിതിക്കും എല്ലാ അക്കാദമിക-അധ്യയന കാര്യങ്ങളിലും ഉപദേശം നൽകുക".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 750-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 750- ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 749, 752 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 753-ാം നമ്പർ ഭേദഗതി സഭ

നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 35-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

754. ഖണ്ഡം 35-ൽ,

(എ), (iii)-ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ " എന്നീ വാക്കുകൾക്ക് പകരം "ജോയിന്റ് സെക്രട്ടറിയുടെ "എന്നീ വാക്കുകൾ ചേർക്കുക.

(ബി), (xv) -ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ " എന്നീ

വാക്കുകൾക്കു പകരം "ജോയിന്റ് സെക്രട്ടറിയുടെ "എന്നീ വാക്കുകൾ ചേർക്കുക.

35-ാം വകുപ്പിൽ 18-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" 19. സർവ്വകലാശാലയിലേയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലേയോ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ അവരിലൊരാൾ വിദ്യാർത്ഥിനി യായിരിക്കേണ്ടതാണ്."

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

755. ഖണ്ഡം 35 (iii)- ൽ, "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ഒഴിവാക്കുക.

സർ, ഗവേഷണ കൗൺസിലിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കുപകരം അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥൻ എന്നത് ശരിയല്ല. ഗവേഷണ കൗൺസിൽ പറഞ്ഞാൽ വളരെ പ്രധാനപ്പെട്ടതാണ്. ഉന്നത

വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി തന്നെയുണ്ടാകണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

756. ഖണ്ഡം 35 (xiii)-ൽ, "സാങ്കേതികശാസ്ത്ര" എന്നതിനു പകരം "ശാസ്ത്ര സാങ്കേതിക" എന്ന് ചേർക്കുക.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

757. ഖണ്ഡം 35 (xv)-ൽ, "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

758. ഖണ്ഡം 35 (xviii)-ൽ, "നാമനിർദ്ദേശം ചെയ്യുന്ന" എന്നതിനുശേഷം "ഗവേഷണ ബിരുദമുള്ള" എന്നത് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

759. ഖണ്ഡം 35(xviii) ൽ, "മൂന്ന്" എന്ന വാക്കിനുശേഷം "പിഎച്ച് ഡി യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള " എന്നീ

വാക്കുകൾ ചേർക്കുക.

സർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു അദ്ധ്യാപക പ്രതിനിധികളെന്നാണ്. ഏത് അദ്ധ്യാപകരെയും വയ്ക്കാവുന്നതാണ്. അതിനു പകരം പി.എച്ച്.ഡി. ഉള്ള, 10 വർഷത്തെ അദ്ധ്യാപന പരിചയമുള്ള അദ്ധ്യാപക പ്രതിനിധികളെന്ന് മാറ്റണം. കാരണം ഇത് ഗവേഷണ കൗൺസിലാണ്. ഒരു ഗവേഷണം നടത്തി പ്രബന്ധം കൊടുത്തു കഴിഞ്ഞാൽ പി.എച്ച്.ഡി. ഇല്ലാത്ത ഒരാൾ ഇതിനകത്ത് വരുന്നത് ശരിയല്ല. പി.എച്ച്.ഡി.- യും പത്തുവർഷത്തെ പരിചയവുമുള്ള ഇഷ്ടം പോലെ അദ്ധ്യാപകർ ഇന്നുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

760. ഖണ്ഡം 35(xviii)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക

"(xix) സർവ്വകലാശാല വൈസ്ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാല ഗവേഷണ വിദ്യാർത്ഥികളുടെ ഒരു പ്രതിനിധി"

സർ, ഈ ഭേദഗതി ബഹുമാനപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി ഓറൽ അമന്റ്മെന്റായി അംഗീകരിച്ചു.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

762. ഖണ്ഡം 35 (xviii)-ന ശേഷം താഴെപറയുന്നവ ചേർത്ത് പുനരക്കം ചെയ്യുക.

"(xix) ഡയറക്ടർ ISRO

(xx) ഡയറക്ടർ, ബയോടെക്നോളജി ഡിപ്പാർട്ട്മെന്റ്

(xxi) ഡയറക്ടർ ഡിഫൻസ് റിസർച്ച് ആൻഡ് ഓർഗനൈസേഷൻ

(xxii)വിദ്യാർത്ഥി കൗൺസിലിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ."

സർ, ബഹുമാനപ്പെട്ട മന്ത്രി ഓറൽ അമന്റ്മെന്റ് നടത്തിയപ്പോൾ രണ്ടുമൂന്ന് കാറ്റഗറിയിൽപ്പെട്ട ആളുകളെ കൂടി ഉൾപ്പെടുത്തുമെന്നു പറഞ്ഞു. ഒന്ന്, നേരത്തെ ബോർഡ് ഓഫ് ഗവേണിംഗ് ബോർഡ് നിശ്ചയിച്ചപ്പോൾ ഞാൻ നിർദ്ദേശിച്ചത് ഇവരൊക്കെയാണ് - ഡയറക്ടർ ISRO, ഡയറക്ടർ, ബയോടെക്നോളജി ഡിപ്പാർട്ട്മെന്റ്, ഡയറക്ടർ ഡിഫൻസ് റിസർച്ച് ആൻഡ് ഓർഗനൈസേഷൻ, വിദ്യാർത്ഥി കൗൺസിലിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ. ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ശ്രീ. വി. ഡി.

സതീശൻ അവതരിപ്പിച്ച 759-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 760-ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതിയും വാക്കാൽ ഭേദഗതിയായി അംഗീകരിക്കുന്നു. ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ സ്വീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 759-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 760-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ ഭേദഗതി ഉണ്ടായിരിക്കെ പിന്നെ എന്തിനാണ് ബഹുമാനപ്പെട്ട മന്ത്രി ഓറൽ അമെന്റ്മെന്റ് കൊണ്ടുവന്നത്? അതംഗീകരിച്ചാൽ പോരെ?

<u>മി. സ്പീക്കർ</u>: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച ഭേദഗതിയിൽ അല്പം കൂടി വ്യത്യാസം വരുത്തിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 756-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 757-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 758-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

ഭേദഗതി ചെയ്ത പ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 36-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

763. ഖണ്ഡം 36(2)(x) താഴെ പറയും പ്രകാരം മാറ്റുക:-

“ (x) അന്താരാഷ്ട്ര സാങ്കേതിക ശാസ്ത്ര സെമിനാറുകളിൽ പ്രതിനിധികളെ അയക്കുകയും, കേരളത്തിൽ സാങ്കേതിക ശാസ്ത്ര സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുക".

സർ, 36-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് ഗവേഷണ കൗൺസിലിന്റെ അധികാരങ്ങളെയും കർത്തവ്യങ്ങളെയും ചുമതലകളെയും സംബന്ധിച്ചാണ്. അതിലെ ഉപവകുപ്പ് 2(x)-ൽ പറഞ്ഞിരിക്കുന്നത് 'കേരള സംസ്ഥാന സാങ്കേതികശാസ്ത്ര സമ്മേളനം സംഘടിപ്പിക്കുക' എന്നുമാത്രമാണ്. എന്നാൽ അതു മാത്രം പോര. വലിയ സെമിനാറുകൾ അന്താരാഷ്ട്ര ലെവലിൽ നടക്കുമ്പോൾ...., യൂണിവേഴ്സിറ്റികൾ പ്രതിനിധികളെ അയയ്ക്കുന്നുണ്ട്. അതിന് അവർക്കൊരു പ്രൊവിസോ ആയി കൊടുത്തിരിക്കുന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

764. ഖണ്ഡം 36(2)(xiv)-ൽ, "സംബന്ധിയായ" എന്ന വാക്കിനു പകരം "സംബന്ധിയും സാങ്കേതിക ശാസ്ത്ര സംബന്ധിയും മാനേജ്മെന്റ് സംബന്ധിയും ആയ" എന്നീ വാക്കുകൾ ചേർക്കുക.

766. ഖണ്ഡം 36(2)(xv) നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

" (xvi) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എഞ്ചിനീയറിംഗ് ഗവേഷണ സംബന്ധിയായ വിദഗ്ദ്ധാഭിപ്രായവും വിദഗ്ദ്ധോപദേശവും പരിശീലനവും പരിശോധനയും സാങ്കേതിക സഹായവും ആവശ്യമുള്ള സന്ദർഭങ്ങളിൽ നൽകുക"

സർ, എന്റെ 764-ാം നമ്പർ ഭേദഗതിയിൽ നേരത്തെ സൂചിപ്പിച്ചതുപോലെ 36(2)(xiv)-ൽ പറയുന്നത്, 'എഞ്ചിനീയറിംഗ് ഗവേഷണ സംബന്ധിയായ ആനുകാലികങ്ങൾ, ബുള്ളറ്റിൻ, ജേർണൽ എന്നിവ പ്രസിദ്ധീകരിക്കുക' എന്നാണ്. അതിൽ എഞ്ചിനീയറിംഗ് സംബന്ധിമാത്രമല്ല. അവിടെ 'ശാസ്ത്ര സാങ്കേതിക സംബന്ധിയും മാനേജ്മെന്റ് സംബന്ധിയും ആയ' എന്നതുകൂടി വരണം.

എന്റെ 766-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 36(2)(xv)-ന ശേഷം ഒരു ഇനം ചേർക്കണമെന്നതാണ് എന്റെ ഭേദഗതി. " (xvi) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എഞ്ചിനീയറിംഗ് ഗവേഷണ സംബന്ധിയായ വിദഗ്ദ്ധാഭിപ്രായവും വിദഗ്ദ്ധോപദേശവും പരിശീലനവും പരിശോധനയും സാങ്കേതിക സഹായവും ആവശ്യമുള്ള സന്ദർഭങ്ങളിൽ നൽകുക" എന്ന പാരഗ്രാഫുകൂടി ചേർക്കണമെന്നുള്ളതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

765. ഖണ്ഡം 36(2)(xv)-ന ശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

" (xvi) സംസ്ഥാനത്തെ പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുകയും, മണ്ണ് പരിശോധന, ഡിസൈൻ തയ്യാറാക്കൽ എന്നിവ നടത്തിക്കൊടുക്കുകയും ചെയ്യുക".

സർ, ഇത്രമാത്രം സാങ്കേതിക മികവോടുകൂടി ഗവേഷണം നടത്തുന്ന ഒരു കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത്, ജലവിഭവം

എന്നീ വകുപ്പുകൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുകയും മണ്ണ് പരിശോധന, ഡിസൈൻ തയ്യാറാക്കൽ എന്നിവ നടത്തികൊടുക്കുകയും ചെയ്യുക എന്നതുകൂടി ഇവരുടെ ചുതലയിൽ ഉൾപ്പെടുത്തുകയാണ്. ഈ സർവ്വകലാശാല നിലവിൽ വന്നാൽ ഇത്രയും നല്ല ഒരു ഏജൻസി കേരളത്തിൽ വേറെ ഉണ്ടാകുയില്ല. അതിനെ നാം പരമാവധി പ്രയേജനപ്പെടുത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 763-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 764, 766 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 37-ാം വകുപ്പ്

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

767. ഖണ്ഡം 37-ൽ, "അങ്ങനെയുള്ള മറ്റ് അംഗങ്ങളെയും" എന്നതിനു ശേഷം "ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടെ ഉൾപ്പെടുത്താവുന്ന തുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, ഖണ്ഡം 37-ൽ, മറ്റു സമിതികളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. അതിൽ പറയുന്നത്, 'ഈ ആക്ടിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്ന ആവശ്യത്തിലേയ്ക്കായി പഠനബോർഡുകൾ, പരീക്ഷാബോർഡ്, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ മുതലായ സമിതികളെ നിയമിക്കുന്നതിന് വൈസ് ചാൻസലർക്ക് അധികാരമുണ്ടായിരിക്കുന്നതും ആ സമിതികളിൽ ഈ ആക്ടിലോ സ്റ്റാറ്റ്യൂട്ടുകളിലോ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, അധികാര സ്ഥാനങ്ങളിലെ അംഗങ്ങളെയും അദ്ദേഹത്തിന് ഉചിതമെന്നുതോന്നുന്ന അങ്ങനെയുള്ള മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്താവുന്നതാണ് ' എന്നാണ്. വൈസ്

ചാൻസലർക്ക് ഇവിടെ അൺലിമിറ്റഡായിട്ടുള്ള പവറാണ് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് "ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടെ ഉൾപ്പെടുത്താവുന്നതുമാണ്" എന്നതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 767-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .........................

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 38-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

768. ഖണ്ഡം 38(1)-ൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്നതിനു ശേഷം ",തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ" എന്നീ ചിഹ്നവും വാക്കുകളും

ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

769. ഖണ്ഡം 38(2)-ൽ,

(1) "ബോർഡ് ഓഫ് ഗവർണേഴ്സിനു" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിരിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

(2) ക്ലിപ്ത നിബന്ധനയിലെ "പറയാൻ" എന്ന വാക്കിനു പകരം "പറയുവാൻ" എന്ന വാക്ക് ചേർക്കുക.

770. ഖണ്ഡം 38(4)-ൽ, "ചാൻസലർക്ക് റഫർ ചെയ്യേണ്ടതും" എന്നീ വാക്കുകൾക്കു പകരം "ചാൻസലർക്ക് പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതിയുടെ (2)-ാം ഭാഗം അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 769-ാം നമ്പർ

ഭേദഗതിയുടെ (2)-ാം ഭാഗം സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 768-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതിയുടെ (1)-ാം ഭാഗവും 770-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**39-ാം വകുപ്പ്**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

771. ഖണ്ഡം 39(2)-ൽ, "അധികാര സ്ഥാനമോ നികായമോ"

എന്നതിനുശേഷം "കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

772. ഖണ്ഡം 39(2)-ൽ, "യാതൊരു വ്യവഹാരവും നൽകുവാൻ പാട്ടുള്ളതല്ല" എന്നീ വാക്കുകൾക്ക് പകരം "നൽകുന്ന യാതൊരു വ്യവഹാരവും നിലനിൽക്കുന്നതല്ല" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 40-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

773. ഖണ്ഡം 40-ന ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ സർവ്വകലാശാലയിലെ പ്രൊഫസർ, അസി.പ്രൊഫസർ, ഗവേഷകർ എന്നിവർക്ക് നിബന്ധനകൾക്കു വിധേയമായി പുറമേ നിന്ന് പ്രോജക്റ്റുകൾ സ്വീകരിക്കാവുന്നതും അത്തരം പ്രോജക്റ്റുകൾക്ക് പ്രതിഫലം സ്വീകരിക്കാവുന്നതാണ്. എന്നാൽ പ്രതിഫലത്തിന്റെ നിശ്ചിതവിഹിതം സർവ്വകലാശാലയ്ക്ക് നല്കേണ്ടതുമാണ്."

സർ, ഉദ്യോഗസ്ഥർ എന്നുപറയുമ്പോൾ അതിൽ പ്രൊഫസറന്മാരൊക്കെ ഉൾപ്പെടും. ഇപ്പോൾത്തന്നെ നമ്മുടെ പല സർവ്വകലാശാലകളിലും പുറത്തുനിന്നുള്ള പ്രോജക്റ്റുകൾ കിട്ടുന്നുണ്ട്. ഇന്ത്യയിലെ കേന്ദ്രഗവൺമെന്റ് ഏജൻസികൾക്ക് പ്രോജക്റ്റ് കിട്ടാറുണ്ട്. അത് അവർ ചെയ്യുന്നുമുണ്ട്. അതുകൊണ്ട് ഒരു പ്രൊവിസോ കൊടുക്കണമെന്ന് ആവശ്യപ്പെടുകയാണ്. എന്നാൽ സർവ്വകലാശാലയിലെ പ്രൊഫസർ, അസി. പ്രൊഫസർ, ഗവേഷകർ എന്നിവർക്ക് നിബന്ധനകൾക്ക്

വിധേയമായി പുറമേനിന്ന് പ്രോജക്ടുകൾ സ്വീകരിക്കാവുന്നതും അത്തരം പ്രോജക്ടുകൾക്ക് പ്രതിഫലം സ്വീകരിക്കാവുന്നതാണ്. പ്രതിഫലത്തിന്റെ നിശ്ചിതവിഹിതം സർവ്വകലാശാലയ്ക്ക് നൽകുമ്പോൾ യൂണിവേഴ്സിറ്റിക്ക് ഒരു വരുമാനമാർഗ്ഗവുമാകും. ഇപ്പോൾത്തന്നെ കേരളത്തിലെ പല യൂണിവേഴ്സിറ്റികളിലും ഈ പ്രൊവിഷനുണ്ട്. അതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നത്. അത് അംഗീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 773-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 41-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

774. ഖണ്ഡം 41-ൽ, "എല്ലാമോ" എന്ന വാക്കിനു പകരം"എല്ലാ വ്യവസ്ഥകൾക്കോ " എന്ന വാക്ക് ചേർക്കുക.

775. ഖണ്ഡം 41 (ix) -ൽ, "ഉദ്യോഗ" എന്നതിനു പകരം "ഔദ്യോഗിക" എന്നത് ചേർക്കുക.

777. ഖണ്ഡം 41 (xiii) -ൽ, "മതിയായ" എന്നതിനു പകരം "ആവശ്യമായ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

776. ഖണ്ഡം 41 (xiii) -ൽ, "അംഗങ്ങൾക്കുവേണ്ടി" എന്ന വാക്കിനു പകരം "അംഗങ്ങൾക്കുവേണ്ടിയും അംഗപരിമിതർക്കുവേണ്ടിയും" എന്നീ വാക്കുകൾ ചേർക്കുക.

778. ഖണ്ഡം 41 (xiii) -ൽ, "സംവരണം ചെയ്യുന്നതിനുള്ള വ്യവസ്ഥ;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "സംവരണം

ചെയ്യുന്നതിനും സർവ്വകലാശാല പഠന വിഭാഗത്തിലും അഫിലിയേറ്റ് ചെയ്ത കോളേജുകളിലും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിൽ പാലിക്കേണ്ടുന്ന നിയമാനുസൃത സംവരണ വ്യവസ്ഥ;" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

സർ, 776-ാം നമ്പർ ഭേദഗതി ജീവനക്കാരുടെ നിയമനം സംബന്ധിച്ചുള്ള വിഷയമാണ്. സംവരണം ചെയ്യുന്നതിൽ physically handicapped ആയിട്ടുള്ള ആളുകളെ ഉൾപ്പെടുത്താൻ വേണ്ടി, അംഗപരിമിതർക്കുവേണ്ടി ഇത് ചേർക്കണമെന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 774, 775, 777 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 776, 778 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 42-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

779. ഖണ്ഡം 42-ൽ, "ആദ്യ സ്റ്റാറ്റ്യൂട്ട് "എന്ന വാക്കിന് മുമ്പ് നിയമത്തിന് ഗവർണർ അംഗീകാരം നൽകി ആറു മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

782. ഖണ്ഡം 42(v)-ൽ, "തടഞ്ഞുവയ്ക്കുകയോ" എന്നതിനു പകരം "നിരാകരിക്കുകയോ" എന്ന് ചേർക്കുക.

സർ, 779-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുകയാണെങ്കിൽ, സ്റ്റാറ്റ്യൂട്ടുകൾ പലപ്പോഴും വളരെ ഡിലേ ആയിപ്പോകുകയാണ്. ഒരു വർഷം രണ്ടുവർഷമൊക്കെയാണ് സ്റ്റാറ്റ്യൂട്ടുകൾക്കുവേണ്ടിയെടുക്കുന്നത്. എന്റെ ഭേദഗതിയിൽ ആറുമാസം എന്നുപറഞ്ഞത് ഒരു ക്ലിപ്തത ഉണ്ടാകുന്നതിനുവേണ്ടിയാണ്. ഇത്ര സമയത്തിനകം സ്റ്റാറ്റ്യൂട്ടുകളുണ്ടാകും എന്നുള്ള

നിബന്ധന വേണ്ട; അതുപോലെ 782-ാം നമ്പർ ഭേദഗതിയിൽ 'തടഞ്ഞുവയ്ക്കുകയോ' എന്നല്ല വേണ്ടത്, 'നിരാകരിക്കും' എന്നാണ് വേണ്ടത്. ഈ രണ്ട് ഭേദഗതികളും മൂവ് ചെയ്യുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

780. ഖണ്ഡം 42(2)-ൽ, "പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ" എന്നതിനുശേഷം "ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്നത് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

781. ഖണ്ഡം 42(3)(ii)-ൽ, "അല്ലെങ്കിൽ നികായത്തിന്റെയോ" എന്നീ വാക്കുകൾക്ക് ശേഷം "സർവ്വകലാശാല നിയമ ഉപദേശകന്റെയോ സ്റ്റാന്റിംങ് കൗൺസിലിന്റെയോ മറ്റേതെങ്കിലും നിയമവിദഗ്ദ്ധന്റെയോ" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 779, 782

എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 781-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 43-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

783. ഖണ്ഡം 43 (i)-ൽ, "ഡിപ്ലോമ, സർട്ടിഫിക്കറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതിപ്പിക്കുന്നു.

785. ഖണ്ഡം 43 (iii)-ൽ, "സർവ്വകലാശാലയിലെ" എന്ന വാക്കിനു പകരം സർവ്വകലാശാലയിലെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയോ ഹോസ്റ്റലുകളിലെ" എന്നീ വാക്കുകൾ ചേർക്കുക.

786. ഖണ്ഡം 43 (v)-ൽ, "ടെസ്റ്റുകളുടെയും" എന്ന വാക്കിനു ശേഷം "അഭിമുഖങ്ങളുടെയും" എന്ന വാക്ക് ചേർക്കുക.

787. ഖണ്ഡം 43 (vi)-ൽ, "ജോലിഭാരം" എന്ന വാക്കിനു പകരം "ജോലി ക്രമീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

788. ഖണ്ഡം 43 (xi)-നു ശേഷം ചുവടെ ചേർക്കുന്ന ഉപ വകുപ്പ് ചേർക്കുക;

"(xii) സർവ്വകലാശാലയിലെ വിവിധ തസ്തികകൾക്കുള്ള ശമ്പള സ്കെയിലുകളും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സേവന നിബന്ധനകളും ഉപാധികളും."

സർ, ഇത് സർക്കാർ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകളാണ്. അത്

ജീവനക്കാരുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് സർവ്വകലാശാലയിലെ വിവിധ തസ്തികകൾക്കുള്ള ശമ്പള സ്കെയിലുകളും സർവ്വകലാശാല ഉദ്യോഗസ്ഥരുടെ സേവന നിബന്ധനകളും ഉപാധികളുംകൂടി ഓർഡിനൻസിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 783-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 785, 786, 787 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 788-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ …....................

പ്രതികൂലിക്കുന്നവർ …......................

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 44-ാം വകുപ്പ്

(ഭേദഗതിയില്ല)

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 45-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

789. ഖണ്ഡം 45(1)(ii)-ൽ, "ഞായർ" എന്ന വാക്കിനു ശേഷം ",മറ്റ് പൊതു അവധികൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 789-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .........................

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 46-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

790. ഖണ്ഡം 46-നു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കുക.

" (1) അങ്ങനെയുള്ള എല്ലാ ഉത്തരവുകൾക്കും നിർവ്വാഹക സമിതി നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെയുള്ള ഓരോ ഉത്തരവും ബോർഡ് ഓഫ് ഗവർണേഴ്സിൽ അതിന്റെ തൊട്ടടുത്തുവരുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതും ആണ്".

" (2) അങ്ങനെയുള്ള ഏതൊരു ഉത്തരവും റദ്ദാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ ബോർഡ് ഓഫ് ഗവർണേഴ്സിന് അധികാരമുണ്ടായിരിക്കുന്നതാണ്".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 790-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 47-ാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

791. ഖണ്ഡം 47-ൽ, "പ്രസിദ്ധീകരിക്കേണ്ടതാണ്" എന്നതിനു പകരം "പ്രസിദ്ധീകരിക്കേണ്ടതും, സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാക്കി യഥാസമയം പരിഷ്ക്കരിച്ചുകൊണ്ടിരിക്കേണ്ടതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല. .

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 791-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 48-ാം വകുപ്പ്

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

" കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല നിധി " എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "സാങ്കേതികശാസ്ത്ര സർവ്വകലാശാല നിധി " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

792. ഖണ്ഡം 48 (1)-ൽ,

(i) "സർക്കാരിൽ നിന്നും ഭാരത സർക്കാരിൽ നിന്നും," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ii) " ഏതു മാർഗ്ഗത്തിൽ കൂടിയാണെങ്കിലും കിട്ടുന്ന " എന്നീ വാക്കുകൾക്കു പകരം "നിയമാനുസൃതം ലഭ്യമാകുന്ന" എന്നീ വാക്കുകൾ ചേർക്കുക.

794. ഖണ്ഡം 48 (3) ൽ, "പണത്തിന്റെ, അത്" എന്നീ വാക്കുകൾക്ക് പകരം 'പണത്തിൽ നിന്ന് 'എന്നീ വാക്കുകൾ ചേർക്കുക.

സർ, 792-ാം നമ്പർ ഭേദഗതി ചെറുതാണെങ്കിലും പ്രധാനപ്പെട്ട കാര്യമാണ്. ഗ്രാന്റ്, എയ്ഡ്, സഹായങ്ങൾ, പണം വരുന്ന മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പറയുന്ന ഭാഗമാണ്. അതിൽ സർക്കാരിൽ നിന്നും ഭാരത സർക്കാരിൽ നിന്നും എന്നാണ് പറഞ്ഞിട്ടുള്ളത്. അതിനുപകരം സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും എന്നീ വാക്കുകൾ ചേർക്കണം. ആദ്യം പറഞ്ഞ സർക്കാർ ഏത് സർക്കാരാണെന്ന് പറഞ്ഞിട്ടില്ല. രണ്ടാമത്, വരുമാന മാർഗ്ഗം പറയുമ്പോൾ ഏത് മാർഗ്ഗത്തിൽകൂടിയാണെങ്കിലും കിട്ടുന്ന എന്നീ

വാക്കുകൾക്കുപകരം........ . ഏത് മാർഗ്ഗത്തിൽ കൂടിയാണെങ്കിലും കിട്ടുന്ന എന്നീ വാക്കുകൾക്കുപകരം 'നിയമനുസൃതം ലഭ്യമാകുന്ന' എന്ന് ചേർക്കണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

793. ഖണ്ഡം 48 (2)-ൽ, "ബാങ്കുകളിൽ എന്നതിനു മുൻപ് "ദേശസാത്കൃത" എന്നത് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 792-ാം നമ്പർ ഭേദഗതിയിലെ (ii)-ാം ഭാഗം അംഗീകരിക്കുന്നു. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ സ്വീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 792-ാം നമ്പർ ഭേഗതിയിലെ (ii)-ാം ഭാഗം സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 792 (i), 794-ാം നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 793-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ……...................

പ്രതികൂലിക്കുന്നവർ ……......................

ഭേദഗതി ചെയ്തപ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 49-ാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

796. ഖണ്ഡം 49 (2)-ൽ,

"പകർപ്പുകൾ എന്നതിനുശേഷം" "മാർച്ച് 31-ന് മുൻപായി" എന്ന വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 796-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 50-ാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

797. ഖണ്ഡം 50 (1) താഴെ പറയും പ്രകാരം മാറ്റുക.

"(1) സർവ്വകലാശാലയുടെ കണക്കുകൾ സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകളാൽ നിശ്ചയിക്കപ്പെടുകയും നിയമിക്കപ്പെടുകയും ചെയ്യുന്ന ആഡിറ്റ് വിഭാഗം എല്ലാ വർഷവും കുറഞ്ഞത് ഒരു പ്രാവശ്യവും ഏതൊരു സംഗതിയിലും സാമ്പത്തികവർഷം അവസാനിച്ച ആറു മാസത്തിനുള്ളിലും ആഡിറ്റ് ചെയ്യപ്പെടേണ്ടതാണ് ".

സർ, ഇത് സർവ്വകലാശാലയുടെ ഇന്റേണൽ ഓഡിറ്റുമായി ബന്ധപ്പെട്ട കാര്യമാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് '....സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനങ്ങളിലോ കാര്യങ്ങളിലോ തൽപ്പരരല്ലാത്ത പങ്കാളികളുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ.......' എന്നാണ്. സ്റ്റാറ്റ്യൂട്ട് അനുസരിച്ച് സർവ്വകലാശാലയ്ക്ക് ഒരു ഓഡിറ്റ് വിംഗുണ്ടാക്കി എല്ലാ വർഷവും അവർക്കത് ഓഡിറ്റ് ചെയ്യാനുള്ള സംവിധാനമുള്ളപ്പോൾ ഇത് പുറത്തുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുകളുടെ ഫേമുകൾക്ക് കൊടുക്കണമെന്ന് പറയുന്നതിൽ അവ്യക്തതയുണ്ട്. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി.സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

50-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 51-ാം വകുപ്പ്

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

798. ഖണ്ഡം 51(1) താഴെപ്പറയും പ്രകാരം മാറ്റുക:-

"(1) സർവ്വകലാശാലയുടെ കണക്കുകൾ എല്ലാ വർഷവും കുറഞ്ഞത് ഒരു പ്രാവശ്യം ഏതൊരു സംഗതിയിലും സാമ്പത്തിക വർഷം അവസാനിച്ച് ആറുമാസത്തിനുള്ളിലും ഓഡിറ്റ് ചെയ്യപ്പെടേണ്ടതാണ്".

സർ, ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ സർവ്വകലാശാലയുടെ കണക്കുകൾ എല്ലാവർഷവും കുറഞ്ഞത് ഒരു പ്രാവശ്യം, ഏതൊരു സംഗതിയിലും സാമ്പത്തികവർഷം അവസാനിച്ച് ആറുമാസത്തിനുള്ളിൽ ഓഡിറ്റ് ചെയ്യപ്പെടേണ്ടതാണ് എന്ന വാചകം ചേർക്കണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

799. ഖണ്ഡം 51(8)ൽ, "പറയേണ്ടതാണ്" എന്നതിനു പകരം "സൂചിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

801. ഖണ്ഡം 51 ഉപഖണ്ഡം (10)നു ശേഷം ചുവടെയുള്ള ഉപഖണ്ഡവും ക്ലിപ്ത നിബന്ധനയും ചേർത്ത് പുനരക്കം ചെയ്യുക.

(ii)"(11) സർവ്വകലാശാലയുടെ കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ആഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ സർക്കാർ നൽകിയിട്ടുള്ളതും സർവ്വകലാശാല വിനിയോഗിച്ചതുമായ ഗ്രാന്റുകൾ സംബന്ധിച്ചുള്ള സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് അധികാരമുണ്ടായിരിക്കുന്നതാണ്".

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

800. ഖണ്ഡം 51(10) ൽ, "ചെയ്യേണ്ടതാണ്" എന്നതിനുശേഷം "സർക്കാർ അത് റിവ്യൂ ചെയ്യുകയും തുടർനടപടി ആവശ്യമുള്ള പക്ഷം റിപ്പോർട്ട് ലഭിച്ച് ആറുമാസക്കാലയളവിനുള്ളിൽ സ്വീകരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 798-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 799, 801 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 800-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .........................

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 52-ാം വകുപ്പ്

(ഭേദഗതിയില്ല)

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .........................

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 53-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

802. ഖണ്ഡം 53(2)-ൽ, "സർവ്വകലാശാലയ്ക്ക്" എന്ന വാക്കിനു പകരം "സർവ്വകലാശാലയ്ക്കോ സർക്കാരിനോ" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 802-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ........................

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>54-ാം വകുപ്പ്</u>**

(ഭേദഗതിയില്ല)

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .........................

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>55-ാം വകുപ്പ്</u>**

(ഭേദഗതിയില്ല)

55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .........................

55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

55-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 56-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

803. ഖണ്ഡം 56-ൽ,

(1) "ഉദ്യോഗസ്ഥനോ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു ശേഷം "ഉദ്യോഗസ്ഥന്മാർക്കോ" എന്ന വാക്ക് ചേർക്കുക.

2)"അധികാരസ്ഥാനത്തിനോ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു ശേഷം "അധികാരസ്ഥാനങ്ങൾക്കോ" എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 803-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 57-ാം വകുപ്പ്

(ഭേദഗതിയില്ല)

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ........................

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 57-ാം വകുപ്പ്

(ഭേദഗതികളില്ല)

മി. സ്പീക്കർ: 57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 57-ന് ശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

804. ഖണ്ഡം 57-ന് ശേഷം ചുവടെ ചേർക്കുന്ന പുതിയ ഖണ്ഡവും ഉപഖണ്ഡങ്ങളും ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

"58. സർവ്വകലാശാല പരിശോധിപ്പിക്കുവാനും അന്വേഷണം നടത്തിക്കാനുമുള്ള സർക്കാരിന്റെ അധികാരം-

(1) സർക്കാരിന്, അത് നിർദ്ദേശിക്കുന്ന ആളിനെയോ ആളുകളേയോകൊണ്ട് സർവ്വകലാശാലയുടെയും അതിന്റെ കെട്ടിടങ്ങളുടെയും, സർവ്വകലാശാല പരിപാലിച്ചു കൊണ്ടു പോരുന്നതോ ഭരിക്കുന്നതോ ആയ ഏതൊരു സ്ഥാപന ത്തിന്റെയും, സർവ്വകലാശാലയോ അതിന്റെ ആഭിമുഖ്യ ത്തിലോ നടത്തുന്ന അദ്ധ്യാപനത്തിന്റെയും, മറ്റു പണിക ളുടെയും, കൂടാതെ സർവ്വകലാശാല നടത്തുന്ന മറ്റു ഏതൊരു പ്രവർത്തനത്തിന്റെയും നടത്തിപ്പും പരിശോധിപ്പിക്കുവാനും സർവ്വകലാശാലയുടെ ഭരണ നിർവ്വഹണവും സാമ്പത്തിക കാര്യങ്ങളും ആയി ബന്ധപ്പെട്ട ഏതൊരു സംഗതിയെ പ്പറ്റിയും അന്വേഷണം നടത്തിപ്പിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) (i)-ാം ഉപവകുപ്പ് പ്രകാരം ഒരു പരിശോധനയോ അല്ലെങ്കിൽ അന്വേഷണമോ നടത്തുന്നതിനു മുൻപ് സർക്കാർ പരിശോധനയോ അന്വേഷണമോ നടത്തുവാനുള്ള തങ്ങളുടെ ഉദ്ദേശം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് രേഖാമൂലം വൈസ് ചാൻസലർക്ക് നൽകേണ്ടതും അപ്രകാരമുള്ള പരിശോധനയിലോ അന്വേഷണത്തിലോ ഹാജരാകാനും പറയാനുള്ളത് പറയുവാനും അവകാശമുള്ള ഒരു സർവ്വകലാശാല പ്രതിനിധിയെ

നിയോഗിക്കുവാൻ വൈസ് ചാൻസലർക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) അപ്രകാരമുള്ള പരിശോധനയുടേയോ, അന്വേഷണ ത്തിന്റെയോ ഫലത്തെ സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം സർക്കാർ സർവ്വകലാശാലയെ അറിയി ക്കേണ്ടതും അതിന്മേൽ സർവ്വകലാശാലയുടെ അഭിപ്രായം എന്താണെന്ന് തിട്ടപ്പെടുത്തിയതിനുശേഷം എടുക്കേണ്ട നടപടിയെപ്പറ്റി സർവ്വകലാശാലയെ സർക്കാർ ഉപദേശിക്കേണ്ടതും അപ്രകാരമുള്ള നടപടി എടുക്കുന്നതിന് സമയപരിധി നിശ്ചയിക്കേണ്ടതുമാണ്.

(4) സർക്കാർ നൽകിയ ഉപദേശത്തിന്മേൽ തങ്ങൾ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടി, അങ്ങനെ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ സർവ്വകലാ ശാല സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(6) സർക്കാരിന് തൃപ്തികരമായവിധം നിശ്ചിത സമയ പരിധിക്കുള്ളിൽ സർവ്വകലാശാല നടപടി എടുക്കാ തിരുന്നാൽ സർവ്വകലാശാല നൽകിയ ഏതെങ്കിലും വിശദീകരണമോ നിവേദനമോ പരിഗണിച്ചശേഷം സർക്കാരിന് അതിന് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാവുന്നതാണ്."

സംസ്ഥാന ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കാനുള്ള രണ്ടുമൂന്ന് ക്ലോസുകളുണ്ട്. മലയാളം സർവ്വകലാശാലയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് തന്നെ പാസ്സാക്കിയപ്പോഴുള്ള വകുപ്പുകളാണ്. കേരള സർവ്വകലാശാലയിലും മറ്റ് സർവ്വകലാശാലാ ബില്ലുകളിലൊക്കെയുള്ളതാണ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഗവൺമെന്റിന്

ഇടപെടാനുള്ള അവസരമാണിത്. ഗവൺമെന്റിന്റെ സഞ്ചിതനിധിയിൽനിന്ന് 10 കോടിരൂപ ഓരോ വർഷവും ആവർത്തന ചെലവും 6 കോടിരൂപ ഇപ്പോഴും കൊടുക്കുന്നു മുണ്ട്. അതുകൊണ്ട് ഇങ്ങനെയുള്ളൊരു അവകാശം ഗവൺമെന്റിന് ആവശ്യമാണെന്നുള്ളതാണ്. അതുകൊണ്ട് ഈ ക്ലോസ് കുറച്ച് നീണ്ടതാണ് എങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഇത് സ്വീകരിക്കണെ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 804-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ റൂൾസിൽ കൊണ്ടുവരാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 804-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

57-നുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

57-നുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

58-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

805. ഖണ്ഡം 58 (1)-ൽ, "(iii) സ്വയംഭരണ കോളേജുകളായോ (iv) അക്കാദമിക സ്വയംഭരണത്തോടുകൂടിയ കോളേജു കളായോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

ഇവ രണ്ടും ഇതിൽ ഉൾപ്പെടുത്താൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

806. ഖണ്ഡം 58 (1)-ൽ, "അങ്ങനെയുള്ള സർവ്വകലാശാലകൾ ബിരുദങ്ങളോ" എന്നീ വാക്കുകൾക്കു ശേഷം "ബിരുദാന ന്തര ബിരുദങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.

807. ഖണ്ഡം 58 (2)(i)-ൽ, "സർവ്വകലാശാലയുടെ" എന്ന വാക്കിനു പകരം "സർവ്വകലാശാലയുടെയും സർക്കാരി ന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

810. ഖണ്ഡം 58 (2)(vii)-ൽ, "പരീക്ഷകൾ നടത്തുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം "മൂല്യനിർണ്ണയത്തിനും" എന്ന വാക്ക് ചേർക്കുക.

811. ഖണ്ഡം 58(2)(ix)-ൽ, "കോളേജിന്റെ" എന്ന വാക്കിനു പകരം "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിന്റെയോ ഹോസ്റ്റലുകളുടെയോ ഇതര സ്ഥാപനങ്ങളുടെയോ" എന്നീ വാക്കുകൾ ചേർക്കുക.

812. ഖണ്ഡം 58(2)(x)-ൽ,
(1) "അനുവാദം കൂടാതെ കോളേജോ" എന്നീ വാക്കുകൾക്ക് ശേഷം "അതിന്റെ അധികാരപരിധിയിൽ വരുന്ന ഇതര സ്ഥാപനങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.
(2) "സ്ഥാപനമോ" എന്ന വാക്ക് ഒഴിവാക്കുക.

813. ഖണ്ഡം 58(2)(xi)-ന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.
"(xii) ഭരണഘടനാ വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കും അനുസൃതമായി പട്ടികജാതി യിലും പട്ടികഗോത്രവർഗ്ഗത്തിലും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് വേണ്ടി അഫിലിയേറ്റ് ചെയ്യപ്പെടേണ്ട കോളേജുകൾക്കും സ്ഥാപനങ്ങൾക്കും വ്യവസ്ഥകൾ ഉണ്ടായിരിക്കുന്നതാണ്."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

808. ഖണ്ഡം 58 (2)(vi)-ൽ, "വേതനവും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

809. ഖണ്ഡം 58 (2)(vii)-ൽ, "പരീക്ഷകൾ നടത്തുന്നതിനും" എന്നതിനു ശേഷം "മൂല്യനിർണ്ണയം നടത്തുന്നതിനും പുനർ മൂല്യനിർണ്ണയം നടത്തുന്നതിനും" എന്നത് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 805-ാം നമ്പർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 806, 807, 810, 811, 812, 813 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 808-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 809-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 59-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

815. ഖണ്ഡം 59(1)-ൽ, "എഞ്ചിനീയറിംഗിൽ" എന്ന വാക്കിനു പകരം "എഞ്ചിനീയറിംഗിലും സാങ്കേതിക ശാസ്ത്രത്തിലും മാനേജ്മെന്റ്

രംഗത്തും" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 815-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 60-ാം വകുപ്പ്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

816. ഖണ്ഡം 60(1)-ൽ, "ഒരു മാനേജിംഗ് കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കു ശേഷം "മാനേജ്മെന്റ് കൗൺസിലിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർത്ഥി പ്രതിനിധി കൂടി ഉണ്ടാകേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ഓരോ കോളേജുകളിലും ഒരു മാനേജിംഗ് കൗൺസിൽ ഉണ്ടായിരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. "മാനേജ്മെന്റ് കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർത്ഥി പ്രതിനിധി കൂടി ഉണ്ടാകേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കണമെന്നാണ് എന്റെ ഭേദഗതി. അത് അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 816-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ ...........

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

61-ാം വകുപ്പ്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു :

817. ഖണ്ഡം 61 (1) -ൽ, "കഴിയുന്നിടത്തോളം" എന്ന വാക്ക് ഒഴിവാക്കുക.

നിയമത്തിൽ ഒരിക്കലും കാണാൻ പറ്റാത്തൊരു വാക്കുണ്ട്. അഫിലിയേഷൻ തുടർന്ന് നൽകുന്നതിനുവേണ്ടി കഴിയുന്നിടത്തോളം സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെട്ട നടപടിക്രമം സർവ്വകലാശാല പാലിക്കേണ്ടതാണ്. എന്തിനാണ് ഒരു നിയമം? ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞ് കഴിയുന്നിടത്തോളം അംഗീകരിച്ചാൽ മതിയെന്നു പറയുന്നതിൽ എന്താണ് യുക്തി; അതുകൊണ്ട് 'കഴിയുന്നിടത്തോളം' എന്ന വാക്ക് ഒഴിവാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 817 -ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 817-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

62-ാം വകുപ്പ്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

818. ഖണ്ഡം 62(1) -ൽ, "ഒരു സർവ്വകലാശാല വകുപ്പിനോ"
എന്ന വാക്ക് ഒഴിവാക്കുക

818-ാം നമ്പർ ഭേദഗതിയിൽ അക്കാദമിക് സ്വയംഭരണത്തെക്കുറിച്ച് പറയുന്നതിൽ ഒരു സർവ്വകലാശാല വകുപ്പിനോ റഗുലർ കോളേജായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ അക്കാദമിക് സ്വയംഭരണത്തിനായി അപേക്ഷിക്കാവുന്നതാണെന്നാണ് പറയുന്നത്. എങ്ങനെയാണ് ഒരു സർവ്വകലാശാലയിലെ ഒരു വകുപ്പിന് മാത്രമായി അക്കാദമിക് സ്വയംഭരണം കൊടുക്കുന്നത്. അതൊരു ശരിയായ കാര്യമല്ല. അങ്ങനെയൊരു പ്രാക്ടീസ് ഇല്ലാത്തതാണ്. അതുകൊണ്ട് വകുപ്പിന് എന്നുള്ളത് ഒഴിവാക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു:

819. ഖണ്ഡം 62 താഴെപ്പറയും പ്രകാരം മാറ്റുക:-

"യു.ജി.സി നിബന്ധനകൾക്ക് വിധേയമായി സർക്കാർ നിയമനിർമ്മാണം നടത്തിയശേഷം മാത്രമേ ഒരു സർവ്വകലാശാല വകുപ്പിനോ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജിനോ സ്ഥാപനത്തിനോ സ്വയം ഭരണത്തിനായി അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ."

വിദ്യാർത്ഥി പ്രവേശനം, സിലബസ്, അദ്ധ്യാപനരീതി, പരീക്ഷ എല്ലാം സ്വന്തം നിലയിൽ കോളേജുകൾ നടത്തുന്ന അക്കാദമിക് സ്വയംഭരണം യഥാർത്ഥത്തിൽ സ്വകാര്യവൽക്കരണ പാതയിലേയ്ക്കാണ് നയിക്കുക. ഈ ബില്ലിലൂടെത്തന്നെ കോളേജുകളുടെ സ്വയംഭരണവും നടപ്പിലാക്കാൻ പാടില്ല. അതിനായി പുതിയ നിയമനിർമ്മാണം നടത്തേണ്ടതാണ് എന്നതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 818-ാം നമ്പർ ഭേദഗതിയും ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 819-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

63-ാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

64-ാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

64-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 65-ാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 66-ാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 67-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

820. ഖണ്ഡം 67(1)-ൽ, "സ്ഥാപനങ്ങളിലെയും" എന്ന വാക്കിനു മുൻപിലായി "ഇതര" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

821. ഖണ്ഡം 67(1)-ൽ, "എല്ലാ അധികാരങ്ങളും വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്" എന്നതിന് പകരം "അച്ചടക്ക നടപടികൾ നിർവ്വാഹക സമിതിയുടെ ഉപസമിതിയായി രൂപീകരിക്കുന്ന അച്ചടക്ക സമിതിയുടെ ശുപാർശയിൻമേൽ വൈസ് ചാൻസലർ കൈക്കൊള്ളേണ്ടതാണ്" എന്നത് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 820-ാം നമ്പർ ഭേദഗതിയും ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 821-ാം നമ്പർ ഭേദഗതിയും

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

68-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

822. ഖണ്ഡം 68-ൽ, "ഒരു വർഷക്കാലത്തേക്കോ" എന്നീ വാക്കുകൾക്കു ശേഷം "അതത് അധികാര സ്ഥാനങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള പ്രായപരിധി പൂർത്തിയാകുന്നതുവരെയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

823. ഖണ്ഡം 68-ന്റെ അവസാനഭാഗത്ത് "എന്നാൽ അത് രണ്ടുവർഷത്തിൽ കൂടുതലാവാൻ പാടില്ല" എന്ന് ചേർക്കുക.

പരിവർത്തന കാലഘട്ടത്തിലേയ്ക്കുള്ള വ്യവസ്ഥകളാണ്. ആദ്യം നോമിനേറ്റഡ് കമ്മിറ്റിയെ വയ്ക്കാതെ നിവൃത്തിയില്ല. പക്ഷേ നോമിനേറ്റ് ചെയ്ത കമ്മിറ്റിയുടെ

കാലാവധി....... ഒരു വർഷത്തിനുള്ളിൽ ആക്ടനുസരിച്ചുള്ള കമ്മിറ്റി വേണം. എത്രകാലം വരെയും ആക്ടനുസരിച്ച് കമ്മിറ്റി വരാതിരിക്കാനുള്ള പ്രൊവിഷനുണ്ട്. അതിന് പരമാവധി സമയം കൊടുക്കണം. രണ്ട് വർഷത്തിനുള്ളിൽ ഈ ആക്ടനുസരിച്ച് ശരിയായ സംവിധാനത്തിലേയ്ക്ക് വരണമെന്ന് നിർബന്ധം വേണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 822-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 823-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

69-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

824. ഖണ്ഡം 69-ൽ, "ആദ്യ ഓർഡിനൻസുകളും" എന്നീ വാക്കുകൾക്കുശേഷം "ഉത്തരവുകളും" എന്ന വാക്ക് ചേർക്കുക.

824-ാം നമ്പർ ഭേദഗതിയിൽ "ആദ്യ ഓർഡിനൻസുകളും" എന്നീ വാക്കുകൾക്കുശേഷം "ഉത്തരവുകളും" എന്ന വാക്ക് ചേർക്കണം. ഇതിൽ എന്തുതന്നെ അടങ്ങിയാലും സർക്കാർ ഓർഡിനൻസുകളും സ്റ്റാറ്റ്യൂട്ടുകളും ഉണ്ടാക്കേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. അതിനോടൊപ്പം ഉത്തരവുകളും എന്നുകൂടി ചേർക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 824-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 69-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

825. ഖണ്ഡം 69-ന് ശേഷം ചുവടെ ചേർക്കുന്ന പുതിയ ഖണ്ഡങ്ങളും

ഉപഖണ്ഡങ്ങളും ചേർക്കുക , ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

70. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം:-(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ തിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തി ലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിയ്ക്കുന്നതിനുമുൻപ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിയ്ക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരി ക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരി ക്കേണ്ടതാണ്.

71. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ:</u>-(1)ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും ചെയ്യാവുന്നതാണ്. എന്നാൽ, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

എന്റെ കൈയിലുള്ളത് കേരള സർവ്വകലാശാലയുടെ ആക്ടാണ്. അതിൽ സെക്ഷൻ 65 Power of Government to make rule - മലയാള സർവ്വകലാശാല ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. ഇതിൽ ആ അധികാരം ഇല്ല. അതുകൊണ്ട് എന്റെ ഭേദഗതി ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം മറ്റ് സർവ്വകലാശാലകൾക്കുള്ളതുപോലെ, ഈ സഭ മുമ്പ് പാസ്സാക്കിയ മലയാളം സർവ്വകലാശാലയ്ക്കും കേരള സർവ്വകലാശാലയ്ക്കും കാലിക്കറ്റ് സർവ്വകലാശാലയ്ക്കും ഉള്ളതുപോലെ ഇതിലും വരണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതുകൊണ്ട് ഈ ആക്ടിലെ 70 ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം - (1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങളുണ്ടാക്കാവുന്നതാണ്. (2) ഈ ആക്ട് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളന

ത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

71. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ - (1) ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ്മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും ചെയ്യാവുന്നതുമാണ്.

എന്നാൽ, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

ഇത് നിയമസഭയുടെ അധികാരമാണ്, ഗവൺമെന്റിന്റെ അധികാരമാണ്. ഞാൻ ഇത് വായിക്കുമ്പോൾ പ്രതിപക്ഷാംഗങ്ങൾ അസഹിഷ്ണുത കാണിക്കുന്നത് വളരെ നിർഭാഗ്യകരമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മിനിസ്റ്റർ മൈൻഡ് അപ്ലൈ ചെയ്യണം, ഇത് സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ......

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. എം. ഉമ്മർ അവതരിച്ച 825-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

69-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

69-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

69-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അറുപത്തി ഒൻപതാം വകുപ്പിനു ശേഷമുള്ള എന്നുപറഞ്ഞ് 70 ആയിട്ടാണ് അംഗീകരിച്ചിരിക്കുന്നത്. പിന്നെയും മറ്റൊര് എഴുപത് എങ്ങനെ വരും.

മി. സ്പീക്കർ: 70 എന്ന് പറഞ്ഞില്ല, അതിന്റെ നമ്പർ മാറ്റാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അറുപത്തി ഒൻപതാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് എന്നുപറഞ്ഞ് 70 എന്നാണ് പേര് കൊടുത്തിരിക്കുന്നത്.

മി. സ്പീക്കർ: 69-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് 69 (എ) ബില്ലിന്റെ ഭാഗമായി.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. എം. ഉമ്മർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിനാണ് ചട്ടം ഉണ്ടാക്കാനുള്ള അധികാരം. വേറൊരു സ്ഥലത്ത് റഗുലേഷൻസും ചട്ടവുമുണ്ടാക്കാൻ യൂണിവേഴ്സിറ്റിക്ക് അധികാരവും കൊടുക്കുന്നുണ്ട്. ഇത് രണ്ടും കൂടി കോൺഫ്ലിക്റ്റ് വരും.

മി. സ്പീക്കർ: മൂന്നാം വായനയിൽ അങ്ങേയ്ക്ക് ഇത് സംബന്ധിച്ച് സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, പാസ്സാക്കിയ സാഹചര്യത്തിൽ പറഞ്ഞ താണ്, കോൺട്രഡിക്ഷനാണ് വരുന്നത്.

മി. സ്പീക്കർ: പാസ്സായിക്കഴിഞ്ഞു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പറഞ്ഞ 70-ാം വകുപ്പ് പ്രകാരം വന്നാൽ രണ്ട് വർഷകാലം മാത്രമേ നിലനിൽക്കുകയുള്ളൂ. രണ്ട് വർഷം കഴിഞ്ഞാൽ ആ ചട്ടങ്ങൾ ഉണ്ടാക്കാൻ പാടില്ല. അതിൽ ഭേദഗതി വരുത്താൻ പാടില്ല എന്നുള്ളത് നമ്മുടെ നിലവിലുള്ള മറ്റ് യൂണിവേഴ്സിറ്റി ആക്റ്റുകളിലൊക്കെയുള്ളതാണ്. ......... പിന്നെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാൻ അധികാരമുണ്ട്. രണ്ട് വർഷം കഴിഞ്ഞാൽ അധികാരമുണ്ടായിരിക്കുന്നതല്ല എന്നത് അതിൽ തന്നെ വ്യക്തമാണ്.

70-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

826. ഖണ്ഡം 70(1)-ൽ, "സർവ്വകലാശാലയുടെ സമാനമായ ബിരുദം" എന്നീ വാക്കുകൾക്കു ശേഷം "ബിരുദാനന്തര ബിരുദം" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 826-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 826-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 71-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

827. ഖണ്ഡം 71-ൽ,

(1) " ഒരു സംഘമായ" എന്നീ വാക്കുകൾ ഒഴിവാക്കുക.

(2) “ (രജിസ്ട്രേഷൻ നമ്പർ റ്റി.1872/09 തീയതി. 16.12.2009) എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും ശേഷം “ എന്ന സംഘം” എന്നീ വാക്കുകൾ ചേർക്കുക.

(3) "സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ആയി തുടർന്നും പ്രവർത്തിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "പ്രസ്തുത സ്ഥാപനത്തിന് സർവ്വകലാശാലയുടെ മേൽനോട്ടത്തിനും വ്യവസ്ഥകൾക്കും വിധേയമായി തുടർന്ന് പ്രവർത്തിക്കാവുന്ന താണ് " എന്നീ വാക്കുകൾ ചേർക്കുക.

സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്ന സൊസൈറ്റി നിലവിലുണ്ട്. അതിന്റെ ആസ്തി-ബാദ്ധ്യതകളെല്ലാം ഈ സർവ്വകലാശാലയിൽ ലയിക്കുകയാണ്. ആ സൊസൈറ്റി തുടർന്നും പ്രവർത്തിക്കേണ്ടതാണെന്ന് ഈ വകുപ്പിലുണ്ട്. അതിൽ പ്രസ്തുത സ്ഥാപനത്തിന് സർവ്വകലാശാലയുടെ മേൽനോട്ടത്തിനും വ്യവസ്ഥകൾക്കും വിധേയമായി തുടർന്ന് പ്രവർത്തിക്കാവുന്നതാണ് എന്ന് ചേർക്കുന്ന തായിരിക്കും ഉചിതം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>): സർ, ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

72-ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

828. ഖണ്ഡം 72(1)-ൽ, " ഒരു വർഷത്തിൽ" എന്നതിനു പകരം " രണ്ട് വർഷത്തിൽ" എന്നു ചേർക്കുക.

പ്രാരംഭ തീയതിലുള്ള മാറ്റമാണ് എന്റെ ഭേദഗതി. ഇവിടെ പറഞ്ഞിരിക്കുന്നത് ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ 6 മാസത്തിനുള്ളിലോ വിജ്ഞാപനം വഴി സർക്കാർ നിർദ്ദേശിക്കാവുന്ന ഒരു വർഷത്തിനുള്ളിലോ എന്നാണ്. 2014 മെയ് 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്.

ഇപ്പോൾ 2015 മെയ് കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് എന്റെ ഭേദഗതി ഒരു വർഷത്തിനുള്ളിൽ എന്നതിനു പകരം 'രണ്ട് വർഷമായി' എന്ന് ചേർക്കണമെന്നാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

829. ഖണ്ഡം72(2)-ൽ, " ഏതെങ്കിലും ഉദ്യോഗസ്ഥനെയോ," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം " ഉദ്യോഗസ്ഥന്മാരെയോ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

830. ഖണ്ഡം 72(3)-ൽ,

(1) "എഞ്ചിനീയറിംഗ് ബിരുദത്തിനായി" എന്നീ വാക്കുകൾക്കു പകരം "എഞ്ചിനീയറിംഗ് ബിരുദത്തിനായോ സാങ്കേതിക ശാസ്ത്ര ബിരുദത്തിനായോ മാനേജ്മെന്റ് ബിരുദത്തിനായോ" എന്നീ വാക്കുകൾ ചേർക്കുക.

(2) " എഞ്ചിനീയറിംഗ് ബിരുദം" എന്നതിനു പകരം "അതത് ബിരുദങ്ങൾ" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 828-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ്

ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 828-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 829, 830 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

73-ാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പട്ടിക**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

831. പട്ടികയിൽ, ഇനം 6-നുശേഷം താഴെ പറയുന്ന ഇനങ്ങൾ ചേർക്കുക.

7. കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

8. കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.

9. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്

10. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം.

11. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി.

ഈ സ്ഥാപനങ്ങൾകൂടി ചേർത്തെങ്കിൽ മാത്രമേ അത് സമ്പൂർണ്ണമാവുകയുള്ളു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 831-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

105. ശീർഷകത്തിൽ "കേരള" എന്ന വാക്കിനു ശേഷം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

106. ശീർഷകം താഴെ പറയും പ്രകാരം മാറ്റുക:

"രാമാനുജം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ-2015"

114. ദീർഘശീർഷകം താഴെ പറയും പ്രകാരം മാറ്റുക :

"കേരള സംസ്ഥാനത്ത് എഞ്ചിനീയറിംഗ് രംഗത്തെ പരിതാപകരമായ സ്ഥിതി പരിഹരിക്കാനായും ശാസ്ത്ര വിദ്യാഭ്യാസവും എഞ്ചിനീയറിംഗ് വിദ്യാഭ്യാസവും സമന്വയി പ്പിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കാനായും ശാക്തീകരിക്കുവാനുമായും അപ്രകാരം സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസം ഉന്നതികളിലേക്ക് എത്തിപ്പിക്കുന്നതിനും വേണ്ടി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്ന തിനും വേണ്ടിയുള്ള ഒരു ബിൽ".

122. പീഠിക താഴെപറയും പ്രകാരം മാറ്റുക:

പീഠിക.- " കേരള സംസ്ഥാനത്ത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അതിപ്രസരംമൂലം ഉന്നത വിദ്യാഭ്യാസ മേഖല യിൽ അടിസ്ഥാന സൗകര്യവും പഠന നിലവാരവും ശരാശരി യെക്കാൾ താഴെയും പരീക്ഷാക്രമക്കേടുകളിൽ ചില സർവ്വകലാശാലകൾ ഉൾപ്പെട്ട സാഹചര്യത്തിലും വെറ്ററിനറി സർവ്വകലാശാലയിലെ ദുസ്സഹമായ ഫീസ് വർദ്ധനയും സ്വേച്ഛാപരമായ നടപടികളും, കണ്ണൂർ

സർവ്വകലാശാലയ്ക്ക് നാക് അക്രഡിറ്റേഷൻ ഇല്ലാത്തതുംമൂലം റൂസ ധനസഹായം നഷ്ടമായതും ഉണ്ടാകാത്ത വിധത്തിൽ എല്ലാ വിഷയങ്ങളും പരിശോധിച്ച് കേരള സംസ്ഥാനത്ത് ഡോ. രാമാനുജൻ വിഭാവനം ചെയ്ത രീതിയിൽ സാങ്കേതിക ശാസ്ത്രവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതും ഏകാംഗീകരിക്കുന്നതും വ്യക്തമായിരിക്കുകയാൽ;

130. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക;

" (1) ഈ ആക്റ്റിന് രാമാനുജം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് എന്ന് പേര് പറയാം."

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

107. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

"2015 ലെ കേരള സാങ്കേതിക സർവ്വകലാശാല ബിൽ".

109. ദീർഘശീർഷകത്തിൽ "സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസം" എന്നതിനു

പകരം "സാങ്കേതിക വിദ്യാഭ്യാസം" എന്നു ചേർക്കുക.

116. പീഠികയിൽ "സാങ്കേതികശാസ്ത്ര വിദ്യാഭ്യാസം" എന്നതിനു പകരം "സാങ്കേതിക വിദ്യാഭ്യാസം" എന്ന് ചേർക്കുക.

131. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) ഇത് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്ല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ഇപ്പോൾ അമെന്റ് ചെയ്ത പ്രകാരം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയെന്നാണ്. ഇത് ഇംഗ്ലീഷിൽ 'ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി' എന്നാണ്. സാങ്കേതിക ശാസ്ത്രം എന്ന് പറയാറില്ല, സാങ്കേതിക സർവ്വകലാശാല എന്നാണ് പറയുന്നത്. ആദ്യം പറഞ്ഞിരുന്നത് ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെന്നാണ്. ഇംഗ്ലീഷിൽ പറഞ്ഞതിന്റെ വിവർത്തനം സാങ്കേതിക സർവ്വകലാശാല എന്നാണ്. ശാസ്ത്രം എന്നുകൂടി പറയുമ്പോൾ പ്യുവർ സയൻസ് പഠിപ്പിക്കുന്നില്ല. ശാസ്ത്രത്തിന്റെ പ്രാക്ടിക്കലായ ആപ്ലിക്കേഷനാണ് സാങ്കേതിക വിദ്യ. കറക്ട് ചെയ്യണമെങ്കിൽ സാങ്കേതിക സർവ്വകലാശാല എന്ന് വരണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

108. ദീർഘശീർഷകത്തിൽ "സാങ്കേതിക ശാസ്ത്ര" എന്ന വാക്കിനു

പകരം "സാങ്കേതിക" എന്ന വാക്കു ചേർക്കുക.

112. ദീർഘശീർഷകത്തിൽ "ഏകാംഗീകരിക്കുന്നതിനും"

എന്നതിനു പകരം "സംയോജിപ്പിക്കുന്നതിനും" എന്ന് ചേർക്കുക.

115. പീഠികയിൽ "സാങ്കേതികശാസ്ത്ര" എന്നതിനു പകരം

"സാങ്കേതിക" എന്ന് ചേർക്കുക.

120. പീഠികയിൽ, "ആനുഷംഗികമായതോ" എന്ന വാക്കിനു

മുൻപ് "അതിന്" എന്ന വാക്ക് ചേർക്കുക

124. ഖണ്ഡം 1 (1)ൽ, "സാങ്കേതികശാസ്ത്ര" എന്നതിനു പകരം

"സാങ്കേതിക" എന്ന് ചേർക്കുക.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

110. ദീർഘശീർഷകത്തിൽ "പ്രത്സോഹിപ്പിക്കുന്നതിന് "എന്ന വാക്കിനു പകരം "പ്രോത്സാഹിപ്പിക്കുന്നതിനും, ആ രംഗത്തെ ഗവേഷണ പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ "ഏകാംഗീകരിക്കുന്നതിനും" എന്ന വാക്കിന് പകരം "ഏകയോഗമാക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

123. ഖണ്ഡം 1 (1)ൽ, "കേരള " എന്നവാക്കിനുശേഷം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

117. പീഠികയിൽ "സാങ്കേതികശാസ്ത്ര" എന്നതിനു പകരം "സാങ്കേതിക-ശാസ്ത്ര" എന്ന് ചേർക്കുക.

126. ഖണ്ഡം 1 (1)ൽ, "സാങ്കേതികശാസ്ത്ര" എന്നതിനു പകരം "സാങ്കേതിക-ശാസ്ത്ര" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

118. പീഠികയിൽ "പ്രോത്സാഹിപ്പിക്കുന്നതിനും" എന്നതിനു ശേഷം "അഭിവൃദ്ധിപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

128. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

" (1) ഈ ആക്റ്റിന് 2015-ലെ എ.പി.ജെ.അബ്ദുൾകലാം

സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് എന്ന് പേര് പറയാം."

ഭാരതം മുന്നോട്ട് പോകേണ്ടത് സാങ്കേതിക വിദ്യാ വികസനത്തിൽ ഊന്നിയാകണമെന്നും ടെക്നോളജിയുടെ അഗ്നിച്ചിറകുകളാണ് ആധുനിക ഇന്ത്യയെ അതിന്റെ സ്വപ്ന സാക്ഷാത്കാരങ്ങളിലേയ്ക്ക് പറന്നുയരാൻ കരുത്ത് നൽകുന്നതെന്നും സ്വയം വിശ്വസിക്കുകയും ധാരാളം ചെറുപ്പക്കാരെ പഠിപ്പിക്കുകയും ചെയ്ത, ആത്മവിശ്വാസ പ്രചോദിതരാക്കി മാറ്റിയ ഡോ. എ.പി.ജെ. അബ്ദുൾ കലാം നമ്മെ വിട്ടുപിരിഞ്ഞ സാഹചര്യത്തിൽ അദ്ദേഹ ത്തിന്റെ സ്മരണകൾ രാജ്യമെമ്പാടും നിറഞ്ഞു നിൽക്കുമ്പോൾ കേരള നിയമസഭയ്ക്ക് ഒരു അപൂർവ്വ, അതുല്യ അവസരം ലഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വരുമ്പോൾ ആ യൂണിവേഴ്സിറ്റിക്ക് അദ്ദേഹത്തിന്റെ പേര് ചേർക്കണമെന്നുള്ളതാണ് എന്റെ 128-ാം നമ്പർ ഭേദഗതി. ഈ ആക്ടിന് '2015-ലെ എ.പി.ജെ. അബ്ദുൾ കലാം കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് എന്ന് പേരിടണമെന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു. ..............(ബഹളം)............ ഞാൻ എന്റെ ഭേദഗതി നേരത്തെ കൊടുത്തതാണ്.

ശ്രീ. സി. ദിവാകരൻ: സർ, അതെങ്ങനെ വന്നു?

മി. സ്പീക്കർ: മുഖ്യമന്ത്രി പറഞ്ഞത് സഭ അംഗീകരിച്ചതാണ്. ഈ ഭേദഗതി നേരത്തെ കൊടുത്തിരുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

121. പീഠികയിൽ, "ആനുഷംഗികമായതോ" എന്നതിനു പകരം "സാന്ദർഭികമായി വരാവുന്നതോ" എന്ന് ചേർക്കുക

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

127. ഖണ്ഡം 1 (1)ൽ, "ആക്റ്റ്" എന്നവാക്കിനു പകരം "സ്ഥാപകനിയമം" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി, ഔദ്യോഗിക ഭേദഗതിയായി മൂവ് ചെയ്തത് സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ

പറയുകയും ഐകകണ്ഠ്യേന സഭ അംഗീകരിക്കുകയും ചെയ്ത കാര്യമാണത്, ഭേദഗതിയല്ല.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ഈ ഭേദഗതി ശ്രീ. പി. സി. വിഷ്ണുനാഥ് നേരത്തെ കൊടുത്തതാണ്. ഈ ഭേദഗതി തള്ളുന്നുവെന്ന് പറയണമെന്നാണോ പറയുന്നത്. …….(ബഹളം)….. എങ്ങനെ കൊടുത്തുവെന്ന് ശ്രീ. പി.സി. വിഷ്ണുനാഥിനോട് ചോദിക്കണം. പ്രിന്റ് ചെയ്ത് വന്നതിൽ ആ ഭേദഗതി ഉണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട അംഗത്തിന് തെറ്റിദ്ധാരണയുണ്ട്. ഇന്നലെ 2 മണിവരെ ഭേദഗതി നോട്ടീസ് കൊടുക്കാൻ സമയമുണ്ടായിരുന്നു. ആ സമയത്തിനുള്ളിൽ കൊടുത്ത ഭേദഗതിയാണ്.

മി. സ്പീക്കർ: ഇത് തർക്കമില്ലാത്ത കാര്യമല്ലേ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനൗൺസ് ചെയ്ത ഉടനെ തന്നെ ഞങ്ങൾ അംഗീകരിച്ച കാര്യമാണ്. മുഖ്യമന്ത്രി ഇവിടെ യുണ്ടല്ലോ. അദ്ദേഹം പറയട്ടെ.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ഒരേ ആശയം രണ്ട് പേർക്ക് തോന്നിക്കൂടെന്നുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, രണ്ടുപേർ ഒരുപോലെയുള്ള ഭേദഗതി കൊടുത്തുവെന്ന് പറയുന്നതിൽ കാര്യമില്ല. യൂണിവേഴ്സിറ്റിയുടെ പേര് മാറ്റുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞാലും അത് ബില്ലിൽ വരണം. ബില്ലിൽ അങ്ങനെയൊരു പ്രൊവിഷൻ വരാത്തതുകൊണ്ടാണ്, ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞ ആ ഭേദഗതി അംഗീകരിക്കുന്നതിനായി ഒഫീഷ്യൽ അമെന്റ്മെന്റായി കൊണ്ടുവന്നിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി മന്ത്രി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചത് സഭ അംഗീകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 108, 112, 115, 120, 124 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 113, 123 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 106, 114, 122, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 107, 109, 116, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 117, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)

പി.29-07-2015 ആർ.ഐ./ജെ. ജി. (5) 10.30 PM-10.40 PM

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത്രയും അശ്രദ്ധമായി തയ്യാറാക്കിയ ഒരു ബിൽ സമീപ കാലത്തൊന്നും ഈ കേരള നിയമസഭ കണ്ടിട്ടില്ല. ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതുശരിയാണ്. ഇത് വൈസ് ചാൻസലർക്കുവേണ്ടി വൈസ് ചാൻസലർ തയ്യാറാക്കിയ ഒരു ബില്ലാണ്. 60 വയസ്സ് തികഞ്ഞുനിൽക്കുന്ന, 61 വയസ്സുകാരൻ ആകാൻ പോകുന്ന ആളാണ് ഈ

ബില്ലിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയത്. ഈ ബില്ലിൽ അതിന്റെ സ്വാധീനം നിഴലിച്ചുനിൽക്കുന്നതായി കാണാം. ഈ ബില്ലിനകത്ത് ആയിരം കോടി രൂപ ആസ്തിയുള്ള ഒരാളുടെ, ഒരു ബഹുരാഷ്ട്ര കുത്തകക്കാരന്റെ സ്വാധീനവും പ്രതിഫലിച്ചിട്ടുണ്ട്. അവസാനം ആയിരം കോടിരൂപ ആസ്തിയുള്ള ആൾ എന്നത് മാറ്റി. വേണമെങ്കിൽ അയാളത്തന്നെ വയ്ക്കുകയും ചെയ്യാം. ഇങ്ങനെയൊരു തട്ടിക്കൂട്ട് ബിൽ എന്തിനാണ് അവതരിപ്പിച്ചത്? യഥാർത്ഥത്തിൽ ആകെ അഭിമാനിക്കാനിക്കുള്ളത് ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ പേരിൽ ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കിയെന്നത് മാത്രമാണ്. ഞങ്ങളതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്. ദിവംഗതനായ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ പേര് കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിക്ക് കൊടുക്കുന്നത് ഒരു നല്ല സമീപനമാണ്. മാത്രമല്ല, ഇപ്പോൾത്തന്നെ ഒരു തീരുമാനമെടുക്കാൻ നമുക്ക് കഴിഞ്ഞതും നല്ല കാര്യമാണ്. പക്ഷെ, അദ്ദേഹത്തിന്റെ പേര് ഈ യൂണിവേഴ്സിറ്റിക്ക് കൊടുത്തത് എത്രത്തോളം ശരിയായി എന്നുള്ളതാണ്. ഒരു പിണ്ണാക്ക് ചാക്കിന്റെ പുറത്ത് ഒരു പുഷ്പം വച്ചതുപോലത്തെ അവസ്ഥയാണിത്. ഈ യൂണിവേഴ്സിറ്റിയുടെ ഘടനയാകെ നോക്കിയാൽ കാണാൻ കഴിയുന്ന സ്ഥിതിയെന്താണ്; ഇങ്ങനെ കുറേ സ്വാശ്രയ കോളേജുകളുടെ ഒരു ഫെഡറേഷന് നൽകേണ്ട പേരാണോ ഡോ. എ. പി. ജെ.

അബ്ദുൾ കലാമിന്റെ പേര്? ഈ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്നത് 9 ഗവൺമെന്റ് കോളേജുകളും 3 എയ്ഡഡ് കോളേജുകളും, 137 അൺ-എയ്ഡഡ് കോളേജുകളുമാണ്. അൺ-എയ്ഡഡ് കോളേജുകളെ ഓട്ടോണമസ് കോളേജാക്കി മാറ്റി അതിന്റെയൊരു ഫെഡറേഷൻ പോലെയാക്കിയിട്ടുള്ള സെനറ്റാണ് ഇവിടെ വരാൻ പോകുന്നത്. കേരളത്തിലെ മറ്റെല്ലാ സർവ്വകലാശാലകളിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഒരു സർവ്വകലാശാലയാണ് ഇവിടെ രൂപംകൊള്ളാൻ പോകുന്ന ഈ സർവ്വകലാശാല. ഇന്ന് സർവ്വകലാശാലകളിലുള്ള പ്രവേശന വ്യവസ്ഥകൾതന്നെ ഇളവുചെയ്തുകൊണ്ട് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിക്കുന്ന ഒരവസ്ഥയാണ് ഈ ബിൽ പാസ്സാക്കുന്നതോടുകൂടി പ്രധാനമായും ഇവിടെ വരാൻ പോകുന്നത്. മൂല്യനിർണ്ണയം ഉദാരമായി നടത്താൻ കഴിയുന്ന ഒരു സ്ഥിതിവിശേഷമാണ് ഇവിടെയിനി സൃഷ്ടിക്കപ്പെടാൻ പോകുന്നത്. അതേപോലെതന്നെ അക്കാദമിക് സ്വയംഭരണത്തിന്റെ പേരുപറഞ്ഞ് സ്വകാര്യ കോളേജുകൾക്ക് സ്വയംഭരണം നൽകുകയാണ്. എന്നിട്ട് ഈ കോളേജുകൾക്കെല്ലാം സർവ്വ സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കാനുള്ള അവസരമാണ് ഇവിടെ സൃഷ്ടിക്കപ്പെടാൻ പോകുന്നത്. വിദ്യാർത്ഥികളിൽനിന്ന് എത്ര ഫീസ് വാങ്ങാം; എന്തെങ്കിലും വ്യവസ്ഥയുണ്ടോ? ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസാണോ

ഈടാക്കുന്നത്? ഈ കോളേജുകൾക്ക് എത്ര ഫീസ് വേണമെങ്കിലും വാങ്ങാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊടുത്തിരിക്കുകയാണ്. ഫീസ് കുത്തനെ വർദ്ധിപ്പിക്കുന്ന സ്ഥിതിവിശേഷമാണ് ഇവിടെ വരാൻ പോകുന്നത്. ഗവൺമെന്റിന്റെ സാമ്പത്തിക സഹായമൊന്നും ഈ കോളേജുകൾക്ക് കൊടുക്കുന്നില്ലല്ലോ; അപ്പോൾ ഓരോ കോളേജുകളും വിദ്യാർത്ഥികളിൽനിന്ന് പൈസ പിഴിഞ്ഞെടുക്കും. അദ്ധ്യാപകന്മാർക്ക് സേവന വേതന വ്യവസ്ഥയില്ല. യൂണിവേഴ്സിറ്റിയിലുള്ള നിയമനങ്ങളൊന്നുംതന്നെ പി.എസ്.സി.ക്ക് വിട്ടിട്ടില്ല. മുസ്ലീം ലീഗിന്റെ ഏറ്റവും വലിയൊരു ആവശ്യമാണല്ലോ സർവ്വകലാശാല നിയമനങ്ങളെല്ലാം സംവരണം പാലിക്കണമെന്നുള്ളത്. ആ സംവരണം പാലിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ; ഒരു പുതിയ ബിൽ കൊണ്ടുവരുമ്പോൾ അതിനകത്തെങ്കിലും നമ്മുടെ വീക്ഷണം പ്രതിഫലിക്കേണ്ടതല്ലേ? എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം നടപ്പിലാക്കണമെന്ന് കേരള ഹൈക്കോടതി സമീപ കാലത്ത് വിധിച്ചു,. കേരളത്തിലെ കോളേജ് നിയമനത്തിൽ, സ്കൂൾ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ, സർവ്വകലാശാല അദ്ധ്യാപക നിയമനത്തിൽ എസ്.സി./എസ്.ടി മേഖലയ്ക്കെങ്കിലും സംവരണം നടപ്പിലാക്കണം എന്ന് വിധിച്ചു. എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന

ഹൈക്കോടതിവിധി വന്നതിനുശേഷം ഇവിടെ കൊണ്ടുവരുന്ന ബില്ലിനകത്തുപോലും അതുൾക്കൊള്ളിക്കാൻ എന്തുകൊണ്ട് ഒരു കോൺഗ്രസ് മുഖ്യമന്ത്രി ഭരിക്കുന്ന ഈ സംസ്ഥാനത്ത് സാധിച്ചില്ല; എസ്.സി./എസ്.ടി. മേഖലയ്ക്ക് സംവരണം കൊടുക്കണമെന്നുള്ളത് കോൺഗ്രസിന്റെ നയമല്ലേ? നിങ്ങൾ പുതുതായി കൊണ്ടുവരുന്ന ഒരു യൂണിവേഴ്സിറ്റിയിൽ, ഹൈക്കോടതി വിധിയുണ്ടായിട്ടും നടപ്പിലാക്കാൻ സാധിക്കാത്ത, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള സംവരണം നടപ്പിലാക്കണമെന്ന താൽപ്പര്യം നിങ്ങൾക്കുണ്ടോ; അതുണ്ടെങ്കിൽ ഈ ബില്ലിനകത്ത് അത് ഉൾക്കൊള്ളിക്കുമായിരുന്നില്ലേ? അങ്ങനെ ഒരു ഹോംവർക്കും ചെയ്യാതെ, എന്തിനാണ് ഈ ബിൽ ഇങ്ങനെ തട്ടിക്കൂട്ടി ഈ സമയത്ത് കൊണ്ടുവന്നത്? ഇതിൻപ്രകാരം ഇപ്പോഴുള്ള 6 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ കോഴ്സുകൾ അനുവദിക്കാൻ പോകുകയാണ്. ഗവൺമെന്റ് കോളേജുകളെ സ്വകാര്യവൽക്കരിക്കുന്ന ബില്ലാണിത്. ഇതോടൊപ്പംതന്നെ അപകടകരമായ മറ്റൊരുകാര്യം, ഇന്ന് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് സംഘടനാസ്വാതന്ത്ര്യമുണ്ട്. അദ്ധ്യാപകർക്കും ജീവനക്കാർക്കും സംഘടനാ സ്വാതന്ത്ര്യമുണ്ട്. ഈ യൂണിവേഴ്സിറ്റി ആക്ട് വഴി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സംഘടിക്കാനുള്ള സ്വാതന്ത്ര്യം

നിഷേധിക്കുന്ന തരത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഒരു മന്ത്രിസഭ ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ പാടുണ്ടോ; ഈ മന്ത്രിസഭയ്ക്ക് നേതൃത്വം നൽകുന്നത് കോൺഗ്രസല്ലേ? അപ്പുറത്തിരിക്കുന്ന കോൺഗ്രസ് മെമ്പർമാരുടെ ഭാഗത്തുണ്ടായ അസംതൃപ്തി ഞാൻ ശ്രദ്ധിച്ചു. അവർക്കൊക്കെയുള്ള അസംതൃപ്തി അമെന്റ്മെന്റിന്റെ രൂപത്തിലെങ്കിലും ഇവിടെ പുറത്തുവന്നു. ഈ കാര്യങ്ങളെ സംബന്ധിച്ച് അഡ്രസ് ചെയ്യിക്കുന്നതിന് എന്തുകൊണ്ട് കോൺഗ്രസ് പാർട്ടി തയ്യാറായില്ല; വിദ്യാർത്ഥികൾക്ക് സംഘടനാ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയവരല്ലേ അപ്പുറത്ത് നിൽക്കുന്ന ആളുകൾ? ശ്രീ. ഉമ്മൻ ചാണ്ടി വിദ്യാർത്ഥി നേതാവായിരുന്നില്ലേ; അപ്പുറത്തിരിക്കുന്ന എത്രയോ നേതാക്കന്മാർ വിദ്യാർത്ഥി രംഗത്തുനിന്ന് വന്നവരല്ലേ; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വിദ്യാർത്ഥി നേതാവായിരുന്നില്ലേ? അവരൊക്കെ ഉൾപ്പെടുന്ന ഒരു മന്ത്രിസഭയ്ക്ക് എങ്ങനെയാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ സാധിച്ചത്? സർവ്വകലാശാലയുടെ തലപ്പത്ത് ഒരു പ്രാതിനിധ്യ സ്വഭാവവുമില്ല. ആരെ വേണമെങ്കിലും നാമനിർദ്ദേശം ചെയ്യപ്പെടാം. നിങ്ങൾ ജനാധിപത്യ സംവിധാനത്തെ ഭയയ്ക്കുകയാണ്. വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് അവസാനം മന്ത്രിയൊരു ഓറൽ അമെന്റ്മെന്റ് കൊണ്ടുവന്നു. ആ ഓറൽ

അമെന്റ്മെന്റും നാമനിർദ്ദേശം ചെയ്യലാണ്. ഒരു ഇലക്ടഡ് സംവിധാനവും ഇവിടെയില്ല. എല്ലാംതന്നെ സ്വേച്ഛാധിപരമായി ഗവൺമെന്റ് തീരുമാനിക്കത്തക്കവിധത്തിൽ കൊണ്ടുവന്ന ഈ ബിൽ ഒരു പുരോഗമന സ്വഭാവമുള്ള ബില്ലാണോ? കേരളത്തിൽ ഇതിനുമുമ്പ് കൊണ്ടുവന്നിട്ടുള്ള ബില്ലുകളിൽനിന്ന് വ്യത്യസ്തമായി, ഒരു ജനാധിപത്യ വീക്ഷണമില്ലാത്ത, പുരോഗമന വീക്ഷണമില്ലാത്ത ഒരു പിന്തിരിപ്പൻ സ്വഭാവമുള്ള ബില്ലാണിത്. ഇതിലൂടെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ കോർപ്പറേറ്റ് വൽക്കരണത്തിന് തുടക്കം കുറിക്കുകയാണ്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെ കോർപ്പറേറ്റ് വൽക്കരിക്കാനും വാണിജ്യവൽക്കരിക്കാനുംവേണ്ടി മാത്രമാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പി.പി.പി. മോഡലാണ് ഈ യൂണിവേഴ്സിറ്റി. പ്രൈവറ്റ് പബ്ലിക് പാർട്ടണർഷിപ്പ് യൂണിവേഴ്സിറ്റിയിൽ നടപ്പാക്കുകയാണ്. അതിന്റെ ഭാഗമായി കൊണ്ടുവരുന്ന വ്യവസ്ഥകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും എന്നുള്ള കാര്യം വ്യക്തമാണ്. യഥാർത്ഥത്തിൽ സർവ്വകലാശാലകൾക്കുള്ള ജനാധിപത്യ സ്വഭാവം ഇല്ലാതാക്കി കച്ചവട താൽപ്പര്യം മാത്രം മുൻനിർത്തിക്കൊണ്ട് സ്ഥാപിക്കുന്ന ഒരു സർവ്വകലാശാലയായി ഇത് മാറാൻ പോകുകയാണ്. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം കാഴ്ചവച്ചിട്ടുള്ള എല്ലാ

താൽപ്പര്യങ്ങൾക്കും വിരുദ്ധമായിട്ടുള്ള ഒരു യൂണിവേഴ്സിറ്റിയായിട്ടാണ് നാളെ മുതൽ ഈ യൂണിവേഴ്സിറ്റി പ്രവർത്തിക്കാൻ പോകുന്നത്. വിജയ ശതമാനം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കണമെന്നും ഘട്ടംഘട്ടമായി നിലവാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകൾ നിർത്തലാക്കണമെന്നും കേരള ഹൈക്കോടതി പറഞ്ഞിട്ടില്ലേ? കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുമ്പോൾ നമ്മൾ കണ്ടത് നിലവാരമുള്ള എഞ്ചിനീയറിംഗ് കോളേജാണ്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി മത്സരിച്ച് കേരളത്തിലെ വിദ്യാർത്ഥികളെ കേരളത്തിൽത്തന്നെ പിടിച്ചുനിർത്താൻ കഴിയുന്ന ഏറ്റവും മികവിന്റെ കേന്ദ്രങ്ങളായ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കണമെന്നാണ് നാം ഉദ്ദേശിച്ചത്. മികവിന്റെ കേന്ദ്രങ്ങളായ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഇന്ന് കേരളത്തിലുണ്ട്? അതു പരിശോധിച്ചുകൊണ്ടല്ലേ ഹൈക്കോടതി ഈ എഞ്ചിനീയറിംഗ് കോളേജുകൾ നിലവാരമില്ലാത്തതാണെന്നും അതൊക്കെ പൂട്ടണമെന്നും വിധിച്ചത്. ഇവിടെ അത് സംബന്ധിച്ചൊരു അടിയന്തരപ്രമേയം കൊണ്ടുവന്നു. അതിന് ബഹുമാന്യനായ മന്ത്രി പറഞ്ഞത് നിലവാരമില്ലാത്ത എല്ലാ എഞ്ചിനീയറിംഗ് കോളേജുകളുടെയും നിലവാരമുയർത്താൻ അവിടെ എം.ടെക് കോഴ്സ് തുടങ്ങുമെന്നാണ്. ബി.ടെക്

കോഴ്സിന് നിലവാരമില്ലായെന്നാണ് ഹൈക്കോടതി പറഞ്ഞത്. അവിടെ എം.ടെക് കോഴ്സ് തുടങ്ങാമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്. ഇതാണ് കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരമുയർത്തുന്ന കാര്യത്തിലുള്ള ഈ ഗവൺമെന്റിന്റെ സമീപനം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, നിലവാരം കൂട്ടാൻ എം.ടെക് കോഴ്സ് കൊടുക്കാമെന്ന് ഞാൻ ഈ സഭയിൽ എവിടെയും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് എഞ്ചിനീയറിംഗ് കോളേജിൽ പഠിപ്പിക്കുവാൻ എം.ടെക് കോഴ്സുകൂടി പഠിച്ചവർ വരണം എന്ന രീതിയിലാണ്. സാധാരണ ഗതിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്, സംസ്ഥാനത്തുനിന്നോ സംസ്ഥാനത്തിനു പുറത്തുനിന്നോ ബി.ടെക് പാസ്സായവർ പിറ്റേവർഷംതന്നെ വന്ന് ഇവിടത്തെ സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ അധ്യാപകരാവുകയാണ്. അതിനുപകരം എം.ടെക് കോഴ്സുകൂടി പഠിച്ചതിനുശേഷം ജോലിക്ക് വരിക എന്ന രീതിയിലാണ് നല്ല കോളേജുകൾക്ക് എം.ടെക് കൊടുത്തത്. അല്ലാതെ കോളേജിന്റെ നിലവാരം ഉയർത്താൻവേണ്ടി എം.ടെക് കോഴ്സ് കൊടുക്കാമെന്നു പറയാൻമാത്രം വിഡ്ഢിയൊന്നുമല്ല ഞാൻ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പക്ഷെ ഫലത്തിൽ സംഭവിച്ചത്

അങ്ങനെയാണ്. നിലവാരമില്ലായെന്ന് ഹൈക്കോടതി പറഞ്ഞ എല്ലാ കോളേജുകൾക്കും എം.ടെക് കൊടുത്തു. ബി.ടെക്-കാരൻ പഠിപ്പിക്കുന്നിടത്താണ് എം.ടെക് കൊടുത്തത്. മന്ത്രി ഉദ്ദേശിച്ചത് അങ്ങനെയല്ലെങ്കിലും ഫലത്തിൽ വന്നത് ഇങ്ങനെയാണ്. അവിടെ പഠിപ്പിക്കാൻ ഇപ്പോൾ എം.ടെക്-കാരുണ്ടോ; ബി.ടെക്-കാരൻ ബി.ടെക്-കാരെത്തന്നെ പഠിപ്പിക്കുകയല്ലേ ഇപ്പോൾ ചെയ്യുന്നത്? എഞ്ചിനീയറിംഗ് കോളേജുകളിലെ സ്ഥിതി ഇതാണെന്ന് ഹൈക്കോടതി പറഞ്ഞതല്ലേ; ഞാൻ പറഞ്ഞതല്ലല്ലോ? കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇരുപതിനായിരത്തിലധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കാൻവേണ്ടി എല്ലാ നിബന്ധനകളിലും ഇളവ് വരുത്തിക്കൊണ്ട് ആർക്കുവേണമെങ്കിലും എഞ്ചിനീയറാകാൻപറ്റുന്ന കോളേജുകളാക്കി കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെ മാറ്റാൻവേണ്ടിമാത്രമാണ് ധൃതിപിടിച്ച് ഇങ്ങനെയൊരു യൂണിവേഴ്സിറ്റി കേരളത്തിൽ സ്ഥാപിക്കുന്നത്. ആത്യന്തികമായി സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് സ്വയംഭരണം നൽകലാണ് ഇതിന്റെ ലക്ഷ്യം. യഥാർത്ഥത്തിൽ ഈ സർവ്വകലാശാലകൊണ്ട് നമ്മൾ ലക്ഷ്യമിടേണ്ടത് സാങ്കേതിക വിദ്യാഭ്യാസ

മേഖലയിൽ മികവുറ്റ കേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിക്കുകയെന്നതാണ്. അതിനുവേണ്ടിയാണ് നമ്മൾ ശ്രമിക്കേണ്ടത്. ആ ലക്ഷ്യത്തിലേയ്ക്കെത്തുന്നതിന് സഹായകമായിട്ടുള്ള വകുപ്പുകളൊന്നും ഇതിൽ എഴുതിച്ചേർത്തിട്ടില്ല. അവധാനതയോടുകൂടിയായിരുന്നു ഇത്തരം ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കേണ്ടത്. അതിനുപകരം ധൃതിപിടിച്ച് എന്തൊക്കെയോ ലക്ഷ്യങ്ങൾ നേടാൻവേണ്ടി തയ്യാറാക്കിയതിന്റെ ഫലമായി യു.ഡി.എഫ്.-ലുള്ള ഘടകകക്ഷികളുടെ അഭിപ്രായംപോലും പരിഗണിച്ചില്ല. ഭരണപക്ഷ എം.എൽ.എ.മാരുടെപോലും അഭിപ്രായങ്ങൾ വേണ്ടത്ര പരിണഗണിച്ചില്ല. ഇത് യഥാർത്ഥത്തിൽ സബ്ജക്ട് കമ്മിറ്റിക്കു പോയതിനുശേഷം  സെലക്ട് കമ്മിറ്റി പരിഗണിച്ചുവന്നിരുന്നുവെങ്കിൽ ചിലപ്പോൾ ഈ ന്യൂനതകൾ പരിഹരിക്കാൻ കഴിയുമായിരുന്നു. സബ്ജക്ട് കമ്മിറ്റിക്കു പോയപ്പോൾതന്നെ മന്ത്രി ചില മാറ്റങ്ങൾ വരുത്തി. സെലക്റ്റ് കമ്മിറ്റി പരിഗണിച്ചിരുന്നെങ്കിൽ  ഇന്നത്തെ ആധുനിക കാലത്തിനനുസരിച്ചുള്ള  മികവുറ്റൊരു യൂണിവേഴ്സിറ്റിയാക്കി മാറ്റാൻ നമുക്കു കഴിയുമായിരുന്നു. അതിനൊന്നും അവസരം കൊടുക്കാതെ ഞങ്ങളൊരു സാങ്കേതിക യൂണിവേഴ്സിറ്റിയുണ്ടാക്കി എന്ന് പ്രചരിപ്പിക്കാൻവേണ്ടി മാത്രമാണ് ഇപ്പോൾ ഇത്തരത്തിലൊരു ബിൽ ധൃതിപിടിച്ച് കൊണ്ടുവന്നിട്ടുള്ളത്. ഇത് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെയും

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെയും സമ്പൂർണ്ണമായി വാണിജ്യവത്കരിക്കാനുള്ളൊരു നിയമനിർമ്മാണമായതുകൊണ്ട് ഇതിന് കൂട്ടുനിൽക്കാൻ ഞങ്ങൾക്കു സാധിക്കില്ലായെന്നതുകൊണ്ടും ഇത് പാസ്സാക്കുന്നതിനെ അംഗീകരിക്കാൻ കഴിയില്ലായെന്നതുകൊണ്ടും തുടർനടപടി ഞങ്ങൾ ബഹിഷ്കരിക്കുകയാണ്.

(2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പാസ്സാക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

<u>ശ്രീ. കെ. എസ്. ശബരിനാഥൻ:</u> സർ, കേരളാ നിയമസഭയിൽ ഇതൊരു ചരിത്രമുഹൂർത്തമാണ്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കോഴ്സിലെ ഒരു പൂർവ്വവിദ്യാർത്ഥിയെന്ന നിലയിൽ, എനിക്ക് വളരെ അഭിമാനമുള്ളൊരു നിമിഷമാണിന്ന്. ചരിത്രത്തിന്റെ താളുകൾ പരിശോധിക്കുകയാണെങ്കിൽ പണ്ട് ജവഹർലാൽ നെഹ്റു ആദ്യത്തെ ഐ.ഐ.റ്റി സെറ്റ് ചെയ്തത് ഏകദേശം 1950-കളിലാണെന്ന് മനസ്സിലാകും. പക്ഷെ തിരുവന്തപുരം എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചത് 1939-ലാണ്. ആദ്യമായി സി.ഇ.ടി സ്റ്റാർട്ട് ചെയ്തത് ഈ നിയമസഭാ മന്ദിരത്തിന്റെ തൊട്ടടുത്തുള്ള പി.എം.ജി.

യിലെ ഒരു കെട്ടിടത്തിലായിരുന്നു. ആ സി.ഇ.ടി.യിലെ ഒരു സ്റ്റുഡന്റ് എന്ന രീതിയിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈയൊരു ബില്ലിന്റെ ഏറ്റവും വലിയൊരു സവിശേഷതയായി ഞാൻ കാണുന്നത് ഇത് വളരെ ഫ്യൂച്ചറിസ്റ്റിക്കായിട്ടുള്ളൊരു ബില്ലാണ്. നാളെയുടെ ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാക്കി കേരളത്തിൽ ഒരുപറ്റം breed of quality engineers -ന് ലോകത്തോട് സംവദിക്കാൻവേണ്ടി നൽകുന്നൊരു ബില്ലാണിത്. അതിനുവേണ്ടി പ്രയത്നിച്ച എല്ലാവരേയും ഞാൻ അഭിനന്ദിക്കുന്നു. അതിനോടൊപ്പം നമ്മുടെ നാടിനും കേരളത്തിനും ഈ സഭയ്ക്കും കേരളത്തെ സ്നേഹിച്ച, കേരളം സ്നേഹിച്ച ഡോ. എ. പി. ജെ. അബ്ദുൾ കലാമിന് കൊടുക്കാൻ കഴിയുന്ന ഏറ്റവും നല്ലൊരു ട്രിബ്യൂട്ടാണ് ഈയൊരു കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല. എല്ലാപേർക്കും എന്റെ ഭാവുകങ്ങൾ അറിയിച്ചുകൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കേരളത്തിന്റെ സാങ്കേതിക ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏറ്റവും അഭിമാനകരമായ ഒരു മുഹൂർത്തമാണിത്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗവും, മറുപടിപോലും കേൾക്കാൻ ആഗ്രഹിക്കാതെയുള്ള അവരുടെ ഇറങ്ങിപ്പോക്കും കണ്ടാൽ അവർ ഇനിയും നന്നായിട്ടില്ല, കാലത്തിനൊത്ത് വളർന്നിട്ടില്ല എന്നതിന്റെ സൂചനയാണ്. ഇതുവരെ

അവർ ഇറങ്ങിപ്പോയിക്കൊണ്ടിരുന്നത് ശ്രീ. കെ. എം. മാണിയോടുള്ള എതിർപ്പെന്നു പറഞ്ഞിട്ടാണ്. ഇന്നവർ ഇറങ്ങിപ്പോയത് എന്തിനോടുള്ള എതിർപ്പിന്മേലാണ് ? അവർ രൂക്ഷമായി ഇവിടെ വിമർശിച്ചില്ലേ? ആ വിമർശനത്തിന്റെ മറുപടി കേൾക്കാൻ അവർക്ക് സഹിഷ്ണുതയില്ല. അവർക്ക് എന്തും പറയാം. അവരുടെ കുറെയധികം ഭേദഗതികൾ മന്ത്രി സ്വീകരിച്ചു. മറുപടി കേൾക്കാൻ ഞങ്ങളില്ല എന്നതാണ് അവരുടെ നയം. ഇതെവിടത്തെ ജനാധിപത്യമാണ്? ഈയൊരു സമീപനം ഇടതുപക്ഷത്തെ ജനങ്ങളിൽനിന്ന് കൂടുതൽ അകറ്റുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ സഭയിലുണ്ടായിരുന്നുവെങ്കിൽ എനിക്ക് അദ്ദേഹത്തോട് ഒരു ചോദ്യം ചോദിക്കാനുണ്ടായിരുന്നു. 2002-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ഇവിടെ സ്വകാര്യ സ്വാശ്രയകോളേജുകൾ അനുവദിച്ചില്ലായിരുന്നുവെങ്കിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം എവിടെപ്പോകുമായിരുന്നു എന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. എല്ലാത്തിനെയും എതിർക്കുക എന്നതാണ് അവരുടെ സ്ഥിതി. കമ്പ്യൂട്ടറിനെ ഇവർ എതിർത്തില്ലേ? കേരളത്തെ ഐ.ടി; രംഗത്ത് പിന്നിലാക്കിയത് കമ്പ്യൂട്ടർ വിരുദ്ധ സമരമാണ്. അന്നവർ പറഞ്ഞത് കമ്പ്യൂട്ടർ ചെറുപ്പക്കാരുടെ ശത്രുവാണെന്നാണ്. സ്വാശ്രയ

കോളേജിനെ അവർ എതിർത്തു. പക്ഷെ ശ്രീ. എ. കെ. ആന്റണി സ്വകാര്യ മേഖലയിൽ സ്വാശ്രയകോളേജ് അനുവദിച്ചുകഴിഞ്ഞപ്പോൾ അവർ അതിന്റെ വക്താക്കളായി. ഇന്നിപ്പോൾ അവർതന്നെ മുൻകയ്യെടുത്ത് സ്വാശ്രയ കോളേജുകൾ നടത്തുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ 25 വർഷക്കാലത്തെ ഏറ്റവും സുപ്രധാനമായൊരു കാൽവെയ്പായിരുന്നു ശ്രീ. എ. കെ. ആന്റണി അനുവദിച്ച സ്വകാര്യ സ്വാശ്രയകോളേജുകൾ. അതിനുശേഷം കേരളം മുന്നോട്ടുവച്ച അതിസുപ്രധാനമായിട്ടുള്ള കാൽവയ്പുകളാണ് സ്വയംഭരണാവകാശമുള്ള കോളേജുകളും ഈ ടെക്നോളജി യൂണിവേഴ്സിറ്റിയും. ഇവിടെ എസ്.സി./എസ്.ടി റിസർവേഷനെക്കുറിച്ച് പറഞ്ഞു. എസ്.സി./എസ്.ടി സംവരണവും അവർക്ക് കൂടുതലായി അവസരങ്ങൾ കൊടുക്കണമെന്നതും യു.ഡി.എഫ്.-ന്റെ വ്യക്തമായ നയമാണ്. അഞ്ചുവർഷം അവർ ഭരിച്ചപ്പോൾ ചെയ്യാത്ത കാര്യങ്ങളുടെ പേരിലാണ് ഞങ്ങളെ കുറ്റപ്പെടുത്തുന്നത്. പക്ഷെ ഞങ്ങൾക്ക് അഭിമാനമുണ്ട്. ശ്രീ. എ. കെ. ആന്റണി തുടങ്ങിവച്ച് ഈ ഗവൺമെന്റ് ശക്തമായി പിന്താങ്ങുന്ന സ്വാശ്രയ കോളേജുകളിലൂടെ എസ്.സി./എസ്.ടി വിഭാഗത്തിലെ കൂടുതൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം കിട്ടിയിട്ടുണ്ട്. ഗവൺമെന്റ് കോളേജുകളിലെ പരിമിതമായ പത്ത് ശതമാനം സീറ്റുകൾവച്ച് എത്ര കുട്ടികൾക്കാണ് ഒരു വർഷം പഠിക്കാൻ

അസരം കിട്ടുന്നത്? ഈ സ്വാശ്രയ കോളേജിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചവരുടെയൊക്കെ മക്കൾ കേരളത്തിന് പുറത്തുപോയും സ്വാശ്രയ കോളേജുകളിൽ ചേർന്നും പഠിച്ചിട്ടില്ലേ? ഇവിടെത്തെ പാവപ്പെട്ട എസ്.സി./എസ്.ടി/പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കും അതിനൊന്നും അവസരം വേണ്ടെന്നാണോ നിങ്ങളുടെ സമീപനം? ശ്രീ. കോടിയേരി ബാലകൃഷ്ണനോട് എനിക്ക് ചോദിക്കാനുണ്ടായിരുന്ന രണ്ടാമത്തെ ചോദ്യം, എസ്.സി./എസ്.ടി.ക്കാരോടുള്ള സ്നേഹത്തെക്കുറിച്ചിവിടെ പറഞ്ഞല്ലോ; എന്നാൽ ഇന്ത്യയ്ക്ക് മാതൃകയായി എസ്.സി./എസ്.ടി വിഭാഗങ്ങൾക്കുവേണ്ടിമാത്രം ഒരു മെഡിക്കൽ കോളേജ് സ്ഥാപിച്ച ഗവൺമെന്റാണിതെന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഇങ്ങനെയൊരു കാര്യം ആർക്ക് അവകാശപ്പെടാൻ സാധിക്കും? പശ്ചിമബംഗാളിൽ എത്രകൊല്ലം ഇടതുപക്ഷം അടക്കിവാണു; അവർക്ക് അവിടെ ചെയ്യാൻ സാധിച്ചോ? ഇവിടെ ശ്രീ. എ. പി. അനിൽകുമാർ മുൻകയ്യെടുത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഒരു മെഡിക്കൽ കോളേജുണ്ടാക്കി ഇന്ത്യയ്ക്ക് മാതൃകയായ ഒരു സംസ്ഥാനമാണ് കേരളം. എന്നിട്ടാണ് എസ്.സി./എസ്.ടി. റിസർവേഷനെക്കുറിച്ച് പറയുന്നത്. എസ്.സി./എസ്.ടി

വിഭാഗത്തിന് ഏറ്റവും കൂടുതൽ അംഗീകാരം യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനംപോലും കേരളത്തിൽ ഇല്ലായിരുന്നു. മറ്റ് എല്ലാർക്കും കോളേജുണ്ടായിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം ഉണ്ടായിരുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പാർട്ടി അഞ്ചുവർഷം ഭരിച്ചിട്ട് എന്തുകൊണ്ട് അവർക്കൊരു കോളേജ് കൊടുക്കാൻ സാധിച്ചില്ല? പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഈ ഗവൺമെന്റ് ഇതിനോടകം മൂന്ന് കോളേജുകൾ അനുവദിച്ചു. ഇനിയും അങ്ങനെയുള്ള വിഭാഗക്കാർക്ക് കൂടുതൽ സ്ഥാപനങ്ങൾ ആവശ്യമെങ്കിൽ കൊടുക്കാൻ തയ്യാറാകും. അതുകൊണ്ട്, അവർ മാറ്റങ്ങളുടെനേരെ കണ്ണടച്ചിട്ട് കാര്യമില്ല, യാഥാർത്ഥ്യം ഉൾക്കൊള്ളണം. ടെക്നോളജി രംഗത്ത് കേരളം ഇന്ത്യയ്ക്ക് മാതൃകയാകത്തക്ക വിധത്തിൽ മുന്നിലേയ്ക്ക് വരണം എന്ന വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഏതും നൂറുശതമാനവും കുറ്റമറ്റതാകുമോ? ഇവിടെ വന്ന നിർദ്ദേശങ്ങളിൽ സ്വീകരിക്കാവുന്നതത്രയും സ്വീകരിച്ചു. നമുക്ക് ഇതൊരു സുവർണ്ണാവസരമാണ്. മറ്റ് സംസ്ഥാനങ്ങളോടും വിദേശരാജ്യങ്ങളോടുമൊപ്പം നമുക്കും, പുതിയ തലമുറയ്ക്ക് അവസരങ്ങൾ കൊടുക്കാനുള്ള

സാഹചര്യങ്ങളുണ്ടാക്കണം. അതിനുവേണ്ടിയിട്ടുള്ള ശ്രമമാണ്. അതിന് ഈ സർവ്വകലാശാല നിയമം ഏറ്റവുമധികം പ്രയോജനകരമാകും. കേരളത്തെക്കുറിച്ച് എന്നും വളരെയേറെ പ്രതീക്ഷ പുലർത്തിയ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ പേരിൽ ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ സാധിച്ചതിലും ഗവൺമെന്റിന് അഭിമാനമുണ്ട്. ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2015- ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ........... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 30-ാം തീയതി രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാത്രി 10.53- ന് പിരിഞ്ഞു.)

*********